

# സമ്പൂർണ്ണകൃതികൾ: ഭാഗം III

കെ. ദാമോദരൻ



സമ്പൂർണ്ണകൃതികൾ: ഭാഗം III

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം )

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prbhatham Printing & Publishing Co. (P) Ltd., Trivandrum
owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution Non-commercial Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രഭാതിന്റെ ചരിത്രത്തിലെ ഒരു സുപ്രധാന പ്രസാധനം

സി. അച്യുതമേനോൻ സമ്പൂർണ്ണകൃതികളുടെയും എൻ. ഇ. ബാലറാം സമ്പൂർണ്ണകൃതികളുടെയും പ്രസാധനം പ്രഭാതിന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ലായിരുന്നു. അതോടൊപ്പം ചേർന്നു നിൽക്കുന്ന മറ്റൊരു സുപ്രധാന പ്രസാധനമാണ് കെ. ദാമോദരൻ സമ്പൂർണ്ണകൃതികളിലൂടെ ഇപ്പോൾ യാഥാർത്ഥ്യമാകുന്നത്. ഈ മൂന്ന് സമ്പൂർണ്ണകൃതികളുടെ പ്രസിദ്ധീകരണത്തോടെ പ്രഭാതിന്റെ ഒരു ചരിത്രനിയോഗമാണ് പൂർത്തീകരിക്കുന്നത്. സി. അച്യുതമേനോനും എൻ. ഇ. ബാലറാമും ഉന്നതരായ കമ്മ്യൂണിസ്റ്റ് നേതാക്കളും ഭരണകർത്താക്കളുമായിരുന്നപ്പോൾ കെ. ദാമോദരൻ പ്രശസ്തനായ കമ്മ്യൂണിസ്റ്റ് സൈദ്ധാന്തികനും ചിന്തകനുമായിരുന്നു.

സാധാരണക്കാർക്ക് മനസ്സിലാകുന്ന തരത്തിൽ മാർക്സിസത്തെയും ഇന്ത്യൻ തത്വസംഹിതയെയും ലളിതമായി വ്യാഖ്യാനിക്കുകയായിരുന്നു അദ്ദേഹം. ചരിത്രവും ധനതത്വശാസ്ത്രവും സാധാരണക്കാർക്ക് പരിചയപ്പെടുത്തുന്നതിൽ അദ്ദേഹം വിജയിച്ചു.

ആയിരക്കണക്കിന് മറ്റ് പുസ്തകങ്ങളോടൊപ്പം ഇവരുടെ സമ്പൂർണ്ണകൃതികൾ പ്രസിദ്ധീകരിക്കുക വഴി പ്രഭാത് ഒരു പുതിയ ആത്മവിശ്വാസത്തോടെ ഈ രംഗത്ത് മുന്നേറുകയാണ്.

10 വാല്യങ്ങളുള്ള കെ. ദാമോദരൻ സമ്പൂർണ്ണകൃതികളുടെ ഒന്നാം വാല്യം ഇപ്പോൾ ഇറങ്ങാൻ പോകുന്നു. മറ്റ് ഒമ്പത് വാല്യങ്ങളും മുൻകൃതികളെപ്പോലെ തന്നെ കൃത്യമായി ഇറങ്ങുന്നതാണ്.

ഈ സംരംഭങ്ങൾക്ക് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പിന്തുണ ലഭിച്ചിട്ടുണ്ട്.

പ്രഭാതിന്റെ മുഴുവൻ പ്രവർത്തകരും, പ്രത്യേകിച്ച് ജനറൽ മാനേജർ ടി. ചന്ദ്രൻ, എഡിറ്റോറിയൽ കമ്മിറ്റിയുടെ പ്രധാന ചുമതലയുള്ള ആന്റണിതോമസ് തുടങ്ങിയവരെല്ലാം ഈ സംരംഭം വിജയകരമാക്കുവാൻ ആത്മാർത്ഥമായി പ്രവർത്തിച്ചിട്ടുണ്ട്. ഇത്തരം ക്ലേശകരമായ പ്രവർത്തനങ്ങൾ വിജയിപ്പിക്കാൻ ഞങ്ങളുമായി സഹകരിക്കുന്ന വായനക്കാർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും,

സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനും, അതിന്റെ ജില്ലാ താലൂക്ക് പ്രവർത്തകർക്കും, മറ്റ് ഗ്രന്ഥശാലാ പ്രവർത്തകർക്കും ഞങ്ങൾ നന്ദി രേഖപ്പെടുത്തുന്നു. തുടർന്നും സഹകരണം ഉണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ജനുവരി 2009

സി. കെ. ചന്ദ്രപ്പൻ, എം. പി.
(ചെയർമാൻ & മാനേജിംഗ് ഡയറക്ടർ)

# പ്രസാധകക്കുറിപ്പ്

മാർക്സിസ്റ്റ് ചിന്തകനും, കമ്മ്യൂണിസ്റ്റ് നേതാവുമായിരുന്ന കെ. ദാമോദരന്റെ സമ്പൂർണ്ണകൃതികൾ പത്തു വാല്യങ്ങളായി പ്രഭാത് ബുക്ക് ഹൗസ് പ്രസിദ്ധീകരിക്കുകയാണ്. കേരളത്തിലെ സാമൂഹ്യ ബന്ധങ്ങളിൽ ഉണ്ടായ വമ്പിച്ച മാറ്റങ്ങൾക്ക് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വഹിച്ച പങ്ക് നിസ്തുലമാണ്. സാമൂഹ്യപരിവർത്തനത്തിനുവേണ്ടി നടത്തിയ പ്രക്ഷോഭസമരങ്ങളിൽ ബഹുജനങ്ങളെ അവർ പങ്കാളികളാക്കി. അതിന് അവരെ ആശയപരമായി ആയുധമണിയിക്കുന്നതിൽ കെ. ദാമോദരൻ സ്തുത്യർഹമായ പങ്ക് വഹിച്ചു. നിരവധി ഗ്രന്ഥങ്ങളും, ലഘുലേഖകളും, ലേഖനങ്ങളും അദ്ദേഹം രചിച്ചു. ചരിത്രത്തിന്റെ വികാസപരിണാമ പ്രക്രിയയെ മാർക്സിയൻ വീക്ഷണത്തിൽ അപഗ്രഥിച്ച മലയാളത്തിലെ ആധികാരിക ഗ്രന്ഥമാണ് കെ. ദാമോദരന്റെ 'മനുഷ്യൻ'.

നൂറു കോടി വർഷങ്ങൾക്ക് മുമ്പ് ജീവന്റെ കണികപോലുമില്ലായിരുന്ന ഭൂമിയിൽ ജീവനും പിന്നീട് നിരവധി സഹസ്രാബ്ദങ്ങൾക്കുശേഷം മനുഷ്യനും ഉൽഭവിച്ചതിന്റെ കഥയാണ് 'മനുഷ്യനി'ൽ ദാമോദരൻ വിവരിക്കുന്നത്. ഒരു പുതിയ ജീവിതവും ഭാവിയും കെട്ടിപ്പടുക്കുവാനുള്ള പോരാട്ടത്തിൽ 'മനുഷ്യൻ' എന്നും വഴികാട്ടിയായിരിക്കുമെന്ന കാര്യം നിസ്തർക്കമാണ്. അതുകൊണ്ടാണ് ദാമോദരന്റെ സമ്പൂർണ്ണ കൃതികൾ 'മനുഷ്യനി'ൽ നിന്ന് ആരംഭിക്കുന്നത്.

മാർക്സിസത്തെപ്പറ്റി വളരെ ലളിതമായി പ്രതിപാദിക്കുന്ന പത്തുലഘുലേഖകൾ ദാമോദരൻ ആദ്യകാലത്ത് രചിക്കുകയുണ്ടായി. മാർക്സിസം എന്താണെന്ന് മനസിലാക്കുന്നതിനുള്ള പഠനസഹായിയായിരുന്നു ഈ ലഘുലേഖകൾ. മാർക്സിസത്തിന്റെ ചരിത്രശാസ്ത്രം, തത്വശാസ്ത്രം, സോഷ്യലിസവും കമ്മ്യൂണിസവും, ലെനിനിസം, മതവും മാർക്സിസവും, ക്രിസ്തുമതവും കമ്മ്യൂണിസവും, യേശുക്രിസ്തു മോസ്കോയിൽ തുടങ്ങിയ ലഘുലേഖകളുടെ ആയിരക്കണക്കിനു കോപ്പികൾ അക്കാലത്ത് വിറ്റഴിയുകയുണ്ടായി. കമ്മ്യൂണിസ്റ്റ് പാർട്ടി മെമ്പർമാരെ ആശയപരമായി ആയുധമണിയിക്കുന്നതിൽ ഈ ലഘുലേഖകൾ വഹിച്ച പങ്ക് നിസ്തുലമാണ്. ഈ ലഘുലേഖകളിൽ ചിലത് ഈ വാല്യത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ ലക്കത്തിന്റെയും ഉള്ളടക്കമനുസരിച്ച് മറ്റുള്ളവ പ്രസിദ്ധീകരിക്കുന്നതാണ്.

കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ സ്ഥാപകനേതാക്കളിലൊരാളും ഇന്ത്യയുടെ ആത്മാവ് കണ്ടെത്തിയ ചിന്തകനുമായിരുന്ന കെ. ദാമോദരന്റെ സമ്പൂർണ്ണകൃതികളുടെ ആദ്യവാല്യം അഭിമാനപൂർവ്വം പ്രഭാത് ബുക്ക് ഹൗസ് പ്രസിദ്ധീകരിക്കുന്നു.

പ്രസാധകർ

# കെ. ദാമോദരൻ

രാഷ്ട്രീയ-സാമൂഹിക-സാംസ്ക്കാരിക-സാഹിത്യരംഗങ്ങളിൽ നിറഞ്ഞുനിന്ന പ്രതിഭാധനനായ കമ്മ്യൂണിസ്റ്റ് നേതാവാണ് കെ. ദാമോദരൻ. സ്വാതന്ത്ര്യസമരത്തിലും കേരളത്തിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിലും അദ്ദേഹം നിസ്തുലമായ പങ്കുവഹിച്ചു. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപക നേതാക്കന്മാരിലൊരാളാണ് ദാമോദരൻ.

തിരൂരിലെ പ്രശസ്തമായ കീഴേടത്തു തറവാട്ടിൽ 1912 ഫെബ്രുവരി 25 നാണ് ദാമോദരൻ ജനിച്ചത്. അച്ഛൻ തുപ്രൻ നമ്പൂതിരിപ്പാട്. അമ്മ നാരായണിക്കുട്ടി. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ സ്വാതന്ത്ര്യസമരത്തിൽ ആകൃഷ്ടനായ ദാമോദരൻ 1931-ൽ നിയമലംഘന സമരത്തിൽ പങ്കെടുത്തു. കോഴിക്കോട് കടപ്പുറത്ത് ഉപ്പുനിയമം ലംഘിച്ചതിന് അറസ്റ്റുചെയ്യപ്പെട്ട അദ്ദേഹത്തെ 23 മാസത്തെ ജയിൽശിക്ഷക്ക് വിധിച്ചു. കോഴിക്കോട് സാമൂതിരി കോളേജ് വിദ്യാർത്ഥിയായിരുന്നു ദാമോദരൻ. ജയിലിൽ നിന്നും തിരിച്ച് എത്തിയപ്പോൾ കോളേജിൽ തുടർന്നു പഠിക്കാൻ അധികൃതർ അനുമതി നിഷേധിച്ചു. തുടർന്ന് അദ്ദേഹം കാശിവിദ്യാപീഠത്തിൽ ചേർന്നു. കോയമ്പത്തൂർ ജയിലിലെയും കാശിവിദ്യാപീഠത്തിലെയും ജീവിതം ഒരു വഴിത്തിരിവായിരുന്നു. ജയിലിലെ സഹതടവുകാരിൽ പലരും കമ്മ്യൂണിസ്റ്റുകാരായിരുന്നു. മാർക്സിസത്തെക്കുറിച്ചുള്ള ചില ഗ്രന്ഥങ്ങൾ പഠിക്കാൻ ജയിലിൽ അദ്ദേഹത്തിന് അവസരം ലഭിച്ചു. കാശിവിദ്യാപീഠത്തിലെ ഗ്രന്ഥാലയത്തിലും മാർക്സിസവുമായി ബന്ധപ്പെട്ട നിരവധി പുസ്തകങ്ങളുണ്ടായിരുന്നു. വിഖ്യാതസാഹിത്യകാരനായ പ്രേംചന്ദ് ഉൾപ്പെടെ നിരവധി പുരോഗമന ആശയക്കാരുമായി അവിടെവെച്ച് അദ്ദേഹം ബന്ധപ്പെട്ടു. നാടിന്റെയും ജനങ്ങളുടെയും വിമോചനം ഗാന്ധിയൻ ആശയങ്ങളിലൂടെയാണെന്ന ദാമോദരന്റെ ധാരണയിൽ മാറ്റം വരാൻ തുടങ്ങി. കോൺഗ്രസ്സിലെ ഇടതുപക്ഷവുമായും കമ്യൂണിസ്റ്റുകാരുമായും അദ്ദേഹം കൂടുതൽ അടുത്തു. മാർക്സിസം ലെനിനിസമാണ് ശരിയായ വിമോചനമാർഗ്ഗമെന്ന് തിരിച്ചറിഞ്ഞ ദാമോദരൻ നാട്ടിൽ തിരിച്ചെത്തി, തൊഴിലാളികളെ സംഘടിപ്പിക്കുകയും ഇടതുപക്ഷ ആശയങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളിൽ മുഴുകി. ഫറൂക്കിൽ ഓട്ടുകമ്പനി തൊഴിലാളികൾ നടത്തിയ പണിമുടക്കിന്റെ പ്രചാരണപ്രവർത്തനങ്ങളിൽ അദ്ദേഹം സജീവമായി പങ്കെടുത്തു.

1938-ൽ പൊന്നാനിയിലെ ബീഡിത്തൊഴിലാളി സമരത്തിന്റെ നായകൻ കെ. ദാമോദരനായിരുന്നു. ദാമോദരനെ അറസ്റ്റു ചെയ്യാൻ എത്തിയ പോലീസി

നെ തടയാൻ ആയിരക്കണക്കിനാളുകളാണ് മുന്നോട്ടുവന്നത്. ദാമോദരനെ പോലീസ് മർദ്ദിച്ചു എന്ന വാർത്ത കേട്ട് ക്ഷുഭിതരായ ജനക്കൂട്ടത്തെ ശാന്തരാക്കാൻ അവസാനം പോലീസിന് അദ്ദേഹത്തിന്റെ തന്നെ സഹായം തേടേണ്ടിവന്നു.

തിരുവിതാംകൂറിലെ ഉത്തരവാദഭരണപ്രക്ഷോഭത്തിലും ആലപ്പുഴയിലെ തൊഴിലാളി സമരങ്ങളിലും ദാമോദരൻ നേതൃത്വപരമായ പങ്കുവഹിച്ചു. 1938 ആഗസ്റ്റിൽ തിരുവനന്തപുരത്തു തമ്പാനൂരിൽ യൂത്ത് ലീഗിന്റെ പൊതുയോഗത്തിൽ പ്രസംഗിച്ചതിന് ദാമോദരനെ അറസ്റ്റുചെയ്ത പോലീസ് അദ്ദേഹത്തെ ലോക്കപ്പിലിട്ട് ക്രൂരമായി മർദ്ദിച്ചു. 1938-ലെ ചരിത്രപ്രസിദ്ധമായ ആലപ്പുഴ തൊഴിലാളി പണിമുടക്കിനു തീരുമാനമെടുത്ത യോഗത്തിൽ അധ്യക്ഷം വഹിച്ചത് ദാമോദരനായിരുന്നു.

കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയിൽ പ്രവർത്തിക്കുമ്പോൾ തന്നെ ദാമോദരൻ കമ്മ്യൂണിസ്റ്റ് ആശയങ്ങളിൽ ആകൃഷ്ടനാവുകയും കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ മുഴുകുകയും ചെയ്തു. 1937-ൽ എസ്സ്. വി. ഘാട്ടെ കോഴിക്കോട്ടുവന്നപ്പോൾ അദ്ദേഹവുമായി ബന്ധപ്പെട്ടവരിൽ ഒരാൾ ദാമോദരനായിരുന്നു. പി. കൃഷ്ണപിള്ള, ഇ. എം. എസ്., എൻ. സി. ശേഖർ, ദാമോദരൻ എന്നിവർ ഒന്നിച്ചുകൂടി ചർച്ചകൾ നടത്തി. തുടർന്നാണ് 1939-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരള ഘടകത്തിന്റെ രൂപീകരണ സമ്മേളനം പിണറായിയിൽ ചേർന്നത്.

കെ. പി. സി. സി. സെക്രട്ടറി, എ. ഐ. സി. സി. അംഗം, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മലബാർ കമ്മിറ്റി സെക്രട്ടറി, പാർട്ടി സ്റ്റേറ്റ് എക്സിക്യൂട്ടീവ് അംഗം, ദേശീയ എക്സിക്യൂട്ടീവ് അംഗം തുടങ്ങിയ നിലകളിലെല്ലാം ദാമോദരൻ പ്രവർത്തിച്ചു.

സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതിന് ഏഴുവർഷക്കാലം ദാമോദരൻ ജയിലിൽ കഴിഞ്ഞു.

മാർക്സിസം ലെനിനിസത്തിന്റെ അടിസ്ഥാന തത്വങ്ങൾ ഏറ്റവും ലളിതമായി അവതരിപ്പിക്കാൻ അസാധാരണമായ പാടവമുണ്ടായിരുന്ന നേതാവായിരുന്നു ദാമോദരൻ. അദ്ദേഹം രചിച്ച എണ്ണമറ്റ ലേഖനങ്ങളും ലഘുലേഖകളും പുസ്തകങ്ങളും 1930-കളുടെ മദ്ധ്യം മുതൽ കേരളത്തിൽ കമ്മ്യൂണിസ്റ്റ് ആശയപ്രചാരണത്തിൽ നിർണ്ണായക പങ്ക് വഹിച്ചു.

ഇന്ത്യയുടെ ആത്മാവ്, ഭാരതീയ ചിന്ത, കേരള ചരിത്രം, മനുഷ്യൻ തുടങ്ങിയ ഗ്രന്ഥങ്ങൾ ഭാരതീയ തത്വചിന്തയിലും ചരിത്രത്തിലുമുള്ള ദാമോദരന്റെ അഗാധപാണ്ഡിത്യത്തിന്റേയും ശാസ്ത്രീയ അപഗ്രഥനപാടവത്തിന്റെയും തെളിവുകളാണ്.

സർഗാത്മകസാഹിത്യത്തിലും ദാമോദരന്റെ സംഭാവനകൾ വിലപ്പെട്ടതാണ്. നാടകം, കവിത, ചെറുകഥ എന്നിവയെല്ലാം ദാമോദരൻ രചിച്ചു. മലയാളനാടകചരിത്രത്തിലെ നാഴികക്കല്ലായ 'പാട്ടബാക്കി'യുടെ രചയിതാവ് ദാമോദരനാണ്.

ഒന്നാംതരം പത്രപ്രവർത്തകൻ കൂടിയായിരുന്നു ദാമോദരൻ. 1934-ൽ ഷൊർണ്ണൂരിൽനിന്നും പ്രസിദ്ധീകരണം തുടങ്ങിയ 'പ്രഭാത' ത്തിന്റെ പത്രാധിപസമിതിയിൽ ദാമോദരൻ അംഗമായിരുന്നു. 'കമ്മ്യൂണിസ്റ്റ്' 'മുന്നോട്ട്', 'മാർക്സിസ്റ്റ്' തുടങ്ങിയ മാസികകളുടെ പ്രവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി. 'നവയുഗ'ത്തിന്റെ പത്രാധിപരായി ദീർഘകാലം ദാമോദരൻ സേവനമനുഷ്ഠിച്ചു.

1964-ൽ രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതോടെ ദാമോദരന്റെ പ്രവർത്തനരംഗം ഡൽഹിയായി. ജവഹർലാൽ നെഹ്റു സർവകലാശാലയിൽ പി. സി. ജോഷിയോടൊപ്പം ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രഗവേ

ഷണത്തിൽ അദ്ദേഹം മുഴുകി.

1976 ജൂലൈ മൂന്നിന് ഡൽഹിയിൽ വെച്ച് ദാമോദരൻ അന്തരിച്ചു.

ഭാര്യ: പത്മം ദാമോദരൻ, മക്കൾ: മോഹൻ (സിങ്കപ്പൂർ യൂണിവേഴ്സിറ്റിയിലെ ലിംഗ്വിസ്റ്റിസ് പ്രൊഫസർ), ഉഷ, മധു, രഘു, ശശി (ചലച്ചിത്ര സംവിധായകൻ).

# അവതാരിക

സ്വാതന്ത്ര്യസമര സേനാനി, കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപകനേതാക്കന്മാരിലൊരാൾ, ഭാരതീയ തത്വചിന്തയിലും മാർക്സിസം ലെനിനിസത്തിലും അഗാധപാണ്ഡിത്യമുണ്ടായിരുന്ന ദാർശനികൻ, എഴുത്തുകാരൻ, പ്രക്ഷോഭകാരി തുടങ്ങിയ നിലകളിൽ അതുല്യമായ സംഭാവനകൾ നൽകിയ കമ്മ്യൂണിസ്റ്റ് നേതാവാണ് കെ. ദാമോദരൻ.

വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തു ജയിലിൽ പോയ ദാമോദരൻ കോൺഗ്രസ്സിന്റെ സജീവ പ്രവർത്തകനായിരുന്നു. ഗാന്ധിജിയുടെ ആശയങ്ങൾ അദ്ദേഹത്തെ ആഴത്തിൽ സ്വാധീനിച്ചിരുന്നു. എന്നാൽ ഇന്ത്യയുടെയും ജനങ്ങളുടെയും യഥാർത്ഥ വിമോചനമാർഗ്ഗം ഗാന്ധിയൻ ആശയങ്ങളല്ലെന്ന് അധികം വൈകാതെ അദ്ദേഹം തിരിച്ചറിഞ്ഞു. കോൺഗ്രസ്സിൽ ഇടതുപക്ഷ വിഭാഗം ശക്തിപ്പെട്ടുവരുന്ന ഘട്ടമായിരുന്നു അത്. ഇടതുപക്ഷചിന്താഗതിക്കാർ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ചപ്പോൾ ദാമോദരൻ അതിന്റെ സജീവ പ്രവർത്തകനായി. സ്വാതന്ത്ര്യത്തിനുവേണ്ടി നിലകൊള്ളുന്നവരുടെയെല്ലാം ഒരു പൊതുവേദിയായിരുന്നു അക്കാലത്ത് കോൺഗ്രസ്സ്. കമ്മ്യൂണിസ്റ്റുകാരും സോഷ്യലിസ്റ്റുകാരുമെല്ലാം, തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കുകയും സംഘടനാ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുമ്പോൾ തന്നെ കോൺഗ്രസ്സിൽ അംഗങ്ങളായി തുടർന്നു. ദാമോദരൻ കെ. പി. സി. സി. സെക്രട്ടറിയും എ. ഐ. സി. സി. അംഗവുമായിട്ടുണ്ട്.

ദാമോദരനെ കമ്മ്യൂണിസ്റ്റ് ആശയങ്ങളിലേക്ക് അടുപ്പിച്ചത് അദ്ദേഹത്തിന്റെ പരന്ന വായനയാണ്. കാശിവിദ്യാപീഠത്തിൽ പഠിക്കാൻ പോയപ്പോൾ ശാസ്ത്രീയ സോഷ്യലിസവുമായി ബന്ധപ്പെട്ട ഒട്ടേറെ ഗ്രന്ഥങ്ങൾ വായിക്കാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. നാട്ടിൽ തിരിച്ചുവന്ന ദാമോദരൻ തൊഴിലാളികളെ സംഘടിപ്പിക്കുകയും അവരുടെ സമരങ്ങൾ നയിക്കുകയും ചെയ്യാൻ തുടങ്ങി. ഫറൂക്കിലെ ഓട്ടുതൊഴിലാളികളുടെയും പൊന്നാനിയിലെ ബീഡി തൊഴിലാളികളുടെയും സമരങ്ങളിൽ ദാമോദരൻ നേതൃത്വപരമായ പങ്കുവഹിച്ചു. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി സംഘടിപ്പിക്കുന്നതിനെക്കുറിച്ചുള്ള ആലോചനകൾ നടക്കുന്ന ഘട്ടമായിരുന്നു അത്. എസ്. വി. ഘാട്ടെ കോഴിക്കോട്ട് വന്നു. ഘാട്ടെയുടെ സാന്നിധ്യത്തിൽ നടന്ന നടത്തിയ യോഗത്തിൽ പങ്കെടുത്തവരിലൊരാൾ ദാമോദരനായിരുന്നു. പി. കൃഷ്ണപിള്ള, ഇ. എം. എസ്സ്, എൻ. സി. ശേഖർ എന്നിവരായിരുന്നു അതിൽ പങ്കെടുത്ത മറ്റു നേതാക്കൻമാർ. 1939-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരള ഘടകത്തിന്റെ

രൂപീകരണത്തിനു വേദിയായ പിണറായി പാറപ്പുറം സമ്മേളനത്തിന്റെ സംഘാടകരിലൊരാളും ദാമോദരനായിരുന്നു.

ഒന്നാംതരം പ്രക്ഷോഭകാരിയായ ദാമോദരന് എഴുത്തിലും പ്രസംഗത്തിലും ലളിതമായ ഭാഷയിൽ മൂർച്ചയോടെ, യുക്തിഭദ്രമായി വിഷയങ്ങൾ അവതരിപ്പിക്കാൻ ഉണ്ടായിരുന്ന കഴിവ് അനിതരസാധാരണമാണ്. 1938 ആഗസ്റ്റിൽ തിരുവനന്തപുരത്ത് തമ്പാനൂരിൽ യൂത്ത് ലീഗിന്റെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ ദാമോദരൻ നടത്തിയ പ്രസംഗം കോളിളക്കം തന്നെ സൃഷ്ടിച്ചു. നിരോധനം ലംഘിച്ചാണ് ദാമോദരൻ പ്രസംഗിച്ചത്. പ്രസംഗം കേട്ട് ആവേശംകൊണ്ട്, സർ സി. പി. യോടുള്ള രോഷം പ്രകടിപ്പിക്കാൻ പ്രവർത്തകർ പിരിഞ്ഞുപോകുമ്പോൾ വഴിനീളെ വിളക്കു കാലുകൾപോലും തല്ലിത്തകർത്തു.

കേരളത്തിൽ മാർക്സിസം-ലെനിനിസത്തിന്റെ അടിസ്ഥാന തത്വങ്ങൾ പ്രചരിപ്പിക്കുന്നതിൽ ദാമോദരൻ നിസ്തുലമായ പങ്കാണ് വഹിച്ചത്. കമ്മ്യൂണിസം എന്ത്, എന്തിന്? ഇന്ത്യയും സോഷ്യലിസവും, സോഷ്യലിസവും കമ്മ്യൂണിസവും, മാർക്സിസത്തിന്റെ അടിസ്ഥാനതത്വങ്ങൾ, കമ്മ്യൂണിസവും ക്രിസ്തുമതവും തുടങ്ങിയ പുസ്തകങ്ങളിലും ലഘുലേഖകളിലും മാർക്സിസത്തിന്റെ ബാലപാഠങ്ങൾ ഏറ്റവും ലളിതമായി അദ്ദേഹം അവതരിപ്പിച്ചു. സാധാരണക്കാർക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന തരത്തിൽ വളച്ചുകെട്ടില്ലാതെ വിഷയങ്ങൾ അവതരിപ്പിക്കുകയായിരുന്നു ദാമോദരന്റെ ശൈലി.

കമ്മ്യൂണിസ്റ്റ് വിരുദ്ധരുടെ പ്രചരണങ്ങളെ ഫലപ്രദമായി നേരിടാനും ഖണ്ഡിക്കാനും അദ്ദേഹത്തിന് പ്രത്യേകം കഴിവുണ്ടായിരുന്നു. "യേശുക്രിസ്തു മോസ്കോവിൽ' എന്ന ലഘുലേഖ ഇതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ്.

പാർട്ടി പ്രവർത്തകരെ ആശയപരമായി ആയുധമണിയിക്കാൻ പാർട്ടി ക്ലാസ്സുകളെയും ദാമോദരൻ ഫലപ്രദമായി ഉപയോഗപ്പെടുത്തി. കേരളത്തിലെ കമ്മ്യൂണിസ്റ്റുകാരുടെ ആദ്യതലമുറകളെ മാർക്സിസത്തിന്റെ അടിസ്ഥാനതത്വങ്ങൾ പഠിപ്പിച്ചവരിൽ പ്രധാനിയാണ് ദാമോദരൻ.

ചരിത്രത്തിലും ഭാരതീയദർശനങ്ങളിലും അഗാധപണ്ഡിതനായിരുന്നു ദാമോദരൻ. "ഇന്ത്യയുടെ ആത്മാവും" "ഭാരതീയ ചിന്തയും" ഭാരതത്തിന്റെ സമ്പന്നമായ പൈതൃകം വായനക്കാരെ ബോധ്യപ്പെടുത്തും. ഭൗതിക വാദവും നിരീശ്വരവാദവും ഉൾപ്പെടെ പൗരാണിക ഭാരതത്തിൽ തഴച്ചു വളർന്ന ദർശനങ്ങളെക്കുറിച്ചുള്ള വസ്തുനിഷ്ഠവിവരണങ്ങൾ ഈ ഗ്രന്ഥങ്ങളിലുണ്ട്. ഭാരതത്തിന്റെ പൈതൃകത്തെ ദുർവ്യാഖ്യാനം ചെയ്യാൻ ഹിന്ദുത്വ വാദികൾ നടത്തുന്ന ശ്രമങ്ങൾ തുറന്നു കാട്ടാൻ സഹായിക്കുന്നവയാണ് ദാമോദരന്റെ രചനകൾ. ഭൂമിയുടെ ഉത്ഭവവും മനുഷ്യന്റെ പിറവിയും മുതലുള്ള ചരിത്രമാണ് 'മനുഷ്യൻ' എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നത്. കേരളത്തിന്റെ ചരിത്രത്തെ ശാസ്ത്രീയമായി സമീപിക്കുന്ന അപൂർവ്വഗ്രന്ഥങ്ങളിലൊന്നാണ് ദാമോദരന്റെ 'കേരള ചരിത്രം'. സാമ്പത്തിക വിഷയങ്ങൾ ലളിതമായി അവതരിപ്പിക്കുന്നതാണ് ഉറുപ്പിക, നാണയപ്രശ്നം, ധനശാസ്ത്ര പ്രവേശിക, ഇന്ത്യയുടെ സാമ്പത്തിക പ്രശ്നങ്ങൾ തുടങ്ങിയ രചനകൾ.

വൈജ്ഞാനിക മേഖലകൾക്കുപുറമെ സർഗാത്മകസാഹിത്യരംഗത്തും ദാമോദരൻ കടന്നുചെന്നിരുന്നു. ആദ്യകാലത്ത് ചെറുകഥകളും കവിതകളുമാണ് എഴുതിയിരുന്നത്. കർഷകപ്രസ്ഥാനത്തിന്റെ പ്രക്ഷോഭങ്ങളെ സഹായിക്കാനായി രചിച്ച 'പാട്ടബാക്കി' മലയാള നാടകചരിത്രത്തിലെ തന്നെ നാഴികക്കല്ലാണ്. പൊന്നാനിയിൽ നടന്ന കർഷകസമ്മേളനത്തിലാണ് 'പാട്ടബാക്കി' ആദ്യമായി

അവതരിപ്പിച്ചത്. പ്രമേയത്തിലും അവതരണത്തിലുമെല്ലാം അന്നുവരെ പരിചിതമായതിൽ നിന്നും തീർത്തും ഭിന്നമായ ജീവിതഗന്ധിയായ കലാസൃഷ്ടിയായിരുന്നു 'പാട്ടബാക്കി'. ജൻമിത്വത്തെ തുറന്നു കാട്ടുന്ന 'പാട്ടബാക്കി' അക്കാലത്ത് ഇരുന്നൂറിലധികം വേദികളിൽ അവതരിപ്പിച്ചു. നാടകത്തിൽ ദാമോദരൻ അഭിനയിക്കുകയും ചെയ്തു. 'രക്തപാനം' എന്ന നാടകം കൂടി ദാമോദരൻ രചിച്ചെങ്കിലും 'പാട്ടബാക്കി'ക്കു കിട്ടിയ പ്രചാരം അതിനു ലഭിച്ചിരുന്നില്ല.

1964-ൽ രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ദാമോദരൻ നല്ലൊരു പാർലമെൻററിയനായിരുന്നു. വിഷയങ്ങൾ നന്നായി പഠിച്ചു അവതരിപ്പിക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. ഡൽഹിയിലെ താമസം പഠനത്തിനും ഗവേഷണത്തിനുമാണ് അദ്ദേഹം ഉപയോഗിച്ചത്. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രത്തെക്കുറിച്ചായിരുന്നു ദാമോദരൻ ഗവേഷണം നടത്തിയിരുന്നത്.

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മലബാർ കമ്മിറ്റി സെക്രട്ടറി, സംസ്ഥാന എക്സിക്യൂട്ടീവ് അംഗം ദേശീയ കൗൺസിൽ അംഗം തുടങ്ങിയ നിലകളിൽ അദ്ദേഹം സേവനമനുഷ്ഠിച്ചു. പാർട്ടിക്കകത്ത് സ്വന്തം അഭിപ്രായങ്ങൾ തുറന്നുപറയാനും അതിനുവേണ്ടി വാദിക്കാനും അദ്ദേഹം ഒരിക്കലും മടികാണിച്ചിരുന്നില്ല. ദാമോദരന്റെ നിലപാടുകളോട് വിയോജിക്കുന്നവർ പോലും അദ്ദേഹത്തിന്റെ ആർജവവും ആത്മാർത്ഥതയും അംഗീകരിച്ചിരുന്നു.

കേരളത്തിൽ കമ്മ്യൂണിസ്റ്റ് ആശയപ്രചാരണത്തിൽ ദാമോദരൻ വഹിച്ച പങ്ക് അദ്വിതീയമാണ്. തലമുറകൾക്ക് മാർക്സിസത്തിന്റെ ബാലപാഠങ്ങൾ പകർന്നു നൽകിയ താത്വികാചാര്യനാണ് ദാമോദരൻ. അദ്ദേഹത്തിന്റെ രചനകൾ സമാഹരിച്ച് പ്രസിദ്ധീകരിക്കാൻ മുന്നോട്ടു വന്ന പ്രഭാത് ബുക്ക് ഹൗസ് അഭിനന്ദനമർഹിക്കുന്നു.

വെളിയം ഭാർഗ്ഗവൻ

# ഉള്ളടക്കം


പ്രഭാതിന്റെ ചരിത്രത്തിലെ ഒരു സുപ്രധാന പ്രസാധനം . . . . . . . . . . . . . . . . . iii

പ്രസാധകക്കുറിപ്പ് . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . v

കെ. ദാമോദരൻ . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . vii

അവതാരിക . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . x

1 സാമൂഹ്യ പരിവർത്തനങ്ങൾ . . . . . . . . . . . . . . . . . . . . . . . . . . . . . . . 1

- 1 മാർക്സിയൻ വീക്ഷണ സമ്പ്രദായം . . . . . . . . . . . . . . . . . 1
- 2 മനുഷ്യന്റെ ഉത്ഭവം . . . . . . . . . . . . . . . . . . . . . . . . 2
- 3 മനുഷ്യചരിത്രത്തിലെ മൂന്ന് കാലഘട്ടങ്ങൾ . . . . . . . . . . . . 2
- 4 പ്രാചീന കമ്മ്യൂണിസം . . . . . . . . . . . . . . . . . . . . . . . 3
- 5 പുതിയ ജീവിതോപകരണങ്ങൾ . . . . . . . . . . . . . . . . . . 3
- 6 അമേരിക്കയിൽ . . . . . . . . . . . . . . . . . . . . . . . . . . 4
- 7 ഏഷ്യയിൽ . . . . . . . . . . . . . . . . . . . . . . . . . . . . . 4
- 8 സ്വകാര്യ സ്വത്തുടമ സമ്പ്രദായം രംഗപ്രവേശം ചെയ്യുന്നു. . . . . 5
- 9 നിയമവും നീതിയും . . . . . . . . . . . . . . . . . . . . . . . . 5
- 10 വൈരുദ്ധ്യങ്ങൾ തലപൊക്കുന്നു! . . . . . . . . . . . . . . . . . 5
- 11 അടിമത്ത സമ്പ്രദായം . . . . . . . . . . . . . . . . . . . . . . . 6
- 12 സംസ്കാരവും സാഹിത്യവും . . . . . . . . . . . . . . . . . . . 7
- 13 അടിമത്തവ്യവസ്ഥ തകരുന്നു . . . . . . . . . . . . . . . . . . 7
- 14 പ്രഭുക്കന്മാരും 'സെർഫുകളും' . . . . . . . . . . . . . . . . . . 8
- 15 പട്ടണവും എസ്റ്റേറ്റും തമ്മിൽ ലഹള . . . . . . . . . . . . . . . 8
- 16 മുതലാളിത്തത്തിന്റെ അടിസ്ഥാനം . . . . . . . . . . . . . . . . 9
- 17 മുതലാളിത്തത്തിന്റെ അനന്തരഫലം . . . . . . . . . . . . . . . 10
- 18 തൊഴിലാളി—ഒരു പുതിയ ശക്തി . . . . . . . . . . . . . . . . . 10
- 19 മുതലാളിത്തം ഇന്ത്യയിൽ . . . . . . . . . . . . . . . . . . . . . 10
- 20 ഇന്ത്യൻ സ്വാതന്ത്ര്യ സമരം . . . . . . . . . . . . . . . . . . . . 11

2 രണ്ടു ലോകങ്ങൾ . . . . . . . . . . . . 12

3 വ്യക്തിയും പ്രസ്ഥാനവും . . . . . . . . . . . . 30
1 എന്താണ് ശരി? . . . . . . . . . . . . 30
2 ചില ചോദ്യങ്ങൾ . . . . . . . . . . . . 32
3 മാർക്സിസത്തിന്റെ ദൃഷ്ടിയിൽ . . . . . . . . . . . . 32
4 വ്യക്തിപരമായ കഴിവുകളും സാമൂഹ്യവശങ്ങളും . . . . . . . . 33
5 ബഹുജനങ്ങളുടെ പിൻബലം . . . . . . . . . . . . 33
6 ചരിത്രഘട്ടത്തിലെ നേതാക്കൻമാർ . . . . . . . . . . . . 34
7 സ്റ്റാലിനു പറ്റിയത് . . . . . . . . . . . . 35
8 സാമൂഹ്യമായ നിലനിൽപും വ്യക്തിപരമായ നിലനിൽപും . . . 35
9 വ്യക്തിയുടെ താൽപര്യങ്ങളും സമുദായത്തിന്റെ താൽപര്യങ്ങളും 36
10 സാമൂഹ്യവും സംഘടനാപരവുമായ നടപടികൾ . . . . . . . . 36
11 ഉൽകൃഷ്ടഗുണങ്ങൾക്കുവേണ്ടിയുള്ള സമരം . . . . . . . . . . . 37

4 സ്ത്രീയും പുരുഷനും . . . . . . . . . . . . 39
1 സ്ത്രീപുരുഷ ബന്ധത്തിൽ ഉണ്ടായ മാറ്റങ്ങൾ . . . . . . . . . . 39
2 മാറ്റങ്ങളുടെ അടിസ്ഥാനം . . . . . . . . . . . . 40
3 സ്ത്രീമേധാവിത്വത്തിൽ നിന്ന് പുരുഷമേധാവിത്വത്തിലേക്ക് . . . 41
4 ഏകപത്നീ വ്യവസ്ഥയും വ്യഭിചാരവും . . . . . . . . . . . . 41
5 മുതലാളിത്തത്തിലെ സ്ത്രീപുരുഷബന്ധം . . . . . . . . . . . . 42
6 മുതലാളിയുടെ സാന്മാർഗിക ബോധം . . . . . . . . . . . . 43
7 ഞെട്ടിപ്പിക്കുന്ന യാഥാർത്ഥ്യങ്ങൾ . . . . . . . . . . . . 45
8 കമ്യൂണിസ്റ്റ് വിരോധത്തിന്റെ അർത്ഥം . . . . . . . . . . . . 46
9 സോഷ്യലിസത്തിലെ സ്ത്രീപുരുഷബന്ധം . . . . . . . . . . . . 46

5 ധാർമ്മിക മൂല്യങ്ങൾ . . . . . . . . . . . . 48

6 മാർക്സിസവും ഭൗതികവാദവും . . . . . . . . . . . . 90
1 മതവും കമ്യൂണിസവും . . . . . . . . . . . . 90
2 ആത്മീയവാദവും ഭൗതികവാദവും . . . . . . . . . . . . 93
3 മാർക്സിസവും ആധുനിക ശാസ്ത്രവും . . . . . . . . . . . . 98

7 മാർക്സിസവും മതവിശ്വാസവും . . . . . . . . . . . . 108

8 യേശുക്രിസ്തു മോസ്കോവിൽതന്നെ . . . . . . . . . . . . 111

9 ക്രിസ്തുവിന്റെ ഭക്തനോ ശത്രുവോ? . . . . . . . . . . . . 125

10 പ്രാർത്ഥനയും സാന്മാർഗ്ഗികബോധവും . . . . . . . . . . . . 127
1 ആനുകൂല്യവും പ്രാതികൂല്യവും . . . . . . . . . . . . 127
2 വിശ്വാസത്തിന്റെ പ്രചാരകൻമാർ . . . . . . . . . . . . 128
3 പ്രാർത്ഥനയുടെ സംഭാവന . . . . . . . . . . . . 128

4 സാൻമാർഗിക പ്രവർത്തനം . . . . . . . . . . . . . . . . . . 128

11 പള്ളിക്കൂടത്തിലെ പ്രാർത്ഥന . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 129
1 സർക്കാർ പ്രാർത്ഥന . . . . . . . . . . . . . . . . . . . . . 129
2 മതം: വീട്ടിലും പള്ളിയിലും . . . . . . . . . . . . . . . . . . . 130
3 നമ്മുടെ നാട്ടിൽ . . . . . . . . . . . . . . . . . . . . . . . . 131
4 മതേതരത്വം . . . . . . . . . . . . . . . . . . . . . . . . . 131

12 അടിമത്തവും ക്രിസ്ത്യാനികളും . . . . . . . . . . . . . . . . . . . . . . . . . . . . . . 132

13 മാർക്സ് മുതൽ സ്റ്റാലിൻ വരെ . . . . . . . . . . . . . . . . . . . . . . . . . . . . . . . 137

14 ലെനിന്റെ സംഭാവനകൾ . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 153
1 പുതിയ കാലഘട്ടത്തിന്റെ മാർക്സിസം . . . . . . . . . . . . . . . 154
2 ഒറ്റരാജ്യത്തിൽ സോഷ്യലിസം . . . . . . . . . . . . . . . . 154
3 തൊഴിലാളി സർവ്വാധിപത്യം . . . . . . . . . . . . . . . . . 155
4 ഐക്യമുന്നണി . . . . . . . . . . . . . . . . . . . . . . . . 157

15 ഒക്ടോബർ വിപ്ലവത്തിന്റെ നേതൃശക്തി . . . . . . . . . . . . . . . . . . . . . . . . 158
1 വിപ്ലവപ്രസ്ഥാനത്തിന്റെ മുന്നണിപ്പട . . . . . . . . . . . . . 158
2 ബോൾഷേവിക്കുകാർ . . . . . . . . . . . . . . . . . . . . . 159
3 ഒന്നാമത്തെ റഷ്യൻ വിപ്ലവം . . . . . . . . . . . . . . . . . 162
4 പാഠങ്ങൾ പഠിച്ചുകൊണ്ട് മുന്നോട്ട് . . . . . . . . . . . . . . 162
5 സോഷ്യലിസ്റ്റ് വിപ്ലവത്തിലേക്ക് . . . . . . . . . . . . . . . 164
6 ഒക്ടോബർ വിപ്ലവം . . . . . . . . . . . . . . . . . . . . . 165

16 തത്വവും പ്രയോഗവും തമ്മിലുള്ള വിടവുനീക്കണം . . . . . . . . . . . . . . . . . 168

# 1
# സാമൂഹ്യ പരിവർത്തനങ്ങൾ

## 1 മാർക്സിയൻ വീക്ഷണ സമ്പ്രദായം

മനുഷ്യസമുദായം എല്ലായ്പ്പോഴും മാറിമാറിക്കൊണ്ടിരിക്കുന്നതിന്റെ കാരണമെന്താണ്? പ്രാചീനകാലത്തെ ഗോത്രസമുദായഘടന നശിച്ച് അതിന്റെ സ്ഥാനത്തു മുതലാളിത്തവ്യവസ്ഥ ആവിർഭവിയ്ക്കുവാനും പിന്നീട് നാട്ടുവാഴി പ്രഭുത്വം ക്ഷയിച്ച് അതിന്റെ സ്ഥാനത്ത് മുതലാളിത്തവ്യവസ്ഥ വന്നുചേരുവാനും കാരണമെന്താണ്? ചരിത്രംതന്നെ വികസിച്ച് വികസിച്ച് വരുവാൻ എന്താണ് കാരണം? ഈ ചോദ്യങ്ങൾക്ക് തീർച്ചയായും ഒരടിസ്ഥാനമുണ്ട്. ചരിത്രത്തിന്റെ പുരോഗതിയുടെ പിന്നിൽ തീർച്ചയായും ചില നിശ്ചിതനിയമങ്ങളുണ്ടായിരിയ്ക്കണം. ഈ നിയമങ്ങളെ വ്യക്തമാക്കുവാൻ മാർക്സിസത്തിന്നല്ലാതെ മറ്റു യാതൊരു ശാസ്ത്രത്തിനും ഇന്നേവരെ സാധിച്ചിട്ടില്ല. 'ചാറൽസ്ഡാർവിൻ' വികാസവാദത്തെ വിശകലനം ചെയ്തു വിസ്തരിച്ചു. മനസ്സിലാക്കാൻ കഴിയാത്തതെന്തും യാതൊരെത്തുംപിടിയുമില്ലാത്ത ഒരജ്ഞാതശക്തിയുടെ ലീലാവിശേഷണമാണെന്നുള്ള മതസംബന്ധിയായ അന്ധവിശ്വാസത്തെ അദ്ദേഹം പിച്ചിച്ചീന്തി. പിന്നീട് 'ലൂയിമോർഗൻ' പ്രാചീന സാമൂഹ്യഘടനയുടെനേർക്ക് കൂടുതൽ വെളിച്ചം കാണിച്ചുതന്നു. അതോടുകൂടി സാമൂഹ്യബന്ധത്തിന്റെ മതപരമായ വ്യാഖ്യാനങ്ങൾ തകർന്നുപോയി. ഓരൊന്നാംതരം തത്വജ്ഞാനിയും ചിന്തകനുമായിരുന്ന 'ഹേഗൽ' മനുഷ്യസമുദായം ചില പ്രത്യേകകാരണങ്ങളാൽ ക്രമപ്രവൃദ്ധമായി വികസിച്ച് വരികയാണെന്ന് വാദിച്ചു. അദ്ദേഹത്തിന്റെ കയ്യിൽ ചരിത്രം ഒരു 'സയൻസാ'യിത്തീർന്നു. എന്നാൽ ഏതെല്ലാം കാരണങ്ങൾകൊണ്ടാണ് മനുഷ്യസമുദായം വികസിപ്പിക്കുന്നത് എന്ന് വേണ്ടവിധം വ്യക്തമാക്കുവാനദ്ദേഹത്തിനു സാധിച്ചില്ല. കാരണം, മനുഷ്യസമുദായം ആത്മാവിന്റെ അല്ലെങ്കിൽ ആശയത്തിന്റെ ഒരു പ്രതിഫലനം മാത്രമാണെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. സാമ്പത്തികമായ കാരണങ്ങളാലാണ് സമുദായം വികസിക്കുന്നത് എന്നും ചരിത്രം തന്നെ ഭൗതികങ്ങളായ കാരണങ്ങളാലാണ് മുന്നോട്ടു പോകുന്നത് എന്നും വ്യക്തമാക്കിയത് 'മാർക്സും' അദ്ദേഹത്തിന്റെ സഹപ്രവർത്തകനായ 'ഏംഗെൻസു'മാണ്. 'തത്വശാസ്ത്രത്തിന്റെ ദാരിദ്ര്യം' എന്ന തന്റെ പുസ്തകത്തിൽ 'മാർക്സ്' പറയുന്നതു നോക്കുക.

"സാമൂഹ്യബന്ധങ്ങൾ സമുദായത്തിലെ ഉല്പാദനശക്തിയെ ആശ്രയിച്ചാണിരിക്കുന്നത്. പുതിയ ഉല്പാദനശക്തികൾ കൈവരുമ്പോഴെല്ലാം ജനങ്ങൾ തങ്ങ

ളുടെ ഉല്പാദനരീതിയ്ക്കും മാറ്റം വരുത്തുന്നു. ഉല്പാദനരീതിയ്ക്കു മാറ്റം വരുമ്പോൾ ജീവിതരീതിയ്ക്കു തന്നെയും മാറ്റം വരുന്നു. അതോടുകൂടി എല്ലാ സാമൂഹ്യബന്ധങ്ങൾക്കും പരിവർത്തന മുണ്ടായിത്തീരുന്നു. കടിൽവ്യവസായങ്ങൾ നമുക്കു നാടുവാഴി പ്രഭുക്കളോടുകൂടിയ ഒരു സമുദായത്തെ തരുന്നു. ആ ശക്തിയുപയോഗിയ്ക്കുന്ന മില്ലുകളും ഫാക്ടറികളും വ്യാവസായികമുതലാളികളോടുകൂടിയ മറ്റൊരു സമുദായത്തെയാണ് തരുന്നത്......"

ഇങ്ങിനെ ശാസ്ത്രീയസോഷ്യലിസത്തിന്റെ ആചാര്യനായ 'കാറൽ മാർക്സ്' ചരിത്രത്തിനു ശാസ്ത്രീയമായ ഒരു വ്യാഖ്യാനം നൽകി. . ഈ വ്യാഖ്യാനം 'ചരിത്രത്തിന്റെ ഭൗതികവ്യാഖ്യാനം' എന്ന പേരിലാണറിയപ്പെടുന്നത്. സമുദായത്തിലെ ഉല്പാദന വിതരണങ്ങളുടെ രീതിയാണ് മനുഷ്യന്റെ സാമൂഹ്യവും രാഷ്ട്രീയവും ആദ്ധ്യാത്മികവുമായ ജീവിതത്തെ നിർണ്ണയിക്കുന്നത് എന്ന് വിശദമാക്കുകയാണ് ഈ വ്യാഖ്യാനം ചെയ്യുന്നത്.

## 2 മനുഷ്യന്റെ ഉത്ഭവം

മൃഗത്തിൽനിന്ന് വികാസത്തിന്റെ അനേകം അത്ഭുതഘട്ടങ്ങളെ തരണം ചെയ്തുകൊണ്ടാണല്ലോ മനുഷ്യൻ ഉണ്ടായിട്ടുള്ളത്. മൃഗങ്ങൾ തങ്ങളുടെ ശരീരത്തിലുള്ള അവയവങ്ങളെ ആശ്രയിച്ച ജീവിക്കുന്നു. ഭക്ഷണം സമ്പാദിക്കുവാൻ നഖം, പല്ല്, എന്നീ ആയുധങ്ങൾ മാത്രമാണ് അവയുപയോഗിക്കുന്നത്. തണുപ്പിൽനിന്നു രക്ഷപ്പെടുവാൻ ശരീരത്തിലുള്ള രോമത്തെ ആശ്രയിക്കണം. എന്നാൽ മനുഷ്യനാകട്ടെ, സ്വന്തം ശരീരത്തിലെ അവയവങ്ങൾകൊണ്ട് മാത്രം തൃപ്തിപ്പെടുന്നില്ല. അവൻ പ്രകൃതിയോടു മല്ലിടുവാൻ പഠിയ്ക്കുന്നു. സ്വന്തം അവയവയങ്ങൾക്ക് പുറമെ, ജീവിതസമരത്തിനു പറ്റിയ ആയുധസാമഗ്രികൾ ഉണ്ടാക്കുവാൻ പഠിച്ച ഒരു മൃഗമാണ് പ്രാചീന മനുഷ്യൻ. 'പല്ലിനു പകരം കല്ല്', നഖങ്ങൾക്കു പകരം അമ്പും വില്ലും, രോമത്തിനു പകരം ഇലയും തോലും. വേറൊരു വിധത്തിൽ പറയുകയാണെങ്കിൽ ജീവിതസമരത്തിനു സ്വന്തം ശരീരത്തിലെ അവയവങ്ങളുപയോഗിക്കുന്നതിനുപകരം പ്രകൃതിയെ ജയിയ്ക്കാനുള്ള സമരമാരംഭിച്ച ആ സവിശേഷമായ കാലഘട്ടത്തിലാണ് മനുഷ്യസമുദായത്തിന്റെ ഉത്ഭവം. നിലവിലുള്ള പ്രകൃതിവിഭവങ്ങളിൽ പ്രയത്നം ചെലുത്തി പുതിയൊരു സാധനം നിർമ്മിയ്ക്കുവാനുള്ള പരിശ്രമത്തോടു കൂടിയാണ് മനുഷ്യസമുദായം ആരംഭിയ്ക്കുന്നത്. ഉല്പാദിപ്പിക്കുവാനുള്ള ശക്തിയാണു മനുഷ്യനെ മൃഗത്തിൽനിന്ന് വേർതിരിച്ചുനിർത്തുന്നത്. ഉല്പാദനത്തിനുവേണ്ടി മനുഷ്യപ്രയത്നത്തെ ഉപയോഗിക്കുന്ന സമ്പ്രദായമാണ് സാമൂഹ്യഘടനയുടെ അടിസ്ഥാനം.

## 3 മനുഷ്യചരിത്രത്തിലെ മൂന്ന് കാലഘട്ടങ്ങൾ

ഉല്പാദനരീതിയനുസരിച്ച 'ലൂയിമോർഗൽ' ചരിത്രത്തെ കാടന്മാരുടെ കാലം, അപരിഷ്കൃതകാലം, പരിഷ്കൃതകാലം ഇങ്ങിനെ മൂന്നായി തരം തിരിച്ചിരിക്കുന്നു. ഈ മൂന്ന് കാലഘട്ടങ്ങളിൽ രണ്ടെണ്ണത്തെപ്പറ്റി ആവശ്യമുള്ളത്ര അദ്ധ്യയനം നടത്തിയതിന് ശേഷം മനുഷ്യനെ ഒരോഘട്ടത്തിലും പരിഷ്കൃതനും സംസ്കൃതനുമാക്കിയതു ഉല്പാദനരീതിയിൽ അപ്പപ്പോൾ ഉണ്ടായിത്തീർന്ന പരിവർത്തനങ്ങളാണെന്ന് അദ്ദേഹം തെളിയിയ്ക്കുന്നു.

മനുഷ്യൻ ഭൂമദ്ധ്യരേഖയിലും അതിന്റെ സമീപപ്രദേശങ്ങളിലുള്ള കാടുകളിലും പഴങ്ങളും കായ്കനികളും തിന്നുകൊണ്ട് കഴിച്ചുകൂട്ടിയിരുന്ന ആ അതിപ്രാചീനമായ കാലത്തെയാണ് കാടന്മാരുടെ കാലം എന്ന് പറയുന്നത്. ഉല്പാദന വ്യവസ്ഥ

അക്കാലത്ത് തീരെ അപരിഷ്കൃതമായിരുന്നു. സ്ത്രീപുരുഷബന്ധവും കുടുംബജീവിതവും വളരെ ശിഥിലമായിരുന്നു. ഇന്നത്തെപ്പോലെയുള്ള വിവാഹജീവിതമോ ഭാര്യാഭർത്തൃ ബന്ധമോ അന്നുണ്ടായിരുന്നില്ല. ഒരു പുരുഷനു ഒരു പ്രത്യേകമായ ഭാര്യ, ഒരു സ്ത്രീക്കു ഒരു പ്രത്യേകമായ ഭർത്താവ്—ഈ സമ്പ്രദായം നടപ്പുണ്ടായിരുന്നില്ല. ഏകപത്നീവ്രതവും ഏകപതീവ്രതവും അജ്ഞാതങ്ങളായിരുന്നു. സഹോദരീസഹോദരന്മാർ തമ്മിലും ജ്യേഷ്ഠനും അനുജന്റെ ഭാര്യയും തമ്മിലുമുള്ള ലൈംഗികബന്ധം നിഷിദ്ധമായിരുന്നില്ല. അച്ഛനും മകളും തമ്മിലും അമ്മയും മകനും തമ്മിലും ഉള്ള വിവാഹങ്ങളും സുലഭമായിരുന്നു. ബഹറിങ്ങിലെ സമൂജാതിയിലും മധ്യപ്രദേശത്തെ കേവിയർ ജാതിയിലും അലാസ്കയിലെ കേഡിയൽജാതിയിലും വടക്കെ അമേരിക്കയിലെ ടിനെജാതിയിലും ഈ വിചിത്രമായ സമ്പ്രദായം ഇപ്പോഴും നിലവിലുണ്ടത്രെ. തെക്കേ അമേരിക്കയിലെ ചിലിയിലും, ഇൻഡോചൈനയിലും അതുപോലെയുള്ള മറ്റു ചില പ്രദേശങ്ങളിലും ഇത്തരം വൈവാഹിക ബന്ധങ്ങൾ ഇന്ന് ദുർല്ലഭമല്ലെന്ന് പറയപ്പെടുന്നു. ജ്യേഷ്ഠന്റെ പുത്രിയെ വിവാഹം കഴിക്കുന്ന സമ്പ്രദായം മലബാറിലെ മരുമക്കത്തായക്കാരുടെ ഇടയിൽ ഇന്നും നടപ്പുണ്ടെന്നുള്ളത് എല്ലാവർക്കും അറിവുള്ള കാര്യമാണല്ലോ. തമിഴ് നാട്ടിലെ ചില പ്രദേശങ്ങളിലും മലബാറിൽത്തന്നെയുള്ള ചിലരുടെ ഇടയിലും സഹോദരിയുടെ മകളെ വിവാഹം കഴിക്കുന്ന സമ്പ്രദായം നടപ്പുണ്ട്. ജ്യേഷ്ഠനും അനുജനുംകൂടി ഒരേ ഭാര്യയെ വെച്ചുകൊണ്ടിരിക്കുന്ന സമ്പ്രദായവും മലബാറിലെ ചിലജാതിക്കാരുടെ ഇടയിൽ കണ്ടുവരുന്നുണ്ട്. ഗ്രീക്ക്, പേർസ്യൻ, തുർക്കി മുതലായ ഭാഷകളിൽ ഇത്തരം വൈവാഹിക ബന്ധങ്ങളെ വിവരിക്കുന്ന കഥകൾക്കറ്റമില്ലത്രെ. ഇതെല്ലാം ആ അതിപ്രാചീനമായ കാലത്തെ സദാചാരത്തിൻറേയും സ്ത്രീ പുരുഷബന്ധത്തിൻറേയും അവശിഷ്ടങ്ങളാണെന്ന് വിചാരിക്കുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. ഇങ്ങിനെ മനുഷ്യ സമുദായത്തിന്റെ ആരംഭകാലത്തു, സമഷ്ടിവാദപരമായ ഉൽപാദനരീതി നടപ്പുണ്ടായിരുന്ന ആദിമകാലത്ത്, സ്ത്രീ പുരുഷബന്ധം സ്വച്ഛന്ദവും അനിയന്ത്രിതവുമായിരുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ്.

## 4 പ്രാചീന കമ്മ്യൂണിസം

അക്കാലത്തെ സാമുദായികവും സാമ്പത്തികവുമായ വ്യവസ്ഥ സ്തുത്യർഹമായിരുന്നു. രാജാവില്ല, കോടതിയില്ല, പോലീസ്സില്ല, പട്ടാളമില്ല, ജെയിലില്ല, തൂക്കുമരമില്ല. എന്നിട്ടും നാടെങ്ങും സമാധാനം വ്യാപിച്ചിരുന്നു. അടിമത്തത്തിന്റെ പേരുപോലും ഉണ്ടായിരുന്നില്ല. ഉൽപ്പാദനങ്ങൾ എല്ലാവർക്കും ആവശ്യാനുസരണം ലഭിച്ചിരുന്നു. എല്ലാവരും സ്വതന്ത്രരും സമാനരുമായിരുന്നു. ഈ കാലത്തെയാണ് 'പ്രാചീന കമ്മ്യൂണിസ്റ്റ് സമുദായം' എന്നു പറയുന്നത്.

## 5 പുതിയ ജീവിതോപകരണങ്ങൾ

പരിഷ്കൃതയുഗത്തിന്റെ ആദ്യഘട്ടംവരെ ഉൽപ്പാദന രീതിയിൽ യാതൊരു വൈരുദ്ധ്യവുമുണ്ടായിരുന്നില്ല. അതിനിടയ്ക്കു മനുഷ്യനു തീയിന്റെ ഉപയോഗം മനസ്സിലായിക്കഴിഞ്ഞിരുന്നു. നദികളുടെ വക്കത്തു താമസിച്ചുകൊണ്ട് മത്സ്യം പിടിക്കുവാനും കല്ലിനെ അസ്ത്രമാക്കിയുപയോഗിച്ച് മൃഗങ്ങളെ വേട്ടയാടുവാനും അവൻ ശീലിച്ചുകഴിഞ്ഞിരുന്നു. ക്രമത്തിൽ ക്രമത്തിൽ അമ്പും വില്ലും അവന്റെ ആയുധമായിത്തീർന്നു. അതോടുകൂടി ഉൽപാദശക്തിയിൽ വ്യത്യാസം കാണപ്പെട്ടു. ഉൽപ്പാദന ശക്തിയുടെ വികാസം സാമൂഹ്യജീവിതത്തിൽ വമ്പിച്ച പരിവർത്തനങ്ങളുണ്ടാക്കി. ഗ്രാ

മങ്ങളിൽ പാർപ്പിടമുറപ്പിക്കുവാനും മരംകൊണ്ടു വീടും പാത്രവും നിർമ്മിക്കുവാനും മനുഷ്യൻ പഠിപ്പിച്ചു. അപരിഷ്കൃതയുഗത്തിന്റെ ആദ്യഘട്ടത്തിൽത്തന്നെ മൺപാത്രം നിർമ്മിക്കപ്പെട്ടു കഴിഞ്ഞിരുന്നു. മരപ്പാത്രത്തിൽ നിന്നു മൺപാത്രത്തിലേയ്ക്കുള്ള വികാസത്തെപ്പറ്റി 'എംഗെൽസ്' ഇപ്രകാരം എഴുതുന്നു:

"മരപ്പാത്രം തീപ്പിടിക്കുവാനെളുപ്പമാണ്; തീയ്യിൽ നിന്നു കാത്തുരക്ഷിക്കുവാൻ വേണ്ടി മരപ്പാത്രത്തിന്റെ പുറത്ത് മണ്ണുതേച്ചു പിടിപ്പിക്കേണ്ടത് ആവശ്യമായിവന്നു. കുറച്ചുകാലത്തിനുള്ളിൽ തനി മണ്ണുകൊണ്ടുള്ള പാത്രവും നിർമ്മിക്കപ്പെടുവാൻ തുടങ്ങി. ഇങ്ങിനെയാണ് മൺപാത്രം ഉത്ഭവിച്ചത്."

## 6 അമേരിക്കയിൽ

നവീനലോകം എന്ന പേരിൽ അറിയപ്പെടുന്ന അമേരിക്കയും പ്രാചീനലോകം എന്നറിയപ്പെടുന്ന ഏഷ്യ, യൂറോപ്പ് എന്നീ വൻകരകളും തമ്മിലുള്ള നൈസർഗ്ഗികമായ വ്യത്യാസം ഉൽപ്പാദനരീതിയിലും വ്യത്യാസങ്ങളുണ്ടാക്കിത്തീർത്തു. പ്രാചീനലോകത്തിൽ എല്ലാതരത്തിലുള്ള നാട്ടുമൃഗങ്ങളും നാനാതരത്തിലുള്ള ധാന്യങ്ങളും ധാരാളം കിട്ടിയിരുന്നു. അമേരിക്കയിലാവട്ടെ 'ലാമ' എന്ന ഒരൊറ്റനാട്ടുമൃഗം മാത്രമെ ഉണ്ടായിരുന്നുള്ളു. ധാന്യങ്ങളും വളരെ കുറവായിരുന്നു. അതിനാൽ രണ്ടു ലോകങ്ങളിലേയും ജീവിതരീതികൾ വ്യത്യസ്തങ്ങളായിത്തീർന്നു. അക്കാലത്ത് അമേരിക്കയിലെ നിവാസികളുടെയിടയിൽ അനേകം സംഘ (Tribes) ങ്ങളുണ്ടായിരുന്നു. ഓരോ സംഘത്തിനും താമസിക്കുവാനുള്ള സ്ഥലം നിശ്ചിതമായിരുന്നു. രണ്ടു സംഘങ്ങളുടെ ഇടയിൽ ഓരോ കാടുണ്ടായിരിക്കും. ഓരോ സംഘത്തിനും ആ കാടുകളിലുള്ള അധികാരം സമമായിരുന്നു. അവിടെച്ചെന്നു വേട്ടയാടുവാൻ എല്ലാവർക്കും ഒരുപോലെ അധികാരമുണ്ടായിരുന്നു. പുരുഷന്മാർ വേട്ടയാടും, മത്സ്യം പിടിക്കും, ഭക്ഷണസാമഗ്രികൾ കൊണ്ടുവരും; സ്ത്രീകൾ ഭക്ഷണമുണ്ടാക്കും, വസ്ത്രം നെയ്യും. സമുദായത്തിന്റെ രൂപം സമഷ്ടിവാദപരമായിരുന്നു.

## 7 ഏഷ്യയിൽ

ഏഷ്യയിൽ പശു, എരുമ തുടങ്ങിയ നാട്ടുമൃഗങ്ങൾ സുലഭമായിരുന്നു. ഈ മൃഗങ്ങളെ ആദ്യമായി കാടുകളിൽ നിന്നു പിടിച്ചുകൊണ്ടു വരികയാണ് ചെയ്തിരുന്നത്. ഇവയുടെ പാൽ ഏറ്റവും ഉപയോഗകരമാണെന്നു മനുഷ്യൻ കണ്ടുപിടിച്ചു. അതോടുകൂടി നാട്ടുമൃഗങ്ങളെ പോറ്റി വളർത്തുന്ന സമ്പ്രദായം പരക്കാൻ തുങ്ങി. പാലിനുപുറമെ മാംസം, തോൽ, രോമം, മുതലായവയും ലാഭകരമാണെന്നു ജനങ്ങൾ മനസ്സിലാക്കി. ക്രമേണ ഭക്ഷണസാമഗ്രികളും ആവശ്യമുള്ള മറ്റു സാധനങ്ങളും അവർ പരസ്പരം വിനിമയം ചെയ്യുവാൻ തുടങ്ങി. വിനിമയത്തോടൊപ്പം വ്യാപാരവും വർധിച്ചു. ഉറപ്പിക, അണ, പൈയുടെ സ്ഥാനം കന്നുകാലികളാണ് നിർവഹിച്ചിരുന്നത്. നദിയുടെ തായ്വാരങ്ങളിലും പച്ചമൈതാനങ്ങളിലും ധാന്യങ്ങൾ കൃഷിചെയ്യുവാൻ തുടങ്ങി. പക്ഷേ, അതെല്ലാം സമ്പാദിക്കാനല്ല, ഉപയോഗത്തിനുള്ളതായിരുന്നു. അക്കാലത്തെ വ്യവസായത്തിന്റെ വികാസത്തിന് സഹായിച്ചിട്ടുള്ള സാമഗ്രികൾ നെയ്ത്തു തറികളും ചെമ്പ്, ടിൻ, പിത്തല മുതലായവകൊണ്ടുള്ള ഉപകരണങ്ങളും പ്രത്യേകം പ്രസ്താവയോഗ്യമാണ്. പിത്തലകൊണ്ടുള്ള ആയുധങ്ങൾക്കു കല്ലുകൊണ്ടുള്ള അപരിഷ്കൃതങ്ങളായ ആയുധങ്ങളുടെ സ്ഥാനം ഏറ്റെടുക്കുവാൻ സാധിച്ചില്ല. ഇരുമ്പിന്റെ ഉപയോഗം അന്നു അജ്ഞാതമായിരുന്നു. പക്ഷേ, സ്വർണവും വെള്ളിയും ആഭരണങ്ങളായി ഉപയോഗിക്കപ്പെടുവാൻ തുടങ്ങിയിരുന്നു. കൂട്ടായി

ജീവിക്കുവാൻ കാടന്മാരുടെ കാലത്തുതന്നെ ആരംഭിക്കുന്നുവെങ്കിലും മനുഷ്യൻ കൃഷി ചെയ്യുവാൻ പഠിച്ചതിനുശേഷം മാത്രമേ വാസ്തവത്തിൽ മനുഷ്യസമുദായം അടിയുറയ്ക്കുന്നുള്ളൂ. മുകളിൽ പറഞ്ഞതു പോലെ എല്ലാവരുംകൂടി പ്രയത്നിച്ചു കൃഷിചെയ്യുന്നതിന്റെ ഫലം, എല്ലാവർക്കും അനുഭവിക്കാനുള്ളതാണ്. 'എൻറേതു' 'നിൻറേതു' എന്ന അവകാശവാദങ്ങൾ അന്നു അറിയപ്പെട്ടിരുന്നില്ല.

## 8 സ്വകാര്യ സ്വത്തുടമ സമ്പ്രദായം രംഗപ്രവേശം ചെയ്യുന്നു.

കൂട്ടായ ജീവിതം മനുഷ്യപ്രയത്നത്തിന്റെ ഉൽപ്പാദനശക്തി വർധിപ്പിക്കുന്നു. അപ്പോൾ പുതിയ പുതിയ ഉൽപ്പാദന സാമഗ്രികൾ കണ്ടുപിടിക്കാൻ തുടങ്ങുന്നു. ഉൽപ്പാദന സാമഗ്രികൾ കണ്ടുപിടിക്കുന്നവർ അവയെ സ്വന്തമായി മറ്റുള്ളവരുടെ സഹായമവലംബിക്കാതെ, ഉപയോഗിക്കുകയാണ് ചെയ്തത്. ഇങ്ങിനെ പ്രാചീന സ്വത്തുടമ സമ്പ്രദായം ഉത്ഭവിച്ചു.

## 9 നിയമവും നീതിയും

കാലക്രമത്തിൽ സമുദായത്തിന് ഒരു പൊതുതാൽപര്യം ഇല്ലാതായിത്തീർന്നു. അപ്പോൾ വിഭിന്നതാൽപര്യങ്ങളുള്ള മനുഷ്യരുടെ പരസ്പരബന്ധത്തെ നിയന്ത്രിക്കുവാൻ ചില നിയമങ്ങൾ ആവശ്യമായി. പക്ഷേ, നിയമമുണ്ടാക്കാൻ ഒരധികാര ശക്തിവേണം. മനുഷ്യാതീതമായ ഒരധികാര ശക്തിയെ അടിസ്ഥാനപ്പെടുത്തി നിലനിൽക്കുന്ന മതചിന്തകൾ ആവശ്യമായ അധികാരശക്തിയെ എളുപ്പത്തിൽ മുന്നോട്ടു കൊണ്ടുവന്നു. പ്രാചീനകാലത്തെ എല്ലാ നിയമനിർമാതാക്കളും മനുഷ്യാതീതമായ ആ അജ്ഞാതശക്തിയുടെ പിൻബലത്തോടുകൂടി ജനങ്ങൾക്കു പ്രവചനങ്ങളും ഉപദേശങ്ങളും നൽകിയിരുന്നവരാണ്. സൂര്യൻ, ചന്ദ്രൻ, ഇടി, മിന്നൽ, മഴ, തീയ് എന്നിവയെപ്പറ്റി ജനങ്ങൾക്കുണ്ടായിരുന്ന അനുകമ്പാർഹമായ അജ്ഞത ആ മഹാത്മാക്കൾക്കു ദിവ്യത്വം പ്രദാനം ചെയ്തു. മനസ്സിലാക്കാൻ സാധിക്കാത്ത എല്ലാ കാര്യങ്ങളും അവർ സർവ്വശക്തനും സർവ്വജ്ഞനും സർവ്വാന്തർയാമിയും സച്ചിദാനന്ദസ്വരൂപനും മറ്റും മറ്റുമായ ആ അജ്ഞാതശക്തിയിൽ സമർപ്പിക്കുന്നു. ഈശ്വരൻ ഭൂമിയെ സൃഷ്ടിച്ചു, സൂര്യചന്ദ്രൻമാരെ സൃഷ്ടിച്ചു, ഈശ്വരൻ ഈ കാണുന്ന എല്ലാവരെയും എല്ലാത്തിനെയും സൃഷ്ടിച്ചു. ഇടിവെട്ടുന്നത് ഈശ്വര ശക്തികൊണ്ട്, കാറ്റടിക്കുന്നത് ഈശ്വരശക്തികൊണ്ട്—എല്ലാം ഈശ്വരമയം! ഈശ്വരന്റെ അധികാരശക്തിയെ രക്ഷാകവചമാക്കികൊണ്ടാണ് സദാചാരനിയമങ്ങളും സാമുദായികബന്ധങ്ങളും നിലനിന്നുപോയത്. പക്ഷേ, എല്ലാ നിയമങ്ങളുടെയും ഉദ്ദേശം ഭൗതികമായിരുന്നു, ഇഹലോക സംബന്ധിയായിരുന്നു എന്ന വാസ്തവം വിസ്മരിക്കരുത്. സ്വകാര്യസ്വത്ത് ഉത്ഭവിച്ചു കഴിഞ്ഞ ആ സമുദായത്തിന്റെ ഘടനയെ കേടുപാടുകൾ കൂടാതെ കാത്തുരക്ഷിക്കുകയും സ്വകാര്യസ്വത്തിന്റെ ഉടമസ്ഥന്മാരെ ഭരണം നടത്തുന്ന വർഗ്ഗക്കാരായി പ്രഖ്യാപനം ചെയ്യുകയുമായിരുന്നു എല്ലാ നിയമങ്ങളുടെയും ആന്തരമായ ഉദ്ദേശ്യം.

## 10 വൈരുദ്ധ്യങ്ങൾ തലപൊക്കുന്നു!

ക്രമേണ സ്വകാര്യസ്വത്തുടമസമ്പ്രദായം നിലങ്ങളിലേയ്ക്കു വ്യാപിച്ചു. സ്വന്തമായ് ഉണ്ടാക്കിയ ഉൽപാദന സാമഗ്രികൾ സ്വകാര്യസ്വത്താകയാൽ ആ സ്വകാര്യസ്വത്തുകൊണ്ട് കൃഷിചെയ്തുണ്ടാക്കിയ സാധനങ്ങളും സ്വകാര്യസ്വത്തായിത്തീർന്നു.

ഒടുവിൽ ഇങ്ങനെ കൃഷിചെയ്യാനുപയോഗിക്കുന്ന നിലവും, എല്ലാ പ്രായോഗിക കാര്യങ്ങൾക്കും കൃഷിചെയ്യുന്നവൻറേതായിത്തീരുന്നു. നിലത്തിന്മേലുള്ള പൊതുവുടമാവകാശം നശിക്കുന്നു. പ്രാചീന കമ്മ്യൂണിസ്റ്റ് സമുദായം അനവധി ഗോത്രങ്ങളായി തരംതിരിയുന്നു. നിലത്തിന്മേലുള്ള അവകാശം മുഴുവനും ഗോത്രത്തിന്റെ പ്രധാനികളുടെ കയ്യിൽ എത്തിച്ചേരുന്നു. ഈ ഗോത്രവ്യവസ്ഥയെ അടിസ്ഥാനമാക്കിയ അന്നത്തെ സമുദായഘടനയിലെ സ്ഥാപിതതാൽപര്യക്കാരെ സംരക്ഷിക്കുവാൻവേണ്ടി, അവരുടെയിടയിൽ നിന്ന് തന്നെ എല്ലാ പ്രജകളിൽ നിന്നും ഉയർന്നു നിൽക്കുന്നുണ്ടെന്നഭിമാനിക്കുന്ന ഒരു ഭരണാധികാരി—ദിവ്യവും ദൈവദത്തവുമായ അധികാരം തനിക്കുണ്ടെന്നുനടിക്കുന്ന ഒരു രാജാവ് ഉണ്ടായിത്തീർന്നു. ഇങ്ങിനെ സമുദായം പരസ്പരശത്രുക്കളായ രണ്ടു വർഗ്ഗങ്ങളായി വിഭജിക്കപ്പെട്ടു, ഉള്ളവരും ഇല്ലാത്തവരും. അതോടുകൂടി വർഗ്ഗസമരവുമാരംഭിച്ചു. വ്യത്യസ്തതാൽപര്യങ്ങളോടുകൂടിയ വ്യത്യസ്തവർഗ്ഗങ്ങൾ ഉണ്ടായതോടൊപ്പം വർഗ്ഗസംഘടനകളും ആരംഭിച്ചിട്ടുണ്ട്. സംസ്കാരത്തിന്റെയും പുരോഗതിയുടെയും ചരിത്രം മുഴുവനും വർഗ്ഗസംഘടനകളുടെ ചരിത്രം മാത്രമാണ്. നിലം മുതലായവയെ സ്വകാര്യസ്വത്താക്കിവെയ്ക്കുന്ന ഭരണാധികാരിവർഗ്ഗം തങ്ങളുടെ അധികാരങ്ങളെ , സ്ഥാപിതതാൽപര്യങ്ങളെ, സുരക്ഷിതമാക്കി നിലനിർത്തുവാൻ വേണ്ടി ഒരു ഭരണകൂടം സ്ഥാപിക്കുന്നു. ഭരണാധികാരിയായ രാജാവിന്റെ സ്വേഛാധികാരത്തെ ചോദ്യം ചെയ്യുവാൻ ആർക്കും അധികാരമില്ല. എന്തെന്നാൽ അദ്ദേഹത്തിന്റെ അധികാരം ഈശ്വരദത്തമാണ്! മതം, തത്വജ്ഞാനം, നിയമം, സദാചാരം—എല്ലാത്തിന്റെയും ഉദ്ദേശ്യം സ്ഥാപിതമായ സമുദായ ഘടനയെ കാത്തു രക്ഷിക്കുക എന്നതായിത്തീർന്നു.

## 11 അടിമത്ത സമ്പ്രദായം

പ്രത്യേകമായ സമുദായഘടന ഒരു പ്രത്യേക ഉൽപാദന രീതിയെ ആശ്രയിച്ചാണിരിക്കുന്നത്. അതുകൊണ്ട് ഒരു പുതിയ ഉൽപാദനരീതി സംജാതമാകുമ്പോൾ നിലവിലുള്ള സമുദായ ഘടനയുടെ രൂപത്തിന്ന് മാറ്റമുണ്ടാകാതിരിക്കുകയില്ല. പക്ഷേ, അന്ധന്മാരായ ഭരണാധികാരികൾ ഈ വാസ്തവം വകവെച്ചുകൊടുക്കില്ല. പുരോഗതിയെ എല്ലാ വിധത്തിലും തടഞ്ഞുനിർത്തുവാൻ അവർ പരിശ്രമിച്ചുനോക്കും. ഭരണീയരുടെ പ്രക്ഷോഭങ്ങളെ തച്ചൊതുക്കുവാൻ അവർ പരിശ്രമിച്ചുനോക്കും. ഒടുവിൽ എല്ലാ എതിർശക്തികളോടും മല്ലിട്ടുകൊണ്ടു മുന്നോട്ടു പോകുന്ന സമുദായത്തിന്റെ വികാസ നിയമത്തിന്നു മുമ്പിൽ തല കുനിയ്ക്കാതിരിക്കുവാൻ അവർക്ക് നിവൃത്തിയില്ലെന്നാകും. തല കുനിയ്ക്കുവാനൊരുക്കമില്ലാത്ത ഭരണാധികാര ശക്തിയെ ഛിന്നഭിന്നമാക്കിക്കൊണ്ടാണ് സമുദായം മുന്നോട്ട് പോകുന്നത്. ഉൽപാദനരീതിയുടെ അഭിവൃദ്ധി മനുഷ്യന്റെ പ്രയത്നശക്തിയെ നിലനിർത്തുവാൻ ആവശ്യമുള്ളതിലും അധികമായിത്തീർന്നതോടുകൂടി പ്രയത്നശക്തിയുടെ ആവശ്യവും വർദ്ധിച്ചു. സമുദായവികാസം ഈ ഘട്ടത്തിലെത്തിയപ്പോഴാണ് അടിമത്ത സമ്പ്രദായം ആവിർഭവിക്കുന്നത്. ജീവിക്കുവാൻ വേണ്ടതുമാത്രം പ്രതിഫലമായി കൊടുത്ത് മറ്റുള്ളവരുടെ പ്രയത്ന ശക്തിയെ ചൂഷണം ചെയ്യുന്ന സമ്പ്രദായമാണ് അടിമത്ത സമ്പ്രദായം. ശക്തരും അശക്തരും തമ്മിലുള്ള യുദ്ധങ്ങളുടെ ആരംഭമാണിത്. യുദ്ധത്തിൽ തോൽവിയടയുന്ന ശത്രുക്കളെ അടിമകളാക്കിപ്പിടിച്ചു അവരെക്കൊണ്ട് ആവശ്യമുള്ള അധികപ്രയത്നം ചെയ്യിപ്പിക്കുവാൻ തുടങ്ങി. ഇങ്ങിനെ സമുദായത്തിനുള്ളിൽ രണ്ടു പ്രത്യക്ഷവർഗങ്ങളുത്ഭവിച്ചു—യജമാനനും അടിമയും—മർദ്ദകനും മർദ്ദിതനും. വ്യത്യസ്തങ്ങളായ പരിസ്ഥിതികളനുസരിച്ചു വ്യത്യസ്ത രാ

ജ്യങ്ങളിലെ അടിമത്ത സമ്പ്രദായങ്ങൾക്ക് വിഭിന്ന രൂപങ്ങളുണ്ടായിരുന്നില്ല. ഉദാഹരണത്തിനു പടിഞ്ഞാറൻ ഏഷ്യയിലേയും മധ്യധരണ്യാഴി പ്രദേശങ്ങളിലേയും രാജ്യങ്ങളുടേതുപോലെ സുവ്യക്തമായിരുന്നില്ല ഇന്ത്യയിലെ അടിമത്ത സമ്പ്രദായം. എന്നാൽ പഴയ ജാതിമേധാവിത്വത്തിൽ—വർണ്ണാശ്രമ വ്യവസ്ഥയിൽത്തന്നെ—അടിമത്തത്തിൻറേതായ എല്ലാ ദുർഗന്ധങ്ങളും നമുക്കു കാണാൻ സാധിക്കുന്നുണ്ട്. ആര്യന്മാർ ദ്രാവിഡന്മാരെ തോൽപ്പിച്ച് അടിമകളാക്കിയ കഥ കുപ്രസിദ്ധമാണ്. ഇന്ത്യയുടെ ഇന്നത്തെ സമുദായ ഘടനയിൽപോലും അടിമത്തത്തിന്റെ അവശിഷ്ടങ്ങൾ നിലനിൽക്കുന്നുണ്ടെന്നു കാണും. മലബാറിലെ ചെറുമക്കളുടേയും പുലയരുടേയും ജീവിതം പരിശോധിച്ചു നോക്കുക. ദ്രാവിഡവർഗക്കാരുടെ അടിമത്തത്തിന്റെ നഗ്നവും പൈശാചികവുമായ അവശിഷ്ടമത്രേ അയിത്തം.

## 12 സംസ്കാരവും സാഹിത്യവും

സംസ്കാരത്തിന്റെ ജനയിത്രി എന്ന നിലയ്ക്ക് പ്രാചീന അടിമത്ത വ്യവസ്ഥയ്ക്കു തീർച്ചയായും ഒരു സ്ഥാനമുണ്ട്. മുഴുവൻ സമയവും ഭക്ഷണത്തിന് വേണ്ടി ദേഹപ്രയത്നം ചെയ്യുവാൻ നിർബന്ധിക്കുന്ന ഒരു സമുദായ വ്യവസ്ഥയിൽ, സംസ്കാരം, സാഹിത്യം മുതലായവ ജനിക്കുകയില്ല. അതുകൊണ്ടു അന്നത്തെ അടിമത്ത വ്യവസ്ഥ സംസ്കാരത്തിന്റെയും സാഹിത്യത്തിൻറേയും വളർച്ചയ്ക്കാവശ്യമായിരുന്നു. തങ്ങളുടെ ഭക്ഷണത്തിനുവേണ്ടിയുള്ള പ്രവൃത്തികൂടി മറ്റുള്ളവരെക്കൊണ്ടെടുപ്പിക്കുന്ന യജമാനവർഗമാണ് ആദ്യമായി സാഹിത്യം നിർമ്മിക്കുവാനൊരുങ്ങിയത്. എന്നാൽ അടിമത്ത സമ്പ്രദായത്തിന്റെ മറുവശം ഏറ്റവും ഹൃദയഹീനതയുടെ ഒരു ചിത്രമായിരുന്നു. മനുഷ്യന്റെ പ്രയത്നശക്തി വളരെയധികം ദുരുപയോഗപ്പെട്ടുപോയി. സാധാരണക്കാർക്ക് അത്യാവശ്യമായ ജീവിതോപകരണങ്ങൾക്കുപകരം യാതൊരുപയോഗവുമില്ലാത്ത ശിലാസ്തംഭങ്ങളും മറ്റ് സുഖഭോഗസ്മാരകങ്ങളും നിർമ്മിക്കുവാൻവേണ്ടി വളരെയധികം പ്രയത്നശക്തി ബലാൽക്കാരമായി ദുരുപയോഗം ചെയ്യപ്പെട്ടു. യാതൊരു ലജ്ജയുമില്ലാതെ തലയുയർത്തിപ്പിടിച്ചുകൊണ്ട് സംസ്കാരത്തിന്റെ നേരെ കൊഞ്ഞനം കാട്ടുന്ന ആ നിരുപയോഗങ്ങളായ ഉന്നത സൗധങ്ങൾ അന്നത്തെ അടിമകളുടെ കഷ്ടപ്പാടുകളേയും മർദ്ദനങ്ങളേയും ഉച്ചൈസ്തരം വിളിച്ചു പറയുന്നുണ്ട്. അവരുടെ ഓരോ കല്ലിലും ഓരോ സ്തംഭത്തിലും മർദ്ദിത വർഗക്കാരായ അടിമകളുടെ കണ്ണീർകണങ്ങളും ദീർഘനിശ്വാസങ്ങളും ഒളിഞ്ഞു കിടക്കുന്നുണ്ടെന്നുകാണാം. സമുദായത്തിന് ഉപയോഗകരങ്ങളായ സാധനങ്ങൾ നിർമ്മിക്കാതെ, കൃഷി പ്രവൃത്തിപോലും ചുരുക്കിയിട്ടാണ് ഈ സുഖഭോഗക്കോട്ടകൾ നിർമ്മിക്കപ്പെട്ടത്. അതിന്റെ അനിവാര്യഫലമായി സമുദായത്തിന്റെ സാമ്പത്തിക വ്യവസ്ഥയ്ക്കു വലിയൊരുടവുതട്ടി. സമുദായത്തിൽ വല്ലാത്തൊരു കുഴപ്പം നേരിട്ടു. വർഗസംഘട്ടനങ്ങൾ വർദ്ധിച്ചു. അങ്ങിനെ അടിമത്ത സമ്പ്രദായത്തിന്മേൽ കെട്ടിപ്പടുത്ത ഉൽപാദനരീതി ഛിന്നഭിന്നമാവാൻ തുടങ്ങി.

## 13 അടിമത്തവ്യവസ്ഥ തകരുന്നു

ബാബിലോണിയ, അസീറിയ, ഈജിപ്ത് എന്നീ രാജ്യങ്ങളിലെന്നപോലെ ഇന്ത്യയിലെ അടിമത്ത വ്യവസ്ഥ പൊട്ടിത്തകർന്നത് അത്ര സുവ്യക്തമായിരുന്നില്ല. പക്ഷേ, ബുദ്ധമത വിപ്ലവം അടിമത്തം പുലർത്തിക്കൊണ്ടുവന്ന പഴയ ബ്രാഹ്മണ മേധാവിത്വത്തിന്റെ അടിപുഴക്കി എന്ന കാര്യത്തിൽ സംശയമില്ല. ഏതാനും നൂറ്റാണ്ടുകൾക്കുശേഷം ബ്രാഹ്മണ മേധാവിത്വം വീണ്ടും തലയുയർത്തിപ്പിടിച്ചുവെന്നതു

വാസ്തവം തന്നെ. പക്ഷേ, ഉയിർത്തെഴുന്നേറ്റ ബ്രാഹ്മണമേധാവിത്വത്തിന് അതിന്റെ പഴയ ധാടികളൊന്നും നിലനിർത്താൻ സാധിച്ചില്ല. പഴയപടി രാജവാഴ്ചയെ പുനഃസ്ഥാപിക്കുക എന്നത് അസാദ്ധ്യമായിത്തീർന്നു. പുതുതായുണ്ടായിതീർന്ന ഹിന്ദുരാജാക്കന്മാർ "ഫ്യൂഡലിസ്റ്റ്" മേധാവികളുടെ ആദ്യരൂപങ്ങൾ മാത്രമായിരുന്നു.

## 14 പ്രഭുക്കന്മാരും 'സെർഫുകളും'

അവ്യവസ്ഥയും കുഴപ്പവും പരക്കുന്നതുകണ്ടപ്പോൾ ജനങ്ങൾക്കു തങ്ങളുടെ സ്ഥിതി സുരക്ഷിതമാക്കിവെക്കുവാൻവേണ്ടി യുദ്ധകലയിൽ മിടുക്കും പ്രാപ്തിയുമുള്ള തലവന്മാരുടെ അധീനത സ്വീകരിക്കുവാൻ തയ്യാറായി. ഈ തലവന്മാർ കയ്യൂക്കുകൊണ്ടും മറ്റുപല ഉപയോങ്ങൾക്കൊണ്ടും ജനസാമാന്യങ്ങളുടെ രാജാക്കന്മാരുമായിത്തീർന്നു. രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും ഭരണാധികാരത്തിൻകീഴിൽ അനവധി ചെറുരാജ്യങ്ങളും എസ്റ്റേറ്റുകളും പൊന്തിവന്നു. സാമാന്യ ജനങ്ങൾ 'പ്രഭുക്കന്മാരുടെ' നിലങ്ങളിൽ കൃഷി ചെയ്തുവന്നു. അവരുടെ പ്രയത്നഫലം അനുഭവിക്കാൻ നിലത്തിന്റെ 'ഉടമസ്ഥന്മാരായ' പ്രഭുക്കന്മാർക്കാണവകാശം. നിലത്തിന്മേലുള്ള സ്വകാര്യ സ്വത്ത് ഉടമസ്ഥതയാണ് ഫ്യൂഡൽ സമ്പ്രദായ പ്രകാരമുള്ള ഉൽപ്പാദനത്തിന്റെ അടിസ്ഥാനം. ഈ പുതിയ സമുദായഘടനയിൽ മർദ്ദനവും ചൂഷണവും അവസാനിക്കുകയുണ്ടായില്ല. പഴയ മർദ്ദിതന്മാർ അടിമകളായിരുന്നുവെങ്കിൽ പുതിയ മർദ്ദിതന്മാർ 'സർഫുകൾ' എന്ന പേരിലാണറിയപ്പെട്ടത്. ഇതുമാത്രമേ വ്യത്യാസമുണ്ടായിരുന്നുള്ളു.

## 15 പട്ടണവും എസ്റ്റേറ്റും തമ്മിൽ ലഹള

പടിഞ്ഞാറൻ യൂറോപ്പിൽ ഈ ഫ്യൂഡൽ വ്യവസ്ഥയുൽഭവിച്ചത് ക്രിസ്ത്വാബ്ദം 400-ാമാണ്ടിനുശേഷമാണ്. മദ്ധ്യധരണ്യാഴി പ്രദേശങ്ങളും കിഴക്കൻകച്ചവടകേന്ദ്രമായിരുന്ന ബൈസാൻടിയയും തമ്മിൽ അക്കാലത്ത് ധാരാളം വ്യാപാരം നടന്നിരുന്നു. ഉപ്പ്, കുരുമുളക്, വാസനദ്രവ്യങ്ങൾ മുതലായവ നാട്ടുവാഴി പ്രഭുക്കന്മാർക്കാവശ്യമായിരുന്നു. അതായിരുന്നു മറുനാട്ടുകളുമായുള്ള കച്ചവടത്തിന്റെ അടിസ്ഥാനം. ക്രി. 900-ാമാണ്ടിനുശേഷം അടിമകളായ കൃഷിക്കാരെ ചൂഷണം ചെയ്തുകിട്ടിയ സ്വത്തു വർദ്ധിച്ചപ്പോൾ ബാക്കിയുള്ള വിളവെല്ലാം സൂക്ഷിച്ചുവെയ്ക്കാൻ എളുപ്പത്തിനുവേണ്ടി പണമാക്കി മാറ്റേണ്ടതായും വന്നു. അങ്ങിനെ നാട്ടുവാഴി പ്രഭുക്കന്മാർതന്നെ കച്ചവട ശാലകളേയും യന്ത്രശാലകളേയും പ്രോത്സാഹിപ്പിക്കാനൊരുങ്ങി. ക്രമത്തിൽ ക്രമത്തിൽ വ്യാപാര പ്രധാനങ്ങളായ പട്ടണങ്ങൾ വികസിച്ചുവരുവാൻ തുടങ്ങി. വ്യാപാര വ്യവസായങ്ങളിൽ അധികമധികം ആളുകൾ ഏർപ്പെട്ടുവാൻ തുടങ്ങി. അപ്പോൾ സ്വാഭാവികമായി പട്ടണവും എസ്റ്റേറ്റും തമ്മിൽ ഒരു ലഹളയാരംഭിച്ചു. ധാരാളം കച്ചവടക്കാരുണ്ടാവുകയും അവർ തമ്മിൽത്തമ്മിൽ മത്സരിക്കുകയും ചെയ്താൽ നാട്ടുവാഴി പ്രഭുക്കൾക്കു തങ്ങൾക്കാവശ്യമായ സാധനങ്ങൾ ലാഭത്തിൽ വാങ്ങാൻ സാധിക്കും. എന്നാൽ സാമാന്യ ജനങ്ങളെ അധഃപതിപ്പിക്കുന്നതുകൊണ്ട്, കൃഷിക്കാരെ ചൂഷണം ചെയ്ത് അവരിൽ നിന്ന് കഴിയുന്നേടത്തോളം ധനം പിഴിഞ്ഞെടുക്കുന്നതുകൊണ്ട് കച്ചവടത്തിനുവേണ്ടത്ര വികസിക്കാൻ സാധിക്കുന്നില്ല. ഭക്ഷണ സാമഗ്രികൾ ഉൾനാട്ടുകളിൽ നിന്ന് ഏറ്റവും ചുരുങ്ങിയ വിലയ്ക്കു കിട്ടുകയും തങ്ങളുണ്ടാക്കുന്ന കച്ചവട സാധനങ്ങൾ ഏറ്റവും കവിഞ്ഞ വിലയ്ക്കു വിൽക്കാൻ സാധിക്കുകയുമായിരുന്നു കച്ചവടക്കാരുടെ ഉദ്ദേശ്യം. കച്ചവടക്കാരനും നാട്ടുവാഴി

പ്രഭുവും തമ്മിലുള്ള ഈ പരസ്പരവിരുദ്ധതയെ വ്യവസായ വിപ്ലവം എന്തെന്നി ല്ലാതെ വർധിപ്പിച്ചു. ഒട്ടുവിൽ പഴയ സമുദായ ഘടനയിൽ പുതിയ വ്യവസായാഭിവൃ ദ്ധി ഒതുങ്ങില്ലെന്നായി. മർദ്ദിതരായ കൃഷിക്കാർക്കു സ്വാഭാവികമായി പട്ടണങ്ങളി ലേയ്ക്കൊരാകർഷണം തോന്നി. പക്ഷേ, അവരെ പുറത്തേക്കുവിടാതെ തങ്ങളുടെ കയ്പ്പിടിക്കുള്ളിൽത്തന്നെ വെച്ചുകൊണ്ടിരിക്കാനാണ് പ്രഭുക്കന്മാർ ആഗ്രഹിച്ചത്. അതിന്റെ ഫലമായി അനേകം കർഷക ലഹളകളുണ്ടായി. മർദ്ദിതനായ കൃഷിക്കാ രനും അഭിവൃദ്ധിയിലേക്കു പോകുന്ന കച്ചവടക്കാരനും തമ്മിൽ യോജിച്ചുകൊണ്ട് നാട്ടുവാഴി പ്രഭുവിന്റെ നേരെ യുദ്ധപ്രഖ്യാപനം ചെയ്തു. ഒരു വലിയ വിപ്ലവമുണ്ടായി. നാട്ടുവാഴി പ്രഭുത്വം തോറ്റു. മുതലാളിത്തത്തിന്റെ വികാസത്തെ തടുത്തുനിർത്തിയി രുന്ന എല്ലാ പിന്തിരിപ്പൻ ശക്തികളും ക്ഷയിച്ചു. മുതലാളിത്തം വിജയാഘോഷം മുഴക്കി.

## 16 മുതലാളിത്തത്തിന്റെ അടിസ്ഥാനം

ഭൂമി, ഖനി, ഫാക്ടറി മുതലായ ഉൽപാദന സാമഗ്രികളെല്ലാം വ്യക്തികളുടെ സ്വ കാര്യസ്വത്തായിരിക്കുകയും അവയിൽ പ്രവൃത്തിയെടുക്കുന്ന ഭൂരിപക്ഷക്കാരുടെ പ്രയത്നശക്തിയെ ഏറ്റവും ചുരുങ്ങിയ വിലയ്ക്കു വാങ്ങാൻ സാധിക്കുകയും ചെയ്യുന്ന സാമ്പത്തിക വ്യവസ്ഥയാണ് മുതലാളിത്തം. ലാഭമുണ്ടാക്കുക, പിന്നേയും ലാഭ മുണ്ടാക്കുക, ഇനിയും ലാഭമുണ്ടാക്കുക—ഈ ഒരൊറ്റ ആദർശത്തിന്മേലാണ് മുത ലാളിത്തം തിരിഞ്ഞുകൊണ്ടിരിക്കുന്നത്. ലാഭമുണ്ടാക്കാനുപകരിക്കാത്ത ഉൽപാ ദനങ്ങൾക്ക് മുതലാളിത്ത വ്യവസ്ഥയിൽ സ്ഥാനമില്ല. ലാഭമുണ്ടാക്കാൻ ഉതകുന്ന സാധനങ്ങൾ മാത്രമേ മുതലാളിത്ത വ്യവസ്ഥ നിർമ്മിക്കുകയുള്ളൂ. ഏതെങ്കിലു മൊരു സാധനം നിർമ്മിക്കണമൊ വേണ്ടയൊ, വേണമെങ്കിൽ എത്ര നിർമ്മി ക്കണം എന്നെല്ലാം നിജപ്പെടുത്തുന്നത് ആ സാധനത്തിൽ നിന്ന് എത്രത്തോളം ലാഭമുണ്ടാക്കാൻ സാധിക്കുമെന്ന് നോക്കിയിട്ടാണ്. ലാഭമുണ്ടാക്കണമെങ്കിൽ മറ്റു ള്ളവർ സാധനം വാങ്ങണം. അപ്പോൾ വാങ്ങുന്നവരുടെ പ്രചോദനം (Demand) അനുസരിച്ചായിരിക്കണം ഉൽപാദനം. അതുകൊണ്ടു മുതലാളിത്ത വ്യവസ്ഥ പ്ര ചോദനം അധികമുള്ള സാധനങ്ങൾ കൂടുതൽ കൂടുതൽ നിർമ്മിക്കുകയും പ്രചോ ദനം കുറയുന്ന സാധനങ്ങൾ കഴിയുന്നേടത്തോളം കുറച്ചുമാത്രം നിർമ്മിക്കുകയും ചെയ്യുന്നു. ജനങ്ങൾക്ക് അധികം ആവശ്യമുള്ള സാധനങ്ങളാണ് നിർമ്മിക്കുന്നത് എന്ന് ഒരു പക്ഷേ മുതലാളിത്ത വ്യവസ്ഥ അഭിമാനം കൊള്ളുന്നുണ്ടാവാം. ജന ങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് (പ്രചോദനമനുസരിച്ച്) സാധന നിർമ്മാണം ചെയ്യുന്ന മറ്റൊരു സാമ്പത്തിക വ്യവസ്ഥയുണ്ടാവാൻ വഴിയില്ലെന്നുകൂടി അത് വാദിക്കുന്നുണ്ടാവാം. പക്ഷേ, വാസ്തവം അതാണൊ? ജനങ്ങളുടെ ആവശ്യത്തിന നുസരിച്ചാണോ മുതലാളിത്ത വ്യവസ്ഥ സാധന നിർമ്മാണം ചെയ്യുന്നത്? എന്നു വെച്ചാൽ ഭൂരിപക്ഷക്കാരായ ജനസാമാന്യങ്ങൾക്കാവശ്യമായ, അത്യാവശ്യമായ, ഭക്ഷണം, വസ്ത്രം മുതലായവയാണൊ മുതലാളിത്ത വ്യവസ്ഥ അധികമായി ഉൽ പ്പാദിപ്പിക്കുന്നത്? ഒരിക്കലുമല്ല. ലാഭമുണ്ടാക്കാൻ സാധിക്കുന്ന സാധനങ്ങൾ ക്കെ മുതലാളിത്ത വ്യവസ്ഥയിൽ സ്ഥാനമുള്ളൂ. ജനങ്ങൾക്കാവശ്യമായ വസ്ത്രം, ഭക്ഷണം മുതലായവയുണ്ടാക്കുകയാണെങ്കിൽ അതെല്ലാം വാങ്ങുവാൻ ആളുകൾ വേണ്ടേ? ജീവിതത്തിനെ ഒരു വിധം 'ഉന്തിത്തള്ളുവാൻ' മാത്രമുള്ള കൂലി ലഭിക്കു ന്ന തൊഴിലാളികൾക്ക്—മുതലാളിത്തത്തിന്റെ ചവിട്ടുകളേറ്റ് പാപ്പരായിത്തീർന്ന ഇടത്തരക്കാർക്ക്—അതെല്ലാം വാങ്ങത്തക്ക പണമെവിടെ? അവർ വാങ്ങിയില്ലെ

ങ്കിൽ എങ്ങിനെയാണ് പണമുണ്ടാക്കുക? അപ്പോൾ എല്ലാ ജനങ്ങളുടേയും ആവശ്യം നോക്കിയല്ല പണക്കാരുടെ മടിശ്ശീല നോക്കിയാണ് മുതലാളിത്ത വ്യവസ്ഥ ഉൽപാദനം ചെയ്യുന്നത്. ഉൽപ്പാദന ശക്തിയുടെ എന്തൊരു ദുർവ്യയമാണിത്! പ്രയത്നശക്തിയുടെ എന്തൊരു ദുരുപയോഗമാണിത്!!

## 17 മുതലാളിത്തത്തിന്റെ അനന്തരഫലം

മുതലാളിത്ത വ്യവസ്ഥയിൽ മനുഷ്യന്റെ പ്രയത്ന ശക്തി മുഴുവൻ ഉപയോഗിക്കാൻ നിവൃത്തിയില്ലെന്ന് വരുന്നു. അതിന്റെ ഫലമായി തൊഴിലില്ലായ്മ വർദ്ധിക്കുന്നു. പണിയില്ലാതെ വെറുതെ കിടക്കുന്ന യന്ത്രങ്ങളുടെ മുമ്പിൽ ലക്ഷക്കണക്കിലുള്ള മനുഷ്യ പ്രാണികൾ പട്ടിണി കിടക്കുന്നു. വിറ്റഴിയാത്ത സാധനങ്ങൾ നിർദ്ദയം നശിപ്പിക്കപ്പെടുന്നു. വർദ്ധിച്ച ഉൽപാദന ശക്തികളെ ദുരുപയോഗം ചെയ്യുകയും പ്രവൃത്തിയെടുക്കുവാൻ കെൽപുള്ള കൈകളെ നിർജ്ജീവങ്ങളാക്കിത്തീർക്കുകയും, ഉത്സാഹികളും ബുദ്ധിശാലികളുമായ ജനങ്ങളെ തൊഴിലില്ലാത്തവരാക്കി പിച്ചയെടുപ്പിക്കുകയും ചെയ്യുന്ന ഈ ദുഷിച്ച സാമ്പത്തിക വ്യവസ്ഥ എല്ലാ വളർച്ചയേയും തടുത്ത് നിർത്തുന്നു. അപ്പോൾ മുതലാളിത്ത വ്യവസ്ഥയുടെ നാശം ചരിത്രത്തിന്റെ ഒഴിച്ചുകൂടാൻ വയ്യാത്ത ഒരാവശ്യമായിത്തീരുന്നു.

## 18 തൊഴിലാളി—ഒരു പുതിയ ശക്തി

മുതലാളിത്തത്തിന്റെ ജനനത്തോടൊപ്പം പുരോഗതിയിലേയ്ക്ക് കുതിക്കുന്ന മറ്റൊരു ശക്തിയും ജനിച്ചിട്ടുണ്ട്—തൊഴിലാളി, ജനനം മുതൽക്കുതന്നെ മുതലാളിയും തൊഴിലാളിയും തമ്മിൽ സംഘട്ടനങ്ങളാരംഭിക്കുന്നു. ഉൽപ്പാദിപ്പിക്കുവാൻ സമുദായം, അനുഭവിക്കുവാൻ വ്യക്തികൾ—ഈ പരസ്പര വൈരുദ്ധ്യം മുതലാളിയും തൊഴിലാളിയും തമ്മിലുള്ള സംഘട്ടനങ്ങൾക്ക് മൂർച്ചകൂട്ടുന്നു. ഒടുവിൽ തൊഴിലാളിവർഗ്ഗം അധഃപതനത്തിലാണ്ട് മറ്റെല്ലാ വർഗ്ഗക്കാരുടേയും സഹായത്തോടുകൂടി മുതലാളിത്ത വ്യവസ്ഥയെ തകിടം മറിക്കുകയും, മുതലാളിത്തത്തിന്റെ അധികാര ശക്തിയെ പിടിച്ചുപറ്റുകയും ഉൽപാദനത്തെയെന്നപോലെത്തന്നെ വിതരണത്തേയും പൊതുവുടമയിൽ കീഴിലാക്കി സ്വകാര്യ സ്വത്തില്ലാത്ത വർഗ്ഗവ്യത്യാസമില്ലാത്ത ഒരു നവ്യമായ സമുദായ ഘടനയുണ്ടാക്കാൻ ആരംഭിക്കുകയും ചെയ്യുന്നു.

## 19 മുതലാളിത്തം ഇന്ത്യയിൽ

ഇന്ത്യയിൽ ഫ്യൂഡലിസത്തിന്റെ സ്വേച്ഛാപ്രഭുത്വത്തെ നശിപ്പിച്ചത് ദേശീയമായ മുതലാളിത്തമല്ല, നേരെമറിച്ച്, വിദേശീയ ശക്തികളാണ്. യൂറോപ്യൻ കച്ചവടക്കാരൻ വന്നതിന്നു മുമ്പുതന്നെ ഇവിടെ മുതലാളിത്തപരമായ ഉൽപാദനത്തിന്റെ ആരംഭഘട്ടം ആവിർഭവിച്ചിട്ടുണ്ടായിരുന്നു. കൈവേലകൾ ഗ്രാമങ്ങളിൽ പരിമിതമായിക്കിടക്കുക എന്ന നിലവിട്ട് പട്ടണങ്ങളിൽ കേന്ദ്രീകരിക്കുവാൻ തുടങ്ങിയിരിക്കുന്നു. വിനിമയം വളർന്നു വരുന്നുണ്ടായിരുന്നു. അഭിവൃദ്ധിപ്പെട്ടുവന്ന കച്ചവടക്കാർ സമുദായത്തിലെ ഒരു പ്രധാന ശക്തിയായിക്കഴിഞ്ഞിരുന്നു. വിദേശീയ മുതലാളിയുടെ ആഗമനം ഇന്ത്യൻ സമുദായത്തിന്റെ സുഖകരമായ വികാസത്തിന് തടസ്സമായിത്തീർന്നു. ഇന്ത്യൻ മുതലാളിത്തത്തിന്റെ സ്വതന്ത്രമായ വളർച്ച തടയപ്പെട്ടു. ഏതായാലും ക്ഷയോന്മുഖമായ ഇന്ത്യൻ നാട്ടുവാഴി പ്രഭുത്വത്തിന്റെ സ്വേച്ഛാധികാര ശക്തിയെ തകിടം മറിക്കുവാൻ വിദേശ ശക്തികൾ മടിച്ചില്ല. 1857 ലെ സിപ്പായി

ലഹള വാസ്തവത്തിൽ, മരണശയ്യയിൽക്കിടക്കുന്ന ഇന്ത്യൻ നാട്ടുവാഴി പ്രഭുത്വത്തിന്റെ സ്വാതന്ത്ര്യത്തിനുള്ള അവസാന സമരമായിരുന്നു. വിദേശ ശക്തികളേർപ്പെടുത്തിയ പുതിയ ഭരണകൂടം മുതലാളിത്തപരമായ ചൂഷണത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതായിരുന്നു. എന്നാൽ തങ്ങളുടെ ശക്തിയെ ഉറപ്പിക്കുവാൻ വേണ്ടി ബ്രിട്ടീഷ് ഭരണാധികാരികൾ ആദ്യം തന്നെ ഫ്യൂഡലിസ്റ്റ് ശക്തികളുടെ അവശിഷ്ടങ്ങളിൽ നിന്ന് നികുതി പിരിക്കുക മുതലായ ചില അധികാരങ്ങളോടുകൂടിയ ഒരു പുതിയ ജന്മിസമ്പ്രദായം സൃഷ്ടിച്ചു. ഇങ്ങിനെ നാശോന്മുഖമായ ഫ്യൂഡലിസ്റ്റ് ശക്തികളുടെ കൂട്ടുപിടിച്ചുകൊണ്ടാണ് വിദേശീയ മുതലാളിത്തം ഇന്ത്യയിൽ നിലനിൽക്കുന്നത്.

## 20 ഇന്ത്യൻ സ്വാതന്ത്ര്യ സമരം

ഇന്ത്യൻ ജനസാമാന്യത്തിന്റെ മുഴുവൻ ഉൽപാദനങ്ങളും എത്രതന്നെ അപരിഷ്കൃതമായ സ്ഥിതിയിലാണെങ്കിൽകൂടി, വിനിമയത്തിന്ന് വേണ്ടിയാണ് ഉപയോഗിക്കപ്പെടുന്നത്. വിദേശീയ ശക്തികളുടെ ആഗമനത്തിന് മുമ്പ് അവ ദേശീയമാർക്കറ്റുകളിൽ മാത്രമെ ഉണ്ടായിരുന്നുള്ളു. എന്നാൽ ഇന്നവയ്ക്ക് മത്സരിച്ചുകൊണ്ടിരിക്കുന്ന ലോകമാർക്കറ്റിലും സ്ഥാനമുണ്ട്. അതുകൊണ്ടവ മുതലാളിത്ത വ്യവസ്ഥയെ അടിസ്ഥാനപ്പെടുത്തിയ ഉൽപാദനങ്ങളാണ്. പക്ഷേ, വളർച്ചയില്ലാത്ത മുതലാളിത്ത വ്യവസ്ഥയിലുള്ള വ്യാപാരം ഉൽപാദകന്മാരെ അധികമധികം ദരിദ്രന്മാരാക്കിത്തീർക്കുന്നു. ഈ സ്ഥിതി ഒരേസമയത്ത് കാർഷികോൽപാദനങ്ങളുടെ നവീകരണത്തേയും വ്യവസായങ്ങളുടെ വികാസത്തേയും തടസ്സപ്പെടുത്തുന്നു. ഫ്യൂഡലിസ്റ്റ് ശക്തികളുടെ പിൻബലത്തോടുകൂടി ഇന്ത്യൻ മുതലാളിത്തത്തിന്റെ സ്വതന്ത്രമായ വളർച്ചയെ ഇന്ന് ബ്രിട്ടീഷ് സാമ്രാജ്യശക്തി തടഞ്ഞു നിർത്തുന്നുണ്ട്. സാമ്രാജ്യാധികാരത്തേയും മർദ്ദക വർഗക്കാരായ ഫ്യൂഡലിസ്റ്റ് ശക്തികളേയും ഒരേസമയത്ത് മാത്രമെ നശിപ്പിക്കാൻ കഴിയുകയുള്ളു. അപ്പോഴും ദേശീയമായ മുതലാളിത്തത്തിന് സ്വതന്ത്രമായി വളരുവാൻ സാധിച്ചു എന്നുവരില്ല. എന്തുകൊണ്ടെന്നാൽ, കോളണികളിൽ സാമ്രാജ്യാധികാരത്തോടെതിരിടുന്ന ശക്തികളുടെ മുന്നണിയിൽ നിൽക്കുന്നത് തൊഴിലാളി വർഗമായിരിക്കും. തൊഴിലാളി വർഗം ദേശീയ സ്വാതന്ത്ര്യ സമരത്തിൽ ചെലുത്തുന്ന സ്വാധീന ശക്തി കൊളോണിയൽ ജനതയ്ക്ക് സോഷ്യലിസത്തിലേയ്ക്കുള്ള വഴികാട്ടിയായിരിക്കും.

ഈ സ്ഥിതിക്ക് രണ്ടു വിപ്ലവങ്ങളുണ്ടാകാനിടയുണ്ട്. മുതലാളിത്ത വിപ്ലവം മുഴമിക്കുന്നതിന് മുമ്പായിട്ടുതന്നെ തൊഴിലാളി വിപ്ലവത്തിന്നുള്ള ഒരുക്കങ്ങൾ തുടങ്ങിയിരിക്കുന്നു. അതുകൊണ്ട് പൂർണ സ്വാതന്ത്ര്യ സമരം സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ നാന്ദിമാത്രമായിരിക്കും. □

(1937, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1123 തുലാം, വിജയ പ്രിൻറിംഗ് ആൻറ് പബ്ലിഷിംഗ്, ഇരിഞ്ഞാലക്കുട)

## 2

# രണ്ടു ലോകങ്ങൾ

### I

"മുതലാളിത്ത വർഗത്തിന്റെ നാശവും തൊഴിലാളി വർഗത്തിന്റെ വിജയവും ഒരുപോലെ അനിവാര്യമാണ്". 1847 ലാണു മാർക്സും എംഗെൽസും തങ്ങളുടെ സുപ്രസിദ്ധമായ മാനിഫെസ്റ്റോവിൽ ഇങ്ങനെ പ്രഖ്യാപിച്ചത്.

മുതലാളിത്തം നശിക്കുമെന്ന്! ആരുമതു വിശ്വസിച്ചില്ല. മുതലാളിവർഗത്തിന്റെ ഏജൻറുമാരായ ബുദ്ധിജീവികൾ മാർക്സിനെ കിറുക്കനെന്നു വിളിച്ചു. മുതലാളിത്തത്തിന്റെ ഏറ്റവും വലിയ ചിന്തകന്മാർ മാർക്സിസത്തിന്റെ ശബ്ദം കേട്ടതായിത്തന്നെ നടിച്ചില്ല.

എങ്ങനെ നടിക്കും? സ്വന്തം ശക്തിയിൽ ആഹ്ലാദിച്ച മദിച്ചുപുളച്ചുകൊണ്ട് മുതലാളിത്തം വളരുകയും ശക്തിപ്പെട്ടുകയും ചെയ്തു കൊണ്ടിരുന്ന ഒരു കാലമായിരുന്നു അത്. വളരുകയും ശക്തിപ്പെട്ടുകയും ചെയ്യുന്ന മുതലാളിത്തം തളരുകയും തകരുകയും ചെയ്യുമെന്നു വിശ്വസിക്കുന്നതെങ്ങനെയാണ്?

പക്ഷേ, മുതലാളിത്തത്തിന്റെ ചിന്തകന്മാർ ആശിച്ചതുപോലെയല്ല, മാർക്സും ഏംഗൽസും ചൂണ്ടിക്കാണിച്ച വഴിക്കാണ്, ലോകം മുന്നേറിയത്. ഏഴു ദശാബ്ദങ്ങൾക്കുശേഷം, 1917-ൽ, ഭൂമുഖത്തിന്റെ ആറിലൊരു ഭാഗത്തു നിന്ന് മുതലാളിത്തം തുടച്ചുനീക്കപ്പെട്ടു. തൊഴിലാളി വർഗത്തിന്റെ നേതൃത്വത്തിൽ ജന്മിയും മുതലാളിയുമില്ലാത്ത പുതിയൊരു സാമൂഹ്യവ്യവസ്ഥ-സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥ-ഉയർന്നുവന്നു. അങ്ങനെ 17 കോടി ജനങ്ങളെ സംബന്ധിച്ചിടത്തോളമെങ്കിലും മുതലാളിത്തത്തിന്റെ നാശവും തൊഴിലാളി വർഗത്തിന്റെ വിജയവും അനിവാര്യമായിത്തീർന്നു.

പരസ്പര വിരുദ്ധമായ രണ്ടു സാമൂഹ്യ വ്യവസ്ഥകൾ! രണ്ടു ലോകങ്ങൾ! ഒരു ഭാഗത്ത് മുതലാളിത്തലോകം.

- സോഷ്യലിസ്റ്റ് സോവിയറ്റ് യൂണിയൻ മറുഭാഗത്ത് സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ മുതലാളിത്തത്തിന്റെ അധികാരശക്തി തട്ടിത്തകർത്തുകൊണ്ട് തൊഴിലാളി വർഗം സ്വന്തം ഭരണാധികാരം സ്ഥാപിച്ചിരിക്കുന്നു. മുതലാളിത്ത വ്യവസ്ഥയിൽ ഭരണാധികാരം മുതലാളികളുടെ കയ്യിലാണ്.

- സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ നിലവും ഫാക്ടറിയും കമ്പനിയും ബാങ്കും മറ്റുൽപാദനോപകരണങ്ങളും തൊഴിലാളികളുടെയും കൃഷിക്കാരുടെയും കയ്യിലാണ്; മുതലാളിത്ത വ്യവസ്ഥയിൽ ഉൽപാദനോപകരണങ്ങളെല്ലാം ചൂഷകവർഗക്കാരുടെ സ്വകാര്യസ്വത്തുക്കളാണ്.
- സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ ഉൽപാദനം നടത്തുന്നത് മുതലാളികളുടെ ലാഭത്തിന് വേണ്ടിയല്ല. അധ്വാനിക്കുന്ന ജനങ്ങളുടെ ഭൗതികവും സാംസ്കാരികവുമായ ജീവിതം അഭിവൃദ്ധിപ്പെടുത്താനാണ്: മുതലാളിത്ത വ്യവസ്ഥയിൽ ഉൽപാദനം നടത്തുന്നത് ജനങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടിയല്ല, മുതലാളികൾക്ക് അങ്ങേയറ്റം ലാഭമുണ്ടാക്കാൻ വേണ്ടിയാണ്.
- സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ ചൂഷകവർഗക്കാരെ കൂടുതൽ വലിയ ധനികരാക്കുന്നതിനുവേണ്ടിയല്ല; ജനങ്ങളുടെ ജീവിത നിലവാരമുയർത്താൻ വേണ്ടിയാണ്, ദേശീയവരുമാനം പങ്കിടപ്പെടുന്നത്: മുതലാളിത്ത വ്യവസ്ഥയിൽ ദേശീയവരുമാനം ജനങ്ങളുടെ പുരോഗതിക്കു വേണ്ടിയല്ല, മുതലാളികളുടെ പരമാവധി ലാഭത്തിനുവേണ്ടിയാണ് പങ്കിടപ്പെടുന്നത്.
- സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ ഉൽപാദനാഭിവൃദ്ധിയോടൊപ്പം ജനങ്ങളുടെ ക്രയശക്തിയും വളരുന്നതുകൊണ്ട് സാമ്പത്തികക്കുഴപ്പവും തൊഴിലില്ലായ്മയുമില്ല; മുതലാളിത്ത വ്യവസ്ഥയിൽ ഉൽപാദന വർധനവോടൊപ്പം തൊഴിലാളികളുടെ ക്രയശക്തി കുറഞ്ഞു കുറഞ്ഞു വരുന്നതുകൊണ്ട് സാമ്പത്തികക്കുഴപ്പവും തൊഴിലില്ലായ്മയും അനിവാര്യമായിത്തീരുന്നു.
- സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ തൊഴിലാളി വർഗം തങ്ങൾക്കുവേണ്ടിതന്നെ പണിയെടുക്കുന്നു; മുതലാളിത്തവ്യവസ്ഥയിൽ മർദ്ദിതരായ തൊഴിലാളിവർഗം ചൂഷകവർഗക്കാർക്കു വേണ്ടി അദ്ധ്വാനിക്കുന്നു.
- സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ അധികാരത്തിലിരിക്കുന്ന തൊഴിലാളിവർഗത്തിന് പണിമുടക്കമോ സമരങ്ങളോ നടത്തേണ്ട യാതൊരാവശ്യവുമില്ല; മുതലാളിത്തവ്യവസ്ഥയിൽ മുതലാളിത്തത്തിന്നെതിരായ പണിമുടക്കങ്ങളും സമരങ്ങളും അനിവാര്യമായിത്തീരുന്നു.

ഒരു ഭാഗത്ത് സാർവത്രികവും സർവതോന്മുഖവുമായ അഭിവൃദ്ധി; മറുഭാഗത്ത് അധഃപതനം, കുഴപ്പം, തൊഴിലില്ലായ്മ, പട്ടിണി, കഷ്ടപ്പാട്!

## II

പുതിയ സാമൂഹ്യവ്യവസ്ഥ റഷ്യയിലാണടലെടുത്തത്. പക്ഷേ, അതു സാർവദേശീയമായ പ്രത്യാഘാതങ്ങളുളവാക്കി. ലോകത്തിലൊട്ടുക്കും ഉറങ്ങിക്കിടന്നിരുന്ന എല്ലാ ജനാഭിലാഷങ്ങളേയും അതു തട്ടിയുണർത്തി. മർദ്ദനവും ചൂഷണവുമില്ലാത്ത ഒരു പുതിയ ജീവിതത്തിനു വേണ്ടിയുള്ള വെമ്പലുകളെ എല്ലായിടത്തും അതു ആളിക്കത്തിച്ചു. ലോകത്തിന്റെ ആറിലൊരു ഭാഗത്തുനിന്നു മർദ്ദനങ്ങളേയും ചൂഷണങ്ങളേയും എന്നെന്നേക്കുമായി പിഴുതെറിഞ്ഞ റഷ്യൻ വിപ്ലവം, വാസ്തവത്തിൽ, ലോകമുതലാളിത്തത്തിന്റെ തന്നെ മരണമണിയടിക്കാറായി എന്നതിന്റെ ഒരു മുന്നറിയിപ്പായിരുന്നു. ലെനിൻ പ്രഖ്യാപിച്ചു:

> “നമുക്ക് അഭിമാനം കൊള്ളാനും സന്തുഷ്ടരാവാനും അവകാശമുണ്ട്. എന്തുകൊണ്ടെന്നാൽ ഭൂമിയെ ചോരയിൽ മുക്കുകയും മനുഷ്യ സമുദായത്തെ പട്ടിണിയിലും കാടത്തത്തിലിമിട്ടു ഞെരുക്കുകയും ചെയ്ത മുതലാളിത്തമെന്ന കാട്ടുമൃഗത്തെ ആദ്യമായി ലോകത്തിന്റെ ഒരു ഭാഗത്തു നമ്മളാണു കീഴടക്കിയത്. ആ കാട്ടുമൃഗത്തിന്റെ മരണക്കളിയുടെ മൃഗീയതകൾ എത്രതന്നെ അതിരുകവിഞ്ഞതായിക്കൊള്ളട്ടെ, അതുനാശമടയുന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.” (ലെനിൻ, വാല്യം 27 പേജ് 460)

ലോകത്തിലൊട്ടുക്കും മുതലാളിത്തം നശിക്കാൻ പോവുകയാണെന്ന്! പലരും അതു വിശ്വസിച്ചില്ല. മുതലാളിത്തത്തിന്റെ ഏറാൻമൂളികൾ മാർക്സിസം ഒരു റഷ്യൻ ചരക്കാണെന്നും മറ്റു രാജ്യങ്ങളിൽ അതു പ്രായോഗികമല്ലെന്നും തെളിയിക്കാൻ പുസ്തകങ്ങളെഴുതിത്തള്ളി. എന്നല്ല, റഷ്യയിൽത്തന്നെ തൊഴിലാളിവർഗത്തിന്റെ വിജയം താൽക്കാലികമാണെന്ന് അവർ പ്രവചിച്ചു. സാറും സാറിനെയും മുതലാളിയും ജന്മിയും ക്രെംലിനിൽ വീണ്ടും ഉയിർത്തെഴുന്നേൽക്കുന്ന ദിവസത്തെപ്പറ്റി അവർ മധുരസ്വപ്നം കണ്ടു.

പക്ഷേ, മുതലാളിത്തത്തിന്റെ ചിന്തകന്മാർ ആശിച്ച വഴിക്കല്ല, ലെനിൻ ചൂണ്ടിക്കാണിച്ച വഴിക്കാണ് ലോകം നീങ്ങിയത്. പഴയ സാമൂഹ്യ വ്യവസ്ഥ കൂടുതൽ കൂടുതൽ ക്ഷീണിക്കാനും ക്ഷയിക്കാനും തുടങ്ങി. പുതിയ സാമൂഹ്യവ്യവസ്ഥ അനുദിനം ശക്തിപ്പെടാൻ തുടങ്ങി. പഴയ സാമൂഹ്യ വ്യവസ്ഥ ക്ഷയിക്കും തോറും പുതിയ സാമൂഹ്യവ്യവസ്ഥയുടെ സ്വാധീനം വർധിച്ചുകൊണ്ടുവന്നു.

1929-ൽ പഴയ വ്യവസ്ഥയിൽ സാമ്പത്തികക്കുഴപ്പം, വിലയിടിവ്, തൊഴിലില്ലായ്മ. പുതിയ വ്യവസ്ഥയിൽ തൊഴിലില്ലായ്മയെ എന്നെന്നേയ്ക്കുമായി അവസാനിപ്പിച്ചുകൊണ്ടുള്ള ഒന്നാം പഞ്ചവത്സര പദ്ധതിയുടെ വിജയകരമായ മുന്നേറ്റം.

മുതലാളിത്തത്തെ പിടികൂടിയ കുഴപ്പത്തേയും അതിൻഫലമായി ലോകത്തിലൊട്ടുക്കും മൂർച്ഛിക്കാൻ തുടങ്ങിയ വൈരുദ്ധ്യങ്ങളേയും, മാർക്സിസം ലെനിനിസത്തിന്റെ വെളിച്ചത്തിൽ വിശകലനം ചെയ്തുകൊണ്ട്, 1930-ൽ സഖാവ് സ്റ്റാലിൻ പ്രവചിച്ചു:

> “ഈ വസ്തുതകളെല്ലാം ചൂണ്ടിക്കാണിക്കുന്നതെന്താണ്?”

മുതലാളിത്തത്തിന്റെ സ്ഥിരീകരണം അവസാനിക്കാൻ പോവുകയാണെന്ന്;

ബഹുജന വിപ്ലവപ്രസ്ഥാനത്തിന്റെ മുന്നേറ്റം കൂടുതൽ ഊർജ്ജസ്വലതയോടെ ശക്തിപ്പെടുമെന്ന്;

പല രാജ്യങ്ങളിലും ലോകസാമ്പത്തികക്കുഴപ്പം ഒരു രാഷ്ട്രീയക്കുഴപ്പമായി വളരുമെന്ന്.

ഇതിന്റെ അർഥം ഒന്നാമതായി, ആഭ്യന്തര രംഗത്തിൽ കൂടുതൽ ഉഗ്രമായ ഫാഷിസ്റ്റ് നയം കൈക്കൊണ്ടുകൊണ്ടും അതിനായി സോഷ്യൽ ഡിമോക്രസിയുൾപ്പെടെയുള്ള എല്ലാ പിന്തിരിപ്പൻ ശക്തികളേയും ഉപയോഗപ്പെടുത്തിക്കൊണ്ടും മുതലാളിവർഗം ഈ സ്ഥിതിയിൽ നിന്നു രക്ഷപ്പെടാൻ ശ്രമിക്കുമെന്നാണ്.

രണ്ടാമതായി, വിദേശനയത്തിന്റെ രംഗത്തിൽ മുതലാളിവർഗം പുതിയൊരു സാമ്രാജ്യ യുദ്ധത്തിലൂടെ ഒരു രക്ഷാമാർഗം തേടുമെന്നാണ്.

അവസാനമായി, മുതലാളിത്ത ചൂഷണത്തെയും യുദ്ധഭീഷണിയെയും എതിർത്തുകൊണ്ട് തൊഴിലാളിവർഗം വിപ്ലവത്തിലൂടെ സ്വന്തം രക്ഷാമാർഗം തേടുമെ

ന്നാണ്" (സ്റ്റാലിൻ, സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 16-ാം കോൺഗ്രസിലെ റിപ്പോർട്ട്).

അടുത്ത ഭാവിയിൽ എന്തെല്ലാമാണ് സംഭവിക്കാൻ പോകുന്നതെന്നതിനെക്കുറിച്ചുള്ള ധീരമായ ഒരു പ്രവചനമായിരുന്നു ഇത്. പക്ഷേ, പലരും ഇതു വിശ്വസിക്കാൻ കൂട്ടാക്കിയില്ല, മുതലാളിത്തത്തിന്റെ ചിന്തകന്മാർ സ്റ്റാലിന്റെ സ്വേച്ഛാധിപത്യത്തെപ്പറ്റി പുസ്തകങ്ങളും ലേഖനങ്ങളുമെഴുതിത്തള്ളി. സോവിയറ്റ് യൂണിയനെതിരായി ചന്ദ്രഹാസമിളക്കിക്കൊണ്ട് മുതലാളിത്തമല്ല, സോഷ്യലിസമാണ്, തകരുക എന്ന് അവരുറപ്പിച്ചു പറഞ്ഞു.

പക്ഷേ, മുതലാളികളും അവരുടെ ഏജൻറുമാരും ആശിച്ചതുപോലെയല്ല, സ്റ്റാലിൻ ചൂണ്ടിക്കാണിച്ചതുപോലെയാണ് ലോകം നീങ്ങിയത്. മാർക്സിസത്തിന്റെ പ്രവചനം സത്യത്തിലുറച്ചതാണെന്ന് ചരിത്രം തെളിയിച്ചു. ഹിറ്റ്ലറുടെ അരങ്ങേറ്റം, ഇറ്റലി-ജാപ്പ്-ജർമൻ ഫാസിസ്റ്റ് രാഷ്ട്രങ്ങളുടെ കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി, യുദ്ധത്തിനുള്ള ഒരുക്കങ്ങൾ, മ്യൂണിക്, ഒടുവിൽ രണ്ടാം ലോകമഹായുദ്ധം!

യുദ്ധത്തിന്റെ ഗതിതന്നെയും മുതലാളികൾ ആശിച്ചപോലെയായില്ല. ലോക മുതലാളിത്തത്തിന്റെ ഏറ്റവും ക്രൂരവും ഏറ്റവും ബീഭൽസവുമായ മുന്നണിപടക്കെതിരായി ബ്രിട്ടൻ, ഫ്രാൻസ്, അമേരിക്ക മുതലായ വൻകിട മുതലാളിത്തരാജ്യങ്ങൾ സോവിയറ്റ് യൂണിയനുമായി കൂട്ടുകൂടേണ്ടി വന്നു.

സ്റ്റാലിൻ ഗ്രാഡ്! മുതലാളിത്തത്തിന്റെ വാടകയെഴുത്തുകാർ പ്രവചിച്ചു: എല്ലാം കഴിഞ്ഞു! സോവിയറ്റ് യൂണിയന്റെ കഥകഴിഞ്ഞു!

പക്ഷേ, മുതലാളികളും അവരുടെ ഏജൻറുമാരും പറഞ്ഞമാതിരിയല്ല, ലെനിനും സ്റ്റാലിനും ചൂണ്ടിക്കാണിച്ചതുപോലെയാണ് ലോകം മുന്നേറിയത്.

## III

രണ്ടാം ലോകമഹായുദ്ധം മുതലാളിത്തത്തിന്റെ പൊതുകുഴപ്പത്തെ മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്തവിധം മൂർച്ഛിപ്പിച്ചു. അതിന്റെ പ്രത്യാഘാതങ്ങൾ ലോകത്തിലൊട്ടുക്കും വൻപിച്ച പരിവർത്തനങ്ങളുളവാക്കി.

രണ്ടാം ലോകമഹായുദ്ധത്തിനു മുമ്പ് ഒരു രാജ്യം മാത്രമാണ് സോഷ്യലിസം കെട്ടിപ്പടുത്തുകൊണ്ട് നിലനിന്നിരുന്നത്. രണ്ടാം ലോകമഹായുദ്ധകാലത്തെ സംഭവ വികാസങ്ങളുടെ ഫലമായി ചെക്കോസ്ലോവാക്കിയ, പോളണ്ട്, ഹങ്കറി, റുമേനിയ, ബൾഗേറിയ, അൽബേനിയ, കിഴക്കൻ ജർമ്മനി, ചൈന, കൊറിയ, മങ്കോളിയ, വിയറ്റ്നാം എന്നിങ്ങനെ പതിനൊന്നു രാജ്യങ്ങൾകൂടി മുതലാളിത്തവലയത്തെ ഭേദിച്ചു പുറത്തുകടന്നു.

യൂറോപ്പിന്റെയും ഏഷ്യയുടെയും പടങ്ങൾ മാറ്റി വരയ്ക്കപ്പെട്ടു.

മൊളട്ടോവ് വിവരിക്കുന്നു:

> "ഇന്നത്തെ യൂറോപ്പ് യുദ്ധത്തിനു മുമ്പുണ്ടായിരുന്ന യൂറോപ്പിനെപ്പോലെയാണോ? കഴിഞ്ഞ ലോകമഹായുദ്ധത്തിന്റെ ഫലമായി അവിടെ സംഭവിച്ച വൻപിച്ച പരിവർത്തനങ്ങൾ നമുക്കവഗണിക്കാൻ സാദ്ധ്യമാണോ? സോവിയറ്റ് യൂണിയനോടൊപ്പം മറ്റു പല രാജ്യങ്ങളും മുതലാളിത്തത്തിന്റെ പാതയുപേക്ഷിച്ചുകൊണ്ട് സോഷ്യലിസ്റ്റ് പുരോഗതിയിലേക്കും പുനരുദ്ധാനത്തിലേക്കും ദൃഢചിത്തതയോടെ തിരിഞ്ഞു കഴിഞ്ഞിട്ടുണ്ടെന്നും ഈ രാജ്യങ്ങളിൽ ഒന്നുപോലും പിൻതിരിയുവാനോ മുതലാളിത്തത്തിലേക്ക് തിരിച്ചുപോവാനോ ആഗ്രഹിക്കുന്നില്ലെന്നും, വസ്തു നിഷ്ഠമായി

> നിഷ്പക്ഷ ബുദ്ധിയോടെ കാര്യകാര്യ വിവേചനം ചെയ്യുവാൻ കഴിയുന്ന ഏതൊരാൾക്കും വ്യക്തമല്ലേ? സമൂർത്തമായ വസ്തുതകളും കണക്കുകളും പരിശോധിക്കുന്നതായാൽ ഏതാണ്ട് 60 കോടിയോളം വരുന്ന യൂറോപ്പിലെ ആകെ ജനങ്ങളുടെ പകുതിയോളം, അതായത് 30 കോടിയോളം ജനങ്ങൾ, സോഷ്യലിസത്തിന്റെയും ജനാധിപത്യത്തിന്റെയും ചേരിയിലേക്ക് നീങ്ങിക്കഴിഞ്ഞുവെന്നു തെളിയുന്നതാണ്. ഇതിന്റെ അർത്ഥം യുദ്ധത്തിനു മുമ്പുണ്ടായിരുന്ന യൂറോപ്പിൽ നിന്നും വളരെ വിഭിന്നമായ ഒരു യൂറോപ്പാണ് നമ്മുടെ മുമ്പാകെയുള്ളത് എന്നാണ്."

ഏഷ്യയുടെ സ്ഥിതിയോ? മൊളട്ടോവ് തുടരുന്നു:

> "ഏഷ്യയിലെ ആകെ ജനസംഖ്യ സുമാർ 140 കോടിയാണ്. ലോകത്തിലെ ആകെ ജനസംഖ്യയുടെ പകുതിയിലധികമാണിത്. ഇന്ന് ഏഷ്യയിലെ ജനങ്ങളിൽ പകുതിയിൽ സ്വൽപ്പം കുറവുവരുന്ന ജനത മുതലാളിത്തച്ചേരിയുപേക്ഷിച്ച് ജനകീയജനാധിപത്യ രാജ്യങ്ങളെ, സോഷ്യലിസം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യം സ്വീകരിച്ച രാജ്യങ്ങളെ, അധിവസിക്കുന്നവരാണ്."

ഒട്ടാകെ 90 കോടിയിലധികം ജനങ്ങൾ സാമ്രാജ്യത്വത്തിന്റെ നുകം പൊട്ടിച്ചെറിഞ്ഞ് സോഷ്യലിസത്തിന്റെയും ജനാധിപത്യത്തിന്റെയും ചേരിയിൽ അണിനിരന്നു കഴിഞ്ഞിരിക്കുന്നു.

ഇങ്ങനെ ലോകമാകെ പരസ്പര വിരുദ്ധങ്ങളായ സാമൂഹ്യവ്യവസ്ഥകളോടുകൂടിയ രണ്ടു വ്യത്യസ്തചേരികളായി പിളർന്നു കഴിഞ്ഞിരിക്കുകയാണ്. ഒരു ഭാഗത്ത് സാമ്രാജ്യത്വത്തിന്റെയും മർദ്ദനത്തിന്റെയും ചേരി; മറുഭാഗത്ത് സോഷ്യലിസത്തിന്റെയും ജനാധിപത്യത്തിന്റെയും ചേരി. ഇതാണ് മുതലാളിത്തത്തിന്റെ പൊതുകുഴപ്പം. രണ്ടാംഘട്ടത്തിലേക്കു പ്രവേശിച്ചുവെന്നു പറയുന്നതിന്റെ അർത്ഥം.

## III

1927-ൽ തന്നെ, ഒരമേരിക്കൻ തൊഴിലാളി പ്രതിനിധി സംഘത്തിന്റെ ചോദ്യങ്ങൾക്കു മറുപടിയായി സഖാവ് സ്റ്റാലിൻ ചൂണ്ടിക്കാണിക്കുകയുണ്ടായി:

> "സാർവദേശീയ വിപ്ലവത്തിന്റെയും സാർവദേശീയ പിന്തിരിപ്പൻ ശക്തികളുടെ പ്രവർത്തനങ്ങളുടേയും ഗതിക്രമം കൂടുതൽ മുന്നോട്ടുപോകുമ്പോൾ രണ്ടു സാർവലൗകിക കേന്ദ്രങ്ങൾ രൂപവൽക്കരിക്കപ്പെടും: സോഷ്യലിസത്തിലേയ്ക്കു ചായുന്ന രാജ്യങ്ങളെയെല്ലാമാകർഷിക്കുന്ന സോഷ്യലിസ്റ്റ് കേന്ദ്രവും, മുതലാളിത്തത്തിലേയ്ക്കു ചായ്വുള്ള മുതലാളിത്ത കേന്ദ്രവും. ഈ രണ്ടു ചേരികളും തമ്മിലുള്ള സമരമാണ് ലോകത്തിലൊട്ടുക്കും മുതാലളിത്തത്തിന്റെയും സോഷ്യലിസത്തിന്റെയും വിധി നിർണയിക്കുക." (സ്റ്റാലിൻ, വാള്യം 10 പേജ് 140)

സഖാവ് സ്റ്റാലിന്റെ ദീർഘദർശനം എത്ര ശരിയായിരുന്നുവെന്ന് രണ്ടാം ലോകമഹാ യുദ്ധത്തെത്തുടർന്നുണ്ടായ സംഭവ വികാസങ്ങൾ തെളിയിക്കുന്നു.

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം രണ്ടു സാമൂഹ്യവ്യവസ്ഥകൾ തമ്മിലുള്ള സമരം മുഴുവൻ ലോകത്തെയുമുൾക്കൊള്ളുന്ന രണ്ടു ചേരികൾ തമ്മിലുള്ള സമരമായി രൂപാന്തരപ്പെട്ടു. മൊളട്ടോവ് പറയുന്നു:

"രണ്ടാം ലോകമഹായുദ്ധം ലോകമുതലാളിത്ത വ്യവസ്ഥയുടെ കുഴപ്പത്തിന് ആഴം കൂട്ടുന്നതിലേയ്ക്കു വഴിതെളിയിച്ചു. ലോകമുതലാളിത്തച്ചേരിയോടു തൊട്ടുതന്നെ ഒരു പുതിയ സാർവദേശീയച്ചേരി, ഒരു ജനാധിപത്യച്ചേരി, രൂപവൽക്കരി

ക്കപ്പെട്ടതിൽ ഇത് പ്രതിഫലിച്ചു കണ്ടു. ഈ ജനാധിപത്യച്ചേരി യു എസ് എസ് ആറിന്റെ നേതൃത്വത്തിൽ സോഷ്യലിസം കെട്ടിപ്പടുക്കാനുള്ള പാതയിലേക്കു കടന്നിരിക്കുന്നു. ചിലർക്ക് ഇഷ്ടപ്പെട്ടാലും ശരി, ഇല്ലെങ്കിലും ശരി, ഇത് നേരാണ്."

ഒരൊറ്റ ലോകമുതലാളിത്തച്ചേരി മാത്രമുണ്ടായിരുന്നേടത്ത് രണ്ടുചേരികൾ—മുതലാളിത്തച്ചേരിയും ഒരു സോഷ്യലിസ്റ്റ് ചേരിയും—പ്രത്യക്ഷപ്പെട്ടുവെന്നതാണ് രണ്ടാം ലോകമഹായുദ്ധത്തിനുശേഷം മനുഷ്യസമുദായത്തിന്റെ ചരിത്രത്തിന്റെ ഗതിയെ നിർണയിച്ച ഏറ്റവും പ്രധാനമായ ഘടകം.

ജനങ്ങളുടെ കൂടിക്കൂടി വരുന്ന ഭൗതികവും സാംസ്കാരികവുമായ എല്ലാ ആവശ്യങ്ങളെയും പരമാവധി തൃപ്തിപ്പെടുത്തുക എന്ന അടിസ്ഥാനത്തിൽ ഉൽപാദനം നടത്തുന്ന സോഷ്യലിസ്റ്റ് ചേരി അനുദിനം ശക്തിപ്പെട്ടുകൊണ്ട് സോഷ്യലിസത്തിലേക്കും മുന്നേറുന്നു. കുത്തകമുതലാളികളുടെ പരമാവധിലാഭത്തിനു വേണ്ടി ഉൽപാദനം നടത്തുന്ന മുതലാളിത്തച്ചേരി ക്ഷയിച്ചു ക്ഷയിച്ചു തകർച്ചയിലേക്കും നാശത്തിലേക്കും നീങ്ങുന്നു.

സോഷ്യലിസ്റ്റ് ചേരിയിലെ രാജ്യങ്ങൾ സോഷ്യലിസത്തിലേക്കും കമ്മ്യൂണിസത്തിലേക്കും മുന്നേറിക്കൊണ്ടിരിക്കുമ്പോൾ, മുതലാളിത്തച്ചേരിയിലെ രാജ്യങ്ങളിൽ അരാജകത്വവും അധഃപതനവും മത്സരവും ചൂഷണവും നടമാടുന്നു. ഉൽപാദന വ്യവസ്ഥയിലുണ്ടായ മാറ്റങ്ങൾ പരിശോധിച്ചാൽ ഇതു വ്യക്തമാവും.

ഹിറ്റ്ലറുടെ ആക്രമണം കൊണ്ടു ഏറ്റവുമധികം നാശനഷ്ടങ്ങളനുഭവിച്ച ഒരു രാജ്യമാണ് സോവിയറ്റ് യൂണിയൻ. ഏറ്റവും കുറച്ചു നാശനഷ്ടങ്ങളനുഭവിച്ച രാജ്യമാണ് അമേരിക്ക. പക്ഷേ, രണ്ടു രാജ്യങ്ങളുടേയും അഭിവൃദ്ധിയുടെ തോത് എത്ര വ്യത്യസ്തമാണെന്നു നോക്കുക.

1929 ലെ സ്ഥിതിയുമായി താരതമ്യപ്പെടുത്തുമ്പോൾ 1952-ൽ സോവിയറ്റ് യൂണിയന്റെ വ്യാവസായികോൽപാദനം 13 ഇരട്ടിയാണ്. അമേരിക്കയുടേത് രണ്ടിരട്ടി മാത്രമാണ്.

1946 നും 1951 നും മിടയിലുള്ള 5 കൊല്ലത്തിനിടയിൽ സോവിയറ്റു യൂണിയന്റെ ഉൽപാദനം 170 ശതമാനം വർദ്ധിച്ചു. അമേരിക്കയുടേത് 30 ശതമാനം മാത്രമാണ് വർദ്ധിച്ചത്.

1913 ലെ സ്ഥിതിയുമായി താരതമ്യപ്പെടുത്തുമ്പോൾ 1945-ൽ സോവിയറ്റു യൂണിയനിലെ വൻകിട വ്യവസായശാലകളിലെ ഉൽപാദനം 85 ഇരട്ടിയാണ്; ഉൽപാദനോപകരണങ്ങളുടെ ഉൽപാദനം 60 ഇരട്ടിയാണ്; വിദ്യുത്ച്ഛക്തിയുടെ ഉൽപാദനം 75 ഇരട്ടിയാണ്; യന്ത്ര നിർമാണ വ്യവസായങ്ങളുടെ ഉൽപാദനം 160 ഇരട്ടിയാണ്.

ജനകീയ ജനാധിപത്യ രാജ്യങ്ങളിലും ഇതുപോലെ ഗണ്യമായ അഭിവൃദ്ധിയുണ്ടായിട്ടുണ്ട്.

യുദ്ധത്തിനുമുമ്പ് ഇന്നത്തെ ജനകീയ ജനാധിപത്യ രാജ്യങ്ങളിലെല്ലാം ദേശീയ വരുമാനത്തിന്റെ ഏറ്റവും പ്രധാനമായ ഭാഗം ജന്മികളും കുലാക്കുകളും മുതലാളിമാരും ബാങ്കർമാരുമാണ് തട്ടിയെടുത്തിരുന്നത്. ഇന്നാകട്ടെ, ചൂഷകവർഗങ്ങളില്ലാത്തതുകൊണ്ട് ദേശീയവരുമാനം മുഴുവനും ജനങ്ങൾക്കു തന്നെ ലഭിക്കുന്നു.

സോഷ്യലിസത്തിന്റെ മേന്മയെയാണിത് കാണിക്കുന്നത്.

രണ്ടാം ലോകമഹായുദ്ധത്തിനുമുമ്പ് കിഴക്കൻ യൂറോപ്പിലെയും മദ്ധ്യയൂറോപ്പിലെയും രാജ്യങ്ങൾ മർദ്ദനത്തിൻറേയും ചൂഷണത്തിൻറേയും കേളീ രംഗങ്ങളായിരുന്നു. ജന്മികളും മുതലാളികളുമാണ് സാമ്പത്തിക വ്യവസ്ഥയെ നിയന്ത്രിച്ചിരുന്നത്.

ഉദാഹരണത്തിന് പോളണ്ടിൽ 87.1 ശതമാനം കുടുംബങ്ങൾക്ക് 31.8 ശതമാനം ഭൂമി മാത്രമേയുണ്ടായിരുന്നുള്ളു. അതേസമയത്ത് 0.9 ശതമാനം വരുന്ന വൻകിട എസ്റ്റേറ്റുടമകൾ ആകെ ഭൂമിയുടെ 47.3 ശതമാനം കയ്യടക്കിവെച്ചിരുന്നു. റുമേനിയയിൽ 97.5 ശതമാനം കുടുംബങ്ങൾക്ക് 60 ശതമാനം ഭൂമി മാത്രമേയുണ്ടായിരുന്നുള്ളു. അതേസമയത്ത് 0.8 ശതമാനം മാത്രം വരുന്ന വൻകിട എസ്റ്റേറ്റുടമകളുടെ കൈവശം ആകെ ഭൂമിയുടെ 32.2 ശതമാനമുണ്ടായിരുന്നു. ഹംഗറിയിൽ 92.8 ശതമാനം കുടുംബങ്ങൾക്ക് ഭൂമിയുടെ 34.2 ശതമാനം മാത്രമുണ്ടായിരുന്നപ്പോൾ 0.9 ശതമാനം വരുന്ന എസ്റ്റേറ്റുടമകളുടെ കയ്യിൽ 46.4 ശതമാനം ഭൂമിയുണ്ടായിരുന്നു.

ഏറ്റവും പിന്നണിയിൽ കിടന്നിരുന്ന ഒരു കാർഷിക രാജ്യമായിരുന്നു ആൽബേനിയ, വ്യവസായങ്ങൾ അങ്ങിങ്ങായി ആരംഭിക്കാൻ തുടങ്ങിയിട്ടേ ഉണ്ടായിരുന്നുള്ളു. തൊഴിലാളിവർഗം വളരെ അടുത്തകാലത്താണ് രൂപമെടുക്കാൻ തുടങ്ങിയത്. ഫ്യൂഡലിസത്തിന്റെ മാത്രമല്ല, ഗോത്ര ജീവിതകാലത്തിന്റെ അവശിഷ്ടങ്ങൾ പോലും ധാരാളമായി നിലവിലുണ്ടായിരുന്നു. ഭൂമിയുടെ 56 ശതമാനം മാത്രമാണ് കൃഷിക്കാരുടെ കയ്യിലുണ്ടായിരുന്നത്. ബാക്കിയെല്ലാം ജന്മികളുടേയും പള്ളിയുടമകളുടേയും കയ്യിലായിരുന്നു.

രണ്ടാം ലോകമഹായുദ്ധത്തെത്തുടർന്നുണ്ടായ ജനകീയ ജനാധിപത്യ വിപ്ലവങ്ങൾ ഈ സ്ഥിതിക്കൊരു സമൂലമായ പരിവർത്തനം വരുത്തി. ഫാസിസത്തിന്റെ ഊന്നുവടികളായിരുന്ന നാട്ടുവാഴികളുടെ മേധാവിത്വം അവസാനിപ്പിക്കപ്പെട്ടു. ഫ്യൂഡൽ അവശിഷ്ടങ്ങളും അർദ്ധ ഫ്യൂഡൽ അവശിഷ്ടങ്ങളും എന്നെന്നേക്കുമായി തുടച്ചു നീക്കപ്പെട്ടു. ഭൂമി കൃഷിക്കാരുടേതായി. യൂറോപ്യൻ ജനകീയജനാധിപത്യ രാജ്യങ്ങളിലെ കൃഷിക്കാർക്ക് ആകെ 370 ലക്ഷം ഏക്കറിൽ കൂടുതൽ ഭൂമി ലഭിച്ചു. അങ്ങനെ കാർഷികരംഗത്ത് ഉൽപ്പാദനശക്തികളുടെ വളർച്ചയ്ക്കുള്ള ഒരു പുതിയ ഘട്ടം തുറന്നുകിട്ടുകയും ചെയ്തു.

വ്യവസായം, ബാങ്ക്, ഗതാഗതം മുതലായവയുടെ ദേശസാൽക്കരണമായിരുന്നു അടുത്ത നടപടി. മുതലാളിത്തത്തിന്റെ ശക്തി ദുർഗങ്ങളെ തകർത്തുതരിപ്പണമാക്കുന്ന ഒരു പ്രഹരമായിരുന്നു അത്. പുരോഗതിയെ തടഞ്ഞു നിർത്തിയിരുന്ന സാമ്രാജ്യത്വ കുത്തക സ്ഥാപനങ്ങളെ അതു തുടച്ചുനീക്കി. സാമ്പത്തികരംഗത്തുള്ള ബൂർഷ്വാസിയുടെ ആധിപത്യം അത് അവസാനിപ്പിച്ചു. അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, തുടങ്ങിയ സാമ്രാജ്യശക്തികളുടെ പിടിയിൽ നിന്ന് ദേശീയ സാമ്പത്തിക ജീവിതത്തെ പരിപൂർണമായി മോചിപ്പിക്കുകയും പിന്തിരിപ്പൻ ശക്തികളുടെ സാമ്പത്തികാടിസ്ഥാനം തകർത്ത് ജനകീയാ ജനാധിപത്യ വ്യവസ്ഥയ്ക്ക് ആവശ്യമായ ഭൗതിക അടിസ്ഥാനമുണ്ടാക്കുകയും ചെയ്യുക എന്നതായിരുന്നു ഈ നടപടികളുടെ ഉദ്ദേശം. ഈ നടപടികളുടെ ഫലമായി മധ്യയൂറോപ്പിലേയും തെക്കു കിഴക്കെ യൂറോപ്പിലേയും സാമ്പത്തിക ജീവിതത്തിന്റെ എല്ലാ മർമ സ്ഥാനങ്ങളും ജനങ്ങളുടെ കയ്യിലായി. സാമ്പത്തികവും സാംസ്കാരികവുമായ നിർമാണ പ്രവർത്തനങ്ങളിലേർപ്പെട്ടുകൊണ്ടും എല്ലാ പ്രതിബന്ധങ്ങളെയും തട്ടിത്തകർത്തുകൊണ്ടും ജനങ്ങൾ തങ്ങളുടെ സ്വന്തം ഭാവി രൂപവൽക്കരിക്കാൻ തുടങ്ങി. കാൻറർബറിയിലെ ഡീൻ, ഹ്യൂലെറ്റ് ജോൺസൺ, ചൂണ്ടിക്കാണിക്കുന്നു:

> "കിഴക്കൻ യൂറോപ്പ് ഒന്നാം ലോകമഹായുദ്ധത്തിനുമുമ്പ് ദരിദ്രമായിരുന്നു, പിന്നണിയിലായിരുന്നു, ഫ്യൂഡൽ കൊളോണിയൽ മേധാവിത്വത്തിലായിരുന്നു. പൊതുവിൽ ജനാധിപത്യത്തിന്റെ പ്രാഥമിക തത്വങ്ങൾ പോലും മനസ്സിലാക്കാതെ കിടക്കുകയായിരുന്നു.

പടിഞ്ഞാറൻ യൂറോപ്പ്, നേരേമറിച്ച്, വിഭവ സമൃദ്ധമായിരുന്നു, അഭിവൃദ്ധിയിലായിരുന്നു, ധനിക വർഗക്കാരുടെ നിയന്ത്രണത്തിൽ വിപുലമായ സാമ്രാജ്യങ്ങൾ കയ്യടക്കിവെച്ചിരുന്നു.

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഈ സ്ഥിതി കീഴ്മേൽ മറിഞ്ഞു. കിഴക്കൻ രാജ്യങ്ങളിൽ ജീവിത നിലവാരമുയരുന്നു, പടിഞ്ഞാറൻ രാജ്യങ്ങളിൽ ജീവിതനിലവാരം താഴുന്നു. യുദ്ധകാലത്ത് കിഴക്കൻ യൂറോപ്പിലെ രാജ്യങ്ങൾക്ക് പടിഞ്ഞാറൻ യൂറോപ്പിലെ രാജ്യങ്ങൾക്കുണ്ടായിരുന്നതിനേക്കാൾ മൂന്നിരട്ടി കൂടുതൽ നാശനഷ്ടങ്ങളുണ്ടായി. വിദേശങ്ങളിൽ നിന്ന് സാമ്പത്തിക സഹായങ്ങളൊന്നും ലഭിക്കുകയുണ്ടായില്ല. എന്നിട്ടും കിഴക്കൻ രാജ്യങ്ങൾ പടിഞ്ഞാറൻ രാജ്യങ്ങളെക്കാൾ എത്രയോ വേഗത്തിൽ യുദ്ധത്തിനു മുമ്പുണ്ടായിരുന്ന ഉൽപാദന നിലവാരത്തിലെത്തിച്ചേർന്നു. ഇന്നവ ഭാവിയുടെ നേർക്ക് ഉത്സാഹത്തോടെ കൈനീട്ടുകയാണ്."

(ഹ്യൂലെറ്റ് ജോൺസൺ, ഈസ്റ്റേൺ യൂറോപ്പ് ഇൻ ദി സോഷ്യലിസ്റ്റ് വേൾഡ്, പേജ് 16)

## V

രണ്ടാംലോകമഹായുദ്ധത്തിൽ ജർമനിയും ജപ്പാനും പരാജയപ്പെടുകയും ബ്രിട്ടന്റെ ശക്തി ക്ഷയിക്കുകയും ചെയ്യുമ്പോൾ ആ തഞ്ചമുപയോഗിച്ച് തങ്ങളുടെ സ്വന്തം ലോകമേധാവിത്വമുറപ്പിക്കാൻ കഴിയുമെന്നാണ് അമേരിക്കൻ സാമ്രാജ്യവാദികൾ ആശിച്ചിരുന്നത്. പക്ഷേ, സാമ്രാജ്യവാദികളുടെ ആശകളല്ല, മാർക്സിസം വെളിപ്പെടുത്തുന്ന സാമൂഹ്യനിയമങ്ങളുടെ പ്രവർത്തനമാണ് വിജയിച്ചത്; യൂറോപ്പിലേയും ഏഷ്യയിലേയും ജനകീയജനാധിപത്യരാജ്യങ്ങൾ മുതലാളിത്തത്തിന്റെ പിടിയിൽ നിന്നു കുതറി പുറത്തുകടക്കുകയും സോവിയറ്റ്യൂണിയനുമായിചേർന്നുകൊണ്ട് മുതലാളിത്തച്ചേരിക്കെതിരായ ഏകീകൃതവും ശക്തിയുക്തവുമായ ഒരു സോഷ്യലിസ്റ്റ് ചേരി രൂപവൽക്കരിക്കുകയുമാണ് ചെയ്തത്.

സോഷ്യലിസ്റ്റ്ചേരിയിലെ രാജ്യങ്ങൾ ഒറ്റയ്ക്കൊറ്റയ്ക്കല്ല, പരസ്പരം സഹായിച്ചുകൊണ്ടും സഹകരിച്ചുകൊണ്ടുമാണ് ഉൽപാദനം നടത്തുന്നത്. അവർ പരസ്പരം കച്ചവടം ചെയ്യുന്നു, കടമിടപാടുകൾ നടത്തുന്നു, ശാസ്ത്രീയവും സാങ്കേതികവുമായ കണ്ടുപിടുത്തങ്ങൾ കൈമാറുന്നു. ലോകമുതലാളിത്തമാർക്കറ്റിൽ നിന്നു വ്യത്യസ്തമായ പുതിയൊരു ലോകമാർക്കറ്റിന്റെ ആവിർഭാവത്തെയാണിത് കുറിക്കുന്നത്.

ഇതിന്റെ അർത്ഥം, സാർവത്രികവും ഏകീകൃതവുമായ പഴയ ലോകമാർക്കറ്റ് തകർന്നുവെന്നും , പരസ്പരം മൽസരിക്കുന്ന സമാന്തരങ്ങളായ രണ്ടു ലോകമാർക്കറ്റുകൾ നിലവിൽ വന്നുവെന്നുമാണ്. ഇതാണ് ലോകത്തിൽ സമാന്തരങ്ങളായ രണ്ടു ചേരികളാവിർഭവിച്ചതിന്റെ സാമ്പത്തിക ഫലം സ്റ്റാലിൻ ചൂണ്ടിക്കാണിക്കുന്നു:

ഏകീകൃതവും സാർവത്രികവുമായ ലോകമാർക്കറ്റിന്റെ തകർച്ചയാണ് രണ്ടാം ലോകമഹായുദ്ധത്തിന്റെയും അതിന്റെ സാമ്പത്തികപരിണാമങ്ങളുടെയും ഏറ്റവും പ്രധാനമായ ഫലമെന്നു മനസിലാക്കേണ്ടതുണ്ട്. ലോകമുതലാളിത്തവ്യവസ്ഥയുടെ പൊതുകുഴപ്പത്തെ കൂടുതൽ മൂർച്ചിപ്പിക്കുക എന്ന ഫലമാണതുകൊണ്ടുണ്ടായത്."

(സോഷ്യലിസത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ, പേജ് 32)

സോഷ്യലിസ്റ്റ് ചേരിയിലെ രാജ്യങ്ങൾ പരസ്പര സഹായത്തിന്റെയും പരസ്പര സൗഹാർദ്ദത്തിന്റെയും അടിസ്ഥാനത്തിൽ സമാധാനപരമായ സാർവദേശീയ ന്തരീക്ഷം സൃഷ്ടിക്കാൻ ശ്രമിച്ചുകൊണ്ട് സാമൂഹ്യോൽപ്പാദനത്തെ മേൽക്കുമേൽ വളർത്തുന്നു. ഇതിന്റെ ഫലമായി ഈ രാജ്യങ്ങളിലെല്ലാം മുമ്പൊരിക്കലുമുണ്ടായി ട്ടില്ലാത്ത വ്യവസായഭിവൃദ്ധി കൈവന്നിരിക്കുന്നു. ഈ വ്യവസായാഭിവൃദ്ധിയുടെ ഫലമായി മുതലാളിത്ത രാജ്യങ്ങളിൽ നിന്ന് ചരക്കുകൾ ഇറക്കുമതി ചെയ്യാനും മുതലാളിത്ത രാജ്യങ്ങളിലേക്ക് ചരക്കുകൾ കയറ്റി അയക്കാനുമുള്ള സാദ്ധ്യതകൾ വർധിക്കുന്നു.

> "ഇതിന്റെ അർഥം, പ്രധാനപ്പെട്ട മുതലാളിത്ത രാജ്യങ്ങൾക്ക് (അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്) ലോക വിഭവങ്ങളെ ചൂഷണം ചെയ്യാനുള്ള പരിധി വലുതാവുകയല്ല, ചു രുങ്ങുകയാണ് ചെയ്യുക എന്നാണ്; ലോകമാർക്കറ്റിൽ ചരക്കുകൾ വിറ്റഴിക്കാൻ അവർക്കുള്ള സൗകര്യങ്ങൾ കുറയുമെന്നാണ്; അവരുടെ വ്യവസായങ്ങൾക്ക് ഉൽപാദനക്കഴിവുകൾ മുഴുവനും ഉപയോഗിക്കാൻ അധികമധികം സാധ്യമല്ലാ തായിത്തീരുമെന്നാണ്; ലോകമാർക്കറ്റിന്റെ നാശത്തോടുകൂടി ലോകമുതലാളിത്ത വ്യവസ്ഥയുടെ പൊതുകുഴപ്പം മൂർച്ഛിക്കുന്നുവെന്നതിന്റെ അർഥം വാസ്തവത്തിൽ ഇതുതന്നെയാണ്." (സോഷ്യലിസത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ, പേജ് 33–34)

രണ്ടു വ്യത്യസ്തങ്ങളായ സാമൂഹ്യവ്യവസ്ഥകൾ, രണ്ടു വ്യത്യസ്തങ്ങളായ ലോകചേ രികൾ, രണ്ടു വ്യത്യസ്തങ്ങളായ ലോകമാർക്കറ്റുകൾ-ഇതു സാമ്രാജ്യാധിപത്യത്തി ന്റെ അന്ത്യത്തെ കൂടുതൽ ത്വരിതപ്പെടുത്തി.

ഉൽപ്പാദനത്തോടൊപ്പം ജനങ്ങളുടെ ജീവിത നിലവാരവും ഉയരുന്നതുകൊ ണ്ട് സോഷ്യലിസത്തിന്റെ ലോകമാർക്കറ്റിൽ യാതൊരു കുഴപ്പവുമുണ്ടാകുന്നില്ല. നേരെമറിച്ച്, പരമാവധി ലാഭത്തിനുവേണ്ടി പരക്കം പായുന്ന മുതലാളിത്തത്തി ന്റെ ലോകമാർക്കറ്റിൽ അരാജകത്വവും മത്സരവുമാണ് നടമാടുന്നത്. ചൂഷിത രായ ബഹുജനങ്ങളുടെ ക്രയശക്തി ചുരുങ്ങിച്ചുരുങ്ങി വരുന്നതിനാലും മാർക്കറ്റിന്റെ പരിധി ഇടുങ്ങിയിടുങ്ങി വരുന്നതിനാലും മുതലാളിത്തം, പ്രത്യേകിച്ചും അമേരിക്കൻ മുതലാളിത്തം, യുദ്ധത്തിലൂടെയും യുദ്ധസന്നാഹങ്ങളിലൂടെയും തടിതപ്പാൻ ശ്രമിക്കു ന്നു. അതിൻ ഫലമായി മുതലാളിത്തച്ചേരിക്കുള്ളിലെ വൈരുദ്ധ്യങ്ങൾ മൂർച്ഛിക്കുന്നു. കോളണികളിലെ ജനങ്ങൾ മർദ്ദനത്തിനും ചൂഷണത്തിനുമെതിരായി തലപൊക്കു ന്നു. കോളണിമേധാവിത്വത്തിന്നെതിരായ ദേശീയവിമോചന പ്രസ്ഥാനങ്ങൾ എല്ലായിടത്തും ശക്തിപ്പെടുന്നു.

ഇക്കാര്യത്തിൽ, ഒരു മഹത്തായ ജനകീയ വിപ്ലവത്തിലൂടെ ലോകമുതലാളി ത്തവ്യവസ്ഥയിൽ നിന്നു പുറത്തുകടന്ന ചൈന അതിപ്രധാനമായ ഒരു പങ്കാണ് വഹിക്കുന്നത്. ജനകീയ ചൈനയുടെ ആവിർഭാവം ലോകമുതലാളിത്ത വ്യവസ്ഥ യ്ക്കു കിട്ടിയ ഏറ്റവും വലിയൊരു പ്രഹരമാണ്. ജനകീയ ജനാധിപത്യത്തിലൂടെ സോഷ്യലിസത്തിലേക്കുള്ള ചൈനയുടെ മുന്നേറ്റത്തിലെ ഓരോ കാൽവെപ്പും കൊളോണിയൽ ജനതകളെ, പ്രത്യേകിച്ചും ഏഷ്യൻ ജനതയെ, ആവേശം കൊ ള്ളിക്കുകയും പൂർണ്ണ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള അവരുടെ പരിശ്രമങ്ങൾക്ക് പ്രചോദനം നൽകുകയും ചെയ്യുന്നു. ഇതാണ് പൊതു കുഴപ്പം. മുതലാളിത്തത്തി ന്റെ എല്ലാ വൈരുദ്ധ്യങ്ങളെയും മൂർച്ഛിപ്പിക്കുന്നുവെന്നു പറയുന്നതിന്റെ അർത്ഥം. സ്റ്റാലിൻ എഴുതുന്നു:

> "ലോക മുതലാളിത്തത്തിന്റെ പൊതുകുഴപ്പം ഒരു രാഷ്ട്രീയ കുഴപ്പം മാത്രമാണോ? അല്ലെങ്കിൽ സാമ്പത്തികകുഴപ്പം മാത്രമാണോ? രണ്ടും മാത്രമായിട്ടല്ല. അതൊരു

പൊതുകുഴപ്പമാണ്; അതായത്, സാമ്പത്തിക രംഗത്തും രാഷ്ട്രീയ രംഗത്തെയും ഒരുപോലെ ബാധിക്കുന്ന, ലോക മുതലാളിത്ത വ്യവസ്ഥയുടെ സർവ സ്പർശിയായ ഒരു കുഴപ്പമാണ്. ഈ കുഴപ്പത്തിന്റെ അടിയിൽ കിടക്കുന്നത് ഒരു ഭാഗത്ത് ലോകമുതലാളിത്ത സാമ്പത്തിക വ്യവസ്ഥയുടെ നിത്യേന വർദ്ധിച്ചുവരുന്ന നാശവും മറുഭാഗത്ത് മുതലാളിത്തത്തിൽ നിന്ന് വിട്ടുപോന്ന രാജ്യങ്ങളുടെ-സോവിയറ്റ് യൂണിയൻ, ചൈന, മറ്റു ജനകീയ ജനാധിപത്യങ്ങൾ-വളർന്നുവരുന്ന സാമ്പത്തിക ശക്തിയുമാണെന്നു വ്യക്തമാണ്."

(സോഷ്യലിസത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ, പേജ് 62)

# VI

രണ്ടാം ലോകമഹായുദ്ധത്തെ തുടർന്നുണ്ടായ ഏറ്റവും പ്രധാനമായ ഒരു സംഭവവികാസം കോളണിവ്യവസ്ഥയിലുണ്ടായ കുഴപ്പവും തകർച്ചയുമാണ്.

മുതലാളിത്ത വ്യവസ്ഥയുടെ പൊതുകുഴപ്പമാരംഭിച്ചതോടുകൂടിത്തന്നെ കോളണി വ്യവസ്ഥയുടെ കുഴപ്പവും ആരംഭിച്ചുകഴിഞ്ഞിരുന്നു.

1917-ലെ ഒക്ടോബർ വിപ്ലവം റഷ്യയുടെ ചരിത്രത്തെ മാത്രമല്ല, ലോകചരിത്രത്തെ തന്നെ മാറ്റിമറിച്ചു. സോവിയറ്റ് യൂണിയനിലെ തൊഴിലാളികളുടെയും കൃഷിക്കാരുടെയും വിവിധ ദേശീയ ജനവിഭാഗങ്ങളുടെയും മുന്നേറ്റത്തിന്റെ മാതൃക ലോകത്തിലൊട്ടുക്കുമുള്ള മർദ്ദിത ജനാവലികളെ ആവേശം കൊള്ളിച്ചു. അത് സാമ്രാജ്യമേധാവികൾക്കെതിരായ തൊഴിലാളി സമരങ്ങൾക്കെന്നപോലെ കോളണികളിലെ ദേശീയവിമോചന പ്രസ്ഥാനങ്ങൾക്കും വലിയ പ്രചോദനം നൽകി. കോളണികളിലെയും ആശ്രിത രാജ്യങ്ങളിലെയും ജനങ്ങളുടെ ഭാവി രൂപവൽക്കരിക്കുന്ന കാര്യത്തിൽ അത് അതിപ്രധാനമായ ഒരു പങ്കുവഹിച്ചു. സാമ്രാജ്യ മർദ്ദനത്തിന്റെ ചവിട്ടടിയിൽ കിടന്നു ഞെരങ്ങിയിരുന്ന കോടിക്കണക്കിലുള്ള ജനങ്ങളെ അതു പ്രബുദ്ധരാക്കി. അതിൻഫലമായി കോളണികളിൽ സാമ്രാജ്യ മേധാവിത്വത്തിന്റെ അടിത്തറകൾക്ക് ഇളക്കം തട്ടി. മാവോസേ തുങ് എഴുതുന്നു:

"ഒക്ടോബർ വിപ്ലവത്തിന്റെ പീരങ്കിവെടികൾ ഞങ്ങൾക്ക് മാർക്സിസം ലെനിനിസം കൊണ്ടുതന്നു. നാട്ടിന്റെ ഭാവി തീരുമാനിക്കുന്നതിന് തൊഴിലാളി വർഗത്തിന്റെ സാർവദേശീയ വീക്ഷണഗതി പ്രയോഗിക്കുവാൻ ലോകമൊട്ടുക്കുമുള്ള പുരോഗമന ചിന്താഗതിക്കാരെപ്പോലെ ചൈനയിലുള്ളവരേയും ഒക്ടോബർ വിപ്ലവം പഠിപ്പിച്ചു."

ചുരുക്കിപ്പറഞ്ഞാൽ, കോളണികളിൽ നടമാടിയിരുന്ന ചൂഷണത്തിന്റെയും മർദ്ദനത്തിന്റെയും കാലഘട്ടം ഒക്ടോബർ വിപ്ലവത്തിന്റെ വിജയത്തോടുകൂടി എന്നെന്നേയ്ക്കുമായി അസ്തമിച്ചു. ദേശീയ വിമോചന സമരങ്ങളുടെ ഒരു പുതിയ കാലഘട്ടം ആരംഭിച്ചു.

ഏതാണ്ട് മൂന്നു ശതാബ്ദങ്ങൾക്കുമുമ്പ്, 1927-ൽ റഷ്യൻ വിപ്ലവത്തിന്റെ ഫലങ്ങളെ വിശകലനം ചെയ്തുകൊണ്ട് സ്റ്റാലിൻ ചൂണ്ടിക്കാണിക്കുകയുണ്ടായി.

"റഷ്യൻ വിപ്ലവത്തിന്റെ ഈ ഫലങ്ങൾ കോളണികളിലേയും ആശ്രിത രാജ്യങ്ങളിലേയും വിപ്ലവ പ്രസ്ഥാനങ്ങളിൽ സഗൗരവമായ പ്രത്യാഘാതങ്ങളുണ്ടാക്കാതിരിക്കുകയില്ല. ചൈന, ഇൻഡൊനേഷ്യ, ഇന്ത്യ മുതലായ രാജ്യങ്ങളിലെ വിപ്ലവ പ്രസ്ഥാനങ്ങളുടെ വളർച്ചയും സോവിയറ്റ് യൂണിയനോട് ആ രാജ്യങ്ങൾക്കുള്ള കൂടിക്കൂടിവരുന്ന സൗഹാർദ്ദവും ഇതു നിസംശയം തെളിയിക്കുന്നു."

> "അലട്ടുകൂടാതെ കോളണികളെയും ആശ്രിത രാജ്യങ്ങളെയും ചൂഷണം ചെയ്തിരുന്ന കാലഘട്ടം അവസാനിച്ചുകഴിഞ്ഞിരിക്കുന്നു. കോളനികളിലും ആശ്രിത രാജ്യങ്ങളിലും വിമോചനത്തിനുള്ള വിപ്ലവങ്ങളുടെ കാലഘട്ടം ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു." (സ്റ്റാലിൻ: ലെനിനിസം, പേജ് 241)

രണ്ടാം ലോകമഹായുദ്ധത്തെത്തുടർന്നുണ്ടായ പൊതുകുഴപ്പത്തിന്റെ രണ്ടാംഘട്ടത്തിൽ, സാമ്രാജ്യത്വവാദികളുടെ കൊളോണിയൽ മേധാവിത്വത്തിനു മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത പ്രഹരങ്ങളാണ് ലഭിച്ചത്. കോളണികളിലേയും അർദ്ധകോളണികളിലേയും ജനങ്ങൾ പഴയപടി ജീവിക്കാൻ തയ്യാറില്ലെന്ന് വ്യക്തമാക്കി. ചൈനയും കൊറിയ, വിയറ്റ്നാം മുതലായ രാജ്യങ്ങളും മുതലാളിത്തത്തിന്റെ പിടിയിൽ നിന്നു പരിപൂർണമായ മോചനം നേടുകയും സോഷ്യലിസ്റ്റ് ചേരിയിലെ അംഗങ്ങളായി മാറുകയും ചെയ്തു. ഇന്ത്യ, പാകിസ്ഥാൻ, ഇൻഡോനേഷ്യ, ബർമ, സിലോൺ മുതലായ രാജ്യങ്ങൾക്കു സ്വാതന്ത്ര്യത്തിലേയ്ക്കുള്ള വഴി തുറന്നുകാട്ടി. അറേബിയൻ രാജ്യങ്ങളിലും മധ്യധരണ്യാഴി പ്രദേശങ്ങളിലും സാമ്രാജ്യത്വമേധാവിത്വത്തിന്റെ ഇരുമ്പുപിടുത്തത്തിനു ഉലച്ചിൽ തട്ടി. ആഫ്രിക്കയിലും ദേശീയ വിമോചന പ്രസ്ഥാനങ്ങൾ പൂർവാധികം ശക്തിപ്പെട്ടു.

വ്യത്യസ്ത രീതിയിലും വ്യത്യസ്ത നിലവാരത്തിലുമുള്ള മാറ്റങ്ങളാണുണ്ടായത്; പക്ഷേ, എല്ലായിടത്തും മാറ്റങ്ങളുണ്ടായി എന്നതാണ് പ്രധാനം. മുതലാളിത്തത്തിന്റെ പൊതുകുഴപ്പം മൂർച്ഛിച്ചതിന്റെ ഫലമായി, ലോകത്തിലെല്ലായിടത്തും സാമ്രാജ്യമേധാവിത്വത്തിന്റെ പിടി അയഞ്ഞു എന്ന കാര്യം നിസ്സംശയമാണ്.

നമ്മുടെ രാജ്യത്തിലുണ്ടായവയും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ സംഭവവികാസങ്ങൾ യുദ്ധാനന്തരമുണ്ടായ സാർവദേശീയ സംഭവ വികാസങ്ങളുമായി എത്രത്തോളം ബന്ധപ്പെട്ടു കിടക്കുന്നു എന്ന് ഇത്രയും പറഞ്ഞതിൽ നിന്നു മനസ്സിലാക്കാം. സാർവദേശീയ സംഭവ വികാസങ്ങൾ ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്കു പ്രചോദനം നൽകി. അതേസമയത്തുതന്നെ ഇന്ത്യയുടെ സ്വാതന്ത്ര്യം, സാർവദേശീയ സംഭവ വികാസങ്ങളിൽ, പ്രത്യേകിച്ചും, ഏഷ്യയിലെ സംഭവ വികാസങ്ങളിൽ കൂടുതൽ പരിവർത്തനങ്ങളുണ്ടാക്കാൻ സഹായിക്കുകയും ചെയ്തു.

1956 ഫെബ്രുവരിയിൽ മൊളോട്ടേവ് ചൂണ്ടിക്കാണിച്ചു:

> "കോളണിയായ ഒരിന്ത്യ നിലവിലില്ലെന്നതും പകരം ഒരു ഇന്ത്യൻ റിപ്പബ്ലിക്കാണുള്ളതെന്നും വമ്പിച്ച ചരിത്ര പ്രാധാന്യമുള്ള വസ്തുതയാണ്. ഏഷ്യയിലെ യുദ്ധാനന്തര സംഭവ വികാസങ്ങളുടെ സ്വഭാവം നിർണയിക്കുന്ന ഒന്നാണ് ഈ പ്രധാനമായ പരിവർത്തനം."

## VII

കൂടെക്കൂടെയുള്ള യുദ്ധങ്ങളും സാമ്പത്തികക്കുഴപ്പങ്ങളും ജീവിതത്തിലെ അനിശ്ചിതതത്വങ്ങളും യാദൃശ്ചിക സംഭവങ്ങളല്ല; സ്വകാര്യ സ്വത്തുടമയുടെ അനിവാര്യ ഫലങ്ങളാണവ.

അസംസ്കൃത സാമഗ്രികൾ വിളയുന്ന രാജ്യങ്ങളെ വെട്ടിപ്പിടിച്ചുകൊണ്ടും കുറഞ്ഞ കൂലിക്ക് തൊഴിലാളികളുടെ അധ്വാനത്തെ ചൂഷണം ചെയ്തുകൊണ്ടും ചരക്കുകൾ വിറ്റഴിക്കാനുള്ള മാർക്കറ്റുകൾക്കുവേണ്ടിയും മൂലധനം നിക്ഷേപിക്കാനുള്ള

താവളങ്ങൾക്കുവേണ്ടിയും പരസ്പരം മത്സരിച്ചുകൊണ്ടും ലാഭം വർദ്ധിപ്പിക്കാനുള്ള മുതലാളികളുടെ പരിശ്രമങ്ങളിൽ നിന്നാണ് യുദ്ധങ്ങളുണ്ടാകുന്നത്. അതുകൊണ്ട് മുതലാളിത്തം നിലനിൽക്കുന്നിടത്തോളം യുദ്ധത്തിന്റെ ഭീഷണിയും നിലനിൽക്കും.

നേരെമറിച്ച്, സോഷ്യലിസ്റ്റ് വ്യവസ്ഥയ്ക്ക് യുദ്ധമാവശ്യമില്ല. എന്നല്ല, സോഷ്യലിസം കെട്ടിപ്പടുക്കാൻ സമാധാനം ആവശ്യമാണുതാനും. സോവിയറ്റ് യൂണിയനിലേയും യൂറോപ്പിലെ ജനകീയജനാധിപത്യ രാജ്യങ്ങളിലേയും സാമ്പത്തിക വ്യവസ്ഥകളെ നോക്കി പഠിച്ചതിനുശേഷം ഡീൻ ഓഫ് കാൻററ്ബറി, ഹ്യൂലറ്റ് ജോൺസൻ, ഇങ്ങനെ രേഖപ്പെടുത്തുന്നു:

> "പ്ളാനനുസരിച്ചുള്ള ഒരു സാമ്പത്തിക വ്യവസ്ഥയോടുകൂടി എല്ലാ പൗരന്മാരുടേയും ജീവിത നിലവാരമുയർത്താനുറച്ച കഴിഞ്ഞ ഒരു സോഷ്യലിസ്റ്റ് രാജ്യത്തിന് ഉൽപാദിപ്പിക്കുന്നതത്രയും വാങ്ങിയുപയോഗിക്കാനുള്ള കഴിവുണ്ട്. തൊഴിലില്ലായ്മയെപ്പറ്റിയുള്ള ഭയപ്പാടുകളില്ല; മിച്ചമായ സാധനങ്ങൾ വിറ്റഴിക്കാനുള്ള മാർക്കറ്റുകൾക്കുവേണ്ടിയുള്ള വെമ്പലില്ല. അതിനാൽ, അത്തരമൊരു രാജ്യത്തിന് യുദ്ധത്തിന്റെയോ യുദ്ധപരിശ്രമങ്ങളുടെയോ ആവശ്യമില്ല; നുണകളുടെയും രഹസ്യപ്രവർത്തനങ്ങളുടെയും ആവശ്യമില്ല. സ്വന്തം ജനങ്ങളുടേയോ ആവശ്യമായ ചരക്കുകൾ പരസ്പരം കൈമാറാനാഗ്രഹിക്കുന്ന മറ്റു ജനങ്ങളുടേയോ താൽപര്യങ്ങൾക്കായി ഉൽപാദനശക്തികളെ വിപുലമാക്കാൻ വേണ്ടി സമാധാനം മാത്രമാണതാഗ്രഹിക്കുന്നത്. അതുകൊണ്ട് സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ നിന്ന് സമാധാനത്തിന്റെ ശംഖനാദം മുഴങ്ങുക എന്നത് സ്വാഭാവികം മാത്രമാണ്."

അത്തരം രാജ്യങ്ങൾ ഏറ്റവും ധാർമികവും ബുദ്ധിപൂർവകവുമായ ഈ തത്വങ്ങളിലാണ് നയിക്കപ്പെടുന്നത്.

(1) എല്ലാ രാജ്യങ്ങളുമായി വ്യാപാരബന്ധങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ട് സമാധാനപരമായ ഒരു നയം കൈക്കൊള്ളുകയും അങ്ങനെ സമാധാനത്തെ കാത്തുരക്ഷിക്കുകയും ചെയ്യുക.

(2) മറ്റുള്ളവരെക്കൊണ്ട് സ്വന്തം പണിചെയ്യിച്ച ശീലിച്ചുവന്നിട്ടുള്ള യുദ്ധ പ്രേരകന്മാരാൽ സംഘട്ടനങ്ങളിലേക്ക് വലിച്ചിഴക്കപ്പെടാൻ സമ്മതിക്കാതിരിക്കുക; ഇതിൽ എല്ലായ്പ്പോഴും കരുതലോടുകൂടിയിരിക്കുക."

(ഹ്യൂലെറ്റ് ജോൺസൻ: ഈസ്റ്റേൺ യൂറോപ്പ് ഇൻ ദി സോഷ്യലിസ്റ്റ് വേൾഡ്, പേജ് 266)

ഇതല്ല ലോകമുതലാളിത്തത്തിന്റെ സ്ഥിതി.

പൊതുകുഴപ്പത്തോടൊപ്പം ലോകമുതലാളിത്തത്തിന്റെ മാർക്കറ്റു പ്രശ്നങ്ങളും മൂർച്ഛിക്കുന്നു. മാർക്കറ്റു പ്രശ്നത്തിനു പരിഹാരം കാണാൻ വേണ്ടി മറ്റു രാജ്യങ്ങളെ കീഴടക്കി വെയ്ക്കാനുള്ള പരിശ്രമങ്ങൾക്ക് ഊക്കുകൂട്ടുന്നു. ഇതിൻഫലമായി മുതലാളിത്ത രാജ്യങ്ങൾ തമ്മിൽ തമ്മിലുള്ള വടംവലികളും മത്സരങ്ങളും മൂർച്ഛിക്കുന്നു. ഇത് മുതലാളിത്ത രാജ്യങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾക്ക് വഴിയൊരുക്കുന്നു. മറ്റു രാജ്യങ്ങളിലെ ജനങ്ങളെ, പ്രത്യേകിച്ചും പിന്നണി രാജ്യങ്ങളിലെ ജനങ്ങളെ, അടിമപ്പെടുത്തിക്കൊണ്ടും തുടർച്ചയായി കൊള്ളചെയ്തുകൊണ്ടും ദേശീയ സാമ്പത്തിക വ്യവസ്ഥയെ സൈന്യവൽക്കരിച്ചുകൊണ്ടും അവസാനമായി യുദ്ധങ്ങൾതന്നെ നടത്തിക്കൊണ്ടും പരമാവധി ലാഭം നേടിയെടുക്കുക എന്നതാണ് ആധുനിക മുതലാളിത്തത്തിന്റെ അടിസ്ഥാന നിയമം. പക്ഷേ, ആർക്കെതിരായിട്ടാണ് യുദ്ധം ചെയ്യുക? സോവിയറ്റ് യൂണിയനെതിരായിട്ടോ? സ്റ്റാലിൻ ചൂണ്ടിക്കാണിക്കുന്നു:

> "മുതലാളിത്തവും സോഷ്യലിസവും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ മുതലാളിത്ത രാജ്യങ്ങൾ തമ്മിൽത്തമ്മിലുള്ള വൈരുദ്ധ്യങ്ങളേക്കാൾ ശക്തിയുള്ളവയാണെന്നു പ്രസ്താവിക്കപ്പെടുന്നു. താത്വികമായി നോക്കുമ്പോൾ അതു തീർച്ചയായും ശരിയാണ്. ഇന്നു മാത്രമല്ല, രണ്ടാം ലോകമഹായുദ്ധത്തിനു മുമ്പും അത് ശരിയായിരുന്നു. മുതലാളിത്ത രാജ്യങ്ങളെ നേതാക്കന്മാർ അത് ഏറെക്കുറെ മനസ്സിലാക്കുകയും ചെയ്തിരുന്നു. എന്നിട്ടും രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചത് സോവിയറ്റ് യൂണിയനെതിരായ ഒരു യുദ്ധമെന്ന നിലക്കല്ല, മുതലാളിത്ത രാജ്യങ്ങൾ തമ്മിലുള്ള ഒരു യുദ്ധമെന്ന നിലക്കാണ്. എന്തുകൊണ്ട്? ഒന്നാമതായി, മുതലാളിത്തത്തിന് മുതലാളിത്ത രാജ്യങ്ങൾ തമ്മിലുള്ള യുദ്ധത്തേക്കാൾ അപായകരമാണ് ഒരു സോഷ്യലിസ്റ്റ് രാജ്യമായ സോവിയറ്റ് യൂണിയനെതിരായ യുദ്ധം. എന്തുകൊണ്ടെന്നാൽ, മുതലാളിത്ത രാജ്യങ്ങൾ തമ്മിൽ തമ്മിലുള്ള യുദ്ധം ചില മുതലാളിത്ത രാജ്യങ്ങൾക്ക് മറ്റുള്ളവയുടെമേൽ മേധാവിത്വം സ്ഥാപിക്കാനുള്ള പ്രശ്നം മാത്രമാണുന്നയിക്കുന്നത്. നേരെമറിച്ച് സോവിയറ്റ് യൂണിയനെതിരായ യുദ്ധം മുതലാളിത്തത്തിന്റെ തന്നെ നിലനിൽപ്പിന്റെ പ്രശ്നമാണ്. തീർച്ചയായും മുന്നോട്ടു കൊണ്ടുവരിക. രണ്ടാമതായി, മുതലാളികൾ പ്രചാരവേലയ്ക്കുവേണ്ടി സോവിയറ്റ് യൂണിയന്റെ ആക്രമണ സ്വഭാവത്തെപ്പറ്റി കൊട്ടിഘോഷിക്കാറുണ്ടെങ്കിൽ കൂടി അതിൽ അവർ തന്നെ വിശ്വസിക്കുന്നില്ല. കാരണം, സോവിയറ്റ് യൂണിയന്റെ സമാധാന നയത്തെപ്പറ്റി അവർക്ക് ബോദ്ധ്യമുണ്ട്. സോവിയറ്റ് യൂണിയൻ മുതലാളിത്ത രാജ്യങ്ങളെ അങ്ങോട്ടാക്രമിക്കുകയില്ലെന്ന് അവർക്കറിയാം." (സോഷ്യലിസത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ, പേജ് 36–37)

പുറമേയ്ക്ക് സോഷ്യലിസ്റ്റ് രാജ്യങ്ങൾക്കെതിരായിട്ടാണ് അവർ യുദ്ധത്തിന്റെ മുദ്രാവാക്യം മുഴക്കുന്നത്. പക്ഷേ, യഥാർഥത്തിൽ അവർ തമ്മിൽത്തമ്മിൽ കയ്യേറാനാണ് വട്ടം കൂട്ടുന്നത്. ഇക്കാര്യത്തിൽ ഇന്നത്തെ ഏറ്റവും ശക്തിയുള്ള മുതലാളിത്ത രാജ്യമായ അമേരിക്ക മുന്നിട്ടു നിൽക്കുന്നു. 'മാർഷൽ സഹായ'ത്തിൻറേയും മറ്റും പേരിൽ അമേരിക്കൻ സാമ്രാജ്യവാദികൾ ബ്രിട്ടൻ, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളിലെ സാമ്പത്തിക വ്യവസ്ഥകളിലേയ്ക്ക് നുഴഞ്ഞുകയറുകയും ആ രാജ്യങ്ങളെയെല്ലാം അമേരിക്കൻ സാമ്പത്തികവ്യവസ്ഥയുടെ അനുബന്ധങ്ങളാക്കി മാറ്റാൻ ശ്രമിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. അമേരിക്കൻ മൂലധനം ബ്രിട്ടീഷ്-ഫ്രഞ്ചുകോളണികളിലെ മാർക്കറ്റുകളും അസംസ്കൃത സാമഗ്രികളും പിടിച്ചടക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ, ഇത് അമേരിക്കയും മറ്റു മുതലാളിത്ത രാജ്യങ്ങളും തമ്മിലുള്ള വൈരുദ്ധ്യങ്ങളെ കൂടുതൽ മൂർച്ഛിപ്പിക്കാതിരിക്കില്ല. സ്റ്റാലിൻ ചൂണ്ടിക്കാണിക്കുന്നതുപോലെ,

> "ഇന്നത്തെ ഈ പരിതഃസ്ഥിതി അനന്തകാലം വരെ സഹിച്ചിരിക്കാൻ ബ്രിട്ടനും ഫ്രാൻസും തയ്യാറാവുമെന്ന് കരുതാൻ സാധിക്കുമോ? മുതലാളിത്ത ബ്രിട്ടനും അതിനുശേഷം മുതലാളിത്ത ഫ്രാൻസും അമേരിക്കയുടെ ആലിംഗനത്തിൽ നിന്ന് അവസാനം കുതറിപ്പോരാനും സ്വതന്ത്രമായ സ്ഥാനവും ഉയർന്ന ലാഭങ്ങളും സുരക്ഷിതമാക്കാൻ വേണ്ടി അമേരിക്കയോടു മത്സരിക്കാനും നിർബന്ധമായിത്തീരുമെന്നു പറയുന്നതല്ലേ കൂടുതൽ ശരിയായിരിക്കുക?" (സോഷ്യലിസത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ, പേജ് 36).

വിവിധ രാജ്യങ്ങളിൽ യുദ്ധത്താവളങ്ങളുണ്ടാക്കിക്കൊണ്ടും യുദ്ധക്കൂട്ടുകെട്ടുകളുണ്ടാക്കിക്കൊണ്ടും പുതിയൊരു ലോകമഹായുദ്ധമാളിക്കത്തിക്കാനാണ് അമേരിക്കൻ സാമ്രാജ്യവാദികൾ പരിശ്രമിക്കുന്നത്. ഈ പരിശ്രമം എല്ലാ രാജ്യങ്ങളുടെയും യഥാർഥ താൽപര്യങ്ങൾക്കെതിരാണ്. അതുകൊണ്ടാണ് സാർവദേശീയമായ

ഒരു സമാധാന പ്രസ്ഥാനം അതിവേഗം ശക്തിപ്പെട്ടുവരുന്നത്. മൊളട്ടോവ് ചൂണ്ടിക്കാണിച്ചതുപോലെ, “സോവിയറ്റ് യൂണിയൻ, ചൈനാ ജനകീയ റിപ്പബ്ലിക്ക് എന്നിവയുടേയും എല്ലാ ജനകീയ ജനാധിപത്യ രാജ്യങ്ങളുടേയും ശക്തി വർദ്ധിച്ചു വരികയും മറ്റെല്ലാ നാട്ടുകളിലും സമാധാന പ്രസ്ഥാനം കൂടുതൽ ഉയർന്നുവരികയും ചെയ്യുന്നതോടുകൂടി സമാധാനത്തിന്റെ ഭാവി തങ്ങളുടെ സ്വന്തം കയ്യിലാണെന്നും മറ്റൊരു യുദ്ധത്തെ തടയുവാനും, സമാധാനത്തെ സംരക്ഷിക്കുവാനും, ആവശ്യം വരുമ്പോൾ അങ്ങേയറ്റത്തെ ദൃഢചിത്തതയോടെ അവസാനം വരെ സമാധാനത്തിന്റെ കാര്യം ഉയർത്തിപ്പിടിക്കുകയും അതിന് അങ്ങേയറ്റം പ്രവർത്തിക്കുകയും ചെയ്താൽ സാധ്യമാണെന്നും ജനങ്ങൾക്ക് കൂടുതൽ ബോധ്യപ്പെട്ടുവരികയാണ്.”

## VIII

സാർവദേശീയ പരിത:സ്ഥിതികളിലുണ്ടായ ഈ മാറ്റങ്ങൾ ഇന്ത്യയുടെ രാഷ്ട്രീയാന്തരീക്ഷത്തിലും ഇന്ത്യക്കാരുടെ ബോധമണ്ഡലങ്ങളിലും മാത്രമല്ല, ഇന്ത്യയിലെ വൻകിട മുതലാളികളും ബ്രിട്ടീഷ് കുത്തക മുതലാളികളും തമ്മിലുണ്ടായ കൂട്ടുകെട്ടിനുള്ളിലും പ്രതിഫലിച്ചു. കൂട്ടുകെട്ടിനുള്ളിലെ ബലാബലത്തിൽ മാറ്റമുണ്ടായി. എന്നുവെച്ചാൽ, സാമ്രാജ്യ ശക്തികളും ഇന്ത്യൻ മുതലാളി വർഗവും തമ്മിലുള്ള മത്സരത്തിന്റെ ഗതി ഇന്ത്യക്കനുകൂലമായി മാറി; ഇന്ത്യാ ഗവൺമെൻറ് അധികമധികം സ്വതന്ത്രങ്ങളായ നിലപാടുകളെടുക്കുവാൻ തുടങ്ങി.

വിദേശനയത്തിന്റെ രംഗത്തിൽ ആദ്യമൊക്കെ മിക്കവാറും സാമ്രാജ്യവാദികൾക്കനുകൂലമായ നയമാണ് ഇന്ത്യാഗവൺമെൻറ് കൈക്കൊണ്ടിരുന്നത്. ഇന്ത്യയിലുണ്ടായ കൂട്ടുകെട്ടിൻറേയും ബ്രിട്ടീഷ് കോമൺവെൽത്തുമായുള്ള ബന്ധത്തിൻറേയും അനിവാര്യഫലമായിരുന്നു അത്. അങ്ങനെ മലയായിലെ ജനങ്ങളെ കശാപ്പു ചെയ്യാൻ വേണ്ടി ഗൂർക്കാപട്ടാളങ്ങളെ അയച്ചുകൊടുക്കുന്നതിന് ഇന്ത്യയുടെ ഭൂമിയും ആകാശവും ഉപയോഗിക്കപ്പെട്ടു. അമേരിക്കൻ ചാരന്മാർക്ക് ഇന്ത്യയിലെങ്ങും ഇഷ്ടംപോലെ അലഞ്ഞു തിരിയാനും ഇന്ത്യയുടെ മർമ്മസ്ഥാനങ്ങളുടെ അന്തർഭാഗങ്ങളിലേക്ക് കടന്നു ചെല്ലാനും സൗകര്യം നൽകപ്പെട്ടു. അമേരിക്കയുടെ നേതൃത്വത്തിൽ ജനാധിപത്യ കൊറിയ ആക്രമിക്കപ്പെട്ടപ്പോൾ പണ്ഡിറ്റ് നെഹ്റുവിന്റെ ഗവൺമെൻറ് ആക്രമികളെ അനുഗ്രഹിച്ചു. അമേരിക്കയുടെ ജനാധിപത്യത്തിൽ ഇന്ത്യയുടെ പ്രധാനമന്ത്രിക്ക് വലിയ വിശ്വാസമുണ്ടായിരുന്ന കാലമായിരുന്നു അത്.

പക്ഷേ, ക്ഷണത്തിൽ സ്ഥിതി മാറി. ഒരുകൊച്ചു രാജ്യമായ വടക്കൻ കൊറിയയുടെ തടുക്കാൻ കഴിയാത്ത ചവിട്ടുകളേറ്റ് തിരിച്ചോടിപോയ മക്കാർതർ കൂട്ടാളികളും, ദീൻബിൻ ഫൂവിൽ അമേരിക്കയുടെ പിൻബലമുള്ള ഫ്രഞ്ചുകോളണിയിൽ മേധാവികൾക്കു നേരിട്ട പരാജയവും സാമ്രാജ്യവാദികളുടെ ശക്തി അജയ്യമല്ലെന്ന് വിളിച്ചുപറഞ്ഞു. അമേരിക്കൻ സാമ്രാജ്യവാദികൾ കാശ്മീരിൽ നടത്തിയ കുത്തിത്തിരുപ്പുകളും ഇന്ത്യയുടെ ചുറ്റുപാടും, പ്രത്യേകിച്ചും പാകിസ്ഥാനിൽ, പട്ടാളത്താവളങ്ങളുണ്ടാക്കാനെടുത്ത നടപടികളും ഇന്ത്യയുടെ പരമാധികാരത്തിന്റെ മുമ്പിൽ ഒരു ചോദ്യചിഹ്നം ഇട്ടു. അമേരിക്കൻ സഹായം അടിമത്തത്തിലേക്കും യുദ്ധത്തിലേക്കുമുള്ള ഒരു ചൂണ്ടലാണെന്ന് പാകിസ്ഥാന്റെ അനുഭവം തെളിയിച്ചു.

ഇന്ത്യയിൽ അമേരിക്കയുടെ സ്വാധീന ശക്തി കുറയാൻ തുടങ്ങി. അതേസമയത്ത് സോഷ്യലിസ്റ്റ് ചേരിയുടെ, പ്രത്യേകിച്ചും ജനകീയ ചൈനയുടെ, സ്വാ

ധീനശക്തി വർധിക്കാനും തുടങ്ങി. സാമ്രാജ്യാധിപത്യത്തിനും കൊളോണിയൽ മേധാവിത്വത്തിനുമെതിരായ മനോഭാവം വളരാൻ തുടങ്ങി. ഇന്ത്യാഗവൺമെൻറ് മെല്ലെ മെല്ലെ യുദ്ധച്ചേരിയുടെ സ്വാധീന ശക്തിയിൽ നിന്ന് സ്വാതന്ത്ര്യവും ഇന്ത്യൻ ജനതയുടെ താൽപര്യങ്ങൾക്കനുകൂലവുമായ ഒരു വിദേശനയം സ്വീകരിച്ചു. മൊളോട്ടോവ് ചൂണ്ടിക്കാണിച്ചതുപോലെ, "സമാധാനവും രാഷ്ട്രങ്ങൾ തമ്മിലുള്ള സൗഹാർദ്ദവും ശക്തിപ്പെടുത്തുന്ന സുപ്രധാനമായ ഒരു ഘടകം എന്ന നിലയിൽ ഇന്ത്യയുടെ സാർവദേശീയമായ അന്തസ് ദിനം പ്രതി ഉയർന്നുവരികയാണ്."

ഇന്ത്യയുടെ സാർവദേശീയമായ അന്തസുയർത്താൻ സഹായിച്ച അതിപ്രധാനമായ ഒരു സംഭവമാണ് 1954 ജൂൺ 28-ാം തീയതിയിലെ ചൗ-നെഹറു പ്രഖ്യാപനം. മൊളോട്ടോവ് തുടരുന്നു:

> "ഇന്ത്യയും, ബർമയും, ചൈനാ ജനകീയ റിപ്പബ്ലിക്കോടൊപ്പം രാഷ്ട്രങ്ങൾ തമ്മിലുള്ള സമാധാനപരമായ സഹകരണത്തിന്റെ പഞ്ചതത്വങ്ങൾ (സഹവർത്തിത്വം, ആഭ്യന്തര കാര്യങ്ങളിൽ ഇടപെടാതിരിക്കൽ തുടങ്ങിയവ) പ്രഖ്യാപിച്ചിട്ടുണ്ടെന്ന വസ്തുതയെ യാതൊരു വിധത്തിലും കുറച്ചു മതിക്കുവാൻ സോവിയറ്റ് യൂണിയന് സാദ്ധ്യമല്ല. ഈ തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് സോവിയറ്റ് യൂണിയൻ അതിന്റെ വിദേശനയം എല്ലായ്പ്പോഴും തുടർന്നുവന്നിട്ടുള്ളത്. ഇന്ന് ലോകത്തിലാകമാനം ഈ തത്വങ്ങൾക്ക് സൗഹാർദ്ദപൂർണമായ ആനുകൂല്യം കിട്ടിക്കഴിഞ്ഞിരിക്കയാണ്."

ആദ്യമൊക്കെ സാർവദേശീയകാര്യങ്ങളിൽ ഒരുതരം നിഷ്പക്ഷതാനയമാണ് ഇന്ത്യാഗവൺമെൻറ് കൈക്കൊണ്ടിരുന്നത്. എന്നുവച്ചാൽ, സമാധാനത്തിനും യുദ്ധത്തിനുമിടയിൽ ആടിക്കളിക്കുക എന്ന നയം. പക്ഷേ, സമാധാനത്തിനും യുദ്ധത്തിനുമിടയിൽ നിഷ്പക്ഷതയില്ലെന്നു വ്യക്തമായി. ഇന്ത്യ അധികമധികം സമാധാനത്തിന്റെ ഭാഗത്തേയ്ക്കു നീങ്ങാൻ തുടങ്ങി. കോളണിമേധാവികളും യുദ്ധക്കൊതിയൻമാരും അധികമധികം ഒറ്റപ്പെടാൻ തുടങ്ങി. ഇന്ത്യ ഇന്ന് തുടർന്നുവരുന്ന സ്വതന്ത്രമായ സമാധാനനയം സാർവദേശീയ രംഗത്തിൽ അതിപ്രധാനമായ പങ്കാണ് വഹിക്കുന്നത്. ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അഞ്ചാം വാർഷികം പ്രമാണിച്ച് സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുഖപത്രമായ 'പ്രവദ' പ്രസിദ്ധം ചെയ്ത ഒരു ലേഖനത്തിൽ ഇങ്ങനെ ചൂണ്ടിക്കാണിക്കുകയുണ്ടായി:

> "ദേശീയ സാമ്പത്തിക വ്യവസ്ഥയെ അഭിവൃദ്ധിപ്പെടുത്തുന്ന കാര്യത്തിൽ ഇന്ത്യയ്ക്കു താൽപര്യമുണ്ട്. പ്രാധാന്യമർഹിക്കുന്ന ഈ ദേശീയതാൽപര്യങ്ങൾക്കനുയോജ്യമാണ് ഇന്ത്യയുടെ സമാധാനനയം. നേരെമറിച്ച്, ഏഷ്യൻ രാജ്യങ്ങളെ പുതിയൊരു യുദ്ധത്തിലേയ്ക്കു വലിച്ചിഴയ്ക്കാനുള്ള സാമ്രാജ്യശക്തികളുടെ പരിശ്രമങ്ങൾ, സമാധാനപരമായ ജീവിതവും നിർമാണോത്മകമായ പ്രവർത്തനങ്ങളും പുരോഗതിയും കാംക്ഷിക്കുന്ന ഇന്ത്യൻ ജനതയുടെ ആശകളെ തകർക്കുന്നതായിരിക്കും.
>
> "ഏഷ്യയിലും ലോകമൊട്ടുക്കും യുദ്ധക്കൂട്ടുകെട്ടുകളുണ്ടാക്കാൻ തുടങ്ങിയിട്ടുള്ള അമേരിക്കൻ ഭരണാധികാരികൾ ഇന്ത്യയുടെ സ്വതന്ത്രമായ വളർച്ചയുടെ നേരെ എതിർപ്പാണ് പ്രകടിപ്പിക്കുന്നത്. ഇന്ത്യൻ ജനതയ്ക്കെതിരായി അവർ തങ്ങളുടെ തുരപ്പൻ പണികൾ ഊർജ്ജിതപ്പെടുത്തുകയാണ്.
>
> "അമേരിക്കയുടെ ഈ നയം സ്വാഭാവികമായും ഇന്ത്യൻ ജനതയുടെ വെറുപ്പിനെ ഉയർത്തുന്നു. ആക്രമണക്കൂട്ടുകെട്ടുകളിൽ പങ്കെടുക്കാൻ ഇന്ത്യാഗവൺമെൻറു വിസമ്മതിക്കുകയും വ്യത്യസ്ത സാമൂഹ്യവ്യവസ്ഥകൾ തമ്മിലുള്ള സഹവർത്തിത്വത്തിനു അനുകൂലമായി മുന്നോട്ടുവരികയും ചെയ്തിട്ടുണ്ട്. വിദേശനയത്തിന്റെ സമാ

> ധാനാത്മക തത്വങ്ങളാൽ മാർഗനിർദ്ദേശം ചെയ്യപ്പെടുന്ന ഇന്ത്യാഗവൺമെൻറ് ഏഷ്യയിൽ സമാധാനം നിലനിർത്തുകയും സാർവദേശീയ സംഘർഷം കുറയ്ക്കുകയും ചെയ്യുന്ന കാര്യത്തിൽ ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്.”

പിന്നോക്ക നിലയിലുള്ള സ്വതന്ത്ര രാജ്യങ്ങൾക്കു വൻകിട സാമ്രാജ്യശക്തികളുടെ നയത്തെ എതിർക്കാൻ കഴിയാതിരുന്ന ഒരു കാലമുണ്ടായിരുന്നു. സാമ്രാജ്യത്വ മേധാവികൾ ചവിട്ടുന്ന താളത്തിനൊത്തു തുള്ളാൻ അവ നിർബന്ധിക്കപ്പെട്ടിരുന്നു. എന്നാൽ, ഇന്നത്തെ സ്ഥിതി അതല്ല. ഒരു കൊച്ചുരാജ്യമായ അഫ്ഗാനിസ്ഥാനു പോലും വേണമെങ്കിൽ സാമ്രാജ്യ ശക്തികളുടെ കണ്ണുരുട്ടലുകളെ ഭയപ്പെടാതെ സ്വതന്ത്രമായി തലയുയർത്തി നിൽക്കാൻ കഴിയുമെന്നായിട്ടുണ്ട്. ക്ഷയിച്ചുവരുന്ന ഒരു മുതലാളിത്തച്ചേരിയോടു തൊട്ടു അടുത്തായി സോവിയറ്റ് യൂണിയൻറേയും ജനകീയ ചൈനയുടേയും നേതൃത്വത്തിൽ അനുദിനം ശക്തിപ്പെട്ടുവരുന്ന ഒരു സോഷ്യലിസ്റ്റ് ചേരിയും നിലനിൽക്കുന്നുണ്ടെന്നുള്ളതാണ് ഈ പുതിയ സംഭവ വികാസത്തിന്റെ അടിസ്ഥാനകാരണം. ഇന്ത്യയിലും ഇന്ത്യാഗവൺമെൻറിലുമുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളുടെ പിന്നിലും ഈ അടിസ്ഥാനകാരണമാണ് പ്രവർത്തിക്കുന്നതെന്നു കാണാം.

## IX

രണ്ടാം ലോകമഹായുദ്ധത്തിനുമുമ്പുണ്ടായിരുന്ന ലോകം ഇന്നു നിലനിൽക്കുന്നില്ല. ഇന്നുള്ളത് ഒരു പുതിയ ലോകമാണ്. പഴയ ഏഷ്യ ഇന്നു നിലനിൽക്കുന്നില്ല; ഇന്നുള്ളത് ഒരു പുതിയ ഏഷ്യയാണ്. രണ്ടാംലോക മഹായുദ്ധത്തിനുമുമ്പ് സാമ്രാജ്യത്വ ശക്തികളുടെ ചവിട്ടടിയിൽ കോളണികളായി കഴിച്ചുകൂട്ടിയ രാജ്യങ്ങൾ ഇന്ന് സ്വതന്ത്രങ്ങളായ വിദേശനയങ്ങൾ രൂപവൽക്കരിച്ചുകൊണ്ട് കൊളോണിയലിസത്തേയും യുദ്ധത്തേയും എതിർക്കാൻവേണ്ടി മുന്നോട്ടുവരുന്നു. വിദേശമൂലധനത്തിന്റെ പിടിയിൽ പെട്ടുകിടന്നിരുന്നവയും ഇപ്പോഴും വിദേശമൂലധനത്തിന്റെ പിടിയിൽ കിടക്കുന്നവയുമായ രാജ്യങ്ങൾ സ്വതന്ത്രമായ സാമ്പത്തിക വ്യവസ്ഥകൾ കെട്ടിപ്പടുക്കാൻ തുടങ്ങുന്നു. സാമ്രാജ്യത്വമേധാവിത്വത്തിന്റെ പിടിയിൽ നിന്നു സ്വതന്ത്രമായിക്കൊണ്ട് നിലനിൽക്കാനും വളരാനുമുള്ള സാധ്യതകളും സൗകര്യങ്ങളും പിന്നണിയിൽ കിടക്കുന്ന ചെറിയ ചെറിയ രാജ്യങ്ങൾക്കുപോലും കൈവന്നിരിക്കുന്നു. ലോകമുതലാളിത്തച്ചേരിയും ലോക സോഷ്യലിസ്റ്റ് ചേരിയും തമ്മിലും ലോക മുതലാളിത്തമാർക്കും ലോക സോഷ്യലിസ്റ്റ് മാർക്കും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ മൂർച്ഛിച്ചതിന്റെ ഫലമായിട്ടാണ് ഈ പുതിയ പരിത:സ്ഥിതികൾ ഉളവായിട്ടുള്ളത്.

പിന്നണി രാജ്യങ്ങളെ എന്നെന്നും പിന്നണി രാജ്യങ്ങളാക്കി നിലനിർത്തിക്കൊണ്ട് തങ്ങളുടെ ചൂഷണം തുടരാനാണ് സാമ്രാജ്യമേധാവികൾ പരിശ്രമിക്കുന്നത്. പക്ഷേ, ഈ പരിശ്രമം ചരിത്രഗതിക്കെതിരാണ്. എന്തെന്നാൽ, പിന്നണി രാജ്യങ്ങൾക്ക് എന്നെന്നും പിന്നണി രാജ്യങ്ങളായി നിലനിൽക്കുവാൻ കഴിയില്ല. സ്വതന്ത്രമായ നിലനിൽപ്പിനും സ്വതന്ത്രമായ വളർച്ചയ്ക്കും പിന്നോക്കനിലയവസാനിപ്പിച്ചേ മതിയാവൂ. പിന്നോക്ക നിലയവസാനിപ്പിക്കണമെങ്കിലോ, വ്യവസായവൽക്കരണം കൂടിയേ കഴിയൂ. വ്യവസായവൽക്കരണത്തിന്റെ കേന്ദ്രം വൻകിട വ്യവസായങ്ങളുടെ വളർച്ചയാണ്. വൻകിട വ്യവസായങ്ങളുടെ വളർച്ചയുടെ അടിസ്ഥാനത്തിലുള്ള വ്യവസായവൽക്കരണം മാത്രമാണ് ഇന്ത്യയെപ്പോലുള്ള പിന്നണി രാജ്യങ്ങളുടെ പിന്നോക്ക നിലയവസാനിപ്പിക്കാനുള്ള മാർഗം.

ഇത് സാമ്രാജ്യവാദികളുടേയും നാട്ടുവാഴികളുടേയും താൽപര്യങ്ങൾക്കെതിരാണ്. അതുകൊണ്ട്, പിന്നോക്ക നിലയവസാനിപ്പിക്കാനും സ്വതന്ത്രമായ സാമ്പത്തിക വ്യവസ്ഥകൾ കെട്ടിപ്പടുക്കാനും വേണ്ടിയുള്ള സമരം സാമ്രാജ്യത്വത്തിനും ഫ്യൂഡലിസത്തിനുമെതിരായ സമരമാണ്.

പിന്നണി രാജ്യങ്ങളിലെ തൊഴിലാളികൾക്കെന്നപോലെ മുതലാളികൾക്കും വ്യവസായവൽക്കരണമാവശ്യമാണ്. പക്ഷേ, ജനങ്ങളുടെയാകെ നന്മയ്ക്കും രാജ്യത്തിന്റെയാകെ സാമ്പത്തികാഭിവൃദ്ധിക്കും പറ്റിയതരത്തിലുള്ള വ്യവസായവൽക്കരണമല്ല, ജനങ്ങളെ അങ്ങേയറ്റം ചൂഷണം ചെയ്തുകൊണ്ട് സ്വന്തം ലാഭം മേൽക്കുമേൽ വർധിപ്പിക്കാനുതകുന്നതരത്തിലുള്ള വ്യവസായവൽക്കരണമാണ് അവരാഗ്രഹിക്കുന്നത്. ഇവിടെയാണ് പിന്നോക്ക നിലയവസാനിപ്പിക്കാനും സ്വതന്ത്രമായ സാമ്പത്തികവ്യവസ്ഥ കെട്ടിപ്പടുക്കാനും വേണ്ടിയുള്ള സമരത്തിൽ തൊഴിലാളി വർഗത്തിന്റെ മുൻകയ്യിൻറേയും നേതൃത്വത്തിന്റെയും പ്രാധാന്യം കിടക്കുന്നത്.

ക്ഷയിച്ചു ക്ഷയിച്ചുവരുന്ന മുതലാളിത്തച്ചേരിക്കെതിരായി, യുദ്ധപരിശ്രമങ്ങൾക്കും കൊളോണിയൽ മേധാവിത്വത്തിനുമെതിരായി, വളർന്നുവരുന്ന സോഷ്യലിസ്റ്റ് ചേരിയുടെ ഭാഗത്തുറച്ചു നിൽക്കുക; പിന്നോക്ക നിലയവസാനിപ്പിക്കാനും രാജ്യത്തിന്റെ സാമ്പത്തികവും സാമൂഹ്യവും സാംസ്കാരികവുമായ പുരോഗതി കൈവരുത്താനും വേണ്ടി നിലകൊള്ളുന്ന എല്ലാ ജനവിഭാഗങ്ങളേയും യോജിപ്പിച്ചണിനിരത്തി, മുതലാളിവർഗത്തിന്റെ പ്രതിലോമ നയങ്ങളെ എതിർത്തു തോൽപ്പിച്ച്, ഉൽപാദന വ്യവസ്ഥയിൽ സാമ്രാജ്യമേധാവികൾക്കും ഫ്യൂഡൽ നാട്ടുവാഴികൾക്കുമെതിരായ മൗലികമായ മാറ്റങ്ങൾ വരുത്തി, സ്വതന്ത്രമായ സാമ്പത്തികവ്യവസ്ഥ കെട്ടിപ്പടുത്തുകൊണ്ടു സോഷ്യലിസത്തിലേക്കു മുന്നേറുക-ഇതാണ് തൊഴിലാളിവർഗത്തിന്റെ മുമ്പിലുള്ള കടമ.

സോഷ്യലിസ്റ്റ് ചേരി മുന്നേറുകയാണ്. നേരെമറിച്ച്, സാമ്രാജ്യത്വച്ചേരി തകർച്ചയിലേക്കാണ് നീങ്ങുന്നത്. ലോകസോഷ്യലിസ്റ്റ് മാർക്കറ്റ് വളരുകയാണ്. നേരെമറിച്ച്, ലോക മുതലാളിത്ത മാർക്കറ്റ് കൂടുതൽ കൂടുതൽ കുഴപ്പങ്ങളിൽ ചെന്നു ചാടിക്കൊണ്ടിരിക്കുന്നു. ഈ വൈരുദ്ധ്യങ്ങളുടെ വളർച്ചയിൽ സോഷ്യലിസത്തിൻറേയും ജനാധിപത്യത്തിൻറേയും ശക്തികൾക്കനുകൂലമായ മാറ്റങ്ങളുണ്ടാവുകയെന്നത് സ്വാഭാവികം മാത്രമാണ്. ഈ സാഹചര്യങ്ങളിൽ ഓരോ രാജ്യത്തിൻറേയും പ്രത്യേക പരിതഃസ്ഥിതികളെ കണക്കിലെടുത്തുകൊണ്ട് സോഷ്യലിസത്തിലേക്കു മുന്നേറാനുള്ള സാധ്യത മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്തവിധം വർദ്ധിച്ചിരിക്കുന്നു.

സോഷ്യലിസം-അതായത് ഉൽപാദനോപകരണങ്ങളുടെ മേലുള്ള പൊതുവുടമ-മർദ്ദനങ്ങളേയും ചൂഷണങ്ങളേയും എന്നന്നേക്കുമായി അവസാനിപ്പിക്കും. ഒരു പിടി മടിയന്മാർ ഭൂരിപക്ഷക്കാരുടെ വിയർപ്പിന്മേൽ പരമാവധി ലാഭത്തിന്റെ മണിമാളികകൾ പണിയുന്ന സമ്പ്രദായത്തിനൊരറുതി വരുത്തിക്കൊണ്ട് സാമ്പത്തികക്കുഴപ്പങ്ങളേയും ആക്രമണയുദ്ധങ്ങളേയും നാമാവശേഷമാക്കും. ഉയർന്ന നിലവാരത്തിലുള്ള സാങ്കേതിക വൈദഗ്ധ്യത്തിന്റെ സഹായത്തോടുകൂടി ജനങ്ങളുടെ ഭൗതികവും സാംസ്കാരികവുമായ എല്ലാ ആവശ്യങ്ങളേയും അങ്ങേയറ്റം തൃപ്തിപ്പെടുത്താൻ കഴിയത്തക്കവണ്ണം വ്യവസായവും കൃഷിയും വിദ്യാഭ്യാസവും മേൽക്കുമേൽ വളർത്തിക്കൊണ്ട് രാജ്യത്തെ അഭിവൃദ്ധിയിലേക്കു നയിക്കും. സയൻസിന്റെ സഹായത്തോടുകൂടി പട്ടിണിയുടേയും രോഗത്തിൻറേയും അജ്ഞതയുടേയും

അന്ധകാരത്തിൻറേയും പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് ഓരോ വ്യക്തിക്കും സർവ തോന്മുഖമായ വളർച്ചയും പുരോഗതിയും നേടിക്കൊടുക്കും.

## X

പാശ്ചാത്യ രാജ്യങ്ങളിൽ മാത്രമെ മാർക്സിസം പ്രായോഗികമാവൂ എന്ന് ചിലർ വാദിച്ചു നടന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. 1917 ലെ റഷ്യൻ വിപ്ലവം ആ വാദം പൊളിച്ചുകളഞ്ഞു. അതോടെ വിമർശകന്മാരുടെ പ്ളേറ്റ് മാറി. റഷ്യയെപ്പോലെ വ്യാവസായികമായി പിന്നണിയിൽ കിടക്കുന്ന രാജ്യങ്ങളിൽ മാത്രമെ സോഷ്യലിസം വിജയിക്കുകയുള്ളു എന്നവർ വാദിക്കാൻ തുടങ്ങി. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം യൂറോപ്പിലെ വ്യാവസായിക രാജ്യങ്ങളിൽ മാർക്സിസം വിജയിച്ചു. വീണ്ടും പ്ലേറ്റ് മാറി. യൂറോപ്യൻ രാജ്യങ്ങളിൽ മാത്രമേ മാർക്സിസം വിജയിക്കുള്ളുവെന്നും ഏഷ്യൻ രാജ്യങ്ങൾക്ക് അതു പ്രായോഗികമല്ലെന്നുമുള്ള പ്രചാരവേലകളാരംഭിച്ചു. 60 കോടി ജനങ്ങൾ നിവസിക്കുന്ന ചൈന മഹത്തായ ഒരു വിപ്ലവത്തിലൂടെ സോഷ്യലിസത്തിലേക്ക് മുന്നേറിയതോടുകൂടി ആ പ്രചാരവേലയും പൊളിഞ്ഞു.

ഇന്നത്തെ വാദം ഇന്ത്യയിൽ ഗാന്ധിസം മാത്രമേ വിജയിക്കുകയുള്ളുവെന്നും മാർക്സിസം ആർഷഭാരതത്തിന്റെ മണ്ണിന് പറ്റുകയില്ലെന്നുമാണ്. ആ വാദവും പൊളിയാനാണു പോകുന്നത്. കാരണം, മാർക്സിസമെന്നത് ലോകത്തിലൊട്ടുക്കും സോഷ്യലിസവും കമ്മ്യൂണിസവും സ്ഥാപിക്കുന്നതിന്റെ ശാസ്ത്രമാണ്.

ഇരുപതാം നൂറ്റാണ്ട് മുതലാളിത്തത്തിന്റെയോ, ഗാന്ധിസത്തിന്റെയോ നൂറ്റാണ്ടല്ല. മാർക്സിസത്തിന്റെ നൂറ്റാണ്ടാണ്; ലോകത്തിലൊട്ടുക്കും സോഷ്യലിസവും കമ്മ്യൂണിസവും വിജയിക്കുന്ന നൂറ്റാണ്ടാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഒരു ലോകം മാത്രമേയുണ്ടായിരുന്നുള്ളു—ഒരു മുതലാളിത്തലോകം മാത്രം. ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ രണ്ടു ലോകങ്ങൾ പ്രത്യക്ഷപ്പെട്ടു—ഒരു മുതലാളിത്തലോകവും ഒരു സോഷ്യലിസ്റ്റ് ലോകവും. ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ വീണ്ടും ഒരു ലോകം മാത്രമേയുണ്ടാവുകയുള്ളു—ഒരു സോഷ്യലിസ്റ്റ് ലോകം മാത്രം. ചരിത്രത്തിന്റെ അപ്രതിരോധ്യമായ ഗതിക്രമമാണിത്.

നാലു ദശാബ്ദങ്ങൾക്കുമുമ്പ് തന്നെ, 1918-ൽ സഖാവ് ലെനിൻ അതിനുള്ള കാരണം വെളിപ്പെടുത്തുകയുണ്ടായി:

> "മാർക്സിസം അജയ്യമാണ്; കാരണം അത് സത്യമാണ്!" □

(1981 മാർച്ച്—മൂന്നാം പതിപ്പ്, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം)

# — 3 —

# വ്യക്തിയും പ്രസ്ഥാനവും

മനുഷ്യൻ നന്നായാലേ സമുദായം നന്നാവൂ എന്നും, സമുദായം നന്നായാലേ മനുഷ്യൻ നന്നാവൂ എന്നും പരസ്പരവിരുദ്ധങ്ങളായ രണ്ട് ചിന്താഗതികളുണ്ട്. ഒരു കൂട്ടർ വാദിക്കുന്നു; സമൂഹമെന്നത് വ്യക്തികളുടെ ആകെത്തുകയാണ്, അതുകൊണ്ട് സമൂഹത്തിന്റെ പൂർണത അതിലടങ്ങിയ വ്യക്തികളുടെ പൂർണതയെ ആശ്രയിച്ചിരിക്കും. 'വ്യക്തിത്വത്തിന്റെ സൗന്ദര്യം വളർത്തുക, സമുദായത്തിന്റെ വൈകൃതങ്ങളവസാനിച്ചുകൊള്ളും.' മറ്റേക്കൂട്ടർ മറുപടി പറയുന്നു: വ്യക്തി സമൂഹത്തിന്റെ ഒരു ഭാഗം മാത്രമാണ്. അതുകൊണ്ട് വ്യക്തിയുടെ പ്രശ്നത്തെ സാമൂഹ്യപ്രശ്നങ്ങളിൽ നിന്ന് ഒറ്റപ്പെടുത്തിയെടുക്കാൻ കഴിയില്ല. വ്യക്തിയുടെ വളർച്ച സമൂഹത്തിന്റെ വളർച്ചയെ ആശ്രയിച്ചിരിക്കുന്നു. പട്ടിണിയും തൊഴിലില്ലായ്മയും ചൂഷണവും അടിമത്തവും, അനുഭവിക്കുന്ന വ്യക്തിക്കു വളരാൻ കഴിയുകയില്ല. അതിനാൽ, ഇത്തരം സാമൂഹ്യവൈകൃതങ്ങളവസാനിപ്പിക്കുക, വ്യക്തിത്വം സൗന്ദര്യത്തിലേക്കും പൂർണതയിലേക്കും വികസിച്ചുകൊള്ളും.

## 1 എന്താണ് ശരി?

വ്യക്തിയുടെ മോചനത്തിലൂടെ സമുദായത്തിന്റെ മോചനം നേടാൻ ശ്രമിച്ച പല തത്വശാസ്ത്രങ്ങളും പ്രാചീനകാലം മുതൽക്കേ നിലനിന്നുപോന്നിട്ടുണ്ട്. യമനിയമാസനപ്രാണായാമപ്രത്യാഹാരധ്യാനധാരണസമാധികളിലൂടെയും അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചാര്യം, പരിഗ്രഹം എന്നിവയിലൂടെയും ചിത്തവൃത്തിനിരോധനം കൈവരുത്താനുപദേശിച്ച യോഗദർശനം ഈ ചിന്താഗതിയുടെ ഒരു മകുടോദാഹരണമാണ്.

എല്ലാത്തരം ദുഃഖങ്ങളുമവസാനിപ്പിച്ച് സുഖവും സംതൃപ്തിയും നേടാനുള്ള ഒരെളുപ്പവഴി ഭഗവത്ഗീത ചൂണ്ടിക്കാണിക്കുന്നു:

> ധ്യായതോ വിഷയാൻ പുംസഃ
> സംഗസ്തേഷൂപജായതേ,
> സംതാഗ്സംജായതേ കാമഃ
> കാമാത്ക്രോധോദ്ജായതേ
> ക്രോധാദ്ഭവതി സംമോഹഃ
> സംമോഹത് സ്മൃതിവിഭ്രമഃ

സ്മൃതിഭ്രംശാദ്ബുദ്ധിനാശോ
ബുദ്ധിനാശാത പ്രണശ്വതി.
രാഗദ്വേഷവിയുക്തൈസ്തു
വിഷയാനിന്ദ്രിയൈശ്വരൻ,
ആത്മവശ്യൈർവിധേയാത്മാ
പ്രസാധമേധിഗച്ഛതി.
പ്രസാരേ സർവ്വദുഃഖനാം
ഹാനീരസ്യോപജായതേ,
പ്രസന്നചേതാസോഹ്യാശു
ബുദ്ധിപർയ്യവതിഷ്ഠതേ.
(ഗീത, അധ്യായം 2, 62-65)

ജഗത് മിഥ്യയാണെന്നുവാദിച്ചവരെന്നപോലെതന്നെ പ്രപഞ്ചത്തിന്റെ വസ്തുനിഷ്ഠമായ നിലനിൽപ്പിൽ വിശ്വസിച്ചവരും, ജ്ഞാനയോഗികളെന്നപോലെതന്നെ കർമ്മയോഗികളും, വ്യക്തിയിലാണൂന്നിയത്. 'ബഹുജനഹിതായ ബഹുജനസുഖായ' എന്നുപദേശിച്ച ഗൗതമബുദ്ധൻ സർവ്വസംഗപരിത്യാഗികളായ ഭിക്ഷുക്കളുടെ സംഘമുണ്ടാക്കുകയാണ് ചെയ്തത്. ക്രിസ്തു, മുഹമ്മദ് മുതലായ മത പ്രവാചകൻമാരും മഹാത്മാഗാന്ധിയെപ്പോലുള്ള രാഷ്ട്രീയനേതാക്കൻമാരും വ്യക്തിയുടെ ഉത്കൃഷ്ടതകളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് സാമൂഹ്യപരിവർത്തനം നേടാൻ ശ്രമിച്ചവരാണ്. ഇതുകൊണ്ടൊന്നും യാതൊരു ഗുണവുമുണ്ടായിട്ടില്ലെന്നു പറഞ്ഞുകൂടാ. അവിടെയും ഇവിടെയുമായി അനേകം വ്യക്തികളിൽ ഉത്കൃഷ്ടതകളെ തട്ടിയുണർത്താൻ ഈ പ്രസ്ഥാനങ്ങൾക്ക് സാധിച്ചിട്ടുണ്ട്. പക്ഷേ, സമുദായത്തിന്റെയാകെ വൈകൃതങ്ങളവസാനിച്ചിട്ടില്ലെന്നതു തീർച്ചയാണ്. ബുദ്ധന്റെയും ക്രിസ്തുവിന്റെയും മുഹമ്മദിന്റെയും പേരിൽ സാർവലൗകികങ്ങളായ മതങ്ങൾ കെട്ടിപ്പടുക്കപ്പെട്ടു. കോടിക്കണക്കിലുള്ള ജനങ്ങൾ അവരുടെ അനുയായികളായിത്തീർന്നു. മഹാത്മാഗാന്ധി രാഷ്ട്രപിതാവായി വാഴ്ത്തപ്പെട്ടു. പക്ഷേ, അതോടൊപ്പം വ്യക്തിയുടെ ദുർഗ്ഗുണങ്ങളും സമുദായത്തിന്റെ വൈകൃതങ്ങളും അവസാനിച്ചുവോ? മതപ്രവാചകരുടെയും രാഷ്ട്രപിതാവിന്റെയും പേരുകൾ ഉച്ചത്തിലുച്ചരിച്ചുകൊണ്ട് കളവും കൊള്ളയും നടത്തി സ്വന്തം സ്വാർത്ഥം നേടാൻ ശ്രമിക്കുന്ന വ്യക്തികളുടെ എണ്ണം യഥാർഥത്തിൽ വർധിക്കുകയല്ലേ ചെയ്തിട്ടുള്ളത്?

ഇവിടെയാണ് രണ്ടാമത് പറഞ്ഞ ചിന്താഗതി തലയുയർത്തുന്നത്. ദുഃഗീയമായ സാമൂഹ്യസാഹചര്യങ്ങളിൽ മാനുഷികമായ ഉൽകൃഷ്ടതകൾക്കു വികസിക്കാൻ കഴിയില്ല. അതുകൊണ്ട്, ആദ്യം സാമൂഹ്യസാഹചര്യങ്ങളെ മാറ്റിമറിയ്ക്കുക. ഉൽപാദനോപകരണങ്ങൾ സ്വാകര്യസ്വത്തുടമയിലിരിക്കുന്നതിന്റെ ഫലമായുളവാകുന്ന പട്ടിണിയും തൊഴിലില്ലായ്മയും അസമത്വങ്ങളും ചൂഷണങ്ങളുമാണ് വ്യക്തിത്വത്തെ അരച്ചുചതയ്ക്കുന്നത്. അതുകൊണ്ട് മുതലാളിത്തമവസാനിപ്പിക്കുക. വ്യക്തിയെ പൂർണ്ണനാക്കാനുള്ള പരിശ്രമങ്ങൾകൊണ്ട് മുതലാളിത്തത്തിന്റെ ആഭ്യന്തരവൈരുധ്യങ്ങൾ നീക്കംചെയ്യാൻ സാധിക്കില്ല. നേരെമറിച്ച് മുതലാളിത്തമവസാനിപ്പിച്ചുകൊണ്ടുമാത്രമേ വ്യക്തിയെ പൂർണനാക്കാൻ കഴിയൂ. അതുകൊണ്ട് സോഷ്യലിസം സ്ഥാപിച്ച് സമുദായത്തെയാകെ, സമുദായത്തിലെ ചില വ്യക്തികളേയും സുഖത്തിലേയും സംതൃപ്തിയിലേക്കും ഉൽകൃഷ്ടതയിലേക്കും പരിപൂർണതയിലേക്കും നയിക്കുക.

## 2 ചില ചോദ്യങ്ങൾ

ഈ വാദത്തിനു മറുപടിയായി നാലു ചോദ്യങ്ങൾ ചോദിയ്ക്കപ്പെട്ടേയ്ക്കാം:-

**ഒന്ന്:** സാമൂഹ്യസാഹചര്യങ്ങൾ അനുകൂലമാകുന്നതുകൊണ്ടു മാത്രം വ്യക്തികൾ നന്നായിക്കൊള്ളുണമെന്നുണ്ടോ? ധാരാളം സ്വത്തുക്കളുള്ളവർക്കിടയിൽപ്പോലും സ്വാർത്ഥവും ക്രൂരതകളും കളവും കൊലപാതകങ്ങളും താന്തോന്നിത്തവും വ്യഭിചാരവും നടമാടാറില്ലേ?

**രണ്ട്:** മുതലാളിത്ത വ്യവസ്ഥയിൽ നല്ല വ്യക്തികളാരുമില്ലേ? ചൂഷണവും മർദ്ദനവുമനുഭവിക്കുന്ന ജനങ്ങൾക്കിടയിൽ നിന്നുപോലും നിസ്വാർത്ഥരും ത്യാഗശീലരുമായ വിപ്ലവകാരികളും സത്യസന്ധരായ മനുഷ്യസ്നേഹികളും ഉയർന്നുവരാറില്ലേ?

**മൂന്ന്:** സോഷ്യലിസം സ്ഥാപിക്കുന്നതുകൊണ്ടുമാത്രം വ്യക്തി നന്നായിക്കൊള്ളണമെന്നുണ്ടോ? സോഷ്യലിസ്റ്റ് വിപ്ലവത്തിനു നേതൃത്വം നൽകിയവരിലൊരാളായ സ്റ്റാലിൻപോലും സ്വന്തം വ്യക്തിപ്രഭാവത്തിൽ മതിമയങ്ങിക്കൊണ്ടു നിരപരാധരായ അനേകം മനുഷ്യരെ അന്യായമായും നിർദയമായും കൊലചെയ്യുകയും വ്യക്തിസ്വാതന്ത്ര്യത്തെ ഇടിച്ചമർത്തുകയും ചെയ്തില്ലേ? സ്റ്റാലിനുണ്ടെന്ന് ലെനിൻ തുറന്നുപറഞ്ഞ വ്യക്തിപരമായ ദുർഗുണങ്ങൾ സോഷ്യലിസ്റ്റ് വ്യവസ്ഥ ശക്തിപ്പെട്ടതിനുശേഷവും വർധിക്കുകയല്ലേ ചെയ്തത്?

**നാല്:** സാമൂഹ്യപരിവർത്തനങ്ങൾക്കുതന്നെ ഉന്നതൻമാരായ വ്യക്തികൾ ആവശ്യമില്ലേ? ബുദ്ധനും വിവേകാനന്ദനും നെപ്പോളിയനും ഗരിബാൾഡിയും ലെനിനും ഗാന്ധിയും അതുപോലെ മഹാൻമാരായ മറ്റുവ്യക്തികളല്ലേ സാമൂഹ്യപരിവർത്തനങ്ങൾക്കു നേതൃത്വം നൽകുകയും ചരിത്രത്തെ മാറ്റിമറിക്കുകയും ചെയ്തത്.

ഈ ചോദ്യങ്ങളോടൊപ്പംതന്നെ മാർക്സിസം-ലെനിനിസത്തിന്റെ നേർക്ക് ഇങ്ങനെ ചില ആക്ഷേപങ്ങൾ എടുത്തെറിയപ്പെടുകയും ചെയ്യുന്നു: മാർക്സിസത്തിൽ വ്യക്തിക്കു സ്ഥാനമില്ല. അതു സമുദായത്തിന്റെ പേരിൽ വ്യക്തിയെ ഇടിച്ചുതാഴ്ത്തുന്നു. സാമ്പത്തികശക്തികളാണ് മനുഷ്യന്റെ സ്വഭാവവിശേഷങ്ങളെ രൂപപ്പെടുത്തുന്നത് എന്നും സാമ്പത്തിക ഘടന മാറിയാൽ മനുഷ്യസ്വഭാവം തനിയെ മാറിക്കൊള്ളുമെന്നുള്ളതുമാണ് വാദിക്കുന്നത്. സാമൂഹ്യഘടനയെ മാറ്റിമറിയ്ക്കുന്ന ചരിത്രപുരുഷൻമാരെ അതവഗണിക്കുന്നു. മറ്റും മറ്റും.

## 3 മാർക്സിസത്തിന്റെ ദൃഷ്ടിയിൽ

ഈ ആരോപണങ്ങളിൽ എത്രത്തോളം കഴമ്പുണ്ട് എന്നാണ് ആദ്യം പരിശോധിക്കേണ്ടത്. ചരിത്രത്തിൽ വ്യക്തികൾ വഹിക്കുന്ന പങ്കിനെ മാർക്സിസം നിഷേധിക്കുന്നുണ്ടോ? വെറും സാമ്പത്തികഘടനയിലുണ്ടാകുന്ന മാറ്റങ്ങളാണ് മനുഷ്യസ്വഭാവത്തെ നിർണയിക്കുന്നത് എന്നും മുതലാളിത്തമവസാനിപ്പിച്ച് സോഷ്യലിസം സ്ഥാപിച്ചാൽ വ്യക്തികൾ സ്വയം നന്നായിക്കൊള്ളുമെന്നുമാണോ മാർക്സിസം വാദിക്കുന്നത്? തീർച്ചയായുമല്ല. മാർക്സ് പറഞ്ഞതിതാണ്:

> "മനുഷ്യർ തങ്ങളുടെ സ്വന്തം ചരിത്രം സൃഷ്ടിക്കുന്നു; പക്ഷേ, അവർ തങ്ങൾക്കു തോന്നുന്നതുപോലെ അതങ്ങു സൃഷ്ടിക്കുകയല്ല ചെയ്യുന്നത്. തങ്ങൾ സ്വയം തിരഞ്ഞെടുക്കുന്ന സാഹചര്യത്തിലല്ല, പിന്നെയോ നിർദിഷ്ടവും നേരിട്ടുകാണപ്പെടുന്നതും ഭൂത

കാലത്തിൽനിന്ന് ഉയർന്നുവന്നതുമായ സാഹചര്യത്തിലാണ് അവർ ചരിത്രം സൃഷ്ടിക്കുന്നത്."

## 4 വ്യക്തിപരമായ കഴിവുകളും സാമൂഹ്യവശങ്ങളും

അപ്പോൾ, മാർക്സിസം വ്യക്തികൾക്ക് സമുദായത്തിലുള്ള സ്ഥാനത്തെ നിഷേധിക്കുന്നില്ല. നേരെമറിച്ച്, ചില സവിശേഷഗുണങ്ങളും, സ്വഭാവവിശേഷങ്ങളും കഴിവുകളുമുള്ള വ്യക്തികൾ ചരിത്രത്തിന്റെ ഭാഗധേയത്തിൽ സ്വാധീനം ചെലുത്താൻ കഴിയുമെന്ന് അതുറപ്പിച്ചുപറയുന്നു. ചില പ്രത്യേക ഘട്ടങ്ങളിൽ ആ സ്വാധീനശക്തി വമ്പിച്ചതായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, ഇങ്ങിനെ സമുദായത്തിൽ സ്വാധീനം ചെലുത്താനുള്ള സാധ്യത വ്യക്തികളുടെ കഴിവുകളെയും ഗുണങ്ങളെയും മാത്രമല്ല ആശ്രയിച്ചിരിക്കുന്നത്. അത് സാമൂഹ്യഘടനയേയും സാമൂഹ്യശക്തികൾ തമ്മിലുള്ള ബന്ധങ്ങളെയും സാമൂഹ്യവളർച്ചയുടെ സാഹചര്യങ്ങളെയെല്ലാമാശ്രയിച്ചിരിക്കുന്നു.

മാർക്സിസത്തിന്റെ ഈ നിലപാടിനെ ലളിതമായ ഒരുദാഹരണം കൊണ്ട് പ്ലേഖനോവ് വിശദീകരിക്കുകയുണ്ടായി.

> "പ്രത്യേകപ്രതിഭയോടുകൂടിയ ഒരു മനുഷ്യന് അതുപയോഗിച്ച് സംഭവഗതികളിൽ ഗണ്യമായ സ്വാധീനം ചെലുത്താൻ കഴിയണമെങ്കിൽ രണ്ട് ഉപാധികൾ ആവശ്യമാണ്. ഒന്നാമതായി. ഈ പ്രതിഭ അയാളെ, മറ്റാരെക്കാളുമധികം, സാമൂഹ്യാവശ്യങ്ങളുമായി പൊരുത്തപ്പെടുത്തണം. സൈനികമായ സ്വന്തം പ്രതിഭാശക്തിക്കു പകരം സംഗീതത്തിലുള്ള ബീഥോവന്റെ കഴിവുകളാണ് നെപ്പോളിയനുണ്ടായിരുന്നതെങ്കിൽ അദ്ദേഹം ഒരു ചക്രവർത്തിയായിത്തീരുകയില്ല എന്നു തീർച്ചയാണ്. രണ്ടാമതായി, ഒരു നിർദിഷ്ട സന്ദർഭത്തിൽ ഉപയോഗകരവും അത്യാവശ്യവുമായിത്തീരുന്ന പ്രതിഭാശക്തി കൈവശമുള്ള മനുഷ്യനെ നിലവിലുള്ള സാമൂഹ്യഘടന തടഞ്ഞുനിർത്തരുത്. ഫ്രാൻസിന്റെ പഴയ സാമൂഹ്യഘടന ഒരെഴുപത്തഞ്ചുവർഷം കൂടി നിലനിന്നിരുന്നെങ്കിൽ അതേ നെപ്പോളിയൻ അജ്ഞാതനായ ഒരു ജനറൽ ആയി, വെറുമൊരു കേണൽബോണോപ്പാർട്ട് ആയി, മരിച്ചുപോകുമായിരുന്നു." (ദി റോൾ ഓഫ് ദി ഇൻഡിവിഡ്വൽ ഇൻ ഹിസ്റ്ററി എന്ന പുസ്തകത്തിൽ).

## 5 ബഹുജനങ്ങളുടെ പിൻബലം

എന്നാൽ, ഏതാനും വ്യക്തികൾക്ക്, അവർ എത്രതന്നെ മഹാൻമാരും പ്രതിഭാശാലികളും ഉൽകൃഷ്ടഗുണമുള്ളവരുമായിക്കൊള്ളട്ടെ, ബഹുജനങ്ങളുടെ പിൻബലമില്ലാതെ, ഒറ്റയ്ക്ക് സാമൂഹ്യപരിവർത്തനങ്ങളുണ്ടാക്കാൻ കഴിയില്ല. സംഭവങ്ങളുടെ ഉപരിതലത്തിൽ കാണപ്പെടുന്ന നേതാക്കൻമാർ ചരിത്രത്തിന്റെ പ്രേരകശക്തികളാണെന്നും അവരാണ് ചരിത്രത്തെ സൃഷ്ടിക്കുന്നത് എന്നും ചിലപ്പോൾ തോന്നിപ്പോയേക്കാം. പക്ഷേ, യഥാർഥത്തിൽ ബഹുജനങ്ങളാണ് സാമൂഹ്യപ്രവർത്തനങ്ങളുടെ പ്രേരകശക്തി. ബഹുജനങ്ങളാണ് ചരിത്രത്തിന്റെ ഗതി നിർണയിക്കുന്നത്. ഫ്രാൻസിൽ ഫ്യൂഡലിസം നശിപ്പിച്ച് മുതലാളിത്തം സ്ഥാപിച്ചത് റൂസോ, വോൾട്ടയാർ, റോബസ്പിയർ, മറോ തുടങ്ങിയ മഹാൻമാരായ ഏതാനും വ്യക്തികൾ മാത്രമല്ല. ലക്ഷക്കണക്കിനുള്ള സാധാരണക്കാരായ ബഹുജനങ്ങൾ പങ്കെടുത്തു നടത്തിയ ഒരു സാമൂഹ്യവിപ്ലവത്തിന്റെ ഫലമായിരുന്നു അത്. കൃഷിക്കാർ, പട്ടാളക്കാർ, ഇടത്തരക്കാർ മുതലായ വിഭാഗങ്ങളുമായി യോജിച്ചുകൊണ്ട്

തൊഴിലാളി ബഹുജനങ്ങൾ നടത്തിയ വിപ്ലവത്തിന്റെ ഫലമായിട്ടാണ് റഷ്യയിൽ സോഷ്യലിസം വിജയിച്ചത്. ബഹുജനങ്ങൾ നടത്തിയ ത്യാഗോജ്ജ്വലമായ സമരങ്ങളുടെ ഫലമായിട്ടാണ് ഇന്ത്യ സ്വതന്ത്രയായത്. വിപ്ലവസമരങ്ങളുടെ ഫലമായി അധികാരത്തിൽ വരുന്നത് ഏതു വർഗമായാലും ശരി, ഏതു നേതാക്കൻമാരായാലും ശരി, എല്ലായിടത്തും അവരുടെ പ്രേരകശക്തി ബഹുജനങ്ങളാണ് എന്നു കാണാം.

പക്ഷേ, അതേസമയത്തുതന്നെ ബഹുജനങ്ങൾ മാത്രമുണ്ടായാൽ പോരാ, അവരെ ലക്ഷ്യത്തിലേക്കു നയിക്കാൻ കെൽപുള്ള നേതാക്കൾ കൂടിയുണ്ടാവണം, ലെനിൻ ഉറപ്പിച്ചുപറഞ്ഞപോലെ, 'പ്രസ്ഥാനത്തെ സംഘടിപ്പിയ്ക്കാനും നയിക്കാനും കെൽപ്പുള്ള പരിപക്വരായ പ്രതിനിധികളേയും നേതാക്കൻമാരേയും സൃഷ്ടിയ്ക്കാത്ത ഒരൊറ്റ വർഗമെങ്കിലും ചരിത്രത്തിൽ ആധിപത്യം നേടിയിട്ടില്ല.'

## 6 ചരിത്രഘട്ടത്തിലെ നേതാക്കൻമാർ

സാമൂഹ്യപരിസ്ഥിതികളാലും സാമൂഹ്യശക്തികളുടെ പ്രവർത്തനങ്ങളാലും നിർണയിക്കപ്പെടുന്ന മുഖ്യകടമകളെന്തൊക്കെയാണെന്ന് മനസ്സിലാക്കിക്കൊണ്ട് ബഹുജനങ്ങളെ സംഘടിപ്പിയ്ക്കാനും ലക്ഷ്യത്തിലേക്കു നയിക്കാനും കഴിവുള്ള വ്യക്തികൾ ചരിത്രത്തിന്റെ ഓരോ ഘട്ടത്തിലും നേതാക്കൻമാരായി ഉയർന്നുവരുന്നു.

നേതാക്കൻമാരായിത്തീരുന്ന വ്യക്തികൾക്ക് ചില പ്രത്യേകമായ കഴിവുകളും ചില പ്രത്യേകമായ സ്വഭാവഗുണങ്ങളുമുണ്ടായിരിക്കും. അതുകൊണ്ടാണല്ലോ അവർ നേതാക്കൻമാരായി അംഗീകരിക്കപ്പെടുന്നത്. എന്നാൽ ഈ കഴിവുകളും സ്വഭാവഗുണങ്ങളും പ്രായോഗികരംഗത്തിൽ പ്രത്യക്ഷപ്പെടണമെങ്കിൽ അതിനു പറ്റിയ സാമൂഹ്യസാഹചര്യങ്ങളുണ്ടാവണം. അനുകൂലമായ സാഹചര്യങ്ങളില്ലെങ്കിൽ എത്രവലിയ പ്രതിഭാശാലിയ്ക്കും നേതാവായിത്തീരാൻ കഴിയില്ല.

ഇങ്ങനെ സാമൂഹ്യസാഹചര്യങ്ങൾക്കു യോജിച്ചമട്ടിൽ, പ്രത്യേകമായ സ്വഭാവഗുണങ്ങളും സാമൂഹ്യകടമകൾ നിറവേറ്റാനുള്ള കഴിവുകളുമുള്ളതിന്റെ ഫലമായി നേതൃത്വത്തിലേക്കുയരുന്ന വ്യക്തികൾ ബഹുജനങ്ങളാൽ ആദരിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്യുക സ്വാഭാവികമത്രേ. പക്ഷേ, അമിതമായ വീരാരാധന ചിലപ്പോൾ അപകടകരമായ പ്രത്യാഘാതങ്ങളുണ്ടാക്കിയെന്നു വരാം.

നേതാവ് അസാമാന്യമായ കഴിവുള്ളവനാണ്, ചരിത്രം സൃഷ്ടിക്കുന്നവനാണ്, ജനങ്ങളുടെ പ്രശ്നങ്ങളെല്ലാം പരിഹരിക്കാൻ കെൽപ്പുള്ളവനാണ്. മഹാനായ നേതാവിൽ അചഞ്ചലമായ വിശ്വാസമർപ്പിക്കുകയും അദ്ദേഹത്തിന്റെ നിർദേശങ്ങളെ അന്ധമായി അനുസരിക്കുകയും ചെയ്താൽമതി, എല്ലാം ശരിയായിക്കൊള്ളും. സാധാരണ മെമ്പർമാരോ ബഹുജനങ്ങളോ സ്വന്തമായി ചിന്തിക്കുകയോ പഠിക്കുകയോ മുൻകയ്യെടുത്ത് പ്രവർത്തിക്കുകയോ ചെയ്യേണ്ടതില്ല. എന്തെന്നാൽ സംഭവഗതികൾക്കു രൂപംകൊടുക്കേണ്ട ചുമതല ജനങ്ങൾക്കല്ല, നേതാവിനാണ്. തൊഴിലാളികൾക്കു വല്ല അടിയന്തിരാവശ്യങ്ങളുമുണ്ടോ? പ്രാദേശിക നേതാവ് ഫോണെടുത്ത് തൊഴിൽകാര്യമന്ത്രിയോട് സംസാരിച്ചാൽ മതി. ജന്മി കൃഷിക്കാരനെ ഒഴിപ്പിച്ചുവോ? സാരമില്ല. റവന്യൂമന്ത്രിയെ വിവരമറിയിക്കുക. പോലീസ് ഇൻസ്പെക്ടർ ആരെയെങ്കിലും മർദ്ദിച്ചുവോ? അതിനു പോലീസ് മന്ത്രിയുണ്ട്. മറ്റെന്തെങ്കിലും ആവശ്യമുണ്ടോ? എല്ലാ കാര്യങ്ങളും നേതാവിനോട് പറയുക— വ്യക്ത്യാരാധനയിൽ നിന്നും നേതൃപൂജയിൽ നിന്നും ഉളവാകുന്ന ഇത്തരം ചിന്താഗതികൾ സാമൂഹ്യജീവിതത്തെ മരവിപ്പിക്കുകയും വിപ്ലവ പ്രവർത്തനങ്ങളെ മന്ദീ

ഭവിപ്പിക്കുകയും മുൻകയ്യെടുത്തു പ്രവർത്തിക്കാനുള്ള ബഹുജനങ്ങളുടെ കഴിവിനെ നശിപ്പിക്കുകയും ചെയ്യും.

ചിലപ്പോൾ നേതാക്കൻമാർതന്നെ തങ്ങളുടെ സ്വന്തം വ്യക്തിത്വത്തിന് അമിതമായ പ്രാധാന്യം സ്വയം കൽപ്പിക്കാൻ തുടങ്ങിയെന്നുവരും. അനുയായികളുടെ ജയജയവിളികളും പത്രപംക്തികളിലെ പ്രസിദ്ധീകരണങ്ങളും നേതാക്കൻമാരെന്ന നിലയ്ക്ക് തങ്ങൾക്കുലഭിച്ചിട്ടുള്ള പ്രത്യേകാധികാരങ്ങളും അവരുടെ തലയ്ക്കു ലഹരിപിടിപ്പിച്ചുവെന്നുവരും. ബഹുജനങ്ങളുടെ ദൈനംദിനജീവിതത്തിൽ നിന്നും സമരാനുഭവങ്ങളിൽ നിന്നും തങ്ങൾക്കു യാതൊരു പാഠവും പഠിക്കാനില്ലെന്നും തങ്ങളാണ് ജനങ്ങളുടെ ഭാഗധേയം നിശ്ചയിക്കുന്നതെന്നും അവർ വിചാരിക്കുന്നു. അവസരം കിട്ടിയാൽ അവർ അസഹിഷ്ണുതയുടെയും ധാർഷ്ട്യത്തിന്റെയും കിരീടങ്ങളെടുത്തു ധരിക്കാൻ തുടങ്ങിയെന്നു വരും.

ഇതു കൂടുതൽ അപകടകരമായ പ്രത്യാഘാതങ്ങളുണ്ടാക്കും. എന്തുകൊണ്ടെന്നാൽ, ബഹുജനങ്ങൾക്കിടയിൽ ജീവിച്ചുകൊണ്ടും മർദനങ്ങളെ നേരിട്ടുകൊണ്ടും വിപ്ലവപ്രവർത്തനങ്ങൾ നടത്തിയിരുന്ന കാലത്ത് പത്തി താഴ്ത്തിക്കിടന്നിരുന്ന വ്യക്തിപരമായ ദുർഗുണങ്ങൾ പലതും വ്യക്തിപൂജയുടെ അന്തരീക്ഷത്തിൽ പതിൻമടങ്ങു ശക്തിയോടുകൂടി പുറത്തുവന്നുവെന്നുവരും.

## 7 സ്റ്റാലിനു പറ്റിയത്

അതാണ് സ്റ്റാലിന് സംഭവിച്ചത്. തൊഴിലാളിവർഗ്ഗത്തോടും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തോടുമുള്ള കൂറ്, അഗാധമായ താത്വികജ്ഞാനം, ബഹുജനങ്ങളെ സംഘടിപ്പിക്കാനും അവരുടെ സമരങ്ങൾക്ക് നേതൃത്വം നൽകുവാനുമുള്ള അസാമാന്യമായ കഴിവ്, ഊർജ്ജസ്വലമായ മനശ്ശക്തി എന്നിങ്ങനെ പല സത്ഗുണങ്ങളുണ്ടായിരുന്നതുകൊണ്ടാണ് സ്റ്റാലിൻ ഒരനിഷേധ്യനേതാവായിത്തീർന്നത്. പക്ഷേ, ഈ ഗുണങ്ങളോടൊപ്പംതന്നെ മറ്റുള്ളവരുടെ അഭിപ്രായങ്ങളോടുള്ള അസഹിഷ്ണുത, പ്രവർത്തകൻമാരെപ്പറ്റിയുള്ള അനാരോഗ്യകരമായ ദുശ്ശങ്കകൾ, ധാർഷ്ട്യം, നിർദ്ദയത, നേതൃത്വഭ്രമം എന്നിങ്ങനെയുള്ള ദുർഗ്ഗുണങ്ങളുണ്ടായിരുന്നു. ആദ്യകാലത്ത് ഉപരിതലത്തിലേക്കു പൊന്തിവരാൻ മടിച്ച ഈ ദുഃസ്വഭാവങ്ങൾ വ്യക്തിപൂജയുടെ അന്തരീക്ഷത്തിൽ ഊക്കോടെ പുറത്തുചാടാൻ തുടങ്ങി. തൽഫലമായി സോഷ്യലിസ്റ്റ് സമുദായത്തിന്റെ പുരോഗതിക്ക് വലിയ ഹാനി നേരിടുകയും ചെയ്തു.

## 8 സാമൂഹ്യമായ നിലനിൽപ്പും വ്യക്തിപരമായ നിലനിൽപ്പും

അപ്പോൾ, വ്യക്തിയുടെ വളർച്ചയെ തടഞ്ഞുനിർത്തുകയും മാനുഷികങ്ങളായ ഉൽകൃഷ്ടതകളെ വരിഞ്ഞുകെട്ടുകയും ചെയ്യുന്ന പ്രതികൂലസാഹചര്യങ്ങളെ തള്ളിനീക്കാൻ സോഷ്യലിസ്റ്റ് വ്യവസ്ഥയ്ക്ക് സാധിക്കുമെന്നു പറയുന്നത് ശരിയാണ്. എന്നാൽ ബഹുജനസമരങ്ങൾക്കു ധീരവും ക്രിയാത്മകവുമായ നേതൃത്വം നൽകുകയും പങ്കെടുക്കുകയും ചെയ്തുവെന്നതുകൊണ്ടു മാത്രം മനുഷ്യൻ സൽഗ്ഗുണസമ്പന്നനായിത്തീർന്നുകൊള്ളണമെന്നില്ല.

വ്യക്തി സമുദായത്തിന്റെ ഭാഗമാണെന്നുള്ളതു ശരിതന്നെ. പക്ഷേ, സമൂഹത്തിന്റെ യാന്ത്രികമായ ഒരു ഘടകമല്ല. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, വ്യക്തിക്ക് സാമൂഹ്യമായ നിലനിൽപ്പു മാത്രമല്ല, വ്യക്തിപരമായ നിലനിൽപ്പുമുണ്ട്. വ്യക്തിയുടെ ശരീരഘടനയിലും മാനസികഘടനയിലും ജീവിതരീതിയിലുമെല്ലാം സാമൂഹ്യജീവിതത്തിന്റെ സ്വാധീനം കാണാൻ കഴിയുമെന്നുള്ളതു ശരിയാണ്.

പക്ഷേ, അതേസമയത്തുതന്നെ, അവ വ്യക്തിപരം കൂടിയാണ്. വ്യക്തിയുടെ ആത്മനിഷ്ഠമായ ആശയാഭിലാഷങ്ങൾ, വികാരവിചാരങ്ങൾ, ഇഷ്ടാനിഷ്ടങ്ങൾ, അഭിപ്രായഗതികൾ, വീക്ഷണഗതികൾ, ജ്ഞാനത്തിന്റെയും ബോധത്തിന്റെയും നിലവാരം, ധാർമികബോധം, പ്രവർത്തനരീതികൾ മുതലായവയെല്ലാം സാമൂഹ്യ ജീവിതത്തിലും സ്വാധീനം ചെലുത്തുന്നു. വിപ്ലവപ്രസ്ഥാനങ്ങളിൽ പങ്കെടുക്കുകയും നേതൃത്വത്തിലേക്കുയരുകയും ചെയ്തുവെന്നതുകൊണ്ടു മാത്രം വ്യക്തിപരമായ ഈ സ്വഭാവവിശേഷങ്ങൾ അന്തർധാനം ചെയ്യുകയില്ല. ചിലപ്പോൾ അവ പ്രകാശി പ്പിക്കാൻ കഴിയാതെ മങ്ങിക്കിടന്നു എന്നുവരാം. മറ്റുചിലപ്പോൾ ഊക്കോടുകൂടി ഉപരിതലത്തിലേക്കു പൊന്തിവന്നുവെന്നും വരാം.

## 9 വ്യക്തിയുടെ താൽപര്യങ്ങളും സമുദായത്തിന്റെ താൽപര്യങ്ങളും

ഇത്തരം സ്വഭാവവിശേഷങ്ങളുൾക്കൊള്ളുന്ന വ്യക്തിയുടെ താൽപര്യങ്ങളും സമൂഹ ത്തിന്റെ താൽപര്യങ്ങളും തമ്മിൽ ചിലപ്പോൾ വൈരുദ്ധ്യങ്ങളുണ്ടായെന്നു വരും. വ്യക്തിയുടെ ലക്ഷ്യങ്ങളും സമുദായത്തിന്റെ ലക്ഷ്യങ്ങളും തമ്മിൽ സംഘട്ടനങ്ങളു ണ്ടായേയ്ക്കും. അത്തരം ഘട്ടങ്ങളിൽ, സമൂഹത്തിന്റെ താൽപര്യങ്ങളോടു നീതികാ ണിക്കാൻ കഴിയാത്ത വ്യക്തി നേതൃത്വത്തിൽ നിന്നു പുറന്തള്ളപ്പെടും; അല്ലെങ്കിൽ ബഹുജനങ്ങളും സമൂഹത്തിന്റെ താൽപര്യങ്ങൾ വ്യക്തിയുടെ താൽപര്യങ്ങൾക്കു വേണ്ടി ബലികഴിക്കപ്പെടും. വ്യക്തി തന്റെ സങ്കുചിതസ്വാർത്ഥതകൾക്കു വേണ്ടി പ്രസ്ഥാനത്തെ ഉപയോഗപ്പെടുത്തും.

ചിലപ്പോൾ, ഈ വൈരുദ്ധ്യങ്ങൾ അത്ര പ്രകടമായെന്നു വരില്ല. വ്യക്തി യുടെ ഉദ്ദേശവും, ജനങ്ങളുടെ ഉദ്ദേശങ്ങളും തമ്മിൽ വ്യത്യാസമൊന്നുമില്ലെന്നു തോന്നും. ഉദാഹരണത്തിന്, ഏതെങ്കിലുമൊരു പ്രദേശത്തെ ജനങ്ങൾക്ക് ഒരു പള്ളിക്കൂടമോ, റോഡോ കിട്ടാൻ വേണ്ടി നേതാവു മുൻകയ്യെടുത്തു പരിശ്രമിക്കുന്നു. തീർച്ചയായും ജനങ്ങളുടെ ആവശ്യങ്ങളാണവ. കഷ്ടപ്പെടുന്ന ജനവിഭാഗങ്ങളുടെ ആവശ്യങ്ങൾ നേടാൻ വേണ്ടി നേതാവ് പ്രക്ഷോഭങ്ങളും സമരങ്ങളും നയിക്കുന്നു. പക്ഷേ, ഇതെല്ലായ്പോഴും നിസ്വാർത്ഥമായ പ്രവർത്തനമായിക്കൊള്ളണമെന്നില്ല. നേതാവിന്റെ ഒരു കണ്ണ് ജനങ്ങളുടെ കഷ്ടപ്പാടിലായിരിക്കും, മറ്റേക്കണ്ണ് വോട്ടുപെ ട്ടിയിലും! ഒരു തരം ഇരട്ട ക്കുറാണിത്. പ്രസ്ഥാനത്തിന്റെ താൽപര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നു. അതേസമയത്തു തന്നെ സ്വന്തം കാര്യം നേടാൻ നോക്കുകയും ചെയ്യുന്നു. പക്ഷേ, ചിലപ്പോൾ വ്യക്തിയുടെ താൽപ്പര്യങ്ങൾക്കു മുൻതൂക്കം നൽക പ്പെടുന്നു. അത്തരം സന്ദർഭങ്ങളിലാണ് വൈരുദ്ധ്യം പ്രകടമായിത്തീരുക.

## 10 സാമൂഹ്യവും സംഘടനാപരവുമായ നടപടികൾ

അപ്പോൾ, സാമൂഹ്യജീവിതവും സാമൂഹ്യസാഹചര്യങ്ങളുമാണ് വ്യക്തിയുടെ സ്വ ഭാവഗുണങ്ങളെ രൂപപ്പെടുത്തുന്നത് എന്ന വാദം സത്യത്തിന്റെ ഒരു വശം മാ ത്രമാണ്. സാഹചര്യങ്ങൾ മനുഷ്യന്റെ വളർച്ചയെ സഹായിക്കുക മാത്രമാണ് ചെയ്യുന്നത്. എന്നാൽ ഓരോ പ്രത്യേക സാഹചര്യത്തിലും എന്തു നിലപാട് കൈ ക്കൊള്ളണമെന്ന് സ്വന്തം ഇഷ്ടം അനുസരിച്ച് തീരുമാനിക്കാൻ അയാൾക്ക് സാ ധിക്കുന്നു. സാമൂഹ്യസാഹചര്യങ്ങളാലും സാമൂഹ്യകടമകളാലും നിർണ്ണയിക്കപ്പെടു ന്ന ധാർമ്മികമൂല്യങ്ങളെന്നനിലയ്ക്ക് സ്വീകരിയ്ക്കാനോ സ്വീകരിയ്ക്കാതിരിക്കാനോ വ്യ ക്തിക്കു സാധിച്ചുവെന്നു വരും. അതുകൊണ്ട്, ധാർമികമൂല്യം ഒരു സാമൂഹ്യപ്രശ്നം

മാത്രമല്ല, വ്യക്തിപരമായ പ്രശ്നം കൂടിയാണ്. ഈ അവസ്ഥയെ ഉൽകൃഷ്ടതയിലേക്കും പൂർണ്ണതയിലേക്കും നയിക്കണമെങ്കിൽ സാമൂഹ്യമായ സമീപനം മാത്രം പോരാ, വ്യക്തിപരമായ സമീപനം കൂടി വേണം.

ബഹുജനങ്ങൾക്കു മുൻകയ്യെടുത്തുപ്രവർത്തിക്കാനുള്ള അന്തരീക്ഷമുണ്ടാക്കുക, നയപരിപാടികൾ രൂപവൽക്കരിക്കുന്ന കാര്യത്തിൽ സാധാരണ മെമ്പർമാർക്കുള്ള അവകാശം നടപ്പിൽവരുത്തുക, ജനാധിപത്യതത്വങ്ങളെ കാര്യക്ഷമമായി നടപ്പിൽവരുത്തുക, ജനങ്ങളുമായുള്ള ദൈനംദിനബന്ധങ്ങൾ സുദൃഢമാക്കുക, ചുവട്ടിൽ നിന്നുള്ള വിമർശനങ്ങൾക്ക് പ്രോത്സാഹനം നൽകുക, പരസ്പരം സഹകരിച്ചുകൊണ്ടുള്ള കൂട്ടായ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തിപരമായ ഉത്തരവാദിത്വം നടപ്പിലാക്കുക, ഏതെങ്കിലും വ്യക്തികളുടെ കയ്യിൽ അമിതമായ അധികാരങ്ങൾ കേന്ദ്രീകരിക്കുന്നതിനെ തടയുക, ചുവട്ടിലുള്ള പ്രവർത്തകൻമാർക്ക് നേതാക്കൻമാരായി ഉയരാനുള്ള സൗകര്യങ്ങളും സാഹചര്യങ്ങളുമുണ്ടാക്കുക, വ്യക്തികളുടെ സ്വഭാവഗുണങ്ങളെ വളർത്താൻ പറ്റിയ പെരുമാറ്റച്ചട്ടങ്ങളുണ്ടാക്കുകയും ആ ചട്ടങ്ങൾക്കനുസരിച്ച് ജീവിതത്തെ ക്രമീകരിക്കുകയും ചെയ്യുക— സാമൂഹ്യവും സംഘടനാപരവുമായ ഇത്തരം നടപടികളുടെ പ്രാധാന്യത്തെ ഒരിക്കലും കുറച്ചുകാണാൻ പാടില്ല, പക്ഷേ, അതോടൊപ്പം തന്നെ വ്യക്തിപരമായ സമീപനത്തിനും പ്രാധാന്യം നൽകേണ്ടതാവശ്യമാണ്.

സമൂഹത്തിന്റെ ലക്ഷ്യവും വ്യക്തിയുടെ ലക്ഷ്യവും തമ്മിൽ പൊരുത്തമുണ്ടാവുകയെന്നതാണ് ഏറ്റവും പ്രധാനമായ കാര്യം. ഇതിന് സമൂഹത്തിന്റെ ലക്ഷ്യമെന്താണെന്നതിനെപ്പറ്റിയുള്ള ബോധമുണ്ടായാൽ മാത്രം പോരാ. ആ ലക്ഷ്യം എങ്ങിനെ നേടണമെന്നതിനെപ്പറ്റിയും വ്യക്തമായ ബോധമുണ്ടായിരിക്കണം. സോഷ്യലിസമാണ് ലക്ഷ്യം എന്നു പറഞ്ഞാൽ പോരാ. വ്യക്തിയുടെ ദൈനംദിന പ്രവർത്തനങ്ങൾ ആ ലക്ഷ്യം നേടാൻ എങ്ങനെ സഹായകരമായിത്തീരുമെന്നതിനെ സംബന്ധിച്ചും വ്യക്തമായ ബോധമാവശ്യമാണ്.

## 11 ഉൽകൃഷ്ടഗുണങ്ങൾക്കുവേണ്ടിയുള്ള സമരം

സോഷ്യലിസത്തിലേക്കുള്ള പ്രയാണത്തിൽ ജനങ്ങൾക്കുണ്ടായിരിക്കേണ്ട ഒഴിച്ചുകൂടാൻ വയ്യാത്ത സ്വഭാവഗുണങ്ങൾ എന്തൊക്കെയായിരിക്കണമെന്നതിനെ സംബന്ധിച്ച ബോധവും അത്രതന്നെ പ്രധാനമാണ്. നയിക്കുക എന്നുവച്ചാൽ സർക്കുലറയയ്ക്കുക എന്നുമാത്രമല്ല അർത്ഥം. മഹത്തായ ഒരു ലക്ഷ്യത്തിന്റെ സൗന്ദര്യം ബഹുജനങ്ങളുടെ ഹൃദയത്തിലേക്ക് പകർന്നുകൊടുക്കുകയും ആ ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിയ്ക്കാനുള്ള ആവേശവും കഴിവും ത്യാഗബോധവും അവരിലുളവാക്കുകയും ചെയ്യുക എന്നുകൂടി അതിനർത്ഥമുണ്ട്. ബൗദ്ധികവും ധാർമ്മികവുമായ പാപ്പരത്തത്തിൽ കഴിഞ്ഞുകൂടുന്ന നേതാക്കൻമാർക്ക് ഈ കടമ നിറവേറ്റാൻ കഴിയില്ല. ലക്ഷ്യത്തോട് അചഞ്ചലമായ കൂറും പ്രസ്ഥാനത്തിന്റെ താൽപര്യങ്ങൾക്കുവേണ്ടി വ്യക്തിപരമായ താൽപര്യങ്ങൾ ബലികഴിക്കാനുള്ള ത്യാഗബോധവും മാർക്സിസത്തിലുള്ള അടിയുറച്ച വിശ്വാസവും അറിവുവർദ്ധിപ്പിക്കാനുള്ള പരിശ്രമശീലവും ഉന്നതാദർശങ്ങളും ഉയർന്ന സൻമാർഗ്ഗിക സാംസ്കാരിക നിലവാരങ്ങളും, വിനയം, സത്യസന്ധത മുതലായ സ്വഭാവവിശേഷങ്ങളും എല്ലാമുള്ള വ്യക്തികൾക്കേ സോഷ്യലിസം പോലുള്ള മഹത്തായ ഒരു ലക്ഷ്യത്തിലേക്ക് ജനങ്ങളെ ഫലപ്രദമായി നയിക്കാൻ കഴിയുകയുള്ളൂ.

അങ്ങിനെ, സോഷ്യലിസത്തിനുവേണ്ടിയുള്ള സമരം ഉൽകൃഷ്ടഗുണങ്ങളോടു കൂടിയ മനുഷ്യരെ രൂപപ്പെടുത്താൻ വേണ്ടിയുള്ള സമരമായിത്തീരുന്നു. കൂലിയ്ക്കും നിലത്തിനും മറ്റടിയന്തിരാവശ്യങ്ങൾക്കും വേണ്ടിയുള്ള സമരങ്ങൾ സ്വഭാവശുദ്ധിക്കു വേണ്ടിയുള്ള സമരത്തിന്റെ അവിഭാജ്യഭാഗമായിത്തീരുന്നു. □

(നവയുഗം വാർഷിക പതിപ്പ്, 1962)

# 4
# സ്ത്രീയും പുരുഷനും

സ്ത്രീയും പുരുഷനും തമ്മിലുള്ള ലൈംഗികവും ജൈവശാസ്ത്രപരവുമായ ബന്ധങ്ങൾ മനുഷ്യസമുദായത്തിന്റെ ആരംഭം മുതൽക്കുതന്നെ നിലനിന്നുപോന്നിട്ടുണ്ട്. പക്ഷേ, ആ ബന്ധങ്ങൾ എല്ലായ്പ്പോഴും എല്ലായിടത്തും ഒരുപോലെയായിരുന്നിട്ടില്ല. ചരിത്രത്തിലുണ്ടായ മാറ്റങ്ങൾക്കനുസരിച്ച് സ്ത്രീപുരുഷബന്ധത്തിലും മാറ്റങ്ങളുണ്ടായിട്ടുണ്ട്. സമുദായത്തിലെ ഭൗതികോൽപ്പാദനശക്തികളുടെ വളർച്ച, മറ്റെല്ലാ സാമൂഹ്യസ്ഥാപനങ്ങളെയുമെന്നപോലെ കുടുംബബന്ധങ്ങളെയും മാറ്റിമറിച്ചിട്ടുണ്ട്. അതുകൊണ്ട് സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധം ശാരീരികവും ജൈവശാസ്ത്രപരവുമായ ബന്ധം മാത്രമല്ല, സാമൂഹ്യവും ചരിത്രപരവുമായ ബന്ധം കൂടിയാണ്.

## 1 സ്ത്രീപുരുഷ ബന്ധത്തിൽ ഉണ്ടായ മാറ്റങ്ങൾ

പത്തൊമ്പതാം നൂറ്റാണ്ടിലെ ഒരു സുപ്രസിദ്ധ സാമൂഹ്യശാസ്ത്രഗവേഷകനായിരുന്ന ലൂയി മോർഗൻ പ്രാചീന മനുഷ്യരുടെ കുടുംബബന്ധങ്ങളെ സസൂക്ഷ്മം പരിശോധിച്ചുകൊണ്ട് വിലപിടിച്ച ചില പൊതുതത്വങ്ങൾ ഉന്നയിക്കുകയുണ്ടായി. മനുഷ്യസമുദായത്തിന്റെ ആരംഭത്തിൽ പ്രോമിസ്ക്വിറ്റി എന്ന പേരിലറിയപ്പെട്ടിരുന്ന അനിയന്ത്രിത ലൈംഗികബന്ധമാണുണ്ടായിരുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ഈ ഘട്ടത്തിൽ കുടുംബം അതിന്റെ ശരിയായ അർത്ഥത്തിൽ ആവിർഭവിച്ചുകഴിഞ്ഞിരുന്നില്ല. ലൈംഗികബന്ധത്തിൽ സാമൂഹ്യമായ യാതൊരു നിയന്ത്രണവുമുണ്ടായിരുന്നില്ല. സഹോദരനും സഹോദരിയും തമ്മിലുള്ള ബന്ധം പോലും നിഷിദ്ധമായിരുന്നില്ല. മൃഗങ്ങളുടേതിൽ നിന്നും വ്യത്യസ്തമല്ലാത്ത ഒരുതരം സ്ത്രീ പുരുഷബന്ധമായിരുന്നു അത്.

അതിനുശേഷം ചരിത്രപരമായ വളർച്ചയുടെ ഫലമായി സ്ത്രീപുരുഷബന്ധം ഒന്നിനുശേഷം മറ്റൊന്നായി രക്തബന്ധവിവാഹം, പുനാലുവൻ വിവാഹം, ദ്വന്ദ്വ വിവാഹം, പെടിയാർക്കൽ കുടുംബം, മോണോഗമി അല്ലെങ്കിൽ ഏകപത്നീവ്യവസ്ഥ എന്നിങ്ങനെ അഞ്ചു മുഖ്യരൂപങ്ങൾ കൈക്കൊണ്ടിട്ടുണ്ടെന്നും അനേകം ഉദാഹരണങ്ങളോടുകൂടി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ഇങ്ങിനെ വ്യത്യസ്തങ്ങളായ പല രൂപങ്ങളെയും പിന്നിട്ടുകൊണ്ടാണ് സ്ത്രീപുരുഷബന്ധം ആധുനികകുടുംബവ്യവസ്ഥയിലെത്തിച്ചേർന്നത് എന്ന് വ്യക്തമാക്കിക്കൊണ്ട് അദ്ദേഹം എഴുതുന്നു:

"തുടരെത്തുടരെ നാല് വിവാഹരീതികൾ ഉയരുകയും നശിക്കുകയും ചെയ്തു. ഇപ്പോൾ നാം അഞ്ചാമത്തേതായ ഒന്നിലെത്തിയിരിക്കുന്നുവെന്ന പരമാർത്ഥം സ്വീകരിച്ചുകഴിഞ്ഞാൽപ്പിന്നെ വരുന്ന ചോദ്യം ഇതാണ്. ഈ അഞ്ചാമത്തെ രീതി ഭാവിയിലെന്നും ശാശ്വതമായി നിൽക്കുമോ? ഇതിന് ഒരൊറ്റ മറുപടിയേയുള്ളു. മനുഷ്യസമുദായം വളരുന്നതോടൊപ്പം വിവാഹരീതിയും വളരുകതന്നെ ചെയ്യും. ഇതേവരെയെന്നപോലെ ഇനിയും മനുഷ്യസമുദായം മാറുന്നതോടൊപ്പം വിവാഹരീതിയും മാറും. മനുഷ്യസമുദായ ചരിത്രം പരിഷ്കാര കാലഘട്ടത്തിൽ പ്രവേശിച്ചതു മുതൽക്ക് ഏകഭാര്യത്വത്തിലും ഏകഭർത്രുത്വത്തിലും വളരെ വമ്പിച്ച പരിഷ്കാരങ്ങൾ വന്നിട്ടുണ്ട്. ഈ പരിഷ്കാരം അടുത്തകാലത്തായി വളരെ യുക്തിയുക്തമായ നിലയിൽ പുരോഗമിക്കുന്നുമുണ്ട്. ആ സ്ഥിതിക്ക് അതിലിനിയും പരിഷ്കാരം വരുമെന്നും പൂർണമായ സ്ത്രീപുരുഷസമത്വം സ്ഥാപിക്കപ്പെടുമെന്നും കരുതുന്നതിൽ തെറ്റില്ല."

## 2 മാറ്റങ്ങളുടെ അടിസ്ഥാനം

കുടുംബത്തിന്റെ ഉത്ഭവം എന്ന തന്റെ ഗ്രന്ഥത്തിൽ ഏംഗെൽസ് സ്ത്രീപുരുഷബന്ധത്തിലുണ്ടായ മാറ്റങ്ങളെ സവിസ്തരം പരിശോധിക്കുന്നുണ്ട്. ഉൽപാദനശക്തികളുടേയും ഉൽപാദന ബന്ധങ്ങളുടേയും മാറ്റങ്ങളുടെ ഫലമായിട്ടാണ് സ്ത്രീപുരുഷബന്ധത്തിന്റെ രൂപങ്ങളിൽ മാറ്റമുണ്ടായത് എന്നദ്ദേഹം വ്യക്തമാക്കുന്നു. ഉൽപാദനശക്തികളുടെ വളർച്ചയുടെ ഫലമായിട്ടാണ് കാടത്തത്തിൽ കഴിച്ചുകൂട്ടിയിരുന്ന മനുഷ്യർ അപരിഷ്കൃതത്വത്തിലൂടെ പരിഷ്കാരയുഗത്തിലേക്ക് മുന്നേറിയത് എന്നും ഈ ഓരോഘട്ടത്തിലും പ്രത്യേകം പ്രത്യേകം സ്ത്രീപുരുഷബന്ധങ്ങളുണ്ടായിരുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.

ചരിത്രത്തിലെ ആരംഭഘട്ടം പ്രാകൃത കമ്മ്യൂണിസം എന്നപേരിലാണറിയപ്പെടുന്നത്. ലോകത്തിലെല്ലായിടത്തും ഇത്തരമൊരു ഘട്ടത്തിലൂടെ സമുദായം കടന്നുപോയിട്ടുണ്ട്. ഈ ഘട്ടത്തിലെ ഉൽപാദനബന്ധങ്ങളുടെ അടിസ്ഥാനം ഉൽപാദനോപകരണങ്ങളുടെ മേലുള്ള പൊതുവുടമാവകാശമായിരുന്നു.

മൃഗങ്ങളെ വേട്ടയാടൽ, മീൻപിടിക്കൽ, പ്രാകൃതമായ കൃഷിപ്രവൃത്തി, മൃഗങ്ങളെ പോറ്റിവളർത്തൽ ഇങ്ങനെ പടിപടിയായി ഉൽപാദനരീതി വളർന്നുപോന്ന ഒരു നീണ്ടകാലഘട്ടമായിരുന്നു അത്.

ഈ ഘട്ടത്തിന്റെ തന്നെ ആരംഭകാലവും അവസാനകാലവും ഒരു പോലെയായിരുന്നില്ല. ആരംഭത്തിൽ ഫലമൂലങ്ങൾ ശേഖരിക്കൽ, പ്രാകൃതരീതിയിലുള്ള വേട്ടയാടലും, മീൻപിടിത്തവും ഇതായിരുന്നു സാമ്പത്തികവ്യവസ്ഥയുടെ അടിസ്ഥാനം. സ്ത്രീകൾ ഫലങ്ങൾ ശേഖരിക്കും. പുരുഷൻമാർ വേട്ടയാടും. മീൻപിടുത്തമാകട്ടെ രണ്ടുകൂട്ടരും നടത്തും.

ഈ ഘട്ടത്തിൽ സ്ത്രീപുരുഷന്മാർക്കു സമുദായത്തിൽ തുല്യമായ അവകാശങ്ങളാണുണ്ടായിരുന്നത്. പുരുഷൻമാർക്കുള്ളത്ര തന്നെ സ്വാതന്ത്ര്യം സ്ത്രീകൾക്കുമുണ്ടായിരുന്നു. കാരണം ഉൽപാദന വ്യവസ്ഥയിൽ മിക്കവാറും തുല്യമായ പങ്കാണ് അവർ വഹിച്ചുപോന്നത്.

ഈ ഘട്ടത്തിൽ കൂട്ടുവിവാഹം അല്ലെങ്കിൽ യൂഥവിവാഹം എന്നറിയപ്പെട്ടിരുന്ന ഒരു തരം വിവാഹസമ്പ്രദായമാണ് നിലനിന്നിരുന്നത്. ഒരു ഗ്രൂപ്പിലെ അല്ലെങ്കിൽ യൂഥത്തിലെ പുരുഷൻമാർ അതേ യൂഥത്തിലെ സ്ത്രീകളെ വിവാഹം കഴിക്കുന്നില്ല. പക്ഷേ, മറ്റേതെങ്കിലുമൊരു യൂഥത്തിലെ എല്ലാ സ്ത്രീകളെയും കൂട്ടായി ഭാര്യമാരാ

ക്കി വെയ്ക്കാം. ഒരു യൂഥത്തിലെ എല്ലാ പുരുഷൻമാരും മറ്റൊരു യൂഥത്തിലെ എല്ലാ സ്ത്രീകളേയും കൂട്ടായി വിവാഹം കഴിയ്ക്കുന്നു.

ഉൽപാദനശക്തികൾ കൂടുതൽ വളർന്നപ്പോൾ ഈ സ്ഥിതി മാറി. കൂട്ടവിവാഹം ദ്വന്ദ, വിവാഹത്തിനു വഴിമാറിക്കൊടുത്തു. ഒരു പുരുഷൻ ഒരു സ്ത്രീയെ വിവാഹം കഴിക്കും. പക്ഷേ, അതേ സമയത്തുതന്നെ പുരുഷനു മറ്റുസ്ത്രീകളേയും സ്ത്രീയ്ക്ക് മറ്റു പുരുഷൻമാരേയും സമീപിയ്ക്കാം. ഇഷ്ടമുള്ളപ്പോൾ വിവാഹബന്ധം വേർപെടുത്താം.

## 3 സ്ത്രീമേധാവിത്വത്തിൽ നിന്ന് പുരുഷമേധാവിത്വത്തിലേക്ക്

ഈ നീണ്ടകാലഘട്ടത്തിലത്രയും സ്ത്രീയാണ് സാമൂഹ്യജീവിതത്തിന്റെ നേതൃത്വം വഹിച്ചിരുന്നത്. ഉല്പാദനവ്യവസ്ഥയിൽ സ്ത്രീയ്ക്കായിരുന്നു പ്രാധാന്യം. അതുകൊണ്ടു തന്നെ കുടുംബത്തിലും സ്ത്രീയ്ക്ക് പ്രാധാന്യം ലഭിച്ചു. മാതൃമേധാവിത്വമാണ് സാമൂഹ്യജീവിതത്തിലെന്നതുപോലെ കുടുംബജീവിതത്തിലും നിലനിന്നുപോന്നത്.

എന്നാൽ ഉൽപാദനശക്തികൾ കൂടുതൽ വളർച്ചപ്രാപിയ്ക്കുകയും മൃഗങ്ങളെ പോറ്റിവളർത്തൽ എന്ന ഉൽപാദനരീതി ഉയർന്നുവരികയും ഉൽപാദനോപകരണങ്ങൾ പുരുഷന്റെ നിയന്ത്രണത്തിലാവുകയും ചെയ്യുപ്പോൾ മാതൃമേധാവിത്വത്തിന്റെ സ്ഥാനത്ത് പുത്യമേധാവിത്വമാവിർഭവിച്ചു. പുരുഷൻ എല്ലാറ്റിൻറേയും മേധാവിയായി. സ്ത്രീ അനാഥയും അടിമയുമായിത്തീർന്നു. ഉൽപാദനശക്തികളിലുണ്ടായ മാറ്റങ്ങളാണ് സ്ത്രീയ്ക്ക് സമുദായത്തിലുള്ള സ്ഥാനത്തിന് ഇങ്ങനെ മാറ്റം വരുത്തിയത്.

സ്റ്റാലിൻ എഴുതുന്നു:

> സാമൂഹ്യോൽപാദനത്തിൽ പ്രധാനമായ പങ്ക് വഹിക്കുകയും ഉൽപാദനത്തിന്റെ പ്രധാനമായ ചുമതലകൾ നിറവേറ്റുകയും ചെയ്യുന്ന വർഗം അല്ലെങ്കിൽ ഗ്രൂപ്പ് കാലക്രമത്തിൽ ഉൽപാദനത്തിന്റെ നിയന്ത്രണവും തീർച്ചയായും ഏറ്റെടുക്കുമെന്നാണ് ചരിത്രം പഠിപ്പിക്കുന്നത്. മാതൃമേധാവിത്വം നിലനിന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. അക്കാലത്ത് ഉൽപാദനത്തിന്റെ യജമാനത്തം വഹിക്കുന്നവരായിട്ടാണ് സ്ത്രീകൾ കരുതപ്പെട്ടിരുന്നത്. എന്തുകൊണ്ട്? എന്തുകൊണ്ടെന്നാൽ അക്കാലത്ത് നിലനിന്നിരുന്ന ഉൽപാദനത്തിൽ, പ്രാകൃതാവസ്ഥയിലായിരുന്നു. കൃഷിപ്രവൃത്തിയിൽ, സ്ത്രീകളാണ് പ്രധാനമായ പങ്ക് വഹിച്ചിരുന്നത്. അവർ ഉൽപാദനത്തിന്റെ പ്രധാനമായ ചുമതലകൾ വഹിച്ചുകൊണ്ടിരുന്നപ്പോൾ പുരുഷൻമാർ കാടുകളിൽ വേട്ടയാടിക്കൊണ്ട് അലഞ്ഞുതിരിയുകയായിരുന്നു. പിന്നീട് മറ്റൊരു കാലം വന്നു. പിതൃമേധാവിത്യമാവിർഭവിച്ചു. അക്കാലത്ത് ഉൽപാദനത്തിന്റെ മേധാവിത്വം പുരുഷൻമാർക്കായി. എന്തുകൊണ്ടാണീ മാറ്റം സംഭവിച്ചത്? എന്തുകൊണ്ടെന്നാൽ, മൃഗങ്ങളെ പോറ്റിവളർത്തലായിരുന്നു അക്കാലത്തെ പ്രധാനമായ ഉൽപാദനരീതി. കുന്തം, കയർ, അമ്പുംവില്ലും എന്നിവയായിരുന്നു പ്രധാനമായ ഉൽപാദനോപകരണങ്ങൾ. പുരുഷൻമാരാണ് ഇതിൽ പ്രധാനമായ പങ്ക് വഹിച്ചിരുന്നത്...
> ”

## 4 ഏകപത്നീ വ്യവസ്ഥയും വ്യഭിചാരവും

പുരുഷൻ സ്വകാര്യസ്വത്തുടമയുടെ മേധാവിത്വം വഹിക്കാൻ തുടങ്ങിയതോടുകൂടിയാണ് കുടുംബത്തിലും പുരുഷന്റെ മേധാവിത്വമുറപ്പിയ്ക്കപ്പെട്ടത്. ഈ ഭൗതിക

പരിതഃസ്ഥിതികളിലാണ് ഏകപത്നീവ്യവസ്ഥയാവിർഭവിച്ചത്. ഏംഗൽസ് എഴുതുന്നു:

> "ഒരേ വ്യക്തിയുടെ കയ്യിൽ, അതും പുരുഷന്റെ കയ്യിൽ, ഗണ്യമായ തോതിൽ സ്വത്തുകൾ കേന്ദ്രീകരിക്കുകയും ആ സ്വത്തുക്കൾ മറ്റാരുടെയും മക്കൾക്ക് കൊടുക്കാതെ പ്രസ്തുത പുരുഷന്റെ മക്കൾക്കുതന്നെ പിന്തുടർച്ചാവകാശമായി കൊടുക്കേണ്ട ആവശ്യം നേരിടുകയും ചെയ്തതിന്റെ ഫലമായിട്ടാണ് ഏകപത്നീ വ്യവസ്ഥ ആദ്യമായവിർഭവിച്ചത്. ഈ ഉദ്ദേശ്യത്തിന് സ്ത്രീയെ സംബന്ധിച്ചിടത്തോളം മാത്രമേ ഏകപത്നീവ്യവസ്ഥ ആവശ്യമായിരുന്നുള്ളൂ. പുരുഷനെ സംബന്ധിച്ചിടത്തോളം അതാവശ്യമായിരുന്നില്ല. അതുകൊണ്ടുതന്നെ സ്ത്രീയെ സംബന്ധിക്കുന്ന ഈ ഏകപത്നീ വ്യവസ്ഥ പുരുഷന്റെ ബഹുഭാര്യാഗമനത്തെ ഒരു തരത്തിലും തടഞ്ഞിരുന്നില്ല."

അടിമയും അസ്വതന്ത്രയുമായ സ്ത്രീയ്ക്ക് പാതിവ്രത്യം നിർബന്ധമായിത്തീർന്നു. പക്ഷേ, ഉൽപാദനോപകരണങ്ങളുടെ ഉടമസ്ഥനായ പുരുഷന് അതിന്റെ ആവശ്യമില്ല. അതുകൊണ്ടാണ് ഏകപത്നീവ്യവസ്ഥയോടൊപ്പം വേശ്യാവൃത്തിയും തലപൊക്കിയത്.

ഏംഗൽസ് എഴുതുന്നു:

> "തുടരെത്തുടരെ വന്ന വിവാഹരീതികളുടെ വളർച്ചയോടൊപ്പം ഒരു സവിശേഷസംഭവവികാസം പ്രത്യക്ഷപ്പെടുന്നതായി നാം കാണുന്നു. കൂട്ടുവിവാഹത്തിനു കീഴിൽ, സ്ത്രീയ്ക്കുള്ള ലൈംഗികസ്വാതന്ത്ര്യം അധികമധികം അപഹരിയ്ക്കപ്പെടുന്നു; പക്ഷേ, പുരുഷനുള്ളത് ഇല്ലാതാവുന്നില്ല. വാസ്തവം പറയുകയാണെങ്കിൽ പുരുഷനെ സംബന്ധിച്ചിടത്തോളം ഇന്നും യഥാർത്ഥ കൂട്ടുവിവാഹമാണ് നിലവിലുള്ളത്. സ്ത്രീയെ സംബന്ധിച്ച് ഗൗരവമായ ഭവിഷ്യത്തുകൾക്കിടയാക്കുന്ന, നിയമപരമായും സാമൂഹ്യാചാരസംബന്ധമായും നിഷിദ്ധമായകുറ്റം, പുരുഷനെ സംബന്ധിച്ചിടത്തോളം ഒന്നുകിൽ ഒരന്തസ്സാണ്, അല്ലെങ്കിൽ എളുപ്പത്തിൽ പൊറുക്കേണ്ടതായ ഒരു ചെറിയ അസാന്മാർഗികത്വം മാത്രമാണ്. എന്നാൽ, പ്രാചീനകാലത്തെ പ്രഭുത്വസമുദായം പോയി ഇന്നത്തെ മുതലാളിത്ത ചരക്കുനിർമാണം നിലവിൽവരുന്നതിന്റെ ഫലമായി, ഈ മാറ്റത്തോടുകൂടിതന്നെ, പണ്ടത്തെ പുരുഷമേധാവിത്വം പരസ്യമായ വ്യഭിചാരത്തിനു വഴിമാറിക്കൊടുക്കുന്നു; അതിന്റെ ഫലമായി സമുദായത്തിനുകത്തു വമ്പിച്ച സാന്മാർഗ്ഗികാധഃപതനം വന്നുകൂടുന്നു. യഥാർഥത്തിൽ സ്ത്രീകളേക്കാളെത്രയോ അധികം പുരുഷൻമാരിലാണ് ഈ സാന്മാർഗികാധഃപതനം സംഭവിയ്ക്കുന്നത്. വ്യഭിചാരത്തിന്റെ ഫലമായി സ്ത്രീകളുടെ ഇടയിൽ അധഃപതിയ്ക്കുന്നത് നിർഭാഗ്യവതികളായ വ്യഭിചാരിണികൾ മാത്രമാണ്; അതും സാധാരണ വിശ്വസിയ്ക്കപ്പെട്ടുവരുന്നത്രതന്നെയില്ലതാനും. നേരെ മറിച്ചും പുരുഷൻമാരെക്കുറിച്ച പറയുകയാണെങ്കിൽ, പുരുഷവർഗത്തെയാകെയാണ് വ്യഭിചാരം അധഃപതിപ്പിയ്ക്കുന്നത്."

## 5 മുതലാളിത്തത്തിലെ സ്ത്രീപുരുഷബന്ധം

മുതലാളിത്തവ്യവസ്ഥയിൽ പുരുഷമേധാവിത്വവും സ്ത്രീയുടെ അടിമത്തവും അതോടൊപ്പം വ്യഭിചാരവും മൂർദ്ധന്യ ദശയിലെത്തിയിരിക്കുന്നു. മുതലാളിത്തസമുദായം ലൈംഗികമായും സാൻമാർഗികമായും എത്രത്തോളം അധഃപതിച്ചിരിക്കുന്നു എന്ന് ഒരു നൂറ്റാണ്ടു മുമ്പുതന്നെ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ നഗ്നമായി തുറന്നുകാണിക്കുകയുണ്ടായി. മാർക്സും ഏംഗെൽസും അതിൽ എഴുതുന്നു:

> "ഇന്നത്തെ കുടുംബത്തിന്റെ ബൂർഷ്വാ കുടുംബത്തിന്റെ, അടിസ്ഥാനമെന്താണ്? മൂലധനം, സ്വകാര്യലാഭം, അതിന്റെ ഏറ്റവും വളർന്നരൂപം മുതലാളിമാർക്കിടയിൽ മാത്രമേ കാണുന്നുള്ളൂ. എന്നാൽ ഇതിന്റെ മറുവശം പരസ്യമായ വ്യഭിചാരവൃത്തിയിലും തൊഴിലാളികൾക്ക് കുടുംബമില്ലാതാവലിലും കാണാം."

മാനിഫെസ്റ്റോ തുടരുന്നു:

> "നവീന വ്യവസായത്തിന്റെ പ്രവർത്തനം മൂലം തൊഴിലാളികൾക്കിടയിലുള്ള കുടുംബബന്ധം മുറിഞ്ഞുപോകുന്നതും അവരുടെ മക്കൾ വെറും വ്യാപാരസാധനങ്ങളും തൊഴിൽ സാമഗ്രികളുമായി മാറുന്നതും കാണുമ്പോൾ കുടുംബത്തേയും വിദ്യാഭ്യാസത്തേയും കുറിച്ചും അച്ഛനമ്മമാരും മക്കളും തമ്മിലുള്ള പാവനബന്ധത്തെക്കുറിച്ചുമുള്ള മുതലാളിമാരുടെ ഘോഷം കൂട്ടൽ കൂടുതൽ അറപ്പും വെറുപ്പുമുണ്ടാക്കുന്നു."

വീണ്ടും.

> "മുതലാളി തന്റെ ഭാര്യയെ വെറുമൊരു ഉൽപാദന സാമഗ്രിയായിട്ടാണ് കാണുന്നത്... ബൂർഷ്വാരീതിയിലുള്ള വിവാഹം വാസ്തവത്തിൽ ഭാര്യമാരെ പൊതുവുടമയാക്കിവെയ്ക്കുന്ന ഒരു സമ്പ്രദായമാണ്."

മുതലാളിത്തം വളർന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലെ സ്ത്രീപുരുഷ ബന്ധത്തെപ്പറ്റിയാണ് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോവിൽ മാർക്സും ഏംഗെൽസും ഇങ്ങനെ എഴുതിയിരിക്കുന്നത്. മുതലാളിത്തം അതിന്റെ അവസാനഘട്ടമായ സാമ്രാജ്യാധിപത്യത്തിലെത്തിയപ്പോൾ സ്ത്രീപുരുഷബന്ധം കൂടുതൽ ശിഥിലമാവുകയും കൂടുതൽ അധഃപതിക്കുകയുമാണ് ചെയ്തത്. മറ്റെല്ലാ മാനുഷികമൂല്യങ്ങളെയുമെന്നപോലെ കുടുംബജീവിതത്തിന്റെ പരിപാവനതയേയും സാമ്രാജ്യാധിപത്യം നശിപ്പിച്ചുകഴിഞ്ഞിരിക്കുന്നു. ആധുനികമുതലാളിത്തത്തിന്റെ കോട്ടയായ അമേരിക്കയിലേയ്ക്കൊന്നു കണ്ണോടിച്ചാൽ ഇത് വ്യക്തമാകും.

## 6 മുതലാളിയുടെ സാന്മാർഗിക ബോധം

ഔദ്യോഗിക കണക്കുകളനുസരിച്ച് അമേരിക്കയിൽ താഴെകാണുംപ്രകാരം വിവാഹങ്ങളുടെ എണ്ണം കുറഞ്ഞുവരികയാണ് ചെയ്തിട്ടുള്ളത്.

| | |
|---|---|
| 1946 | 2290450 |
| 1947 | 1991875 |
| 1948 | 1811155 |
| 1949 | 1585440 |

എന്നുവെച്ചാൽ കൊല്ലംതോറും വിവാഹങ്ങളുടെ എണ്ണം 14 മുതൽ 15 ശതമാനം വരെ കുറഞ്ഞുകൊണ്ടുവരികയാണ്.

ക്രിസ്തുവർഷം 1900-ൽ അമേരിക്കയിൽ 7,09,000 വിവാഹങ്ങളും 55751 വിവാഹമോചനങ്ങളുമുണ്ടായി. എന്നുവെച്ചാൽ 13 വിവാഹങ്ങൾക്ക് ഒരു വിവാഹമോചനം എന്ന തോതിൽ. 1949-ൽ 1585440 വിവാഹങ്ങളും 356000 വിവാഹമോചനങ്ങളുമാണ് നടന്നത്. അതായത് നാല് വിവാഹങ്ങൾക്ക് ഒരു വിവാഹമോചനം എന്ന തോതിൽ. ഇങ്ങനെ വിവാഹങ്ങളുടെ തോത് ചുരുങ്ങിയും വിവാഹമോചനങ്ങളുടെ തോത് വർധിച്ചും വരികയാണ്.

പെൻസിൽവാനിയാ സ്റ്റേറ്റിലെ വിവാഹോപദേശക സർവീസിന്റെ ഡയറക്ടർ ക്ലിഫോർഡ് ആർ ആഡംസ് 1944-ൽ തുറന്ന് സമ്മതിക്കുകയുണ്ടായി:

> "ലോകത്തിൽ ഏറ്റവുമധികം വിവാഹങ്ങളും ഏറ്റവുമധികം വിവാഹമോചനങ്ങളും നടക്കുന്ന രാജ്യമാണ് അമേരിക്ക. ആഴ്ചതോറും 1000 വിവാഹമോചനങ്ങളാണ് നടക്കുന്നത്. ഈ നിരക്ക് വർധിച്ചുവരികയാണു താനും. 1955 ആകുമ്പോഴേയ്ക്കും അമേരിക്കയുടെ പത്തിൽ നാലു വിവാഹങ്ങളും വിവാഹമോചനത്തിലാണവസാനിയ്ക്കുക."

'അമേരിക്കൻ ജേർണൽ' എന്ന ഔദ്യോഗിക മാസികയുടെ കണക്കുകൾ പ്രകാരം അമേരിക്കയിൽ 1941-ൽ ചുരുങ്ങിയത് 5,80,000 ഗർഭഛിദ്രങ്ങൾ നടത്തപ്പെടുകയുണ്ടായി. ആധുനിക രക്ഷോപാധികളുണ്ടായിട്ടും കുറ്റകരമായ ശസ്ത്രക്രിയകൾ കാരണം കൊല്ലംതോറും 8000ത്തിലധികം അമേരിക്കൻ സ്ത്രീകൾ മരണമടയുന്നത്രേ (ഡ്രൈസൻ കാർട്ടർ എഴുതിയ പാപവും ശാസ്ത്രവും എന്ന പുസ്തകം നോക്കുക.)

അമേരിക്കയിലെ സെൻസസ്സ് ബ്യൂറോയിലെ സ്ഥിതിവിവരക്കണക്കു ഡിപ്പാർട്ടുമെൻറിന്റെ തലവനായ ഡോക്ടർ ഫാൽബെർട്ട് എൽഡൻ വെളിപ്പെടുത്തുന്നു:

> "അമേരിക്കയിൽ ജനിക്കുന്ന 12 കുട്ടികളിൽ ഒരാൾ വീതം അച്ഛനില്ലാതെയാണ് ജനിക്കുന്നത്. ഇതിന്റെ അർത്ഥം കൊല്ലംതോറും പ്രാഥമിക സ്കൂളുകളിൽ പോകുന്ന കുട്ടികളിൽ 1,70,000ത്തോളം പേർക്ക് തങ്ങളുടെ അച്ഛൻമാരുടെ പേരുകൾ പറയാൻ സാധ്യമല്ലെന്നാണ്. നിയമപ്രകാരം അവർക്ക് അച്ഛൻമാരില്ല."

ഇതാണ് മുതലാളിത്തത്തിന്റെ കുടുംബജീവിതം.

ഇന്ത്യയിലോ?

ഇന്ത്യയിലെ സ്ഥിതി എന്താണ്? ഇന്ത്യയിലെല്ലായിടത്തും ഒരേ മട്ടിലല്ല, അസമമായിട്ടാണ് സാമൂഹ്യ സാമ്പത്തിക വ്യവസ്ഥകൾ വളരുകയും മാറുകയും ചെയ്യുന്നത്. സാമൂഹിക വളർച്ചയുടെ വ്യത്യസ്തനിലവാരങ്ങളിൽ ജീവിക്കുന്ന വ്യത്യസ്ത ജനവിഭാഗങ്ങളാണ് ഇന്ത്യയിലുള്ളത്. അതുകൊണ്ടാണ് ഇന്ത്യയിൽ സ്ത്രീപുരുഷബന്ധത്തിന്റെ രൂപങ്ങളിലും വ്യത്യാസങ്ങൾ കാണപ്പെടുന്നത്.

കേരളത്തിലിപ്പോഴും പ്രാകൃത കമ്മ്യൂണിസത്തിന്റെ അവശിഷ്ടങ്ങൾ നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് മാതൃമേധാവിത്വത്തിന്റെ അവശിഷ്ടങ്ങളും മറ്റു സ്റ്റേറ്റുകളെ അപേക്ഷിച്ച് കൂടുതലാണ്.

ഇന്ത്യയിലെ ചില പ്രദേശങ്ങളിൽ മത്സ്യക്കച്ചവടം, നൂൽനൂൽപ്പ്, കൊട്ടമുടയൽ മുതലായവ സ്ത്രീകളുടെ നേതൃത്വത്തിലാണ് നടക്കുന്നത്. അതുകൊണ്ട് അത്തരം പ്രദേശങ്ങളിൽ സ്ത്രീകൾക്ക് ഏറെക്കുറെ അധികാരങ്ങളും സ്വാതന്ത്ര്യങ്ങളുമുണ്ട്.

നാടുവാഴിവ്യവസ്ഥ നടമാടുന്നിടത്ത് സ്ത്രീകൾ വീട്ടിനുള്ളിൽ അടച്ചുപൂട്ടപ്പെട്ട വിൽപ്പനച്ചരക്കാണ്. വിവാഹം കഴിയ്ക്കണമെങ്കിൽ ചിലേടങ്ങളിൽ സ്ത്രീകൾക്ക് വിലകൊടുക്കണം. മറ്റു ചിലേടങ്ങളിൽ പുരുഷനു സ്ത്രീധനം കൊടുക്കണം. വിദ്യാഭ്യാസം നടത്താനോ ജോലിയെടുത്തു ജീവിക്കാനോ അവർക്കു സ്വാതന്ത്ര്യമില്ല. പട്ടിണികിടന്നു ചാവാം. പക്ഷേ, പണിയെടുക്കാൻ പാടില്ല.

19-ാം നൂറ്റാണ്ടിന്റെ അവസാനംവരെയും ഭർത്താവ് മരിച്ചാൽ ഭാര്യ ചിതയിൽ (ഉടന്തടി) ചാടി മരിക്കണമെന്ന നിയമം വടക്കേ ഇന്ത്യയിലെ പല സ്ഥലങ്ങളിലും നിലനിന്നിരുന്നു. ഇപ്പോളതില്ല, എങ്കിലും ഭർത്താവ് മരിച്ചാൽ ഭാര്യ തല മൊട്ടയടിക്കണമെന്നും ഇഹലോകസുഖങ്ങളെല്ലാം ത്യജിച്ച് എന്നെന്നും വിധവയായി കഴിച്ചുകൂടണമെന്നും മറ്റുമുള്ള നിയമങ്ങൾ ഇപ്പോഴുമുണ്ട്.

ഫ്യൂഡൽ വ്യവസ്ഥകൾക്ക് ഇളക്കം തട്ടുകയും മുതലാളിത്തം വളരാൻ തുടങ്ങുകയും ചെയ്തതോടുകൂടി ഇന്ത്യയിലെ പല സമുദായപരിഷ്കർത്താക്കളും സ്ത്രീയുടെ അടിമത്തത്തിനെതിരായി ശബ്ദമുയർത്തുകയുണ്ടായി. ശൈശവവിവാഹത്തിനെതിരായും വിധവാവിവാഹം, സ്ത്രീ വിദ്യാഭ്യാസം സ്ത്രീകളുടെ സ്വാതന്ത്ര്യം മുതലായവയ്ക്കുവേണ്ടിയും അവർ പ്രചാരവേല ചെയ്തു. രാജാറാംമോഹൻ റോയി, സ്വാമി വിവേകാനന്ദൻ മുതലായ മഹാൻമാരുടെ പ്രവർത്തനങ്ങൾ ഇതിനുദാഹരണമാണ്.

മുതലാളികൾക്ക് അടിമകളെയല്ല, തൊഴിലാളികളെയാണവശ്യം. തങ്ങൾക്ക് ലാഭം കിട്ടണമെങ്കിൽ പുരുഷൻമാരെപ്പോലെത്തന്നെ സ്ത്രീകളും അധ്വാനശക്തി വിൽക്കാൻ മാർക്കറ്റിൽ വരണമെന്നാണവരാഗ്രഹിക്കുന്നത്. സ്ത്രീകളുടെ അധ്വാനശക്തി പുരുഷൻമാരുടേതിനേക്കാൾ കുറഞ്ഞ വിലയ്ക്ക് വാങ്ങാൻ സാധിക്കുമെന്നവർക്കറിയാം. അതുകൊണ്ടാണവർ ഫ്യൂഡൽ ആചാരങ്ങൾക്കും ഫ്യൂഡൽ ആശയങ്ങൾക്കും എതിരായി പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചത്.

## 7 ഞെട്ടിപ്പിക്കുന്ന യാഥാർത്ഥ്യങ്ങൾ

പക്ഷേ, സ്ത്രീക്ക് യഥാർത്ഥമായ സ്വാതന്ത്ര്യങ്ങൾ നൽകാൻ മുതലാളിത്തത്തിനു സാധ്യമല്ല. മറ്റെല്ലാ രാജ്യങ്ങളുടേയുമെന്നപോലെ ഇന്ത്യയുടെ സ്ഥിതിയും അതാണ് കാണിയ്ക്കുന്നതും. സ്ത്രീയ്ക്കും പുരുഷനും തുല്യമായ പദവി നൽകേണ്ടതാവശ്യമാണെന്ന് നമ്മുടെ ഭരഘടന സമ്മതിക്കുന്നുണ്ട്. പക്ഷേ, യാഥാർത്ഥ്യമെന്താണ്? പുരുഷനായ തൊഴിലാളിയ്ക്ക് കിട്ടുന്നത്ര കൂലി സ്ത്രീ തൊഴിലാളിയ്ക്ക് കിട്ടുന്നില്ല. ഭൂരിപക്ഷം സ്ത്രീകൾക്കും പിതാവിന്റെ സ്വത്തുക്കളുടെ മേൽ അവകാശമില്ല. ആൺമക്കൾക്കേ പിന്തുടർച്ചാവകാശമുള്ളൂ. പുരുഷന് എത്ര സ്ത്രീകളെവേണമെങ്കിലും വെപ്പാട്ടികളാക്കി വെയ്ക്കാം. സ്ത്രീയ്ക്ക് വിവാഹമോചനത്തിനുള്ള സ്വാതന്ത്ര്യം പോലുമില്ല.

വാസ്തവത്തിൽ... ഇന്ത്യയിലും മുതലാളിത്തത്തിന്റെ വളർച്ചയോടൊപ്പം സ്ത്രീ കൂടുതൽ അധഃപതിക്കുകയാണ് ചെയ്തത്. കുടുംബങ്ങൾ കൂടുതൽ ശിഥിലമാകുകയാണുണ്ടായത്. വ്യഭിചാരവും സിഫലിസ്സവും മറ്റു വൃത്തികേടുകളും മുമ്പൊരിയ്ക്കലുമുണ്ടായിട്ടില്ലാത്ത വിധം പരന്നു പിടിക്കുകയാണ് ചെയ്തത്. പട്ടിണിയും തൊഴിലില്ലായ്മയും വർധിയ്ക്കുംതോറും കുടുംബബന്ധങ്ങൾ ഏറ്റവുമധികം പൊട്ടിത്തകരുന്നു.

മുതലാളിത്തം ലക്ഷക്കണക്കിലുള്ള കൃഷിക്കാരെ പാപ്പരത്തത്തിലേക്കു പിടിച്ചുതള്ളി. പക്ഷേ, അവർക്കു ജോലികൊടുക്കാൻ മുതലാളിത്തത്തിനു സാധ്യമല്ല. അങ്ങനെ പതിനായിരക്കണക്കിനു സ്ത്രീകളും പുരുഷൻമാരും ഉൾനാടുകളിൽ നിന്ന് പട്ടണപ്രദേശങ്ങളിലേക്ക് ഒഴുകി വരുന്നു. അവർക്കു കുടുംബമില്ല. മുതലാളിത്തം അവരുടെ കുടുംബബന്ധങ്ങളെയെല്ലാം തകർത്തുകഴിഞ്ഞിരുന്നു. കോഴിക്കോട് തുടങ്ങിയ പട്ടണങ്ങളിലേയ്ക്കൊന്ന് കണ്ണോടിച്ചാൽ ഇത് വ്യക്തമാകും. ഹിന്ദുവെന്നോ, മുസ്ലീമെന്നോ, ക്രിസ്ത്യാനിയെന്നോ വ്യത്യാസമില്ലാതെ ആയിരക്കണക്കിന് സ്ത്രീകളും പുരുഷൻമാരും സ്ത്രീകളും നിരത്തുവക്കുകളിൽ, പീടികക്കോലായിൽ, ഇടവഴികളിൽ കഴിച്ചുകൂട്ടുന്നു. ഇലക്ട്രിക്ക് വിളക്കുകൾക്കിടയിലുള്ള അന്ധകാരത്തിൽ എല്ലാത്തരം ദുർഗന്ധങ്ങളേയും വമിച്ചുകൊണ്ട് ഞെട്ടിപ്പിയ്ക്കുന്ന യാഥാർത്ഥ്യങ്ങൾ പതിയിരിയ്ക്കുന്നു.

വലിയ പട്ടണങ്ങൾ കൂടുതൽ ദയനീയങ്ങളും കൂടുതൽ ഭീകരങ്ങളുമാണ്. സാക്ഷാൽ ഡൽഹിയിലൊന്നു പോയിനോക്കൂ. പ്രസിഡൻറിന്റെ യും പ്രധാനമന്ത്രിയുടെയും ഹർമ്മ്യങ്ങളും പാർലമെൻറ് മന്ദിരവും മറ്റും മറ്റും സ്ഥിതിചെയ്യുന്ന ന്യൂഡൽഹിയുടെ അതിർത്തിപ്രദേശങ്ങളിൽ, പഴയ ഡെൽഹിയിൽ, റോഡുനീളെ സ്ത്രീകൾ

സ്വന്തം ശരീരം വിൽക്കാൻ വേണ്ടി നിൽക്കുന്ന കാഴ്ച ഏതു മനുഷ്യസ്നേഹിയേയും ഞെട്ടിപ്പിയ്ക്കാതിരിക്കില്ല. അവർക്കിടയിൽ എല്ലാ ജാതിക്കാരുമുണ്ട്. എല്ലാ മതക്കാരുമുണ്ട്, എല്ലാ ദേശക്കാരുമുണ്ട്.

അവർ കച്ചവടച്ചരക്കുകളാണ്. മുതലാളിയുടെ നേതൃത്വത്തിലാണ് കച്ചവടം നടക്കുന്നത്. കിട്ടുന്ന ലാഭത്തിന്റെ ചെറിയൊരംശം ആർഷഭാരതത്തിന്റെ ഖജനാവിലേയ്ക്കു നികുതിയടയ്ക്കണമെന്നു മാത്രം!

## 8 കമ്യൂണിസ്റ്റ് വിരോധത്തിന്റെ അർത്ഥം

ദുസ്സഹവും ഹൃദയഭേദകവുമായ ഈ വൃത്തികേടുകളുടെയും ബീഭത്സതകളുടേയും ഒത്തനടുക്കുനിന്നുകൊണ്ടാണ് കമ്മ്യൂണിസ്റ്റ് വിരോധികളായ മുതലാളികളുടേയും ജൻമികളുടെയും ഏജൻറുകൾ മുക്രയിടുന്നത്. കമ്മ്യൂണിസ്റ്റുകാർ സദാചാരബോധത്തെ എതിർക്കുന്നു എന്ന്.

കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നാൽ തങ്ങളുടെ നിയന്ത്രണത്തിലുള്ള വേശ്യാവ്യാപാരവും സ്ത്രീകളെവിറ്റ് ലാഭമുണ്ടാക്കലും മറ്റുമവസാനിയ്ക്കുമെന്നും തങ്ങൾ സാൻമാർഗ്ഗികബോധം എന്ന പേരിട്ടിട്ടുള്ള വൃത്തികേടുകളെല്ലാം അന്തർദാനം ചെയ്യുമെന്നും അവർ ഭയപ്പെടുന്നു. മുതലാളിത്തവും സ്വകാര്യസ്വത്തുടമയുടെ കൂടപ്പിറപ്പായ വേശ്യാവൃത്തിയും എന്നെന്നും നിലനിർത്താനാഗ്രഹിക്കുന്നതുകൊണ്ട് അവർ കമ്മ്യൂണിസത്തെ തുടച്ചുനീക്കണമെന്നും മറ്റുമുള്ള ഉറക്കപ്പിച്ചുകൾ പറയുന്നു.

മുതലാളികളും ജന്മികളും അവരുടെ ഏജൻറുമാരും എന്തൊക്കെത്തന്നെ പറഞ്ഞാലും മനുഷ്യത്വത്തെ ശ്വാസംമുട്ടിക്കുന്ന ഇന്നത്തെ വൃത്തികേടുകൾ നശിപ്പിയ്ക്കണമെന്ന് കമ്മ്യൂണിസ്റ്റുകാർക്ക് നിർബന്ധമുണ്ട്.

പക്ഷേ, ഈ വൃത്തികേടുകൾ അവസാനിപ്പിയ്ക്കാൻ കഴിയുമോ? മനുഷ്യോചിതമായ സ്ത്രീപുരുഷബന്ധങ്ങളും സ്നേഹമസൃണമായ കുടുംബജീവിതവും കെട്ടിപ്പടുക്കാൻ കഴിയുമോ?

## 9 സോഷ്യലിസത്തിലെ സ്ത്രീപുരുഷബന്ധം

ഈ ചോദ്യത്തിന് 19-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽതന്നെ മാർക്സും ഏംഗൽസും മറുപടി നൽകുകയുണ്ടായി. കമ്മ്യൂണിസ്റ്റുകാർ സ്ത്രീകളെ പൊതുസ്വത്താക്കുന്നവരാണ് എന്നും മറ്റുമുള്ള അസംബന്ധങ്ങളുടെ തൊലിയുരിച്ചു കാണിച്ചുകൊണ്ട് തങ്ങളുടെ സുപ്രസിദ്ധമായ 'കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ'യിൽ അവരെഴുതി:

> "മുതലാളി തന്റെ ഭാര്യയെ വെറുമൊരു ഉൽപാദനസാമഗ്രിയായിട്ടാണ് കാണുന്നത്. എല്ലാ ഉൽപാദനോപകരണങ്ങളും പൊതുസ്വത്തായി ഉപയോഗിക്കണമെന്ന് അയാൾ കേൾക്കുന്നു. അപ്പോൾ സ്വാഭാവികമായി പൊതുസ്വത്തായിത്തീരേണ്ട തലയിലെഴുത്ത് സ്ത്രീകൾക്കും ബാധകമാവുമെന്നല്ലാതെ, അയാൾക്ക് അതിൽനിന്നും മറ്റൊന്നും ധരിയ്ക്കാനാവുന്നില്ല. സ്ത്രീകൾ വെറും ഉൽപാദനോപകരണങ്ങളായിരിക്കുകയെന്ന ഇന്നത്തെ നിലയെ അവസാനിപ്പിക്കുകയെന്നതാണ് യഥാർഥലക്ഷ്യമെന്ന് മുതലാളിക്കു ചിന്തിക്കാനേ കഴിയുന്നില്ല. ഇന്നത്തെ ഉൽപാദന സമ്പ്രദായം അവസാനിച്ചാൽ, അതിന്റെ തന്നെ സന്തതിയായ സ്ത്രീകളുടെ പൊതുവുടമയും രഹസ്യവും-പരസ്യവുമായ വ്യഭിചാരവും—അവസാനിയ്ക്കുമെന്നതു വ്യക്തമാണ്."

“കുടുംബത്തിന്റെ ഉത്ഭവം” എന്ന തന്റെ സുപ്രസിദ്ധമായ ഗ്രന്ഥത്തിൽ ഏംഗെൽസ് ഇങ്ങിനെയും എഴുതുന്നു:

> “നാമിപ്പോൾ സമീപിക്കാൻ തുടങ്ങിയ സാമൂഹ്യവിപ്ലവം ഇതേവരെ നിലനിന്നിരുന്ന ഏക പത്നീ വ്യവസ്ഥയുടെ സാമ്പത്തികാടിസ്ഥാനം തന്നെ ഇല്ലാതാക്കും; അതോടൊപ്പം ഈ വിവാഹബന്ധത്തിന്റെ കൂട്ടുകാരനായ വ്യഭിചാരത്തേയും ഇല്ലാതാക്കും. വമ്പിച്ച സ്വത്തുക്കൾ ഒരാളുടെ അതും ഒരു പുരുഷന്റെ കയ്യിൽ കുന്നുകൂട്ടുകയെന്നതിൽ നിന്നാണ്, ഈ കുന്നുകൂടിയ സ്വത്തുക്കൾ ആ മനുഷ്യന്റെ മക്കൾക്കുമാത്രം പിന്തുടർച്ചാവകാശമായി നൽകുന്നതിന്റെ ആവശ്യകതയിൽ നിന്നാണ്, ഏകപത്നീവ്യവസ്ഥ ഉയർന്നുവന്നത്. ഇതിന് ഒരു സ്ത്രീക്ക് ഒരു ഭർത്താവേ ഉണ്ടാവാൻ പാടുള്ളൂ എന്നത് നിർബന്ധമാണ്. എന്നാൽ ഒരു പുരുഷന് ഒരു ഭാര്യയേ ഉണ്ടാവാൻ പാടുള്ളൂവെന്ന് നിർബന്ധമില്ല. വരാൻ പോകുന്ന സാമൂഹ്യവിപ്ലവമാവട്ടെ, ഉൽപാദനോപകരണങ്ങളെ—അവയാണല്ലോ ശാശ്വതവും പിന്തുടർച്ചാവകാശ പ്രകാരം കൈമാറ്റപ്പെടാവുന്നതുമായ സ്വത്തുക്കളിലധികവും—പൊതുമുതലാക്കുന്ന വിപ്ലവമാണ്; അതുകൊണ്ട് പിന്തുടർച്ചാവകാശത്തെ സംബന്ധിച്ചുള്ള ഈ നിഷ്കർഷ ഇന്നത്തെക്കാളെത്രയോ കുറയും.
>
> “അപ്പോൾ സാമ്പത്തിക കാരണങ്ങളുടെ ഫലമായി ഉയർന്നുവന്ന ഏകപത്നീ വ്യവസ്ഥ ഈ കാരണങ്ങളില്ലാതാവുമ്പോൾ അന്തർദ്ധാനം ചെയ്യുമോ? ഇതിനു ന്യായമായും ഇങ്ങിനെ മറുപടി പറയാം; ഏകപത്നീ വ്യവസ്ഥ ഇല്ലാതാവുകയല്ല, മനുഷ്യസമുദായചരിത്രത്തിലാദ്യമായി ഏകപത്നീവ്യവസ്ഥ പൂർണ്ണമായിത്തീരുകയാണ് ചെയ്യുക. എന്തുകൊണ്ടെന്നാൽ, ഉൽപാദനോപകരണങ്ങൾ പൊതുസ്വത്താകുന്നതോടുകൂടി കൂലിവേല ഇല്ലാതാവുന്നു, അപ്പോൾ ഒരുവിഭാഗം സ്ത്രീകൾക്ക് ചാരിത്ര്യം വിറ്റു ജീവിക്കുന്നതിന്റെ ആവശ്യവും ഇല്ലാതാവുന്നു. ഇങ്ങിനെ വ്യഭിചാരം ഇല്ലാതാകുമ്പോൾ ഏകപത്നീവ്യവസ്ഥ തകരുകയില്ല, യഥാർത്ഥമായ ഏകഭാര്യത്വമനുസരിയ്ക്കാൻ പുരുഷൻമാർ നിർബന്ധരാവുകയാണ് ചെയ്യുക.”

മാർക്സിന്റെയും ഏംഗൽസിന്റെയും ഈ പ്രവചനം ഇന്ന് ലോകത്തിന്റെ മൂന്നിലൊന്ന് ഭാഗത്ത് ജീവനുള്ള ഒരു യാഥാർഥ്യമാണ്. സോവിയറ്റ് യൂണിയനിലേക്ക് നോക്കു, ജനകിയ ചീനയിലേക്ക് നോക്കു, കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ നേതൃത്വത്തിൽ സോഷ്യലിസം കെട്ടിപ്പടുത്തുകൊണ്ടിരിക്കുന്ന പന്ത്രണ്ട് രാജ്യങ്ങളിലേക്ക് നോക്കു. വ്യഭിചാരം തുടങ്ങിയ വൃത്തികേടുകൾ തുടച്ചുനീക്കിക്കൊണ്ട് ഏകഭാര്യാത്വത്തിന്റെയും ഏകഭർതൃത്വത്തിന്റെയും അടിസ്ഥാനത്തിലുയർന്നുവന്നിട്ടുള്ള ഉൽകൃഷ്ടവും സ്നേഹസമ്പന്നവുമായ പുതിയൊരു സ്ത്രീപുരുഷബന്ധത്തെ അവിടെ നിങ്ങൾക്ക് കാണാം. □

(ദേശാഭിമാനി വാർഷികപതിപ്പ്, 1955.)

# 5
# ധാർമ്മിക മൂല്യങ്ങൾ

## ഒന്ന്

മഹാഭാരതത്തിൽ, ശാന്തിപർവത്തിലെ അമ്പത്തെട്ടാമദ്ധ്യായത്തിൽ, യുധിഷ്ഠിരന്റെ ഒരു ചോദ്യത്തിന് മറുപടിയായി ഇന്ത്യയിൽ രാജാക്കന്മാരും ഭരണവ്യവസ്ഥകളും ആവിർഭവിച്ചതെങ്ങിനെയെന്ന് ഭീഷ്മർ വിവരിക്കുന്നുണ്ട്. കൃതയുഗത്തിൽ, അതായത്, മനുഷ്യസമുദായത്തിന്റെ ആരംഭകാലത്ത്, ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരുമെന്നോ, ശിക്ഷിക്കുന്നവരും, ശിക്ഷിക്കപ്പെടുന്നവരുമെന്നോ ഉള്ള യാതൊരു വ്യത്യാസവുമുണ്ടായിരുന്നില്ലെന്ന് അദ്ദേഹം തീർത്തു പറയുന്നു.

> നൈവരാജ്യം നരജാസീ-
> ന്നചദണ്ഡോനദാണ്ഡികഃ
> ധർമ്മേണൈവപ്രജാസർവാ
> രക്ഷന്തിസ്മപരസ്പരം.

രാജാവും ഭരണകൂടവുമില്ല: ശിക്ഷിക്കുന്നവനും ശിക്ഷിക്കപ്പെടുന്നവനുമില്ല: ബ്രഹ്മണനും ശൂദ്രനുമില്ല: പൊലീസില്ല, പട്ടാളമില്ല, ജഡ്ജിമാരില്ല, ജയിലുകളില്ല, പക്ഷേ, ഒന്നുണ്ടായിരുന്നു: ധർമ്മം, പരസ്പരം രക്ഷിക്കുകയും പരസ്പരം സഹകരിക്കുകയും പരസ്പരം സ്നേഹിക്കുകയും ചെയ്യുക എന്ന കുലധർമ്മം. കുലങ്ങളും ഗോത്രങ്ങളുമായിട്ടാണ് അന്ന് ജനങ്ങൾ ജീവിച്ചിരുന്നത്.

### കുലധർമ്മം

കുലത്തിലെ, അല്ലെങ്കിൽ ഗോത്രത്തിലെ, ജനങ്ങൾക്കിടയിൽ മേലാളരും കീഴാളരും എന്ന വ്യത്യാസമുണ്ടായിരുന്നില്ല. ചൂഷകനും ചൂഷിതനുമുണ്ടായിരുന്നില്ല: എല്ലാവരും സമന്മാരായിരുന്നു. എല്ലാ സാമൂഹ്യകാര്യങ്ങളും സമത്വത്തിന്റെ അടിസ്ഥാനത്തിലാണ് നിർവഹിക്കപ്പെട്ടിരുന്നത്. ഉൽപ്പാദനോപകരണങ്ങളെന്നപോലെത്തന്നെ ഉൽപ്പന്നങ്ങളും പൊതുവുടമയിലായിരുന്നു. എൻറേത്, നിൻറേത് എന്ന വ്യത്യാസമുണ്ടായിരുന്നില്ല. തങ്ങളുടെ പ്രാകൃതങ്ങളായ ആയുധങ്ങളുമെടുത്ത് എല്ലാവരും ഒന്നിച്ച് വേട്ടയാടാൻ പോവും: കിട്ടുന്നത് എല്ലാവരുംകൂടി പങ്കിട്ടുതിന്നും: ഒന്നും കിട്ടിയില്ലെങ്കിൽ ഒരുമിച്ച് പട്ടിണി കിടക്കും. കാടു വെട്ടിത്തെളിയിച്ച് കൃഷി ചെയ്യാൻ തുടങ്ങിയതും കൂട്ടമായിട്ടാണ്. കൂട്ടായി കൊയ്തെടുക്കുന്ന

വിള കൂട്ടായി അനുഭവിക്കും. എന്നിട്ട്, കൂട്ടായി പാട്ടു പാടുകയും നൃത്തം വെയ്ക്കുകയും ചെയ്യും.

ഈ കൂട്ടുജീവിതം അതിപ്രാചീനകാലത്തെ ആ പ്രാകൃതമായ ഉൽപ്പാദന വ്യവസ്ഥയ്ക്കു യോജിച്ചതായിരുന്നു. ഉൽപാദന ശക്തികൾ അത്രമേൽ അപക്വങ്ങളും അപരിഷ്കൃതങ്ങളുമായിരുന്നതുകൊണ്ട് പ്രാകൃത ഗോത്രസമുദായത്തിൽ സ്വത്തു സംബന്ധിയായ അസമത്വത്തിന്നു സ്ഥാനമുണ്ടായിരുന്നില്ല. ഭക്ഷണവും മറ്റു ജീവിത സാമഗ്രികളും സമ്പാദിക്കാൻ കൂട്ടുജീവിതം അത്യാവശ്യമായിരുന്നു. പരസ്പരം സഹായിക്കുകയും സഹകരിക്കുകയും ചെയ്യാതെ പ്രകൃതി ശക്തികളുടേയും വന്യമൃഗങ്ങളുടേയും ആക്രമങ്ങളിൽ നിന്ന് രക്ഷപ്പെടുക സാദ്ധ്യമായിരുന്നില്ല. ഈ സാമൂഹ്യാവശ്യമാണ് ഗോത്രത്തിലെ ഓരോ വ്യക്തിയുടേയും ജീവിതരീതിയെ നിർണയിച്ചത്.

പ്രാകൃത കമ്മ്യൂണിസം എന്നു വിളിക്കപ്പെടാവുന്ന ഇത്തരം സാമൂഹ്യ ജീവിതക്രമങ്ങൾ മാനവ സമുദായത്തിന്റെ ചരിത്രത്തിലെ ആദ്യഘട്ടത്തിൽ മിക്ക രാജ്യങ്ങളിലും നിലനിന്നിരുന്നുവെന്ന് ഗവേഷകന്മാർ തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ഇന്നും നാമാവശേഷമാവാതെ നിലനിൽക്കുന്ന പ്രാകൃത ഗോത്രസമുദായക്കാർക്കിടയിൽ അതിന്റെ അവശിഷ്ടങ്ങൾ കാണാം. ആര്യന്മാരുടെ ആക്രമണത്തിനുമുമ്പും ആര്യ ചരിത്രത്തിന്റെ പ്രാരംഭഘട്ടത്തിലും പ്രാകൃത കമ്മ്യൂണിസമാണുണ്ടായിരുന്നത്. കുലത്തിലെ, അല്ലെങ്കിൽ ഗോത്രത്തിലെ എല്ലാ അംഗങ്ങളും സമന്മാരായിരുന്നു. രക്തബന്ധത്തിൻറേയും പരസ്പര സഹകരണത്തിന്റെയും അടിസ്ഥാനത്തിലുള്ള ഐക്യവും സൗഭ്രാത്രവുമാണ് വ്യക്തികളുടെ വീക്ഷണഗതികളെ നിയന്ത്രിച്ചിരുന്നത്. ഐക്യവും സൗഭ്രാത്രവുമിഴുകിച്ചേർന്ന ഈ പ്രാകൃത സാമൂഹ്യ ബന്ധങ്ങളിൽ നിന്നാണ് മനുഷ്യന്റെ ധാർമ്മിക മൂല്യങ്ങൾ ഉയർന്നുവന്നത്. മനുഷ്യസ്നേഹമായിരുന്നു ധാർമ്മിക മൂല്യങ്ങളുടെ മുഖ്യമായ ഉള്ളടക്കം.

എന്നാൽ, ഈ മനുഷ്യസ്നേഹം, സർവ്വതോന്മുഖമായിരുന്നില്ല. ഐക്യവും സൗഭ്രാത്രവും ഗോത്രത്തിന്റെ ആഭ്യന്തര ജീവിതത്തിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. മറ്റു ഗോത്രങ്ങളിലെ ജനങ്ങളോടുള്ള സമീപനം വ്യത്യസ്തമായിരുന്നു. ഗോത്രവും ഗോത്രവും തമ്മിൽ പലപ്പോഴും കലഹങ്ങളും യുദ്ധങ്ങളും തന്നേയുമുണ്ടാവുക പതിവായിരുന്നു. പക്ഷേ, കൊലയും യുദ്ധവും വ്യക്തിയുടെ സ്വാർത്ഥത്തിനുവേണ്ടിയായിരുന്നില്ല: സമൂഹത്തിന്റെ താൽപര്യങ്ങൾക്കുവേണ്ടി ആക്രമണങ്ങളും കൊലകളും നടത്താൻ മാത്രമല്ല, യാതൊരു പിറുപിറുപ്പും കൂടാതെ സ്വന്തം ജീവനെ ബലികഴിക്കാതെ, ഓരോ വ്യക്തിയും തയ്യാറായിരുന്നു. അതായിരുന്നു അവന്റെ കുലധർമ്മം.

## കുരുക്ഷേത്രത്തിലെ ധാർമിക സംഘട്ടനം

കാലക്രമത്തിൽ ഗോത്രവ്യവസ്ഥയിലെ ഐക്യത്തിനും സൗഭ്രാത്രത്തിനും ഉടവു തട്ടി, കുലധർമങ്ങൾ താറുമാറായി. ദുർമ്മോഹങ്ങളും സ്വാർത്ഥപ്രതിപത്തിയും വർദ്ധിച്ചപ്പോളാണ് ധർമ്മം നശിച്ചത് എന്ന് ഭീഷ്മർ പറയുന്നു. അത് ശരിയുമാണ്. പക്ഷേ, മോഹവും, സ്വാർത്ഥവും പരന്നുപിടിച്ചതെന്തുകൊണ്ടാണ്? ഉൽപാദന ശക്തികൾ വളരുകയും സ്വത്തുക്കൾ വർദ്ധിക്കുകയും സാമ്പത്തികാസമത്വങ്ങൾ ആവിർഭവിക്കുകയും ചെയ്തതിന്റെ അനിവാര്യ ഫലമാണിത്. സ്വകാര്യ സ്വത്തുടമ ഐക്യത്തിൻറേയും സൗഭ്രാത്രത്തിൻറേയും പരസ്പര സഹകരണത്തിൻറേയും

അടിസ്ഥാനത്തിലുള്ള ഗോത്ര ഭരണ വ്യവസ്ഥയെ താറുമാറാക്കി. ആര്യന്മാരുടെ ഗോത്രവ്യവസ്ഥകളിൽ വ്യത്യസ്ത താൽപര്യങ്ങളോടുകൂടിയ ബ്രാഹ്മണർ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നീ വർണങ്ങൾ പ്രത്യക്ഷപ്പെട്ടു. ചാതുർവർണ്യമെന്ന പേരിലറിയപ്പെടുന്ന ഈ വർഗവിഭജനമാണ് ഇന്ത്യയിൽ പ്രാകൃത കമ്മ്യൂണിസത്തിന്റെ ധാർമ്മിക മൂല്യങ്ങളെ പുറന്തള്ളുകയും അവയുടെ സ്ഥാനത്ത് പുതിയ ധാർമ്മിക മൂല്യങ്ങളെ പ്രതിഷ്ഠിക്കുകയും ചെയ്തത്. ഗോത്രത്തിന്റെ മനുഷ്യ സ്നേഹപരമായ സന്മാർഗിക നിയമങ്ങളുടെ സ്ഥാനത്ത് ചാതുർവർണ്യത്തിന്റെ ചൂഷണാധിഷ്ഠിതമായ പുതിയ സാന്മാർഗിക നിയമങ്ങൾ ഉയർന്നുവന്നു. ഓരോ വർണത്തിനും പ്രത്യേകം പ്രത്യേകം ധർമ്മങ്ങളുണ്ടായിത്തീർന്നു. വൈദിക സാഹിത്യങ്ങളിലും മഹാഭാരതത്തിലും ധർമ്മശാസ്ത്ര ഗ്രന്ഥങ്ങളിലുമെല്ലാം പഴയ കുലധർമ്മവും പുതിയ വർണ ധർമ്മവും തമ്മിലുള്ള വൈരുദ്ധ്യത്തിന്റെ തെളിവുകൾ ധാരാളം കാണാം. കുരുക്ഷേത്രയുദ്ധത്തിന്റെ ഒത്ത നടുക്കുവെച്ചുപോലും അർജ്ജുനന്റെ മനസ്സാക്ഷിയെ ഇളക്കിമറിച്ചത് ഈ വൈരുദ്ധ്യമാണ്, യുദ്ധക്കളത്തിൽ വന്നുനിന്ന സ്വജനങ്ങളെ കണ്ടപ്പോൾ അർജ്ജുനന്റെ മനസ്സിടറി, അവയവങ്ങൾ തളർന്നു, ശരീരത്തിലാകെ വിറയും രോമാഞ്ചവുമുണ്ടായി, വില്ല് കയ്യിൽ നിന്ന് താനെ നിലത്തുവീണു. അമ്മാമന്മാരെയും പൗത്രന്മാരെയും ശ്വശുരന്മാരേയും സ്യാലന്മാരേയും മറ്റു ബന്ധുക്കളെയും കൊല്ലുകയോ? വയ്യ! വയ്യ! അർജ്ജുനൻ വിറച്ചു വിറച്ചുകൊണ്ട് പറയുകയാണ്.

യേഷാമർത്ഥേ കാംക്ഷിതം നോ
രാജ്യം ഭോഗഃസുഖാനിച
തളമേവസ്ഥിതയുദ്ധേ
പ്രാണാം സ്തക്യത്വാധനാനിച
ആചാർയ്യാഃ പിതരഃപുത്രാഃ
തഥൈവ ച പിതാമഹാഃ
മാതുലാഃ ശ്വശുരാഃ പൗത്രാഃ
സ്യാലാഃ സംബന്ധിനസ്തഥാ
ഏതാന്ന ഹന്തു മിച്ഛാമി
ഘ്നതോപി മധുസൂദന
അപിത്രൈലോക്യരാജ്യസ്യ
ഹേതോഃ കിന്നു മഹീകൃതേ

ഏവർക്കുവേണ്ടിയാണോ രാജ്യവും ഭോഗങ്ങളും സുഖങ്ങളുമെല്ലാം ഞങ്ങൾ കാംക്ഷിക്കുന്നത് ആ ഗുരുനാഥന്മാരും പിതാക്കന്മാരും പുത്രന്മാരും പിതാമഹന്മാരും അമ്മാമൻമാരും പത്നീപിതാക്കന്മാരും മക്കളുടെ മക്കളും ഭാര്യാഭ്രാതന്മാരും മറ്റു ചാർച്ചക്കാരും ഇതാ ജീവനും ധനവുമുപേക്ഷിച്ച് യുദ്ധം ചെയ്യാൻ വേണ്ടി പോർക്കളത്തിൽ വന്നുനിൽക്കുന്നു. അല്ലയോ ശ്രീകൃഷ്ണാ! ത്രൈലോക്യാധിപത്യം തന്നെ കിട്ടിയാലും ശരി, എന്നെ ഇവർകൊന്നാലും ശരി, ഇവരെ കൊല്ലാൻ ഞാനാഗ്രഹിക്കുന്നില്ല, ഈ ഭൂമിക്കുവേണ്ടിയാകുമ്പോൾ പിന്നെ പറയേണ്ടതുണ്ടോ? ഇല്ല, ഞാനിവരെ ഒരിക്കലും കൊല്ലുകയില്ല.

വീരശൂര പരാക്രമിയായ അർജ്ജുനന് എന്തേ പറ്റിയത്? യുദ്ധക്കളത്തിൽ വന്ന് ചുറ്റും നോക്കിയപ്പോഴും അദ്ദേഹം പെട്ടെന്നെന്തേ ഭീരുവായിപ്പോയോ തീർച്ചയായുമില്ല. കുലക്ഷയ ഭീതിയും സ്വജനങ്ങളെ കൊല്ലുന്നത് പാപമാണെന്ന ധർമ്മബോധവുമാണ് അദ്ദേഹത്തെ ബേജാറാക്കിയത്. അദ്ദേഹം പറഞ്ഞു

കുലക്ഷയേ പ്രണശ്യന്തി
കുലധർമ്മാഃ സനാതനാഃ
ധർമ്മേ നഷ്ടേകുലം കൃത്സനം
അധർമ്മോഭിഭവത്യുത

അതായത്, കുലം ക്ഷയിച്ചാൽ സനാതനങ്ങളായ കുലധർമ്മങ്ങളും നശിക്കും, ധർമ്മം നഷ്ടപ്പെട്ടാൽ കുലത്തെയാകെ അധർമ്മം ബാധിക്കും.

ഇതിന്ന് കൃഷ്ണൻ പറഞ്ഞ മറുപടിയെന്താണ്? കേൾക്കുക.

സ്വധർമ്മപിചാവേക്ഷ്യ
നാവികമ്പതുമർഹസി
ധർമ്മ്യാദ്ധിയുദ്ധാച്ഛ്രേയോന്യൽ
ക്ഷത്രിയസ്യനവിദ്യതേ.

സ്വധർമ്മത്തെ ഓർത്തിട്ടെങ്കിലും ദുഃഖിച്ചു വിറയ്ക്കാതിരിക്കുക! എന്തുകൊണ്ടെന്നാൽ, ക്ഷത്രിയന് ധാർമ്മികയുദ്ധമല്ലാതെ മറ്റൊന്നും ശ്രേയസ്സായിട്ടില്ല.

രണ്ടുപേരും ധർമ്മത്തെപ്പിടിച്ചാണയിടുന്നത്. അധർമ്മത്തെ രണ്ടുപേരും വെറുക്കുന്നു. പക്ഷേ, അർജ്ജുനൻ കുലധർമ്മത്തിലാണൂന്നുന്നത്. കൃഷ്ണനോ, വർണ്ണധർമ്മത്തിലും. ഇങ്ങനെ രണ്ടുതരം ധാർമ്മിക മൂല്യങ്ങൾ തമ്മിലുള്ള സംഘട്ടനങ്ങളാണ് കുരുക്ഷേത്രത്തിലെ യുദ്ധക്കളത്തിൽവെച്ചു നടന്നത്. കുലധർമ്മത്തേക്കാൾ വർണ്ണധർമ്മമാണ് മേലേ എന്നു തെളിയിക്കാൻ പതിനെട്ടദ്ധ്യായങ്ങൾ വേണ്ടിവന്നു. ഏതായാലും ഒടുവിൽ കൃഷ്ണൻ തന്നെ ജയിച്ചു. സനാതനങ്ങളെന്നു വിശ്വസിക്കപ്പെട്ടുപോകുന്ന കുലധർമ്മങ്ങൾ ഉപേക്ഷിക്കപ്പെടുകയും അവയ്ക്കു പകരം വർഗവ്യത്യാസങ്ങളുടെ അടിസ്ഥാനത്തിലുള്ള വർണ്ണ ധർമ്മങ്ങൾ അംഗീകരിക്കപ്പെടുകയും ചെയ്തു.

## വർണധർമ്മത്തിൽ നിന്ന് ജാതിധർമ്മത്തിലേക്ക്

ഇന്ത്യയിൽ ക്രി. മു. പത്താം നൂറ്റാണ്ടിന്നും ഏഴാം നൂറ്റാണ്ടിന്നുമിടയിലാണ് പ്രാകൃത കമ്മ്യൂണിസത്തിന്റെ ധാർമ്മിക മൂല്യങ്ങൾ ക്ഷയിക്കുകയും ചാതുർവണ്യത്തിന്റെ വേഷമണിഞ്ഞ വർഗവ്യത്യാസങ്ങൾ തലപൊക്കുകയും ചെയ്തത്. അതുമുതൽക്കാണ് ചൂഷണവർഗ്ഗക്കാരുടെ സ്വാർത്ഥതാൽപര്യങ്ങളുടെ അടിസ്ഥാനത്തിലുള്ള സന്മാർഗിക നിയമങ്ങൾ മനുഷ്യസ്നേഹത്തിലധിഷ്ഠിതമായ പഴയ സാമൂഹ്യബന്ധങ്ങളെ വികൃതമാക്കാനും ഞെക്കിഞെരിക്കാനും തുടങ്ങിയത്. സാമ്പത്തിക ജീവിതത്തിൽ ആധിപത്യം വഹിക്കുന്ന വർഗങ്ങളുടെ ധാർമ്മിക മൂല്യങ്ങൾ സമുദായത്തിന്റെയാകെ ധാർമ്മിക മൂല്യങ്ങളായി കൊട്ടിഘോഷിക്കപ്പെട്ടു. വർണ്ണ ധർമ്മത്തെ ചോദ്യം ചെയ്യുന്ന ശൂദ്രന്റെ കണ്ണുകുത്തിപ്പൊട്ടിക്കാനും കൈവെട്ടിക്കളയാനും അവകാശം നേടിയ സ്വത്തുടമസ്ഥന്മാരായ പ്രാചീന ബ്രാഹ്മണൻ ധാർമ്മികമൂല്യങ്ങളുടെ കുത്തകക്കാരായിത്തീർന്നു. ദശലക്ഷക്കണക്കിലുള്ള അടിമകളുടേയും മർദ്ദിതരായ കൈവേലക്കാരുടെയും കായികാദ്ധ്വാനത്തിന്മേൽ കെട്ടിപ്പടുക്കപ്പെട്ട മൗര്യ സാമ്രാജ്യത്തിന്റെ അധിപൻ ധർമ്മരാജാവായി വാഴ്ത്തപ്പെട്ടു.

വർണ്ണ വ്യവസ്ഥ ക്ഷയിച്ചുപോവുകയും ഫ്യൂഡൽ വ്യവസ്ഥ ഉയർന്നുവരികയും ചെയ്തതിനുശേഷവും മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുക എന്ന മൃഗീയതയ്ക്കു ദിവ്യതയുടെ മൂടുപടം നൽകപ്പെട്ടു. വർണമേധാവിത്വത്തിന്റെ സ്ഥാനത്ത് ജാതിമേധാവിത്വം കയറിപ്പറ്റിയെന്നു മാത്രം, ജാതി വ്യത്യാസങ്ങളുടേയും തൊട്ടുകൂടായ്മയുടേ

യും തീണ്ടിക്കൂടായ്മയുടേയും പാട്ടം വാങ്ങിത്തിന്നലിൻറേയും അടിസ്ഥാനത്തിലാണ് ഫ്യൂഡൽ വ്യവസ്ഥയിലെ ധാർമ്മിക മൂല്യങ്ങൾ ഉയർന്നു വന്നത്. കുലധർമ്മം പോയി വർണധർമ്മം വന്നതുപോലെത്തന്നെ വർണധർമം പോയി ജാതിധർമം വന്നു. ജാതി നിയമങ്ങൾ ലംഘിക്കരുത്, അറുപത്തിനാല് ആചാരങ്ങൾ പാലിക്കണം, മേലാളരുടെ 'ഹാഹോ' വിളി കേട്ടാൽ കീഴാളർ ഒഴിഞ്ഞുമാറണം ഉയർന്ന ജാതിക്കാരുപയോഗിക്കുന്ന കുളങ്ങളും വെട്ടുവഴികളും അയിത്തമാക്കരുത്. പാട്ടം ശരിക്കു കൊടുത്തുതീർക്കണം. സ്വർഗം കൂടിയേ കഴിയൂ എന്നുള്ളവർ ബ്രാഹ്മണന് ഭക്ഷണവും ദക്ഷിണയും കൊടുത്തേക്കണം.

വർഗാടിസ്ഥാനത്തിലുള്ള വർണവ്യവസ്ഥയുടേയും ജാതിവ്യവസ്ഥയുടെയും സാന്മാർഗ്ഗികനിയമങ്ങൾക്ക് ഭൂരിപക്ഷക്കാരായ സാധാരണ ജനങ്ങൾ ഉള്ളഴിഞ്ഞ അംഗീകാരമോ പിന്തുണയോ ലഭിയ്ക്കുകയുണ്ടായില്ലെന്നു പറയേണ്ടതില്ലല്ലോ. ഓരോ കാലഘട്ടത്തിലും ആധിപത്യം വഹിയ്ക്കുന്ന വർഗ്ഗം ക്ഷയോന്മുഖമാവാൻ തുടങ്ങിയപ്പോളെല്ലാം പുരോഗതിക്കുവേണ്ടി നിലകൊള്ളുന്ന പുതിയ വർഗ്ഗങ്ങൾ ഉൽപാദനശക്തികളുടെ വളർച്ചക്കനുയോജ്യമായ പുതിയ സാമൂഹ്യബന്ധങ്ങൾക്കും പുതിയ സാന്മാർഗ്ഗിക നിയമങ്ങൾക്കും വേണ്ടി ശബ്ദമുയർത്തിയിട്ടുണ്ടെന്നു കാണാം. ഗൗതമബുദ്ധൻ വൈശ്യക്ഷത്രിയ വർണ്ണങ്ങളുടെ പിന്തുണയോടുകൂടി ബ്രാഹ്മണമേധാവിത്വത്തിന്നെതിരായി നടത്തിയ ആത്മീയസമരങ്ങളുടെ പിന്നിൽ സമുദായത്തിലെ ഭൂരിപക്ഷക്കാരായ ജനങ്ങൾ അണിനിരക്കുകയുണ്ടായി. മധ്യകാലത്ത് ദൈവത്തിന്റെ മക്കളെല്ലാം സമന്മാരാണെന്നു പ്രഖ്യാപിച്ചുകൊണ്ട് ജാതിമേധാവിത്വത്തിന്റെ അടിസ്ഥാനത്തിലുള്ള ഫ്യൂഡൽ സാന്മാർഗ്ഗികബന്ധങ്ങൾക്കെതിരായി കബീറും നാനാക്കും തുക്കാറാമും ഭക്തിപ്രസ്ഥാനത്തിന്റെ മറ്റു നേതാക്കന്മാരും നടത്തിയ സമരങ്ങൾക്ക് ഭൂരിപക്ഷക്കാരായ സാധാരണ ജനങ്ങളുടെ പിന്തുണയുണ്ടായിരുന്നു.

ചാതുർവർണ്യത്തെ താനാണ് സൃഷ്ടിച്ചത് എന്ന് ഗീതയിലെ കൃഷ്ണൻ അവകാശപ്പെടുന്നുണ്ട്. അതു ശരിയാണെങ്കിൽ വർണ്ണധർമ്മങ്ങൾക്കു മുമ്പു നിലനിന്നിരുന്ന കുലധർമ്മങ്ങളേയും, പിന്നീടാവിർഭവിച്ച ജാതിധർമ്മങ്ങളേയും സൃഷ്ടിച്ചതാരാണ്? ദൈവസൃഷ്ടിയായ ചാതുർവർണ്യം ക്ഷയിയ്ക്കാനും തൽസ്ഥാനത്ത് ജാതികളും ഉപജാതികളും അവാന്തരജാതികളും നിറഞ്ഞ ഫ്യൂഡൽവ്യവസ്ഥ ഉടലെടുക്കാനുമുള്ള കാരണമെന്താണ്? വാസ്തവമിതാണ്: ഉൽപാദനശക്തികളുടെ വളർച്ചയുടെ ഫലമായിട്ടാണ് സാമൂഹ്യബന്ധങ്ങളിൽ മാറ്റമുണ്ടാകുന്നത്. സാമൂഹ്യവ്യവസ്ഥകൾ മാറുന്നതിനനുസരിച്ച് ധാർമ്മികമൂല്യങ്ങൾക്കും സാന്മാർഗികനിയമങ്ങൾക്കും മാറ്റങ്ങളുണ്ടാകുന്നു. സാമൂഹിക വളർച്ചയിലെ ഓരോ ഘട്ടത്തിലും മനുഷ്യന് സമുദായത്തോടും മറ്റു മനുഷ്യരോടുമുള്ള ബന്ധങ്ങളെയാണ് ധാർമ്മിക മൂല്യങ്ങളും സാന്മാർഗ്ഗിക ബോധങ്ങളും പ്രതിഫലിപ്പിക്കുന്നത്. സാമൂഹ്യബന്ധങ്ങളിൽ നിന്നൊറ്റപ്പെട്ട് ദൈവദത്തമായ യാതൊരു ധാർമ്മികമൂല്യവുമില്ല: യാതൊരു സന്മാർഗിക നിയമവുമില്ല.

ധർമ്മമാണ് ഏറ്റവും വലിയ പുരുഷാർത്ഥം. പക്ഷേ, നമ്മൾ കണ്ടു കഴിഞ്ഞതുപോലെ, കുലധർമ്മവും വർണ്ണധർമ്മവും ഒന്നല്ല: വർണ്ണധർമ്മത്തിൽനിന്നു വ്യത്യസ്തമാണ് ജാതിധർമ്മം. ഇങ്ങിനെ സാമൂഹ്യഘടന മാറുമ്പോൾ ധർമ്മവും മാറുന്നു. അതാതുകാലത്തെ സ്വത്തുടമബന്ധങ്ങളേയും അവയുടെ അടിസ്ഥാനത്തിലുള്ള മാനുഷികബന്ധങ്ങളേയും കാത്തുരക്ഷിക്കുക എന്നതാണ് ധർമ്മത്തിന്റെ ഏറ്റവും മു

ഖ്യമായ ജോലി, അർത്ഥം, കാമം, മോക്ഷം, എന്നീ മറ്റു പുരുഷാർത്ഥങ്ങളെല്ലാം ധർമ്മത്തെ ആശ്രയിച്ചാണിരിക്കുന്നത്.

## മദ്ധ്യകാലയൂറോപ്പിലെ ധാർമ്മികമൂല്യങ്ങൾ

യൂറോപ്പിൽ പള്ളിയായിരുന്നു ഫ്യൂഡലിസത്തിന്റെ കേന്ദ്രം. ഭൂസ്വത്തുക്കളുടെ ഗണ്യമായ ഭാഗം പള്ളിയുടെ അധീനത്തിലായിരുന്നു. ധാർമ്മികമൂല്യങ്ങളുടെ നേതൃത്വവും പള്ളിയ്ക്കായിരുന്നു. മതകർമ്മങ്ങളിൽ മാത്രമല്ല, ഗവൺമെൻറ്, നിയമം, വിദ്യാഭ്യാസം, തത്വജ്ഞാനം, ശാസ്ത്രം മുതലായവയിലെല്ലാം പൗരോഹിത്യത്തിന്റെ ഇച്ഛാശക്തിക്കായിരുന്നു പ്രാബല്യം.ഭൂരിപക്ഷക്കാരായ കൃഷിക്കാർ മർദ്ധനത്തിലും അജ്ഞതയിലും കിടന്നു നരകിച്ചു എങ്കിലും പൗരോഹിത്യത്തിന്റെ ധാർമ്മിക മൂല്യങ്ങൾ അവർക്കും ബാധകമായിരുന്നു. പൗരോഹിത്യത്തെ ചോദ്യം ചെയ്യാതെ അന്ധമായി അനുസരിക്കുക എന്നതായിരുന്നു ഏറ്റവും വലിയ സ്വഭാവഗുണം. വ്യക്തി സമൂഹത്തിന്റെ താൽപര്യങ്ങൾക്ക്,എന്നുവെച്ചാൽ പള്ളിയുടെ കൽപ്പനകൾക്ക് വഴങ്ങണം. വിശ്വാസമാണ് സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി, ഐഹിക സുഖങ്ങൾ ക്ഷണികങ്ങളാണ്, സ്വത്തു സമ്പാദിക്കാനോ ശാരീരിക സുഖമനുഭവിക്കാനോ ആഗ്രഹിക്കരുത്. ആത്മസംയമനം ആഗ്രഹങ്ങളെ അടിച്ചമർത്തൽ, സന്യാസം, ഭക്തി, ആദ്ധ്യാത്മിക കാര്യങ്ങളിൽ മുഴുകൽ ഇതൊക്കെയാണ് മനുഷ്യനെ പരിപൂർണനും അനശ്വരനുമാക്കാനുള്ള ഉപായങ്ങൾ.

എന്നാൽ, 14-ാം നൂറ്റാണ്ടിനും 19-ാം നൂറ്റാണ്ടിനുമിടയിൽ വാണിജ്യ-വ്യവസായ രംഗങ്ങളിലുണ്ടായ പരിവർത്തനങ്ങൾ ഫ്യൂഡലിസത്തിന്റെ അടിത്തറ പുഴക്കി. അതോടെ യൂറോപ്പിന്റെ ആത്മീയ ജീവിതത്തിലാകെ ഒരു നവോത്ഥാനം അലയടിച്ചു. വിശ്വാസത്തിന്റെ സ്ഥാനത്ത് ശാസ്ത്രം, അനുസരണ ശീലത്തിന്റെ സ്ഥാനത്ത് വ്യക്തി സ്വാതന്ത്ര്യബോധം, ആത്മസംയമനത്തിനുപകരം ആത്മാവിഷ്കരണം, ദൈവത്തിന്റെ സ്ഥാനത്ത് പ്രകൃതി: പരലോകത്തിനുള്ള ഒരുക്കുകൂട്ടലുകളുടെ സ്ഥാനത്ത് ഐഹികജീവിതത്തിനുള്ള ആസക്തി, പ്രകൃതിയുടേയും ലോകത്തിൻറേയും അഗാധതകളിലേക്കിറങ്ങിച്ചെല്ലുന്ന ഭൗതിക വീക്ഷണഗതികൾ, സർവോപരി ശുഭാപ്തി വിശ്വാസം നിറഞ്ഞുതുളുമ്പുന്ന വിശാലമായ മനുഷ്യസ്നേഹം- ഇതെല്ലാം പഴയ മൂല്യങ്ങളെ ഇടിച്ചുതകർത്തു സമത്വം, സ്വാതന്ത്ര്യം, സൗഭ്രാത്രം എന്നീ മുദ്രാവാക്യങ്ങൾ പുതിയ ധാർമ്മികമൂല്യങ്ങളുടെ കാഹളം വിളികളായിത്തീർന്നു. ഈ പുതിയ ആദർശങ്ങൾ ജനങ്ങളുടെയിടയിൽ പരന്നുപിടിച്ചപ്പോഴാണ് ഫ്യൂഡലിസം മുതലാളിത്തത്തിനു വഴി മാറിക്കൊടുത്തത്.

## മുതലാളിത്തം വന്നപ്പോൾ

എന്നാൽ, മുതലാളിത്തത്തിന്റെ മനുഷ്യസ്നേഹത്തിന് മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്ന സമ്പ്രദായമവസാനിപ്പിക്കാൻ കഴിഞ്ഞില്ല, പഴയ ചൂഷണ സമ്പ്രദായത്തിന്റെ സ്ഥാനത്ത് പുതിയ ചൂഷണ സമ്പ്രദായം നിലവിൽ വന്നുവെന്നു മാത്രം. അതുകൊണ്ടാണ് മുതലാളിത്തമുയർത്തിപ്പിടിച്ച സാന്മാർഗിക ബോധത്തിനുപകരം കൂടുതലുൽകൃഷ്ടമായ പുതിയൊരു സാന്മാർഗികബോധം ആവശ്യമാക്കിത്തീർന്നത്.

തന്റെ കാലത്തെ യൂറോപ്പിലെ വ്യത്യസ്ത സാന്മാർഗികബോധത്തെപ്പറ്റി ഏംഗെൽസ് ഇങ്ങിനെ എഴുതുകയുണ്ടായി:

> "ഒന്നാമതായി, കഴിഞ്ഞ നൂറ്റാണ്ടുകളുടെ വിശ്വാസത്തിൽ നിന്ന് പാരമ്പര്യമായിക്കിട്ടിയ ക്രിസ്ത്യൻ സാന്മാർഗികബോധം നിലനിൽക്കുന്നു. ഇതിന്നുതന്നെ മുഖ്യമായി രണ്ട് ഭാഗങ്ങളുണ്ട്. കത്തോലിക്കാ സദാചാരവും പ്രൊട്ടസ്റ്റന്റു സദാചാരവും. ഇവയിലോരോന്നിനുമുണ്ട് പിന്നേയും അവാന്തരവിഭാഗങ്ങൾ, ഇവയോടൊപ്പം ആധുനിക ബൂർഷ്വാ സദാചാരവും അതോടൊന്നിച്ചുതന്നെ തൊഴിലാളി വർഗ സദാചാരവും നമ്മൾ കാണുന്നു. ഇങ്ങനെ, ഏറ്റവും അഭിവൃദ്ധി പ്രാപിച്ച യൂറോപ്യൻ രാജ്യങ്ങളിൽത്തന്നെ ഒരേ സമയത്ത് ഒന്നിച്ചു നിൽക്കുന്ന ഭൂതകാലത്തിൻറേയും വർത്തമാനകാലത്തിൻറേയും ഭാവികാലത്തിൻറേയും സാന്മാർഗിക സിദ്ധാന്തങ്ങളുടെ മൂന്നു വലിയ വിഭാഗങ്ങൾ കാണാം."

ഇവയിൽ ഭാവിയെ പ്രതിനിധീകരിച്ചുകൊണ്ട് വർത്തമാനകാലത്തെ മാറ്റിമറിക്കാൻ വെമ്പൽകൊള്ളുന്ന തൊഴിലാളി വർഗത്തിന്റെ സാന്മാർഗിക ബോധത്തിലാണ് താരതമ്യേന ശാശ്വതമായ ഘടകങ്ങൾ ഏറ്റവുമധികം അടങ്ങിയിട്ടുള്ളത് എന്നും ഏംഗെൽസ് ചൂണ്ടിക്കാണിക്കുകയുണ്ടായി. എന്നിരിക്കലും അതിപ്പോഴും ഒരു വർഗത്തിന്റെ സാന്മാർഗികബോധമാണ്: മനുഷ്യ സമുദായത്തിന് മുഴുവനും ബാധകമായ ഒരു സാർവത്രിക സാന്മാർഗിക ബോധമല്ല; ഏംഗെൽസ് പറഞ്ഞ പോലെ, വർഗ വൈരുദ്ധ്യങ്ങളവസാനിപ്പിക്കുക മാത്രമല്ല, നിത്യജീവിതത്തിൽ അവയെ വിസ്മരിക്കപോലും ചെയ്തുകഴിഞ്ഞിട്ടുള്ള ഒരു സാമൂഹ്യ ഘട്ടത്തിൽ മാത്രമെ വർഗവൈവിദ്ധ്യങ്ങൾക്കും മനുഷ്യന്റെ ചിന്താഗതിയിൽ അവയുളവാക്കുന്ന അനന്തരഫലങ്ങൾക്കും അതീതമായ തികച്ചും മാനുഷികമായ ഒരു സാന്മാർഗിക ബോധം സാദ്ധ്യമാവുകയുള്ളു.

## ഇന്ത്യയിലെ ഫ്യൂഡൽ ധാർമ്മികമൂല്യങ്ങൾ

ഇന്ത്യയുടെ സാമൂഹ്യവസ്ഥയ്ക്ക് ചില സവിശേഷതകളുണ്ട്, റോം, ഗ്രീസ് തുടങ്ങിയ പ്രാചീന യൂറോപ്യൻ രാജ്യങ്ങളിലേതുപോലെ അത്ര സുശക്തവും വ്യാപകവുമായ ഒരടിമത്തവ്യവസ്ഥയല്ല ഇന്ത്യയിലുയർന്നുവന്നത്. പ്രാകൃത കമ്മ്യൂണിസത്തിന്റെ പൂർണമായ തകർച്ചയിൽ നിന്നല്ല അടിമത്തം പൊന്തിവന്നത്. അതുകൊണ്ട് ചാതുർവർണ്യത്തിനുള്ളിലും ഗോത്രവ്യവസ്ഥയുടെ പല അവശിഷ്ടങ്ങളും നിലനിന്നുപോന്നു. ഫ്യൂഡലിസത്തിന്റെ സ്ഥിതിയും ഏതാണ്ടിതുപോലെതന്നെയാണ്. ജാതിവ്യവസ്ഥ നിലവിൽ വന്നതിനുശേഷവും വർണവ്യവസ്ഥയുടെ പ്രബലങ്ങളായ ചില ഘടകങ്ങൾ നശിക്കാതെ നിലനിൽക്കുകയുണ്ടായി. വർണവ്യവസ്ഥയിലെ ബ്രാഹ്മണമേധാവിത്വം ജാതി വ്യവസ്ഥയിലെ ബ്രാഹ്മണമേധാവിത്വമായി മാറുകയാണുണ്ടായത്. കേരളംപോലുള്ള ചില പ്രദേശങ്ങളിലാകട്ടെ, ചാതുർവർണ്യമെന്ന അടിമത്തമനുഭവിക്കാതെ ഒരു ഗോത്രവ്യവസ്ഥയിൽ നിന്നും നേരിട്ടാണ് ജനങ്ങൾ ഫ്യൂഡൽ വ്യവസ്ഥയിലേക്ക് കടന്നത്. പല ഗോത്രങ്ങളും ആഭ്യന്തരമായ ഐക്യത്തേയും സൗഭ്രാത്രത്തേയും ഏറെക്കുറെ നിലനിർത്തിക്കൊണ്ടുതന്നെ ഫ്യൂഡൽ വ്യവസ്ഥയിലെ ജാതികളായി മാറി. ജാതികൾകൊണ്ടും ഉപജാതികൾകൊണ്ടും ആവാന്തരജാതികൾകൊണ്ടും കെട്ടിപ്പിണഞ്ഞ ഫ്യൂഡൽ സ്വത്തുടമബന്ധങ്ങൾക്കുള്ളിൽ പ്രാകൃത കമ്മ്യൂണിസത്തിന്റെ ഗോത്രജീവിതം ഇഴുകിച്ചേർന്നു കിടന്നു. സ്വയം സംപൂർണങ്ങളായ ഗ്രാമസമുദായങ്ങൾക്കുള്ളിലെ പരസ്പരബന്ധങ്ങളിൽ സവിശേഷമായ ഒരുതരം ഐക്യവും സൗഹാർദ്ദവും നിലനിന്നുപോന്നു. ഇന്ത്യയിലെ ഈ പ്രാചീന ഗോത്രസമുദായങ്ങളെപ്പറ്റി മാർക്സ് തന്റെ 'ക്യാപിറ്റൽ' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ എഴുതുകയുണ്ടായി.

> "ചെറുതും അതിപ്രാചീനവുമായ ആ ഇന്ത്യൻ സമുദായങ്ങൾ-അവയിൽ ചിലതു ഇന്നേവരെ തുടർന്നുപോന്നിട്ടുണ്ട്. നിലത്തിന്മേലുള്ള പൊതുവുടമയേയും, കൃഷിയും കൈത്തൊഴിലുകളും തമ്മിലുള്ള അവിഭാജ്യ ബന്ധത്തേയും മാറ്റാൻ വയ്യാത്ത ഒരു പ്രവൃത്തി വിഭജനത്തേയും ആശ്രയിച്ചാണിരിക്കുന്നത്. ഈ സമുദായങ്ങളുടെ ഭരണഘടന ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്തതരത്തിലാണ്. ഏറ്റവും ലളിതമായ രൂപത്തിൽ നിലം പൊതുവായി കൃഷി ചെയ്യപ്പെടുകയും ഉൽപന്നങ്ങൾ ഗ്രാമത്തിലെ അംഗങ്ങൾക്കിടയിൽ ഭാഗിക്കപ്പെടുകയും ചെയ്യുന്നു. അതേ സമയത്തു തന്നെ സഹായക വ്യവസായങ്ങളെന്ന നിലയ്ക്ക് ഓരോ വീട്ടിലും നൂൽനൂൽപ്പും നെയ്ത്തുമുണ്ട്. ഇങ്ങനെ ഓരോ തരത്തിലുള്ള പ്രവൃത്തിതന്നെ ചെയ്തുകൊണ്ടിരിക്കുന്ന ബഹുജനങ്ങളോടൊപ്പം ജഡ്ജിയും പൊലീസുകാരനും നികുതി പിരുവുകാരനും എല്ലാമായ ഗ്രാമപ്രധാനിയേയും നമുക്ക കാണാൻ കഴിയും. കൃഷിയുടെ വരവുചിലവു കണക്കുകൾ വെയ്ക്കുകയും അതുമായി ബന്ധപ്പെട്ട എല്ലാറ്റിൻറേയും രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യുന്ന കണക്കപ്പിള്ള (അല്ലെങ്കിൽ കരണം), കുറ്റവാളികളെ ശിക്ഷിക്കുകയും ഗ്രാമത്തിലൂടെ കടന്നുപോകുന്ന വിദേശികളെ സംരക്ഷിക്കുകയും അവരെ അടുത്ത ഗ്രാമത്തിലേക്ക് അനുഗമിക്കുകയും ചെയ്യുന്ന മറ്റൊരുദ്യോഗസ്ഥൻ, അയൽ പ്രദേശങ്ങളിൽ നിന്ന് ഗ്രാമത്തിന്റെ അതിർത്തികളെ കാത്തുരക്ഷിക്കുന്ന ഉദ്യോഗസ്ഥൻ, പൊതുകുളത്തിൽ നിന്ന് കൃഷിക്കു വെള്ളം കൊടുക്കുന്ന പ്രവൃത്തിക്കാരൻ, കുട്ടികളെ മണ്ണിലെഴുതി പഠിപ്പിക്കുന്ന അദ്ധ്യാപകൻ, വിത്തുനടൽ, കൊയ്ത്ത് തുടങ്ങിയ എല്ലാ കാർഷിക പ്രവർത്തനങ്ങൾക്കും പറ്റിയ മുഹൂർത്തങ്ങളേയും അശുഭ ദിനങ്ങളേയും വിവരിച്ചുകൊടുക്കുന്ന ജ്യോത്സ്യൻ, എല്ലാത്തരം കാർഷികോപകരണങ്ങളേയും കേടുപാടുകൾ തീർക്കുന്ന പെരുംകൊല്ലനും ആശാരിയും ഗ്രാമത്തിനാവശ്യമായ മൺപാത്രങ്ങളുണ്ടാക്കുന്ന കുശവൻ, ക്ഷുരകൻ, അലക്കുകാരൻ, തട്ടാൻ, അവിടേയും ഇവിടേയുമായി കവികൾ, ചില സമുദായങ്ങളിൽ തട്ടാന്മാരുടേയും മറ്റു ചിലേടങ്ങളിൽ അദ്ധ്യാപകരുടേയും ജോലികൾകൂടി കവികൾ നിർവഹിക്കും. ഇവരെല്ലാമുണ്ടായിരുന്നു. ഒരു ഡസനോളം വരുന്ന ഈ വ്യക്തികളെല്ലാം സമുദായത്തിന്റെ പൊതു ചെലവിലാണ് സംരക്ഷിക്കപ്പെട്ടിരുന്നത്."

മേൽജാതികളും കീഴ്ജാതികളും തമ്മിലുള്ള അസമത്വങ്ങൾ അനുദിനം മൂർച്ഛിച്ചു കൊണ്ടിരുന്നു. എന്നിട്ടും ജാതിക്കുള്ളിൽ ഒരു തരം ഐക്യവും പരസ്പര സഹകരണവും നിലനിന്നുപോന്നു. ഓരോ ജാതിക്കും സ്വന്തമായ ഓരോ പഞ്ചായത്ത് (കൂട്ടം) ഉണ്ടായിരുന്നു. ജാതിയിലെ അംഗങ്ങളുടെ പൊതുകാര്യങ്ങളും മറ്റു ജാതികളുമായുള്ള ബന്ധങ്ങളും സമത്വത്തിന്റെ അടിസ്ഥാനത്തിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കാനുള്ള ജനാധിപത്യസ്ഥാനങ്ങളായിരുന്നു അവ.

ജാതിവിശ്വാസങ്ങളും ജാത്യാചാരങ്ങളും മേലാളരോടുള്ള കീഴ്വഴക്കവും അയിത്തവും തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും ബ്രാഹ്മണ ഭക്തി, രാജാവിനോടുള്ള കൂറ്, ലോകത്തിൽ സംഭവിക്കുന്നതെന്തും കർമ്മത്തിന്റെ ഫലമാണെന്ന ബോധം. ദൈവങ്ങളിലും പുനർജന്മത്തിലുള്ള വിശ്വാസം, അദ്ധ്വാനത്തോടുള്ള പുച്ഛം, അദൃശ്യപ്രപഞ്ചത്തിന്റെ അഗാധതകളിലേക്ക് ഊളിയിട്ടു പോകാനുള്ള അന്തർമുഖത്വത്തിന്റെ ആത്മീയ പ്രവണതകൾ, ആത്മസംയമനം, സന്യാസം മുതലായവയുടെ അടിസ്ഥാനത്തിലാണ് ഫ്യൂഡലിസത്തിന്റെ ധാർമ്മിക മൂല്യങ്ങൾ ഉയർന്നുവന്നത്. എന്നാൽ അവയോടൊപ്പം തന്നെ പ്രാകൃത ഗോത്രസമുദായത്തിലെ മനുഷ്യസ്നേഹപരമായ ചിന്താഗതികളും നശിക്കാൻ കൂട്ടാക്കാതെ നിലനിന്നുപോന്നു. പ്രാചീന കാലംമുതൽക്കേ മനുഷ്യത്വം ആദരിക്കപ്പെട്ടിരുന്നു. വർഗ്ഗവ്യത്യാസങ്ങൾ മനുഷ്യത്വത്തിന്റെ ഉൽകൃഷ്ടതയേയും പാവനതയേയും പാടെ തുടച്ചുനീക്കുകയു

ണ്ടായില്ല. 'ഗുഹ്യം ബ്രഹ്മതദിദം ബ്രവീമി: നമാനുഷാത് ശ്രേഷ്ഠതരം ഹികിഞ്ചിക' എന്നു മഹാഭാരതത്തിലൊരിടത്തു പറയുന്നു. വർണ്യ വ്യവസ്ഥയുടെ കാലത്ത് ഉടലെടുത്ത ആത്മീയതത്വ ശാസ്ത്രങ്ങൾപോലും മനുഷ്യന്റെ ദുഃഖത്തിന്നൊരറുതി വരുത്തേണ്ടതെങ്ങിനെയെന്നാണ് ചർച്ച ചെയ്യുത്. ചുരുക്കിപ്പറഞ്ഞാൽ സാമ്പത്തികവും സാമൂഹ്യവും രാഷ്ട്രീയവുമായ പരിവർത്തനങ്ങൾ പലതും സംഭവിച്ചിട്ടും ഭൂരിപക്ഷക്കാരായ ജനങ്ങൾക്കിടയിൽ മനുഷ്യ സ്നേഹം വേരുന്നിക്കിടന്നു.

## ദേശീയ പ്രസ്ഥാനത്തിന്റെ ധാർമ്മിക മൂല്യങ്ങൾ

ബ്രിട്ടീഷുമുതലാളിത്തത്തിന്റെ വരവോടുകൂടി ഈ സ്ഥിതിക്കൊരു മാറ്റം വന്നു. നാടുവഴി പ്രഭുത്വത്തിന്റെ അടിത്തറ തകർന്നു, പ്രാചീന കാലംമുതൽക്കേ നിലനിന്നുപോന്ന ഗ്രാമസമുദായങ്ങൾ ഛിന്നഭിന്നമായി. കൃഷിയും കൈത്തൊഴിലുകളും അധഃപതിച്ചു. പഴയ ഉൽപാദന വ്യവസ്ഥ താറുമാറായി, എന്നാൽ അതിന്റെ സ്ഥാനത്ത് പുതിയ മുതലാളിത്ത രീതിയിലുള്ള വ്യാവസായികോൽപ്പാദന വ്യവസ്ഥ നിലവിൽ വരികയുണ്ടായില്ല. കാലഹരണപ്പെട്ട ഫ്യൂഡൽ വ്യവസ്ഥയുടെ കൂട്ടുപിടിച്ചുകൊണ്ട് സാമ്രാജ്യത്വം ഇന്ത്യയുടെ സാമ്പത്തികവും സാമൂഹ്യവും സാംസ്കാരികവുമായ പുരോഗതിയെ തടഞ്ഞു നിർത്തി.

പക്ഷേ, അടിമത്തത്തെ കെട്ടിപ്പുണരാൻ ജനങ്ങൾ തയ്യാറായില്ല, രാജ്യത്തിലൊട്ടുക്കും മുമ്പില്ലാതിരുന്ന മഹത്തായ ഒരു ദേശീയബോധം അലയടിച്ചു. ദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരം ആരംഭിച്ചു.

സ്വാതന്ത്ര്യസമരം ദേശീയാടിമത്തത്തെയും ദേശീയമായ സങ്കുചിതത്വത്തേയും മാത്രമല്ല, നാട്ടുവാഴി പ്രഭുത്വത്തിന്റെ ധാർമ്മിക മൂല്യങ്ങളേയും ചോദ്യം ചെയ്തു. പ്രാചീനകാലം മുതൽക്കു തലമുറതലമുറയായി തുടർന്നുപോന്ന ജനകീയ ധാർമിക മൂല്യങ്ങളുടെ മനുഷ്യസ്നേഹപരമായ ഉൽകൃഷ്ടതകൾ ഉയിർത്തെഴുന്നേറ്റു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽത്തന്നെ സ്വാമിവിവേകാനന്ദൻ തന്റെ സ്വതസ്സിദ്ധമായ ഉജ്ജ്വല ശൈലിയിൽ ഇങ്ങിനെ ഉൽഘോഷിക്കുകയുണ്ടായി.

സ്വർഗമോ നരകമോ ഉണ്ടായാലെന്ത്? ഇല്ലെങ്കിലെന്ത്? ആത്മാവ് ഉണ്ടെങ്കിലെന്ത് ഇല്ലെങ്കിലെന്ത്? മാറ്റമില്ലാത്ത ഒരു ശക്തി ഉണ്ടോ ഇല്ലയോ എന്നറിഞ്ഞിട്ടെന്തുവേണം? ലോകമിതാക്കിടക്കുന്നു. അതു കഷ്ടപ്പാടു നിറഞ്ഞതാണുതാനും. ബുദ്ധൻ ചെയ്തതുപോലെ ലോകത്തിലേയ്ക്കിറങ്ങിച്ചെല്ലുകയും ആ കഷ്ടപ്പാടുകൾ ലഘൂകരിക്കാൻ സമരം നടത്തുകയും ചെയ്യുക; അല്ലെങ്കിൽ ആ പരിശ്രമത്തിൽ മരിയ്ക്കുക, നിങ്ങൾ നിങ്ങളെത്തന്നെ മറക്കണം. ഇതാണ് ആദ്യമായി പഠിക്കാനുള്ള പാഠം, നിങ്ങൾ ദൈവ വിശ്വാസിയായാലും ശരി, നിരീശ്വരവാദിയായാലും ശരി, സന്ദേഹവാദിയായാലും കൊള്ളാം; വേദാന്തിയായാലും കൊള്ളാം; ക്രിസ്ത്യാനിയായാലും ശരി, മുഹമ്മദീയനായാലും ശരി; സങ്കുചിതമായ 'അഹന്ത' യെ നശിപ്പിക്കുകയും യഥാർത്ഥമായ വ്യക്തിസത്തയെ കെട്ടിപ്പടുക്കുകയും ചെയ്യുക എന്നതാണ് എല്ലാവർക്കും വ്യക്തമാകുന്ന ഒരേയൊരു പാഠം.'

വീണ്ടും,

> 'നമുക്ക് നമ്മിൽത്തന്നെയുള്ള വിശ്വാസം, ദേശീയമായ ഒരാത്മാഭിമാനം, പാവങ്ങൾക്ക് ഭക്ഷണം നൽകാനും, അവരെ അഭ്യസ്തവിദ്യരാക്കാനും അങ്ങിനെ നമ്മുടെ ചുറ്റുപാടുമുള്ള കഷ്ടപ്പാടുകളെ ദൂരീകരിക്കുവാനുള്ള ശക്തി ഇതെല്ലാം ഉണ്ടാക്കിത്തരുന്ന ഒരു മതമാണ് നമുക്ക് വേണ്ടത്. നിങ്ങൾക്കു ദൈവത്തെ കാണണമെന്നുണ്ടെങ്കിൽ മനുഷ്യനെ സേവിക്കുക!'

ഇത് പഴയ ധാർമ്മിമൂല്യങ്ങളുടെ തുടർച്ച മാത്രമായിരുന്നില്ല. സാമൂഹ്യ വളർച്ചയുടെ പുതിയ ഘട്ടത്തിന്നനുയോജ്യമായ പുതിയ ധാർമ്മിക മൂല്യങ്ങളുടെ ഉത്ഭവം കൂടിയായിരുന്നു.

# രണ്ട്

ഒന്നാം ലോക മഹായുദ്ധത്തിൻറേയും റഷ്യയിലെ തൊഴിലാളി വിപ്ലവത്തിന്റെയും സാർവദേശീയ പ്രത്യാഘാതങ്ങൾ, അഖിലേന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസിന്റെ ആവിർഭാവം, മഹാത്മാഗാന്ധിയുടെ നേതൃത്വത്തിലാരംഭിച്ച നിസ്സഹകരണ പ്രസ്ഥാനം, ഇതിന്റെയെല്ലാം ഫലമായി നമ്മുടെ ദേശീയപ്രസ്ഥാനത്തിൽ പുതിയൊരു മുന്നേറ്റമുണ്ടായി. സ്വാതന്ത്ര്യ സമരത്തിന്റെ ഊക്കും ഊർജ്ജസ്വലതയും വർദ്ധിച്ചു. അതോടൊപ്പം തന്നെ മെല്ലെ, മെല്ലെ തൊഴിലാളി വർഗത്തിൻറേതായ പുതിയ ധാർമ്മിക മൂല്യങ്ങളും ആവിർഭവിച്ചു.

ഒരു ഭാഗത്ത് കൊളോണിയലിസത്തിന്റെ ആശയ സംഹിതകൾ, മറുഭാഗത്ത് രാഷ്ട്രീയ പ്രവർത്തനങ്ങളെ മാനുഷീകരിക്കണമെന്നാഹ്വാനം ചെയ്ത മഹാത്മാഗന്ധിയുടെ സാന്മാർഗിക സിദ്ധാന്തങ്ങൾ, മർദ്ദിതവർഗ്ഗക്കാർക്കിടയിൽ പരന്നുപിടിക്കാൻ തുടങ്ങിയ തൊഴിലാളിവർഗ്ഗചിന്താഗതികൾ, എല്ലാറ്റിനുമടിയിൽ ജനങ്ങളുടെ ഹൃദയങ്ങളിൽ ഊറിപ്പിടിച്ചുകിടന്ന മനുഷ്യസ്നേഹപരമായ ധാർമ്മിക മൂല്യങ്ങൾ ഇങ്ങനെ വ്യത്യസ്തങ്ങളായ ധാർമ്മിക മൂല്യങ്ങളുടെ സംഘടനകളിലൂടെയാണ് ദേശീയ പ്രസ്ഥാനം മുന്നേറിയത്.

## ഇന്ത്യ മുതലാളിത്തത്തിലേക്ക്

ഒടുവിൽ, ഇന്ത്യാ ചരിത്രത്തിൽ ഒരു പുതിയ അധ്യായത്തെ ഉത്ഘാടനം ചെയ്ത ആഗസ്റ്റ് 15! ബ്രിട്ടീഷ് ഭരണം അവസാനിച്ചു. ഇന്ത്യ സ്വതന്ത്രമായി. സാമ്പത്തിക വികസനത്തിനും ദേശീയ പുനർ നിർമാണത്തിനുമുള്ള പരിപാടികളാവിഷ്ക്കരിക്കപ്പെട്ടു. വൻകിട ജലസേചന പദ്ധതികൾ, ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകൾ, ഗതാഗത സൗകര്യങ്ങൾ, ആധുനിക ഫാക്ടറികൾ, ഘന വ്യവസായങ്ങൾ- ഇന്ത്യയുടെ മുഖച്ഛായ ആകെ മാറ്റി മറിച്ച ഈ നിർമ്മാണ പദ്ധതികൾ പട്ടണങ്ങളിലെന്നപോലെതന്നെ ഉൾനാട്ടുകളിലും വൻപിച്ച പരിവർത്തനങ്ങൾ ഉണ്ടാക്കി. ജനങ്ങളുടെ ജീവിത രീതി മാറി. ചിന്താഗതികൾ മാറി. അതോടെ പഴയ ധാർമ്മിക മൂല്യങ്ങളെല്ലാം ചോദ്യം ചെയ്യപ്പെട്ടു.

ഇന്ത്യയിലെ സാമ്പത്തിക വികസന പദ്ധതികൾ നമ്മുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്റെ അടിത്തറ ഉറപ്പിക്കാനും സാമ്പത്തിക സ്വാതന്ത്ര്യം കെട്ടിപ്പടുക്കാനും, സാമ്രാജ്യാധിപത്യത്തിന്റെയും ഫ്യൂഡലിസത്തിന്റെയും അവശിഷ്ടങ്ങളെ നീക്കം ചെയ്യാനും സാമൂഹികവും സാംസ്കാരികവുമായ പുരോഗതി നേടാനും സഹായിക്കുന്ന പരിപാടികൾ ആണ്, സംശയമില്ല. എന്നാൽ, മുതലാളിത്തത്തിന്റെ അടിസ്ഥാനത്തിലാണ് ഈ സാമ്പത്തികാസൂത്രണ പരിപാടികൾ നടപ്പിൽ വരുത്തപ്പെട്ടുകൊണ്ടിരിക്കുന്നത്. അടിസ്ഥാന ഘന വ്യവസായങ്ങളിൽ പോലും സ്വകാര്യ സ്വത്തുടമയ്ക്ക് സ്ഥാനം നൽകപ്പെട്ടു. വൻകിട ബാങ്കുകളും, കമ്പോള ചൂതാട്ടങ്ങളും, തൊഴിലാളികളെ ചൂഷണം ചെയ്ത് ലാഭമടിക്കാനും ചരക്കുകളുടെ വില വർദ്ധിപ്പിച്ച് ജനങ്ങളെ കൊള്ളയടിക്കാനുമുള്ള സ്വാതന്ത്ര്യങ്ങളും, സ്വകാര്യ മുതലാളികളുടെ പണപ്പെട്ടികളെ മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തവിധം വീർപ്പിച്ചു. ഉള്ളവരും

ഇല്ലാത്തവരും തമ്മിലുള്ള അകൽച്ച അനുദിനം വർദ്ധിക്കാൻ തുടങ്ങി. ഈ മുതലാളിത്തോൽപ്പാദന രീതിയുടെ അഭിഭാജ്യ ഭാഗമെന്ന നിലയ്ക്ക് ജനഹൃദയങ്ങളിൽ അസംതൃപ്തി കൊടുമ്പിരികൊണ്ടു. സാമൂഹ്യ ജീവിതത്തിലെ സൗഹൃദ ബന്ധങ്ങളെ "കണപ്'യുടെ കണക്കു കൂട്ടലുകൾ താറുമാറാക്കി. 1847-ൽ തന്നെ മുതലാളിത്തം സാമൂഹ്യ ജീവിതത്തിൽ ഉണ്ടാക്കിയ പരിവർത്തനങ്ങളെപ്പറ്റി മാർക്സും ഏംഗൾസും ഇങ്ങനെ എഴുതുകയുണ്ടായി.

'മനുഷ്യനും മനുഷ്യനും തമ്മിൽ നഗ്നമായ സ്വാർത്ഥമൊഴികെ, ഹൃദയ ശൂന്യമായ റൊക്കം പൈസയൊഴികെ മറ്റൊരു ബന്ധവും അത് ബാക്കി വച്ചില്ല, മതപരമായ ഭക്തി പാരവശ്യത്തിന്റെയും, വീരോചിതമായ ആർത്തത്രാണപരായണത്തിന്റെയും പണ്ഡിതമാന്യന്മാരുടെ സഹൃദയത്വത്തിന്റെയും ദിവ്യമായ ആനന്ദ നിർവൃതിയെ അത് കടുത്ത ദുരയുടെ മഞ്ഞുവെള്ളത്തിലാഴ്ത്തി. വ്യക്തിപരമായ യോഗ്യതകളെ അത് 'കണപ്' യാക്കിമാറ്റി...... ചുരുക്കിപ്പറഞ്ഞാൽ മതപരവും രാഷ്ട്രീയവുമായ വ്യാമോഹങ്ങളുടെ സ്ഥാനത്ത് അത് നഗ്നവും നിർലജ്ജവും മൃഗീയവുമായ ചൂഷണം നടപ്പിലാക്കി'.

## സ്വതന്ത്ര ഭാരതത്തിലെ ധാർമ്മികാധഃപതനം

മുതലാളിത്തത്തിൽ മനുഷ്യൻ ലക്ഷ്യമല്ല, മാർഗമാണ്. മുതലാളി പണം സമ്പാദിക്കുന്ന ഒരു ഉപകരണം തൊഴിലാളി വെറുമൊരു ഉൽപാദന ഉപകരണവും! തൊഴിലാളിയുടെ ജീവിതമല്ല, ചൂഷണം ചെയ്യപ്പെട്ട ലാഭമുൽപ്പാദിപ്പിക്കാനുമുള്ള അവന്റെ കഴിവാണ് പ്രധാനം. വ്യവസായം, വാണിജ്യം, സാമൂഹ്യ സ്ഥാപനങ്ങൾ-എല്ലാത്തിനും ഒരു ഒറ്റ ലക്ഷ്യമേ ഉള്ളു ലാഭം! എത്രത്തോളം പണം സമ്പാദിക്കുന്നുവോ അത്രത്തോളമാണ് മാന്യത. സ്വത്തുക്കളെകൊണ്ടാണ് മനുഷ്യൻ അളക്കപ്പെടുന്നത്.

ഈ വ്യവസ്ഥയിൽ ഒരറ്റത്ത് സ്വത്തുക്കളും മറ്റേ അറ്റത്ത് ദാരിദ്ര്യവും കടന്നുകൂടുന്നു. നടുക്കുള്ളവരാകട്ടെ വ്യക്തിപരമായി സ്വത്തുസമ്പാദിക്കാനുള്ള ഉത്കണ്ഠയാലും നാളയെ പറ്റിയുള്ള മനോരാജ്യത്താലും അസ്വസ്ഥരായി തീരുന്നു.

സ്വാർത്ഥം, ദുര, അഴിമതി, കോഴ, മത്സരം, കരിഞ്ചന്ത-ഇവയെല്ലാം വ്യക്തികളുടെ വളർച്ചയ്ക്കുള്ള ഉപകരണങ്ങളായി തീരുന്നു. ഈശ്വര പൂജപോലും ധനപൂജയുടെ മൂടുപടമായി മാറുന്നു.

വ്യവസായത്തിന് ലൈസൻസ് വേണോ, കടലാസ് വേഗം നീങ്ങണോ, ഉദ്യോഗസ്ഥന്റെ കൈ മടക്കുക: ഉദ്യോഗം കിട്ടണോ, പണമിറക്കുക, വിദ്യാലയത്തിൽ പ്രവേശനം വേണോ, പരീക്ഷയിൽ ഒന്നാമതായി പാസാകണോ, കൈക്കൂലി കൊടുക്കുക, അദ്ധ്യാപക ജോലി വേണോ, മാനേജരുടെ ബാങ്ക് അക്കൗണ്ട് വർദ്ധിപ്പിക്കുക; രോഗം മാറണോ ഡോക്ടർക്ക് പണം കൊടുക്കു. അഴിമതി കുറ്റത്തിൽ നിന്ന് രക്ഷപ്പെടണോ, അഴിമതി നിവാരണ ഉദ്യോഗസ്ഥനെ തൃപ്തിപ്പെടുത്തുക—മദ്ധ്യവർജ്ജന മേഖലകളിൽ കള്ളുണ്ടാക്കണോ, പൊലീസിനു കൈക്കൂലി കൊടുക്കുക—എല്ലാം വ്യക്തിയുടെ ഉയർച്ചയ്ക്കുവേണ്ടിയാണ്!

ഭക്ഷണ സാമഗ്രികളിൽ മായം ചേർക്കാം, ആട്ടിറച്ചിയെന്നു പറഞ്ഞ് പട്ടിയിറച്ചി വിൽക്കാം, കരിഞ്ചന്ത നടത്താം, കള്ളനോട്ടടിക്കാം, മനുഷ്യ മാംസ വിൽപനയ്ക്കുള്ള വ്യഭിചാര ശാലകൾ നടത്താം. കള്ള മദ്യം വാറ്റാം—പണമുണ്ടാക്കാൻ കഴിയുമോ എന്ത് ബീഭത്സതയുമാവാം!

യാതൊന്നിനുമില്ല രക്ഷ-ക്ഷേത്രങ്ങൾ, പള്ളികൾ, സന്ന്യാസി മഠങ്ങൾ, ഗാന്ധി സ്മാരക നിധികൾ, സാഹിത്യ സംഗീത അക്കാഡമികൾ, നിയമ സഭാ സാമാജികത്വം, മന്ത്രിസ്ഥാനം, കമ്മിറ്റികൾ, സർവകലാശാലകളിലെ സിൻഡിക്കേറ്റുകൾ, ധാർമ്മിക മൂല്യങ്ങളെ പറ്റിയുള്ള പ്രസംഗ പരിപാടികൾ എല്ലാം വ്യക്തികൾക്ക് പണമുണ്ടാക്കാനുള്ള ഉപകരണങ്ങളാണ്!

## ഇതാണ് മുതലാളിത്തം!

ഉരുക്കു നിർമാണ ശാലകളുടെയും യന്ത്ര നിർമാണ ഫാക്ടറികളുടെയും ഛൂളം വിളികൾ മുഴങ്ങുന്നു. ഹൈഡ്രോ ഇലക്ട്രിക് സ്റ്റേഷനുകൾ പ്രകാശം പൊഴിക്കുന്നു. സർവകലാശാലകൾ അഭ്യസ്തവിദ്യരെ പടച്ചുവിടുന്നു. പക്ഷേ, വെളിച്ചമെവിടെ? 'സത്യമേവ ജയതേ' എന്ന കൊടിയടയാളത്തിന്റെ മറവിൽ ആയിരം കപട നാട്യങ്ങൾ പത്തി വിരുത്തി പതിയിരിക്കുന്നു! ആത്മാവിന്റെ രോഗം മൂർച്ഛിക്കുകയും പടർന്നു പിടിക്കുകയും ചെയ്യുന്നു. അവനും ഇവനും മറ്റവനും കോഴ വാങ്ങി തടിക്കുമ്പോൾ ഞാൻ മാത്രം അരിഷ്ടിച്ച് നല്ലവനാകുന്നതെന്തിന്?

എന്നാൽ 'കയ്യൂക്കുള്ളവൻ കാര്യക്കാരൻ' എന്ന ഈ തത്വശാസ്ത്രത്തിന്റെ കൈ പിടിച്ചുകൊണ്ട് സമുദായത്തിലെ എല്ലാ വ്യക്തികൾക്കും ഉയരാൻ സാധിക്കുന്നില്ല. മേലേക്കിടയിലുള്ള ന്യൂനപക്ഷം തടിച്ചുകൊഴുക്കുകയും ഭൂരിപക്ഷക്കാരായ വ്യക്തികൾ പാപ്പരത്തത്തിലേക്ക് മുതല കൂപ്പുകുത്തുകയുമാണ് ചെയ്യുന്നത്.

ഈ സാഹചര്യത്തിൽ ധാർമ്മിക മൂല്യങ്ങൾ ഇടിയുകയും വിശ്വാസ രാഹിത്യം പരന്നുപിടിക്കുകയും ചെയ്യുന്നു. 'ഓരോരുത്തരും അവനവനുവേണ്ടി' എന്ന കാടൻ നിയമം മനുഷ്യ ഹൃദയങ്ങളിൽ ആധിപത്യം വഹിക്കാൻ തുടങ്ങുന്നു.

## കാടൻ നിയമങ്ങളുടെ സാഹചര്യങ്ങൾ

മനുഷ്യൻ സ്വന്തം ഇഷ്ടത്തിന് പട്ടിണിയെയും തൊഴിലില്ലായ്മയെയും അടിമത്തത്തെയും അപമാന ഭാരത്തെയും തിരഞ്ഞെടുക്കാറില്ല. വർഗവ്യത്യാസങ്ങളെ നിലനിർത്തുന്ന സാമൂഹ്യബന്ധങ്ങളിൽ നിന്നാണ് ഇത്തരം കളങ്കങ്ങൾ ഉയർന്നു വരുന്നത്. ഉദാഹരണത്തിന്, മുതലാളിത്ത സാമൂഹ്യ വ്യവസ്ഥയെ തന്നെ എടുക്കാം. മുതലാളിത്തത്തിൽ ഒരു വിഭാഗം ജനങ്ങൾ ഉൽപാദനോപകരണങ്ങളുടെ ഉടമസ്ഥന്മാരായ യജമാനന്മാരും മറ്റൊരു വിഭാഗം ജനങ്ങൾ കൂലിവേലക്കാരായ അടിമകളുമാണ്. കൂലിവേലക്കാരന് തന്റെ അദ്ധ്വാന ശക്തിയെ വിൽക്കാനുള്ള സ്വാതന്ത്ര്യവും ഉണ്ട്. അത് വാങ്ങാനോ വാങ്ങാതിരിക്കുവാനോ ഉള്ള സ്വാതന്ത്ര്യം മുതലാളിക്കും ഉണ്ട്. ഈ സാമൂഹ്യ വ്യവസ്ഥയിൽ മനുഷ്യൻ മർദ്ദിക്കപ്പെടുന്നു, ചൂഷണം ചെയ്യപ്പെടുന്നു. അപമാനിക്കപ്പെടുകയും വെറുക്കപ്പെടുകയും ചെയ്യുന്നു. യന്ത്രങ്ങൾ ചലിക്കുന്നത് സാന്മാർഗിക ജീവിതത്തെ ഉയർത്താനല്ല. അവയുടെ ഉടമസ്ഥന്മാർക്കും ലാഭം കിട്ടാനാണ്. ഈ വ്യവസ്ഥയിൽ അസംസ്കൃത സാമഗ്രികൾ, തൊഴിലാളികളുടെ അദ്ധ്വാന ശക്തി, യന്ത്രങ്ങൾ, യന്ത്രങ്ങൾ ഉൽപാദിപ്പിക്കുന്ന ഉപഭോഗ സാമഗ്രികൾ എല്ലാം കച്ചവടച്ചരക്കുകളാണ്. മനുഷ്യന്റെ വ്യക്തിത്വം പോലും കൊള്ളക്കൊടുക്കയ്ക്കുപയോഗിക്കുന്നു, സ്നേഹം, സൗന്ദര്യം, ബുദ്ധി, ധീരത, കല എല്ലാത്തിനും കയറ്റമിറക്കങ്ങൾക്ക് വിധേയമായ മാർക്കറ്റ് വിലകൾ ഉണ്ട്. പട്ടിണി, ദാരിദ്ര്യം, ജാതി മേധാവിത്വം, ഉച്ചനീചത്വങ്ങൾ, ദേശീയ മർദ്ദനം, വർഗ ചൂഷണം, സാമൂഹ്യ സമത്വങ്ങൾ മനുഷ്യ സത്തയെ നിഷേധിക്കുകയും വ്യക്തിത്വത്തെ വരിഞ്ഞുകെട്ടുകയും സാന്മാർഗിക മൂല്യങ്ങളെ വളച്ചൊടിക്കുകയും ചെയ്യുന്ന

മൃഗീയ സാഹചര്യങ്ങളാണിവ. ഈ സാഹചര്യങ്ങളിൽ പാവനങ്ങളെന്നു കരുതപ്പെട്ടുപോന്ന മൂല്യങ്ങൾ തകരുന്നു, മനുഷ്യത്വം മൃഗീയതയുടെ സമ്മർദ്ദങ്ങൾക്കും പ്രലോഭനങ്ങൾക്കും കീഴ്പ്പെടുന്നു. വ്യക്തിയുടെ ജീവിതത്തിനൊരു ലക്ഷ്യമില്ലാതായി തീരുന്നു.

## ഭൂതകാലത്തിന്റെ ആരാധകന്മാർ

ഈ സ്ഥിതി മാറ്റാൻ കഴിയില്ലേ? മനുഷ്യത്വത്തിന് മൃഗീയതയെ കീഴടക്കാൻ കഴിയില്ലേ? എന്താണ് പോംവഴി?

പലരും പലതരത്തിലുള്ള പോംവഴികളാണ് നിർദ്ദേശിക്കുന്നത്.

ഭാവിയുടെ നേർക്കു നോക്കാൻ ഭയപ്പെടുന്നവരുടെ നിർദ്ദേശം ഭൂതകാലത്തിലേക്ക് തിരിച്ചുപോകണമെന്നാണ്. പഴയ ധാർമ്മിക മൂല്യങ്ങളെ വീണ്ടെടുക്കണമെന്ന് അവർ ആഹ്വാനം ചെയ്യുന്നു. എന്താണ് ഈ പഴയ ധാർമ്മിക മൂല്യങ്ങൾ? നാൽപതു കോടി മനുഷ്യരെ രാഷ്ട്രീയവും സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവുമായ അടിമത്തത്തിലിട്ട് ഞെരുക്കിയ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ ധാർമ്മിക മൂല്യങ്ങളാണോ? അയിത്തത്തിന്റെയും ജാതിമേധാവിത്വത്തിന്റെയും പാട്ടവ്യവസ്ഥയുടെയും അടിത്തറയെ നിലനിർത്തിപോന്ന കർമ്മ സിദ്ധാന്തത്തിന്റെ ഫ്യൂഡൽ ധാർമ്മിക മൂല്യങ്ങളാണോ? സമുദായത്തിന്റെ മുകൾതട്ടിലുള്ള ബ്രാഹ്മണ ദ്വിവർണങ്ങളുടെ ചവിട്ടടിയിൽ കിടന്ന് ദാസ്യവേല ചെയ്യുക എന്നതല്ലാതെ മറ്റൊരു ധർമ്മവും ശൂദ്രന്മാർക്കില്ല എന്ന് പ്രഖ്യാപിച്ച ചാതുർവർണ്യത്തിന്റെ ധാർമ്മിക മൂല്യങ്ങളാണോ? അത്ഭുതമെന്ന് പറയട്ടെ ആ വർണ വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കണമെന്ന് വാദിക്കുന്ന ചിലരെങ്കിലും ഇന്നും നമ്മുടെ ഇടയിൽ ഉണ്ട്. ഉദാഹരണത്തിന് ആധുനിക പരിതഃസ്ഥിതികൾക്കനുയോജ്യമായ വിധത്തിൽ പ്രാചീന ചാതുർവർണ്യ വ്യവസ്ഥയെ പുനഃസ്ഥാപിച്ചാൽ മാത്രമേ സാമൂഹ്യ ജീവിതത്തിൽ അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യങ്ങളെ തുടച്ചുനീക്കാൻ കഴിയൂ എന്ന് ശ്രീ കെ.എം. മുൻഷി 'ഭവാൻസ് ജേണൽ' എന്ന തന്റെ മാസികയിൽ എഴുതുകയുണ്ടായി. പഠിപ്പും ജ്ഞാനവുമുള്ള മേൽത്തട്ടുകാർ ഭരണം നടത്തണമെന്നും അടിത്തട്ടിലുള്ള ഭൂരിപക്ഷക്കാർ കായികാധ്വാനത്തിൽ മാത്രമേ ശ്രദ്ധിക്കാവൂ എന്നും ഈ അടിസ്ഥാനത്തിൽ ഓരോ ജനവിഭാഗത്തിനും നിർദ്ദിഷ്ടങ്ങളായ നിശ്ചിത കർമ്മങ്ങളുണ്ടായിരിക്കണമെന്നും മറ്റുമാണദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ. എന്നാൽ സോഷ്യലിസ്റ്റ് ആശയങ്ങൾ അതിവേഗം പരന്നുപിടിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തേതുപോലുള്ള ഒരു കാലഘട്ടം ചരിത്രത്തിന്റെ ചക്രങ്ങളെ പിന്നോട്ട് പിടിച്ച് തിരിക്കാൻ വെമ്പൽകൊള്ളുന്നവരുടെ ഇത്തരം അഭിപ്രായങ്ങൾ ഊളമ്പാറയിൽ നിന്നോ കുതിരവട്ടത്തുനിന്നോ പുറപ്പെടുന്നവയായിട്ടേ ആളുകൾ കണക്കാക്കുകയുള്ളു.

## മതവിശ്വാസങ്ങളും ധാർമ്മിക മൂല്യങ്ങളും

സയൻസിന്റെ നേട്ടങ്ങളും ഭൗതിക ജീവിതത്തിന്റെ അഭിവൃദ്ധിയുമാണ് മനുഷ്യനെ ചീത്തയാക്കുന്നതെന്നും ഐഹിക സുഖങ്ങളും പ്രാപഞ്ചിക വ്യവഹാരങ്ങളുമെല്ലാം ഉപേക്ഷിച്ച് ആദ്ധ്യാത്മിക ജീവിതത്തിന്റെ ഗുഹകളെ അഭയം പ്രാപിച്ചാൽ മനുഷ്യൻ നന്നാവുമെന്നും കരുതുന്നവരുണ്ട്. പക്ഷേ, എല്ലാമനുഷ്യരും ഭൗതിക ജീവിതത്തിൽ നിന്നും വിരമിച്ചാൽ പിന്നെ ലോകത്തിന്റെ സ്ഥിതി എന്താകും? ഭൗതിക വസ്തുക്കളുടെ ഉൽപാദന വിതരണങ്ങൾ അമ്പേ നിലച്ചുപോയാൽ പിന്നെ ആദ്ധ്യാത്മിക മനുഷ്യന് വിശപ്പടക്കാൻ എവിടെ നിന്നാണ് ഭക്ഷണം കിട്ടുക. കാട്ടിൽ

കായ്കനികളുണ്ടെന്നോ? എല്ലാ മനുഷ്യരും കാടുകളിൽ എത്തിയാൽ കായ്കനികൾ തികയാതെ വരുകില്ലേ? എന്നല്ല പട്ടണങ്ങളും ഗ്രാമങ്ങളും ഉപേക്ഷിച്ച് ആദ്ധ്യാത്മികതയെ തേടി കാട്ടുകളെയോ ഗുഹകളെയോ അഭയം പ്രാപിക്കുന്ന സ്ത്രീ പുരുഷന്മാർ തങ്ങളുടെ കൂടെ സ്വന്തം ചീത്തത്തങ്ങളുടെ മാറാപ്പുകൾ കൂടി ഏറ്റിക്കൊണ്ട് പോവുകയും അങ്ങിനെ പ്രകൃതിയുടെ ഗുഹകളിലും ദുർഗന്ധം പരത്തുകയും ചെയ്യില്ലെന്നതിന് എന്താണുറപ്പ്. പോകട്ടെ, കാട്ടുകളും ഗുഹകളുമല്ലല്ലോ ഇവിടെ പ്രശ്നം. സാമൂഹിക ജീവിയായ മനുഷ്യൻ നന്നാവുമോ എന്ന പ്രശ്നത്തിനാണ് പരിഹാരം കാണേണ്ടത്.

മതവിശ്വാസങ്ങളുടെ കുറവാണ് ധാർമ്മിക മൂല്യങ്ങളുടെ അപചയത്തിന് കാരണമെന്ന് മറ്റു ചിലർ വാദിക്കുന്നു. മതസിദ്ധാന്തങ്ങളെ വെല്ലുവിളിച്ച മനുഷ്യാത്മാക്കളെ കുരിശ്ശിൽ തറച്ചു കൊല്ലുകയും ശാസ്ത്രജ്ഞന്മാരെ ജീവനോടെ ചുട്ടുകരിക്കുകയും സമുദായത്തിലെ വലിയൊരു വിഭാഗം ജനങ്ങളെ തൊട്ടുകൂടായ്മയുടെയും തീണ്ടിക്കൂടായ്മയുടെയും ചതിക്കുണ്ടിലേക്ക് തള്ളുകയും കുടിയാന്മാരുടെ കുപ്പമാടങ്ങൾക്ക് തീവെയ്ക്കുകയും കാർഷിക തൊഴിലാളികളെ ഉന്തി തെങ്ങിൻമേൽ കെട്ടി അടിക്കുകയും മെയ്യനക്കാതെ ജോലി സ്വസ്ഥമായി കഴിയുന്ന ഭൂപ്രഭുക്കളുടെ മണിസൗധങ്ങൾക്ക് കാവൽ നിൽക്കുകയും ചെയ്ത മദ്ധ്യകാലത്തെ മത പൗരോഹിത്യത്തെ പുനർജ്ജീവിപ്പിക്കണമെന്ന് ഒരു പക്ഷേ, അവരാഗ്രഹിക്കുന്നുണ്ടാകില്ല. ദൈവത്തിൽ വിശ്വസിക്കുക, അമ്പലങ്ങളിലും പള്ളികളിലും ആരാധനകൾ നടത്തുക, വഴിപാടുകൾ കഴിക്കുക, ഉത്സവങ്ങൾ നടത്തുക, തീർത്ഥാടനങ്ങൾ ചെയ്യുക, പരേതരുടെ ആത്മാക്കൾക്ക് പിണ്ഡം വയ്ക്കുക, മതചടങ്ങുകളും മതാചാരങ്ങളും പാലിക്കുക, പുരോഹിതന്മാർക്കും സന്ന്യാസിമാർക്കും സംഭാവനകൾ കൊടുക്കുക മുതലായവ കൊണ്ട് അവർ തൃപ്തിപ്പെട്ടേക്കാം. എന്നാൽ ഇത്തരം മതചടങ്ങുകൾക്കും ഇന്ന് വല്ല കുറവുണ്ടോ? കരിംചന്തയിലും അഴിമതിയിലും കോഴയിലും മുഴുകി കഴിയുന്ന പ്രമാണികൾ തങ്ങളുടെ അന്യായമായ സമ്പാദ്യങ്ങളുടെ ചെറിയൊരംശം ദൈവങ്ങൾക്ക് കാഴ്ചവെയ്ക്കാൻ മടിക്കാറുണ്ടോ? ഭാവിയെപ്പറ്റി ഒരെത്തുംപിടികിട്ടാതെ വേവലാതിപ്പെടുന്ന പതിനായിരക്കണക്കിലുള്ള സാധാരണക്കാർ ദൈവങ്ങളുടെ കാരുണ്യത്തിനുവേണ്ടി കെഞ്ചാറില്ലേ? ഉദ്യോഗം കിട്ടാനും പരീക്ഷ പാസ്സാകാനും, സന്താനമുണ്ടാവാനും, രോഗം മാറാനും മറ്റും മറ്റും വേണ്ടി വഴിപാടുകൾ കഴിക്കുന്നവരുടെ മതബോധം ക്ഷേത്രങ്ങളിലേക്കും പള്ളികളിലേക്കും ഭണ്ഡാരപെട്ടികളെ നിറച്ചുകൊണ്ടിരിക്കുന്നില്ലേ? ഗുരുവായൂരപ്പനെ പ്രസാദിപ്പിക്കാൻ പോകുന്ന ഭക്തജനങ്ങളുടെയും ശബരിമല കയറുന്ന ശരണം അയ്യപ്പൻമാരുടെയും എണ്ണം കൊല്ലം തോറും വർദ്ധിച്ചുവരികയല്ലേ? എന്നിട്ടോ? ധാർമ്മിക മൂല്യങ്ങളും സാന്മാർഗിക ബോധവും വളരുന്നുണ്ടോ? ലക്ഷക്കണക്കിനുറുപ്പികയുടെ ബാങ്ക് അക്കൗണ്ടുകളും നോക്കെത്താ ഭൂസ്വത്തുകളും വിലമതിക്കാനാവാത്ത സ്വർണ പണ്ടങ്ങളും കൈകാര്യം ചെയ്യുന്ന അനവധി മഠാധിപതികളും സ്വാമിജിമാരും രാജ്യത്ത് അങ്ങോളമിങ്ങോളം നിത്യേന യാതൊരു ലോഭവും കൂടാതെ മതവിശ്വാസങ്ങളെ എടുത്ത് വാരിവിതറിക്കൊണ്ടിരിക്കുന്നുണ്ട്. പക്ഷേ, മനുഷ്യൻ നന്നായോ?

പള്ളിക്കൂടങ്ങളിലെ പാഠ്യ പദ്ധതികളിൽ മതസംബന്ധിയായ വിഷയങ്ങൾക്കും സാന്മാർഗ പ്രബോധനങ്ങൾക്കും കൂടുതൽ സ്ഥാനം നൽകണമെന്നാണ് മറ്റൊരു കൂട്ടർ ആവശ്യപ്പെടുന്നത്. മതവിഷയങ്ങൾക്ക് തീരെ സ്ഥാനം അനുവദിക്കപ്പെടുന്നില്ല എന്ന ആക്ഷേപം ഉണ്ടാവാൻ തരമില്ല. കൂടുതൽ സ്ഥാനം അനുവദിക്കണമെന്നേ അവർ വാദിക്കുന്നുള്ളു. കുട്ടികളിൽ സാന്മാർഗിക ബോധം

ഉളവാക്കണമെന്ന ആവശ്യത്തിൽ യാതൊരു തെറ്റുമില്ല. പക്ഷേ, ആർക്കാണ് സാധിക്കുക? കുട്ടികളുടെ സ്കൂൾ പ്രവേശനത്തിനും അധ്യാപക നിയമനത്തിനുമെല്ലാം കോഴ വാങ്ങുന്നതിനെയും വിദ്യാഭ്യാസത്തെ തന്നെ ഒരു കച്ചവടച്ചരക്കായി മാറ്റുന്നതിനെയും ശരിവയ്ക്കുന്ന ഒരു സാമൂഹ്യ വ്യവസ്ഥയിൽ ധാർമ്മിക മൂല്യങ്ങളെ പറ്റിയുള്ള പ്രഭാഷണങ്ങൾക്ക് എന്ത് വിലയാണുണ്ടാവുക?

ധാർമ്മികാധഃപതനം ബുദ്ധിയുടെ വൈകല്യമല്ല. ആത്മാവിന്റെ രോഗമാണ്. ആദ്യം ചികിത്സിക്കേണ്ടത് രോഗിയെയല്ല വൈദ്യനെ ആണുതാനും.

ജീവിതത്തിന് ഒരു ലക്ഷ്യമില്ലാതായിത്തീരുന്നതുകൊണ്ടാണ് ധാർമ്മികാധഃപതനം സംഭവിക്കുന്നത് എന്ന് വേറെ ചിലർ വാദിക്കുന്നു, ഒറ്റ നോട്ടത്തിൽ ഇതിലൊരു ശരിയുണ്ട്. ചുഴിഞ്ഞുനോക്കിയാലോ? ജീവിതലക്ഷ്യമില്ലാതായിത്തീരുന്നതു തന്നെ ധാർമ്മികാധഃപതനത്തിന്റെ ഫലമായിട്ടല്ലേ?

## സ്വാതന്ത്ര്യ സമരത്തിന്റെ ഒരു ധാർമ്മിക ബോധം

സ്വാതന്ത്ര്യം വെറുമൊരാശയം, അല്ലെങ്കിൽ ലക്ഷ്യം മാത്രമായിരുന്ന കാലത്ത് അതിന് ജനകോടികളെ ആവേശം കൊള്ളിയ്ക്കാനുള്ള കഴിവുണ്ടായിരുന്നു. ആ ലക്ഷ്യത്തെ ഒരു പ്രായോഗിക യാഥാർത്ഥ്യമാക്കി മാറ്റേണ്ട ഘട്ടമെത്തിയപ്പോഴാണ് കുഴപ്പമുണ്ടായത്.

ബ്രിട്ടീഷ് ഭരണത്തിനെതിരായ സമരം ചില തിന്മകളെ നീക്കം ചെയ്യാനും അവയുടെ സ്ഥാനത്ത് ചില നന്മകളെ പ്രതിഷ്ഠിക്കാനും വേണ്ടിയുള്ള സമരമായിരുന്നു. ബ്രിട്ടീഷ് ഭരണാധികാരികൾ ഇന്ത്യയുടെ സാമ്പത്തിക പുരോഗതിയെ തടഞ്ഞു നിർത്തുകയും ഭൂരിപക്ഷക്കാരായ ജനങ്ങളെ പാപ്പരത്വത്തിലേക്ക് പിടിച്ച് തള്ളുകയും ചെയ്തു. പട്ടിണി , പകർച്ചവ്യാധി, കഷ്ടപ്പാട്, ചൂഷണം, ക്ഷാമം, നിരക്ഷരത, സാംസ്കാരികാധഃപതനം ആത്മാഭിമാനത്തെ മുറിപ്പെടുത്തുന്ന ദേശീയ മർദ്ദനം ഇതായിരുന്നു ബ്രിട്ടീഷ് ഭരണം. ഈ ദോഷങ്ങളൊന്നുമില്ലാത്ത പുതിയൊരു സാമൂഹ്യ വ്യവസ്ഥയായിരുന്നു സ്വാതന്ത്ര്യം എന്ന ലക്ഷ്യത്തിന്റെ ഉള്ളടക്കം. അതുകൊണ്ടാണത് നമ്മുടെ ദേശീയ വികാരങ്ങൾക്ക് മുറുക്കം കൂട്ടിയത്. നിയമ ലംഘന പ്രസ്ഥാനങ്ങൾ, നിരാഹാര സത്യാഗ്രഹങ്ങൾ, ഭീകര പ്രസ്ഥാനത്തിന്റെ ആത്മത്യാഗങ്ങൾ സംഘട്ടനങ്ങളും വെടിവയ്പ്പുകളും, തുറുങ്കുകൾ, തൂക്കുമരങ്ങൾ—ഈ യാതനകളിലും വേദനകളിലും ആത്മാഭിമാനത്തിന്റെ അനിർവചനീയമായ ഒരു ആനന്ദം കളിയാടിയിരുന്നു. ആത്മത്യാഗംകൊണ്ട് രാജ്യത്തിന്റെ മുറിവുണക്കുക, നാൽപ്പത് കോടി ജനങ്ങളുടെ സുഖത്തിനുവേണ്ടിയുള്ള സമരത്തിലാണ് സ്വന്തം സുഖം സ്ഥിതിചെയ്യുന്നത് എന്ന പരമസത്യത്തെ കണ്ടെത്തുക ഇതിലും വലിയ ഒരു ധർമ്മബോധമുണ്ടോ?

അടിമത്തവും ചൂഷണവും അവസാനിപ്പിച്ച് പട്ടിണിയും കഷ്ടപ്പാടുമില്ലാത്ത ഒരു സ്വതന്ത്ര രാഷ്ട്രം കെട്ടിപ്പടുക്കുന്നതിനെക്കുറിച്ചുള്ള മധുരസ്വപ്നങ്ങളുമായിട്ടാണ് പതിനായിരക്കണക്കിലുള്ള ജനങ്ങൾ തടങ്കൽ പാളയങ്ങളിലേക്കും തൂക്കുമരങ്ങളിലേക്കും കാലിടറാതെ മാർച്ച് ചെയ്തത്. മറ്റൊരു വിധം പറഞ്ഞാൽ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള രാഷ്ട്രീയ സമരങ്ങളിലടങ്ങിയ ഉൽകൃഷ്ടങ്ങളായ ധാർമ്മിക മൂല്യങ്ങളാണ് ജനങ്ങളെ ജനലക്ഷങ്ങളെ അവയിലേക്ക് ആകർഷിച്ചത്. അനീതി കാണുമ്പോൾ അസഹിഷ്ണുത, ക്രൂരതയോടും സ്വാർത്ഥ താൽപ്പര്യത്തോടുമുള്ള വെറുപ്പ്, സേവന മനോഭാവം, താഴ്ന്നവരോടുള്ള അനുകമ്പ, അടിച്ചമർത്തപ്പെട്ടവരെ പിടിച്ചുയർത്താൻ വേണ്ടി എന്ത് ത്യാഗവും ചെയ്യാനാവശ്യമായ മനോധൈര്യം

ഇങ്ങനെ ദേശീയ വിമോചന പ്രസ്ഥാനത്തിൽ ഉജ്ജ്വലമായ മനുഷ്യ സ്നേഹത്തിന്റെ ഉത്തമ പാരമ്പര്യങ്ങൾ അലിഞ്ഞു ചേർന്നിരുന്നു.

# മൂന്ന്

ആഗസ്റ്റ് 15 ബ്രിട്ടീഷ് ഭരണമെന്ന പ്രമാദത്തിന്റെ മരണത്തെക്കുറിക്കുക മാത്രമല്ല, പുതിയൊരു യുഗത്തിന്റെ ഉദ്ഘാടനം കൂടിയായിരുന്നു അത്.

യാതൊന്നിനുവേണ്ടിയാണോ ജനങ്ങൾ സ്വന്തം ജീവനെപ്പോലും ബലികഴിച്ചുകൊണ്ടുപോരാടിയത് ആ ലക്ഷ്യം പ്രായോഗികമാക്കാനുള്ള ഘട്ടമെത്തി. ജനങ്ങളുടെ ആശയാഭിലാഷങ്ങൾക്ക് പ്രായോഗിക രൂപം നൽകാനുള്ള അവസരം ലഭിച്ചു.

രാഷ്ട്രീയ സ്വാതന്ത്ര്യം സാമ്പത്തിക സ്വാതന്ത്ര്യത്തിലേക്കുള്ള ചവിട്ടുപടിയായി തീർന്നു. വ്യവസായവൽക്കരണം, അടിസ്ഥാന ഘന വ്യവസായങ്ങൾ, പൊതുമേഖലാ, ചേരിചേരാ നയം ഇതൊക്കെ ഇന്ത്യയുടെ സാമ്പത്തിക ഘടനയെ ശക്തിപ്പെടുത്താനും ജനങ്ങളുടെ ജീവിത തോതുയർത്താനുള്ള പരിപാടികളായിരുന്നു. അതുകൊണ്ട് അവയ്ക്ക് സാർവത്രികവും ഹൃദയംഗവുമായ അംഗീകാരവും പിന്തുണയും ലഭിച്ചു.

## വഴിത്തിരിവിലെ വിശ്വാസ രാഹിത്യം

എന്നാൽ ഈ പരിപാടികളത്രയും മുതലാളിത്തോൽപ്പാദന രീതിയുടെ അതിർത്തി വരമ്പുകൾക്കുള്ളിലാണ് നടപ്പിലാക്കപ്പെട്ടത്. സാമ്രാജ്യത്വത്തിന്റെയും ഫ്യൂഡലിസത്തിന്റെയും അവശിഷ്ടങ്ങൾ പലതും തുടച്ചു നീക്കാൻ അവ തീർച്ചയായും സഹായിച്ചു. സാർവദേശീയ രംഗത്തിൽ ഇന്ത്യയുടെ അന്തസ്സ് വർദ്ധിച്ചു. പക്ഷേ, അതോടൊപ്പം തന്നെ മുതലാളിത്തവും ശക്തിപ്പെട്ടു. മുതലാളിത്തമെന്നുവെച്ചാൽ ചൂഷണവും ലാഭവും എന്നാണർത്ഥം. സമുദായത്തിന്റെ നന്മയും ക്ഷേമവുമല്ല വ്യക്തികളുടെ ലാഭമാണ് ഉത്പാദനത്തിന്റെ ലക്ഷ്യം. ഓരോരുത്തരും അവനവന് വേണ്ടിമാത്രം എന്നതാണ് മുതലാളിത്തത്തിന്റെ തത്വശാസ്ത്രം. ഈ വ്യവസ്ഥയിൽ ന്യൂനപക്ഷത്തിന്റെ കയ്യിൽ വമ്പിച്ച സ്വത്തുക്കൾ കേന്ദ്രീകരിക്കുന്നു. ഭൂരിപക്ഷം ജനങ്ങൾ പാപ്പരത്വത്തിലേക്ക് ഉരുണ്ടു വീഴുന്നു.

ഈ വിഷമ ചക്രത്തിൽ നിന്ന് പുറത്ത് കടക്കേണ്ടതാവശ്യമായിരുന്നു. അതുകൊണ്ടാണ് സ്വത്തുക്കളുടെ കേന്ദ്രീകരണം തടയണമെന്നും ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അകൽച്ചയകറ്റണമെന്നും സോഷ്യലിസത്തിന്റെ അടിസ്ഥാനത്തിലുള്ള സാമൂഹ്യവ്യവസ്ഥിതി കെട്ടിപ്പടുക്കണമെന്നും മറ്റും മറ്റുമുള്ള പ്രഖ്യാപനങ്ങൾ പാർലമെൻറിലൂടെ പുറത്തുവന്നത്. ഇത്തരം പ്രഖ്യാപനങ്ങൾ തെല്ലു നേരത്തേക്ക് ജനഹൃദയങ്ങളിൽ ഒരു വിദ്യുൽപ്രവാഹമുണ്ടാക്കി. പത്രപംക്തികളിലും പ്രസംഗവേദികളിലും സോഷ്യലിസമലയടിച്ചു.

പക്ഷേ, പ്രായോഗികജീവിതത്തിൽ യാതൊരു മാറ്റവുമുണ്ടായില്ല. പ്രഖ്യാപനങ്ങൾ വെറും കടലാസുപദ്ധതികളായിരുന്നു. മുതലാളിത്തം പിന്നേയും ശക്തിപ്പെട്ടു. സ്വത്തുക്കൾ കേന്ദ്രീകരിച്ചു. കുത്തകമുതലാളികൾ മുമ്പൊരിയ്ക്കലുമുണ്ടായിട്ടില്ലാത്ത വിധം തടിച്ചുകൊഴുത്തു, മറുഭാഗത്ത് ജനങ്ങളുടെ ജീവിതത്തോതിടിഞ്ഞു. ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അകൽച്ച പൂർവാധികം വർദ്ധിച്ചു.

ബ്രിട്ടീഷ്ഭരണമവസാനിച്ചാൽ ജനങ്ങളുടെ കഷ്ടപ്പാടുകളവസാനിയ്ക്കുമെന്നാണ് വിശ്വസിയ്ക്കപ്പെട്ടിരുന്നത്. പട്ടിണി, തൊഴിലില്ലായ്മ, അടിമത്തം, മർദ്ദനം, ചൂഷണം, ജാതിമേധാവിത്വം, അസമത്വം, എല്ലാറ്റിനും ബ്രിട്ടീഷ് സാമ്രാജ്യവാദികളാണുത്തര വാദികൾ എന്നാണ് കരുതപ്പെട്ടിരുന്നത്.

ബ്രിട്ടീഷ് ഭരണം പോയി, പക്ഷേ, വേദനകളും ദു:ഖങ്ങളും അവസാനിച്ചില്ല. സ്വാതന്ത്ര്യം കിട്ടി. പക്ഷേ, കിട്ടിയത് അതിന്റെ ഉള്ളടക്കമല്ല പുറന്തോടു മാത്ര മാണ്. കിട്ടേണ്ടത് കിട്ടാതിരിക്കുമ്പോൾ അക്ഷമയും അസംതൃപ്തിയും അനിവാര്യ ങ്ങളായിത്തീർന്നു.

യഥാർത്ഥത്തിൽ നമ്മുടെ രാജ്യം ഇന്നൊരു വഴിത്തിരിവിലാണ്. പഴയയുഗ മവസാനിച്ചു. അതിനി തിരിച്ചുവരില്ല. പക്ഷേ, അതിന്റെ സ്ഥാനത്ത് പുതിയയുഗം ഇനിയും ആരംഭിച്ചുകഴിഞ്ഞിട്ടില്ല. പഴയമൂല്യങ്ങൾ തകർന്നു. പക്ഷേ, പുതിയ മൂല്യ ങ്ങൾ ഉയർന്നുവന്നിട്ടില്ല. ഈ ഇടക്കാലഘട്ടത്തിന്റെ സൃഷ്ടിയാണ് വിശ്വാസരാഹി ത്യം.

## ധാർമ്മികാധഃപതനത്തിന്റെ സാഹചര്യങ്ങൾ

ഒരു നൊടിയിടയ്ക്കുള്ളിൽ മന്ത്രം കൊണ്ടോ നിയമനിർമ്മാണങ്ങൾ കൊണ്ടുത ന്നെയോ നൂറ്റാണ്ടുകളുടെ മാലിന്യങ്ങളെ കഴുകിക്കളയാനാവില്ല. നിലവിലുള്ള സാ മൂഹ്യബന്ധങ്ങളിലും ജനങ്ങളുടെ സാമൂഹ്യബോധത്തിലും മാറ്റങ്ങൾ വരുത്താൻ സമയം പിടിയ്ക്കും. താത്വികമായി നോക്കുമ്പോൾ അതു ശരിയാണുതാനും പക്ഷേ, തത്വബോധവും യുക്തിവിചാരവും മാത്രമല്ല ഇവിടെ പ്രവർത്തിക്കുന്നത്. ഇതൊരു വികാരത്തിന്റെ പ്രശ്നം കൂടിയാണ്. ഭൂരിപക്ഷക്കാരായ ജനങ്ങളുടെ കഷ്ടപ്പാടുകൾ മൂർച്ഛിച്ചുകൊണ്ടിരിക്കുന്നു എല്ലാ വഴിത്തിരുവുകളിലും ഇത് അനിവാര്യമാണോ? ആണെങ്കിൽ ചിലർ മാത്രം തടിച്ചു കൊഴുക്കുന്നതെന്തുകൊണ്ട്? ഉള്ളവരും ഇല്ലാ ത്തവരും തമ്മിലുള്ള അകൽച്ച വർദ്ധിക്കുന്നതെന്തുകൊണ്ട്? ക്ഷമയെപ്പറ്റിയും ധാർമ്മികമൂല്യങ്ങളെപ്പറ്റിയും പ്രസംഗിച്ചു ബത്ത വാങ്ങുന്ന മന്ത്രിമാരുടേയും ജനങ്ങ ളുടെ സേവകന്മാരായി കൊട്ടിഘോഷിക്കപ്പെടുന്ന വലിയ ഉദ്യോഗസ്ഥന്മാരുടേയും ബാങ്ക് അക്കൗണ്ടുകൾ പെരുകിപ്പെരുകിവരുന്നതെന്തുകൊണ്ട്?

ചുറ്റുപാടും സ്വാർത്ഥലോലുപത, വ്യക്തിപരതയുടെ കൂത്താട്ടം അഴിമതികൾ, കൈക്കൂലികൾ, സ്വന്തം കാര്യം സിന്ദാബാദ്! ഒരോ വ്യക്തിയും അവന്റെ സ്വന്തം ഉയർച്ചയെപ്പറ്റി ചിന്തിക്കുന്നു. പഴയ യാതനകൾപോലും ക.ണ.പയാക്കി മാറ്റപ്പെ ടുന്നു.

സാമൂഹ്യാദർശങ്ങളോ? ആദർശങ്ങൾ പോയി തുലയട്ടെ! വ്യക്തിയുടെ ഉയർ ച്ചയാണ് ഉന്നം പണമുണ്ടാക്കലാണ് ലക്ഷ്യം! അങ്ങിനെ വ്യക്തിയുടെ ദൈനംദിന ജീവിതത്തിൽ സാമൂഹ്യലക്ഷ്യങ്ങൾ വിസ്മരിക്കപ്പെടുന്നു. മനുഷ്യനിലുള്ള വിശ്വാസം നശിക്കുന്നു.

ഈ സാമൂഹ്യസാഹചര്യങ്ങളാണ് ധാർമ്മികാധഃപതനത്തിന്റെ വിളനിലം.

എന്നാൽ വിശ്വാസരാഹിത്യവും ധാർമ്മികാധഃപതനവും എത്രതന്നെ പരന്നു പിടിച്ചാലും മുതലാളിത്തവ്യവസ്ഥയിൽ എല്ലാ വ്യക്തികൾക്കും ഉയരാൻ കഴിയുന്നി ല്ല. സമുദായത്തിൽ സ്വത്തും പദവിയുമുള്ളവർ, ചതിപ്പണികളും കപടനാട്യങ്ങളും കുതികാൽവെട്ടലുകളും ശീലിച്ചവർ മാത്രം ഉയരുന്നു. ഭൂരിപക്ഷക്കാരായ വ്യക്തി കൾക്കു രക്ഷയില്ല. അവരുടെ സ്വപ്നങ്ങൾ തകരുകയും ആഗ്രഹാഭിലാഷങ്ങൾ മു രടിക്കുകയും ചെയ്യുന്നു. അവരുടെ വ്യക്തിസത്ത അധികമധികം ദുർബലമായിത്തീ

രുന്നു. താൻ സമുദായത്തിൽ ഒറ്റപ്പെട്ടവാനാണെന്നും തനിക്ക് താനല്ലാതെ മറ്റാരുമില്ലെന്നും ചുറ്റുപാടുള്ള വ്യക്തിപരതകൾതന്നെ ഞെക്കിഞെരിച്ചുകൊല്ലാൻ വേണ്ടിയാണ് നിലകൊള്ളുന്നത് എന്നും മനുഷ്യൻ വിചാരിക്കാൻ തുടങ്ങുന്നു. ചരിത്രത്താൽ രൂപപ്പെടുത്തപ്പെടുന്ന സാമൂഹ്യ വ്യക്തിയെയല്ല, ചരിത്രത്തിൽനിന്നും, സമൂഹത്തിൽനിന്നും ഒറ്റപ്പെട്ട കേവല വ്യക്തിയെയാണ്, അവൻ കാണുന്നത്. സാമൂഹ്യ വളർച്ചയുടെ നിയമങ്ങൾ എങ്ങിനെ പ്രവർത്തിക്കുന്നു എന്ന് അവന് മനസ്സിലാക്കാൻ കഴിയുന്നില്ല. ഭാവിയെന്താവുമെന്ന് പറയാൻ വയ്യ. തനിക്ക് താൻ മാത്രമേയുള്ളു. ദുസ്സഹമായ ഈ നിസ്സഹായതാബോധത്തിൽ നിന്ന് അന്തർമുഖത്വത്തിലേക്കും അന്ധവിശ്വാസത്തിലേക്കും കുറച്ചേ വഴിയുള്ളു. പള്ളികളുടേയും ക്ഷേത്രങ്ങളുടേയും ഭണ്ഡാരപ്പെട്ടികൾ നിറയുകയും ശരണമയ്യപ്പന്മാരുടെ എണ്ണം പെരുകുകയും ചെയ്യുന്നത് ഈ ഘട്ടത്തിലാണ്.

ഏകാന്തതയുടെ തത്വശാസ്ത്രം ചരിത്രത്തിലെ വഴിത്തിരിയൽ ഘട്ടത്തിന്റെ സൃഷ്ടിയാണ്. ധാർമ്മികാധഃപതനവും നിസ്സഹായതിൽ നിന്നുത്ഭവിക്കുന്ന അന്തർമ്മുഖത്വവും ഒരേ നാണ്യത്തിന്റെ രണ്ടു വശങ്ങൾ മാത്രമാണ്.

## വ്യക്തിയുടെ മോചനം

മനുഷ്യൻ നന്നായാലേ സമുദായം നന്നാവൂ എന്നും സമുദായം നന്നായാലേ മനുഷ്യൻ നന്നാവൂ എന്നും പരസ്പര വിരുദ്ധങ്ങളായ രണ്ടു ചിന്താഗതികളുണ്ട്. ഒരുകൂട്ടർ വാദിക്കുന്നു. സമൂഹമെന്നത് വ്യക്തികളുടെ ആകെത്തുകയാണ്. അതുകൊണ്ട് സമൂഹത്തിന്റെ പൂർണ്ണത അതിലടങ്ങിയ വ്യക്തികളുടെ പൂർണതയെ ആശ്രയിച്ചിരിക്കും,

ഓരോ വ്യക്തിയും സ്വയം ശിക്ഷണത്തിൻറേയും ആത്മനിയന്ത്രണത്തിൻറേയും സഹായത്തോടുകൂടി തികച്ചും സാന്മാർഗികമായ ജീവിതം നയിക്കാൻ തുടങ്ങിയാൽ സാമൂഹ്യ ജീവിതത്തിലെ തിന്മകളും കൊള്ളരുതായ്മകളും അന്തർദ്ധാനം ചെയ്യുമെന്നാണവർ കരുതുന്നത്. വ്യക്തിത്വത്തിന്റെ സൗന്ദര്യം വർദ്ധിക്കുക, സമുദായത്തിന്റെ വൈകൃതങ്ങൾ അപ്രത്യക്ഷമാവും. വ്യക്തിയിൽ ഉൽക്കൃഷ്ടതകൾ വളർത്തുക, സമുദായം ഉൽക്കൃഷ്ടമായിത്തീരും.

വ്യക്തിയുടെ മോചനത്തിലൂടെ സമുദായത്തിന്റെ മോചനം നേടാൻ ശ്രമിച്ച പല തത്വശാസ്ത്രങ്ങളും പ്രാചീന കാലം മുതൽക്കേ നിലനിന്നുപോന്നിട്ടുണ്ട്. യമനിയമാസനപ്രാണായാമ പ്രത്യാഹാര ധ്യാനധാരണസമാധികളിലൂടെയും അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചാര്യം, അപരിഗ്രഹം എന്നിവയിലൂടെയും ചിത്തവൃത്തി നിരോധം കൈവരുത്താനുപദേശിച്ച യോഗദർശനം ഈ ചിന്താഗതിയുടെ ഒരു മകുടോദാഹരണമാണ്.

എല്ലാത്തരം ദുഃഖങ്ങളുമവസാനിപ്പിച്ച് സുഖവും സംതൃപ്തിയും നേടാനുള്ള ഒരെളുപ്പവഴി ഭഗവദ്ഗീത ചൂണ്ടിക്കാണിക്കുന്നു:

‘ധ്യായതോ വിഷയാൻപുംസഃ
സംഗസ്തേഷു പൂജായതേ
സംഗാത് സംജായതേ കാമഃ
കാമാത് ക്രോധാഭിജായതേ
ക്രോധാദ്ഭവതി സംമോഹഃ
സംമോഹത് സ്മൃതിവിഭ്രമഃ
സ്മൃതിഭ്രംശാദ് ബുദ്ധിനാശോ

ബുദ്ധിനാശാത് പ്രണശ്യതിഃ
രാഗദ്വേഷവിയുക്തൈതസ്തു
വിഷയാനിന്ദ്രിയൈശ്ചരൻ,
ആത്മവശ്യൈർ വിധേയാത്മാ
പ്രസാദമധിഗച്ഛതി.
പ്രസാദേ സർവദുഃഖാനാ,
ഹാനിരസ്യോപജായതേ,
പ്രസന്ന ചേതസോഹ്യാശു
ബുദ്ധിപര്യവതിഷ്ഠതേ.'
(ഗീത അധ്യായം 11, 62, 65)

ജഗത് മിഥ്യയാണെന്ന് വാദിച്ചവരെപ്പോലെത്തന്നെ പ്രപഞ്ചത്തിന്റെ വസ്തുനിഷ്ഠമായ നിലനിൽപിൽ വിശ്വസിച്ചവരും, ജ്ഞാനയോഗികളെന്നപോലെത്തന്നെ കർമ്മയോഗികളും, വ്യക്തിയിലാണൂന്നിയത്. 'ബഹുജനഹിതായ, ബഹുജനസുഖായ' എന്നുപദേശിച്ച ഗൗതമബുദ്ധൻ സർവസംഗപരിത്യാഗികളായ ഭിക്ഷുക്കളുടെ സംഘമുണ്ടാക്കുകയാണ് ചെയ്തത്. ക്രിസ്തു മുഹമ്മദ്, മുതലായ മതപ്രവാചകന്മാരും മഹാത്മാഗാന്ധിയെപ്പോലുള്ള രാഷ്ട്രീയ നേതാക്കൻമാരും വ്യക്തിയുടെ ഉൽകൃഷ്ടതകളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് സാമൂഹ്യപരിവർത്തനം നേടാൻ ശ്രമിച്ചവരാണ്. ഇതുകൊണ്ടൊന്നും യാതൊരു ഗുണവുമുണ്ടായിട്ടില്ലെന്നു പറഞ്ഞുകൂടാ. അവിടെയും ഇവിടേയുമായി അനേകം വ്യക്തികളിൽ ഉൽകൃഷ്ടതകളെ തട്ടിയുണർത്താൻ ഈ പ്രസ്ഥാനങ്ങൾക്ക് സാധിച്ചിട്ടുണ്ട്. പക്ഷേ, സമുദായത്തിന്റെയാകെ വൈകൃതങ്ങളവസാനിച്ചിട്ടില്ലെന്ന് തീർച്ചയാണ്. ബുദ്ധന്റെയും ക്രിസ്തുവിന്റെയും മുഹമ്മദിന്റെയും പേരിൽ സാർവ്വലൗകികങ്ങളായ മതങ്ങൾ കെട്ടിപ്പടുക്കപ്പെട്ടു. കോടിക്കണക്കിലുള്ള ജനങ്ങൾ അവരുടെ അനുയായികളായിത്തീർന്നു. മഹാത്മാഗാന്ധി രാഷ്ട്രപിതാവായി വാഴ്ത്തപ്പെട്ടു. പക്ഷേ, അതോടൊപ്പം വ്യക്തിയുടെ ദുർഗുണങ്ങളും സമുദായത്തിന്റെ വൈകൃതങ്ങളും അവസാനിച്ചുവോ? മതപ്രവാചകൻമാരുടെയും രാഷ്ട്രപിതാവിന്റെയും പേരുകൾ ഉച്ചത്തിലുച്ചരിച്ചുകൊണ്ട് കള്ളവും കൊള്ളയും നടത്തി സ്വന്തം സ്വാർത്ഥം നേടാൻ ശ്രമിക്കുന്ന വ്യക്തികളുടെ എണ്ണം യഥാർഥത്തിൽ വർദ്ധിക്കുകയല്ലേ ചെയ്തിട്ടുള്ളത്?

## വ്യക്തി സമൂഹത്തിന്റെ സൃഷ്ടി

ഇവിടെയാണ് രണ്ടാമത് പറഞ്ഞ ചിന്താഗതി തലയുയർത്തുന്നത്. മനുഷ്യസമ്പ്രാദയമെന്നത് വെറും വ്യക്തികളുടെ ഒരു ആകെത്തുകയല്ല, സർവ്വതന്ത്രസ്വതന്ത്രരായ മനുഷ്യരുടെ ഒരു സഹകരണസംഘമല്ല, നേരെമറിച്ച്, വ്യക്തി, സമുദായത്തിന്റെ സൃഷ്ടിയാണ്: സമൂഹ്യബന്ധങ്ങളുടെ ആകെത്തുകയുടെ ഉൽപന്നമാണ്. അതുകൊണ്ട്, സമൂഹത്തിന്റെ ഒരു ഭാഗം മാത്രമായ വ്യക്തിയുടെ പ്രശ്നത്തെ സാമൂഹ്യപ്രശ്നങ്ങളിൽ നിന്ന് ഒറ്റപ്പെടുത്തി അടർത്തിയെടുക്കാൻ കഴിയില്ല. ഓരോ വ്യക്തിയുടെയും ജീവിതം മറ്റു വ്യക്തികളുടെ ജീവിതവുമായി ആയിരക്കണക്കിലുള്ള ചരടുകളാൽ കൂട്ടിക്കെട്ടപ്പെട്ടിരിക്കുന്നു. കുടുംബബന്ധങ്ങൾ, ജാതിബന്ധങ്ങൾ, മതബന്ധങ്ങൾ, വർഗബന്ധങ്ങൾ, രാഷ്ട്രീയ ബന്ധങ്ങൾ, ഔദ്യോഗികബന്ധങ്ങൾ എന്നിങ്ങനെ എന്തെല്ലാം തരത്തിലുള്ള ബന്ധങ്ങളാണ് വ്യക്തിയുടെ ജീവിതത്തിൽ സ്വാധീനം ചെലുത്തുന്നത്!

അപ്പോൾ സർവ്വസ്വതന്ത്രനായ വ്യക്തി അങ്ങനെയൊന്നില്ല. മനുഷ്യൻ സ്വയം സമ്പൂർണ്ണനായ ഏകാകിയല്ല, സാമൂഹ്യജീവിയാണ്. ജനനം മുതൽ മരണം വരെ അവൻ മറ്റു മനുഷ്യരുമായി നാനാതരം ബന്ധങ്ങളിലേർപ്പെട്ടുകൊണ്ടിരിക്കു ന്നു. അവന്റെ ഭാഷ, അവന്റെ വിശ്വാസങ്ങൾ, ധാർമ്മികബോധം, രുചിഭേദങ്ങൾ, കലാബോധം, ശാസ്ത്രജ്ഞാനം, എന്തിന് അവന്റെ വ്യക്തിപരമായ സവിശേഷ തകൾ പോലും, അവസാനവിശകലനത്തിൽ, മറ്റു മനുഷ്യരുമായുള്ള ബന്ധങ്ങളിൽ നിന്നു രൂപംകൊള്ളുന്നവയാണ്. ഒരു പിഞ്ചുകുട്ടി അമ്മേ എന്ന് കൊഞ്ചിവിളിക്കു ന്നത് മുതൽക്ക് ഭാഷയുടെ സ്വാധീനം അവനിൽ പ്രവർത്തിക്കാൻ തുടങ്ങുകയായി. ഭാഷയാണ് അവന്റെ ചിന്തയെ രൂപപ്പെടുത്തുന്നത്. ഭാഷയിലെ ഓരോ വാക്കും തലമുറതലമുറയായി സമുദായം സംഭരിച്ചുവച്ച ജ്ഞാനത്തിന്റെ ഒരു കലവറയ ത്രെ. അപ്പോൾ സമുദായമാണ് ഭാഷയുടെ സഹായത്തോടുകൂടി വ്യക്തിയുടെ ചിന്തകൾക്ക് രൂപം നൽകുന്നത്. അവന്റെ മനോഗതിയേയും വീക്ഷണഗതിക ളേയും കഴിവുകളേയും സ്വഭാവവിശേഷങ്ങളെയും മൂല്യബോധത്തേയുമെല്ലാം സാ മൂഹ്യബന്ധങ്ങളാണ് നിർണയിക്കുന്നത്. ചുരുക്കത്തിൽ സാമൂഹ്യബന്ധങ്ങളാണ് അവനെ അവനാക്കി തീർക്കുന്നത്. എത്രതന്നെ വ്യക്തിവൈഭവമുള്ള മനുഷ്യ നും സാമൂഹ്യബന്ധങ്ങളുടെ അതിർത്തിക്കുള്ളിൽ നിന്നുകൊണ്ടേ പ്രവർത്തിക്കാൻ കഴിയൂ. സമുദായത്തിലെ മറ്റു വ്യക്തികളുമായി ബന്ധപ്പെട്ടുകൊണ്ടു മാത്രമേ അവനു തന്റെ സ്വാതന്ത്ര്യമനുഭവിക്കാൻ കഴിയൂ. 'വ്യാമോഹവും യാഥാർഥ്യവും' എന്ന ഗ്ര ന്ഥത്തിന്റെ കർത്താവായ ക്രിസ്റ്റോഫർ കോഡ്വെൽ ഒരുദാഹരണം കൊണ്ട് ഇത് വ്യക്തമാക്കുന്നത് നോക്കുക.

'ബെർട്രാൻഡ് റസ്സലിനെ പ്രസവിച്ച് ഒമ്പത് മാസമായ സമയത്ത് ആ ബാ ലനെ വിജനപ്രദേശത്ത് അമ്മപോലുമില്ലാതെ, വളരാനിടയാകുകയെന്ന വ്യസ നകരമായ പരീക്ഷണം ഒരാൾ നടത്തിയിരുന്നെന്ന് കരുതുക. അങ്ങിനെ വളർ ന്നുവന്ന ആ ബാലൻ 40 വയസ്സുള്ള ഒരു മനുഷ്യനായിത്തീർന്ന സമയത്താണ് അദ്ദേഹത്തെ ഒന്നാമതായി മനുഷ്യർ കാണുന്നതെന്നും കണക്കാക്കുക. അവർ ആ മനുഷ്യന്റെ കൈയിൽ 'മനസിനെക്കുറിച്ചുള്ള പരിശോധന', 'പദാർഥങ്ങളെ ക്കുറിച്ചുള്ള പരിശോധന' എന്നിവയുടെ കൈയ്യെഴുത്തു കോപ്പികൾ കാണുമോ? എന്തിന്? എണ്ണം (നമ്പർ) നിർവഹിയ്ക്കേണ്ടതെങ്ങിനെ എന്നെങ്കിലും അദ്ദേഹത്തി നറിയാമോ? ഇല്ല. തന്റെ ഇന്നത്തെ സ്ഥിതിയ്ക്കെല്ലാം വിപരീതമായി അസംബന്ധ വും മര്യാദകെട്ടതുമായ ഒരു രീതിയിലാണ് റസ്സൽ പെരുമാറുക."

"അതുകൊണ്ട് നാമിന്നറിയുകയും വിലമതിക്കുകയും ചെയ്യുന്ന റസ്സൽ ഒരു സാമൂഹ്യ സൃഷ്ടിയാണെന്നു വ്യക്തമാവുന്നു. റസ്സൽ ഒരു മൃഗമാകുന്നതിനു പകരം തത്വചിന്ത കനായി വളരാനുള്ള കാരണം, സാമൂഹ്യമര്യാദയും ഭാഷയും പഠിയ്ക്കാനും, എത്രയോ കാലമായി വളർന്നുവന്ന ഒരു സാമൂഹ്യവിജ്ഞാനം സ്വായത്തമാക്കാനും അദ്ദേഹ ത്തിന് കഴിഞ്ഞുവെന്നതാണ്. ഭാഷയാണ് അദ്ദേഹത്തിന് ആശയങ്ങൾ കൊടു ത്തത്. എന്തൊക്കെ നോക്കിപ്പഠിക്കണമെന്ന് അതാണ് അദ്ദേഹത്തെ പഠിപ്പി ച്ചത്. മറ്റുള്ളവർ ശേഖരിച്ച് വച്ച വിജ്ഞാനം മുഴുവൻ അദ്ദേഹത്തിന്റെ മുമ്പിൽ തു റന്നുവച്ചതും ഭാഷയാണ്. സദാചാരാം, നീതി, സ്വാതന്ത്ര്യം എന്നീ പ്രാഥമിക സാമൂ ഹ്യധർമ്മങ്ങളെക്കുറിച്ചുള്ള ബോധം അദ്ദേഹത്തിനുണ്ടാക്കിക്കൊടുത്തതും ഭാഷത ന്നെ. അപ്പോൾ ഉപകാരപ്രദമായ മറ്റെല്ലാവസ്തുക്കളെയുംപോലെ, റസ്സലിന്റെ വി ജ്ഞാനവും ഒരു സാമൂഹ്യസൃഷ്ടിയാണ്."

## സാമൂഹ്യസാഹചര്യങ്ങൾ മാറ്റുന്നതെന്തിന്?

മനുഷ്യന്റെ ആത്മസത്ത ഒരിയ്ക്കലും സാമൂഹ്യബന്ധങ്ങളിൽ നിന്നൊറ്റപ്പെട്ടുനിൽക്കുന്നില്ലെന്നാണ് ഇതിൽനിന്ന് മനസ്സിലാക്കേണ്ടത്. സുപ്രസിദ്ധ പോളിഷ് തത്വജ്ഞാനിയായ ആദാംഷാഫ് ചൂണ്ടിക്കാണിച്ചതുപോലെ ഏറ്റവും ഒറ്റപ്പെട്ട മനുഷ്യന്റെ ഏറ്റവും ഏകാന്തമായ ചിന്തകൾ പോലും സാമൂഹ്യമായി രൂപവൽക്കരിയ്ക്കപ്പെടുന്നവയും സാമൂഹ്യകാരണങ്ങളാൽ നിർണ്ണയിക്കപ്പെടുന്നവയുമാണ്. ചുരുക്കിപ്പറഞ്ഞാൽ വ്യക്തികളുടെ ഒറ്റപ്പെട്ട സ്വതന്ത്ര പ്രവർത്തനങ്ങളിൽ നിന്ന് സമുദായമുണ്ടാവുകയല്ല മറിച്ച് സാമൂഹ്യബന്ധങ്ങളുടെ ആകെത്തുകയിൽ നിന്ന് 'വ്യക്തികളുണ്ടാവുക' യാണ് ചെയ്യുന്നത്.

സാങ്കേതിക-ശാസ്ത്ര വൈദഗ്ധ്യങ്ങളിലും ഉൽപാദനവിതരണസമ്പ്രദായങ്ങളിലുമുണ്ടായ പരിവർത്തനങ്ങളുടെ ഫലമായി സാമൂഹ്യബന്ധങ്ങളിൽ അത്ഭുതപൂർവമായ മാറ്റങ്ങളുണ്ടായിട്ടുണ്ടെന്നുള്ളത് ശരിതന്നെ. ഫ്യൂഡലിസത്തിന്റെ സാമൂഹ്യബന്ധങ്ങളും മുതലാളിത്തത്തിന്റെ സാമൂഹ്യബന്ധങ്ങളും ഒരുപോലെയല്ലെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ വ്യക്തിയുടെ ജീവിതം ഒരിയ്ക്കലും സർവതന്ത്രസ്വതന്ത്രമായിരുന്നില്ല. അതാതുകാലഘട്ടത്തിലെ സാമൂഹ്യബന്ധങ്ങളുടെ അവിഭാജ്യഘടകങ്ങളെന്ന നിലയ്ക്കാണ് വ്യക്തികൾ ജീവിക്കുന്നത്. സാമൂഹ്യജീവിതത്തിലുണ്ടാകുന്ന മാറ്റങ്ങൾ വ്യക്തിയുടെ സാൻമാർഗ്ഗിക ജീവിതത്തിലും മാറ്റങ്ങളുണ്ടാക്കുന്നു. പട്ടിണിയും തൊഴിലില്ലായ്മയും ചൂഷണവും അടിമത്തവും അനുഭവിയ്ക്കുന്ന വ്യക്തിക്കു വളരാൻ കഴിയില്ല. മൃഗീയമായ സാമൂഹ്യസാഹചര്യങ്ങളിൽ മാനുഷികമായ ഉൽകൃഷ്ടതകൾക്ക് വികസിക്കാൻ കഴിയില്ല. അതുകൊണ്ടാണ് മുതലാളിത്തത്തിന്റെ മൃഗീയ സാഹചര്യങ്ങളെ നീക്കംചെയ്ത് മനുഷ്യത്വത്തിന്റെ വളർച്ചയ്ക്ക് സഹായകരമായ പുതിയ സാഹചര്യങ്ങൾ സൃഷ്ടിയ്ക്കണമെന്നും മനുഷ്യന് യഥാർഥമായ മാനുഷികത അനുഭവപ്പെടാനും, തന്നെ സ്വയമൊരു മനുഷ്യനായി കണ്ടു പരിചയപ്പെടാനും സ്വന്തം വ്യക്തിത്വത്തെ ഉയർത്തിപിടിക്കാനും പറ്റിയതരത്തിൽ ലോകത്തെ പുനഃസംഘടിപ്പിയ്ക്കണമെന്നും മാർക്സ് ആഹ്വാനം ചെയ്തത്.

സാമൂഹ്യവൈകൃതങ്ങളവസാനിപ്പിയ്ക്കാതെ വ്യക്തിത്വ സൗന്ദര്യത്തിലേയ്ക്കും പൂർണതയിലേയ്ക്കും നയിയ്ക്കാൻ കഴിയില്ല. അതുകൊണ്ട് ആദ്യം സാമൂഹ്യസാഹചര്യങ്ങളെ മാറ്റിമറിയ്ക്കുക. ഉൽപാദനോപകരണങ്ങൾ സ്വകാര്യസ്വത്തുടമയിലിരിക്കുന്നതിന്റെ ഫലമായുളവാകുന്ന പട്ടിണിയും തൊഴിലില്ലായ്മയും അസമത്വങ്ങളും ചൂഷണങ്ങളുമാണ് വ്യക്തിത്വത്തെ അരച്ചു ചതയ്ക്കുന്നത്. അതുകൊണ്ട് മുതലാളിത്തമവസാനിപ്പിയ്ക്കുക, വ്യക്തിയെ പൂർണനാക്കാനുള്ള പരിശ്രമങ്ങൾകൊണ്ട് മുതലാളിത്തത്തിന്റെ ആഭ്യന്തരവൈരുദ്ധ്യങ്ങൾ നീക്കം ചെയ്യാൻ സാധിക്കില്ല. നേരെമറിച്ച്, മുതലാളിത്തമവസാനിപ്പിച്ചുകൊണ്ട് മാത്രമെ വ്യക്തിയെ പൂർണമാക്കുവാൻ കഴിയൂ. അതുകൊണ്ട് സോഷ്യലിസം സ്ഥാപിച്ചു സമുദായത്തെയാകെ, സമുദായത്തിലെ എല്ലാ വ്യക്തികളെയും, സുഖത്തിലേയ്ക്കും സംതൃപ്തിയിലേയ്ക്കും ഉൽകൃഷ്ടതയിലേയ്ക്കും പരിപൂർണ്ണതയിലേയ്ക്കും നയിക്കുക!

## മാർക്സിന്റെ മനുഷ്യസ്നേഹം

പലരും തെറ്റിദ്ധരിയ്ക്കുന്നതുപോലെ, മാർക്സ് കേവലമൊരു സാമ്പത്തികവിദഗ്ധനോ സാമൂഹ്യശാസ്ത്രജ്ഞനോ തത്വജ്ഞാനിയോ മാത്രമായിരുന്നില്ല. എല്ലാറ്റിനുമുപരി അദ്ദേഹമൊരു മനുഷ്യസ്നേഹിയായിരുന്നു. മനുഷ്യത്വത്തിന്റെ വില മനസ്സിലാ

ക്കാൻ കഴിഞ്ഞതുകൊണ്ടാണ് അദ്ദേഹം മുതലാളിത്തോൽപ്പാദനബന്ധങ്ങളുടെ മൃഗീയതകൾക്കെതിരെ പടവെട്ടിയത്.

മാർക്സിന്റെ മനുഷ്യസ്നേഹം ഉള്ളുപൊള്ളയായ ഒരു താത്വികദർശനമോ അപ്രായോഗികമായ ഒരു ധാർമികോപദേശമോ ആയിരുന്നില്ല. സാമൂഹ്യവളർച്ചയുടെ സവിശേഷ ഘട്ടത്തിലെ അനിവാര്യമായ ഒരു പ്രായോഗികപരിപാടിയായിരുന്നു അത്. മനുഷ്യസമുദായത്തിലെ വികാസക്രമത്തെ ശാസ്ത്രീയമായി വിശകലനം ചെയ്യാനും, സാമൂഹ്യവളർച്ചയുടെ നിയമങ്ങളെ ശരിയായി അപഗ്രഥനം ചെയ്യാനും കഴിഞ്ഞതുകൊണ്ടാണ് മുതലാളിത്തമവസാനിപ്പിച്ച സോഷ്യലിസം സ്ഥാപിക്കാനും വർഗ്ഗരഹിതമായ സാമൂഹ്യസാഹചര്യങ്ങളിൽ നിന്ന് മനുഷ്യന് പൂർണ്ണമായ മോചനം നേടാനും സാധിക്കുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചത്. മനുഷ്യസ്നേഹപരമായിരുന്നു പരിപാടി. മാനുഷികങ്ങളായ ഉൽകൃഷ്ടതകളുടെ പാരമ്യമായിരുന്നു ലക്ഷ്യം.

മുതലാളിത്തത്തിന്റെ സാഹചര്യങ്ങൾ മനുഷ്യനെ അധഃപതനത്തിലേക്കു പിടിച്ചുന്തുന്നു. സോഷ്യലിസം മനുഷ്യന്റെ ഉൽകൃഷ്ടതകളെ മേൽക്കുമേൽ വളർത്തുവാൻ സഹായിക്കുന്നു. അതുകൊണ്ടാണ് മുതലാളിത്തത്തെ തട്ടിത്തകർത്തു സോഷ്യലിസം സ്ഥാപിക്കാൻ മാർക്സ് തൊഴിലാളിവർഗ്ഗത്തോടാവശ്യപ്പെട്ടത്.

സോഷ്യലിസം വെറുമൊരു സാമ്പത്തികവ്യവസ്ഥ മാത്രമല്ല. മനുഷ്യസ്നേഹത്തിലടിയുറച്ച സാമൂഹ്യബന്ധങ്ങൾ കെട്ടിപ്പടുക്കാനുള്ള ഒരുപാധികൂടിയാണ്. സോഷ്യലിസത്തിലടങ്ങിയ മനുഷ്യസ്നേഹമാണ് ജനങ്ങളെ ആവേശഭരിതരും ക്രിയോന്മുഖരുമാക്കുന്നത്.

# നാല്

## വ്യക്തിയും സാമൂഹ്യഘടനയും

മുതലാളിത്തമവസാനിപ്പിച്ച് സോഷ്യലിസം സ്ഥാപിച്ചാൽ മനുഷ്യൻ നന്നാവുമെന്നാണോ പറഞ്ഞത്? അങ്ങിനെയാണെങ്കിൽ നാൽപ്പത്കൊല്ലക്കാലം സോഷ്യലിസം കെട്ടിപ്പടുത്ത ഒരു രാജ്യത്തിൽ സ്റ്റാലിൻമാരും, പതിനഞ്ചുകൊല്ലക്കാലം സോഷ്യലിസത്തിൽ കഴിച്ചുകൂട്ടിയ മറ്റൊരുരാജ്യത്തിൽ മാവോസേതുങ്ങുമാരും ഉണ്ടായതെന്തുകൊണ്ടാണ്? സ്റ്റാലിന്റെ താൻ പ്രാമാണിത്വത്തിൻകീഴിൽ ലക്ഷക്കണക്കിലുള്ള ജനങ്ങൾ മരവിച്ച വ്യക്തിത്വത്തോടുകൂടി ഭയവിഹ്വലരായി കഴിയുകയും പതിനായിരക്കണക്കിലുള്ള നിരപരാധികൾ നെറികെട്ട മർദ്ദനങ്ങൾക്കിരയാവുകയും അസംഖ്യംപേർ അന്യായമായും നിർദയമായും വെടിവച്ചുകൊല്ലപ്പെടുകയും ചെയ്തതെന്തുകൊണ്ടാണ്? സ്റ്റാലിനുണ്ടെന്ന് ലെനിൻ ചൂണ്ടിക്കാണിച്ചിരുന്ന വ്യക്തിപരമായ ദുർഗ്ഗുണങ്ങൾ സോഷ്യലിസ്റ്റ് വ്യവസ്ഥ ശക്തിപ്പെട്ടതിനുശേഷവും വർധിക്കുകയല്ലേ ചെയ്തത്? മാവോസേതുങ്ങിന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റുകാർ ഇന്ത്യയെ ആക്രമിക്കുകയും പ്രധാനമന്ത്രി നെഹ്റുവിനെപ്പറ്റി വൃത്തികെട്ട നുണകൾ പ്രചരിപ്പിക്കുകയും അണുവായുധ യുദ്ധത്തിന് ജയജയപാടുകയും മറ്റും ചെയ്തതിന് കാരണമെന്താണ്? മുതലാളിത്തമവസാനിപ്പിച്ച് സോഷ്യലിസം സ്ഥാപിച്ചതുകൊണ്ടുമാത്രം മനുഷ്യൻ നന്നാവുകയില്ല എന്നല്ലേ ഇത് കാണിക്കുന്നത്? സാമൂഹ്യസാഹചര്യങ്ങൾ അനുകൂലമായതുകൊണ്ടുമാത്രം വ്യക്തികൾ ഉൽകൃഷ്ടരും സൽഗുണസമ്പന്നരുമായിക്കൊള്ളണമെന്നില്ല എന്നല്ലേ ഇത് തെളിയിച്ചുകാട്ടുന്നത്.

തീർച്ചയായും അതേ, മനുഷ്യന്റെ വ്യക്തിത്വത്തെ ചവുട്ടിത്തേയ്ക്കുകയും മാനുഷികങ്ങളായ സാന്മാർഗ്ഗിക മൂല്യങ്ങളെ വളച്ചൊടിക്കുകയും ചെയ്യുന്ന മുതലാളിത്ത സാഹചര്യങ്ങൾ നീക്കംചെയ്യപ്പെട്ടു എന്നതുകൊണ്ടുമാത്രം മനുഷ്യൻ നന്നായിക്കൊള്ളണമെന്നില്ല. സാമ്പത്തിക ബന്ധങ്ങളുടെ മാറ്റങ്ങൾക്കനുസരിച്ച് മനുഷ്യസ്വഭാവത്തിൽ മാറ്റങ്ങളുണ്ടായിക്കൊള്ളണമെന്നില്ല. സോഷ്യലിസ്റ്റ് വ്യവസ്ഥയിലും ചീത്ത വ്യക്തികളുണ്ടാവാം. പട്ടിണിയും പായാരവും സാമ്പത്തിക പരാധീനതകളും അവസാനിച്ചാലും വ്യക്തികൾ നന്നായിക്കൊള്ളണമെന്നില്ല എന്നതിന് മുതലാളിത്ത സമുദായത്തിൽത്തന്നെ ധാരാളം ഉദാഹരണങ്ങൾ കാണാം. സ്വത്തുക്കളുള്ളവർക്കിടയിൽപോലും സ്വാർത്ഥവും ക്രൂരതകളും കളവും കൊലപാതകങ്ങളും താന്തോന്നിത്തവും വ്യഭിചാരവും നടമാടാറുണ്ട്.

സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ ചീത്തവ്യക്തികളുണ്ടാവണമെങ്കിൽ മുതലാളിത്തവ്യവസ്ഥയിൽ നല്ലവ്യക്തികളുണ്ടായിക്കൂടേ? തീർച്ചയായുമുണ്ടാവണം. മുതലാളിത്തവ്യവസ്ഥയിൻകീഴിൽ ചൂഷണവും മർദ്ദനവുമനുഭവിക്കുന്നജനങ്ങൾക്കിടയിൽ നിന്നാണ് നിസ്വാർത്ഥരും ത്യാഗശീലരുമായ വിപ്ലവകാരികളും സത്യസന്ധരായ മനുഷ്യസ്നേഹികളും ഉയർന്നുവരാറുള്ളത്.

ചൂഷിതരായ ജനങ്ങളുടെ കാര്യമിരിയ്ക്കട്ടെ, ചൂഷണവർഗ്ഗത്തിൽപ്പെട്ട മുതലാളികൾക്കിടയിൽത്തന്നെ നല്ല വ്യക്തികൾ ഉണ്ടായിക്കൂടെ?

ഒരു ചോദ്യം കൂടി, സാമൂഹ്യപരിവർത്തനങ്ങൾക്കുതന്നെ ഉന്നതൻമാരായ വ്യക്തികൾ ആവശ്യമല്ലെ? ബുദ്ധനും, വിവേകാനന്ദനും നെപ്പോളിയനും വാഷിംഗ്ടണും ലെനിനും ഗാന്ധിയും അതേപോലുള്ള മഹാൻമാരായ മറ്റു വ്യക്തികളുമല്ലേ സാമൂഹ്യപരിവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചരിത്രത്തെ മാറ്റിമറിയ്ക്കാൻ ജനലക്ഷങ്ങളെ അണിനിരത്തുകയും ചെയ്തത്?

അതേ; യാതൊരു സംശയവുമില്ല.

എന്ത്! അപ്പോൾ മാർക്സിസം പൊളിഞ്ഞു പാളീസായി എന്നാണോ പറയുന്നത്? സാമ്പത്തികശക്തികളാണ് മനുഷ്യന്റെ സ്വഭാവവിശേഷങ്ങളെ രൂപപ്പെടുത്തുന്നത് എന്നും സാമ്പത്തിക ഘടന മാറിയാൽ മനുഷ്യസ്വഭാവം തനിയെ മാറിക്കൊള്ളുമെന്നും വാദിയ്ക്കുന്ന മാർക്സിസ്റ്റ് സിദ്ധാന്തം തകർന്ന് തരിപ്പണമായി എന്നാണോ തുറന്നു പറയുന്നത്?

മാർക്സിസത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകളിൽ നിന്നാണ് ഇത്തരം ചോദ്യങ്ങളുയർന്നുവരുന്നത്. ചരിത്രത്തിൽ വ്യക്തികൾ വഹിക്കുന്ന പങ്കിനെ മാർക്സിസം നിഷേധിയ്ക്കുന്നില്ല. വെറും സാമ്പത്തിക ഘടനയിലുണ്ടാകുന്ന മാറ്റങ്ങൾ മാത്രമാണ് മനുഷ്യസ്വഭാവത്തെ നിർണ്ണയിക്കുന്നത് എന്നോ മുതലാളിത്തമവസാനിപ്പിച്ചു സോഷ്യലിസം സ്ഥാപിച്ചാൽ വ്യക്തികൾ സ്വയം നന്നായിക്കൊള്ളും എന്നോ മാർക്സിസം പറയുന്നില്ല തീർച്ച. മാർക്സ് പറഞ്ഞതിതാണ്:

> 'മനുഷ്യർ തങ്ങളുടെ ചരിത്രം സ്വയം സൃഷ്ടിയ്ക്കുന്നു. എന്നാൽ അത് അവർ തങ്ങൾക്ക് തോന്നിയപടി സൃഷ്ടിയ്ക്കുകയല്ല ചെയ്യുന്നത്. അവരവർ സ്വയം തിരഞ്ഞെടുത്ത സാഹചര്യത്തിലല്ല, പിന്നെയൊ നിർദ്ദിഷ്ടവും നേരിട്ടു കാണപ്പെടുന്നതും ഭൂതകാലത്തിൽ നിന്നു ഉയർന്നുവന്നതുമായ സാഹചര്യത്തിലാണ് അവർ ചരിത്രം സൃഷ്ടിക്കുന്നത്.'

ഏംഗെൽസ് ബ്ലോഷിനയച്ച ഒരു കത്തിൽ ഇത് കൂടുതൽ വ്യക്തമാക്കുന്നു:

> ‘ചരിത്രപരമായ ഭൗതികവാദമനുസരിച്ച് ചരിത്രത്തിന്റെ അവസാനത്തെ നിയാമകശക്തി യഥാർഥ ജീവിതത്തിന്റെ ഉൽപാദനവും പുനരുൽപ്പാദനവുമാണ്. ഇതിലപ്പുറമൊന്നും ഞാനോ മാർക്സോ ഊന്നിപ്പറഞ്ഞിട്ടില്ല. അതുകൊണ്ട് ആരെങ്കിലും ഇതിനെ വളച്ചൊടിച്ച് ചരിത്രത്തിന്റെ നിയാമകശക്തി സാമ്പത്തികവ്യവസ്ഥ മാത്രമാണെന്ന് പറയുകയാണെങ്കിൽ അത് ഈ സിദ്ധാന്തത്തെ നിരർത്ഥകവും ശൂന്യവുമാക്കിത്തീർക്കും... രാഷ്ട്രീയവും നിയമപരവും തത്വശാസ്ത്രപരവും സാഹിത്യപരവും കലാപരവുമായ എല്ലാ അഭിവൃദ്ധികളും സാമ്പത്തികാഭിവൃദ്ധിയെ ആശ്രയിച്ചാണിരിക്കുന്നത്. പക്ഷേ, ഇവയെല്ലാം അന്യോന്യം സ്വാധീനം ചെലുത്തുകയും സാമ്പത്തികാടിത്തറയെ തന്നെ ബാധിക്കുകയും ചെയ്യും. ഇതിന്റെ അർത്ഥം എല്ലാറ്റിൻറേയും കാരണം സാമ്പത്തിക പരിതഃസ്ഥിതിയാണെന്നോ, അതുമാത്രമേ ഫലപ്രദമാകൂ എന്നോ, മറ്റെല്ലാം നിർജ്ജീവങ്ങളാണെന്നോ അല്ല. സാമ്പത്തികാവശ്യങ്ങളുടെ അടിത്തറയിൽ ഇവയെല്ലാം പരസ്പരം സ്വാധീനം ചെലുത്തുകയും ഒടുവിൽ ഇവ ചരിത്രത്തിന്റെ നിർണ്ണായകശക്തികളായിത്തീരുകയും ചെയ്യുന്നുവെന്നതാണ് പരമാർത്ഥം.’

## ചരിത്രത്തിന്റെ സ്രഷ്ടാവ്

അപ്പോൾ മനുഷ്യൻ ചരിത്രത്തിന്റെ അടിമയല്ല, യജമാനനാണ്: സാമൂഹ്യബന്ധങ്ങളുടെ സൃഷ്ടി മാത്രമല്ല, അവയുടെ സ്രഷ്ടാവുകൂടിയാണ്. ബോധപൂർണമായ പ്രവർത്തനങ്ങളിലൂടെയും സമരങ്ങളിലൂടെയും സാമൂഹ്യബന്ധങ്ങളെ മാറ്റാനും പുതിയ ബന്ധങ്ങളെ സൃഷ്ടിക്കാനും അവനു കഴിവുണ്ട്. രാജവാഴ്ചകളേയും മുതലാളിത്തത്തിന്റെ ബീഭത്സതകളേയും ചൂഷണവ്യവസ്ഥകളേയുമെല്ലാം തന്നെ കരുത്തുറ്റ കൈകൾകൊണ്ട് തകർത്തു തരിപ്പണമാക്കിയവനാണവൻ. 1789, 1917, 1947 ആഗസ്റ്റ് 15 എല്ലാം മനുഷ്യന്റെ സൃഷ്ടികളാണ്. ചരിത്രം സൃഷ്ടിക്കുമ്പോൾ സാമൂഹ്യ വളർച്ചയുടെ നിയമങ്ങളേയും സാമൂഹ്യസാഹചര്യങ്ങളേയും കണക്കിലെടുക്കണമെന്നതു ശരിതന്നെ, എന്തെന്നാൽ സാമൂഹ്യനിയമങ്ങൾ വ്യക്തിയുടെ ഇച്ഛാശക്തിയിൽ നിന്നു സ്വതന്ത്രങ്ങളായിട്ടാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ സാമൂഹ്യനിയമങ്ങളെ വെല്ലുവിളിക്കുന്ന ആശയാഭിലാഷങ്ങൾ മുരടിച്ചുപോവുകയേ ഉള്ളൂ. ഉദാഹരണത്തിന് 1789-ൽ നിന്നുകൊണ്ട് 1917നെ സൃഷ്ടിക്കുക സാധ്യമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ ചൂഷണവും മർദ്ദനവുമില്ലാത്ത വർഗ്ഗരഹിതമായ ഒരു സാമൂഹ്യവ്യവസ്ഥ സൃഷ്ടിക്കാൻ കഴിയത്തക്കവണ്ണം സാമൂഹ്യോൽപ്പാദനശക്തികൾ അത്രയ്ക്ക് വളർന്ന് കഴിഞ്ഞിരുന്നില്ല. അതുകൊണ്ടത്രേ ബേബൂഫിനെപ്പോലുള്ള വിപ്ലവകാരികളുടെ സ്വപ്നങ്ങൾ തകർന്നുപോയത്. വ്യക്തിയുടെ ആഗ്രഹാഭിലാഷങ്ങൾ സഫലമാവണമെങ്കിൽ അവ സാമൂഹ്യവളർച്ചയുടെ നിയമങ്ങൾക്ക് പൊരുത്തപ്പെട്ടവയായിരിക്കണം എന്നാണിതു കാണിക്കുന്നത്. എന്നാൽ ഇതിന്റെ അർത്ഥം വ്യക്തിയുടെ ഓരോ പ്രവർത്തനവും സാമൂഹ്യനിയമങ്ങളാൽ നിർണയിക്കപ്പെട്ടതാണെന്നല്ല, സാമൂഹ്യനിയമങ്ങൾ മനുഷ്യന്റെ സ്വാതന്ത്ര്യത്തേയും മുൻകയ്യിനേയും നശിപ്പിക്കുന്നില്ല. സാമൂഹ്യസാഹചര്യങ്ങളുടെ അടിത്തറയിൽനിന്നുകൊണ്ട് തന്റെ വ്യക്തിപരമായ സ്വാതന്ത്ര്യബോധത്തിന് രൂപം നൽകാൻ അവന് സാധിക്കും. വ്യക്തമായ ഒരു സാമൂഹ്യദർശനത്തിനു വേണ്ടി പ്രവർത്തിക്കാനോ പ്രവർത്തിക്കാതിരിക്കാനോ അവന് സ്വാതന്ത്ര്യമുണ്ട്. വേണമെങ്കിൽ പണത്തിന്റെ പ്രലോഭനങ്ങൾക്കു വഴങ്ങുകയോ ലോക്കപ്പുമുറികളുടെ ഭീഷണിക്കുമുമ്പിൽ മുട്ടുകുത്തുകയോ ചെയ്യാം. മുപ്പതുവെള്ളിക്കാശിനുവേണ്ടി സഹപ്രവർത്തകനെ ഒറ്റികൊടുക്കാം. അതല്ല, പ്രലോഭനങ്ങളേയും ഭീഷണികളെയും വകവയ്ക്കാതെ സ്വന്തം ആദർശത്തി

ല്പറച്ചനിൽക്കണമെങ്കിൽ അങ്ങിനെയുമാവാം. ആദർശത്തിന് വേണ്ടി സ്വന്തം താൽപര്യങ്ങളെ ബലികഴിയ്ക്കാൻ വിടർന്ന പുഞ്ചിരിയുമായി തൂക്കുമരത്തിലേറാനും അവനു സ്വാതന്ത്ര്യമുണ്ട്. ഏതുമാർഗം സ്വീകരിയ്ക്കണമെന്നത് സാമൂഹ്യനിയമങ്ങളെയല്ല വ്യക്തിയുടെ സ്വന്തം ഇഷ്ടത്തെയാണാശ്രയിച്ചിരിക്കുന്നത്.

സാമൂഹ്യചരിത്രത്തിൽ വ്യക്തിയുടെ ബോധപൂർവമായ പങ്കിനെക്കുറിച്ച് ഏംഗെൽസ് ഇങ്ങനെ വിവരിക്കുന്നു:

> "...മുഖ്യമായ ഒരു കാര്യത്തിൽ സമുദായത്തിന്റെ ചരിത്രം പ്രകൃതിയുടേതിൽ നിന്ന് അടിസ്ഥാനപരമായി വ്യത്യാസപ്പെട്ടിരിയ്ക്കുന്നു എന്നു കാണാം. പ്രകൃതിയിൽ, അതിന്റെമേൽ മനുഷ്യനുള്ള പ്രത്യാഘാതങ്ങളെ അവഗണിക്കുന്നതായാൽ— പരസ്പരം പ്രവർത്തിക്കുന്ന അന്ധവും അബോധവുമായ ഘടകങ്ങൾ മാത്രമേയുള്ളൂ. അവയുടെ പരസ്പര പ്രവർത്തനങ്ങളിലൂടെയാണ് സാമാന്യനിയമം പ്രത്യക്ഷപ്പെടുന്നത്. പ്രകൃതിയിൽ സംഭവിക്കുന്ന യാതൊന്നും തന്നെ വസ്തുക്കളുടെ ഉപരിതലത്തിൽ കാണാവുന്ന എണ്ണമറ്റ യാദൃശ്ചികസംഭവങ്ങളാകട്ടെ, ഈ യാദൃശ്ചികതകളുടെ പിന്നിൽ ഒരു ക്രമമുണ്ടെന്നു തെളിയിക്കുന്ന അന്തിമഫലങ്ങളാകട്ടെ—പ്രത്യക്ഷപ്പെടുന്നത് ബോധപൂർവ്വം അഭിലഷിക്കപ്പെടുന്ന ഒരു ലക്ഷ്യമെന്ന നിലയ്ക്കല്ല. സമുദായത്തിന്റെ ചരിത്രത്തിൽ നേരെമറിച്ച് നടൻമാരെല്ലാം ബോധമുള്ളവരാണ്. ദൃഢതയും വികാരവായ്പുള്ളവരും നിശ്ചിതമായ ലക്ഷ്യങ്ങളെ ഉന്നംവച്ചുകൊണ്ട് പ്രവർത്തിക്കുന്നവരും ആയ മനുഷ്യരാണ്. ബോധപൂർവ്വമായ ഒരുദ്ദേശ്യം കൂടാതെ ഉദ്ദിഷ്ടമായ ഒരു ലക്ഷ്യം കൂടാതെ, യാതൊന്നും സംഭവിയ്ക്കുന്നില്ല. ഈ വ്യത്യാസം ചരിത്രഗവേഷണത്തിന്, പ്രത്യേകിച്ചും ഒറ്റപ്പെട്ടകാലഘട്ടങ്ങളേയും സംഭവങ്ങളുടേയും പഠനത്തിന് വളരെ പ്രധാനമാണ്. എങ്കിലും ആന്തരികമായ സാമാന്യനിയമങ്ങളാണ് ചരിത്രത്തിന്റെ ഗതിയെ നിർണ്ണയിക്കുന്നത് എന്ന വസ്തുതയെ മാറ്റാനും അതിന് സാധ്യമല്ല." (സിലക്റ്റഡ് വർക്ക്സ് കക എന്ന പുസ്തകത്തിൽ).

പട്ടിണിയും കഷ്ടപ്പാടും തിൻമകൾക്കു പ്രചോദനം നൽകുമെന്നു മുകളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. പട്ടിണിയിൽ നിന്ന് രക്ഷപ്പെടാൻവേണ്ടി മോഷണമോ വ്യഭിചാരമോ നടത്തുന്നവരുണ്ട്. എന്നാൽ, മോഷണവും വ്യഭിചാരവും പട്ടിണിയുടെ അനിവാര്യഫലങ്ങളാണെന്ന് പറയാമോ? പാടില്ല. പട്ടിണിയുടെ തീച്ചൂളയിൽ കിടന്നു നരകിയ്ക്കുന്ന ലക്ഷക്കണക്കിനാളുകൾ മോഷ്ടിക്കാനോ വ്യഭിചരിക്കാനോ പോകാറില്ല. എല്ലാവരും പട്ടിണിയുടെ പ്രേരണയ്ക്ക് വശംവദരായി മോഷ്ടിക്കാൻ പുറപ്പെട്ടാലത്തെ സ്ഥിതി എന്താവും. മോഷ്ടിക്കണോ, മോഷ്ടിയ്ക്കാതിരിക്കണോ, വ്യഭിചരിക്കണോ, വ്യഭിചരിയ്ക്കാതിരിക്കണോ, ഇത് തീരുമാനിക്കുന്നത് സാമൂഹ്യസാഹചര്യങ്ങളല്ല, വ്യക്തിയാണ്.

## വ്യക്തിയും വർഗബന്ധങ്ങളും

ഭൗതികസാഹചര്യങ്ങളുടെ സമ്മർദ്ദങ്ങൾ ഒരു വശത്ത്, പരമ്പരാഗതങ്ങളായ സ്വഭാവവൈശിഷ്ട്യങ്ങളും സാമൂഹ്യബന്ധങ്ങളുടെ ആകെത്തുകയിൽ നിന്നുടലെടുത്ത സാംസ്കാരികബോധവും മറുവശത്ത്. ഈ വ്യത്യസ്തഘടകങ്ങളുടെ വൈരുദ്ധ്യങ്ങൾ ചിലപ്പോൾ മാനസികസംഘട്ടനങ്ങളുളവാക്കാം. പോലീസിന്റെ ഇടികൊള്ളുമ്പോൾ, അല്ലെങ്കിൽ പണസഞ്ചിയുടെ പ്രലോഭനമുണ്ടാകുമ്പോൾ, വ്യക്തിയുടെ ആന്തരികമായ ദ്വന്ദ്വഭാവങ്ങൾ പരസ്പരം യുദ്ധം വെട്ടുന്നു. ഈ സംഘട്ടനങ്ങളിലൂടെയാണ് ഒടുവിൽ ഭീരുത്വമോ, ധീരതയോ, അവസരവാദമോ, ആദർശഭക്തിയോ ഏതാണ് വേണ്ടത് എന്ന് തീരുമാനിയ്ക്കപ്പെടുന്നത്.

ദുർബലമായ ആത്മാവ് പ്രലോഭനങ്ങൾക്കും പ്രേരണകൾക്കും കീഴടങ്ങുന്നു. പക്ഷേ, കീഴടങ്ങലിൽ ആഹ്ലാദമല്ല, ദുഃഖമാണുണ്ടാകുന്നത്. അരുതാത്തതു ചെയ്യുമ്പോൾ കൈവിറയ്ക്കുന്നു. തെറ്റു ചെയ്തതിനുശേഷം പശ്ചാത്തപിയ്ക്കുന്നു. സാമൂഹ്യമായ ഉത്തരവാദിത്വബോധവും വ്യക്തിപരമായ ചാഞ്ചല്യവും തമ്മിലുള്ള സംഘട്ടനങ്ങളുടെ പ്രതിഫലനങ്ങളാണിവ.

മനുഷ്യൻ ഭൗതിക പരിതഃസ്ഥിതികളുടെ സൃഷ്ടിയാണ്. പ്രകൃതിയോടും സമുദായത്തോടുമുള്ള ബന്ധങ്ങളാണ് മനുഷ്യനെ മനുഷ്യനാക്കുന്നത്. പക്ഷേ, അതേസമയത്തുതന്നെ മനുഷ്യൻ പരിതഃസ്ഥിതികളെ രൂപപ്പെടുത്തുകയും ചെയ്യുന്നു. പരിതഃസ്ഥിതികൾ മനുഷ്യനെ സൃഷ്ടിയ്ക്കുന്നു. മനുഷ്യനാകട്ടെ പരിതഃസ്ഥിതികളെയും സൃഷ്ടിക്കുന്നു.

വ്യക്തിയുടെ ആശയാഭിലാഷങ്ങളുടെയും സ്വഭാവങ്ങളുടെയും രൂപവൽക്കരണത്തിൽ ഭൗതികപരിതഃസ്ഥിതികൾ വഹിയ്ക്കുന്ന പങ്ക് നിസ്സാരമല്ല. ഉൽപാദനവ്യവസ്ഥയിൽ ഓരോ വർഗത്തിനും പ്രത്യേകമായ ഭൗതികതാൽപര്യങ്ങളുണ്ടായിരിക്കും. മുതലാളികളുടെ താൽപര്യങ്ങളും തൊഴിലാളികളുടെ താൽപര്യങ്ങളും വ്യത്യസ്തങ്ങളാണ്. ഭൗതികതാൽപര്യങ്ങളാണ് വ്യത്യസ്ത ജനവിഭാഗങ്ങളെ വർഗ്ഗങ്ങളാക്കി വേർതിരിക്കുകയും യോജിപ്പിച്ചണിനിരത്തുകയും ചെയ്യുന്നത്. സ്വന്തം വർഗ്ഗത്തിന്റെ താൽപ്പര്യങ്ങൾക്കുവേണ്ടി സംഘടിച്ചുപോരാടുകയെന്നത് ഓരോ വ്യക്തിയുടെയും താൽപ്പര്യമായിരുന്നു. ഇങ്ങനെ വർഗ്ഗത്തിലെ എല്ലാ അംഗങ്ങൾക്കും ചില പൊതുതാൽപര്യങ്ങളുണ്ടായിത്തീരുന്നു. ഓരോ വർഗ്ഗത്തിലും ആധിപത്യം വഹിയ്ക്കുന്ന പൊതുചിന്താഗതികളും പൊതുവിലുള്ള ഇഷ്ടാനിഷ്ടങ്ങളും രൂപംകൊള്ളുന്നു.

എന്നാൽ, അതോടൊപ്പം തന്നെ മറ്റുചില ഘടകങ്ങളും പ്രവർത്തിയ്ക്കുന്നുണ്ടെന്ന് കാണാം. ചുറ്റുപാടുകൾ, സുഹൃത്തുക്കളുമായുള്ള ബന്ധങ്ങൾ, കുടുംബബന്ധങ്ങൾ, ഔദ്യോഗിക ബന്ധങ്ങൾ, വിദ്യാഭ്യാസം, പുസ്തകങ്ങൾ, സിനിമ എന്നിങ്ങനെ പലതും വ്യക്തിയുടെ മനസ്സിൽ സ്വാധീനം ചെലുത്തുന്നു. അവസാനം വ്യക്തി തന്നെയാണ് ഓരോ ഘട്ടത്തിലും എന്തുചെയ്യണമെന്ന് തീരുമാനിക്കുന്നത്. ഒരു ഭാഗത്ത് ഭൗതിക സാഹചര്യങ്ങളുടെയും വർഗതാൽപര്യങ്ങളുടെയും സമ്മർദ്ദങ്ങൾ, മറുഭാഗത്ത് മറ്റു ഘടകങ്ങളുടെ പ്രേരണകൾ. എല്ലായ്പ്പോഴും വർഗ്ഗതാൽപര്യങ്ങൾ വിജയിച്ചുകൊള്ളണമെന്നില്ല. എന്തുകൊണ്ടെന്നാൽ, മനുഷ്യന്റെ വ്യക്തിപരമായ ചിന്തകളും ആഗ്രഹാഭിലാഷങ്ങളും ഇച്ഛാശക്തികളും ക്രിയാത്മകങ്ങളാണ്. അവ ഭൗതികസാഹചര്യങ്ങളുടെ അല്ലെങ്കിൽ വർഗബന്ധങ്ങളുടെ യാന്ത്രിക പ്രതിഫലനങ്ങളല്ല. പണിമുടക്കത്തിൽ പങ്കെടുക്കണോ, പങ്കെടുക്കാതിരിയ്ക്കണോ, കരിങ്കാലിയാവണോ വിപ്ലവകാരിയാവണോ സോഷ്യലിസത്തെ എതിർക്കണോ അനുകൂലിയ്ക്കണോ ഇതെല്ലാം വെറും വർഗ്ഗബന്ധംകൊണ്ടു മാത്രമല്ല തീരുമാനിയ്ക്കപ്പെടുന്നത്. എന്തു ചെയ്യണമെന്നും എന്തു ചെയ്യാതിരിക്കണമെന്നും വ്യക്തിപരമായി സ്വന്തം ഇഷ്ടമനുസരിച്ച് തീരുമാനിയ്ക്കാൻ ഓരോ മനുഷ്യനും സ്വാതന്ത്ര്യമുണ്ട്. മുതലാളിവർഗ്ഗത്തിൽ ജനിച്ച എന്നതുകൊണ്ടുമാത്രം ഒരാൾ പിന്തിരിപ്പനായിക്കൊള്ളണമെന്നില്ല. തൊഴിലാളിവർഗ്ഗത്തിൽ ജനിയ്ക്കുന്ന എല്ലാവരും പുരോഗമനവാദികളായിക്കൊള്ളണമെന്നില്ല. എല്ലാ വർഗങ്ങൾക്കിടയിലും കാണാം പിന്തിരിപ്പൻമാരെയും പുരോഗമനവാദികളെയും. മർദ്ദിതവർഗ്ഗക്കാർക്കിടയിൽ കരിങ്കാലികളേയും വർഗ്ഗവഞ്ചകരേയും കാണാം. മറിച്ച് ഉയർന്ന വർഗ്ഗക്കാർക്കിടയിൽ സോഷ്യലിസത്തിൽ വിശ്വസിക്കുന്നവരും ജനങ്ങളുടെ താൽപ്പര്യ

ങ്ങൾക്കുവേണ്ടി പൊരുതുന്നവരുമുണ്ടാവാം. ബുദ്ധനും വിവേകാനന്ദനും മാർക്സും ലെനിനും ഗാന്ധിയും നെഹ്റുവും മറ്റും തൊഴിലാളിവർഗ്ഗത്തിൽ ജനിച്ചവരല്ലല്ലോ. ആദാം ഷാൽഫ് 'മനുഷ്യന്റെ തത്വശാസ്ത്രം' എന്ന ഗ്രന്ഥത്തിൽ ചൂണ്ടിക്കാണിയ്ക്കുന്നതുപോലെ "ഓരോ വർഗ്ഗത്തിനുള്ളിലും വിപ്ലവകാരികളേയും എതിർവിപ്ലവകാരികളേയും സാമൂഹ്യഘടനയുടെ കാര്യത്തിൽ വെറും നിഷ്പക്ഷത പാലിക്കുന്നവരേയും കാണാം. സാമൂഹ്യസംഭവങ്ങളോടുള്ള സമീപനത്തിൽ വ്യക്തികൾ ചരിത്രപരമായ ആവശ്യകതയെ വകവയ്ക്കാതെ സ്വതന്ത്രരായി എന്തുചെയ്യണമെന്ന് തീരുമാനിയ്ക്കുകയും സ്വന്തം ഇഷ്ടമനുസരിച്ച് പ്രവർത്തിയ്ക്കുകയും ചെയ്യുന്നുവെന്നതിനുള്ള ഏറ്റവും നല്ല തെളിവാണിത്."

രാഷ്ട്രീയപാർട്ടികൾക്കകത്തും ഇതു കാണാം, തൊഴിലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയബോധമുള്ള മുന്നണിപ്പടയാണല്ലോ കമ്മ്യൂണിസ്റ്റ് പാർട്ടി. എന്നാൽ, കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായിച്ചേർന്നു എന്നതുകൊണ്ടുമാത്രം ഒരാൾ തൊഴിലാളിവർഗ്ഗത്തിന്റെ താൽപര്യങ്ങൾക്കുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിക്കുന്നവനായിക്കൊള്ളണമെന്നില്ല. വ്യക്തിയുടെ സ്വഭാവഗുണങ്ങളെ പാർട്ടികാർഡുകൊണ്ടുമാത്രം അളക്കാൻ കഴിയില്ല. മറ്റുപാർട്ടികളുടെ സ്ഥിതിയും വ്യത്യസ്തമല്ല. ഉദാഹരണത്തിന്, കോൺഗ്രസ് പാർട്ടിയ്ക്കുള്ളിലും കാണാം നല്ല വ്യക്തികളേയും ചീത്ത വ്യക്തികളേയും, സോഷ്യലിസത്തിൽ വിശ്വസിക്കുന്നവരേയും സോഷ്യലിസമെന്ന പദപ്രയോഗത്തിന്റെ മറവിലിരുന്നുകൊണ്ട് സ്വാർത്ഥതാൽപര്യങ്ങൾ നേടിയെടുക്കുന്നവരേയും. ഈ സ്ഥിതിക്ക് കമ്മ്യൂണിസ്റ്റുകാർ മാത്രമേ സോഷ്യലിസത്തിനുവേണ്ടി നിലകൊള്ളുന്നുവെന്നും കോൺഗ്രസ് പാർട്ടിയിൽ അംഗമായിപ്പോയ ആർക്കും സോഷ്യലിസത്തിൽ വിശ്വസിക്കാൻ കഴിയില്ലെന്നും മറ്റുമുള്ള വാദങ്ങൾ അഹന്തയുടെ ബാലിശതകളാണ്.

## അഞ്ച്

മാർക്സിസം വ്യക്തികൾക്ക് സമുദായത്തിലുള്ള സ്ഥാനത്തെ നിഷേധിക്കുന്നില്ല. നേരെ മറിച്ച്, ചില സവിശേഷഗുണങ്ങളും സ്വഭാവവിശേഷങ്ങളും കഴിവുമുള്ള വ്യക്തികൾക്ക് ചരിത്രത്തിന്റെ ഭാഗധേയത്തിൽ സ്വാധീനം ചെലുത്താൻ കഴിയുമെന്ന് അതുറപ്പിച്ചുപറയുന്നു. ചില പ്രത്യേക ഘട്ടങ്ങളിൽ ആ സ്വാനീധശക്തി വമ്പിച്ചതായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, ഇങ്ങിനെ സമുദായത്തിൽ സ്വാധീനം ചെലുത്താനുള്ള സാധ്യത വ്യക്തികളുടെ കഴിവുകളേയും ഗുണങ്ങളെയും മാത്രമല്ല ആശ്രയിച്ചിരിക്കുന്നത്. അത് സാമൂഹ്യഘടനയേയും സാമൂഹ്യശക്തികൾ തമ്മിലുള്ള ബന്ധങ്ങളേയും സാമൂഹ്യവളർച്ചയുടെ സാഹചര്യങ്ങളെയുമെല്ലാമാശ്രയിച്ചിരിക്കുന്നു.

മാർക്സിസത്തിന്റെ ഈ നിലപാടിനെ ലളിതമായ ഒരുദാഹരണം കൊണ്ട് പ്ളെഖനോവ് 'ചരിത്രത്തിൽ വ്യക്തിയ്ക്കുള്ള പങ്ക്' എന്ന തന്റെ പുസ്തകത്തിൽ വിശദീകരിക്കുകയുണ്ടായി.

> "പ്രത്യേക പ്രതിഭയോടുകൂടിയ ഒരു മനുഷ്യന് അതുപയോഗിച്ച് സംഭവഗതികളിൽ ഗണ്യമായ സ്വാധീനം ചെലുത്താൻ കഴിയണമെങ്കിൽ രണ്ട് ഉപാധികൾ ആവശ്യമാണ്. ഒന്നാമതായി, ഈ പ്രതിഭ അയാളെ മറ്റാരെക്കാളുമധികം, സാമൂഹ്യാവേശങ്ങളുമായി പൊരുത്തപ്പെടുത്തണം. സൈനികമായ സ്വന്തം പ്രതിഭാശക്തിക്ക

പകരം സംഗീതത്തിലുള്ള ബീത്തോവന്റെ കഴിവുകളാണ് നെപ്പോളിയനുണ്ടായിരുന്നതെങ്കിൽ അദ്ദേഹം ഒരു ചക്രവർത്തിയായിത്തീരുമായിരുന്നില്ല എന്നു തീർച്ചയാണ്. രണ്ടാമതായി ഒരു നിർദ്ദിഷ്ട സന്ദർഭത്തിൽ ഉപയോഗപ്രദവും അത്യാവശ്യവുമായിത്തീരുന്ന പ്രതിഭാശക്തി കൈവശമുള്ള മനുഷ്യനെ നിലവിലുള്ള സാമൂഹ്യഘടന തടഞ്ഞുനിർത്തരുത്. ഫ്രാൻസിന്റെ പഴയ സാമൂഹ്യഘടന ഒരെഴുപത്തഞ്ചു വർഷം കൂടി നിലനിന്നിരുന്നെങ്കിൽ അതേ നെപ്പോളിയൻ അജ്ഞാതനായ ഒരു ജനറൽ ആയി, വെറുമൊരു കേണൽ ബോണപ്പാർട്ട് ആയി മരിച്ചുപോയിട്ടുണ്ടാകുമായിരുന്നു."

## ചരിത്രത്തിന്റെ പ്രേരകശക്തി

എന്നാൽ, ഏതാനും വ്യക്തികൾക്ക്, അവർ എത്രതന്നെ മഹാൻമാരും പ്രതിഭാശാലികളും ഉൽകൃഷ്ടഗുണങ്ങളുമുള്ളവരായിക്കൊള്ളട്ടെ, ബഹുജനങ്ങളുടെ പിൻബലമില്ലാതെ, ഒറ്റയ്ക്ക് സാമൂഹ്യപരിവർത്തനങ്ങളുണ്ടാക്കാൻ കഴിയില്ല. സംഭവങ്ങളുടെ ഉപരിതലത്തിൽ കാണപ്പെടുന്ന നേതാക്കൻമാർ ചരിത്രത്തിന്റെ പ്രേരകശക്തികളാണെന്നും അവരാണ് ചരിത്രത്തെ സൃഷ്ടിക്കുന്നത് എന്നും ചിലപ്പോൾ തോന്നിപ്പോയേക്കാം. പക്ഷേ, യഥാർത്ഥത്തിൽ ബഹുജനങ്ങളാണ് സാമൂഹ്യപരിവർത്തനങ്ങളുടെ പ്രേരകശക്തി ബഹുജനങ്ങളാണ്. ചരിത്രത്തിന്റെ ഗതി നിർണ്ണയിക്കുന്നത്. ഫ്രാൻസിൽ ഫ്യൂഡലിസം നശിപ്പിച്ച് മുതലാളിത്തം സ്ഥാപിച്ചത് റൂസ്സോ, വോൾട്ടയർ, റോബെസ് പിയർ, മാറാ തുടങ്ങിയ മഹാൻമാരായ ഏതാനും വ്യക്തികൾ മാത്രമല്ല. ലക്ഷക്കണക്കിലുള്ള സാധാരണക്കാരായ ബഹുജനങ്ങൾ പങ്കെടുത്ത് നടത്തിയ ഒരു സാമൂഹ്യവിപ്ലവത്തിന്റെ ഫലമായിരുന്നു അത്. കൃഷിക്കാർ, പട്ടാളക്കാർ, ഇടത്തരക്കാർ മുതലായ വിഭാഗങ്ങളുമായി യോജിച്ചുകൊണ്ട് തൊഴിലാളി ബഹുജനങ്ങൾ നടത്തിയ വിപ്ലവത്തിന്റെ ഫലമായിട്ടാണ് റഷ്യയിൽ സോഷ്യലിസം വിജയിച്ചത്. ബഹുജനങ്ങൾ നടത്തിയ ത്യാഗോജ്ജ്വലങ്ങളായ സമരങ്ങളുടെ ഫലമായിട്ടാണ് ഇന്ത്യ സ്വതന്ത്രയായത്. വിപ്ലവസമരങ്ങളുടെ ഫലമായി അധികാരത്തിൽ വരുന്നത് ഏത് വർഗ്ഗമായാലും ശരി, ഏതു നേതാക്കൻമാരായാലും ശരി. എല്ലായിടത്തും അവയുടെ പ്രേരകശക്തി ബഹുജനങ്ങളാണ് എന്നു കാണാം.

പക്ഷേ, അതേസമയത്തു തന്നെ ബഹുജനങ്ങൾ മാത്രമുണ്ടായാൽ പോരാ, അവരെ ലക്ഷ്യത്തിലേക്ക് നയിക്കാൻ കെൽപ്പുള്ള നേതാക്കൻമാർ കൂടിയുണ്ടാവണം. ലെനിൻ ഉറപ്പിച്ചുപറഞ്ഞതുപോലെ 'പ്രസ്ഥാനത്തെ സംഘടിപ്പിയ്ക്കാനും നയിക്കുവാനും കെൽപ്പുള്ള പരിപക്വരായ പ്രതിനിധികളേയും നേതാക്കൻമാരെയും സൃഷ്ടിയ്ക്കാത്ത ഒരൊറ്റ വർഗമെങ്കിലും ചരിത്രത്തിൽ ആധിപത്യം നേടിയിട്ടില്ല.'

## നേതാക്കൻമാരുടെ പങ്ക്

സാമൂഹ്യപരിതഃസ്ഥിതികളാലും സാമൂഹ്യശക്തികളുടെ പ്രവർത്തനങ്ങളാലും നിർണ്ണയിക്കപ്പെടുന്ന മുഖ്യ കടമകളെന്തൊക്കെയാണെന്നു മനസ്സിലാക്കിക്കൊണ്ട് ബഹുജനങ്ങളെ സംഘടിപ്പിയ്ക്കാനും ലക്ഷ്യത്തിലേയ്ക്ക് നയിക്കാനും കഴിവുള്ള വ്യക്തികൾ ചരിത്രത്തിന്റെ ഓരോ ഘട്ടത്തിലും നേതാക്കൻമാരായി ഉയർന്നുവരുന്നു.

നേതാക്കൻമാരായിത്തീരുന്ന വ്യക്തികൾക്ക് ചില പ്രത്യേകമായ കഴിവുകളും പ്രത്യേകമായ സ്വഭാവഗുണങ്ങളുമുണ്ടായിരിക്കും. അതുകൊണ്ടാണല്ലോ അവർ നേതാക്കൻമാരായി അംഗീകരിക്കപ്പെടുന്നത്. എന്നാൽ ഈ കഴിവുകളും, സ്വഭാവഗുണങ്ങളും പ്രായോഗികരംഗത്തിൽ പ്രത്യക്ഷപ്പെടണമെങ്കിൽ അതിനുപറ്റിയ സാ

മൂഹ്യസാഹചര്യങ്ങളുണ്ടാവണം. അനുകൂലമായ സാഹചര്യങ്ങളില്ലെങ്കിൽ എത്ര വലിയ പ്രതിഭാശാലിയും നേതാവായിത്തീരാൻ കഴിയില്ല.

ഇങ്ങിനെ, സാമൂഹ്യസാഹചര്യങ്ങൾക്ക് യോജിച്ചമട്ടിൽ പ്രത്യേകമായ സ്വഭാവഗുണങ്ങളും സാമൂഹ്യകടമകൾ നിറവേറ്റാനുള്ള കഴിവുകളുമുള്ളതിന്റെ ഫലമായി, നേതൃത്വത്തിലേക്കുയരുന്ന വ്യക്തികൾ ബഹുജനങ്ങളാൽ ആദരിയ്ക്കപ്പെടുകയും ബഹുമാനിയ്ക്കപ്പെടുകയും ചെയ്യുക സ്വാഭാവികമത്രേ. പക്ഷേ, അമിതമായ വീരാരാധന ചിലപ്പോൾ അപകടകരമായ പ്രത്യാഘാതങ്ങളുണ്ടാക്കിയെന്നും വരും.

നേതാവ് അസാമാന്യമായ കഴിവുള്ളവനാണ്, ചരിത്രം സൃഷ്ടിക്കുന്നവനാണ്, ജനങ്ങളുടെ പ്രശ്നങ്ങളെയെല്ലാം പരിഹരിയ്ക്കാൻ കെൽപ്പുള്ളവനാണ്, മഹാനായ നേതാവിൽ അചഞ്ചലമായ വിശ്വാസമർപ്പിക്കുകയും അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളെ അന്ധമായി അനുസരിക്കുകയും ചെയ്താൽ മതി, എല്ലാം ശരിയായിക്കൊള്ളും. ബഹുജനങ്ങൾ സ്വന്തമായി ചിന്തിക്കുകയോ പഠിക്കുകയോ മുൻകയ്യെടുത്ത് പ്രവർത്തിക്കുകയോ ചെയ്യേണ്ടതില്ല. എന്തെന്നാൽ സംഭവഗതികൾക്ക് രൂപം കൊടുക്കേണ്ട ചുമതല ജനങ്ങൾക്കല്ല, നേതാവിനാണ്. തൊഴിലാളികൾക്ക് വല്ല അടിയന്തിരാവശ്യങ്ങളുണ്ടോ? പ്രാദേശിക നേതാവ് ഫോണെടുത്ത് തൊഴിൽകാര്യമന്ത്രിയോടൊന്നു സംസാരിച്ചാൽ മതി. ജന്മി കൃഷിക്കാരനെ ഒഴിപ്പിച്ചുവോ? സാരമില്ല, റവന്യൂമന്ത്രിയെ വിവരമറിയിക്കുക. പോലീസ് ഇൻസ്പെക്ടർ ആരെയെങ്കിലും മർദ്ദിച്ചുവോ അതിനു പോലീസ് മന്ത്രിയുണ്ട്. മറ്റെന്തെങ്കിലും ആവശ്യമുണ്ടോ? എല്ലാ കാര്യങ്ങളും നേതാവിനോട് പറയുക, ഒട്ടക്കത്തെ കൈയിന്, നേതാവ് ഒരു നിരാഹാരസത്യാഗ്രഹം നടത്തിയാൽ മതി, ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറിക്കൊള്ളും. വ്യക്ത്യാരാധനയിൽനിന്നും നേതൃപൂജയിൽ നിന്നും ഉളവാകുന്ന ഇത്തരം ചിന്താഗതികൾ സാമൂഹ്യജീവിതത്തെ മരവിപ്പിക്കുകയും വിപ്ലവപ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുകയും മുൻകയ്യെടുത്ത് പ്രവർത്തിയ്ക്കാനുള്ള ബഹുജനങ്ങളുടെ കഴിവിനെ നശിപ്പിക്കുകയും ചെയ്യും.

## വ്യക്തിപ്രാഭവ സിദ്ധാന്തം

ചിലപ്പോൾ നേതാക്കന്മാർതന്നെ തങ്ങളുടെ സ്വന്തം വ്യക്തിത്വത്തിന് അമിതമായ പ്രാധാന്യം സ്വയം കൽപിക്കാൻ തുടങ്ങിയെന്നു വരും. അനുയായികളുടെ ജയജയ വിളികളും പത്രപംക്തികളിലെ പ്രസിദ്ധീകരണങ്ങളും നേതാക്കൻമാരെന്ന നിലയ്ക്ക് തങ്ങൾക്ക് ലഭിച്ചിട്ടുള്ള പ്രത്യേകാധികാരങ്ങളും അവരുടെ തലക്ക് ലഹരിപിടിപ്പിച്ചെന്നു വരും. ബഹുജനങ്ങളുടെ ദൈനംദിനം ജീവിതത്തിൽ നിന്നും സമരാനുഭവങ്ങളിൽ നിന്നും തങ്ങൾക്കു യാതൊരു പാഠവും പഠിക്കാനില്ലെന്നും തങ്ങളാണ് ജനങ്ങളുടെ ഭാഗധേയം നിർണ്ണയിക്കുന്നത് എന്നും അവർക്കു തോന്നാൻ തുടങ്ങിയെന്നു വരും. മന്ത്രിക്കസേരകളിലെങ്ങാനുമിരിയ്ക്കാൻ അവസരം കിട്ടിയാൽ അവർ അസഹിഷ്ണുതയുടേയും ധാർഷ്ട്യത്തിന്റെയും കിരീടങ്ങളെടുത്ത് ധരിയ്ക്കാൻ തുടങ്ങിയെന്നു വരും.

ഇത് കൂടുതൽ അപകടകരമായ പ്രത്യാഘാതങ്ങളുണ്ടാക്കും. എന്തുകൊണ്ടെന്നാൽ, ബഹുജനങ്ങൾക്കിടയിൽ ജീവിച്ചുകൊണ്ടും മർദ്ദനങ്ങളെ നേരിട്ടുകൊണ്ടും വിപ്ലവപ്രവർത്തനങ്ങൾ നടത്തിയിരുന്ന കാലത്ത് പത്തി താഴ്ത്തിക്കിടന്നിരുന്ന വ്യക്തിപരമായ ദുർഗ്ഗുണങ്ങൾ പലതും വ്യക്തിപൂജയുടെ അന്തരീക്ഷത്തിൽ പതിൻമടങ്ങ് ശക്തിയോടുകൂടി പുറത്തുവന്നുവെന്നു വരും.

അതാണ് സ്റ്റാലിന് സംഭവിച്ചത്. തൊഴിലാളി വർഗ്ഗത്തോടും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തോടുമുള്ള കൂറ്, അഗാധമായ താത്വികജ്ഞാനം, ബഹുജനങ്ങളെ സം

ഘടിപ്പിക്കാനും അവരുടെ സമരങ്ങൾക്ക് നേതൃത്വം നൽകാനുമുള്ള സാമാന്യമായ കഴിവ്, ഊർജ്ജസ്വലമായ മനഃശക്തി എന്നിങ്ങനെ പല സൽഗുണങ്ങളുമുണ്ടായിരുന്നതുകൊണ്ടാണ് സ്റ്റാലിൻ ഒരനിഷേധ്യനേതാവായിത്തീർന്നത്. പക്ഷേ, ഈ ഗുണങ്ങളോടൊപ്പം തന്നെ മറ്റുള്ളവരുടെ അഭിപ്രായങ്ങളോടുള്ള അസഹിഷ്ണുത, സഹപ്രവർത്തൻമാരെപ്പറ്റിയുള്ള അനാരോഗ്യകരമായ ദുശ്ശങ്കകൾ, ധാർഷ്ട്യം, നിർദ്ദയത, നേതൃത്വഭ്രമം എന്നിങ്ങനെയുള്ള ദുർഗുണങ്ങളുണ്ടായിരുന്നു. ആദ്യകാലത്ത് ഉപരിതലത്തിലേക്ക് പൊന്തിവരാൻ മടിച്ച ഈ ദുഃസ്വഭാവങ്ങൾ വ്യക്തിപൂജയുടെ അന്തരീക്ഷത്തിൽ ഊക്കോടെ പുറത്തുചാടാൻ തുടങ്ങി. തൽഫലമായി സോഷ്യലിസ്റ്റ് സമുദായത്തിന്റെ പുരോഗതിക്കു വലിയ ഹാനി നേരിടുകയും ചെയ്തു.

അപ്പോൾ വ്യക്തിയുടെ വളർച്ചയെ തടഞ്ഞുനിർത്തുകയും മാനുഷികങ്ങളായ ഉൽകൃഷ്ടതകളെ വരിഞ്ഞുകെട്ടുകയും ചെയ്യുന്ന പ്രതികൂല സാഹചര്യങ്ങളെ തട്ടിനീക്കാൻ സോഷ്യലിസ്റ്റ് വ്യവസ്ഥയ്ക്ക് സാധിക്കുമെന്നു പറയുന്നതു ശരിയാണെങ്കിൽ കൂടി, അതുകൊണ്ടുമാത്രം, എല്ലാ വ്യക്തികളും സൽസ്വഭാവികളായിക്കൊള്ളണമെന്നില്ല. വിപ്ലവപ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും ബഹുജനസമരങ്ങൾക്ക് ധീരവും ക്രിയാത്മമകവുമായ നേതൃത്വം നൽകുകയും ചെയ്തുവെന്നതുകൊണ്ടുമാത്രം മനുഷ്യൻ സൽഗുണസമ്പന്നനായിത്തീർന്നുകൊള്ളണമെന്നില്ല.

വ്യക്തി സമുദായത്തിന്റെ ഭാഗമാണെന്നുള്ളതു ശരിതന്നെ. പക്ഷേ, സമൂഹത്തിന്റെ യാന്ത്രികമായ ഒരു ഘടകമല്ല. മറ്റൊരുവിധം പറഞ്ഞാൽ, വ്യക്തിയ്ക്ക് സാമൂഹ്യമായ നിലനിൽപുമാത്രമല്ല, വ്യക്തിപരമായ നിലനിൽപുമുണ്ട്. വ്യക്തിയുടെ ശരീരഘടനയിലും മാനസികഘടനയിലും ജീവിതരീതിയിലുമെല്ലാം, സാമൂഹ്യജീവിതത്തിന്റെ സ്വാധീനം കാണാൻ കഴിയുമെന്നുള്ളതു ശരിയാണ്. പക്ഷേ, അതേസമയത്തുതന്നെ, അവ വ്യക്തിപരം കൂടിയാണ്. വ്യക്തിയുടെ ആത്മനിഷ്ഠമായ ആശയാഭിലാഷങ്ങൾ, വികാരവിചാരങ്ങൾ, ഇഷ്ടാനിഷ്ടങ്ങൾ, അഭിപ്രായഗതികൾ, വീക്ഷണഗതികൾ, ജ്ഞാനത്തിന്റെയും ബോധത്തിന്റെയും നിലവാരം ധാർമ്മികബോധം, പ്രവർത്തനരീതികൾ, മുതലായവയെല്ലാം സാമൂഹ്യജീവിതത്തിലും സ്വാധീനം ചെലുത്തുന്നു. വിപ്ലവപ്രസ്ഥാനങ്ങളിൽ പങ്കെടുക്കുകയും നേതൃത്വത്തിലേക്കുയരുകയും ചെയ്തു എന്നതുകൊണ്ടു മാത്രം വ്യക്തിപരമായ ഈ സ്വഭാവവിശേഷങ്ങൾ അന്തർദ്ധാനം ചെയ്യുകയില്ല. ചിലപ്പോൾ അവ പ്രകാശിക്കാൻ കഴിയാതെ മങ്ങിക്കിടന്നു എന്നു വരാം. മറ്റുചിലപ്പോൾ ഊക്കോടുകൂടി ഉപരിതലത്തിലേക്ക് പൊന്തിവന്നുവെന്നും വരാം.

## വ്യക്തിയുടെ താൽപര്യങ്ങളും സമുദായത്തിന്റെ താൽപര്യങ്ങളും

ഇത്തരം സ്വഭാവവിശേഷങ്ങളുൾക്കൊള്ളുന്ന വ്യക്തിയുടെ താൽപര്യങ്ങളും സമൂഹത്തിന്റെ താൽപര്യങ്ങളും തമ്മിൽ ചിലപ്പോൾ വൈരുദ്ധ്യങ്ങളുണ്ടായെന്നു വരും. വ്യക്തിപരമായ ലക്ഷ്യങ്ങളും സാമൂഹ്യലക്ഷ്യങ്ങളും തമ്മിൽ സംഘട്ടനമുണ്ടായേക്കും. ജനങ്ങൾ ജാഗരൂകരാണെങ്കിൽ സമൂഹത്തിന്റെ താൽപ്പര്യങ്ങളോടു നീതി കാണിയ്ക്കാൻ കഴിയാത്ത വ്യക്തി നേതൃത്വത്തിൽ നിന്ന് പുറന്തള്ളപ്പെട്ടുവെന്നുവരാം: അല്ലെങ്കിൽ ബഹുജനങ്ങൾ ജാഗരൂകരല്ലാത്ത സന്ദർഭങ്ങളിൽ പ്രത്യേകിച്ച സമൂഹത്തിന്റെ താൽപര്യങ്ങൾ വ്യക്തിയുടെ താൽപര്യങ്ങൾക്കു വേണ്ടി ബലികഴിയ്ക്കപ്പെടും. വ്യക്തി തന്റെ സങ്കുചിതസ്വാർത്ഥങ്ങളെ സമർത്ഥമായി മറച്ചുവയ്ക്കുകയും സാമൂഹ്യപ്രസ്ഥാനത്തെ തന്റെ സ്വന്തം ലക്ഷ്യം നേടാനുള്ള ഒരേണിപ്പടിയായി ഉപയോഗപ്പെടുത്തുകയും ചെയ്യും.

ചിലപ്പോൾ, ഈ വൈരുദ്ധ്യങ്ങൾ അത്ര പ്രകടമായെന്നു വരികയില്ല. വ്യക്തിയുടെ ഉദ്ദേശ്യവും ജനങ്ങളുടെ ഉദ്ദേശ്യവും തമ്മിൽ വ്യത്യാസമില്ലെന്നു തോന്നും. ഉദാഹരണത്തിന് ഏതെങ്കിലുമൊരു പ്രദേശത്തെ ജനങ്ങൾക്ക് ഒരു പള്ളിക്കൂടമോ റോഡോ കിട്ടാൻവേണ്ടി നേതാവ് മുൻകയ്യെടുത്ത് പരിശ്രമിക്കുന്നു. തീർച്ചയായും ജനങ്ങളുടെ ആവശ്യങ്ങളാണവ. കഷ്ടപ്പെടുന്ന ജനവിഭാഗങ്ങളുടെ ആവശ്യങ്ങൾ നേടാൻവേണ്ടി നേതാവു പ്രക്ഷോഭണങ്ങളും സമരങ്ങളും നയിക്കുന്നു. പട്ടിണികിടക്കുകയോ ജയിലിൽ പോവുകയോ ചെയ്യുന്നു. പക്ഷേ, ഇതെല്ലായ്പ്പോഴും നിസ്വാർത്ഥമായ പ്രവർത്തനമായിക്കൊള്ളണമെന്നില്ല. നേതാവിന്റെ ഒരു കണ്ണ് ജനങ്ങളുടെ കഷ്ടപ്പാടിലായിരിക്കും. മറ്റേക്കണ്ണ് വോട്ടുപെട്ടിയിലും. ഒരുതരം ഇറട്ടക്കുറാണിത്. വ്യക്തി ജനങ്ങളുടെ പ്രസ്ഥാനത്തിന്റെ താൽപര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നു. അതേസമയത്തു തന്നെ സ്വന്തം കാര്യം നേടാൻ നോക്കുകയും ചെയ്യുന്നു. പക്ഷേ, ചിലപ്പോൾ വ്യക്തിയുടെ താൽപ്പര്യങ്ങൾക്കു മുൻതൂക്കം നൽകപ്പെടുന്നു. അത്തരം സന്ദർഭങ്ങളിലാണ് വൈരുദ്ധ്യം പ്രകടമായിത്തീരുക.

എല്ലായ്പ്പോഴും കാപട്യമുണ്ടായിക്കൊള്ളണമെന്നില്ല. തിരഞ്ഞെടുപ്പിനു നിൽക്കുമ്പോഴും പ്രസംഗങ്ങൾ നടത്തുമ്പോഴും, പൊതുജനങ്ങളിൽ നിന്ന് പണം പിരിച്ചെടുത്ത് സ്വന്തം ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുമ്പോഴും, മറ്റുള്ളവരുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നതിനുവേണ്ടി കൈക്കൂലി വാങ്ങുമ്പോഴുമെല്ലാം താൻ ജനങ്ങൾക്കുവേണ്ടിയാണ് പ്രവർത്തിക്കുന്നത് എന്ന് നേതാവ് ആത്മാർത്ഥമായി വിശ്വസിക്കുന്നുണ്ടാവാം. തന്റെ ആഗ്രഹാഭിലാഷങ്ങളാണ് ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങൾ എന്ന് അയാൾ കരുതുന്നുമുണ്ടാവാം. ക്രമത്തിൽ അയാൾ തനിക്കിഷ്ടമില്ലാത്തതൊന്നും ജനങ്ങൾ ഇഷ്ടപ്പെട്ടുകൂട എന്ന നിലപാടിലെത്തിച്ചേരുന്നു. തന്റെ ചൊൽപ്പടിക്കു നിൽക്കാൻ കൂട്ടാക്കാത്തവരെയെല്ലാം നശിപ്പിച്ചുകളയേണ്ടത് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു കർത്തവ്യമാണെന്നുപോലും അയാൾ വിചാരിക്കാൻ തുടങ്ങുന്നു.

അപ്പോൾ, സാമൂഹ്യജീവിതവും സാമൂഹ്യസാഹചര്യങ്ങളുമാണ് വ്യക്തിയുടെ സ്വഭാവഗുണങ്ങളെ രൂപപ്പെടുത്തുന്നത് എന്ന വാദം സത്യത്തിന്റെ ഒരു വശം മാത്രമാണ്. സാഹചര്യങ്ങൾക്ക് മനുഷ്യന്റെ വ്യക്തിപരമായ ജീവിതത്തിൽ സ്വാധീനം ചെലുത്താൻ കഴിവുണ്ടെന്ന കാര്യത്തിൽ സംശയമില്ല. നന്മതിന്മകൾക്കുള്ള പ്രേരണകളും പ്രചോദനങ്ങളും ലഭിക്കുന്നത് സാഹചര്യങ്ങളിൽ നിന്നാണ്. എന്നാൽ ഓരോ പ്രത്യേക സാഹചര്യത്തിലും എന്തു നിലപാട് കൈക്കൊള്ളണമെന്ന് സ്വന്തം ഇഷ്ടം അനുസരിച്ച് തീരുമാനിക്കാൻ അയാൾക്ക് സാധിക്കുന്നു. സാമൂഹ്യാചാരങ്ങളാലും സാമൂഹ്യകടമകളാലും നിർണ്ണയിക്കപ്പെടുന്ന ധാർമ്മികമൂല്യങ്ങളെ സ്വന്തം ജീവിതത്തിലേക്ക് പകർത്തുവാനോ പകർത്താതിരിക്കുവാനോ അയാൾക്ക് കഴിവുണ്ട്. അതുകൊണ്ട്, ധാർമികമൂല്യം ഒരു സാമൂഹ്യപ്രശ്നം മാത്രമല്ല, വ്യക്തിപരമായ പ്രശ്നം കൂടിയാണ്. ഈ സ്ഥിതിയിൽ വ്യക്തിയെ മാനുഷികമായ ഉൽകൃഷ്ടതയിലേക്കും പൂർണ്ണതയിലേക്കും നയിക്കണമെങ്കിൽ സാമൂഹ്യമായ സമീപനം മാത്രം പോരാ, വ്യക്തിപരമായ സമീപനം കൂടി വേണം.

ബഹുജനങ്ങൾക്കു മുൻകയ്യെടുത്തു പ്രവർത്തിക്കാനുള്ള അന്തരീക്ഷമുണ്ടാക്കുക, നയപരിപാടികൾ ആവിഷ്കരിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുന്ന കാര്യത്തിൽ ഭൂരിപക്ഷക്കാരായ സാധാരണ ജനങ്ങളെ പങ്കെടുപ്പിക്കുക, ജനങ്ങളുമായുള്ള ദൈനംദിനബന്ധങ്ങൾ സുദൃഢമാക്കുക, ചുവട്ടിൽ നിന്നുള്ള വിമർശനങ്ങൾക്ക് പ്രോത്സാഹനം നൽകുക, പരസ്പരം സഹകരിച്ചുകൊണ്ടുള്ള കൂട്ടായ

പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തിപരമായ ഉത്തരവാദിത്വങ്ങളും ചുമതലകളും നിർണ്ണയിക്കുക, നേതാക്കൻമാരായ വ്യക്തികളുടെ കയ്യിൽ അമിതമായ അധികാരങ്ങൾ കേന്ദ്രീകരിക്കുന്നതിനെ തടയുക, ചുവട്ടിലുള്ള പ്രവർത്തകൻമാർക്ക് നേതാക്കൻമാരായി ഉയരാനുള്ള സൗകര്യങ്ങളും സാഹചര്യങ്ങളുമുണ്ടാക്കുക, വ്യക്തികളുടെ സ്വഭാവഗുണങ്ങളെ വളർത്താൻ പറ്റിയ പെരുമാറ്റച്ചട്ടങ്ങളുണ്ടാക്കുകയും ആ ചട്ടങ്ങൾക്കനുസരിച്ച് ജീവിതത്തെ ക്രമീകരിക്കുകയും ചെയ്യുക, സാമൂഹ്യതാൽപ്പര്യങ്ങൾക്കെതിരായി പ്രവർത്തിക്കുന്നവരുടെ മേൽ കർശനമായ അച്ചടക്കനടപടികൾ കൈക്കൊള്ളുക—സാമൂഹ്യവും സംഘടനാപരവുമായ ഇത്തരം നടപടികളുടെ സഹായത്തോടുകൂടി മനുഷ്യന്റെ വ്യക്തിപരമായ ജീവിതത്തെ ഒട്ടൊക്കെ നിയന്ത്രിക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, വ്യക്തിപരമായ സ്വഭാവഗുണങ്ങളെ സംഘടനയുടെ ഭരണഘടനാവകുപ്പുകൾ കൊണ്ടു മാത്രം രൂപപ്പെടുത്താനാവില്ല. അവസാന വിശകലനത്തിൽ, അവ വ്യക്തിയുടെ ആത്മാഭിവൃദ്ധിയുടെ നിലവാരത്തെയാണ് ആശ്രയിച്ചിരിക്കുന്നത്.

## അധ്വാനത്തോടുള്ള സമീപനം

ഇന്ത്യയിലെ സാമൂഹ്യരാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് ചരിത്രപരമായ ചില സവിശേഷതകൾ കൂടിയുണ്ട്. മഹാത്മാഗാന്ധിയുടെ ആഹ്വാനമനുസരിച്ച് സാമ്രാജ്യാധിപത്യത്തിനെതിരായി സമരം നടത്താൻ വേണ്ടി ഒട്ടനവധി ജനങ്ങൾ കോടതികളും കോളേജുകളും ജോലിസ്ഥലങ്ങളുമുപേക്ഷിച്ച് പുറത്തുവരികയുണ്ടായി. നീണ്ട കാലത്തെ ജയിൽജീവിതവും ഒളിവു ജീവിതം നയിച്ച അവരിൽ പലരും 'മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകൻമാരാ'യിത്തീർന്നു. ശാരീരികമോ ബൗദ്ധികമോ ആയ ദൈനംദിനപ്രവർത്തനങ്ങളുമായി ബന്ധമില്ലാത്ത ഒരു പ്രത്യേക വിഭാഗമായിത്തീർന്നു അവർ. ബ്രിട്ടീഷുഭരണം അസ്തമിച്ചതോടെ പുതിയ ചില പരിസ്ഥിതികളുയർന്നുവന്നു. രാഷ്ട്രീയ സ്വാതന്ത്ര്യം സാമ്പത്തികസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പുതിയ സമരങ്ങൾക്കു വഴിതെളിച്ചു. സാമ്പത്തിക പുനർനിർമ്മാണ പ്രവർത്തനങ്ങൾ ഒരടിയന്തിര കടമയായിത്തീർന്നു. പക്ഷേ, സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത രാഷ്ട്രീയ പ്രവർത്തകൻമാർ ഫാക്ടറികളിലും വയലുകളിലും മറ്റു ജോലിസ്ഥലങ്ങളിലും നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ കഴിവുള്ളവരായിരുന്നില്ല. മന്ത്രിമാരോ അംബാസഡർമാരോ എം പി മാരോ അസംബ്ലി മെമ്പർമാരോ ആവാനല്ലാതെ കായികമോ ബൗദ്ധികമോ ആയ പ്രവർത്തനങ്ങളിൽ പങ്കുകൊള്ളാൻ അവരിൽ പലർക്കും സാധ്യമായിരുന്നില്ല. അസംബ്ലി, പാർലമെൻറ് മെമ്പർ സ്ഥാനങ്ങളും കമ്മിറ്റികളിലെ അംഗത്വവും മറ്റും ഒരു പ്രത്യേകതരം ജോലിയായിത്തീർന്നു. മറ്റൊരുവിധം പറഞ്ഞാൽ, അധ്വാനിക്കുന്ന ജനങ്ങളും രാഷ്ട്രീയനേതാക്കൻമാരും തമ്മിലുള്ള വിടവ് വർധിച്ചു. രാഷ്ട്രീയ നേതാക്കൻമാർ നടത്തുന്ന പൊതുയോഗങ്ങളിലും ഘോഷയാത്രകളിലും പങ്കെടുക്കുക, രാഷ്ട്രീയപാർട്ടികൾക്കു സംഭാവനകൾ നൽകുക, അയ്യഞ്ചുകൊല്ലം കൂടുമ്പോളൊരിക്കൽ വോട്ടു ചെയ്യാനും അസംബ്ലിയിലേക്കും പാർലമെൻറിലേക്കും മെമ്പർമാരെ തെരഞ്ഞെടുത്തയയ്ക്കാനുമുള്ള സ്വാതന്ത്ര്യമുപയോഗിക്കുക ഇത്രമാത്രമായിത്തീർന്നു അധ്വാനിക്കുന്ന ജനങ്ങളുടെ രാഷ്ട്രീയ പ്രവർത്തനം. യഥാർത്ഥമായ രാഷ്ട്രീയ പ്രവർത്തനം അദ്ധ്വാനിക്കാത്ത ഒരു ചെറുവിഭാഗത്തിന്റെ കുത്തകയായിരുന്നു.

ഫ്യൂഡൽവ്യവസ്ഥയിലെ ചൂഷകവർഗ്ഗക്കാർക്ക് അധ്വാനത്തോട് പുച്ഛമായിരുന്നു. 'ജോലി സ്വസ്ഥം!' എന്നതായിരുന്നു ആഭിജാത്യത്തിന്റെ മുദ്രാവാക്യം.

അതിന്റെ സ്ഥാനത്ത് ഇപ്പോൾ 'ജോലി രാഷ്ട്രീയം' എന്ന പുതിയൊരാഭിജാത്യം തലപൊക്കിക്കൊണ്ടിരിയ്ക്കുകയാണ്. യാതൊരു പണിയുമെടുക്കാതെ പരാന്നഭുക്കുകളായി ഇത്തിക്കണ്ണി ജീവിതം നയിക്കുന്ന രാഷ്ട്രീയനേതാക്കൻമാർ ജനങ്ങളോട് കൂടുതലധ്വാനിക്കാനും രാജ്യത്തിന്റെ പുരോഗതിയ്ക്കുവേണ്ടി ഉൽപാദനം വർധിപ്പിയ്ക്കാനും സ്വതന്ത്രമായ ഒരു സാമ്പത്തിക വ്യവസ്ഥ കെട്ടിപ്പടുക്കാനും കൂടെക്കൂടെ ആഹ്വാനം ചെയ്യുന്നു. നിർമ്മാണ പ്രവർത്തനങ്ങളെ വിജയിപ്പിക്കാൻ വേണ്ടിയുള്ള സമരത്തിൽ മാതൃക കാണിച്ചുകൊടുക്കേണ്ട യാതൊരുത്തരവാദിത്വവും അവർക്കില്ല. വാക്കും പ്രവർത്തിയും തമ്മിലുള്ള ഈ പൊരുത്തക്കേട് അധാർമ്മികതയുടെ ഉറവിടമായിത്തീരുന്നു.

അധാർമ്മികതകളുടെ ഈ അന്തരീക്ഷത്തിൽ ഉറച്ചുനിൽക്കാൻ കഴിവില്ലാത്തവർ മറിഞ്ഞുവീഴുന്നു. ഒരുകാലത്ത് സമരധീരതയും ത്യാഗമനോഭാവവും പ്രകടിപ്പിച്ച അതേ വ്യക്തികൾ തന്നെ പുതിയ സാഹചര്യങ്ങളിൽ അസാൻമാർഗ്ഗികതകളിലേക്കു വഴുതിവീഴുന്നു. കായികവും മാനസികവുമായ എല്ലാത്തരം അധ്വാനങ്ങളോടുമുള്ള പുച്ഛം, പണിയെടുക്കാതെ മടിയരായിക്കഴിയാനും, സുഖഭോഗലോലുപരാകാനുമുള്ള വാസന, അമിതമായ കള്ളുകുടി, ലൈംഗികമായ അസ്സാൻമാർഗ്ഗികബന്ധങ്ങൾ, പൊതുജനങ്ങളിൽ നിന്ന് പിരിച്ചുണ്ടാക്കുന്ന പൊതുഫണ്ടുകളിൽ നിന്നോ സഹകരണസംഘങ്ങളിൽ തുടങ്ങിയ പൊതുസ്ഥാപനങ്ങളിൽ നിന്നോ, പണംതട്ടിയെടുക്കൽ, പാർട്ടിയുടെ പേരിൽ പണംപിരിച്ച് സ്വന്തം ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കൽ, സ്ഥാനമാനങ്ങൾക്കുള്ള കൊതി, സഹപ്രവർത്തകരുടെ കാലുവാരൽ, സ്വന്തം കുറ്റങ്ങൾ മറച്ചുപിടിക്കാൻ വേണ്ടി മറ്റുള്ളവരുടെ പേരിൽ അപവാദങ്ങൾ പറഞ്ഞുപരത്തൽ, ഉദ്യോഗസ്ഥമേധാവിത്വം, സ്വജനപക്ഷപാതം, കളവ്, കൈക്കൂലി, നേതൃസ്ഥാനങ്ങളെ സ്വന്തംകാര്യം നോക്കാനുള്ള ഏണിപ്പടികളാക്കൽ, കപടനാട്യങ്ങൾ, അസ്സാൻമാർഗ്ഗികതയോടുള്ള വിട്ടുവീഴ്ച, ലക്ഷ്യത്തോട് കൂറില്ലായ്മ, വ്യക്തിപ്രഭാവം, ആത്മപ്രശംസ, അച്ചടക്കരാഹിത്യം, മനുഷ്യത്വപരമായ പെരുമാറ്റങ്ങളിലും സൗഹാർദ്ദപരമായ പരസ്പരസഹായങ്ങളിലും നിഷ്കർഷയില്ലായ്മ, അരാജകത്വപരമായ സ്വകാര്യജീവിതം, സത്യസന്ധതയില്ലായ്മ, വിശ്വാസവഞ്ചന എന്നിങ്ങനെയുള്ള ദുഃസ്വഭാവങ്ങൾക്കു വളരാൻ പറ്റിയ ഒരന്തരീക്ഷത്തിലേക്ക് അവർ നീങ്ങുന്നു.

## അധഃപതനത്തിന്റെ കാരണം

ഭൂതകാല പ്രവർത്തനങ്ങളുടെയും, ത്യാഗപൂർണ്ണമായ ജീവിതത്തിന്റെയും, ജനങ്ങളെ നയിക്കാനുള്ള കഴിവിന്റെയും ഫലമായി നേതൃത്വത്തിലേക്കുയർന്നുവന്ന വ്യക്തികൾ മേൽപ്പറഞ്ഞ ദുഃസ്വഭാവങ്ങളിൽ നിന്നെല്ലാം വിമുക്തരാണെന്ന ഒരു ധാരണയുണ്ട്. ഇതു ശരിയല്ല, നേരെമറിച്ച്, സാധാരണ ജനങ്ങളുടെ ദൈനംദിന ജീവിതത്തിൽ നിന്നകലുകയും അധികാരകേന്ദ്രീകരണത്തിനും പണവും പദവിയും നേടുന്നതിനും മറ്റുമുള്ള സാധ്യതകൾ വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ നേതാക്കൻമാർ മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതൽ വേഗത്തിൽ അധഃപതിച്ചുവെന്നുകൂടി വരാം. നേതാക്കൻമാർക്ക് ഒരു കാലത്തുണ്ടായിരുന്ന ഗുണങ്ങൾ എല്ലാക്കാലത്തും നിലനിന്നുകൊള്ളണമില്ല.

ഒരുകാലത്ത് സ്വഭാവശുദ്ധിയും ബഹുജനങ്ങളെ ഉന്നതമായ ലക്ഷ്യത്തിലേക്ക് നയിക്കാനുമുള്ള കഴിവുണ്ടായിരുന്ന ചില നേതാക്കൻമാർ പിന്നീട് അധഃപതിയ്ക്കുന്നതെന്തുകൊണ്ടാണ്. സ്റ്റാലിൻ, മാവോ തുടങ്ങിയ ലോകപ്രശസ്തിയാർജ്ജിച്ച

മഹാൻമാരായ നേതാക്കൻമാർ പോലും വൈക്തികമായ അധഃപതനത്തിന്റെ ചളിക്കുണ്ടിലേയ്ക്കു താണുപോയതെന്തുകൊണ്ടാണ്? ഈ ചോദ്യത്തിന് സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഇരുപത്തിരണ്ടാം കോൺഗ്രസ്സംഗീകരിച്ച കേന്ദ്രകമ്മിറ്റി റിപ്പോർട്ട് മറുപടി പറയുന്നതിങ്ങനെയാണ്:

> "ജീവിതത്തിലെ ഒരു പ്രത്യേക ഘട്ടത്തിൽ വിലപിടിച്ചവരെന്നു സ്വയം തെളിയിച്ച ചില നേതാക്കൻമാർതന്നെ പിന്നീട് വഴിയിൽ തങ്ങുകയും ക്രമേണ മങ്ങി മറഞ്ഞു പോവുകയും ചെയ്ത പല സംഭവങ്ങളും ചരിത്രത്തിലുണ്ടായിട്ടുണ്ട്. ഈ പ്രതിഭാസത്തിന്റെ കാരണങ്ങൾ വ്യത്യസ്തങ്ങളായിരിക്കാം. ചിലർക്ക് ശേഷി കെട്ടുപോകുന്നു. മറ്റു ചിലർ യാഥാർത്ഥ്യങ്ങളുമായുള്ള ബന്ധമറ്റ്, തണ്ടുമൂത്ത് ശരിക്ക് പ്രവൃത്തിയെടുക്കാതെയാവുന്നു. വേറെ ചിലർ തത്വദീക്ഷയില്ലാത്തവരും നട്ടെല്ലൊടിഞ്ഞവരുമായിക്കലാശിച്ച് പരിതഃസ്ഥിതികളോടിണങ്ങിച്ചേരുകയും പാർട്ടിയുടെ ലക്ഷ്യത്തിനുവേണ്ടി സമരം ചെയ്യാനുള്ള വീറ് കളഞ്ഞുകുളിയ്ക്കുകയും ചെയ്യുന്നു. അതിന്നിടയിൽ സമരങ്ങളിലൂടെ പുതിയ രാഷ്ട്രീയ നേതാക്കൻമാർ ഉയർന്നുവരുന്നു. അവർ പുതിയതിന്റെ വളർച്ചയെ തടയുന്ന എല്ലാറ്റിനേയും എതിർക്കുകയും പഴമയുടെ ചെറുത്തുനിൽപ്പിനെ തോൽപ്പിക്കുകയും ചെയ്യുന്നു. പൊലിഞ്ഞുകഴിഞ്ഞ നക്ഷത്രങ്ങളുടെ വെളിച്ചമെന്ന് ജ്യോതിശാസ്ത്രജ്ഞൻമാർ വിശേഷിപ്പിക്കുന്ന അത്തരമൊരു പ്രതിഭാസമാണിത്. ഭൂമിയിൽ നിന്നെത്രയോ അകന്നു നിൽക്കുന്ന ചില നക്ഷത്രങ്ങൾ കെട്ടടങ്ങിയിട്ട് വളരെക്കഴിഞ്ഞാലും പ്രകാശിക്കുന്നതുപോലെ തോന്നും. സാമൂഹ്യചക്രവാളത്തിൽ നക്ഷത്രങ്ങളുടെ സ്ഥാനം വഹിക്കുന്ന ചില ആളുകൾ പുകഞ്ഞടങ്ങിയ കനൽക്കട്ടകൾ മാത്രമായവശേഷിച്ചു കഴിഞ്ഞിട്ടും തങ്ങളിപ്പോഴും വെളിച്ചംവീശുന്നുണ്ടെന്ന് സ്വയം സങ്കൽപ്പിക്കുന്നു. ഇതാണ് കുഴപ്പം. ഇതുതന്നെയാണ് ചില രാഷ്ട്രീയനേതാക്കൻമാർക്കും സംഭവിച്ചത്."

ഒന്നുകിൽ പഴയ നക്ഷത്രങ്ങൾക്ക് വീണ്ടും പ്രകാശിയ്ക്കാനുള്ള കഴിവുണ്ടാകണം. അല്ലെങ്കിൽ അവയുടെ സ്ഥാനത്ത് പുതിയ നക്ഷത്രങ്ങൾ കയറിയിരിക്കണം. ഇതേ വഴിയുള്ളു.

## ആറ്

കമ്മ്യൂണിസമെന്നുവച്ചാൽ "ഓരോരുത്തനിൽ നിന്നും അവന്റെ കഴിവനുസരിച്ച്, ഓരോരുത്തനും അവന്റെ ആവശ്യമനുസരിച്ച്" എന്ന തത്വം നടപ്പിൽവരുത്താൻ കഴിയത്തക്കവണ്ണം ഉൽപ്പാദനശക്തികളെ വളർത്തുക എന്നതു മാത്രമല്ല അർത്ഥം. ഉൽപ്പാദനശക്തികളുടെ വളർച്ച ലക്ഷ്യമല്ല, മാർഗ്ഗമാണ്. മനുഷ്യനാണ് ലക്ഷ്യം. ആത്മീയമായ പരിപക്വതയോടുകൂടിയ ഉൽകൃഷ്ടമനുഷ്യരെ സൃഷ്ടിക്കുകയാണ് ഉന്നം. മറ്റൊരുവിധം പറഞ്ഞാൽ കമ്മ്യൂണിസത്തിന് വേണ്ടിയുള്ള സമരം ഉൽകൃഷ്ടങ്ങളായ പുതിയ മാനുഷികബന്ധങ്ങളെ സൃഷ്ടിക്കാൻ വേണ്ടിയുള്ള സമരമാണ്.

മനുഷ്യന്റെ വളർച്ചയ്ക്ക് മാനുഷികങ്ങളായ ജീവിതസാഹചര്യങ്ങൾ കൂടിയേ കഴിയൂ. ഉൽപ്പാദനബന്ധങ്ങളും വർഗ്ഗവ്യത്യാസങ്ങളും മറ്റും വെറും സാമ്പത്തികപ്രതിഭാസങ്ങൾ മാത്രമല്ല, മനുഷ്യന്റെ ജീവിത സാഹചര്യങ്ങളെ സൃഷ്ടിക്കുന്ന ഘടകങ്ങൾ കൂടിയാണ്. മർദ്ദനവും ചൂഷണവുമില്ലാത്ത വർഗ്ഗരഹിതമായ സാമ്പത്തികവ്യവസ്ഥ സമുദായത്തിലെ മുഴുവൻ വ്യക്തികളുടേയും സർവ്വോന്മുഖമായ വളർച്ചയ്ക്കാവശ്യമായ ഉപാധികൾ സൃഷ്ടിക്കുന്നു. ഭൗതികസ്വത്തുക്കളുടെ സമൃദ്ധി

ആത്മീയാഭിവൃദ്ധിയുടെ അടിത്തറയാണ്. ഇങ്ങനെ മനുഷ്യന്റെ പൂർണ്ണതയ്ക്കുവേണ്ടിയുള്ള സമരം സമുദായത്തിന്റെ പൂർണ്ണതയ്ക്കുവേണ്ടിയുള്ള സമരവുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് ഭൗതികസ്വത്തുക്കളുടെ ഉൽപ്പാദനം വർധിപ്പിക്കുന്ന കാര്യത്തിൽ പാർട്ടിമെമ്പറും ശ്രദ്ധിക്കണമെന്ന് സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഇരുപത്തിരണ്ടാം കോൺഗ്രസ്സ് ആഹ്വാനം ചെയ്തത്.

> “കമ്മ്യൂണിസത്തിന്റെ ഭൗതികവും സാങ്കേതികവുമായ അടിത്തറ സൃഷ്ടിക്കാൻവേണ്ടി പ്രവർത്തിക്കുക, അധ്വാനത്തോടുള്ള കമ്മ്യൂണിസ്റ്റ് സമീപനത്തിൽ ഒരു മാതൃകയായിത്തീരുക, ഉൽപ്പാദനക്ഷമതയുയർത്തുക, പുതുതും പുരോഗമനപരവുമായിട്ടുള്ളതിലെല്ലാം മുൻകയ്യെടുക്കുക, പരിഷ്കരിച്ച സാങ്കേതികമാർഗ്ഗങ്ങളെ പിന്താങ്ങുകയും പ്രചരിപ്പിയ്ക്കുകയും ചെയ്യുക, സാങ്കേതികരീതികൾ സ്വായത്തമാക്കുകയും വൈദഗ്ധ്യം വളർത്തുകയും ചെയ്യുക, സോവിയറ്റ് നാടിന്റെ അഭിവൃദ്ധിയുടേയും ശക്തിയുടെയും പ്രധാനാവലംബനമായ സോഷ്യലിസ്റ്റ് സ്വത്തുക്കളെ കാത്തുരക്ഷിക്കുകയും വർധിപ്പിക്കുകയും ചെയ്യുക. ഇതെല്ലാം ഓരോ പാർട്ടി മെമ്പറുടെയും കടമയാണ്.”

## ഭൗതികപുരോഗതിയും ആത്മീയപുരോഗതിയും

എന്നാൽ, ഭക്ഷണവും വസ്ത്രവും പാർപ്പിടവും മറ്റു ഭൗതികസാമഗ്രികളും ഇഷ്ടംപോലെ കിട്ടാവുന്നതുകൊണ്ടുമാത്രം മനുഷ്യൻ തൃപ്തിപ്പെടുകയില്ല. മനുഷ്യന് ഭൗതികാവശ്യങ്ങളെന്നപോലെതന്നെ ആത്മീയാവശ്യങ്ങളുമുണ്ട്. ഭൗതികനിലവാരത്തിന്റെ ഉയർച്ച ആത്മീയവും ധാർമ്മികവുമായ നിലവാരത്തിന്റെ ഉയർച്ചയ്ക്കു വഴിതെളിയ്ക്കണം. പക്ഷേ, സാമ്പത്തികാഭിവൃദ്ധിയുടെ യാന്ത്രികമായ സൃഷ്ടിയല്ല ധാർമ്മികാഭിവൃദ്ധി. ജനങ്ങളുടെ ധാർമ്മികനിലവാരമുയരണമെങ്കിൽ അവരെ നയിക്കുന്ന നേതാക്കൻമാരുടെ ധാർമ്മികനിലവാരമുയരണം. സോവിയറ്റ് യൂണിയനിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയാണ് ജനങ്ങളെ കമ്മ്യൂണിസത്തിലേക്ക് നയിക്കുന്നത്. അതുകൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ഓരോ മെമ്പറുടെയും ജീവിതം ധാർമ്മികതയുടേയും സാൻമാർഗ്ഗികതയുടേയും ഒരു മാതൃകയായിത്തീരണം. ഇതു സാധിയ്ക്കണമെങ്കിൽ മാർക്സിന്റെ ലെനിനിസ്റ്റ് തത്വങ്ങളുടെ അടിസ്ഥാനത്തിൽ പ്രത്യയശാസ്ത്രപരമായ സ്വന്തം നിലവാരം മേൽക്കുമേലുയർത്താൻ ഓരോ മെമ്പറും പ്രത്യേകം ശ്രദ്ധിക്കേണ്ടതാവശ്യമാണെന്ന് സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചട്ടങ്ങൾ ഊന്നിപ്പറയുന്നു.

‘മാർക്സിസ്റ്റ്—ലെനിനിസ്റ്റ് തത്വങ്ങൾ സ്വായത്തമാക്കുകയും പ്രത്യയശാസ്ത്രപരമായ നിലവാരമുയർത്തുകയും കമ്മ്യൂണിസ്റ്റ് സമുദായത്തിലെ മനുഷ്യനെ രൂപപ്പെടുത്തുകയും അതിനുപറ്റിയ വിദ്യാഭ്യാസം അവനു നൽകുകയും ചെയ്യുക; ബൂർഷ്വാ പ്രത്യയശാസ്ത്രത്തിന്റെയും, സ്വകാര്യ സ്വത്തുടമയുടേതായ മനഃശാസ്ത്രത്തിന്റെ അവശിഷ്ടങ്ങളേയും, ഭൂതകാലത്തിന്റെ മറ്റുച്ഛിഷ്ടങ്ങളേയും എല്ലാത്തരം പ്രകടനങ്ങളേയും എതിർക്കുക, കമ്മ്യൂണിസ്റ്റ് സദാചാരത്തിന്റെ നിയമങ്ങൾ പാലിയ്ക്കുക, പൊതുതാൽപര്യങ്ങൾക്ക് സ്വന്തം താൽപര്യങ്ങളേക്കാൾ പ്രാധാന്യം നൽകുക ഇതെല്ലാം ഓരോ പാർട്ടി മെമ്പറുടെയും കടമയാണ്.

അപ്പോൾ കമ്മ്യൂണിസം കെട്ടിപ്പടുക്കുക എന്നുവെച്ചാൽ ഭൗതികസ്വത്തുക്കൾ വർധിപ്പിക്കുക എന്നുമാത്രമല്ല അർത്ഥം. കമ്മ്യൂണിസത്തിന്റെ ഭൗതികവും സാങ്കേതികവുമായ അടിത്തറ കെട്ടിപ്പടുക്കാനുള്ള സമരം ഒരു പുതിയ മനുഷ്യനെ—കമ്മ്യൂണിസ്റ്റ് മനുഷ്യനെ സൃഷ്ടിക്കാനുള്ള സമരത്തിന്റെ അവിഭാജ്യഘടകമാണ്.

മാനുഷിക ഗുണങ്ങളുടെ വിളനിലമായ സമ്പൂർണ്ണ മനുഷ്യനെ രൂപപ്പെടുത്തുകയെന്നതാണ് കമ്മ്യൂണിസത്തിന്റെ ഏറ്റവും പ്രധാനമായ ലക്ഷ്യം.

പക്ഷേ, ഉൽകൃഷ്ടമനുഷ്യർ നിറഞ്ഞ ഒരുൽക്കൃഷ്ട സമുദായം സൃഷ്ടിക്കണമെങ്കിൽ അതിനു നേതൃത്വം നൽകുന്നവരും ഉൽകൃഷ്ടരായിരിക്കണം. അതുകൊണ്ടാണ് സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി പാർട്ടി മെമ്പർമാരുടെ സ്വഭാവരൂപവൽക്കരണത്തിൽ അത്യയധികം നിഷ്കർഷിക്കുന്നത്.

സാൻമാർഗ്ഗികബോധത്തിൽ മാറ്റമുണ്ടാകണമെങ്കിൽ സാമ്പത്തികവ്യവസ്ഥ മാറണമെന്നുപറയുന്നത് ശരിയാണ്. പക്ഷേ, ഇതിന്റെ അർത്ഥം സാമ്പത്തിക വ്യവസ്ഥ മാറിയാൽ സ്വയമേവ സാൻമാർഗ്ഗികബോധവും മാറിക്കൊള്ളുണമെന്നല്ല. സാമ്പത്തികാടിത്തറ മാറ്റാനെന്നപോലെത്തന്നെ സ്വഭാവശുദ്ധി കൈവരുത്താനും ബോധപൂർവമായ പരിശ്രമം ആവശ്യമാണ്. സാമ്പത്തികാടിത്തറയെ മാറ്റിമറിക്കുക താരതമ്യേന എളുപ്പമാണ്. സ്വഭാവരൂപവൽക്കരണമാകട്ടെ കൂടുതൽ വിഷമംപിടിച്ചതാണ്. റഷ്യയിൽ സോഷ്യലിസ്റ്റ് വിപ്ലവം കഴിഞ്ഞിട്ട് അരനൂറ്റാണ്ടായി. എന്നിട്ടും പുതിയ മാനുഷികബന്ധങ്ങളുടെ അടിസ്ഥാനത്തിലുള്ള സാന്മാർഗ്ഗികബോധം സാർവ്വത്രികമായിക്കഴിഞ്ഞു എന്ന് പറയാറായിട്ടില്ല; മനുഷ്യന്റെ ചിന്താഗതിയിലും സ്വഭാവങ്ങളിലും മുതലാളിത്തത്തിന്റെ അവശിഷ്ടങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ടെന്നു കാണാം. സാമൂഹ്യതാൽപ്പര്യങ്ങളുടെ മുകളിൽ സ്വാർത്ഥതാൽപര്യങ്ങളെ കയറ്റിയിരുത്തുന്നവരുണ്ട്, പൊതുമുതൽ അപഹരിക്കുന്നവരുണ്ട്, സങ്കുചിത സ്വാർത്ഥങ്ങൾക്കുവേണ്ടി സ്ഥാനമാനങ്ങളെ ഉപയോഗിക്കുന്നവരുണ്ട്. മുതലാളിത്ത വ്യവസ്ഥയിൽ കാണപ്പെടുന്ന അത്യയധികം കുറ്റങ്ങളും, പാതകങ്ങളും, വിവാഹമോചനങ്ങളും, ആത്മഹത്യകളും ക്രൂരതകളും സമുദായദ്രോഹങ്ങളും സോഷ്യലിസ്റ്റ് വ്യവസ്ഥയിലില്ലെന്നുള്ളത് ശരിതന്നെ. എങ്കിലും, അധഃപതനവാസനകൾ പൂർണ്ണമായി തുടച്ചുനീക്കപ്പെട്ടിരിക്കുന്നു എന്നു പറയാറായിട്ടില്ല. സാധാരണ ജനങ്ങൾക്കിടയിൽ മാത്രമല്ല, കമ്മ്യൂണിസ്റ്റുകാർക്കിടയിൽപോലും 'പാർട്ടി മെമ്പർഷിപ്പിനെ ഒരു ഉപജീവനമാർഗമായി കണക്കാക്കുന്നവർ ഇപ്പോഴുമുണ്ടെന്ന് സമ്മതിച്ചേ തീരൂ' എന്ന് ഇരുപത്തിരണ്ടാം കോൺഗ്രസ് തുറന്നുപറയുകയുണ്ടായി. ഇത്തരം തഞ്ചംനോക്കികളിൽനിന്ന് പാർട്ടിയേയും സമുദായത്തേയും രക്ഷിക്കാൻ വേണ്ടി 22-ാം കോൺഗ്രസ് ധീരമായ ചില നടപടികൾ സ്വീകരിയ്ക്കുകയുണ്ടായി. കമ്മ്യൂണിസ്റ്റ് പാർട്ടി മെമ്പർമാരുടെ പുനർവിദ്യാഭ്യാസമാണ് മുഖ്യമായ ഒരു പരിപാടി. ഓരോ പാർട്ടി മെമ്പറും തന്റെ ജീവിതത്തിൽ പുതിയ സാന്മാർഗ്ഗികബോധത്തിലടിയുറച്ച ഉൽകൃഷ്ടതകളും സ്വഭാവശുദ്ധിയും മേൽക്കുമേൽ വളർത്തിക്കൊണ്ടുവരാൻ ബോധപൂർവ്വം പരിശ്രമിക്കണമെന്ന് സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രക്കമ്മിറ്റി റിപ്പോർട്ട് ആവശ്യപ്പെടുന്നു:

> "അദ്ധ്വാനത്തോടുള്ള കമ്മ്യൂണിസ്റ്റ് മനോഭാവം, പ്രത്യയശാസ്ത്രത്തോടുള്ള അങ്ങേയറ്റത്തെ കൂറ്, പൊതുഫണ്ടുകൾ തട്ടിയെടുക്കുന്നതിനോടും പരാന്നഭുക്കുകളായി ജീവിക്കുന്നതിനോടും മറ്റെല്ലാത്തരം ദൗർബല്യങ്ങളോടും വിട്ടുവീഴ്ച്ചയില്ലാത്ത നിലപാട്. മറ്റുള്ളവരോട് ആദരവും, സഹതാപവും, പാർട്ടിയോടും ജനങ്ങളോടുമുള്ള കൂറ് എന്നീവക കാര്യങ്ങളിൽ കമ്മ്യൂണിസ്റ്റുകാർ മാതൃക കാണിയ്ക്കണമെന്ന് പാർട്ടി ചട്ടങ്ങൾ നിഷ്കർഷിക്കുന്നു. കമ്മ്യൂണിസ്റ്റു സാൻമാർഗ്ഗികതബോധത്തിന്റെ ഉന്നതതത്വങ്ങൾ നടപ്പിൽവരുത്താൻ വേണ്ടിയുള്ള സമരത്തിൽ ഓരോ കമ്മ്യൂണിസ്റ്റുകാരനും ഒരു മാതൃകയായിത്തീരണം."

## കമ്യൂണിസ്റ്റ് സദാചാരം

എന്താണ് കമ്യൂണിസ്റ്റ് സാൻമാർഗ്ഗികബോധമെന്നുവച്ചാൽ? അതിൽ താഴെപ്പറയുന്ന സ്വഭാവഗുണങ്ങളുണ്ടായിരിക്കുന്നു എന്നു സോവിയറ്റ് കമ്യൂണിസ്റ്റ് പാർട്ടിയുടെ ചട്ടങ്ങൾ ചൂണ്ടിക്കാണിക്കുന്നു.

- കമ്യൂണിസമെന്ന ലക്ഷ്യത്തോട് കൂറ്
- സ്വന്തം രാജ്യത്തോടും മറ്റു സോഷ്യലിസ്റ്റ് രാജ്യങ്ങളോടും സ്നേഹം.
- സാമൂഹ്യനന്മയ്ക്കുവേണ്ടിയുള്ള നിർവ്യാവമയമായും പ്രവർത്തനം—പണിയെടുക്കാൻ കൂട്ടാക്കാത്തനാരോ അവൻ ഭക്ഷിയ്ക്കരുത് എന്ന നിഷ്ഠ.
- സാമൂഹ്യസ്വത്ത് വർധിപ്പിയ്ക്കുന്നതിലും കാത്തുസൂക്ഷിയ്ക്കുന്നതിലും ശുഷ്കാന്തി.
- പൊതുജനങ്ങളോടുള്ള കർത്തവ്യത്തെക്കുറിച്ച് ഉന്നതമായ ബോധം; പൊതു താൽപര്യങ്ങൾക്ക് ഹാനികരമായ പ്രവർത്തനങ്ങൾ പൊറുക്കാതിരിക്കൽ.
- കൂട്ടായ പ്രവർത്തനം; സൗഹാർദ്ദപരമായ പരസ്പര സഹായം, ഓരോരുത്തനും എല്ലാർക്കും വേണ്ടി, എല്ലാവരും ഓരോരുത്തനും വേണ്ടി.
- വ്യക്തികൾ തമ്മിൽ മനുഷ്യത്വപരമായ ബന്ധങ്ങളും പരസ്പരബഹുമാനവും: മനുഷ്യൻ മനുഷ്യന് സുഹൃത്തും സഖാവും സഹോദരനുമാണ്.
- സത്യസന്ധത, വിശ്വസ്തത, സാൻമാർഗ്ഗികമായ പരിശുദ്ധി, വിനയശീലം, പൊതുജീവിതത്തിലും സ്വകാര്യ ജീവിതത്തിലും കപടനാട്യങ്ങളില്ലാതിരിക്കൽ.
- കുടുംബത്തിൽ നിന്നുള്ള പരസ്പരം ആദരവ്, കുട്ടികളെ പോറ്റിവളർത്തുന്നതിൽ ശുഷ്കാന്തി.
- അനീതി, പണിയെടുക്കാതെ പറ്റിത്തിന്നൽ, വിശ്വാസവഞ്ചന, തന്നെപ്പോറ്റിത്തരം എന്നിവയോട് സഹികേട്.
- സോവിയറ്റ് യൂണിയനിലെ വ്യത്യസ്ത ജനവിഭാഗങ്ങൾ തമ്മിൽ സ്നേഹവും സൗഹാർദ്ദവും ദേശീയവിദ്വേഷം, വർണ്ണവിദ്വേഷം എന്നിവയോട് അസഹിഷ്ണുത.
- കമ്മ്യൂണിസത്തിന്റെ ശത്രുക്കളോടും സമാധാനത്തിന്റെ ശത്രുക്കളോടും ജനതകളുടെ സ്വാതന്ത്ര്യത്തെ എതിർക്കുന്നവരോടും അസഹ്യത.
- എല്ലാ നാടുകളിലുമുള്ള അധ്വാനിക്കുന്ന ജനങ്ങളുമായും എല്ലാ ജനതകളുമായും സൗഹാർദ്ദപരമായ ഐക്യം.

ഈ സ്വഭാവഗുണങ്ങൾ ദൈവദത്തങ്ങളായ വിധിനിഷേധങ്ങളല്ല. കമ്മ്യൂണിസം കെട്ടിപ്പടുക്കാൻ വേണ്ടിയുള്ള സമരത്തിന്റെ അവിഭാജ്യഭാഗങ്ങളാണ്. കമ്മ്യൂണിസമെന്നുവച്ചാൽ സ്വഭാവശുദ്ധിയും, ധാർമ്മികബോധവും മനുഷ്യസ്നേഹവും വിളയാടുന്ന ഒരു സാമൂഹ്യവ്യവസ്ഥിതിയാണ്.

മുതലാളിത്തമവസാനിപ്പിച്ച് വർഗ്ഗരഹിതമായ ഒരു സമുദായം കെട്ടിപ്പടുത്താൽ മനുഷ്യൻ സ്വയം നന്നായിക്കൊള്ളുമെന്നും മർദ്ദനവും ചൂഷണവും നിലനിൽക്കുന്ന ഒരു സാമൂഹ്യവ്യവസ്ഥയിൽ മർദ്ദനത്തിന്റെയും ചൂഷണത്തിന്റെയും അടിസ്ഥാനത്തിലുള്ള സാൻമാർഗ്ഗികബോധം മാത്രമേ നിലനിൽക്കുകയുള്ളുവെന്നും മുതലാളിത്തവ്യവസ്ഥയിൽ മനുഷ്യൻ ചീത്തയാവാതെവയ്യ എന്നും മറ്റുമുള്ള പരിശുദ്ധ ഭോഷ്കുകൾ മാർക്സിസത്തിനെതിരാണ്. മനുഷ്യന്റെ സാൻമാർഗ്ഗിക

ബോധം ഒരൊറ്റ ദിവസം കൊണ്ടു സ്വയം പൊട്ടിമുളയ്ക്കുന്ന ഒരു പ്രതിഭാസമല്ല. പ്രാകൃതകാലം മുതൽക്കേ മനുഷ്യസമുദായം ആർജ്ജിച്ചുപോവുന്ന ആത്മീയോൽ കൃഷ്ടതകളുടെ പാരമ്പര്യത്തിൽനിന്നാണ് കമ്മ്യൂണിസ്റ്റ് സമുദായത്തിലെ സാന്മാർ ഗികബോധം ഉടലെടുക്കുന്നത്. കമ്മ്യൂണിസ്റ്റ് സമുദായത്തിന്റെ ഭൗതികഘടകങ്ങളെ ന്നപോലെതന്നെ ആത്മീയഘടകങ്ങളും ആദ്യമായി മുതലാളിത്ത സമുദായത്തി ലാണാവിർഭവിക്കുന്നത്. മുതലാളിത്തത്തിനെതിരായ തൊഴിലാളിവർഗ്ഗ സമര ങ്ങളുടെ വളർച്ചയോടൊപ്പം കമ്മ്യൂണിസ്റ്റ് മനുഷ്യന്റെ സാന്മാർഗ്ഗികബോധവും വള രാൻ തുടങ്ങുന്നു. പക്ഷേ, അത് വളരുന്നത് യാന്ത്രികമായിട്ടല്ല ഒരു സാമ്പത്തിക വ്യവസ്ഥപോയി മറ്റൊന്ന് രൂപമെടുക്കുമ്പോഴേയ്ക്കും പുതിയ സാന്മാർഗ്ഗികബോധം പടർന്നുപിടിക്കുന്നില്ല. നീണ്ടകാലത്തെ ബോധപൂർവമായ പരിശ്രമങ്ങളുടെ ഫല മാണിത്. അതുകൊണ്ടാണ് നാല് ദശാബ്ദത്തിലധികം കാലം സോഷ്യലിസം കെ ട്ടിപ്പടുത്തതിനുശേഷം ഒടുവിൽ വർഗരഹിതമായ കമ്മ്യൂണിസ്റ്റ് സമുദായത്തിലേക്ക് കാലെടുത്ത് വയ്ക്കുന്ന ഒരു നാട്ടിൽപ്പോലും സ്വഭാവശുദ്ധിയുടെ കാര്യം അത്രമേൽ നിഷ്കർഷിക്കപ്പെടേണ്ടി വരുന്നത്.

## നേതൃത്വവും സ്വഭാവശുദ്ധിയും

കമ്മ്യൂണിസം കെട്ടിപ്പടുക്കാൻ തുടങ്ങിയിട്ടുള്ള റഷ്യക്കാർക്ക് മാത്രമല്ല, മഹത്തായ ഒരു ലക്ഷ്യത്തിനുവേണ്ടി പൊരുതുന്ന ഏതു ജനതയ്ക്കും സ്വഭാവശുദ്ധിയോടുള്ള ഇത്തരമൊരു സമീപനം ആവശ്യമാണ്. ഇന്ത്യയുടെ കാര്യം തന്നെയെടുക്കാം. രാഷ്ട്രീയസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരത്തെ ധാർമ്മികമൂല്യങ്ങളുമായി കൂ ട്ടിയിണക്കാൻ വേണ്ടി മഹാത്മാഗാന്ധി നടത്തിയ പരിശ്രമങ്ങളാണ്—ആ പരി ശ്രമങ്ങൾക്ക് എന്തൊക്കെത്തന്നെ പരിമിതികളുണ്ടായിരുന്നുവെങ്കിലും ശരി— ഇന്ത്യയുടെ ദേശീയപ്രസ്ഥാനത്തെ മഹത്തായ ഒരു ബഹുജനപ്രസ്ഥാനമാക്കി മാറ്റിയത്. സ്വാതന്ത്ര്യം കിട്ടിയതോടുകൂടി പുതിയ ചില കർത്തവ്യങ്ങളുയർന്നുവന്നു. വ്യവസായവൽക്കരണം, കാർഷികപരിഷ്കരണം, ജനങ്ങളുടെ ജീവിതത്തോതു യർത്തൽ, വിദ്യാഭ്യാസാഭിവൃദ്ധി മുതലായ പരിപാടികളിലൂടെ ദേശീയ പുനർനിർ മ്മാണ പ്രവർത്തനങ്ങൾ മുന്നോട്ടുനീങ്ങി. ഏറെക്കഴിയുന്നതിനു മുമ്പായി ദേശീയ പുനർനിർമ്മാണത്തിന്റെ ലക്ഷ്യം സോഷ്യലിസമാണ് എന്ന് പ്രഖ്യാപിക്കപ്പെട്ടു.

പക്ഷേ, പ്രഖ്യാപനവും പ്രവൃത്തിയും തമ്മിലുള്ള അന്തരം, അനുദിനം വർദ്ധി ക്കുകയാണുണ്ടായത്.

സോഷ്യലിസമെന്നാൽ മനുഷ്യനെ മനുഷ്യനിൽനിന്നകറ്റിനിർത്തുന്ന സ്വകാ ര്യസ്വത്തുടമയേയും വർഗവൈരുദ്ധ്യങ്ങളവസാനിപ്പിച്ച് ഉൽപ്പാദനോപകരണ ങ്ങളെ പൊതുവുടമയാക്കലുമാണ്. പക്ഷേ, സ്വകാര്യസ്വത്തുടമ ശക്തിപ്പെടുകയും, വർഗ്ഗവൈരുധ്യങ്ങൾ മൂർച്ഛിക്കുകയുമാണ് ചെയ്യുന്നത്.

സോഷ്യലിസമെന്നാൽ ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരമവസാ നിയ്ക്കലാണ്. പക്ഷേ, അകൽച്ച കുറയലല്ല, വർധിക്കുകയാണ് ചെയ്യുന്നത്. സ്വത്തുക്ക ളുടെ കേന്ദ്രീകരണം ശിഥിലമാവുകയല്ല, കൂടുതൽ മുറുകുകയാണ് ചെയ്യുന്നത്.

ലക്ഷ്യം സോഷ്യലിസമാണ്. പക്ഷേ, മുതലാളിത്തമാണ് കെട്ടിപ്പടുക്കപ്പെട്ടു കൊണ്ടിരിക്കുന്നത്.

മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്ന സമ്പ്രദായമവസാനിപ്പിക്കലാണ് ലക്ഷ്യം. പക്ഷേ, ചൂഷണത്തെ നിലനിർത്തുന്ന ഭരണകൂടവും ഉദ്യോഗസ്ഥമേധാ വിത്വം മുതലാളിത്ത ചിന്താഗതിയെ മുറുകെപ്പിടിക്കുന്ന നേതാക്കൻമാരുമാണ് തലപ്പത്തിരിക്കുന്നത്.

അസമത്വത്തിന്റെയും ചൂഷണത്തിന്റെയും അടിസ്ഥാനത്തിലുള്ള സ്വകാര്യസ്വത്തുക്കളുടെ മൃഗീയ സാഹചര്യങ്ങളവസാനിപ്പിച്ച് സമുദായത്തിന്റെ ആത്മീയോൽക്കർഷത്തിനൊഴിച്ചുകൂടാൻ വയ്യാത്ത മാനുഷിക സാഹചര്യങ്ങൾ സൃഷ്ടിയ്ക്കലാണ് ലക്ഷ്യം. പക്ഷേ, സമൂഹത്തിന്റെ ലക്ഷ്യവും വ്യക്തികളുടെ സ്വാർത്ഥോദ്ദേശ്യങ്ങളും തമ്മിൽ പൊരുത്തമില്ല. ഈ പൊരുത്തക്കേടാണ് ധാർമ്മികാധഃപതനത്തിന്റെ ഉറവിടം.

അപ്പോൾ സോഷ്യലിസമാണ് ലക്ഷ്യം എന്ന പ്രഖ്യാപിച്ചതുകൊണ്ടുമാത്രമായില്ല. സമുദായത്തിന്റെ ലക്ഷ്യമെന്തായിരിക്കണമെന്നതിനെപ്പറ്റിയും ആ ലക്ഷ്യം എങ്ങിനെ നേടാൻ കഴിയുമെന്നതിനെപ്പറ്റിയും വ്യക്തമായ ബോധമുണ്ടായാൽ മാത്രം പോരാ. ലക്ഷ്യത്തിലേയ്ക്കു ജനങ്ങളെ നയിക്കുന്ന നേതാക്കൻമാരുടെ ആത്മീയവും സാൻമാർഗികവുമായ നിലവാരമെന്ത് എന്നതാണ് മുഖ്യമായ പ്രശ്നം.

നയിക്കുക എന്നുവച്ചാൽ പത്രപ്രസ്താവനകൾ ചെയ്യുകയും മൈതാനപ്രസംഗങ്ങൾ നടത്തുകയും ചെയ്യുക എന്ന മാത്രമല്ല അർത്ഥം. സോഷ്യലിസമെന്ന മഹത്തായ ലക്ഷ്യത്തിന്റെ സൗന്ദര്യം ബഹുജനങ്ങളുടെ ഹൃദയങ്ങളിലേക്ക് പകർന്നുകൊടുക്കുകയും ആ ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കാനുള്ള ആവേശവും കഴിവും കരുത്തും ത്യാഗബോധവും അവരിലുളവാക്കുകയും ചെയ്യുക എന്നതാണ് പ്രധാനം. ഭൗതികവും ധാർമ്മികവുമായ പാപ്പരത്തത്തിൽ കഴിഞ്ഞുകൂടുന്ന നേതാക്കൻമാർക്ക് ഈ കടമ നിറവേറ്റാൻ കഴിയില്ല. ലക്ഷ്യത്തോട് അചഞ്ചലമായ കൂറും പ്രസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്കുവേണ്ടി വ്യക്തിപരമായ താൽപര്യങ്ങളെ ബലികഴിക്കാനുള്ള ത്യാഗസന്നദ്ധതയും ഉന്നതമായ മനുഷ്യസ്നേഹവും സാമൂഹ്യവും ശാസ്ത്രീയവും സാങ്കേതികവുമായ അറിവു വർദ്ധിപ്പിക്കാനുള്ള പരിശ്രമശീലവും ഉയർന്ന സാൻമാർഗ്ഗിക സാംസ്കാരിക നിലവാരങ്ങളും പതർച്ചയില്ലാത്ത ആദർശനിഷ്ഠയും വിനയം, സത്യസന്ധത, ധീരത, ദയ തുടങ്ങിയ സ്വഭാവഗുണങ്ങളും എല്ലാമുള്ള വ്യക്തികൾക്കേ സോഷ്യലിസം പോലുള്ള മഹത്തായ ഒരു ലക്ഷ്യത്തിലേക്ക് ജനങ്ങളെ നയിക്കാൻ കഴിയുള്ളു.

അങ്ങിനെ സോഷ്യലിസത്തിനുവേണ്ടിയുള്ള സമരം എല്ലാത്തരം മൃഗീയതകൾക്കുമെതിരായി മനുഷ്യത്വത്തെ ഊട്ടിവളർത്താനുള്ള സമരവുമായി അവിഭാജ്യമാംവിധം ബന്ധപ്പെട്ടിരിയ്ക്കുന്നു. എന്തെന്നാൽ, മനുഷ്യത്വമുള്ള ജനങ്ങൾക്കേ മാനുഷികമായ സാഹചര്യങ്ങൾ സൃഷ്ടിയ്ക്കാൻ കഴിയൂ; ചീത്ത മനുഷ്യർക്ക് നല്ല സാഹചര്യങ്ങൾ സൃഷ്ടിയ്ക്കാൻ സാധിയ്ക്കില്ല. നല്ല സാഹചര്യങ്ങൾ സൃഷ്ടിയ്ക്കാൻ മുതിരുന്നവർ സ്വയം നല്ലവരായിരിക്കണം.

## ഏഴ്

ഒരു സാമൂഹ്യവ്യവസ്ഥ തകരുകയും പുതിയൊരു സാമൂഹ്യവ്യവസ്ഥ ഉയർന്നുവരികയും ചെയ്യുന്ന എല്ലാ കാലഘട്ടങ്ങളിലും മനുഷ്യന്റെ ഭാവിയെപ്പറ്റിയുള്ള സംശയങ്ങൾ പൊന്തിവരിക സാധാരണമാണ്. പഴയ മൂല്യങ്ങളുടെ തകർച്ച മാനുഷിക മൂല്യങ്ങളുടെ ആകെ തകർച്ചയായി കൊട്ടിഘോഷിക്കപ്പെടുന്നു. കാലഹരണപ്പെട്ടുകഴിഞ്ഞ പഴയ സാമൂഹ്യവ്യവസ്ഥയുടെ അധഃപതനം ധാർമ്മികമൂല്യങ്ങളുടെ അധഃപതനത്തെയാണ് കുറിക്കുന്നത് എന്ന് വിശ്വസിക്കപ്പെടുന്നു. ഫ്യൂഡലിസത്തിന്റെ തകർച്ചയുടെ കാലത്ത് മാനുഷികമൂല്യങ്ങളാകെ ഇടിഞ്ഞുപൊളിഞ്ഞുവെന്ന് നാടുവാഴി പ്രഭുക്കളുടെ പ്രതിനിധികൾ വിലപിക്കുകയുണ്ടായി. അയിത്തം,

ജാതിമേധാവിത്വം മുതലായ മൂല്യങ്ങളുടെ തകർച്ച സനാതനങ്ങളായ ധാർമ്മിക മൂല്യങ്ങളുടെ തകർച്ചയാണെന്ന് കരുതപ്പെട്ടു. മുതലാളിത്തപരമായ സ്വത്തുടമ ബന്ധങ്ങൾ വെല്ലുവിളിയ്ക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിലും ഇതു തന്നെയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. സാമ്രാജ്യാധിപത്യത്തിന്റെ സാർവ ലൗകികമായ തകർച്ചയും മുതലാളിത്തത്തിൽ നിന്നു സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തിന്റെ സാഹചര്യങ്ങളും മാനുഷികബന്ധങ്ങളുടെ മുന്നിൽ പുതിയ ചോദ്യചിഹ്നങ്ങളുയർത്തിപ്പിടിച്ചുകൊണ്ടിരിക്കുകയാണ്. കോടിക്കണക്കിലുള്ള ജനങ്ങളുടെ ജീവിതയാഥാർത്ഥ്യങ്ങളുടെ അടിത്തറ പിടിച്ചുകുലുക്കപ്പെട്ടുകൊണ്ടിരി ക്കുകയാണ്. ലോകമുതലാളിത്തം മരണശിക്ഷയ്ക്ക് വിധിയ്ക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. സോഷ്യലിസത്തിന്റെ അനുദിനം വളർന്നുവരുന്ന സ്വാധീനശക്തി ചരിത്രത്തിന്റെ മനസ്സാക്ഷിയെ ഇളക്കിമറിച്ചുകൊണ്ടിരിക്കുന്നു. ഈ സന്ദർഭത്തിൽ പഴമയുടെ വൈതാളികൻമാർക്കിടയിൽ നിന്ന് ധാർമ്മികമൂല്യങ്ങളുടെ തകർച്ചയെപ്പറ്റിയുള്ള മുറവിളികൾ പൊന്തിവരിക സ്വാഭാവികം മാത്രമാണ്. ചുറ്റുപാടും അഴിമതികൾ, കൈക്കൂലികൾ, ചൂഷണങ്ങൾ, ലാഭക്കൊള്ളകൾ, അത്യാർത്തി, അഹങ്കാരം, കപ ടനാട്യങ്ങൾ! ഈ സാഹചര്യത്തിൽ സ്വാർത്ഥവും വഞ്ചനയും ക്രൂരതയും ബീഭത്സ തയും മനുഷ്യന്റെ സഹജസ്വഭാവങ്ങളാണെന്ന് പ്രഖ്യാപിയ്ക്കപ്പെടുന്നു. മനുഷ്യൻ പ്രകൃത്യാ ദുഷ്ടനും വഞ്ചകനും സ്വാർത്ഥമതിയുമാണെന്നും അവന്റെ ഹൃദയത്തിൽ മൃഗീയതയാണ് കുടിയിരിക്കുന്നത് എന്നും അവനൊരിയ്ക്കലും നന്നാവുകയില്ലെന്നും മറ്റുമുള്ള വാദങ്ങൾ ഉയർന്നുവരുന്നു. ഭൗതികമായ നേട്ടങ്ങളുണ്ടായിട്ടുണ്ട്; ശാസ്ത്രം വളർന്നിട്ടുണ്ട്. പക്ഷേ, ഭൗതികാഭിവൃദ്ധിയും ശാസ്ത്രത്തിന്റെ വളർച്ചയും തിൻമകളെ തീറ്റിപ്പോറ്റുകമാത്രമാണ് ചെയ്തിട്ടുള്ളത് എന്നും ഭൗതികപുരോഗതിയ്ക്കുവേണ്ടിയുള്ള വെമ്പൽ ആത്മീയാധഃപതനത്തിനു വഴിതെളിച്ചിരിക്കുന്നുവെന്നും മറ്റും വാദിക്കപ്പെ ടുന്നു.

## മനുഷ്യൻ അധഃപതിക്കുകയാണോ?

പക്ഷേ, യഥാർത്ഥത്തിൽ മനുഷ്യസമുദായമാകെ, അധഃപതിച്ചുകൊണ്ടിരിക്കുക യാണോ? തീർച്ചയായുമല്ല. കുത്തകമുതലാളികളും കരിഞ്ചന്തക്കച്ചവടക്കാരും നാ ടുവാഴികളും ഉദ്യോഗസ്ഥമേധാവികളും അവർക്കു ശിങ്കിടിപാടി സ്വാർത്ഥം നേടുന്ന കുളവൃന്ദങ്ങളും സ്ഥാനമാനങ്ങൾക്കുവേണ്ടി കടിപിടികൂടുന്ന രാഷ്ട്രീയനേതാക്കൻ മാരുമാണ് അധഃപതനത്തിലേക്ക് ഊളിയിട്ടുകൊണ്ടിരിയ്ക്കുന്നത്. ചൂഷണാധിഷ്ഠി തമായ സ്വത്തുടമ വ്യവസ്ഥയുടെ പാപ്പരത്തമാണ് ധാർമ്മികാധഃപതനത്തിലൂടെ പ്രകടമാകുന്നത്.

ധാർമ്മികമൂല്യങ്ങളുടെ പ്രശ്നം എല്ലാറ്റിനുമുപരി ഒരു മാനുഷികപ്രശ്നമാണ്. മാ നുഷികപ്രശ്നമാകട്ടെ സാമൂഹ്യപ്രശ്നങ്ങളുമായും സാമ്പത്തികരാഷ്ട്രീയ സാഹചര്യ ങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു. സാമൂഹ്യബന്ധങ്ങളിൽ സാമ്പത്തികരാഷ്ട്രീയ സാഹചര്യങ്ങളിലുമുണ്ടാക്കുന്ന മാറ്റങ്ങൾ മാനുഷികബന്ധങ്ങളിലും മനുഷ്യന്റെ ചി ന്താമണ്ഡലത്തിലും സ്വഭാവഗുണങ്ങളിലുമെല്ലാം പ്രതിഫലിയ്ക്കുമെന്നു തീർച്ചയാണ്. ചൂഷണാധിഷ്ഠിതമായ മറ്റേതു സമുദായത്തിലും എന്നപോലെ മുതലാളിത്ത സമുദാ യത്തിലും മാനുഷികങ്ങളായ സന്മാർഗ്ഗികബന്ധങ്ങളെ വികൃതമാക്കുകയും ഞെ ക്കിഞെരിക്കുകയും ചെയ്യുന്ന ഘടകങ്ങൾ പ്രവർത്തിയ്ക്കുന്നുണ്ട്. മുതലാളിത്തവും സാമ്രാജ്യത്വത്തിൻറേയും ഫ്യൂഡലിസത്തിന്റെയും അവശിഷ്ടങ്ങളും ജനങ്ങളുടെ മേൽ നാനാതരത്തിലുള്ള സമ്മർദ്ദങ്ങൾ ചെലുത്തുന്നു. ഈ സാഹചര്യങ്ങളിൽ

അടിപതറാതെ ജീവിയ്ക്കുക എളുപ്പമല്ല. അതുകൊണ്ട് സമുദായത്തിന്റെ മേൽനോട്ടത്തിലുള്ള വിഭാഗങ്ങളുടെ ചീത്തത്തരങ്ങളും അധഃപതനവാസനകളും കുറേയൊക്കെ കീഴോട്ടും പടർന്നുപിടിയ്ക്കുമെന്നത് സ്വാഭാവികം മാത്രമാണ്.

പക്ഷേ, ഇതിന്റെ അർത്ഥം സമുദായമാകെ അധഃപതിയ്ക്കുന്നുവെന്നല്ല. ഫ്യൂഡലിസത്തിനോ മുതലാളിത്തത്തിനോ ദുഷിപ്പിയ്ക്കാൻ കഴിയാത്ത കോടിക്കണക്കിലുള്ള ജനങ്ങളുണ്ട്. സമ്മർദ്ദങ്ങൾക്കും പ്രലോഭനങ്ങൾക്കും അവർ കീഴടങ്ങുന്നില്ല. ചൂഷണവ്യവസ്ഥയുടെ ബീഭത്സതകൾക്ക് അവരുടെ മാനുഷികതയെ ഇടിച്ചുതകർക്കാൻ കഴിയുന്നില്ല. പട്ടിണി, ദാരിദ്ര്യം, തൊഴിലില്ലായ്മ തുടങ്ങിയ പ്രതികൂലസാഹചര്യങ്ങളിൽ എല്ലാ മനുഷ്യരും മോഷണത്തിനോ വ്യഭിചാരത്തിനോ മുതിരാറുണ്ടോ? ഒരു വലിയ പണക്കാരനെ രാത്രി സമയത്തെങ്ങാനും ഒറ്റയ്ക്ക് കണ്ടുകിട്ടിയാൽ നിങ്ങളയാളെ കൊലചെയ്ത് പണം തട്ടിക്കൊണ്ടുപോകാൻ മുതിരുമോ? എത്രതന്നെ ദാരിദ്ര്യമുണ്ടെങ്കിലും മോഷണത്തിനോ കൊലപാതകത്തിനോ ഒരിയ്ക്കലും സന്നദ്ധരാകാത്ത ലക്ഷക്കണക്കിനാളുകളെ നമ്മൾ കാണാറില്ലേ? അവർ കക്കുകയോ കൊലനടത്തുകയോ ചെയ്യാത്തതെന്തുകൊണ്ടാണ്? പോലീസുകാർ അറസ്റ്റുചെയ്യുമെന്ന പേടികൊണ്ടാണോ? അങ്ങിനെയാണെങ്കിൽ പോലീസ് അടുത്തെങ്ങുമില്ലെന്ന് ബോധ്യമായാൽ കവർച്ചയ്ക്കും കൊലപാതകത്തിനും ആളുകൾ തയ്യാറാവുമോ? ഇല്ല എന്തുകൊണ്ട്? ഭീരുത്വം കൊണ്ടാണോ? അല്ല പിന്നെയോ? തലമുറയതലമുറയായി സമാർജ്ജിച്ചുപോന്ന സന്മാർഗ്ഗികബോധത്തിന്റെ ശക്തികൊണ്ട്: ധാർമ്മികമൂല്യങ്ങളിലുള്ള വിശ്വാസംകൊണ്ട്. തോണിമറഞ്ഞു വെള്ളത്തിൽവീണ അജ്ഞാതബാലനെ രക്ഷിക്കാൻ വേണ്ടി സ്വന്തം ജീവനെപ്പോലും ബലികഴിയ്ക്കുന്നവരില്ലേ? സ്വന്തം കുട്ടിയ്ക്കു ഫീസുകൊടുക്കാൻ വേണ്ടി സൂക്ഷിച്ചുവച്ച പണം അയൽവീട്ടിലെ രോഗിയുടെ ചികിത്സയ്ക്കുവേണ്ടി എടുത്തുകൊടുക്കുന്നവരില്ലേ? മറ്റുള്ളവരുടെ കഷ്ടപ്പാടുകളിൽ മനസ്സലിയുന്നവരില്ലേ? എത്രതന്നെ പ്രലോഭനങ്ങളുണ്ടായാലും കൈക്കൂലി വാങ്ങാനോ അന്യരെ വഞ്ചിയ്ക്കാനോ കൂട്ടാക്കത്തരവരില്ലേ? പൊതുതാൽപ്പര്യങ്ങൾക്കുവേണ്ടി സ്വാർത്ഥതാൽപ്പര്യങ്ങളെ ബലികഴിയ്ക്കുന്നവരില്ലേ; അടിമത്തവും പട്ടിണിയും സൃഷ്ടിയ്ക്കുന്ന സാമൂഹ്യസാഹചര്യങ്ങളോട് വെറുപ്പുതോന്നുന്നവരില്ലേ? ഉന്നതങ്ങളായ മാനുഷികാദർശങ്ങൾക്കുവേണ്ടി എന്തുത്യാഗവും ചെയ്യാൻ സന്നദ്ധരാകുന്നവരില്ലേ? ഉണ്ട്, ധാരാളമുണ്ട്, പ്രത്യേകിച്ചും അധ്വാനിച്ച് ഉപജീവനം കഴിയ്ക്കുന്ന തൊഴിലാളികൾ, കൃഷിക്കാർ, പുരോഗമനവാദികളായ ബുദ്ധിജീവികൾ മുതലായ ജനവിഭാഗങ്ങൾക്കിടയിൽ. മനുഷ്യസമുദായമാകെ ധാർമ്മികാധഃപതനത്തിന്റെ ചുഴിയിൽപ്പെട്ടു കറങ്ങുകയാണെന്നു പറയുന്നവർ നുണയാണ് പറയുന്നത്. മനുഷ്യൻ പ്രകൃത്യാ ചീത്തയാണെന്നും സ്വാർത്ഥത, വഞ്ചന, ക്രൂരത മുതലായവ മനുഷ്യന്റെ സഹജസ്വഭാവങ്ങളാണെന്നും പറയുന്നവർ നേരല്ല പറയുന്നത്. മനുഷ്യൻ ഒരിക്കലും മൃഗമായിരുന്നിട്ടില്ല. ചൂഷണവ്യവസ്ഥകളുടെ മൃഗീയസാഹചര്യങ്ങൾ അവന്റെ മാനുഷികതകളെ വളച്ചൊടിയ്ക്കുകയും വികൃതമാക്കുകയും ചെയ്യുന്നുവെന്നതു ശരിയാണ്. പ്രതികൂലസാഹചര്യങ്ങൾ അവന്റെ മനുഷ്യത്വത്തെ മുരടിപ്പിക്കുന്നുവെന്നതും ശരിയാണ്. പക്ഷേ, എല്ലാത്തരം പ്രതികൂലസാഹചര്യങ്ങളോടുമെതിരിട്ടുകൊണ്ട് നൂറ്റാണ്ടുകളിലൂടെ നിലനിന്നുവന്നിട്ടുള്ള മൗലികങ്ങളായ മാനുഷികഗുണങ്ങളുടെ ഉറവുകൾ വറ്റിക്കഴിഞ്ഞിട്ടില്ല. ബീഭത്സങ്ങളായ അസാൻമാർഗ്ഗികതകളുടെ ഒത്തനടുക്കുനിന്നുകൊണ്ടുതന്നെ സ്വന്തം മാനുഷികതയെ കാത്തുരക്ഷിക്കാനും മറ്റുള്ളവരുടെ ധാർമ്മികബോധത്തെ തട്ടിയുയർത്താനുമുള്ള മനുഷ്യന്റെ കഴിവുകൾ കൈമോശം വന്നു

പോയിട്ടില്ല. ആത്മീയശക്തി നഷ്ടപ്പെട്ട ദുർബ്ബലഹൃദയൻമാർ സമ്മർദ്ദങ്ങളോടും പ്രലോഭനങ്ങളോടും നേരിടാൻ കഴിയാതെ ചീത്തത്തങ്ങൾക്കു കീഴടങ്ങുന്നുണ്ടെന്നുള്ളതു പരമാർത്ഥമാണ്. പക്ഷേ, അതേസമയത്തുതന്നെ സാഹചര്യങ്ങളുടെ ആത്മീയത്തകർച്ചകളിലേക്ക് കാലിടറിവീഴാതെ മാനുഷികമായ ഉൽകൃഷ്ടതകളെ ഉയർത്തിപ്പിടിയ്ക്കുന്ന കോടിക്കണക്കിലുള്ള ജനങ്ങൾ ഉണ്ടെന്നുള്ള യാഥാർത്ഥ്യവും വിസ്മരിച്ചുകൂടാ. ചൂഷകവർഗ്ഗക്കാരും അവരെ ചുറ്റിപ്പറ്റിനിൽക്കുന്ന ക്ഷുദ്രജീവികളും ധാർമ്മികാധഃപതനത്തെ കെട്ടിപ്പുണരുമ്പോൾ ഭൂരിപക്ഷക്കാരായ ജനങ്ങളുടെ മനഃസാക്ഷി അസാന്മാർഗ്ഗികതകൾക്കെതിരായി ഇളകിമറിഞ്ഞുകൊണ്ടിരിയ്ക്കുന്നു. ആത്മീയമായ പാപ്പരത്തത്തിനു മുമ്പിൽ അവർ മുട്ടുകുത്തുന്നില്ല. അവർ സാഹചര്യങ്ങൾക്കു കീഴടങ്ങുന്നവരല്ല, സാഹചര്യങ്ങളെ സൃഷ്ടിക്കുന്നവരാണ്. ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ സാഹചര്യങ്ങളെ മാറ്റിമറിയ്ക്കാനും മനുഷ്യസമുദായത്തിന്റെ ഭാവിയെ രൂപപ്പെടുത്താനുമുള്ള അവരുടെ കഴിവുകൾ നശിച്ചുപോയിട്ടില്ല. പണപ്പെട്ടികളുടെ അസാന്മാർഗ്ഗിതകളേയും അധികാരസ്ഥാനങ്ങളുടെ ആത്മീയപാപ്പരത്തത്തേയും അവരൊരിയ്ക്കലും ന്യായീകരിക്കുന്നില്ല. ചുറ്റുപാടുമുള്ള കപടനാട്യങ്ങളും വഞ്ചനകളും അവരെ അസ്വസ്ഥരാക്കുന്നു: അധാർമ്മികതകളെ സൃഷ്ടിക്കുന്ന മൃഗീയ സാഹചര്യങ്ങളെ മാറ്റാനും ഉത്കൃഷ്ടതകൾക്കു വളരാൻ പറ്റിയ മാനുഷിക സാഹചര്യങ്ങൾ സൃഷ്ടിക്കാൻ അവൻ വെമ്പൽകൊള്ളുന്നു. ചൂഷണങ്ങൾക്കും മർദ്ദനങ്ങൾക്കുമെതിരായ തങ്ങളുടെ ദൈനംദിന സമരങ്ങളെ അസ്സാൻമാർഗ്ഗികതകൾക്കെതിരായ സമരങ്ങളുമായി കൂട്ടിയിണക്കുവാൻ അവർ പരിശ്രമിക്കുന്നു. ഭാവിയിൽ ഉറച്ചവിശ്വാസവും ഉന്നതാദർശങ്ങളോടു കൂറുമുള്ള ഈ ജനകോടികളാണ് പുതിയ സാമൂഹ്യസാഹചര്യങ്ങളുടെ നിർമ്മാതാക്കൾ. മനുഷ്യസമുദായത്തിന്റെ പുരോഗതിയ്ക്കും പുതിയൊരു സാമൂഹ്യനീതിയ്ക്കുംവേണ്ടി പടവെട്ടിക്കൊണ്ടിരിയ്ക്കുന്ന ഈ ജനകോടികൾ തന്നെയാണ്, സമുദായത്തെ മലീമസമാക്കിക്കൊണ്ടിരിയ്ക്കുന്ന അധഃപതനപ്രവണതകളെ എന്നെന്നേയ്ക്കുമായി തുടച്ചുനീക്കാൻ കഴിയുമെന്നതിനുള്ള ഏറ്റവും മുഖ്യമായ ഉറപ്പ്.

എന്നാൽ അസാൻമാർഗ്ഗികതൾക്കെതിരായ ഈ ജനകീയ പ്രവണതകൾ ചിന്നിച്ചിതറിക്കിടക്കുകയാണ്. അവയ്ക്ക് സംഘടിതമായ ഒരു രൂപം നൽകുകയാണ് ധാർമ്മികമൂല്യങ്ങളിൽ വിശ്വസിയ്ക്കുന്നവരുടെ കടമ.

ആദ്യപതിപ്പ് 1965, ഏപ്രിൽ
രണ്ടാപതിപ്പ് 1980 മാർച്ച്
പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം

# 6

# മാർക്സിസവും ഭൗതികവാദവും

## 1 മതവും കമ്യൂണിസവും

മഹാകവി ഷെല്ലി വിദ്യാർത്ഥിയായിരുന്ന കാലത്ത് ഒരു സംഭവമുണ്ടായി. അദ്ദേഹം ഒരു നിരീശ്വരവാദിയാണെന്ന് പ്രിൻസിപ്പാൾ എങ്ങനെയോ അറിഞ്ഞുവശായി. ഉടനെ കൽപന പുറപ്പെട്ടു: "ഇരുപത്തിനാലുമണിക്കൂറിനുള്ളിൽ ഷെല്ലി ദൈവത്തെ കണ്ടുപിടിച്ചില്ലെങ്കിൽ അയാളെ കോളജിൽ നിന്ന് ഡിസ്മിസ് ചെയ്യും!"

ഇന്നത്തെ മതഭ്രാന്തന്മാർ 24 മണിക്കൂർ സമയംപോലും അനുവദിക്കാൻ തയ്യാറില്ല. കമ്യൂണിസ്റ്റ് വിരോധികളായ ഹിന്ദു പിന്തിരിപ്പനും, മുസ്ലീം പിന്തിരിപ്പനും, ക്രിസ്ത്യൻപിന്തിരിപ്പനും മറ്റെല്ലാ പിന്തിരിപ്പനും ഒരേ പ്ലാറ്റുഫോറത്തിൽ കയറി മുക്രയിടുകയാണ്.

> "കമ്യൂണിസ്റ്റുകാർ നിരീശ്വരവാദികളാണ്; ഈശ്വരവിശ്വാസമില്ലാത്തവരാണ്; സദാചാരബോധമില്ലാത്തവരാണ്. അതുകൊണ്ട് അവരെ നശിപ്പിക്കുക!"

### ഈ ആക്രമണത്തിന്റെ അർഥമെന്താണ്?

ഒരു മതത്തിലും വിശ്വസിക്കാത്ത നിരീശ്വരവാദികൾക്കു മാത്രമേ കമ്മ്യൂണിസ്റ്റുപാർട്ടിയിൽ സ്ഥാനമനുവദിക്കാവൂ എന്ന് പാർട്ടിയുടെ പരിപാടിയാകട്ടെ, ഭരണഘടനയാകട്ടെ, നിഷ്കർഷിക്കുന്നില്ല. നേരെമറിച്ച്, മതവിശ്വാസങ്ങളെ ബലം പ്രയോഗിച്ചെതിർക്കുന്നത് തെറ്റാണെന്നാണ് മാർക്സിസ്റ്റാചാര്യന്മാർ ഊന്നിപ്പറഞ്ഞിട്ടുള്ളത്. 1874-ൽ തന്നെ നിരീശ്വരവാദം ഒരു വിശ്വാസപ്രമാണമായി അംഗീകരിക്കണമെന്ന അരാജകവാദത്തെ എംഗെൽസ് എതിർക്കുകയുണ്ടായി. മതവിശ്വാസങ്ങൾക്കെതിരായ യുദ്ധപ്രഖ്യാപനം അസംബന്ധമാണെന്നും മതത്തെ നിലനിർത്താൻ മാത്രമേ അതു സഹായിക്കുകയുള്ളൂവെന്നുമാണദ്ദേഹം പറഞ്ഞത്. മതത്തിനെതിരായ സമരം കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ രാഷ്ട്രീയലക്ഷ്യമായി പ്രഖ്യാപിക്കണമെന്ന വാദം ബൂർഷ്വാഅരാജകവാദികളുടെ വാദമാണെന്ന് ലെനിൻ ചൂണ്ടിക്കാണിക്കുന്നു. അതുകൊണ്ടാണ് ലെനിൻ മതത്തെപ്പറ്റിയുള്ള തന്റെ പുസ്തകത്തിൽ മതവിശ്വാസികളായ തൊഴിലാളികളെ പാർട്ടിയിൽ കൊണ്ടുവരാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നാവശ്യപ്പെടുന്നത്. ലെനിന്റെ അഭിപ്രായത്തിൽ പുരോഹിതനുപോലും പാർട്ടിയിൽ ചേരാം. ഒരു നിബന്ധനയേയുള്ളു: അയാൾ പാർട്ടി പരിപാടിയെ എതിർക്കരുത്. നേരെമറിച്ച്, പാർട്ടിപരിപാടി നടപ്പിൽ വരുത്താൻ

ബോധപൂർവ്വം പരിശ്രമിക്കുകയും വേണം. അയാൾ പാർട്ടിയുടെ അച്ചടക്കത്തിന് വഴങ്ങണം. മതം പ്രചരിപ്പിക്കാനുള്ള ഒരു ഉപാധിയായി പാർട്ടിയെ ഉപയോഗിക്കരുത്; അത്രയേ വേണ്ടൂ.

ലെനിന്റെ തന്നെ വാക്കുകളിൽ,

> "ഏതെങ്കിലുമൊരു പുരോഹിതൻ നമ്മുടെ പ്രവൃത്തിയിൽ സഹകരിക്കാൻ തയ്യാറായി വരികയാണെങ്കിൽ—അയാൾ പാർട്ടിപരിപാടിയെ എതിർക്കാതെ ബോധപൂർവം പാർട്ടിപ്രവർത്തനം നടത്തുന്നുവെങ്കിൽ—നമുക്കയാളെ സോഷ്യൽ ഡെമോക്രസിയുടെ (കമ്മ്യൂണിസ്റ്റുപാർട്ടിയുടെ) അണികളിലേക്കു സ്വീകരിക്കാം. മെമ്പർമാരുടെ തത്വശാസ്ത്രവും പാർട്ടി പരിപാടിയും തമ്മിൽ വല്ല വൈരുദ്ധ്യവുമുണ്ടോ എന്ന് ഒരു രാഷ്ട്രീയ പാർട്ടിക്കും പരിശോധിക്കാൻ വയ്യ... എന്നാൽ, ഒരു പുരോഹിതൻ പാർട്ടിയിൽ ചേർന്നതിനുശേഷം തന്റെ ഏറ്റവും പ്രധാനമായ ഒരേ ഒരു പ്രവൃത്തി മതവിശ്വാസങ്ങൾ പ്രചരിപ്പിക്കൽ മാത്രമാണെന്നു കണക്കാക്കിയാൽ അയാളെ പാർട്ടിയിൽ നിന്നു പുറത്താക്കേണ്ടിവരും. ദൈവവിശ്വാസമുള്ള തൊഴിലാളികൾക്ക് സോഷ്യൽ ഡെമോക്രാറ്റിക്ക് പാർട്ടിയിൽ പ്രവേശനം നൽകിയാൽ മാത്രം പോരാ; അവരെ റിക്രൂട്ടുചെയ്യാൻ ഊർജിതമായി ശ്രമിക്കുകകൂടി വേണം. ആ തൊഴിലാളികളുടെ മതവിശ്വാസങ്ങളെ അൽപമെങ്കിലും വ്രണപ്പെടുത്തുന്നതിനെ നമ്മൾ കഠിനമായി എതിർക്കും. നമ്മൾ അവരെ റിക്രൂട്ട് ചെയ്യുന്നത് മതത്തിന്നെതിരായ ഒരു സജീവ സമരം നടത്താൻ വേണ്ടിയല്ല; പിന്നെയോ, നമ്മുടെ പരിപാടിയുടെ വെളിച്ചത്തിൽ അവർക്കു പരിശീലനം നൽകാൻ വേണ്ടിയാണ്."

മതത്തെപ്പറ്റി ലെനിൻ ഉന്നയിച്ച തത്വങ്ങളുടെ അടിസ്ഥാനത്തിലാണ് സോവിയറ്റു യൂണിയനിലും കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ നേതൃത്വത്തിൽ ഭരണം നടക്കുന്ന മറ്റു രാജ്യങ്ങളിലും മതവിശ്വാസങ്ങൾക്ക് പരിപൂർണ സ്വാതന്ത്ര്യമനുവദിക്കപ്പെട്ടിട്ടുള്ളത്. കമ്മ്യൂണിസ്റ്റുകാർ മറ്റെല്ലാറ്റിനേയുമെന്നപോല മതത്തേയും ശാസ്ത്രീയമായിട്ടാണ് പരിശോധിക്കുന്നത്. സ്വാർഥമതികളായ ഏതാനും ചില പുരോഹിതന്മാർ കെട്ടിച്ചമച്ചുണ്ടാക്കിയതാണ് മതമെന്ന് അവർ വിശ്വസിക്കുന്നില്ല. സാമൂഹ്യയാഥാർഥ്യങ്ങളിൽ നിന്നാണ് മതവിശ്വാസങ്ങൾ ഉടലെടുക്കുന്നത് എന്നവർ ചൂണ്ടിക്കാണിക്കുന്നു.

സ്റ്റാലിൻ പറയുന്നു:

> "സമുദായത്തിന്റെ സാംസ്കാരിക ജീവിതത്തിന്റെ ഉത്ഭവം-സാമൂഹ്യശാസ്ത്രങ്ങളുടെയും സിദ്ധാന്തങ്ങളുടെയും രാഷ്ട്രീയാഭിപ്രായങ്ങളുടെയും രാഷ്ട്രീയ സ്ഥാപനങ്ങളുടെയും ഉത്ഭവം—ആരാഞ്ഞു നോക്കേണ്ടത് ആ ആശയങ്ങളിലും സിദ്ധാന്തങ്ങളിലും അഭിപ്രായങ്ങളിലും സ്ഥാപനങ്ങളിലുമല്ല. പിന്നെയോ? സമുദായത്തിന്റെ ഭൗതിക ജീവിതത്തിന്റെ ചുറ്റുപാടുകളിലാണ്; സാമൂഹ്യജീവിതത്തിലാണ്. കാരണം അവയാണ് ഈ ആശയങ്ങളെയും അഭിപ്രായങ്ങളെയും സ്ഥാപനങ്ങളെയും പ്രതിബിംബിപ്പിക്കുന്നത്."

ഇതുതന്നെയാണ് മാർക്സ് ഒരൊറ്റ വാചകത്തിൽ പറഞ്ഞത്:

> "മനുഷ്യരുടെ ബോധമല്ല അവരുടെ സാമൂഹ്യ ജീവിതത്തെ നിയന്ത്രിക്കുന്നത്; മറിച്ച്, സാമൂഹ്യ ജീവിതം അവരുടെ ബോധത്തെ നിയന്ത്രിക്കുകയാണ് ചെയ്യുന്നത്."

പ്രാകൃതനായ കാടൻ പ്രകൃതി ശക്തികളുടെ മുമ്പിൽ ദുർബലനും നിസഹായനുമായിരുന്നു. ഈ ദൗർബല്യവും നിസഹായതയുമാണ് മതവിശ്വാസങ്ങളുടെ ഉറവിടം.

പ്രാർത്ഥനകൊണ്ടും വഴിപാടുകൊണ്ടും പൂജകൊണ്ടും മന്ത്രവാദംകൊണ്ടും പ്രാകൃത മനുഷ്യൻ വിശ്വസിച്ചു. അങ്ങനെയാണ് മതവിശ്വാസങ്ങളാവിർഭവിച്ചത്.

അപ്പോൾ, ഭൗതിക സാഹചര്യങ്ങളിലാണ് മതത്തിന്റെ വേരുകൾ നിലനിൽക്കുന്നത്. അതുകൊണ്ട് ആ ഭൗതിക സാഹചര്യങ്ങളെ മാറ്റാൻവേണ്ടിയുള്ള സമരങ്ങൾക്കല്ലാതെ മതവിശ്വാസങ്ങളെ നശിപ്പിക്കാൻ കഴിയില്ല.

മുതലാളിത്ത രാജ്യങ്ങളിൽ മതവിശ്വാസങ്ങൾ നിലനിൽക്കുന്നതെന്തുകൊണ്ടാണെന്ന് ലെനിൻ വിവരിക്കുന്നു:

> "ആധുനിക മുതലാളിത്ത രാജ്യങ്ങളിൽ മതത്തിന്റെ അടിസ്ഥാനം പ്രധാനമായും സാമൂഹ്യമാണ്. അദ്ധ്വാനിക്കുന്ന ബഹുജനങ്ങളനുഭവിക്കുന്ന സാമൂഹ്യമർദനത്തിലും മുതലാളിത്തത്തിന്റെ അന്ധമായ ശക്തികളുടെ മുമ്പിൽ അവർക്കുണ്ടെന്നു തോന്നുന്ന പരിപൂർണമായ നിസഹായാവസ്ഥയിലുമാണ് ആധുനിക മതത്തിന്റെ വേരുകൾ ആണ്ടിറങ്ങി നില്ക്കുന്നത്. മുതലാളിത്തത്തിന്റെ ഈ അന്ധമായ ശക്തികൾ സാധാരണക്കാരായ ബഹുജനങ്ങൾക്ക് യുദ്ധം, ഭൂകമ്പം മുതലായവയിൽ നിന്നുണ്ടാവുന്നതിനേക്കാൾ ആയിരമിരട്ടി ഭീകരമായ മർദനവും കഷ്ടപ്പാടുമാണ് ദിവസംതോറും, മണിക്കൂറുതോറും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ' ഭയമാണ് ദൈവങ്ങളെ സൃഷ്ടിച്ചത്. ' മുതലാളിത്തത്തിന്റെ അന്ധമായ ശക്തികളെക്കുറിച്ചുള്ള ഭയം—അവയുടെ പ്രവർത്തനങ്ങളെ ജനങ്ങൾക്കു മുൻകൂട്ടി കാണാൻ കഴിയാത്തതുകൊണ്ടാണ് അവ അന്ധമാണെന്ന് പറയുന്നത്—ഈ ശക്തികൾ തൊഴിലാളികൾക്കും ചെറുകിട കച്ചവടക്കാർക്കും അവരുടെ ജീവിതത്തിലെ ഓരോ കാൽവെപ്പിലും ' പെട്ടെന്നുള്ള ', 'അപ്രതീക്ഷിതമായ ',' യാദൃച്ഛികമായ ', നാശനഷ്ടങ്ങളുണ്ടാക്കിത്തീർക്കുന്നു. ഫലമോ? പിച്ചതെണ്ടൽ, പാപ്പരത്തം, വ്യഭിചാരം, പട്ടിണിമരണങ്ങൾ—ഇതാണ് ആധുനികമതത്തിന്റെ അടിസ്ഥാനവേര്."

വർഗസമരങ്ങൾ മൂർച്ഛിക്കാൻ തുടങ്ങുമ്പോൾ മർദനങ്ങൾക്ക് ഊക്കുകൂടുമ്പോൾ, മതവിശ്വാസങ്ങൾക്ക് പ്രത്യേകമായ ഒരാവിശ്യം നേരിടുന്നു. മർദകവർഗക്കാരുടെ ചവിട്ടും കുത്തുമേറ്റ് നരകിക്കുന്ന മർദിതവർഗക്കാരുടെ നിസഹായതാബോധത്തിന് ഒരുന്നുവടിയാവശ്യമായിത്തീർന്നു. ജീവിതം ദുസ്സഹമാണ് ; ദുരിതമയവുമാണ്. മരണത്തിനുശേഷമെങ്കിലും ഈ ദുരിതങ്ങൾ അവസാനിച്ചുവെങ്കിൽ! ഈ ജന്മത്തിനുശേഷമെങ്കിലും സുഖസമ്പൂർണ്ണമായ ഒരു ജീവിതം കൈവന്നുവെങ്കിൽ!

മാർക്സ് എഴുതുകയുണ്ടായി:

> "മതം കഷ്ടപ്പെടുന്നവന്റെ ദീർഘനിശ്വാസമാണ് ; ഹൃദയഹീനമായ ലോകത്തിന്റെ ഹൃദയമാണ് ; ആത്മാവില്ലാത്ത ഭൗതിക പരിസ്ഥിതിയുടെ ആത്മാവാണ്; ജനങ്ങളുടെ അവീനാണത്."

കഷ്ടപ്പെടുന്ന മനുഷ്യന്റെ നിസാഹയതയ്ക്ക് മാധുര്യം ചേർക്കാനാണ് മതവിശ്വാസങ്ങൾ ഉപയോഗിക്കപ്പെടുന്നത്. മർദകവർഗക്കാരുടെ കയ്യിൽ മതം സാധാരണക്കാരായ ജനങ്ങളെ ചൂഷണം ചെയ്യാനും ആത്മീയമായി കീഴടക്കാനുമുള്ള ഒരായുധമായിത്തീർന്നു. ഭൂരിപക്ഷക്കാരായ ജനങ്ങളെ ചൂഷണം ചെയ്തും കൊള്ളയടിച്ചും സുഖഭോഗങ്ങളിൽക്കിടന്നു കൂത്താടുന്ന മർദകവർഗക്കാർ—അവർ ക്രിസ്തുവിന്റെ അനുയായികളായാലും ശരി, മുഹമ്മദിന്റെ അനുയായികളായാലും ശരി—പാവങ്ങളെ സമാശ്വസിപ്പിക്കുന്നു: പാപം ചെയ്തതുകൊണ്ടാണ് നിങ്ങൾ ദുരിതം അനുഭവിക്കുന്നത്. അതുകൊണ്ട് പാപം ചെയ്യാതിരിക്കുക—എന്നുവെച്ചാൽ ഞങ്ങളെ അനുസരിക്കുക, നിങ്ങളുടെ ചോരകുടിക്കാൻ ഞങ്ങളെ അനുവദിക്കുക!

സാമ്പത്തികമായ അടിമത്തത്തിലും കഷ്ടപാടിലും കിടന്നു ഞരങ്ങുന്ന മർദിതവർഗക്കാരെ നോക്കി, ബൈബിളും ഖുറാനും ഭഗവത്ഗീതയും ഉയർത്തിപ്പിടിച്ചുകൊണ്ട് പിന്തിരിപ്പന്മാരായ പുരോഹിതൻമാർ ഉപദേശങ്ങൾ പാസാക്കുന്നു: "മർദകവർഗക്കാർക്കെതിരായി പടവെട്ടുന്നത് പാവമാണ്. ശാന്തരായി എല്ലാം സഹിക്കുക. മരണത്തിനുശേഷം നിങ്ങൾക്ക് സ്വർഗത്തിലെത്താം!"

ബുദ്ധൻ, ക്രിസ്തു, മുഹമ്മദ് തുടങ്ങിയ മതപ്രവാചകന്മാർ ചരിത്രത്തിൽ പുരോഗമനപരമായ ചില പങ്കുകൾ വഹിച്ചിട്ടുണ്ടെന്നുള്ളതു ശരിയാണ്. പ്രാചീനകാലത്തും മദ്ധ്യയുഗത്തിലുമുണ്ടായ ചില സാർവ്വത്രികങ്ങളായ സാമൂഹ്യ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകാൻ അവർക്കു സാധിച്ചിട്ടുണ്ട്. പക്ഷേ, വർഗസങ്കലിതമായ സമുദായത്തിൽ മതപ്രവാചകന്മാരുടെ പേരുകൾ പോലും സ്ഥാപിതതാൽപര്യങ്ങളെ നിലനിർത്താൻ വേണ്ടിയാണ് ഉപയോഗിക്കപ്പെട്ടുപോന്നിട്ടുള്ളത്.

ജനങ്ങളുടെ പ്രക്ഷോഭങ്ങൾ ശക്തിപ്പെടുമ്പോൾ, തൊഴിലാളികളും കൃഷിക്കാരും സംഘടിച്ചുമുന്നേറുമ്പോൾ, മർദകരുടെ സാമൂഹ്യവ്യവസ്ഥ തകരാൻ തുടങ്ങുമ്പോൾ, മതവിശ്വാസങ്ങൾക്ക് മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത പ്രാധാന്യം ലഭിക്കുന്നു. പിശാചിനെ കുഴപ്പം പിടികൂടുമ്പോൾ അത് ദൈവത്തെ കൂട്ടുപിടിക്കുന്നു. ഹിന്ദു പിന്തിരിപ്പനും മുസ്ളീം പിന്തിരിപ്പനും കൃസ്ത്യൻ പിന്തിരിപ്പനും മറ്റെല്ലാപിന്തിരിപ്പന്മാരും തങ്ങളുടെ ഭൗതികങ്ങളായ സ്ഥാപിത താൽപര്യങ്ങളെ കാത്തുരക്ഷിക്കാൻ വേണ്ടി, തങ്ങളുടെ പാട്ടങ്ങളും ലാഭങ്ങളും ബാങ്ക് അക്കൗണ്ടുകളും കൈവിട്ടുപോകാതിരിക്കാൻ വേണ്ടി, മതവിശ്വാസങ്ങളെ പൊക്കിപ്പിടിക്കുന്നു. മതത്തിന്റെ പട്ടുടുപ്പണിയിച്ചുകൊണ്ട് തങ്ങളുടെ ചൂഷണവ്യവസ്ഥയെ അവർ നിലനിർത്താൻ ശ്രമിക്കുന്നു. മുതലാളിത്തത്തിന്റെയും ജന്മിത്തത്തിന്റെയും ഭൗതികതാൽപര്യങ്ങളെ രക്ഷിക്കാൻ വേണ്ടി, മർദനവും ചൂഷണവും നിലനിർത്താൻ വേണ്ടി, യുദ്ധത്തേയും ഫാസിസത്തേയും സഹായിക്കാൻ വേണ്ടി, കൂട്ടക്കൊലകളെയും ചോരപ്പുഴകളെയും ന്യായീകരിക്കാൻ വേണ്ടി, ചുരുക്കത്തിൽ, മനുഷ്യത്വത്തെ ചവുട്ടിത്തേയ്ക്കാൻ വേണ്ടി, അവർ മതത്തിന്റെ സഹായം തേടുന്നു.

പിന്തിരിപ്പൻ സ്ഥാപിതതാൽപര്യക്കാരുടെ ഈ ഗൂഢാലോചനയെ തുറന്നുകാണിക്കാതെ, അവരുടെ ചൂഷണവ്യവസ്ഥയെ ആവരണം ചെയ്യുന്ന പട്ടുടുപ്പുകൾ പിച്ചിച്ചീന്താതെ, മതവിശ്വാസങ്ങളുടെ പിന്നിലുള്ള ഭൗതികയാഥാർത്ഥ്യങ്ങളെ വെളിപ്പെടുത്താതെ, ജനങ്ങൾക്ക് തങ്ങളുടെ ജീവിതസമരങ്ങളെ മുന്നോട്ടു നയിക്കാൻ കഴിയില്ല.

അപ്പോൾ മാർക്സിസം ഭൗതികവാദത്തിലാണോ വിശ്വസിക്കുന്നത്? അതേ തീർച്ചയായും. അതേ മാർക്സിസത്തിന്റെ അവിഭാജ്യഘടകമാണ് ഭൗതികവാദം.

## 2 ആത്മീയവാദവും ഭൗതികവാദവും

ഭൗതികവാദമെന്നു വെച്ചാൽ തോന്നിയതെന്തും കാണിക്കലാണ്, വയറിനുവേണ്ടി മാത്രം ജീവിക്കലാണ്, എല്ലാ സദാചാരങ്ങളേയും എതിർക്കലാണ്, എന്നും മറ്റും പറയുന്നവരെ കണക്കിനു കളിയാക്കിക്കൊണ്ട് എംഗൽസ് എഴുതുകയുണ്ടായി:

> "ഭൗതികവാദം എന്ന പദംകൊണ്ട് പണ്ഡിതമൂഢൻ മനസ്സിലാക്കുന്നത് കള്ളുകുടി, കണ്ണിന്റെയും മാംസത്തിന്റെയും സുഖഭോഗം, താന്തോന്നിത്തം, കാമാസക്തി, പിശുക്ക്, ലാഭേച്ഛ, സ്റ്റോക്ക് എക്സ്ചേഞ്ചിലെ ചൂതാട്ടം മുതലായവയാണ്—ചുരുക്കത്തിൽ, സ്വകാര്യ ജീവിതത്തിൽ അയാൾ ചെയ്യുന്ന എല്ലാ ചെറ്റത്തരങ്ങളും. ആത്മീയവാദം എന്ന പദം കൊണ്ട് അയാൾ മനസിലാക്കുന്നത് നന്മയിലുള്ള

> വിശ്വാസം, സാർവ്വത്രികമായ ആർത്തത്രാണപരായണത്വം മുതലായവയാണ് അയാൾ മറ്റുള്ളവരുടെ മുമ്പിൽ ബഡായി പറയാൻ മാത്രമുപയോഗിക്കുന്ന ആ ‘നല്ല ലോകമാണ്.”

മാർക്സിസ്റ്റുകാർ ഭൗതികവാദമെന്ന വാക്കുപയോഗിക്കുന്നത് ഒരു പ്രത്യേകമായ അർത്ഥത്തിലാണ്. അതൊരു സദാചാര പ്രശ്നമല്ല. പ്രകൃതിയേയും, സമുദായത്തേയും, മനുഷ്യജീവിതത്തെയും പരിശോധിക്കുന്ന രീതിയാണിത്.

മനുഷ്യന് തന്റെ സ്വന്തം ഭാവിയെ നിർണയിക്കാൻ കഴിയുമെന്ന് ചിലർ വിശ്വസിക്കുമ്പോൾ, മറ്റുചിലർ അന്ധമായ വിധിയുടെ അടിമമാത്രമാണു മനുഷ്യൻ എന്നു വിചാരിക്കുന്നു. രണ്ടു വ്യത്യസ്തങ്ങളായ വീക്ഷണരീതികളാണിവ.

മഴ പെയ്യാത്തതുകൊണ്ടാണ് ഭക്ഷണക്ഷാമമുണ്ടായതെന്നും മഴയുണ്ടാവണമെങ്കിൽ ജനങ്ങൾ ദൈവത്തോടു പ്രാർത്ഥിക്കണമെന്നും മദിരാശി സംസ്ഥാനത്തിലെ മുഖ്യമന്ത്രിയായിരുന്ന രാജഗോപാലാചാരി പ്രസംഗിക്കയുണ്ടായി. അതൊരു വീക്ഷണ രീതിയാണ്. മഴയുണ്ടാകുന്നത് ചില ഭൗതിക നിയമങ്ങളനുസരിച്ചാണെന്നും ആ നിയമങ്ങളെ ഉപയോഗിച്ചുകൊണ്ട് മഴയില്ലാത്തിടത്ത് മഴയുണ്ടാക്കാനുള്ള കഴിവ് മനുഷ്യനുണ്ടെന്നും കമ്മ്യൂണിസ്റ്റുകാർ പറയുന്നു. അതു മറ്റൊരു വീക്ഷണരീതിയാണ്.

1934-ൽ ബീഹാറിലുണ്ടായ ഭൂകമ്പത്തെപ്പറ്റി ഗാന്ധിയും മഹാകവി ടാഗോറും പരസ്പര വിരുദ്ധങ്ങളായ രണ്ടഭിപ്രായങ്ങളാണ് പ്രകടിപ്പിച്ചത്. സവർണർ അയിത്തമാചരിച്ചതിന് ദൈവം നൽകിയ ശിക്ഷയാണ് ഭൂകമ്പമെന്ന് ഗാന്ധിജി; ഗാന്ധിജിയുടെ അഭിപ്രായം തെറ്റാണെന്നും ഭൂകമ്പമുണ്ടായത് ഭൂഗർഭ ശാസ്ത്രസംബന്ധമായ ചില ഭൗതികനിയമങ്ങളനുസരിച്ചാണെന്നും മഹാകവി ടാഗോർ; അതിനു മറുപടിയായി, മരത്തിന്മേലുള്ള ഇലകൾ ഇളകുന്നതുപോലും ദൈവത്തിന്റെ കൽപനയനുസരിച്ചാണെന്ന് ഗാന്ധിജി പ്രസ്താവിച്ചു. രണ്ടു വീക്ഷണരീതികൾ തമ്മിലുള്ള സംഘട്ടനമാണ് നമ്മളിവിടെ കാണുന്നത്.

ശങ്കരാചാര്യരുടെ അഭിപ്രായത്തിൽ നിരാകാരവും നിർഗുണവുമായ ബ്രഹ്മമാണ് പരമസത്യം. ‘ബ്രഹ്മം സത്യം; ഞാനാണ് ബ്രഹ്മം; ലോകം മിത്ഥ്യ.’ ഇരുട്ടിൽ കയർ കഷണത്തെ പാമ്പെന്നു തെറ്റിദ്ധരിക്കുന്നതുപോലെ അജ്ഞാനിയായ മനുഷ്യൻ ലോകത്തെ സത്യമെന്നു തെറ്റിദ്ധരിക്കുന്നുവെന്നാണ് ശങ്കരാചാര്യരുടെ വാദം. ചാർവ്വാകൻ നേരെമറിച്ച് ദൃശ്യപ്രപഞ്ചം മാത്രമാണ് യഥാർത്ഥ സത്യമെന്നു വാദിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പരലോകമില്ല, ദൈവമില്ല, ആത്മാവില്ല, ദൃശ്യപ്രപഞ്ചമല്ലാതെ മറ്റൊരു പരമസത്യമുണ്ടെന്നവാദം വെറും ചപ്പടാച്ചിമാത്രം.

പ്രപഞ്ചത്തെപ്പറ്റിയുള്ള രണ്ടു വീക്ഷണഗതികളാണിവ.

ഭൗതിക പദാർത്ഥവും മാനസിക പ്രവർത്തനങ്ങളും രണ്ടും യാഥാർത്ഥ്യങ്ങളാണെന്നു മനസിലാക്കുന്നവരുടെയിടയിൽ തന്നെ അഭിപ്രായ വ്യത്യാസങ്ങളുണ്ട്. ഏതിനാണ് പ്രാധാന്യം? പദാർത്ഥമോ ചിന്തയോ ആദ്യമുണ്ടായത്? പ്രകൃതിയുടെയും സമുദായത്തിന്റെയും വളർച്ചയോ, അതോ, ചിന്തയുടെ വികാസമോ, ഇതിലേതാണ് നിർണായകമായ പങ്കുവഹിക്കുന്നത്? ഇതിലേതാണ് മൂലകാരണം? പ്രാചീന കാലം മുതൽക്കേ മഹാന്മാരായ പല തത്വശാസ്ത്രജ്ഞന്മാരും രണ്ടു ചേരികളായി പിരിഞ്ഞുനിന്ന് ഈ ചോദ്യത്തിനു മറുപടി പറയാൻ ശ്രമിച്ചുപോന്നിട്ടുണ്ട്.

എംഗൽസ് എഴുതുന്നു:

> "ചിന്തയും ഭൗതികയാഥാർത്ഥ്യവും തമ്മിൽ, ആത്മാവും പ്രകൃതിയും തമ്മിൽ ഉള്ള ബന്ധമാണ് തത്വശാസ്ത്രത്തിലെ മുഖ്യമായ പ്രശ്നം. ഈ പ്രശ്നത്തിനു തത്വജ്ഞാനികൾ നൽകിയ മറുപടികൾ അവരെ രണ്ടു ചേരികളിലാക്കി തിരിച്ചിരിക്കുന്നു. ആത്മാവാണ് പ്രകൃതിയുടെ മൂലകാരണമെന്നു വാദിക്കുന്നവർ ആത്മീയവാദത്തിന്റെയും പ്രകൃതിയാണ് മൂലകാരണമെന്നു വാദിക്കുന്നവർ നാനാവിഭാഗത്തിലുംപെട്ട ഭൗതികവാദത്തിന്റെയും ചേരിയിലുൾപ്പെടുന്നു."

മനുഷ്യന്റെ ബോധവും ചിന്താശക്തിയും വളരുന്നതിന്നനുസരിച്ചാണ് പ്രകൃതിയും സാമൂഹ്യജീവിതവും അഭിവൃദ്ധിപ്പെടുന്നതെന്ന് ആത്മീയവാദികൾ ശഠിക്കുന്നു.

നേരെമറിച്ച്, പ്രകൃതിയും സാമൂഹ്യജീവിതവും വികാസം പ്രാപിക്കുന്നതിന്നനുസരിച്ചാണ് മനുഷ്യന്റെ ബോധം വികസിക്കുന്നതെന്ന് ഭൗതികവാദം പറയുന്നു.

മാർക്സിസം ഭൗതികവാദത്തിന്റെ ഭാഗത്താണ് നിലയുറപ്പിച്ചിട്ടുള്ളത്. ചിന്തയുടെയും ബോധത്തിന്റെയും വളർച്ചയുടെയും അടിസ്ഥാനം ഭൗതിക പരിതഃസ്ഥിതികളുടെ വികാസവും വളർച്ചയുമാണെന്നു മാർക്സിസം സിദ്ധാന്തിക്കുന്നു.

ശാസ്ത്രം മാർക്സിസത്തിന്റെ ഭാഗത്താണ്.

മനുഷ്യനോ മറ്റു ജീവജാലങ്ങളോ ആവിർഭവിക്കുന്നതിന് എത്രയോ മുമ്പുതന്നെ ഭൂമി എന്ന ഭൗതിക വസ്തു നിലവിലുണ്ടായിരുന്നു. ആദ്യമായി ഭൂമുഖത്താവിർഭവിച്ച ജീവജാലങ്ങൾക്ക് ചിന്തയും പ്രജ്ഞയുമുണ്ടായിരുന്നില്ല. പിന്നീട് പരിഷ്കരിച്ച അവയവഘടനകളും രൂപങ്ങളുമുള്ള വ്യത്യസ്ത ജന്തുക്കൾ ഉണ്ടായിത്തുടങ്ങിയപ്പോൾ ഭൗതിക ജീവിതത്തിന്റെ നിലനിൽപിന് ബോധവും മറ്റു മാനസിക പ്രവർത്തനങ്ങളും ആവശ്യമായിത്തീർന്നു. അവയവങ്ങളുടെയും നാഡീപടലങ്ങളുടെയും വികാസത്തിന്റെ ഫലമായിട്ടാണ് ചിന്തയും പ്രജ്ഞയും വളർന്നുവന്നത്.

മനുഷ്യന്റെ പൂർവികനായ കുരങ്ങുമനുഷ്യൻ പിൻകാലുകളിന്മേൽ നിവർന്നു നിൽക്കാൻ പഠിച്ചില്ലായിരുന്നുവെങ്കിൽ അതിന്റെ പിൻഗാമിയായ മനുഷ്യനു ശ്വാസനാളവും ശ്വാസകോശങ്ങളുമുപയോഗിച്ചു സംസാരിക്കാനുള്ള കഴിവു നേടാൻ സാധിക്കുമായിരുന്നില്ല. നാലു കാലിന്മേൽ നടക്കുന്ന മൃഗത്തിനു സ്വന്തം ചുറ്റുപാടുകളെ സ്വതന്ത്രമായി നോക്കിക്കാണാനും അങ്ങനെ പുതിയ അറിവുകളും ആശയങ്ങളും സമ്പാദിക്കുവാനും സാദ്ധ്യമല്ല. ശാരീരികമായി അതിന്റെ പിന്നോക്ക നില ചിന്തയുടെയും ബോധത്തിന്റെയും വളർച്ചയ്ക്കു തടസമായി നിൽക്കുന്നു. മനുഷ്യന്റെ ബോധശക്തിയുടെ വളർച്ചയ്ക്കു ഒരു പ്രത്യേകതരം ശാരീരിക ഘടനയും നാഡീപടലങ്ങളുടെ വളർച്ചയും അത്യന്താപേക്ഷിതമാണ്. മറ്റൊരുവിധം പറഞ്ഞാൽ, ദൈവികവും ഭൗതികവുമായ പരിത:സ്ഥിതികളുടെ പുരോഗതിയാണ് ചിന്തയുടെ വളർച്ചയ്ക്കു വഴി തെളിയിച്ചത്.

ഏംഗൽസ് ചൂണ്ടിക്കാണിക്കുന്നതുപോലെ, ബോധവും ചിന്തയും മനുഷ്യന്റെ തലച്ചോറിന്റെ ഉൽപന്നങ്ങളാണ്. ഭൗതികമായ ദൃശ്യപ്രപഞ്ചം മാത്രമാണ് യഥാർത്ഥമായിട്ടുള്ളത്. നമ്മൾതന്നെയും ആ ദൃശ്യപ്രപഞ്ചത്തിന്റെ ഭാഗങ്ങളാണ്, നമ്മുടെ ബോധവും നമ്മുടെ ചിന്തയും മസ്തിഷ്കമെന്ന ഭൗതികവസ്തു നിലനിൽക്കുന്നുവെന്നുള്ള തെളിവുമാത്രമാണ്. ഭൗതികപദാർത്ഥം മനസ്സിന്റെ സൃഷ്ടിയാണെന്ന വാദത്തോട് മാർക്സിസം ഒരിക്കലും യോജിക്കുന്നില്ല. നേരെമറിച്ച് മനസ് ഭൗതികപദാർത്ഥത്തിന്റെ ഏറ്റവും ഉയർന്ന സൃഷ്ടിയാണെന്ന് അതുറപ്പിച്ചു പറയുന്നു.

ഭൗതികമായ പരിണാമങ്ങളാണ് പ്രകൃതിയുടേയും മനുഷ്യസമുദായത്തിന്റെയും വളർച്ചയ്ക്കടിസ്ഥാനം. ആശയപരമായ പരിണാമങ്ങളാകട്ടെ, ഭൗതിക പരിണാമങ്ങളെ ആശ്രയിച്ചാണ് സംഭവിക്കുന്നത്. വ്യത്യസ്തകാലഘട്ടങ്ങളിലും വ്യത്യസ്ത

പരിതഃസ്ഥിതികളിലും വ്യത്യസ്തങ്ങളായ ആശയങ്ങൾ പ്രചരിപ്പിച്ചുവരുന്നതിന്റെ അടിസ്ഥാനകാരണമിതാണ്.

സ്റ്റാലിൻ പറയുന്നു:

> "പുതിയ ആശയങ്ങളും സിദ്ധാന്തങ്ങളും ഉളവാകുന്നത് സമുദായത്തിന് അവ ആവശ്യമായി വന്നതിനാലാണ്; അവയുടെ സഹായത്തോടുകൂടി സമുദായത്തെ സംഘടിപ്പിക്കുകയും അണിനിരത്തുകയും മാറ്റി മറിക്കുകയും ചെയ്യാതെ ഭൗതിക ജീവിതത്തിന്റെ വളർച്ചയ്ക്കാവശ്യമായ അടിയന്തിരകടമകൾ നിർവഹിക്കാൻ കഴിയാതെ വരുന്നുവെന്നതുകൊണ്ടാണ്."

ഇങ്ങനെ പ്രകൃതിയെപ്പറ്റിയും സമുദായത്തെപ്പറ്റിയുമുള്ള ശാസ്ത്രീയവും ഭൗതികവുമായ ഒരു വിശകലനമാണ് മാർക്സിസം നൽകുന്നത്. ഏംഗൽസ് പറഞ്ഞതുപോലെ, "പ്രകൃതി സ്വതവേ എങ്ങനെയാണോ അങ്ങനെതന്നെ അതിനെ യാതൊരു കലവറയും കൂടാതെ കാണുകയെന്നതാണ് പ്രപഞ്ചത്തെക്കുറിച്ചുള്ള ഭൗതികവീക്ഷണ രീതി."

പ്രകൃതിയുടെ വിവിധങ്ങളും സങ്കീർണങ്ങളുമായ എല്ലാ പ്രതിഭാസങ്ങളും, മൂലപദാർത്ഥം മുതൽ നക്ഷത്രമണ്ഡലംവരെ, ജീവനുള്ള പദാർത്ഥങ്ങളുടെ പ്രാഥമികരൂപം മുതൽ മനുഷ്യനും മനുഷ്യന്റെ ബുദ്ധിശക്തിയും വരെ, എല്ലാംതന്നെ ഭൗതികമാണെന്ന് ആധുനികശാസ്ത്രം തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. ഭൗതികവസ്തുക്കളുടെ രൂപങ്ങളും സ്വഭാവങ്ങളും വ്യത്യസ്തമാണ്. പക്ഷേ, അവയ്ക്ക് മനുഷ്യന്റെ ബോധത്തിൽ നിന്ന് സ്വതന്ത്രമായ, യഥാർത്ഥവും വസ്തുനിഷ്ഠവുമായ, നിലനിൽപ്പുണ്ടെന്നുള്ളതാണ് കാര്യം.

ലെനിൻ പറയുന്നു:

> "നമ്മുടെ ബോധത്തിൽ നിന്നും ഇന്ദ്രിയ വ്യാപാരത്തിൽ നിന്നും അനുഭവത്തിൽ നിന്നും വേറിട്ടുനിൽക്കുന്ന ബാഹ്യയാഥാർത്ഥ്യത്തെ (വസ്തുവിനെ) അംഗീകരിക്കുകയാണ് ഭൗതികവാദം പൊതുവേ ചെയ്യുന്നത്. ബോധം എന്നുവെച്ചാൽ ഭൗതികയാഥാർത്ഥ്യത്തിന്റെ മിക്കവാറും ശരിയായ ഒരു പ്രതിബിംബം മാത്രമാണ്."

ഭൗതികവാദമെന്നുവെച്ചാൽ ജീവിതത്തെയും മനസിനെയും ജീവനില്ലാത്ത യന്ത്രങ്ങളാക്കി വ്യാഖ്യാനിക്കലല്ല. ജീവിതം യന്ത്രമല്ല, ഏതാനും രാസപദാർത്ഥങ്ങളുടെ വെറുമൊരു സങ്കലനമല്ല. ജീവനില്ലാത്ത പദാർത്ഥങ്ങളിൽ നിന്ന് ജീവനുള്ള പദാർത്ഥങ്ങളിലേക്കും ചിന്തിക്കാത്ത പദാർത്ഥങ്ങളിൽനിന്നു ചിന്തിക്കുന്ന പദാർത്ഥങ്ങളിലേക്കുമുള്ള പരിണാമം ഭൗതികവാദത്തിന്റെ അവിഭാജ്യഘടകമാണ്. മുട്ടയിൽ നിന്ന് പുറത്തുവരുന്ന കോഴിക്കുഞ്ഞിനെ നോക്കു. മുട്ടയ്ക്കില്ലാത്ത പല ഗുണവിശേഷങ്ങളും അതിനുണ്ട്. പ്രകൃതിയുടെ മറ്റെല്ലാ പ്രതിഭാസങ്ങൾക്കും ഇതു ബാധകമാണ്. പദാർത്ഥത്തിന്റെ പരിണാമത്തിനിടയിൽ ഒരു സവിശേഷഘട്ടമെത്തുമ്പോൾ തികച്ചും പുതുതായ ചില ഗുണവിശേഷങ്ങൾ ആവിർഭവിക്കുന്നു. ഭൗതികപദാർത്ഥത്തിന്റെ പരിണാമം മനുഷ്യനിലോളമെത്തുമ്പോൾ മാനസികവും സാൻമാർഗികവും ആത്മീയവുമായ ചില സവിശേഷഗുണങ്ങൾ പ്രത്യക്ഷപ്പെടുന്നു. മനുഷ്യൻ ചിന്തിക്കുന്നു, സ്നേഹിക്കുന്നു, സാഹിത്യകലാസാംസ്കാരിക പ്രവർത്തനങ്ങളിലേർപെടുന്നു. മനുഷ്യനു മനുഷ്യൻറേതായ സ്വഭാവവിശേഷങ്ങളുണ്ട്. ഒന്നുമാത്രം: ആ സ്വഭാവവിശേഷങ്ങൾ ദിവ്യവും സനാതനവുമായ ഏതോ ആത്മീയ

ശക്തിയിൽനിന്നു രൊക്കം കിട്ടിയവയല്ല. വളരെക്കാലത്തെ ചരിത്രപരമായ പരിണാമത്തിന്റെ ഫലമായിട്ടാണ് ജീവനില്ലാത്ത പദാർത്ഥങ്ങൾ ജീവനുള്ള പദാർത്ഥങ്ങളായി രൂപാന്തരപ്പെട്ടത്. നൂറ്റാണ്ടുകളുടെ വികാസചരിത്രത്തിലൂടെയാണ് ചിന്തിക്കാത്ത പദാർത്ഥം ചിന്തിക്കുന്ന പദാർത്ഥമായത്.

ഇതിൽനിന്ന് ഒരു കാര്യം വ്യക്തമാകുന്നു. ഭൗതികപദാർത്ഥം ഒരിക്കലും നിശ്ചലമായി നിൽക്കുന്നില്ല. അതു മാറുന്നു, വികസിക്കുന്നു, രൂപാന്തരപ്പെടുന്നു. പദാർത്ഥത്തിന്റെ അവിഭാജ്യമായ സ്വഭാവഗുണമാണ് ചലനം. ചലനമില്ലാത്ത പദാർത്ഥമില്ല.

ചലനമെന്നുവെച്ചാൽ ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്തേക്കുള്ള നീക്കം എന്നുമാത്രമല്ല അർത്ഥം. വിദ്യുച്ഛക്തി ചലനാത്മകമായ പദാർത്ഥത്തിന്റെ ഒരു രൂപമാണ്. ചലനത്തിന്റെ മറ്റൊരു രൂപമാണ് ജീവൻ. പദാർത്ഥത്തിന്റെ ചലനത്തിന്റെ ഏറ്റവും ഉയർന്ന രൂപമാണ് ചിന്ത.

ചുരുക്കിപ്പറഞ്ഞാൽ, മനുഷ്യന്റെ സങ്കൽപങ്ങളിൽനിന്നു സ്വതന്ത്രമായി, വസ്തുനിഷ്ഠമായി, നിലനിൽക്കുന്ന ഈ ഭൗതികപ്രപഞ്ചം—നമ്മുടെ ഭൂമിയും ലോകവും സകല ചരാചരങ്ങളും—ചലനാത്മകമായ പദാർത്ഥത്തിന്റെ പരിണാമക്രമത്തിൽനിന്നാണ് ആവിർഭവിച്ചത്. അപ്പോൾ, പ്രപഞ്ചം സ്വതവേ ഭൗതികമാണ്. പ്രപഞ്ചത്തിലുള്ള നാനാ പ്രതിഭാസങ്ങളും ചലനാത്മകമായ പദാർത്ഥത്തിന്റെ വിഭിന്ന രൂപങ്ങളാണ്. പദാർത്ഥത്തിന്റെ ചലനനിയമമനുസരിച്ച് വളർന്നുവരുന്ന പ്രപഞ്ചത്തിന്റെ പ്രതിഭാസങ്ങൾക്ക് സർവാന്തര്യാമിയായ ഒരു പരമാത്മാവിന്റെയോ സർവ്വശക്തനായ ദൈവത്തിന്റെയോ സഹായമാവശ്യമില്ല. ഇതു ശാസ്ത്രം തെളിയിച്ചുകഴിഞ്ഞിട്ടുള്ളതാണ്. ഈ ശാസ്ത്രീയജ്ഞാനമാണ് മാർക്സിസ്റ്റ് ഭൗതികവാദത്തിന്റെ കേന്ദ്രം.

ആത്മീയവാദം ശാസ്ത്രത്തെ നിഷേധിക്കുന്നു, യാഥാർത്ഥ്യങ്ങളെ നിഷേധിക്കുന്നു. മനുഷ്യന്റെ കഴിവുകളെയും അറിവിനെയും നിഷേധിച്ചുകൊണ്ട് പ്രകൃതിയേയും സമുദായത്തെയും മനസിലാക്കാൻ കഴിയില്ലെന്നു വാദിക്കുന്നു. അങ്ങനെ നിലവിലുള്ള ഭൗതിക സാഹചര്യങ്ങളെ മാറ്റാൻ സാധിക്കയില്ലെന്നുവിശ്വസിക്കുന്നു.

നിലവിലുള്ള സാമ്പത്തിക സാമൂഹ്യവ്യവസ്ഥയ്ക്കുള്ളിലടങ്ങിയ വൈരുദ്ധ്യംമൂലം സാമ്പത്തികതകർച്ചയും കെടുതികളും കുഴപ്പങ്ങളും മൂർച്ഛിക്കുമ്പോളെല്ലാം ആത്മീയവാദം തലപൊക്കാറുണ്ട്. എല്ലാം മായയാണെന്നും ഈശ്വരേച്ഛയാണെന്നുമുള്ള വാദത്തിന്റെ മറവിൽ നിന്നുകൊണ്ട് മർദ്ദകരും ചൂഷകരുമായ പിന്തിരിപ്പന്മാർ ജനങ്ങളെ മയക്കിയിടാൻ ശ്രമിക്കുന്നു; യാഥാർത്ഥ്യങ്ങളെ ചുഴിഞ്ഞുപരിശോധിച്ച് ജീവിതപ്രശ്നങ്ങൾക്കു ഫലപ്രദമായ പരിഹാരമാർഗം കാണുന്നതിൽനിന്നു ജനങ്ങളുടെ ശ്രദ്ധയെ വഴിതെറ്റിക്കുന്നു. ഇതാണ് ആത്മീയവാദത്തിന്റെ വിപത്ത്. ദുരിതങ്ങളിൽ നിന്നു വിമുക്തിനേടാൻ അത് ജനങ്ങളെ അനുവദിക്കുന്നില്ല. എല്ലാം മായയായതുകൊണ്ടും ഒന്നുമില്ലാത്തതുകൊണ്ടും മനുഷ്യന്റെ പരിശ്രമങ്ങളെല്ലാം വൃഥാവിലാണെന്നുപദേശിച്ചുകൊണ്ട് അത് മർദ്ദിതവർഗക്കാരുടെ പ്രക്ഷോഭങ്ങളുടെ ഓജസ് കെടുക്കുകയും അങ്ങനെ മർദ്ദകവർഗക്കാരുടെ ചൂഷണവ്യവസ്ഥയെ നിലനിർത്താൻ ശ്രമിക്കുകയും ചെയ്യുന്നു.

ഭൗതികവാദമാകട്ടെ, ഒന്നും മായയല്ലെന്നും എല്ലാം നിലനിൽക്കുന്നുവെന്നും പ്രഖ്യാപിക്കുന്നു; മണ്ണും മരങ്ങളും മൃഗങ്ങളും ചൂഷകരും ചൂഷിതരും തൊഴിലില്ലായ്മയും പിരിച്ചുവിടലും പിരിച്ചുവിടലിനെതിരായ പ്രക്ഷോഭങ്ങളും എല്ലാം യാഥാർത്ഥ്യങ്ങളാണെന്നു വാദിക്കുന്നു; മനുഷ്യനെ അഭിമുഖീകരിക്കുന്ന കുഴപ്പങ്ങളുടെ മൂലകാ

രണങ്ങളെ ചുഴിഞ്ഞു പരിശോധിക്കാനും ആ കാരണങ്ങളെ ഉന്മൂലനം ചെയ്ത് ജീവിതം സുഖസംപൂർണമാക്കുവാനും പഠിപ്പിക്കുന്നു. ചുരുക്കത്തിൽ, പ്രകൃതിയെയും സമുദായത്തെയും മാറ്റാനും മനുഷ്യത്വത്തെ ഉയർത്താനുമുള്ള തത്വശാസ്ത്രമാണ് ഭൗതികവാദം.

മാക്സിംഗോർക്കി എഴുതുകയുണ്ടായി:

> "എന്നെ സംബന്ധിച്ചിടത്തോളം, മനുഷ്യനിൽ നിന്നും അതീതമായ യാതൊരാശയവുമില്ല. എന്നെ സംബന്ധിച്ചിടത്തോളം, മനുഷ്യനാണ്, മനുഷ്യൻ മാത്രമാണ്, എല്ലാ പ്രകൃതി ശക്തികളുടേയും ഭാവി യജമാനൻ; മനുഷ്യൻ മാത്രമാണ് അത്ഭുതങ്ങളുടെ കർത്താവ്. ലോകത്തിലെ ഏറ്റവും സുന്ദരമായ വസ്തുക്കളെല്ലാം തന്നെ വൈദഗ്ദ്ധ്യമേറിയ മനുഷ്യഹസ്തങ്ങളുടെ അദ്ധ്വാനം കൊണ്ടുണ്ടാക്കപ്പെട്ടവയാണ്. അദ്ധ്വാനത്തിലൂടെയാണ് നമ്മുടെ ആശയങ്ങളെല്ലാം ജന്മമെടുത്തിട്ടുള്ളത്."

> "പരിപാവനങ്ങളായ കാര്യങ്ങളെക്കുറിച്ചാണ പറയുന്നതെങ്കിൽ, ലോകത്തിൽ വെച്ചേറ്റവും പരിപാവനമായ കാര്യം മനുഷ്യന് തന്നോടുതന്നെയുള്ള അതൃപ്തിയും കൂടുതൽ നന്നാവാൻവേണ്ടിയുള്ള അവന്റെ പരിശ്രമവുമാണ്. താൻതന്നെ സൃഷ്ടിച്ച എല്ലാത്തരം ഹീനതകളോടും അവനുള്ള വിദ്വേഷം പരിപാവനമാണ്; ദുര, അസൂയ, കൊലപാതകം, രോഗം, യുദ്ധം, മനുഷ്യർ തമ്മിൽ തമ്മിലുള്ള ശത്രുതകൾ-ഇവയെല്ലാം ഉന്മൂലനം ചെയ്യാനുള്ള അവന്റെ ആഗ്രഹം പരിപാവനമാണ്; സർവോപരി, അവന്റെ അദ്ധ്വാനം പരിപാവനമാണ്."

മാർക്സിസത്തിന്റെ ശബ്ദമാണിത്.

## 3 മാർക്സിസവും ആധുനിക ശാസ്ത്രവും

"മാർക്സിന്റെയും എംഗൽസിന്റെയും നിഗമനങ്ങൾ-വിപ്ലവത്തെപ്പറ്റിയും രാഷ്ട്രീയ മാറ്റത്തെപ്പറ്റിയുമുള്ള പ്രവചനങ്ങൾ-പൊളിഞ്ഞു പാളീസായിരിക്കുന്നു" വെന്നും, "ഇന്നത്തെ വർദ്ധിച്ച വിജ്ഞാനത്തിന്റെയും ശാസ്ത്രീയ കണ്ടുപിടിത്തങ്ങളുടെയും വെളിച്ചത്തിൽ മാർക്സിസം പുരോഗമനപരമായ ഒരു തത്വസംഹിതയാണെന്നു പറയാൻ സാദ്ധ്യമല്ലെന്നു മാത്രമല്ല, അശാസ്ത്രീയവും പിന്തിരിപ്പനുമായ ഒരു വെറും ഡോശമയാണെന്നു പറയാൻ കൂടി മടിക്കേണ്ടതില്ലെന്ന് തെളിയുന്നു." എന്നു കേരളത്തിലെ ഒരെഴുത്തുകാരനായ പി. കേശവദേവ് മലയാള രാജ്യത്തിന്റെ ഒരു വിശേഷാൽപ്രതിയിൽ എഴുതുകയുണ്ടായി.

കേശവദേവിന്റെ ധൈര്യം അപാരമാണ്! ഭാവിയെ മാത്രമല്ല വർത്തമാനകാലത്തെപ്പോലും ഒരു പേനത്തുമ്പുകൊണ്ടു നാമാവശേഷമാക്കാൻ അദ്ദേഹത്തിന് യാതൊരു കൂസലുമില്ല!

മാർക്സിസം ലോകത്തിന്റെ മനഃസാക്ഷിയെ പിടിച്ചു കുലുക്കാൻ തുടങ്ങിയിട്ട് ഒരു നൂറ്റാണ്ടേ ആയിട്ടുള്ളു. എങ്കിലും, ഈ ചുരുങ്ങിയ കാലത്തിനിടയ്ക്ക് അതു ലോകത്തിന്റെ മൂന്നിലൊരു ഭാഗത്ത് ചെങ്കോലുറപ്പിച്ചുകഴിഞ്ഞു. മറ്റു ഭാഗങ്ങളിൽ തന്നെ ദിവസം ചെല്ലുന്തോറും കൂടുതൽ കൂടുതൽ ജനങ്ങൾ മാർക്സിസത്തിലേക്കാകർഷിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. മാർക്സിസം അജയ്യമാണെന്ന യാഥാർത്ഥ്യം അധികമധികം പരന്നുപിടിച്ചുകൊണ്ടിരിക്കുകയാണ്. ആർക്കും നിഷേധിക്കാനാവാത്ത ഒരു ജീവനുള്ള യാഥാർത്ഥ്യമാണിത്. പക്ഷേ, കേശവദേവിന്റെ ദൃഷ്ടിയിൽ യാഥാർത്ഥ്യം നിലനിൽക്കുന്നില്ല. അതു പൊളിഞ്ഞു പാളീസായിരിക്കുന്നു! അതു വെറും മായയാണ്! കമ്മ്യൂണിസത്തിലേക്കു കുതിച്ചുകൊണ്ടിരിക്കുന്ന സോവിയറ്റ്

യൂണിയനും, സോഷ്യലിസം കെട്ടിപടുത്തുകൊണ്ടിരിക്കുന്ന ജനകീയ ജനാധിപത്യ രാജ്യങ്ങളും, ജനാധിപത്യ ചൈനയും, ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും അതിവേഗം പരന്നുപിടിച്ചുകൊണ്ടിരിക്കുന്ന മാർക്സിസ്റ്റാശയങ്ങളും എല്ലാം മിഥ്യയാണ്!

മാർക്സിസ്റ്റാചാര്യന്മാരുടെ നിർവചനമനുസരിച്ച് "മാർക്സിസം പ്രകൃതിയുടെയും സമുദായത്തിന്റെയും വികാസ നിയമങ്ങളുടെ ശാസ്ത്ര" മാണല്ലോ. പ്രകൃതിയുടെ പ്രത്യക്ഷരൂപങ്ങളുടെ അർത്ഥവും പ്രാധാന്യവും മനസിലാക്കാനും അവയെക്കുറിച്ചുള്ള തത്വങ്ങൾ രൂപവൽക്കരിക്കാനും അവയുടെ ഭൗതികത്വമാണ് അടിസ്ഥാനമായെടുക്കപ്പെടുന്നത്. മറ്റൊരുവിധം പറഞ്ഞാൽ, ഭൗതികപ്രപഞ്ചത്തിന്റെ അടിത്തറയിന്മേലാണ് മാർക്സിസത്തിന്റെ മണിമാളിക പൊന്തിവന്നിട്ടുള്ളത്. അടിത്തറ തകർന്നാൽ മണിമാളികയും തകരും. ഭൗതികപ്രപഞ്ചം തന്നെ മിഥ്യയാണെങ്കിൽ പിന്നെ മാർക്സിസം പൊളിഞ്ഞു പാളീസാകാതിരിക്കുമോ? അതുകൊണ്ട്, ഭൗതിക പ്രപഞ്ചവും അതിലടങ്ങിയ ഓരോ പരമാണുവും അപ്രത്യക്ഷമായിക്കഴിഞ്ഞിരിക്കുന്നുവെന്ന "ആധുനിക ശാസ്ത്ര" ത്തിന്റെ കണ്ടുപിടിത്തങ്ങളുയർത്തിപിടിച്ചുകൊണ്ടാണ് കേശവദേവ് മാർക്സിസത്തിന്റെ നേർക്കു യുദ്ധത്തിനു ചെല്ലുന്നത്. അദ്ദേഹം എഴുതുന്നു:

> "ശാസ്ത്രത്തിന്റെയും പൊതുവേ വിജ്ഞാനത്തിന്റെയും വർദ്ധനവോടുകൂടി അഥവാ, മനുഷ്യവിജ്ഞാനത്തിന്റെ സങ്കുചിതമായ പരിധിയെപ്പറ്റിയുള്ള അറിവുണ്ടായതോടുകൂടി മാർക്സിസ്റ്റ് പലകയിൽ പുഴക്കുത്തു വീണുകഴിഞ്ഞു. അതു ദ്രവിച്ചുതുടങ്ങിയിരിക്കുന്നു."

ഒരു ശാസ്ത്രജ്ഞന്റെ ഭാഷയിലാണ് അദ്ദേഹം സംസാരിക്കുന്നത്. "ഇരുപതാം നൂറ്റാണ്ടിലെ ശാസ്ത്രവും ചരിത്രവും മാർക്സിസത്തിന്റെ തീരുമാനങ്ങളെയും നിഗമനങ്ങളെയും അവഗണിച്ചുകൊണ്ടാണു മുന്നോട്ടു പോയത്" എന്നദ്ദേഹം പ്രഖ്യാപിക്കുന്നു. ഭൗതികശാസ്ത്രത്തിന്റെ കണ്ടുപിടിത്തങ്ങളിൽ നിന്ന് അദ്ദേഹം തെളിവുകൾ ഹാജരാക്കുന്നു;

> "ആറ്റമിന്റെ ഘടനയെപ്പറ്റിയും അതിനെ വിഘടിപ്പിക്കുന്നതിലുള്ള പ്രയാസങ്ങളെപ്പറ്റിയുമുള്ള കണ്ടുപിടിത്തങ്ങൾ ലോകഘടനയെ സംബന്ധിച്ച ധാരണയിൽതന്നെയും വമ്പിച്ച മാറ്റമുണ്ടാക്കിയിരിക്കുന്നു. വിഭിന്നങ്ങളായ മൂന്നുതരം അണുക്കളുടെ ഘടനയാണ് ഒരു ആറ്റം എന്ന് തെളിയിച്ചിട്ടുണ്ട്. അവ വിരുദ്ധ സ്വഭാവങ്ങളോടുകൂടിയവയാണെങ്കിലും അവ സംഘടിതമായിരിക്കുന്നുവെന്നും അവയുടെ വിഘടന ആപൽക്കരങ്ങളായ ഫലങ്ങളെ ഉളവാക്കുമെന്നുമാണ് സോദാഹരണം ശാസ്ത്രകാരന്മാർ തെളിയിക്കുന്നത്."

അതുകൊണ്ട് മാർക്സിസം പൊളിഞ്ഞു പാളീസായിരിക്കുന്നു!

20-ാം നൂറ്റാണ്ടിലെ പ്രബലന്മാരും പ്രഗത്ഭമതികളുമായ ചില ശാസ്ത്രജ്ഞന്മാരുടെ തണലിൽ നിന്നുകൊണ്ടാണ് ശ്രീ. കേശവദേവ് സംസാരിക്കുന്നത്. ജീൻസ്, എഡിങ്ങ്ടൺ, വൈറ്റ് ഹെഡ്, പ്ലാങ്ക്, ബർട്ടാൻഡ് റസൽ, കെ. ഭാസ്കരൻ നായർ എന്നിങ്ങനെ പല ശാസ്ത്രജ്ഞന്മാരും അദ്ദേഹത്തെ സഹായിക്കുന്നുണ്ട്. നമ്മുടെ കൺമുമ്പിലുള്ള ലോകം യഥാർത്ഥമല്ലെന്നും മനസിന് പുറത്ത് യാതൊരു യാഥാർത്ഥ്യവുമില്ലെന്നും ഭൗതിക പ്രപഞ്ചം തന്നെ മനസിന്റെ സങ്കൽപമല്ലാതെ മറ്റൊന്നും അല്ലെന്നും അവർ "തെളിയിച്ച്" കഴിഞ്ഞിരിക്കുന്നു. ഉദാഹരണത്തിന്, സർ ജെയിംസ് ജീൻസ് പറയുന്നു: "പ്രപഞ്ചം മഹത്തായ ഒരു ചിന്തയായി അധികമധികം പ്രത്യക്ഷപ്പെടാൻ തുടങ്ങിയിരിക്കുന്നു."

വൈറ്റ് ഹെഡ് പറയുന്നു:

> "പ്രകൃതി മുഷിപ്പനാണ്; അതിന് ശബ്ദമില്ല, മണമില്ല, നിറമില്ല."

എഡിങ്ങ്ടൺ പറയുന്നു:

> "ഈ കാണുന്നതൊന്നുമല്ല പരമാർത്ഥം. ഒരു ശാസ്ത്രജ്ഞനെന്ന നിലയിൽ എന്റെ മുമ്പിൽ കാണുന്ന മേശ നീണ്ടു ചതുരമായ ഒരു ഘനപദാർത്ഥമല്ലെന്ന് എനിക്ക് പറയേണ്ടിവന്നിരിക്കുന്നു. അത് അമേയ വേഗത്തിൽ അങ്ങോട്ടുമിങ്ങോട്ടും കുതിച്ചു ചാടുന്ന അനേകകോടി വിദ്യുൽക്കിരണങ്ങളുടെ സംഘാതമാണെന്നാണ് ശാസ്ത്രം തെളിയിച്ചിരിക്കുന്നത്."

ഈ അത്ഭുതകരമായ കണ്ടുപിടിത്തത്തെ വ്യാഖ്യാനിച്ചുകൊണ്ട് നമ്മുടെ കെ ഭാസ്കരൻ നായർ എഴുതുകയാണ്:

> "കരിങ്കല്ലിന്റെ പരമാർത്ഥമറിയാൻ അതിന്മേൽ തലയടിക്കുന്ന ദയനീയ പരീക്ഷണം ഈ ഘട്ടത്തിൽ സ്മരണീയമാണ്. പക്ഷേ, ഇരുപതാം നൂറ്റാണ്ടിലെ ശാസ്ത്രപ്രകാരം നാം ആഞ്ഞടിച്ചാലും കരിങ്കല്ലുമായി കൂട്ടിമുട്ടുകയില്ല. അങ്ങനെയിരിക്കെ സ്പർശേന്ദ്രിയത്തെ ഒരിക്കലും വിശ്വസിക്കാൻ നിവൃത്തിയില്ല. നമുക്ക് ഒരു മേശ കാണുന്നതിന്, പ്രകാശം അതിൽ നിന്ന് നമ്മുടെ കണ്ണുകളിൽ എത്തേണ്ടിയിരിക്കുന്നു. പ്രകാശത്തിന്റെ ഈ സഞ്ചാരത്തിന് സമയം ആവശ്യമുണ്ട്. ആ നിമിഷാംശത്തിന്റെ അവസാനത്തിലാണ് നമുക്ക് മേശയെപ്പറ്റിയുള്ള കാഴ്ചയുണ്ടാകുന്നത്. ആ സ്ഥിതിക്ക് നാം കാണുന്ന മേശ നമ്മുടെ തലയ്ക്കുള്ളിലല്ലേ ഇരിക്കുന്നതെന്ന് ബെർട്രാൻഡ് റസൽ ചോദിക്കുന്നു. നമുക്ക് എന്തിനെപ്പറ്റിയുള്ള ബോധവും ഇതുപോലെയുള്ളതാണ്. മേശയും മേഘവുമെല്ലാം വിദൂരമായ അനുമാനങ്ങളാകുന്നു. മനസിനു തന്നെപ്പറ്റിതന്നെയുള്ള ബോധത്തിന് മാത്രമേ ഈ വൈകല്യങ്ങൾ ഇല്ലാതെയുള്ളൂ. അതു സത്വരവും സാകല്യേന പൂർവകവുമായ അറിവാണ്. മറ്റുള്ളതെല്ലാം അതിനെ ആശ്രയിച്ചു നിൽക്കുന്നു." (ആധുനിക ശാസ്ത്രം പേജ് 3, 4)

പറഞ്ഞു പറഞ്ഞ് ഒടുവിൽ ഭൗതിക പ്രപഞ്ചം വാസ്തവത്തിൽ നിലനിൽക്കുന്നില്ലെന്നും സങ്കൽപങ്ങളും സംഭവ്യതകളും മാത്രമേ യഥാർത്ഥമായിട്ടുള്ളൂ എന്നുമുള്ള കണ്ടുപിടിത്തത്തിലാണ് അദ്ദേഹം എത്തിച്ചേരുന്നത്.

> "ഇങ്ങനെ ഭൗതിക ശാസ്ത്രത്തിന്റെ ഏറ്റവും നവീനമായ ഗവേഷണങ്ങളിൽ കരിങ്കല്ലും കാരിരുമ്പും എല്ലാം തരംഗങ്ങളായി അലിഞ്ഞു പോകുന്നു. ഈ തരംഗങ്ങളോ? സംഭവ്യതകളുടെ പരസ്പരബന്ധം മാത്രം!"

വളരെ സൂക്ഷിച്ചുവേണം ഈ ശാസ്ത്രകാരന്മാരോടു പെരുമാറുക. നമ്മളവരെ എന്തെങ്കിലും ചെയ്താൽ കൂടി അവർക്കൊരു ചുക്കുമില്ല. എഴുതാനുപയോഗിക്കുന്ന മേശ അവരുടെ തലയ്ക്കുള്ളിലാണിരിക്കുന്നതെന്നും കരിങ്കല്ലുകൊണ്ട് എത്ര ആഞ്ഞടിച്ചാലും അവരുടെ തല പൊട്ടില്ലെന്നുമല്ലേ പറയുന്നത്? അണു, പരമാണു മുതലായവ യഥാർത്ഥത്തിൽ ഭൗതിക വസ്തുക്കളല്ലെന്നും സങ്കൽപങ്ങളുടെ സൃഷ്ടിമാത്രമാണവയെന്നുമല്ലേ അവർ തെളിയിക്കുന്നത്?

തെറ്റിദ്ധാരണകൾക്കിടമില്ലാതിരിക്കാൻ വേണ്ടി ഒരു കാര്യം ഇവിടത്തന്നെ പറഞ്ഞുവെയ്ക്കട്ടെ, ആധുനികശാസ്ത്രം എന്നോ ഇരുപതാം നൂറ്റാണ്ടിന്റെ ശാസ്ത്രം എന്നോ മൊത്തത്തിൽ ഇതിനെ പേർ വിളിക്കുന്നത് ശരിയാവില്ല. എന്തുകൊണ്ടെന്നാൽ, ഭൗതികപദാർത്ഥം അന്തർദ്ധാനം ചെയ്തുവെന്നും മനസ്സും ചിന്തയും

മാത്രമേ യഥാർത്ഥത്തിൽ നിലനിൽക്കുന്നുള്ളുവെന്നും എല്ലാ ശാസ്ത്രജ്ഞന്മാരും ഏകകണ്ഠമായി അഭിപ്രായപ്പെടുന്നില്ല. ആധുനിക ശാസ്ത്രജ്ഞന്മാരിൽ ഒരു ചെറു ന്യൂനപക്ഷം മാത്രമേ അങ്ങനെ മർക്കടമുഷ്ടി പിടിക്കുന്നുള്ളു. അവർക്കെതിരായി, ഭൗതികപദാർത്ഥം മനസിൽ നിന്ന് സ്വതന്ത്രമായി, വസ്തുനിഷ്ഠമായി നിലനിൽക്കുന്ന യാഥാർത്ഥ്യമാണെന്നും ഭൗതിക പദാർത്ഥമില്ലെങ്കിൽ പിന്നെ അതിന്റെ അടിസ്ഥാനത്തിലുയർന്നുവന്ന ശാസ്ത്രവുമില്ലെന്നും ഉറപ്പിച്ചു പറയുന്ന അനേകം ശാസ്ത്രജ്ഞന്മാരുമുണ്ട്. ഒരു ഭാഗത്ത് ജീൻസും എഡിങ്ങ്ടണും റസലും ഭാസ്കരൻ നായരുമാണുള്ളതെങ്കിൽ മറുഭാഗത്ത് ജോലിയോ ക്യൂരിയും ജെ.ബി.എസ്. ഹാൾഡേനും ബെർണലും ലെവിയും മിച്ചുറിനും ലിസങ്കോവും മറ്റും മറ്റുമുണ്ട്.

പക്ഷേ, ഭൗതികശാസ്ത്രത്തിൽ നിന്ന് ആത്മീയവാദത്തിലേക്കു മുതലക്കുപ്പു കുത്തുന്ന ജീൻസും എഡിങ്ങ്ടണും മറ്റും ചില്ലറക്കാരൊന്നുമല്ല. വലിയ വലിയ ശാസ്ത്രജ്ഞന്മാരാണവർ. കണക്കുകളും കണ്ടുപിടിത്തങ്ങളും തെളിവുകളും നിഗമനങ്ങളും ഉയർത്തിപ്പിടിച്ചുകൊണ്ടാണ് അവർ ഭൗതിക പദാർത്ഥം മിഥ്യയാണെന്നു വാദിക്കുന്നത്.

19-ാം നൂറ്റാണ്ടിന്റെ അവസാനത്തിലും 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലുമുണ്ടായ പുതിയ ശാസ്ത്രീയ നിഗമനങ്ങളാണത്രേ ആത്മീയ വാദത്തിലേക്കു തിരിച്ചുപോകാൻ ഈ ശാസ്ത്രജ്ഞന്മാരെ പ്രേരിപ്പിച്ചത്. ഈ കാലഘട്ടത്തിൽ പല പുതിയ കണ്ടുപിടിത്തങ്ങളുമുണ്ടായി എന്നത് നേരാണ്. ഈ കണ്ടുപിടിത്തങ്ങളുടെ ഫലമായി ഭൗതികപദാർത്ഥത്തിന്റെ ഘടനയെപ്പറ്റിയുള്ള മനുഷ്യന്റെ ധാരണകളിലും മാറ്റമുണ്ടായിട്ടുണ്ട്. അതിനുമുമ്പ് ഭൗതികപദാർത്ഥത്തിന്റെ ഏറ്റവും സൂക്ഷ്മവും അവിഭാജ്യവുമായ കണികയാണ് പരമാണു എന്ന് കരുതപ്പെട്ടിരുന്നു. റേഡിയോ ആക്ടിവിറ്റി, ഇലക്ട്രോൺ സിദ്ധാന്തം എന്നിവയുടെ കണ്ടുപിടിത്തത്തോടുകൂടി ഈ വിശ്വാസത്തിന് ഉടവുതട്ടി. ആറ്റം അവിഭാജ്യമല്ലെന്നും അതിൽ പ്രോട്ടോൺ, ന്യൂട്രോൺ എന്നിങ്ങനെ രണ്ടു കണികകൾ അടങ്ങിയിട്ടുണ്ടെന്നും തെളിയിക്കപ്പെട്ടു. ഈ കണ്ടുപിടിത്തത്തെ ആത്മീയവാദത്തിലേക്കുള്ള ചവിട്ടുപടിയായിട്ടാണ് ചില ശാസ്ത്രജ്ഞന്മാർ ഉപയോഗിച്ചത്. ഭൗതികപദാർത്ഥത്തിന്റെ ഘടനയെപ്പറ്റിയുള്ള പഴയ ധാരണകളുടെ തകർച്ചയെ ഭൗതികപദാർത്ഥത്തിന്റെ തന്നെ തകർച്ചയായിട്ടാണവർ ചിത്രീകരിച്ചത്. ഭൗതികപദാർത്ഥം അപ്രത്യക്ഷമായി എന്നവർ കൊട്ടിഘോഷിക്കാൻ തുടങ്ങി. പക്ഷേ, അപ്രത്യക്ഷമായത് വാസ്തവത്തിൽ ഭൗതികപദാർത്ഥമല്ല, പദാർത്ഥത്തിന്റെ സ്വഭാവ ഗുണങ്ങളെപ്പറ്റിയുള്ള നമ്മുടെ ധാരണകൾ മാത്രമാണ്. പദാർത്ഥം മനുഷ്യ മനസ്സിൽ നിന്ന് സ്വതന്ത്രമായി, വസ്തുനിഷ്ഠമായി, നിലനിൽക്കുന്ന ഭൗതിക യാഥാർത്ഥ്യമാണെന്ന അടിസ്ഥാന തത്വം തകരുകയല്ല, പദാർത്ഥത്തെപ്പറ്റിയും പരമാണുവെപ്പറ്റിയും പഴയ ശാസ്ത്രജ്ഞന്മാർ നൽകിയ നിർവചനങ്ങൾ പലതും തെറ്റാണെന്നു തെളിയുക മാത്രമാണ് ചെയ്തത്.

ലെനിൻ പറയുന്നു:

> "പദാർത്ഥം അപ്രത്യക്ഷമായിരിക്കുന്നു എന്നു പറഞ്ഞാൽ, അതിനർത്ഥം പദാർത്ഥത്തെപ്പറ്റി നാമിന്നേവരെ അറിഞ്ഞുകൊണ്ടിരുന്ന ആ പരിധി അന്തർദ്ധാനം ചെയ്തിരിക്കുന്നുവെന്നാണ്; പദാർത്ഥത്തെക്കുറിച്ചുള്ള നമ്മുടെ അറിവ് കൂടുതൽ ആഴത്തിൽ ചുഴിഞ്ഞിറങ്ങാൻ തുടങ്ങിയിരിക്കുന്നുവെന്നതാണ്; അതായത് പദാർത്ഥത്തിനു കേവലവും മാറ്റമില്ലാത്തതും പ്രാഥമികവുമായ ചില ഗുണങ്ങളുണ്ടെന്ന് പണ്ടു നാം കരുതിയിരുന്നു. ആ ഗുണങ്ങൾ ഇന്ന് അപ്രത്യക്ഷമാകാൻ തുടങ്ങിയിട്ടുണ്ടെന്നും മറിച്ച് അവ ആപേക്ഷികം മാത്രമാണെന്നും ചില പ്രത്യേക ഘട്ടങ്ങളിൽ

മാത്രമേ അവ പദാർത്ഥത്തിന്റെ സവിശേഷഗുണങ്ങളായി നിലനിൽക്കുന്നുള്ളുവെന്നും തെളിഞ്ഞിരിക്കുന്നുവെന്നാണ്, തത്വശാസ്ത്രപരമായ ഭൗതികവാദമനുസരിച്ച് പദാർത്ഥത്തിനുള്ള ഒരേയൊരു ഗുണം അതു നമ്മുടെ മനസ്സിൽ നിന്നും സ്വതന്ത്രമായി വസ്തുനിഷ്ഠമായിത്തന്നെ നിലനിൽക്കുന്നുവെന്നത് മാത്രമാണ്....”

“ഈ പ്രശ്നം ഏറ്റവും സ്പഷ്ടമായ രീതിയിൽ പുറത്തുകൊണ്ടുവരാൻ ഒരൊറ്റ ചോദ്യം ചോദിച്ചാൽ മതി. ഇലക്ട്രോണുകൾ, ഈതർ തുടങ്ങിയ പദാർത്ഥങ്ങൾ മനുഷ്യമനസ്സിൽ നിന്നും സ്വതന്ത്രമായി, വസ്തുനിഷ്ഠമായ യാഥാർത്ഥ്യമെന്ന നിലയ്ക്ക്, നിലനിൽക്കുന്നുണ്ടോ? ഇല്ലയോ? ഈ ചോദ്യത്തിന് ശാസ്ത്രജ്ഞന്മാർ നിശങ്കം മറുപടി പറയണം. ഇതിന്നവർ ‘ഉവ്വ്’ എന്നു ശങ്കകൂടാതെ മറുപടി തരുന്നുമുണ്ട്. മനുഷ്യനും മറ്റെല്ലാ ജീവജാലങ്ങളുമുണ്ടാകുന്നതിനു മുമ്പുതന്നെ പ്രകൃതി നിലനിന്നിരുന്നുവെന്നും അവർ സമ്മതിക്കുന്നുണ്ട്. അപ്പോൾ ഈ പ്രശ്നത്തിനുള്ള മറുപടി ഭൗതികവാദത്തിനനുകൂലമാണ്.”

ആറ്റമിന്റെ ആഭ്യന്തര ഘടനയെ വിശകലനം ചെയ്തുകൊണ്ട് ഭൗതികപ്രപഞ്ചത്തിന്റെ നിഗൂഢതകളിലേക്കിറങ്ങി ചെല്ലാനും അങ്ങനെ പ്രകൃതിയെ കൂടുതൽ കീഴടക്കാനും മനുഷ്യന് കഴിവുണ്ടാക്കിക്കൊടുത്ത ഈ കണ്ടുപിടിത്തങ്ങൾ വാസ്തവത്തിൽ ശാസ്ത്രത്തിന്റെ വളർച്ചയെയാണ് കാണിക്കുന്നത്. വെള്ളം അഭിഭാജ്യമായ ഒരു ഭൗതികപദാർത്ഥമാണെന്ന് വിശ്വസിക്കപ്പെട്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. പിന്നീട് ശാസ്ത്രത്തിന്റെ വളർച്ചയോടുകൂടി അത് ഹൈഡ്രജൻ, ഓക്സിജൻ എന്നീ മൂലധാതുക്കളുടെ പരമാണുക്കളടങ്ങിയ ഒരു സംയുക്തമാണെന്ന് തെളിയിക്കപ്പെട്ടു. ഇപ്പോൾ വെള്ളത്തെ വിഘടിപ്പിച്ച് ഹൈഡ്രജനും ഓക്സിജനുമാക്കി മാറ്റാം. പക്ഷേ, ഇതിന്റെ അർത്ഥം ഭൗതികപദാർത്ഥം അപ്രത്യക്ഷമായെന്നല്ല; പദാർത്ഥത്തിന്റെ രൂപം മാറിയെന്നുമാത്രമാണ്. ഓക്സിജനും ഹൈഡ്രജനും ഒരു പ്രത്യേകതോതിൽ സംയോജിപ്പിച്ചാൽ വീണ്ടും വെള്ളമുണ്ടാവുകയും ചെയ്യും. വെള്ളം മനുഷ്യമനസിൽ നിന്ന് സ്വതന്ത്രമായി നിലനിൽക്കുന്ന ഒരു ഭൗതികയാഥാർത്ഥ്യമാണ്. വെള്ളത്തിന്റെ ഘടനയെ വിശകലനം ചെയ്ത ശാസ്ത്രജ്ഞന്റെ മനസ്സും ചിന്തയും ഉണ്ടാകുന്നതിന് എത്രയോ ലക്ഷം കൊല്ലങ്ങൾക്കു മുമ്പു മുതൽക്കേ അതു നിലനിന്നുപോന്നിട്ടുമുണ്ട്.

ഇതുതന്നെയാണ് എഡിങ്ങ്ടന്റെ മേശയുടെയും ഭാസ്കരൻ നായരുടെ കരിങ്കല്ലിന്റെയും സ്ഥിതി. മേശ “അമേയവേഗത്തിൽ അങ്ങോട്ടുമിങ്ങോട്ടും കുതിച്ചു ചാടുന്ന അനേകകോടി വിദ്യുൽക്കണങ്ങളുടെ സംഘാതമാണെന്ന് ശാസ്ത്രം തെളിയിച്ചിരിക്കുന്നു.” വളരെ വളരെ ശരി. ആ സംഘാതത്തിന്റെ ഫലമായിട്ടുതന്നെയാണ് “നീണ്ടു ചതുരമായ ഒരു ഘനപദാർത്ഥ” മെന്ന നിലയ്ക്ക് മേശ നിലനിൽക്കുന്നത്. മേശ എന്നൊരു ഭൗതികവസ്തു അവിടെയുണ്ടെന്നത് അവിതർക്കിതമായ ഒരു യാഥാർത്ഥ്യമാണ്. ഈ യാഥാർത്ഥ്യമാണ് മേശയെപ്പറ്റിയുള്ള സങ്കൽപ്പങ്ങളും ഭാവനകളും നമ്മുടെ തലച്ചോറിലുളവാക്കുന്നത്. അല്ലെങ്കിൽ ശ്രീ. ഭാസ്കരൻനായർ ആകാശത്തേക്കുനോക്കി അദ്ദേഹത്തിന്റെ കണ്ണുകളിൽ ഏതെങ്കിലും മേശയിൽ നിന്നുള്ള പ്രകാശരശ്മികൾ വന്നുവീഴുന്നുണ്ടോ എന്നൊന്ന് പരിശോധിക്കട്ടെ. മേശ സ്വന്തം തലയ്ക്കുള്ളിലാണെങ്കിൽ പിന്നെ അതത്ര വിഷമമുള്ളതാവില്ലല്ലോ.

പക്ഷേ, ഈ സാങ്കൽപികമേശ കാണുകയോ സ്പർശിക്കുകയോ ചെയ്യണമെങ്കിൽ നമ്മുടെ ശാസ്ത്രജ്ഞന് വളരെക്കാലത്തെ യോഗാഭ്യാസം തന്നെ വേണ്ടിവന്നേക്കും. നേരെമറിച്ച്, അദ്ദേഹം എഴുതാനുപയോഗിക്കുന്ന മേശയെന്ന ഭൗതിക

പദാർത്ഥത്തിന്റെ സാന്നിദ്ധ്യം, അദ്ദേഹം തന്നെ വിവരിച്ചപോലെ, ഏതാനും നിമിഷാംശങ്ങളുടെ അന്ത്യത്തിൽത്തന്നെ അനുഭവപ്പെടാവുന്നതാണ്.

വിജ്ഞാനത്തിന്റെ വളർച്ച കാരണം മേശയുടെ ഭൗതിക ഘടനയെപ്പറ്റിയുള്ള മനുഷ്യന്റെ ബോധം മാറിയിരിക്കുന്നു. പക്ഷേ, മേശ അപ്രത്യക്ഷമായിട്ടില്ല. കരിങ്കല്ല് ഭാസ്കരൻ നായരുടെ മുമ്പിൽത്തന്നെയുണ്ട്. വേണമെങ്കിൽ തലയിട്ടടിച്ചുനോക്കാം.

നിൽക്കട്ടെ, ആ തലയ്ക്കുള്ളിലുള്ള സാധനമെന്തെന്നു നോക്കുക. അവിടെ അത്ഭുതകരങ്ങളായ പല ആശയങ്ങളും ചിന്തകളും പൊട്ടിമുളയ്ക്കുന്നു. എങ്ങനെയാണ് ആശയങ്ങളും ചിന്തകളുമുണ്ടാകുന്നത്? ശരീരമില്ലാതെ, ഭൗതികമായ മാംസവും മജ്ജയും രക്തധമനികളുമില്ലാതെ, തലച്ചോർ എന്നപേരിലറിയപ്പെടുന്ന ഭൗതിക പദാർത്ഥമില്ലാതെ, ഭൗതിക പരിസരങ്ങളുമായുള്ള യാതൊരു ബന്ധവുമില്ലാതെ, ഭാസ്കരൻ നായർക്കോ ഏഡിങ്ങ്ടണോ എന്തെങ്കിലും ചിന്തിക്കാൻ കഴിയുമോ? തലച്ചോറിനകത്ത് നടക്കുന്ന മാനസിക പ്രവർത്തനങ്ങൾക്കാണല്ലോ ചിന്ത എന്നു പറയുന്നത്. പ്രകൃതിയുടെയും സമുദായത്തിന്റെയും വളർച്ചയ്ക്കിടയിൽ ചരിത്രപരമായി രൂപം പൂണ്ടതും കെട്ടിപിണഞ്ഞതുമായ ഭൗതിക പദാർത്ഥത്തിന്റെ ഒരു സാമൂഹ്യരൂപമാണത്. ഭൗതികപദാർത്ഥമില്ലെങ്കിൽ പിന്നെ ചിന്തയുമില്ല.

പദാർത്ഥ ഘടനയെപ്പറ്റിയുള്ള പുതിയ സിദ്ധാന്തങ്ങളുടെ ഫലമായി ഭൗതികപ്രപഞ്ചമാകെ അപ്രത്യക്ഷമായിക്കഴിഞ്ഞുവെങ്കിൽ അതോടൊപ്പം ചിന്തയും ആശയവും—എന്തിന് , കേശവദേവിന്റെയും ഭാസ്കരൻനായരുടെയും ഭൗതിക ശരീരങ്ങൾകൂടി—അപ്രത്യക്ഷമാകേണ്ടതായിരുന്നില്ലേ? തലച്ചോറിലും നാഡീപടലങ്ങളിലുമടങ്ങിയ പരമാണുക്കളിൽ പ്രോട്ടോണും നൈട്രോണുമടങ്ങിയിരിക്കുന്നുവെന്ന ശാസ്ത്രീയസത്യം കണ്ടുപിടിക്കപ്പെട്ടതോടുകൂടി കേശവദേവിന്റെയും ഭാസ്കരൻനായരുടെയും വിചിത്രങ്ങളായ വാദങ്ങളും അന്തർദ്ധാനം ചെയ്തുകഴിഞ്ഞുവോ? കേശവദേവ് സമ്മതിക്കില്ലെന്ന് തീർച്ച. എന്തെന്നാൽ, ഭൗതികപദാർത്ഥത്തോടൊപ്പം കേശവദേവിന്റെ അനർഘങ്ങളായ ചിന്താരത്നങ്ങളും അപ്രത്യക്ഷങ്ങളായാൽപിന്നെ മാർക്സിസത്തേയും പുരോഗമനപ്രസ്ഥാനങ്ങളേയും എതിർക്കാനാരാണ് ബാക്കിയുണ്ടാവുക?

അപ്പോൾ, ഭൗതികപദാർത്ഥത്തോടൊപ്പം ചിന്ത നാമാവിശേഷമായെന്ന് പറയാൻ വയ്യ. അതു നിലനിൽക്കുന്നു. പദാർത്ഥത്തിന്റെ സഹായമില്ലാതെ, ശരീരവും മസ്തിഷ്കവും എല്ലാം അപ്രത്യക്ഷമായിട്ടും കേശവദേവിന്റെ ചിന്ത അനന്തമായ ശൂന്യതയിൽ അങ്ങനെ ചുറ്റിസഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്!

പക്ഷേ, ഒരു കാര്യം മുരത്ത ആത്മീയവാദികൾക്കുപോലും നിഷേധിയ്ക്കാനാവില്ല. വസ്തുനിഷ്ഠമായ ബാഹ്യാർത്ഥം നിലനിൽക്കുന്നതുകൊണ്ടാണ് അതിന്റെ ഘടനയെപ്പറ്റിയും അതിന്റെ സ്വഭാവവിശേഷങ്ങളെപ്പറ്റിയും പഠിക്കാൻ ശാസ്ത്രജ്ഞന്മാർക്കു കഴിവുണ്ടായത്. അറിയേണ്ടതെല്ലാം അറിഞ്ഞുകഴിഞ്ഞുവെന്ന് ആർക്കും പറയാൻവയ്യ. സത്യം കേവലമാവാനുള്ള കാരണം അതിന് പരമമായ യാതൊരതിർത്തിവരമ്പുമില്ലെന്നുള്ളതാണ്. അത് അനുസ്യൂതമായി വികസിച്ചുകൊണ്ടിരിക്കുന്നു. ജ്ഞാനത്തിന്റെ വളർച്ചയുടെ ഓരോ നിലവാരവും അപേക്ഷികമാണ്. പക്ഷേ, ഓരോ ആപേക്ഷികസത്യവും വസ്തുനിഷ്ഠമായ ഭൗതികയാഥാർത്ഥ്യത്തെ ഭാഗികമായിട്ടെങ്കിലും പ്രകാശിപ്പിക്കുന്നു. ഓരോ കണ്ടുപിടിത്തവും ഭൗതികസ

ത്യത്തിന്റെ അന്തസാരത്തെപ്പറ്റി കൂടുതൽ കൂടുതൽ മനസിലാക്കാൻ മനുഷ്യനെ സഹായിക്കുന്നു. ഇതാണ് മാർക്സിസത്തിന്റെ നിലപാട്.

ഭൗതികപ്രപഞ്ചത്തിന്റെ അന്തസാരത്തെപ്പറ്റി മനസിലാക്കാനുള്ള മനുഷ്യന്റെ പരിശ്രമങ്ങൾ പ്രാചീനകാലം മുതൽക്കേ തുടർന്നുപോന്നിട്ടുണ്ട്. വിഭിന്നഘട്ടങ്ങളിൽ ജീവിച്ചിരുന്ന അനേകം ശാസ്ത്രജ്ഞന്മാരും തത്വശാസ്ത്രജ്ഞന്മാരും ഭൗതികപദാർത്ഥത്തിന്റെ ഘടനാരൂപങ്ങളെ വിശകലനം ചെയ്യുകയും അവയുടെ പരസ്പരബന്ധങ്ങളേയും വികാസ നിയമങ്ങളെയും വെളിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതാതുകാലത്തെ ശാസ്ത്രത്തിന്റെ വളർച്ചയുടെ നിലവാരത്തിനനുസരിച്ച ഭൗതിക പദാർത്ഥത്തിന്റെ സ്വഭാവത്തെപ്പറ്റിയുള്ള ജ്ഞാനം കൂടിയോ കുറഞ്ഞോ ഇരിക്കുമെന്നാണ് ഇതിൽനിന്ന് വ്യക്തമാവുന്നത്.

ഭൂമി, ജലം, അഗ്നി, വായു, ആകാശം എന്നീ പഞ്ചഭൂതങ്ങളെക്കൊണ്ടാണ് വാസ്തവപ്രകൃതി നിർമിക്കപ്പെട്ടിട്ടുള്ളതെന്ന് പ്രാചീന ഭാരതീയർ വിശ്വസിച്ചിരുന്നു. ഭൂമി, ജലം, അഗ്നി, വായു എന്നീ നാലു മൂലപദാർത്ഥങ്ങളാണ് ഭൗതികപ്രപഞ്ചത്തിന്റെ അടിസ്ഥാനം എന്നായിരുന്നു പ്രാചീന യവനരുടെ വിശ്വാസം. ക്രിസ്ത്വാബ്ദത്തിനു മുമ്പ് 5-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഡെമോക്രാറ്റിസ് എന്ന ഗ്രീക്ക തത്വജ്ഞാനി എല്ലാ വസ്തുക്കളും പരമാണുക്കളെക്കൊണ്ടാണ് നിർമിക്കപ്പെട്ടിട്ടുള്ളതെന്നും പരമാണുക്കൾ എല്ലായ്പോഴും ചലിച്ചുകൊണ്ടിരിക്കുന്നുവെന്നും പരമാണുക്കളുടെ വ്യത്യാസങ്ങളുടെയും ചലനത്തിന്റെയും ഫലമായിട്ടാണ് വ്യത്യസ്തങ്ങളായ വസ്തുക്കൾ ഉണ്ടായതെന്നും വാദിച്ചു. ഇതെല്ലാം വെറും അഭ്യൂഹങ്ങളായിരുന്നുവെന്നതു ശരിതന്നെ. എങ്കിലും അവ മനുഷ്യമനസിൽനിന്ന് സ്വതന്ത്രമായി നിലനിൽക്കുന്ന ഭൗതികപ്രപഞ്ചത്തെപ്പറ്റി പഠിക്കാനുള്ള ആദ്യപരിശ്രമങ്ങളായിരുന്നു.

ശാസ്ത്രത്തിന്റെ വളർച്ചയോടുകൂടി പദാർത്ഥത്തിന്റെ ഘടനയെപ്പറ്റിയും സ്വഭാവഗുണങ്ങളെപ്പറ്റിയുമുള്ള ജ്ഞാനവും വികസിച്ചു.

17-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന റോബർട്ട് ബോയ്ലർ എന്ന ശാസ്ത്രജ്ഞൻ പദാർത്ഥങ്ങളെ മൂലധാതുക്കളെന്നും സംയുക്തങ്ങളെന്നും രണ്ടായി തിരിച്ചു. ഉദാഹരണത്തിന് വെള്ളം ഒരു സംയുക്തമാണ്. അതിലടങ്ങിയ ഓക്സിജനും ഹൈഡ്രജനും മൂലധാതുക്കളും. വിഭജിക്കപെടാനാവാത്ത ചെറുകണങ്ങളാണ് മൂലധാതുക്കൾ എന്നാണ് വിശ്വസിക്കപെട്ടിരുന്നത്.

ഡാൾട്ടൺ എന്ന ആംഗലശാസ്ത്രജ്ഞൻ പരമാണുക്കൾ (ആറ്റം) കൂടിച്ചേർന്നു അണുക്കളുണ്ടാകുന്നു എന്ന് കണ്ടുപിടിച്ചു. ഈ കണ്ടുപിടിത്തം ആറ്റമിനെപറ്റിയുള്ള ഗവേഷണങ്ങൾക്കു പുതിയ ഉത്തേജനം നൽകി.

മെൻഡലേവ് എന്ന ശാസ്ത്രജ്ഞന്റെ "പീരിയോഡിക്കൽ നിയമം" പദാർത്ഥത്തിന്റെ സ്വഭാവഗുണങ്ങളെ കൂടുതൽ വെളിപെടുത്തി. പദാർത്ഥഘടനയെപ്പറ്റിയുള്ള ആധുനികശാസ്ത്രങ്ങളുടെ അടിത്തറയായിട്ടാണ് മെൻഡലേവിന്റെ കണ്ടുപിടുത്തം കണക്കാക്കപ്പെടുന്നത്.

പ്രകൃതിയിൽ മൗലികങ്ങളായ പലതരം രാസധാതുക്കളുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി. ഓരോ ധാതുവും നിർദിഷ്ടസ്വഭാവങ്ങളോടുകൂടിയ പരമാണുക്കളുടെ സംയോജനഫലമാണ്. ഈ പരമാണുക്കൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. നൂറോളം മൂലധാതുക്കൾ അറിയപ്പെട്ടവയായുണ്ട്. നമ്മുടെ ലോകത്തിലുള്ള എല്ലാ വസ്തുക്കളും മൂലധാതുക്കളുടെ വിവിധ തോതിലുള്ള സംയോജനത്തിന്റെ ഫലമാണ്.

മെൻഡലേവിന്റെ 'പീരിയോഡിക്കൽ നിയമം' കണ്ടുപിടിക്കപ്പെട്ട കാലത്ത് പരമാണുവിന്റെ സത്തയുടെ അന്തർഭാഗത്തേയ്ക്കു കടന്നുചെല്ലാനും അതിന്റെ നിഗൂ

ഢസ്വഭാവങ്ങളെ മനസ്സിലാക്കാനും ശാസ്ത്രത്തിന് സാധിച്ചിരുന്നില്ല. ആറ്റമെന്നത് ഭൗതിക പദാർത്ഥത്തിന്റെ ഏറ്റവും ചെറിയ, അവിഭാജ്യമായ കണികയാണെന്നാണ് വിശ്വസിക്കപ്പെട്ടിരുന്നത്. എന്നാൽ മൂലധാതുക്കളുടെ മാറ്റങ്ങളെപ്പറ്റിയും അവയുടെ പരസ്പരബന്ധങ്ങളെപ്പറ്റിയും മെൻഡലേവിന്റെ സിദ്ധാന്തം തന്നെ പ്രതിപാദിച്ചിരുന്നു.

ഈ സിദ്ധാന്തമാണ് രാസധാതുക്കളടങ്ങിയ പരമാണുക്കളുടെ ഒളിഞ്ഞുകിടക്കുന്ന സ്വഭാവഗുണങ്ങളെ പരിശോധിക്കാനും അവയുടെ ആഭ്യന്തര ഘടനയെ വിശകലനം ചെയ്യാനും പിന്നീടുണ്ടായ ശാസ്ത്രജ്ഞന്മാർക്ക് പ്രചോദനം നൽകിയത്. 1885-ൽ പരമാണുവിൽ അതിസൂക്ഷ്മങ്ങളായ വിദ്യുൽക്കണങ്ങളടങ്ങിയിട്ടുണ്ടെന്നു കണ്ടുപിടിക്കപ്പെട്ടു. 1896-ൽ ബെക്കർലി എന്ന ഫ്രഞ്ചുശാസ്ത്രജ്ഞൻ റേഡിയോ ആക്റ്റിവിറ്റി കണ്ടുപിടിച്ചു. യുറേനിയം, റേഡിയം, തോറിയം തുടങ്ങിയ ചില ധാതുക്കളുടെ പരമാണുക്കൾ ഇടവിടാതെ എനർജി (ശക്തി) വിസർജ്ജിച്ചുകൊണ്ടിരിക്കുന്നു എന്നദ്ദേഹം ചൂണ്ടിക്കാണിച്ചു. രാസധാതുക്കളിൽ നിന്ന് ആൽഫാരശ്മികൾ, ബീറ്റാരശ്മികൾ, ഗാമാരശ്മികൾ എന്നീ പേരുകളിലറിയപ്പെടുന്ന ചില രശ്മികൾ പുറപ്പെടുന്നുണ്ടെന്നും അവയിൽ ബീറ്റാരശ്മികൾ ഇലക്ട്രോണിന്റെ പ്രവാഹത്തെയാണ് വെളിപ്പെടുത്തുന്നതെന്നും റേഡിയോ ആക്റ്റിവിറ്റിയുള്ള ഒരു രാസധാതു മറ്റൊരു ധാതുവായി രൂപാന്തരപ്പെടുമെന്നും മറ്റും കണ്ടുപിടിക്കപ്പെട്ടു.

രാസധാതുവിന്റെ പരമാണുവിൽ പ്രോട്ടോൺ, ഇലക്ട്രോൺ എന്നിവ മാത്രമാണടങ്ങിയിട്ടുള്ളത് എന്നാണ് അടുത്ത കാലം വരെ വിശ്വസിക്കപ്പെട്ടിരുന്നത്. പ്രോട്ടോണുകൾ പരമാണുവിന്റെ കേന്ദ്രബിന്ദുവിൽ (ചൗരഹലൌ) നിലനിൽക്കുന്നുവെന്നും ഇലക്ട്രോണിന്റെ ഒരു ഭാഗം കേന്ദ്രബിന്ദുവിലും മറ്റൊരു ഭാഗം കറങ്ങിക്കറങ്ങിക്കൊണ്ട് കേന്ദ്രബിന്ദുവിന് ചുറ്റുമായും സ്ഥിതിചെയ്യുന്നുവെന്നുമാണ് കരുതപ്പെട്ടിരുന്നത്. കേന്ദ്രബിന്ദുവിൽ എലക്ട്രോണുണ്ടോ ഇല്ലയോ എന്നതിനെപ്പറ്റി വാദപ്രതിവാദങ്ങളുണ്ടായി.

1932-ൽ ഏതാണ്ട് പ്രോട്ടോണുകളുടെ വലിപ്പമുള്ള മറ്റൊരു കണിക കണ്ടുപിടിക്കപ്പെട്ടു. ഇതിന് നൈട്രോൺ എന്നു പറയുന്നു. കേന്ദ്രബിന്ദുവിൽ പ്രോട്ടോണും നൈട്രോണുമാണടങ്ങിയിട്ടുള്ളത് എന്നാണ് ഇപ്പോൾ മിക്ക ശാസ്ത്രജ്ഞന്മാരും വിശ്വസിക്കുന്നത്. കേന്ദ്രബിന്ദുവിൽ നിന്ന് ബീറ്റാ രശ്മികളെ വിഘടിപ്പിക്കുമ്പോഴാണ് ഇലക്ട്രോണുകൾ പ്രവഹിക്കുന്നത് എന്നും കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. പ്രോട്രോണും നൈട്രോണുമടങ്ങിയ കേന്ദ്രബിന്ദുവിന്റെ ഘടനയെപ്പറ്റി കൂടുതൽ ഗവേഷണങ്ങൾ നടത്തിയതിന്റെ ഫലമായി പ്രോട്ടോൺ, നൈട്രോൺ എന്നിവയ്ക്കുപുറമേ ഇലക്ട്രോൺ, പോസിറ്റ്രോൺ, മെസോൺ, നെയിറ്റ്റിനോ, ഫോട്ടോൺ എന്നിങ്ങനെയുള്ള ചില "മൗലിക" കണികകളും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ഇങ്ങനെ ആറ്റം അവിഭാജ്യമായ ഭൗതിക കണികകളാണെന്ന പഴയ നിഗമനം തകരുകയും സങ്കീർണവും ജഡിലവുമായ പദാർത്ഥ ഘടനയുടെ ആന്തരസത്തയെപ്പറ്റി മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത അറിവ് ലഭിക്കുകയും ചെയ്തിരിക്കുന്നു.

ഇതിന്റെ അർത്ഥം ആധുനിക ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾ ആത്മീയവാദത്തിന്റെ വെള്ളക്കൊടി പറപ്പിക്കാൻ തുടങ്ങിയിരിക്കുന്നുവെന്നാണോ? ഭൗതിക പദാർത്ഥം അപ്രത്യക്ഷമായെന്നാണോ? പദാർത്ഥത്തെ അണു, പരമാണു എന്നിങ്ങനെ വിഭജിച്ചാലും ശരി, പ്രോട്ടോൺ, നൈട്രോൺ എന്നിങ്ങനെ വിഭജിച്ചാലും ശരി, അതു നിലനിൽക്കുന്നത് മനസിനുള്ളിൽ മാത്രമാണോ? അതിന് വസ്തുനിഷ്ഠമായ ഒരു നിലനിൽപില്ലല്ലേ? ഇതാണ് ചോദ്യം.

ഈ ചോദ്യത്തിന് നാല്പത്തഞ്ചുകൊല്ലങ്ങൾക്കുമുമ്പു തന്നെ സഖാവ് ലെനിൻ മറുപടി പറഞ്ഞിട്ടുണ്ട്:

> "വസ്തുതകളുടെ സത്ത അല്ലെങ്കിൽ അന്തസാരം ആപേക്ഷികമാണ്; വസ്തുതകളെപ്പറ്റിയുള്ള മനുഷ്യജ്ഞാനത്തിന്റെ നിലവാരത്തെ മാത്രമാണത് വെളിപ്പെടുത്തുന്നത്. ഈ ജ്ഞാനത്തിന്റെ അഗാധത ഇന്നലെ പരമാണുവിനപ്പുറത്തേയ്ക്ക് കടന്നിരുന്നില്ല. ഇന്ന് അതു എലക്ട്രോണുകൾക്കും തരംഗങ്ങൾക്കുമപ്പുറത്തേക്കു പോകുന്നില്ല. പുരോഗമിച്ചുകൊണ്ടിരിക്കുന്ന മനുഷ്യന്റെ പ്രകൃതിജ്ഞാനം നേടിയെടുത്ത ഈ ഓരോ നാഴികകല്ലുകളുടെയും സ്വഭാവം ആപേക്ഷികവും താൽക്കാലികവുമാണെന്നു ദ്വന്ദ്വമാനഭൗതികവാദം ഊന്നിപ്പറയുന്നു, പരമാണുവെപ്പോലെതന്നെ എലക്ട്രോണും അപാരമാണ്. പ്രകൃതി അനന്തമാണ്. പക്ഷേ, അതു അനന്തമായി തന്നെ നിലനിൽക്കുന്നു. മനുഷ്യന്റെ മനസ്സിൽ നിന്നും നിരീക്ഷണത്തിൽ നിന്നും സ്വതന്ത്രമായി പ്രകൃതി നിലനിൽക്കുന്നു എന്ന യാഥാർത്ഥ്യത്തെ അനിക്ഷേദ്ധ്യമായും അനുപാധികമായും അംഗീകരിക്കുന്നുവെന്ന വസ്തുതയാണ് മാർക്സിസ്റ്റ് ഭൗതികവാദത്തെ ആത്മീയവാദത്തിൽ നിന്നും വേർതിരിക്കുന്നത്." (മെറ്റീരിയലിസം ആൻറ് എമ്പീരിയോ ക്രിട്ടിസിസം. പേജ് 264)

യാഥാർത്ഥ്യത്തിനുള്ള തെളിവ് അതിന്റെ പ്രയോഗമാണ് എന്നു മാർക്സിസം സിദ്ധാന്തിക്കുന്നു. പരമാണുവിന്റെ വിഘടനയിൽ നിന്നുണ്ടായ ജ്ഞാനം പ്രായോഗികജീവിതത്തിൽ ഉപയോഗിക്കാമെന്നായിട്ടുണ്ട്. പരമാണുവിൽ ഒളിഞ്ഞുകിടക്കുന്ന പ്രചണ്ഡമായ ശക്തി ഉപയോഗിച്ചുകൊണ്ടാണ് ആറ്റം ബോംബുണ്ടാക്കപ്പെടുന്നത്. അമേരിക്കൻ സാമ്രാജ്യവാദികളെറിഞ്ഞ ആറ്റം ബോംബിന്റെ ശക്തികൊണ്ട് നമ്മുടെ മാനസിക മണ്ഡലങ്ങളിൽനിന്നു എത്രയോ അകലെ കിടക്കുന്ന ഹിരോഷിമാപട്ടണം വെണ്ണുവെണ്ണീറായി. അതേ ആറ്റമിന്റെ പ്രചണ്ഡമായ ശക്തിയുപയോഗിച്ചുകൊണ്ടാണ് സോവിയറ്റുയൂണിയൻ പ്രകൃതിയെ മാറ്റിമറിക്കാൻ തുടങ്ങിയിട്ടുള്ളത്.

പക്ഷേ, കേശവദേവിന്റെയും ഭാസ്കരൻനായരുടെയും, ആത്മീയവാദികളായ പാശ്ചാത്യ ശാസ്ത്രജ്ഞന്മാരുടെയും അഭിപ്രായത്തിൽ എല്ലാം മായയാണ്! പരമാണുവും മായ, പരമാണുബോംബും മായ, ഹിരോഷിമയും മായ, അമേരിക്കൻ സാമ്രാജ്യവാദികളുടെ മരണനൃത്തവും മായ, സോവിയറ്റുയൂണിയന്റെ കമ്മ്യൂണിസവും മായ! യഥാർത്ഥമായിട്ടുള്ളതോ, തലച്ചോർ എന്ന ഭൗതികപദാർത്ഥത്തിന്റെ സഹായം കൂടാതെ അവർ പ്രചരിപ്പിക്കുന്ന അനർഘങ്ങളായ ആശയങ്ങൾ മാത്രം!

പക്ഷേ, മുതലാളിത്ത ശാസ്ത്രജ്ഞന്മാർ എല്ലാക്കാലത്തും ഇങ്ങനെയായിരുന്നില്ല, അവർ ഭൗതിക വാദത്തിലടിയുറച്ച ശാസ്ത്രത്തിൽ വിശ്വാസമർപ്പിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. വാസ്തവത്തിൽ സയൻസും മുതലാളിത്തവും ഒപ്പമാണ് വളർന്നത്. സയൻസ് മുതലാളിത്തത്തേയും മുതലാളിത്തം സയൻസിനേയും ഒപ്പം പ്രോത്സാഹിപ്പിച്ചു. യന്ത്രവ്യവസായങ്ങൾ, ആവിക്കപ്പലുകൾ, വിദ്യുച്ഛക്തി മുതലായവയുടെ കൈപിടിച്ചുകൊണ്ടാണ് മുതലാളിത്തം ലോകത്തിലൊട്ടുക്കും ആധിപത്യം നേടാൻ പുറപ്പെട്ടത്. അന്ന് മുതലാളിത്തത്തിന് യൗവ്വനകാലമായിരുന്നു. ഭാവിയിൽ തികഞ്ഞ വിശ്വാസമുണ്ടായിരുന്നതുകൊണ്ട് അത് ഭൂതകാലത്തിന്റെ പരിമിതികളെ വെല്ലുവിളിക്കുകയും പ്രപഞ്ചത്തെപ്പറ്റിയുള്ള പഴഞ്ചൻ ധാരണകളെ ഇടിച്ചു തകർക്കുകയും ചെയ്തു. ഭൗതികശാസ്ത്രത്തിന്റെ വെന്നിക്കൊടി പറപ്പിച്ചുകൊണ്ട് അതു മുന്നേറി.

പക്ഷേ, ഇരുപതാം നൂറ്റാണ്ടോടുകൂടി സ്ഥിതിയാകെ മാറി. മുതലാളിത്തത്തിന്റെ വളർച്ചയവസാനിച്ചു. അതു നരയ്ക്കാനും മുരടിയ്ക്കാനും തുടങ്ങി, സാമ്രാജ്യാധിപത്യം, ഒന്നാം ലോകമഹായുദ്ധം, സാമ്പത്തികക്കുഴപ്പം, സോവിയറ്റ് യൂണിയന്റെ ആവിർഭാവം—മുതലാളിത്തത്തിന് ഭാവിയിൽ വിശ്വാസമില്ലാതായി. അതു തന്നിലേക്കുതന്നെ കൂടുതൽ കൂടുതൽ വലിഞ്ഞിറങ്ങാൻ തുടങ്ങി. അത് ആത്മീയവാദത്തിന്റെ ചളിക്കുണ്ടിനെ അഭയം പ്രാപിച്ചു. എന്നിട്ട്, തന്നെപോറ്റി വളർത്തിയ ഭൗതികശാസ്ത്രത്തിന്റെ മുഖത്തേക്ക് അതു കാർക്കിച്ചുതുപ്പി. ഭൗതിക പ്രപഞ്ചത്തിന്റെ നിഗൂഢതകളിൽ നിന്ന് ജീവനുള്ള പുതിയ സത്യങ്ങൾ ഉയിർത്തെഴുന്നേൽക്കുന്നതു കണ്ട് അതു പേടിച്ചു നിലവിളിച്ചു. യാതൊന്നും നിലനിൽക്കുന്നില്ല. എല്ലാം അപ്രത്യക്ഷമായിരിക്കുന്നു!

ഇത് ശാസ്ത്രത്തിന്റെ പരാജയമല്ല, മുതലാളിത്തത്തിന്റെ മരണവെപ്രാളം മാത്രമാണ്. ഭൗതിക ശാസ്ത്രം നശിക്കുകയല്ല, വളരുകയാണ് ചെയ്യുന്നത്. അതിനെ വളർത്താൻ പുതിയ ശക്തികൾ മുന്നോട്ടു വന്നിട്ടുമുണ്ട്.

ഭൗതിക ശാസ്ത്രമാണ് മാർക്സിസത്തിന്റെ അടിത്തറ. പദാർത്ഥത്തിന്റെ ഘടനയെപ്പറ്റിയും സ്വഭാവത്തെപ്പറ്റിയുമുള്ള ഓരോ പുതിയ കണ്ടുപിടിത്തവും, ഭൗതിക ശാസ്ത്രത്തിനുണ്ടാകുന്ന ഓരോ നേട്ടവും, മാർക്സിയൻ തത്വശാസ്ത്രത്തിന്റെ വളർച്ചയ്ക്കു പ്രചോദനം നൽകുന്നു.

ശാസ്ത്രം ഇന്ന് പ്രേതങ്ങളുടെയും ഞരമ്പുരോഗികളുടെയും ഭാഗത്തല്ല, മാർക്സിസത്തിന്റെ ഭാഗത്താണ്. ശവക്കുഴിയിലേക്കു കാലുനീട്ടിക്കൊണ്ടിരിക്കുന്ന മുതലാളിത്തത്തിന്റെ ശാസ്ത്രകാരന്മാരും സാഹിത്യകാരന്മാരും ഭാതികശാസ്ത്രത്തെ വലിച്ചെറിഞ്ഞ്, പഴകി ജീർണിച്ച മതവിശ്വാസങ്ങളെ കെട്ടിപ്പുണരാൻ തുടങ്ങുമ്പോൾ മാർക്സിസം മനുഷ്യന്റെ സർവതോന്മുഖമായ പുരോഗതിക്കുവേണ്ടി ശാസ്ത്രത്തെ ഉപയോഗിക്കുന്നു.

അപ്പോൾ, മാർക്സിസം പ്രപഞ്ചത്തേയും സമുദായത്തേയും മനസിലാക്കാനുള്ള ഒരു തത്വശാസ്ത്രം മാത്രമല്ല; പ്രകൃതിയേയും സമുദായത്തേയും മാറ്റാനുള്ള തത്വശാസ്ത്രം കൂടിയാണ്. മാർക്സ് പറഞ്ഞു:

> "തത്വജ്ഞാനികൾ ലോകത്തെ പലതരത്തിലും വ്യാഖ്യാനിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്; അതിനെ മാറ്റുക എന്നതാണ് പ്രശ്നം."

മറ്റൊരു വിധം പറഞ്ഞാൽ, മാർക്സിസം പ്രകൃതിയേയും സമുദായത്തേയും വിശകലനം ചെയ്യുന്നത് അവയെ മാറ്റാൻ വേണ്ടിയാണ്; മനുഷ്യന്റെ നന്മയ്ക്കും പുരോഗതിക്കുംവേണ്ടി അവയെ ഉപയോഗിക്കാൻ വേണ്ടിയാണ്. □

ആദ്യപതിപ്പ്—1965 ഏപ്രിൽ
രണ്ടാം പതിപ്പ്—1980 നവംബർ
പ്രഭാത് ബുക്ക് ഹൗസ് , തിരുവനന്തപുരം

# 7

# മാർക്സിസവും മതവിശ്വാസവും

**ചോദ്യം ഒന്ന്:** മാർക്സിസത്തിന്റെ അവിഭാജ്യഘടകങ്ങളാണല്ലോ ഡയലക്ടിക്കൽ മെറ്റീരിയലിസ(വൈരുദ്ധ്യാത്മിക ഭൗതികവാദം)വും ഹിസ്റ്റോറിക്കൽ മെറ്റീരിയലിസ(ചരിത്രപരമായ ഭൗതികവാദ)വും. ഇങ്ങനെ ഭൗതികവാദപരമായ ഒരു തത്വശാസ്ത്രത്തിൽ അടിയുറച്ചുവിശ്വസിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ മതവിശ്വാസികൾക്കും അംഗങ്ങളായിച്ചേരാമെന്നാണ് പറയുന്നത്. ഇതിലൊരു പൊരുത്തക്കേടില്ലേ?

**ഉത്തരം:** ലോകം യഥാർത്ഥത്തിലെങ്ങിനെയിരിക്കുന്നുവോ അങ്ങിനെ അതിനെ മനസ്സിലാക്കണമെന്നതാണ് ഡയലക്ടിക്കൽ മെറ്റീരിയലിസത്തിന്റെ കാതൽ. പ്രകൃതിയും പ്രപഞ്ചവും ലോകവും ചരാചരങ്ങളുമെല്ലാം യഥാർത്ഥമായി, വസ്തുനിഷ്ഠമായി, ഭൗതികമായി നിലനിൽക്കുന്നു. ഓരോന്നും ഇടവിടാതെ മാറിക്കൊണ്ടിരിയ്ക്കുന്നു. ഈ മാറ്റങ്ങൾക്ക് അടിസ്ഥാനപരമായ ചില നിയമങ്ങളുണ്ട്. ഫിസിക്സ്, കെമിസ്ട്രി, ബയോളജി തുടങ്ങിയ ആധുനിക ശാസ്ത്രങ്ങളെല്ലാം ഈ മാറ്റങ്ങളെപ്പറ്റിയും ഈ മാറ്റങ്ങളുടെ പിന്നിലുള്ള നിയമങ്ങളെപ്പറ്റിയും പ്രതിപാദിക്കുന്നുണ്ട്. മറ്റു ശാസ്ത്രങ്ങളെപ്പോലെ മാർക്സിസവും ഭൗതികവാദപരമായിട്ടാണ്, എന്നുവെച്ചാൽ, ശാസ്ത്രീയമായിട്ടാണ്, പ്രപഞ്ചത്തേയും മനുഷ്യസമുദായത്തെയും വീക്ഷിക്കുന്നത്.

മാറ്റങ്ങളുടെ പിന്നിലുള്ള അടിസ്ഥാനനിയമങ്ങൾ മനസ്സിലാക്കിക്കൊണ്ട് ലോകത്തെ മനുഷ്യന്റെ നന്മയ്ക്കും സർവോന്മുഖമായ അഭിവൃദ്ധിയ്ക്കും വേണ്ടി മാറ്റിമറിയ്ക്കാനാണ് കമ്മ്യൂണിസ്റ്റ് പാർട്ടി പരിശ്രമിക്കുന്നത്. മറ്റൊരുവിധം പറഞ്ഞാൽ, സാമൂഹ്യവളർച്ചയുടെ നിയമങ്ങളെ കണക്കിലെടുത്തുകൊണ്ടാണ് കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തനത്തിനുള്ള പരിപാടി തയ്യാറാക്കുന്നത്. സാമൂഹ്യവളർച്ചയുടെ പൊതുനിയമങ്ങൾ മനസ്സിലാക്കുകയും അവയുടെ വെളിച്ചത്തിൽ ദൈനംദിനസംഭവങ്ങളെ പരിശോധിക്കുകയും ചെയ്യുന്നവർക്ക് സംഭവങ്ങൾ ഏതുവഴിയ്ക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത് എന്നും ഏതുവഴിക്കാണ് നീങ്ങാനിടയുള്ളത് എന്നും കൂടുതൽ വ്യക്തമായി കാണാൻ കഴിയും. അങ്ങിനെ, മാർക്സിസം പ്രായോഗിക പ്രവർത്തനങ്ങൾക്കുള്ള ഒരു വഴികാട്ടിയായിത്തീരുന്നു; തെറ്റുകൂടാതെ പ്രവർത്തനങ്ങൾ നടത്താൻ അത് സഹായിക്കുന്നു.

എന്നാൽ പ്രകൃതിയുടെയും മനുഷ്യസമുദായത്തിന്റെയും വളർച്ചയുടെ നിയമങ്ങൾ ശരിക്കു മനസ്സിലാക്കിക്കഴിഞ്ഞിട്ടില്ലാത്തവർക്കും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പരിപാടിയനുസരിച്ച് ലോകത്തെ മാറ്റാനുള്ള സംരംഭങ്ങളിൽ പങ്കെടുക്കാൻ കഴിയും. വിദ്യുച്ഛക്തി എങ്ങിനെയുണ്ടാകുന്നു എന്നു മനസ്സിലാക്കാത്തവർക്കും—അതേതോ ചെകുത്താന്റെ വിദ്യയാണെന്ന് വിശ്വസിക്കുന്നവർക്കുപോലും—വേണ്ട വിധത്തിൽ 'സ്വിച്ചൊ'ന്നമർത്തി ഇരുട്ടകറ്റാൻ കഴിയും. 'സ്വിച്ച്'മർത്തുന്ന കാര്യത്തിൽ തെറ്റുപറ്റാതിരിക്കയേ വേണ്ടൂ. 'സ്വിച്ചി'നോ 'വയറി'നോ വല്ല കേടും പറ്റിയാൽ അറിവുള്ളവരുടെ സഹായം തേടുകയും വേണം. മതവിശ്വാസികളുടെ കാര്യത്തിലും ഇതേ നിലപാടാണ് കമ്മ്യൂണിസ്റ്റ് പാർട്ടി സ്വീകരിക്കുന്നത്.

ആധുനിക സമുദായത്തിൽ ജന്മികളും മുതലാളികളും തങ്ങളുടെ സ്ഥാപിത താൽപര്യങ്ങളെ നിലനിർത്താനുള്ള ഒരുപകരണമെന്ന നിലയ്ക്കാണ് മതത്തെ ഉപയോഗിക്കുന്നത്. സ്ഥാപിതതാൽപര്യക്കാർക്കെതിരായ പ്രക്ഷോഭങ്ങളെ മതത്തിനെതിരായ ആക്രമണമായിട്ടാണ് പിന്തിരിപ്പൻ പുരോഹിതൻമാർ ചിത്രീകരിയ്ക്കാറുള്ളത്. ഈ കാപട്യത്തെ തുറന്നുകാണിയ്ക്കുകതന്നെ വേണം.

എന്നാൽ, ജന്മികളും മുതലാളികളും മാത്രമല്ല, സാമാന്യജനങ്ങളും മതത്തിൽ വിശ്വസിയ്ക്കുന്നുണ്ട്. മതത്തിനെതിരായ പ്രക്ഷോഭം മർദ്ദിതജനവിഭാഗങ്ങളെ യോജിപ്പിയ്ക്കാനല്ല, ഭിന്നിപ്പിയ്ക്കാൻ മാത്രമാണുപകരിക്കുക. സ്ഥാപിതതാൽപര്യക്കാരുടെ കയ്യിൽ കളിയ്ക്കലാവും അത്. അതുകൊണ്ടാണ് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ പരിപാടിയിൽ മതത്തിനെതിരായ സമരത്തിന്നുകൂടി സ്ഥാനമനുവദിയ്ക്കണമെന്നും സോഷ്യലിസ്റ്റ് സമുദായത്തിൽ മതം നിരോധിയ്ക്കപ്പെടേണ്ടതാണെന്നും മറ്റുമുള്ള അഭിപ്രായങ്ങളെ ഏംഗെൽസ് എതിർത്തത്.

ജനങ്ങൾക്കിടയിൽ മതവിശ്വാസം യഥാർഥമായി നിലനിൽക്കുന്നു. വെറും മതവിരുദ്ധനടപടികൾകൊണ്ട് അതിനെ നശിപ്പിയ്ക്കാനാവില്ല. എന്തെന്നാൽ മതവിശ്വാസത്തിന് ചില കാരണങ്ങളുണ്ട്. ആ കാരണങ്ങൾ നിലനിൽക്കുന്നിടത്തോളം മതവിശ്വാസവും നിലനിൽക്കും.

മാർക്സിസം ഭൗതികവാദത്തിലടിയുറച്ചതാണെന്നതു ശരിയാണ്. പക്ഷേ, മാർക്സിസത്തിന്റെ ഭൗതികവാദം യുക്തിവാദികളുടെയോ പതിനെട്ടാം നൂറ്റാണ്ടിലെ ഫ്രഞ്ചുതത്വജ്ഞാനികളുടെയോ ഭൗതികവാദത്തിൽനിന്നു വ്യത്യസ്തമാണ്. അത് കൂടുതൽ ഉയർന്ന നിലവാരത്തിലുള്ള കൂടുതൽ ശാസ്ത്രീയമായ ഒരു ഭൗതികവാദമാണ്. പ്രപഞ്ചത്തെപ്പറ്റിയും പ്രകൃതിയെപ്പറ്റിയുമുള്ള മതപരമായ വ്യാഖ്യാനങ്ങളെ നിഷേധിക്കുക മാത്രമല്ല അത് ചെയ്യുന്നത്. മതവും മതവിശ്വാസവും ജനങ്ങൾക്കിടയിൽ നിലനിൽക്കുന്നതിന്റെ അടിസ്ഥാനകാരണമെന്തെന്നുകൂടി അതു പരിശോധിയ്ക്കുന്നു.

ആധുനിക സമുദായത്തിൽ മതവും മതവിശ്വാസവും നിലനിൽക്കുന്നതെന്തുകൊണ്ടാണ്? ലെനിൻ മറുപടി പറയുന്നു:

> "ആധുനിക മുതലാളിത്ത രാജ്യങ്ങളിൽ മതത്തിന്റെ അടിസ്ഥാനം പ്രധാനമായും സാമൂഹ്യമാണ്. അധ്വാനിയ്ക്കുന്ന ബഹുജനങ്ങൾക്ക് നേരിടേണ്ടിവരുന്ന സാമൂഹ്യമർദനങ്ങളുടെ മേലാണ് ആധുനികമതത്തിന്റെ വേരുകൾ ആഴത്തിൽ ഊന്നിപ്പതിഞ്ഞുനിൽക്കുന്നത്. യുദ്ധം, ഭൂകമ്പം തുടങ്ങിയ അപൂർവസംഭവങ്ങളേക്കാൾ ആയിരമിരട്ടി ഭയാനകമായ കഷ്ടാരിഷ്ടങ്ങളെ ദിവസംതോറും, മണിക്കൂറുതോറും, സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന മുതലാളിത്തത്തിന്റെ അന്ധമായ ശക്തികളുടെ മുമ്പിലുള്ള സാധാരണക്കാരുടെ തികഞ്ഞ നിസ്സഹായതയിന്മേലാണ് അത് ഊന്നിനിൽക്കുന്നത്. 'ഭയം ദൈവത്തെ സൃഷ്ടിച്ചു' മൂലധനത്തിന്റെ അന്ധമായ ശക്തികളെക

> റിച്ചുള്ള ഭയം—അതിന്റെ പ്രവർത്തനത്തെ ബഹുജനങ്ങൾക്ക് മുൻകൂട്ടി മനസ്സിലാക്കാൻ കഴിയാത്തതുകൊണ്ടാണ് അത് അന്ധമെന്ന് പറയുന്നത്—ഈ അന്ധമായ ശക്തി തൊഴിലാളികളെയും ചെറുകിട ബിസിനസുകാരനെയും അവരുടെ ജീവിതത്തിന്റെ ഓരോ പടിയിലും, പൊടുന്നനെയുണ്ടാകുന്ന, അപ്രതീക്ഷിതമായ, യാദൃശ്ചികമായ, നാശനഷ്ടങ്ങൾക്കൊണ്ടു ഭീഷണിപ്പെടുത്തുന്നു. പിന്നാലെ വരുന്നത്, പാപ്പരത്തം, ഭിക്ഷയാചിക്കൽ, വ്യഭിചാരം, പട്ടിണിമരണം എന്നിവയാണ്—ഇതാണ് ആധുനികമതത്തിന്റെ നാരായവേര്. ഭൗതികവാദത്തിന്റെ ശിശുപാഠത്തിൽതന്നെ എന്നന്നേയ്ക്കുമായി പറ്റിപിടിച്ച നിൽക്കാനാഗ്രഹിക്കാത്ത, ഓരോ ഭൗതികവാദിയും ഇക്കാര്യം ഏറ്റവും പ്രധാനമായി, എല്ലാറ്റിലുമുപരിയായി ഓർമ്മിച്ചേ തീരൂ."

വേരുകൾ പിഴുതെറിയുകയാണാവശ്യം. അടിയ്ക്കടി പട്ടിണി മരണങ്ങളേയും പാപ്പരത്തങ്ങളേയും സൃഷ്ടിച്ചുവിടുന്ന ജന്മിത്വവും മുതലാളിത്തവുമവസാനിപ്പിച്ച് സോഷ്യലിസം കെട്ടിപ്പടുക്കുകയാണാവശ്യം. മതവിശ്വാസികളല്ലാത്ത ന്യൂനപക്ഷക്കാരെക്കൊണ്ടുമാത്രം ഈ മഹത്തായ കടമ നിറവേറ്റാനാവില്ല. നിരീശ്വരവാദികളെയെന്നപോലെതന്നെ മതവിശ്വാസികളായ ബഹുജനങ്ങളെയും മുതലാളിത്തത്തിനെതിരായി അണിനിരത്തേണ്ടതുണ്ട്. അതുകൊണ്ടാണ് സോഷ്യലിസത്തിനുവേണ്ടി പോരാടാൻ തയ്യാറുള്ള പുരോഹിതൻമാർക്കുപോലും കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗത്വം നൽകണമെന്ന് ലെനിൻ വാദിച്ചത്. ലെനിന്റെ തന്നെ വാക്കുകളിൽ,

> "ഒരു പുരോഹിതൻ നമ്മുടെ പ്രവർത്തനങ്ങളുമായി സഹകരിക്കാൻ വരികയാണെങ്കിൽ—അയാൾ മനസാക്ഷിയോടുകൂടി പാർട്ടി പ്രവർത്തനം നടത്തുകയും പാർട്ടി പരിപാടിയെ എതിർക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ—സോഷ്യലിസത്തിനുവേണ്ടി പൊരുതുന്ന പാർട്ടി അണികളിലേക്ക് നമുക്കയാളെ സ്വാഗതം ചെയ്യാം. എന്നാൽ ഇത്തരം സന്ദർഭങ്ങളിൽ, ഒരു ഭാഗത്ത് നമ്മുടെ പാർട്ടിയുടെ ചൈതന്യവും തത്വങ്ങളും മറുഭാഗത്ത് പുരോഹിതന്റെ മതപരമായ വിശ്വാസങ്ങളും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ അയാളെമാത്രം ബാധിക്കുന്ന ഒരു കാര്യമായിട്ടേ കണക്കാക്കേണ്ടതുള്ളൂ. ഇക്കാര്യത്തിൽ അയാൾ തന്നെത്താൻ നിഷേധിയ്ക്കുക മാത്രമാണ് ചെയ്യുന്നത്. പാർട്ടിമെമ്പർമാരുടെ തത്വശാസ്ത്രവും പാർട്ടി പരിപാടിയും തമ്മിൽ എന്തെങ്കിലും വൈരുദ്ധ്യങ്ങളുണ്ടോ എന്നു നോക്കാൻ വേണ്ടി മെമ്പർമാരെയെല്ലാം പരിശോധിയ്ക്കുക എന്നത് ഒരു രാഷ്ട്രീയപാർട്ടിയ്ക്കും സാധ്യമല്ല... എന്നാൽ ഏതെങ്കിലുമൊരു പുരോഹിതൻ പാർട്ടിയിൽ ചേർന്നശേഷം മതപരമായ ആശയങ്ങൾ പ്രചരിപ്പിയ്ക്കുക എന്നത് മുഖ്യജോലിയാക്കിക്കൊണ്ട് എല്ലായ്പ്പോഴും അതിനുവേണ്ടി മിനക്കെടുകയാണെങ്കിൽ തീർച്ചയായും പാർട്ടിയ്ക്ക് അയാളെ പുറംതള്ളേണ്ടിവരും."

> "ഈശ്വരവിശ്വാസം നിലനിർത്തിപ്പോരുന്ന എല്ലാ തൊഴിലാളികളെയും പാർട്ടിയിൽ ചേർക്കണം. പോരാ അവരെ ചേർക്കാനുള്ള നമ്മുടെ ശ്രമങ്ങൾ ഇരട്ടിപ്പിയ്ക്കുക കൂടി വേണം. ഈ തൊഴിലാളികളുടെ മതവിശ്വാസങ്ങളെ തെല്ലുപോലും ചോദ്യം ചെയ്യുന്നതിന് നമ്മളെതിരാണ്. നാമവരെ നമ്മുടെ കൂടെ ചേർക്കുന്നത് മതത്തിനെതിരായ സമരം നടത്താനല്ല; പിന്നെയോ നമ്മുടെ പരിപാടിയുടെ വെളിച്ചത്തിൽ അവർക്കു പരിശീലനം നൽകുന്നതിനുവേണ്ടിയാണ്."

□

(കമ്മ്യൂണിസ്റ്റ്, 1960 ജൂലൈ)

# 8

# യേശുക്രിസ്തു മോസ്കോവിൽതന്നെ

മർദ്ദനങ്ങൾക്കൊണ്ടും അക്രമങ്ങൾക്കൊണ്ടും റോമൻസാമ്രാജ്യം തകരാൻ തുടങ്ങിയ കാലഘട്ടം; മർദ്ദിതരായ അടിമകളും മർദ്ദകരായ ഉടമകളും തമ്മിലുള്ള വർഗ്ഗസമരം മൂർദ്ധന്യത്തിലെത്തിയ ഒരു സന്ദർഭം; പ്രമാണികളും ധനാഢ്യരുമായ ഉടമകളുടെ അധികാരശക്തി അതിർകവിഞ്ഞതായിരുന്നു. അടിമകൾക്ക് യാതൊരുതരം സ്വാതന്ത്ര്യവുമുണ്ടായിരുന്നില്ല. ഉടമകൾക്ക് അവരെ ചവിട്ടാം, കുത്താം, തീവെയ്ക്കാം, അംഗഭംഗം വരുത്താം, കൊല്ലാം—എന്തുവേണമെങ്കിലും ചെയ്യാം. ശക്തിയോടുള്ള ബഹുമാനം, ദൗർബ്ബല്യത്തോടുള്ള പുച്ഛം, അനിയന്ത്രിതമായ സുഖഭോഗങ്ങൾ—ഇതായിരുന്നു ഉടമകളുടെ തത്വശാസ്ത്രം, മൃഗങ്ങളുടേതിനേക്കാൾ നികൃഷ്ടമായിരുന്ന ജീവിതം—അതായിരുന്നു അടിമത്തം.

പക്ഷേ, അടിമകൾ മൃഗങ്ങളായിരുന്നില്ല. അവർ മനുഷ്യരായിരുന്നു. മർദ്ദനങ്ങളെ നിശബ്ദമായി സഹിക്കാൻ അവർ തയ്യാറുണ്ടായിരുന്നില്ല. മർദ്ദകരായ ഉടമകൾക്കെതിരായി അവർ അനവധി തവണ കലാപം നടത്തി. എന്നാൽ ഓരോ കലാപവും നിർദ്ദയമായി അടിച്ചമർത്തപ്പെടുകയാണുണ്ടായത്. വീണ്ടും വീണ്ടും അവർ പോരാടിനോക്കി, വീണ്ടും വീണ്ടും പരാജയപ്പെട്ടു. രണ്ടുകൊല്ലത്തോളം നീണ്ടുനിന്ന സംഘടിതവും, ചരിത്രപ്രസിദ്ധവുമായ സ്പാർട്ടേക്കസ് ലഹള (20-22 ബി. സി.) പോലും തോൽവിയടയുകയാണ് ചെയ്തത്. ഇനിയെന്താണ് ചെയ്യുക? ആശയ്ക്കെന്താണ് വഴി? അമാനുഷികമായ ഏതെങ്കിലും ഇന്ദ്രജാലംകൊണ്ടല്ലാതെ രക്ഷയില്ലെന്ന് തോന്നി. ശക്തനായ ഒരു സംരക്ഷകൻ. ഒരു ദൈവപുത്രൻ, ഒരു പ്രവാചകൻ, സ്വന്തം ത്യാഗംകൊണ്ട് തങ്ങളെ രക്ഷിക്കാൻ കഴിവുള്ള ഒരു മഹാത്മാവ് ആരെങ്കിലും തങ്ങളെ മോചിപ്പിക്കാൻ വന്നെങ്കിൽ!

ഈ ഘട്ടത്തിലാണ് നസ്രേത്തുകാരനായ ഒരാശാരിയുടെ മകൻ അവർക്കിടയിൽ തലയുയർത്തി നിന്നുകൊണ്ട് അവരെ ആഹ്വാനം ചെയ്തത്.

> “അദ്ധ്വാനിക്കുന്നവരേ! ഭാരം ചുമക്കുന്നവരേ! എല്ലാവരും എന്റെ അടുത്തുവരുവിൻ. ഞാൻ നിങ്ങൾക്ക് സമാധാനം തരാം.”

മർദ്ദിതരായ ദരിദ്രൻമാരെയും അവശരേയും അദ്ദേഹം സമാശ്വസിപ്പിച്ചു. “ദരിദ്രൻമാരേ, പാപികളേ, പുച്ഛിക്കപ്പെടുന്നവരേ നാളത്തെ ലോകം നിങ്ങൾക്കുവേണ്ടിയുള്ളതാകക്കൊണ്ട് സന്തോഷിച്ച് ഉല്ലസിക്കുക!”

മർദ്ദകവർഗ്ഗക്കാരുടെ നേരെ ക്രോധാഗ്നി വിതറിക്കൊണ്ട് അദ്ദേഹം ഗർജ്ജിച്ചു:

> "പാമ്പുകളെ, സർപ്പസന്തതികളേ! നരകശിക്ഷയിൽ നിന്നു നിങ്ങൾ എങ്ങനെ തെറ്റിയൊഴിയും?"

ഭൂരിപക്ഷക്കാരായ ദരിദ്രൻമാരെ ചൂഷണംചെയ്യുന്നവർക്കെതിരായി അദ്ദേഹം താക്കീതുചെയ്തു:

> "ദരിദ്രൻമാരുടെ ന്യായം മുറിച്ചുകളവാനും എളിയവരുടെ അവകാശം ഇല്ലാതാക്കുവാനും വിധവമാർ തങ്ങൾക്കു കൊള്ളയായിത്തീരുവാനും അനാഥൻമാരെ തങ്ങൾക്കിരയാക്കുവാനും തക്കവണ്ണം നീതികെട്ട ചട്ടം നിയമമാക്കുന്നവർക്കും അനർത്ഥം എഴുതിവയ്ക്കുന്നവർക്കും—ഹാ, കഷ്ടം സന്ദർശനദിവസത്തിലും ദൂരത്തുനിന്നു വരുന്ന വിനാശത്തിലും നിങ്ങൾ എന്തുചെയ്യും?" (യെശയ്യാവ്: X-1, 2, 3)

പുറത്തു കുരടാവുകൊണ്ടുള്ള അടികളുടേയും നെറ്റിമേൽ ചൂട്ടുവച്ചതിൻറേയും പാടുകൾ വഹിക്കുന്ന അടിമകൾ ആവേശം കൊണ്ടു. ക്രിസ്തുവിന്റെ വാക്കുകൾ അവരുടെ ഹൃദയങ്ങളുടെ വ്രണങ്ങൾക്കു മുറികെട്ടിക്കൊടുത്തു. അധികൃതർ, മർദ്ദിതർ, ചവിട്ടിത്തേയ്ക്കപ്പെട്ടവർ, മീൻപിടുത്തക്കാർ, കൈവേലക്കാർ, കണ്ണീരുംകൈയ്യുമായി കഴിയുന്നവർ—എല്ലാവരും അദ്ദേഹത്തെ തങ്ങളുടെ ദൈവപുത്രനായും തങ്ങളുടെ പ്രവാചകനായും അംഗീകരിച്ചു. ആയിരക്കണക്കിലുള്ള അടിമകൾ അദ്ദേഹത്തിന്റെ പിന്നിൽ അണിനിരന്നു.

മർദ്ദകൻമാരാകട്ടെ പേടിച്ചുവിറച്ചു. അവരുടെ ധിക്കാരങ്ങളും സ്ഥാപിതതാൽപര്യങ്ങളും മാത്രമല്ല, അവരുടെ ദൈവങ്ങൾപോലും വെല്ലുവിളിക്കപ്പെട്ടു. ഒടുവിൽ യൂദാസിന്റെ സഹായത്തോടുകൂടി അവർ യേശുവിനെ കുരിശ്ശിലേറ്റി. മർദ്ദിതവർഗ്ഗക്കാരുടെ നേതാവായ ആ മഹാത്മാവിന്റെ ശരീരത്തിൽനിന്ന് രക്തമൊഴുകുന്നത് കണ്ട് അവർ ആഹ്ലാദിച്ച് പൊട്ടിച്ചിരിച്ചു.

പക്ഷേ, യേശുക്രിസ്തു മരിച്ചില്ല. നൂറുകണക്കിലുള്ള ശിഷ്യഗണങ്ങളുടെ നാവുകളിൽ, ലക്ഷക്കണക്കിലുള്ള ജനങ്ങളുടെ ഹൃദയങ്ങളിൽ, അദ്ദേഹം ഉയർത്തെഴുന്നേറ്റു.

പഴയ മതങ്ങളുടെ സ്ഥാനത്ത് പുതിയൊരു മതം പൊന്തിവന്നു. വർഗ്ഗവ്യത്യാസമില്ലാതെ, സ്ത്രീപുരുഷഭേദമില്ലാതെ, എല്ലാവരുടെയും മുന്നിൽ അതിന്റെ വാതിലുകൾ തുറന്നിടപ്പെട്ടു. ഗ്രീക്കുകാരനായാലും ശരി, റോമാക്കാരനായാലും ശരി, ജൂതനായാലും ശരി, ബാർബേറിയനായാലും ശരി അടിമയായാലും ശരി, വോട്ടവകാശമില്ലാത്തവനായാലും ശരി, എല്ലാവരും സമൻമാർ, എല്ലാവരുടെ മുമ്പിലും ക്രിസ്തുവിന്റെ ആദർശങ്ങൾ ഉയർന്നുനിന്നു.

## II

എന്തായിരുന്നു അന്നത്തെ സ്ഥിതി? യെരുശലേമിലേക്കു നോക്കു:

> "അതിന്റെ അകംമുഴുവനും പീഡനം നിറഞ്ഞിരിക്കുന്നു. കിണറ്റിൽ പച്ചവെള്ളം നിറഞ്ഞിരിക്കുന്നതുപോലെ അതിൽ എപ്പോഴും ദുഷ്ടത സംഭവിക്കുന്നു. സാഹസവും കവർച്ചയുമേ അവിടെ കേൾപ്പാനുള്ളു. എന്റെ മുന്നിൽ എപ്പോഴും ദീനവും മുറിവും മാത്രമേയുള്ളു." (ജെരെമിയാ: VI-7)

യെരുശലേമിൽ മാത്രമല്ല, റോമൻസാമ്രാജ്യത്തിലൊട്ടുക്കും ഇതായിരുന്നു സ്ഥിതി.

യേശുവിന്റെ ശിഷ്യൻമാരും അനുയായികളും സാധാരണക്കാരായ ജനങ്ങൾക്കിടയിൽ ജീവിച്ചുകൊണ്ട്, മർദ്ദിതരായ അടിമകളുടെ സുഖദുഃഖങ്ങളിൽ പങ്കുകൊണ്ടുകൊണ്ട്, തങ്ങളുടെ മഹാനായ പ്രവാചകന്റെ ഉപദേശങ്ങളും സിദ്ധാന്തങ്ങളും പ്രചരിപ്പിച്ചു. അവർ തെരുവുതോറും നടന്നു പ്രസംഗിച്ചു: അടിമകളും മറ്റുള്ളവരെപ്പോലെതന്നെ മനുഷ്യരാണ്!

> "ഹൃദയം തകർന്നവരെ മുറികെട്ടുവാനും തടവുകാർക്ക് മോചനവും അടിമകൾക്ക് സ്വാതന്ത്ര്യവും അറിയിപ്പാനും യഹോവയുടെ പ്രസാദവർഷവും നമ്മുടെ ദൈവത്തിന്റെ പ്രതികാരദിവസവും പ്രസിദ്ധമാക്കുവാനും ദുഃഖിതന്മാരെയൊക്കെയും ആശ്വസിപ്പിക്കാനും സിയോനിലെ ദുഃഖിതൻമാർക്ക് വെണ്ണീറിനു പകരം അലങ്കാരമാലയും ദുഃഖത്തിനു പകരം ആനന്ദത്തൈലവും വിഷണ്ണമനസ്സിനു പകരം സ്തുതി എന്ന മേലാപ്പും കൊടുപ്പാനും അവൻ എന്നെ അയച്ചിരിക്കുന്നു." (യെശയ്യാവ്: LXI-2,3)

ദുഃഖിതൻമാരുടെ ദുഃഖത്തിന് കാരണമെന്താണെന്ന് അവൻ നോക്കിക്കണ്ടു:

> "എന്റെ ജനങ്ങൾക്കിടയിൽ ഞാൻ ദുഷ്ടൻമാരെ കാണുന്നു. അവർ വേടൻമാരെപ്പോലെ പതിയിരിക്കുന്നു. അവർ കുടുക്കവെച്ച് മനുഷ്യരെ പിടിയ്ക്കുന്നു. കൂട്ടിൽ പക്ഷി നിറഞ്ഞിരിക്കുന്നതുപോലെ അവരുടെ വീട്ടിൽ വഞ്ചന നിറഞ്ഞിരിക്കുന്നു. അങ്ങനെ അവർ പ്രമാണികളും ധനവാൻമാരുമായിത്തീർന്നിരിക്കുന്നു. അവർ പുഷ്ടിവച്ച് മിന്നുന്നു. ദുഷ്കാര്യങ്ങളിൽ അവർ കവിഞ്ഞിരിക്കുന്നു. അവർ അനാഥൻമാർക്കു ഗുണം വരത്തക്കവണ്ണം അവരുടെ വ്യവഹാരം നടത്തുന്നില്ല. ദരിദ്രൻമാർക്ക് ന്യായപാലനം ചെയ്യുന്നതുമില്ല. ഇങ്ങനെയുള്ള ജാതിയോട് ഞാൻ പകരം ചെയ്യാതിരിക്കുമോ എന്ന് യഹോവയുടെ അരുളപ്പാട്." (ജെരെമിയ: V-26,27,28,29)

എന്നിട്ട്, മർദ്ദകൻമാരുടെ നേർക്ക് കൈവിരൽ ചൂണ്ടിക്കൊണ്ട് അവർ അലറി:

> "നിങ്ങൾ നശിക്കട്ടെ! നിങ്ങൾ തീ കൊണ്ട് നശിക്കപ്പെടുന്ന ദിവസം വിദൂരമല്ല. നിങ്ങളുടെ അരമനകൾ വെണ്ണീറിൽ കുഴിച്ചിടപ്പെടും! ചെന്നായ്ക്കൾ നഗരത്തിലെ തെരുവിലൂടെ അലഞ്ഞുനടക്കും."

ഇങ്ങനെ ക്രിസ്തുവിന്റെ ആശയങ്ങൾ—മർദ്ദിത വർഗ്ഗക്കാരോട് അതിരുകവിഞ്ഞ സ്നേഹവും സൗഹാർദ്ദവും മർദ്ദകവർഗ്ഗക്കാരോട് കഠിനമായ വെറുപ്പും നിറഞ്ഞൊഴുകുന്ന ആ സിദ്ധാന്തങ്ങൾ—അതിവേഗം പടർന്നുപിടിച്ചു.

മർദ്ദകൻമാർ ബേജാറായി. പുതിയമതം മർദ്ദിതരും ചൂഷിതരുമായ അടിമകളെ മനുഷ്യരായി കണക്കാക്കുന്നു! അവർക്കെങ്ങനെ ക്രോധം വരാതിരിക്കും? അവർ എല്ലാത്തരം മർദ്ദനങ്ങളുമെടുത്തു പ്രയോഗിച്ചു. അവർ ക്രിസ്ത്യാനികളെ കാളകളുടെ കാലിൻമേൽ കെട്ടി പെരുവഴിയിലൂടെ വലിച്ചിഴച്ചു; കാട്ടുമൃഗങ്ങൾക്ക് തീറ്റിയിട്ടുകൊടുത്തു; കുരിശിൻമേൽ തറച്ചു കൊലചെയ്തു. മർദ്ദിതവർഗ്ഗക്കാരുടെ പ്രതിനിധികളായതുകൊണ്ട്, ഇന്നത്തെ കമ്മ്യൂണിസ്റ്റുകാരെപ്പോലെതന്നെ അന്നത്തെ ക്രിസ്ത്യാനികളും നിരവധി ക്ലേശങ്ങളും മർദ്ദനങ്ങളും സഹിക്കേണ്ടിവന്നു. ഇന്നത്തെ കമ്മ്യൂണിസ്റ്റുകാരെപ്പോലെ തന്നെ അന്നത്തെ ക്രിസ്ത്യാനികളും ഒളിവിലിരുന്ന് പ്രവർത്തിക്കേണ്ടിവന്നു. ഇന്നത്തെ കമ്മ്യൂണിസ്റ്റുകാരെപ്പോലെതന്നെ അന്നത്തെ ക്രിസ്ത്യാനികളും വേട്ടയാടപ്പെട്ടു, മൃഗീയമായി മർദ്ദിക്കപ്പെട്ടു. പക്ഷേ, എന്തായിട്ടും, ഇന്നത്തെ കമ്മ്യൂണിസ്റ്റുകാരെപ്പോലെത്തന്നെ അന്നത്തെ ക്രിസ്ത്യാനികളും കൂടുതൽ കൂടുതൽ ശക്തിപ്പെടുകയാണ് ചെയ്തത്. കൂടുതൽ കൂടുതൽ ജനങ്ങൾ അവരുടെ പിന്നിൽ അണിനിരക്കുകയാണ് ചെയ്തത്.

1895-ൽ ഏംഗൽസ് ചൂണ്ടിക്കാണിച്ചു:

> “ശരിക്ക് 16 നൂറ്റാണ്ടുകൾക്ക് മുമ്പ് അപകടം പിടിച്ച ഒരു വിദ്രോഹപ്പാർട്ടി റോമൻ സാമ്രാജ്യത്തിൽ വലിയൊരിളക്കമുണ്ടാക്കി. മതത്തേയും ഭരണയന്ത്രത്തിന്റെ അടിത്തറകളേയും അതു തുരങ്കംവച്ചു. സീസറുടെ ഇച്ഛയാണ് പരമമായ നിയമം എന്ന വാദത്തെ അതു പരിപൂർണ്ണമായും നിഷേധിച്ചു. അതിനു സ്വന്തമായി ഒരു മാതൃഭൂമിയുണ്ടായിരുന്നില്ല—അത് സാർവ്വദേശീയമായിരുന്നു. സാമ്രാജ്യത്തിലെ എല്ലാ രാജ്യങ്ങളിലും ഗാൾ മുതൽ ഏഷ്യ വരേയും, സാമ്രാജ്യാതിർത്തികൾക്കപ്പുറത്തേയ്ക്കും അതു വ്യാപിച്ചു. വളരെക്കാലം രഹസ്യമായിട്ടാണ്, അണ്ടർഗ്രൗണ്ടിൽ, കഴിച്ചുകൂട്ടിക്കൊണ്ടാണ് അത് പ്രക്ഷോഭം നടത്തിയത്. ഒടുവിൽ, പരസ്യമായി പ്രവർത്തിക്കവണ്ണം ശക്തിനേടിക്കൊണ്ട് അത് പുറത്തുവന്നു പ്രവർത്തിച്ചു. വിദ്രോഹത്തിന്റെ ഈ പാർട്ടി ക്രിസ്ത്യാനികൾ എന്ന പേരിലാണറിയപ്പെട്ടിരുന്നത്...” (ഏംഗെൽസ്: ‘ഫ്രാൻസിലെ വർഗ്ഗസമരങ്ങൾ’ എന്ന പുസ്തകത്തിന്റെ മുഖവുരയിൽ)

ക്രിസ്തുവിന്റെ മാർഗ്ഗത്തിൽ നിന്നു ജനങ്ങളെ വ്യതിചലിപ്പിക്കാനും വീണ്ടെടുക്കാനും വേണ്ടി മർദ്ദകവർഗ്ഗക്കാരും അവരുടെ യുദാസ്സുകളും പലതരം പ്രലോഭനങ്ങളും പ്രയോഗിച്ചുനോക്കി. അവർ വാഗ്ദാനം ചെയ്തു: “ചക്രവർത്തിയെ ഒന്നു വന്ദിച്ചാൽ മതി, നിങ്ങളുടെ ജീവനെ രക്ഷിക്കാം.”

ചെറിയകുട്ടികൾ പോലും തലയുയർത്തിപ്പിടിച്ചുകൊണ്ട് മറുപടി പറഞ്ഞു: “ഞങ്ങൾ ക്രിസ്ത്യാനികളാണ്!”. ചിറയ്ക്കൽ താലൂക്കിലെ എം. എസ്. പി. മർദ്ദനകാലത്ത് ബാലസംഘക്കാർക്ക് ‘ഈങ്കിലാബ്’ വിളിച്ചതുപോലെ!

വീണ്ടും മർദ്ദനങ്ങൾ! നീചവും മൃഗീയവുമായ പൈശാചികതകൾ! ഒടുവിൽ ക്രിസ്ത്വാബ്ദം 303-ലെ ആ കൂട്ടക്കൊല! നിക്കോമീഡിയയിലുള്ള രാജകീയകൊട്ടാരം തീവെച്ചു നശിപ്പിച്ചുവെന്നതാണത്രേ കാരണം. ആ ‘കമ്മ്യൂണിസ്റ്റാക്രമ’ണത്തോട്—തെറ്റിപ്പോയി, ആ ‘ക്രിസ്ത്യൻ അക്രമ’ത്തോട്—പകവീട്ടാൻ വേണ്ടി പതിനായിരക്കണക്കിലുള്ള ക്രിസ്തുമതവിശ്വാസികൾ നിർദ്ദയം കൂട്ടക്കൊലചെയ്യപ്പെട്ടു.

എന്നിട്ടും കമ്മ്യൂണിസ്റ്റ് പാർട്ടി—അല്ല, ക്രിസ്തുമതം—നശിച്ചില്ല. അതു കാട്ടുതീപോലെ പടർന്നുപിടിച്ചു.

## III

കൊല്ലങ്ങൾ കടന്നുപോയി. മൂന്നാം നൂറ്റാണ്ട് കഴിഞ്ഞു. നാലാം നൂറ്റാണ്ടായി. ഒടുവിൽ പുതിയ മതത്തെ അടിച്ചമർക്കാനാവില്ലെന്ന് ബോധ്യമായപ്പോൾ, യുദാസുകൾ അടവുമാറ്റി. തങ്ങളും ക്രിസ്തുവിന്റെ അനുയായികളാണെന്ന് അവർ ഉച്ചത്തിൽ വിളിച്ചുപറയാൻ തുടങ്ങി.

ചക്രവർത്തിമാരാണ് ഈ ചപ്പടാച്ചിക്ക് നേതൃത്വം നൽകിയത്. ആഭ്യന്തരക്കുഴപ്പംകൊണ്ട് താറുമാറായിക്കൊണ്ടിരിക്കുന്ന തങ്ങളുടെ വിശാലമായ സാമ്രാജ്യത്തെ ഒന്നാക്കി യോജിപ്പിച്ച് നിർത്തുന്നതിന് സാർവ്വലൗകികമായ ഒരു മതത്തിന്റെ സഹായം ആവശ്യമാണെന്ന് അവർ കണ്ടുപിടിച്ചു.

അങ്ങനെ ക്രിസ്ത്വാബ്ദം 303-ലെ കുപ്രസിദ്ധമായ കൂട്ടക്കൊലയ്ക്കു ശേഷം 17 കൊല്ലംകൂടി കഴിഞ്ഞപ്പോൾ കോൺസ്റ്റാൻടൈൻ ചക്രവർത്തി, വലിയ ആർഭാടത്തോടുകൂടി, ക്രിസ്തുമതം സ്റ്റേറ്റിന്റെ മതമായി സ്വീകരിച്ചു.

വാൾ കുരിശിനെ ആലിംഗനം ചെയ്തു! മർദ്ദകനായ കോൺസ്റ്റാൻടൈൻ ‘മഹാനായ’ കോൺസ്റ്റാൻടൈനായി തീർന്നു!

തങ്ങളുടെ സ്ഥാപിതതാൽപര്യങ്ങളെ കാത്തുരക്ഷിക്കാൻ പഴയ ദൈവങ്ങളെക്കാളുമധികം യേശുവാണ് കൂടുതൽ ഉപകരിക്കുക എന്നവർ കണ്ടുപിടിച്ചു.

ചക്രവർത്തിയും മാർപാപ്പയും കെട്ടിപ്പിടിച്ചു!

അവർ അടിമകളെ 'ക്രിസ്തുവിന്റെ സഹോദരൻമാർ' എന്നു വിളിച്ചു. പക്ഷേ, അവർക്കു മോചനം നൽകിയില്ല. അവർ അടിമകൾക്ക് 'സ്വർഗ്ഗത്തിന്റെ രാജ്യം' വാഗ്ദാനം ചെയ്തു. പക്ഷേ, ഭൂമിയുടെ രാജ്യത്തിൽ അടിമകൾ അടിമകൾ തന്നെ! നിലവിലുള്ള സാമൂഹ്യാസമത്വങ്ങളെ നിലനിർത്താൻ വേണ്ടി കിരീടവും കുരിശും പരസ്പരം കൈകോർത്തു പിടിച്ചു. മർദ്ദിതരുടെ നേതാവായ യേശുക്രിസ്തുവിന്റെ 'കെയറോഫിൽ' അവർ എല്ലാത്തരം മർദ്ദനങ്ങളെയും അനുഗ്രഹിച്ചു. വാളിനേയും, കുന്തത്തേയും അവർ ളോഹയണിയിച്ചു. മർദ്ദകവർഗ്ഗക്കാരുടെ ദണ്ഡനീതിശാസ്ത്രത്തിന് അവർ ദൈവകൽപ്പനയുടെ സ്വാസ്യം നൽകി.

മർദ്ദകനെ സ്നേഹിക്കാനും പെരുമ്പാമ്പിനെ ആലിംഗനം ചെയ്യാനും അവരുപദേശിച്ചു. പട്ടിണിയിലും കഷ്ടപ്പാടിലും കിടന്നു നരകിക്കുന്ന മർദ്ദിതരോട് ശാന്തരായിരിക്കുവാൻ അവരാഹ്വാനം ചെയ്തു. ഇഹലോകത്തിൽ അനീതികളേയും ചൂഷണങ്ങളേയും ക്ഷമയോടെ സഹിക്കുന്നവർക്ക് മരണത്തിനുശേഷം സ്വർഗ്ഗത്തിലേക്ക് ഫ്രീടിക്കറ്റു നൽകുന്നതാണെന്ന് അവർ വാഗ്ദാനം ചെയ്തു!

അങ്ങനെ അടിമകളെ ആവേശം കൊള്ളിക്കാനായി ഉയർന്നുവന്ന ക്രിസ്തുമതം നിലവിലുള്ള ചൂഷണവ്യവസ്ഥകളെ നിലനിർത്താനും സ്ഥാപിതതാൽപര്യങ്ങളെ കാത്തുരക്ഷിക്കാനുമുള്ള ഒരാത്മീയായുധമായി ഉപയോഗിക്കുവാൻ തുടങ്ങി.

## IV

അതിനുശേഷമുള്ള പള്ളിയുടെ ചരിത്രം കറുത്തിരുണ്ട ഭീകരതകളുടെ ചരിത്രമാണ്. മനുഷ്യത്വത്തിനെതിരായ എല്ലാ പിന്തിരിപ്പൻ സ്ഥാപിത താൽപര്യങ്ങളെയും അവർ പിന്താങ്ങി. പുരോഗമനപരമായ എല്ലാറ്റിനേയും അതെതിർത്തു. ശാസ്ത്രസംബന്ധിയായ കണ്ടുപിടിത്തങ്ങളെ അവർ പല്ലിളിച്ചുകാട്ടി. പുരോഗമനപരമായ ചിന്താഗതികളേയും ആശയങ്ങളെയും അത് നിയമവിരുദ്ധമാക്കി. വെളിച്ചത്തിന്റെ നേർക്ക് യുദ്ധം പ്രഖ്യാപിച്ചു. ഇരുട്ടിനെ ആലിംഗനം ചെയ്തു. നിലമുടമകൾക്കെതിരായ ജനാധിപത്യപ്രസ്ഥാനങ്ങളെ ആക്ഷേപിച്ചു; മുതലാളിത്തത്തിനെതിരായ സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളെ എതിർത്തു; എല്ലാം യേശുക്രിസ്തുവിന്റെ പേരിൽ! ആത്മീയതയുടെയും ആദ്ധ്യാത്മികതയുടെയും പേരിൽ.

ഓ! അവരുടെ ഒരാദ്ധ്യാത്മികത! അവർ ഭൗതികകാര്യങ്ങളുടെ വിരോധികളാണത്രേ! ആദ്ധ്യാത്മികകാര്യങ്ങൾക്കുവേണ്ടി, ഭൗതികകാര്യങ്ങളെ എതിർക്കാൻ വേണ്ടി അവർ എന്താണ് ചെയ്തത്? കഴിഞ്ഞ ഒന്നുരണ്ടുനൂറ്റാണ്ടുകളിലേയ്ക്കെങ്കിലും ഒന്ന് കണ്ണോടിച്ചുനോക്കു.

1789-ൽ ഫ്രഞ്ച് വിപ്ലവം പൊട്ടിപ്പുറപ്പെട്ടപ്പോൾ മാർപാപ്പ തിരുമേനി അതിനെ എതിർത്തു.

1848-49-ൽ ഇറ്റലിയിൽ സ്വാതന്ത്ര്യസമരം പൊട്ടിപ്പുറപ്പെട്ടപ്പോളും മാർപാപ്പ പിന്തിരിപ്പനായാണ് സഹായിച്ചത്. പുതിയ നിയമങ്ങളെ പിന്താങ്ങിയവരെല്ലാം ഭ്രഷ്ടാക്കപ്പെട്ടു.

1917-ലെ റഷ്യൻ വിപ്ലവത്തിൽ നിന്നുയർന്നുവന്ന തൊഴിലാളിഭരണത്തിന്റെ നേരെ അവർ ഒരു കുരിശുയുദ്ധംതന്നെ പ്രഖ്യാപിച്ചു.

1922-ൽ ഇറ്റലിയിൽ ഫാഷിസ്റ്റ് സ്വേച്ഛാധിപത്യമാരംഭിച്ചപ്പോൾ “ജനാധിപത്യത്തേയും പാർലമെൻററി സ്ഥാപനങ്ങളേയും ഇഷ്ടപ്പെടാത്ത” പീയൂസ് പതിനൊന്നാമൻ മുസ്സലിനിയെ അനുഗ്രഹിച്ചു: “ദൈവം അയച്ചുതന്ന ഒരു മനുഷ്യനാണദ്ദേഹം.”

ഫാഷിസ്റ്റ് ചെന്നായ്ക്കളുടെ ആക്രമണ യുദ്ധങ്ങളെയെല്ലാം, മാർപാപ്പ സഹായിച്ചു. 1935-36 ലെ അബിസിനീയൻ യുദ്ധം, 1938-ൽ ഓസ്ട്രിയയുടെ നേർക്കുണ്ടായ ബലാൽക്കാരം, 1939-ൽ ചെക്കോസ്ലോവോക്കിയയുടെ നേർക്കുണ്ടായ കയ്യേറ്റം, 1911-ൽ സോവിയറ്റ് യൂണിയന്റെ നേർക്കുണ്ടായ അവസാനത്തെ മരണയുദ്ധം—എല്ലായിടത്തും ആക്രമികളെയാണ വത്തിക്കാൻ അനുഗ്രഹിച്ചത്. കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ നേതൃത്വത്തിൽ എവിടെയെല്ലാം പട്ടിണിയുടെയും തൊഴിലില്ലായ്മയുടെയും ഭരണം അവസാനിപ്പിയ്ക്കപ്പെട്ടിട്ടുണ്ടോ, എവിടെയെല്ലാം സ്ഥാപിതതാൽപ്പര്യക്കാരായ മർദ്ദകൻമാർ പിഴുതെറിയപ്പെട്ടിട്ടുണ്ടോ, എവിടെയെല്ലാം മനുഷ്യത്വത്തിന്റെ മഹനീയത ഉയർത്തിപ്പിടിയ്ക്കപ്പെടുന്നുണ്ടോ, അവിടെയെല്ലാം സ്വന്തം ചാരൻമാർ വഴി തുരപ്പൻപണികൾ സംഘടിപ്പിച്ചുകൊണ്ടിരിക്കുകയാണദ്ദേഹം. എന്തിന്? ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിനുനേർക്ക് അദ്ദേഹമനുവർത്തിച്ചുപോന്നിട്ടുള്ള നയമെന്താണ്?

ഇന്ന് മാർപാപ്പയുടെ ഏറ്റവും വലിയ ശത്രു സോവിയറ്റ് യൂണിയനാണ്. സോഷ്യലിസവും കമ്മ്യൂണിസവുമാണ്. സ്വകാര്യസ്വത്തുടമയ്ക്കെതിരായ എല്ലാ പ്രസ്ഥാനങ്ങളുടെയും ശത്രുവാണദ്ദേഹം.

## V

ആരാണീ മാർപാപ്പ? ഏറ്റവും വലിയൊരു നിലമുടമസ്ഥൻ. വൻകിട കുത്തകബാങ്കുകളിൽ നിന്നും, വൻകിട വ്യവസായ സ്ഥാപനങ്ങളിൽ നിന്നും, ലക്ഷക്കണക്കിനുള്ള ഷെയറുകളുടെ ലാഭം വാങ്ങുന്ന ഒരു പിന്തിരിപ്പൻ മുതലാളി!

“തന്റെ അപ്പം വിശക്കുന്നവന് കൊടുക്കുകയും നഗ്നനെ ഉടുപ്പിയ്ക്കുകയും പലിശയ്ക്കു കൊടുക്കുകയോ ലാഭം വാങ്ങുകയോ ചെയ്യാതിരിക്കുകയും ചെയ്യണമെന്ന്” ആര് ഉപദേശിച്ചുവോ ആ മഹാനായ യേശുക്രിസ്തുവിന്റെ പേരിൽ മാർപാപ്പ തിരുമേനി കൊല്ലത്തിൽ (രണ്ടാം ലോകമഹായുദ്ധത്തിനു മുമ്പുള്ള കണക്കുപ്രകാരം) 18,00,00,000 ലിറ ആദായമുണ്ടാക്കുന്നു. തെക്കൻ അമേരിക്കയിൽ പ്രവർത്തിക്കുന്ന ഫ്രഞ്ച് ഇറ്റാലിയൻ ബാങ്ക് വത്തിക്കാന്റെ സ്വകാര്യസ്വത്താണ്. യുദ്ധത്തിന് മുമ്പ് അതിന്റെ മൂലധനം അഞ്ച് കോടി ഫ്രാങ്കായിരുന്നു. യുദ്ധത്തിന് മുമ്പ് ഫ്രഞ്ച് ജോയിൻറ് സ്റ്റോക്ക് കമ്പനികളിലെല്ലാം കൂടി വത്തിക്കാന് 20 കോടി ഫ്രാങ്ക് നിക്ഷേപിച്ചിരുന്നു. ഇറ്റാലിയൻ കണക്കുകൾ പ്രകാരം വത്തിക്കാന് ലോകത്തിലാകെയുള്ള മൂലധനനിക്ഷേപം 30,000 കോടി ലിറയോളം വരും. വിദ്യുച്ഛക്തി, ലോഹഖനികൾ, ഗതാഗതം, ടെക്സ്റ്റൈൽസ്, ഭൂസ്വത്തുക്കൾ, ഇൻഷ്വറൻസ് കമ്പനികൾ—എല്ലാറ്റിലും അദ്ദേഹത്തിന്റെ മൂലധനമുണ്ട്. 40 കത്തോലിക്കാ ബാങ്കുകളും നൂറോളം മറ്റു ബാങ്കുകളും അദ്ദേഹത്തിന്റെ നിയന്ത്രണത്തിലാണ്. ഇറ്റലിയിൽ മാത്രം 38,000 കോടി ലിറ വിലിപിടിച്ച സ്ഥാവരവസ്തുക്കളും വത്തിക്കാനുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഒരു ഭരണകൂടത്തിന്റെ തന്നെ അധിപനാണദ്ദേഹം.

ഇങ്ങനെയാണ് മാർപാപ്പ തിരുമേനി ആത്മീയകാര്യങ്ങളെ കാത്തുരക്ഷിക്കുന്നത്?

മാർപാപ്പ മാത്രമല്ല, കത്തോലിക്കാപ്പള്ളിയുടെ മറ്റു നേതാക്കളും ഏതാണ്ടിതേ മാതൃകയാണ് പിന്തുടരുന്നത്. ഇംഗ്ലണ്ടിൽ ഒട്ടാകെയുള്ള നിലത്തിന്റെ മൂന്നിലൊരുഭാഗം ബിഷപ്പുമാരുടെ സ്വകാര്യസ്വത്താണ്. തിരുവിതാംകൂറിൽ ഭൂസ്വത്തുക്കളുടെ ഗണ്യമായ ഒരു ഭാഗം കത്തോലിക്കാ പുരോഹിതമേധാവികളുടെ കയ്യിലാണ്. ഈ വമ്പിച്ച സ്വത്തുക്കളത്രയും കയ്യടക്കിവച്ചുകൊണ്ടാണ് അവർ കമ്മ്യൂണിസ്റ്റുകാരുടെ 'ഭൗതികവാദ'ത്തെ എതിർക്കുന്നത്! ലക്ഷക്കണക്കിലുള്ള കൃഷിക്കാരുടെയും തൊഴിലാളികളുടെയും അധ്വാനഫലം കവർന്നെടുത്ത് എല്ലാത്തരത്തിലുമുള്ള സുഖഭോഗങ്ങളിൽ കിടന്നുകൂത്താടിക്കൊണ്ടാണ് അവർ കമ്മ്യൂണിസ്റ്റുവിരോധം പ്രസംഗിക്കുന്നത്. നാവിൽ യേശുക്രിസ്തുവിനെയും ഹൃദയത്തിൽ യൂദാസിനെയും പേറിക്കൊണ്ട് അവർ പട്ടണങ്ങൾതോറും നടന്നു പ്രസംഗിക്കുന്നു, തെരുവുതോറും നടന്ന് മുക്രയിടുന്നു, കമ്മ്യൂണിസ്റ്റുകാർ ക്രിസ്തുവിന്റെ ശത്രുക്കളാണെന്ന്! പാട്ടം കുറച്ചുകിട്ടാൻ വേണ്ടിയും ഒഴിപ്പിക്കലിനെതിരായും, കൃഷിക്കാർ നടത്തുന്ന പ്രക്ഷോഭങ്ങൾ, കൂലികൂട്ടിക്കിട്ടാൻവേണ്ടിയും പിരിച്ചുവിടലിനെതിരെയും തൊഴിലാളികൾ നടത്തുന്ന സമരങ്ങൾ, ഫീസുവർദ്ധനവിനെതിരായി വിദ്യാർഥികളും, ശമ്പളവർദ്ധനവിനുവേണ്ടി ഇടത്തരക്കാരായ ഉദ്യോഗസ്ഥരും നടത്തുന്ന പ്രക്ഷോഭങ്ങൾ—എല്ലാം ദൈവത്തിനെതിരാണ്.

ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ പ്രത്യക്ഷപ്പെട്ട ജനാധിപത്യശക്തികളുടെ മുന്നേറ്റം കണ്ടു ബേജാറായ ഒരു പിടി പിന്തിരിപ്പന്മാർ "കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണി" എന്നൊരു സംഘടനയുണ്ടാക്കിയിട്ടുണ്ട്. മതത്തിന്റെയും ആത്മീയതയുടെയും പേരിൽ അവർ ഗ്രാമങ്ങൾതോറും നടന്ന് കോൺഗ്രസ്സിന്റെ അക്രമങ്ങളെ ന്യായീകരിക്കുകയും ആ അക്രമങ്ങൾക്കെതിരായി ജനങ്ങളെ സംഘടിപ്പിക്കുന്ന കമ്മ്യൂണിസ്റ്റുകാരെ ആക്ഷേപിക്കുകയും ചെയ്യുന്നു.

> "കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി"യുടെ നേതാക്കളിലൊരാൾ വടക്കൻ അച്ചൻ എന്നൊരു പുരോഹിതനാണ്. ശ്രീ വടക്കൻ അച്ചനോട് ഞാനൊരു ചോദ്യം ചോദിയ്ക്കാനാഗ്രഹിക്കുന്നു.

ചോദ്യമിതാണ്:

> "ഒരു ധനികന് സ്വർഗ്ഗത്തിലേയ്ക്ക് പോകാൻ കഴിയുന്നതിനേക്കാൾ എളുപ്പം ഒരൊട്ടകത്തിന് സൂചിത്തുളയിലൂടെ കടക്കാനാണ് എന്നാണല്ലോ യേശുക്രിസ്തു പ്രഖ്യാപിച്ചത്. യേശുക്രിസ്തുവിന്റെ ഈ പ്രഖ്യാപനം ശരിയാണെങ്കിൽ നിങ്ങളും നിങ്ങളുടെ യജമാനൻമാരായ വൻകിടസ്വത്തുടമകളും മരണത്തിനുശേഷം എങ്ങോട്ടാണ് പോവുക?"

# VI

എന്നാൽ, എല്ലാ പുരോഹിതൻമാരും യൂദാസിന്റെ അനുയായികളല്ല. ഫ്യൂഡലിസവും മുതലാളിത്തവും അസാൻമാർഗ്ഗികമാണെന്നും സ്വത്തുടമവ്യവസ്ഥയും വർഗ്ഗവ്യത്യാസങ്ങളും യേശുക്രിസ്തുവിന്റെ സിദ്ധാന്തങ്ങൾക്കെതിരാണെന്നും പ്രചാരവേല ചെയ്തുകൊണ്ട് മർദ്ദിതരുടെ ഭാഗത്തുനിന്ന് പോരാടിയ അനേകം പുരോഹിതൻമാരും മറ്റു ക്രിസ്തുമതാനുയായികളും ചരിത്രത്തിലുണ്ടായിട്ടുണ്ട്. ഉദാഹരണത്തിന് 'ഞങ്ങൾ യേശുക്രിസ്തുവെപ്പോലെയാണ്, എന്നിട്ടും ഞങ്ങൾ മൃഗങ്ങളെപ്പോലെ മർദ്ദിക്കപ്പെടുന്നു'!—ഇതായിരുന്നു 1881-ൽ ഇംഗ്ലണ്ടിലെ നിലമുടമകൾക്കെതിരായി പോരാടിയ കൃഷിക്കാരുടെ മുദ്രാവാക്യം. ഗ്രാത്തിയൻ എന്ന പുരോഹിതൻ സ്വകാര്യസ്വത്തുടമയ്ക്കെതിരായി കുരിശോങ്ങി: "ഭൂമിയിലുള്ള എല്ലാ സ്വത്തുക്കളും പൊതുസ്വത്തുക്കളാക്കണം." 'ലെവലർ'മാരുടെയും 'ഡിഗ്ഗർ'മാരുടെയും ബഹുജനപ്രസ്ഥാനങ്ങൾക്ക് യേശുക്രിസ്തുവിൽ നിന്നാണ് ആവേശം ലഭിച്ചത്. അവരുടെ നേതാവായ വിൻസ്റ്റൻലി എന്ന പുരോഹിതൻ പ്രഖ്യാപിച്ചു:

> "സൂത്രക്കാരായ പള്ളിയുടമകൾക്കറിയാം, തങ്ങളുടെ ദിവ്യപ്രമാണങ്ങളെക്കൊണ്ട്, ജനങ്ങളെ മയക്കി അവരുടെ ശ്രദ്ധയെ സ്വർഗ്ഗത്തിലെ സ്വത്തുക്കളുടെയും മരണാനന്തരമുള്ള ശ്രേയസ്സിൻറേയും നേർക്കു തിരിച്ചുവിട്ടാൽ തങ്ങൾക്ക് എളുപ്പത്തിൽ ഭൂമിയുടെ സ്വത്തുക്കളെല്ലാമെടുത്തുപയോഗിയ്ക്കാനും ജനങ്ങളെ തങ്ങളുടെ അടിമകളാക്കാനും കഴിയുമെന്ന്."

ബൈബിൾ കൈയിൽപിടിച്ചുകൊണ്ടാണ് ലൂതറും മുൻസറും ഫ്യൂഡലിസത്തിനും പള്ളിമേധാവിത്വത്തിനുമെതിരായി പടവെട്ടിയത്. എന്നാൽ മഹത്തായ ഈ ബഹുജനപ്രസ്ഥാനങ്ങളെല്ലാം മൃഗീയമായി അടിച്ചമർക്കാൻ ഭരണാധികാരികൾക്ക് ഒറ്റുനിൽക്കുകയാണ് മാർപാപ്പയും മറ്റു പള്ളിമേധാവികളും ചെയ്തത്.

ഈയ്യിടെത്തന്നെ, ക്യൂബെക്കിലെ 'ല്ദ്വ്വാർ' എന്ന കത്തോലിക്കാപത്രത്തിൽ, അതിന്റെ 1949 സെപ്റ്റംബർ ആറിന്റെ ലക്കത്തിൽ, ഷെർബ്രൂക്കിലെ ബിഷപ്പ് ഇങ്ങനെ എഴുതുകയുണ്ടായി:

> "മുതലാളിത്തമാണ് നമ്മുടെ എല്ലാ കഷ്ടപ്പാടുകൾക്കും കാരണം. നമ്മൾ അതിനെതിരായി പ്രവർത്തിയ്ക്കണം. അതിനെ ഭേദപ്പെടുത്താൻ വേണ്ടിയല്ല—കാരണം, അതിനെ ഭേദപ്പെടുത്തുക സാധ്യമല്ല—അതിനെ ശരിയാക്കാൻ വേണ്ടിയല്ല—കാരണം അതിനെ ശരിപ്പെടുത്താനാവില്ല—പിന്നെയോ, അതിനെ നശിപ്പിച്ച് അതിന്റെ സ്ഥാനത്ത് മറ്റൊരു വ്യവസ്ഥയുണ്ടാക്കാൻ വേണ്ടിയാണ് നമ്മൾ പ്രവർത്തിയ്ക്കേണ്ടത്."

പല പ്രോട്ടസ്റ്റൻറ് പുരോഹിതൻമാരും ഏതാണ്ടിതേ അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്. ഉദാഹരണത്തിന് കാൻറർബറിയിലെ ഡിൻ, ഡോക്ടർ ഹ്യൂലെറ്റ് ജോൺസൺ, എഴുതുന്നു:

> "നീതി, സ്വാതന്ത്ര്യം, സൃഷ്ടിപരവും സമൃദ്ധവുമായ ജീവിതം, എപ്പോഴും വികസിച്ചുകൊണ്ടിരിക്കുന്ന ആത്മീയത എന്നീ നാലു ക്രിസ്തീയാദർശങ്ങൾ നിറവേറ്റുക മുതലാളിത്തവ്യവസ്ഥയിൽ അസാധ്യമാണ്. മനുഷ്യർ സഹോദരൻമാരാണെന്നുള്ള സിദ്ധാന്തം സ്വർഗ്ഗത്തിൽ മാത്രമല്ല, ഭൂമിയിലും നിറവേറ്റപ്പെടേണ്ടതാണെന്നു യേശുവിനു നിർബന്ധമായിരുന്നു. മനുഷ്യസാഹോദര്യം കൈവരുത്തുവാൻ സഹായിച്ച

എല്ലാ സാഹചര്യങ്ങളെയും പരിപാടികളേയും അദ്ദേഹം സ്വാഗതം ചെയ്തു. ധന വാൻമാരേയും വിദ്യാഭ്യാസമുള്ളവരേയും പരിഷ്കൃതൻമാരെയും അപേക്ഷിച്ച് സാധാരണക്കാരായ ആളുകൾ യേശുവിന്റെ ദർശനത്തോട് കൂടുതൽ അടുത്തവരാണെന്ന് അദ്ദേഹം ഉറപ്പിച്ചുപറഞ്ഞു."

"ഓരോരുത്തനിൽനിന്നും അവനവന്റെ പ്രാപ്തി അനുസരിച്ച്, ഓരോരുത്തർക്കും അവനവന്റെ ആവശ്യമനുസരിച്ച്, എന്ന ക്രിസ്തീയ പ്രമാണത്തിനുവേണ്ടി സജീവമായി പ്രവർത്തിക്കുകയും കഷ്ടം സഹിക്കുകയും ചെയ്യുന്ന കമ്മ്യൂണിസ്റ്റുകാർക്ക് അവ രർഹിക്കുന്ന ആദരവും സഹകരണവും" നൽകണമെന്നാണ് കാൻബറിയിലെ ഡീൻ അഹ്വാനം ചെയ്യുന്നത്.

# VII

ഡൈസൻ ക്വാർട്ടറും പത്നിയും കൂടി എഴുതിയ "ഞങ്ങൾ സോഷ്യലിസം കണ്ടു" എന്ന പുസ്തകത്തിൽ ഇംഗ്ലണ്ടിലെ ദെവറണ്ട് വാട്സ്സും സോവിയറ്റ് യൂണിയനിലെ മെട്രോപോളിട്ടൻ നിക്കോളയിയും തമ്മിൽ നടന്ന സംഭാഷണത്തിന്റെ റിപ്പോർട്ട് ഉദ്ധരിച്ചിട്ടുണ്ട്.

ബ്രിട്ടീഷ് പുരോഹിതൻ ചോദിച്ചു:

"സാറിസ്റ്റ് ഭരണത്തെ അപേക്ഷിച്ച് സോവിയറ്റ് ഭരണത്തിൻ കീഴിൽ ക്രിസ്ത്യൻ ജീവിതം നയിക്കാൻ കൂടുതൽ എളുപ്പമോ കൂടുതൽ പ്രയാസമോ?"

സോവിയറ്റ് ഓർത്തഡോക്സ് ചർച്ചിന്റെ നേതാവ് പറഞ്ഞു:

"തീർച്ചയായും ഇന്നത്തെ ഭരണത്തിൻ കീഴിലാണ് കൂടുതൽ എളുപ്പം. എന്തെന്നാൽ, ക്രിസ്തുമതത്തിനും, കമ്മ്യൂണിസത്തിനും പൊതുവിലുള്ള പലതുമുണ്ട്. ഞങ്ങൾ രണ്ടുകൂട്ടരും വർഗ്ഗവ്യത്യാസമില്ലാത്ത മനുഷ്യന്റെ സൗഭാഗ്യത്തിൽ വിശ്വസിക്കുന്നു. ഞങ്ങൾ രണ്ടുകൂട്ടരും സമാധാനത്തിൽ വിശ്വസിക്കുന്നു. ഞങ്ങളുടെ ഇന്നത്തെ ജീവിതരീതികൊണ്ട് പാപത്തിന്റെ അനാവശ്യമായ പല പ്രേരണകളും നീക്കംചെയ്യപ്പെട്ടിരിക്കുന്നു."

എന്താണ് സോവിയറ്റ് യൂണിയനിലുണ്ടായ മാറ്റം? വേദപുസ്തകത്തിലെ ലൂക്കോസ് പറയുന്ന ഈ നാലുകാര്യങ്ങൾ:

- പ്രഭുക്കൻമാരെ സിംഹാസനങ്ങളിൽ നിന്നിറക്കി.;
- താണവരെ ഉയർത്തി;
- വിശന്നിരിക്കുന്നവരെ നന്മകളാൽ നിറച്ചു;
- സമ്പന്നൻമാരെ വെറുംകയ്യുകളാൽ അയച്ചുകളഞ്ഞു." (ലൂക്കോസ് 52, 53)

യേശുക്രിസ്തു മർദ്ദിതരെ മോചിപ്പിക്കാൻ വേണ്ടി മർദ്ദകവർഗ്ഗക്കാർക്കെതിരായി പ്രവർത്തിച്ചു. പക്ഷേ, അന്നത്തെ പരിതഃസ്ഥിതിയിൽ മർദ്ദിതവർഗ്ഗക്കാരുടെ മോചനം സാദ്ധ്യമായിരുന്നില്ല. സാമ്രാജ്യത്വകാലഘട്ടത്തിൽ, മുതലാളിത്തം അതിന്റെ അവസാനദശയിലെത്തിയപ്പോൾ മാത്രമാണ് അതിനാവശ്യമായ ഭൗതികസാഹചര്യങ്ങളുളവായത്. ഈ ഘട്ടത്തിലാണ് ലെനിന്റെയും സ്റ്റാലിന്റെയും നേതൃത്വത്തിൽ—മാർക്സിസത്തിലടിയുറച്ച ബോൾഷെവിക്ക് പാർട്ടിയുടെ നേതൃത്വത്തിൽ—റഷ്യൻ വിപ്ലവം വിജയിച്ചത്. റഷ്യൻ വിപ്ലവം പ്രഭുക്കൻമാരെ എന്നെന്നേക്കുമായി

സിംഹാസനങ്ങളിൽനിന്നാട്ടിപ്പായിച്ചു. ജന്മിയും മുതലാളിയുമില്ലാത്ത, മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യാത്ത ഒരു സാമൂഹ്യവ്യവസ്ഥിതിയ്ക്ക് അടിത്തറയിട്ടു.

ഇന്ന് സോവിയറ്റ് യൂണിയൻ വർഗ്ഗരഹിതമായ കമ്മ്യൂണിസത്തിലേക്ക്—യഥാർത്ഥമായ സ്നേഹത്തിന്റെയും സൗഭ്രാത്രത്തിന്റെയും ഘട്ടത്തിലേക്ക്—വിജയപൂർവ്വം മാർച്ചുചെയ്തുകൊണ്ടിരിക്കുകയാണ്.

അതുകൊണ്ടാണ്, നിരീശ്വരവാദിയായ സഖാവ് സ്റ്റാലിന്റെ നേതൃത്വത്തിൽ അഭിവൃദ്ധിയിൽ നിന്ന് അഭിവൃദ്ധിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്ന സോവിയറ്റ് യൂണിയനെപ്പറ്റി ഈശ്വരവിശ്വാസിയും യേശുവിന്റെ യഥാർഥ ശിഷ്യനുമായ കാൻറർബറിയിലെ ഡീൻ ഇങ്ങനെ രേഖപ്പെടുത്തിയത്:

> “അപ്രമേയമായ പ്രഭാവത്തോടുകൂടി മനുഷ്യാത്മാവ് ദൈവത്തിന്റെ നല്ല മാർഗ്ഗങ്ങളിൽ കൂടി പുരോഗമിക്കുന്നത് സോവിയറ്റ് യൂണിയനിൽ ഞാൻ കണ്ടു. “

അതുകൊണ്ടാണ് ലോകത്തുള്ള എല്ലാ നല്ല ക്രിസ്ത്യാനികളും സോവിയറ്റ് യൂണിയനെ സ്നേഹിക്കുന്നത്.

അതുകൊണ്ടുതന്നെയാണ്, സ്വത്തുടമയേയും വർഗ്ഗവ്യത്യാസങ്ങളെയും എന്നെന്നും നിലനിർത്താനാഗ്രഹിക്കുന്ന യൂദാസ്സിന്റെ അനുയായികൾ സോവിയറ്റുയൂണിയനെപ്പറ്റി തെറിപ്പാട്ടുകളും പുലയാട്ടുകളും പാടുന്നത്.

പക്ഷേ, ചരിത്രം യേശുക്രിസ്തുവിന്റെ ഭാഗത്താണ്, വത്തിക്കാൻ മുതൽ വടക്കൻ അച്ചൻ വരെയുള്ളവരുടെ ഭാഗത്തല്ല. മർദ്ദകവർഗ്ഗക്കാരുടെയും അവരെ പിന്താങ്ങുന്ന യൂദാസ്സുകളുടെയും ഭാവിയെന്തായിരിയ്ക്കുമെന്ന് 18 നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ പ്രവചിയ്ക്കപ്പെട്ടിട്ടുണ്ട്. ഇക്കൂട്ടരെ ചൂണ്ടിക്കൊണ്ടാണ് ക്രിസ്തുവിന്റെ ശിഷ്യൻമാർ പ്രഖ്യാപിച്ചത്:

> “നിങ്ങൾ തീ കൊണ്ട് നശിപ്പിയ്ക്കപ്പെടുന്ന ദിവസം വിദൂരമല്ല. നിങ്ങളുടെ അരമനകൾ വെണ്ണീറിൽ കുഴിച്ചിടപ്പെടും!”

അതേ; മോസ്കോവിൽത്തന്നെ!

“യേശുക്രിസ്തു മോസ്കോവിൽതന്നെ” എന്ന എന്റെ കൊച്ചുപുസ്തകം തിരു-കൊച്ചിയിലെ ‘കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി’യുടെ നേതാക്കളിലൊരാളായ ബ്രദർ വടക്കനെ ശുണ്ഠിപിടിപ്പിച്ചിരിക്കുന്നു. യേശുക്രിസ്തു മോസ്കോവിലോ? ലോകത്തിന്റെ ആറിലൊരുഭാഗത്തു നിന്ന്—മുതലാളിത്തത്തേയും ജന്മിത്വത്തേയും മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുക എന്ന മൃഗീയതയേയും എന്നെന്നേക്കുമായി തുടച്ചുനീക്കിക്കൊണ്ട് ജനങ്ങളെ ഭൗതികവും സാംസ്കാരികവുമായ അഭിവൃദ്ധിയിലേക്ക് നയിച്ച സോവിയറ്റ് യൂണിയനെ യേശുക്രിസ്തു പൊറുക്കുമോ! വിദേശമുതലാളികളുടെയും നാടൻനാടുവാഴികളുടെയും ചൂഷണവ്യവസ്ഥയ്ക്കൊരു പൂർണ്ണവിരാമമിടണമെന്നും കൃഷിക്കാർക്കു സൗജന്യമായി നിലം കൊടുക്കണമെന്നും തൊഴിലാളികൾക്ക് ജീവിക്കാൻ മതിയായ കൂലിയും തൊഴിലില്ലാത്തവർക്ക് തൊഴിലും കൊടുക്കണമെന്നും ഭൗതികവും ആത്മീയവുമായ എല്ലാത്തരം കൊള്ളകളുമവസാനിപ്പിച്ച് മനുഷ്യത്വത്തിന് വളരാനും വികസിക്കാനുമാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കണമെന്നും സർവ്വോപരി ഇന്ത്യയെ വിദേശീയർക്ക് തീറെഴുതിക്കൊടുത്ത് ജനങ്ങളെ ചവിട്ടിത്തേയ്ക്കുന്ന കോൺഗ്രസ്സ്ഭരണമവസാനിപ്പിയ്ക്കണമെന്നും വാദിക്കുന്ന കമ്മ്യൂണിസ്റ്റുകാർ യേശുക്രിസ്തുവിനെപ്പറ്റി പുസ്തകമെഴുതിയോ! അതുതന്നെ എന്തൊരു ക്രിസ്തു! മർദ്ദനങ്ങളെ ചെറുക്കുന്നതിനേയും പാട്ടം കുറയ്ക്കുന്നതിനേയും കുടിയിറക്കുകൾ തടയുന്നതിനേയും കൂലി കൂട്ടുന്നതിനേയും മർദ്ദകവർഗ്ഗക്കാരുടെ

കൊള്ളയും കവർച്ചയുമവസാനിപ്പിക്കുന്നതിനെയും സർവ്വോപരി കാലഹരണം വന്ന കോൺഗ്രസു ഭരണത്തെ എതിർക്കുന്നതിനേയും ന്യായീകരിക്കുന്ന ഒരു യേശുക്രിസ്തു! ചൂഷകരുടെയും അവരെ പിന്താങ്ങുന്ന പുരോഹിതരുടെയും നേർക്ക് കൈവിരൽ ചൂണ്ടിക്കൊണ്ട് "പാമ്പുകളെ! സർപ്പസന്തതികളെ! നരകശിക്ഷയിൽ നിന്നു നിങ്ങൾ എങ്ങനെ തെറ്റിയൊഴിയും?" എന്നു ഗർജ്ജിക്കുന്ന ഒരു യേശുക്രിസ്തു. അങ്ങിനെ ഒരു ക്രിസ്തുവെപ്പറ്റി വടക്കനച്ചൻ കേട്ടിട്ടേയില്ല. വടക്കനച്ചന്റെ യേശുക്രിസ്തു നിലവിലുള്ള ദുഷിച്ച ചൂഷണവ്യവസ്ഥയെ ന്യായീകരിക്കുന്ന യേശുക്രിസ്തുവാണ്; കോൺഗ്രസുഭരണത്തെ അനുഗ്രഹിക്കുന്ന യേശുക്രിസ്തുവാണ്, പാട്ടം കുറയ്ക്കണമെന്നും കൂലിയും ജോലിയും കിട്ടണമെന്നും മുറവിളി കൂട്ടുന്ന ജനങ്ങളോട് ശാന്തരായിരിക്കാനാഹ്വാനം ചെയ്യുന്ന യേശുക്രിസ്തുവാണ്; ഭക്ഷണം, വസ്ത്രം, വീട് തുടങ്ങിയ ഭൗതികാവശ്യങ്ങൾക്കുവേണ്ടി ജനങ്ങൾ നടത്തുന്ന സംഘടിതസമരങ്ങളെ എതിർക്കുകയും പട്ടിണിക്കാർക്ക് മരണാനന്തരമുള്ള സ്വർഗ്ഗത്തിലെ സുഖങ്ങൾക്ക് പ്രോനോട്ടെഴുതിക്കൊടുക്കുകയും ചെയ്യുന്ന യേശുക്രിസ്തുവാണ്!

അപ്പോൾ ക്രിസ്തു രണ്ടുണ്ടോ?—മർദ്ദകന്റെ ക്രിസ്തുവും മർദ്ദിതരുടെ ക്രിസ്തുവും? ഉവ്വെന്നുതോന്നും ബ്രദർ വടക്കന്റെ വാദം കേട്ടാൽ.

ഒന്ന്, അടിമകളുടേയും അധഃകൃതരുടെയും മീൻപിടുത്തക്കാരുടെയും കൈവേലക്കാരന്റെയും കണ്ണീരും കയ്യുമായികഴിയുന്നവന്റെയും ബന്ധുവായ യേശുക്രിസ്തു. രാജ്യത്തെ കൊള്ളയടിക്കുന്ന ചൂഷകരെയും ജനങ്ങളെയും വഞ്ചിക്കുന്ന പുരോഹിതൻമാരെയും സർപ്പസന്തതികളെന്നു വിളിക്കുന്ന യേശുക്രിസ്തു മാർപാപ്പ മുതൽ വടക്കനച്ചൻ വരെയുള്ള പുരോഹിതൻമാർ വ്യവസായങ്ങളിലും ബാങ്കുകളിലും പണം നിക്ഷേപിച്ച് ജനങ്ങളെ ചൂഷണം ചെയ്യുന്നതിനെ എതിർക്കുന്ന യേശുക്രിസ്തു! തിരു-കൊച്ചിയിലെ ഭൂമിയുടെ ഗണ്യമായ ഭാഗം കയ്യടക്കിവച്ചുകൊണ്ട് കൃഷിക്കാരിൽ നിന്നും പാട്ടം പിരിക്കുകയും സാധുക്കളെ കുടിയിറക്കുകയും പുരോഗമനപരമായ എല്ലാ പ്രസ്ഥാനങ്ങളെയും എതിർക്കുകയും ആശയങ്ങളെ നിരോധിക്കുകയും ചെയ്യുന്ന പിന്തിരിപ്പൻ പുരോഹിതൻമാരെ ആക്ഷേപിക്കുന്ന യേശു ക്രിസ്തു; കമ്മ്യൂണിസ്റ്റ് വിരോധത്തിന്റെ പേരിൽ ജനകീയസംഘടനകളെയും ജനകീയ സമരങ്ങളെയും ഭിന്നിപ്പിക്കുവാനും ആത്മീയവാദത്തിന്റെ പേരിൽ കോൺഗ്രസ് ദുഷ്പ്രഭുത്വത്തെ നിലനിർത്തുവാനും വേണ്ടി ഗുണ്ടാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണിയുടെ ശത്രുവായ യേശുക്രിസ്തു. ചുരുക്കത്തിൽ ചരിത്രത്തിലെ യേശുക്രിസ്തു.

ഈ യേശുക്രിസ്തുവിനെതിരായ മറ്റൊരു ക്രിസ്തുവുണ്ട്. അന്തിക്രിസ്തുവെ യേശുക്രിസ്തുവിന്റെ വേഷമണിയിച്ചുകൊണ്ട് മതഭക്തരായ ജനങ്ങളെ കബളിപ്പിക്കുന്ന ഒരുതരം ആളുകളുണ്ട് നമ്മുടെ നാട്ടിൽ. അവർ ക്രിസ്തുവിന്റെ പേരുച്ചരിക്കും, പള്ളിപ്രസംഗങ്ങൾ നടത്തും, മെഴുകുതിരികത്തിക്കും, മുട്ടുകുത്തും, കുർബ്ബാനകഴിക്കും. പക്ഷേ, അവർ ചൂഷകൻമാരുടെ മർദ്ദനങ്ങളെ ന്യായീകരിക്കും; വൻകിട മുതലാളികളുമായും, ജന്മി-നാട്ടുവാഴികളുമായും കൂട്ടുകൂട്ടും, നിലവും ബാങ്കും ഫാക്ടറിയും സ്വകാര്യസ്വത്തുക്കളാക്കിവച്ചുകൊണ്ട് ജനങ്ങളെ ചൂഷണം ചെയ്ത് ലാഭമുണ്ടാക്കും, സോവിയറ്റ് യൂണിയനെ എതിർക്കുകയും ഫാസിസത്തെ കെട്ടിപ്പുണരുകയും ചെയ്യും, കോൺഗ്രസിന്നു ജയജയ പാടും! എല്ലാം യേശുക്രിസ്തുവിന്റെ പേരിൽ! ദൈവത്തിന്റെ പേരിൽ ! യേശുക്രിസ്തുവിന്റെയും ദൈവത്തിന്റെയും പേരിലാണല്ലോ തിരു-കൊച്ചിയിൽ വടക്കനച്ചന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിക്കാർ കത്തിക്കുത്തുവരെയെത്തിയ ഗുണ്ടാപ്രവർത്തനങ്ങൾ സംഘടിപ്പിയ്ക്കുന്നത്.

അപ്പോൾ എന്റെ കൊച്ചുപുസ്തകം വടക്കനച്ചനെപ്പോലെയുള്ളവരെ ശുണ്ഠിപി ടിപ്പിച്ചുവെങ്കിൽ അതിലൽഭുതപ്പെടാനെന്തുള്ളൂ? കോപം കലർന്ന ഒരുതരം അമ്പ രപ്പോടുകൂടി 'യേശുക്രിസ്തു മോസ്കോവിലോ?' എന്നദ്ദേഹം വിളിച്ചുചോദിച്ചുവെങ്കിൽ അതിലാശ്ചര്യപ്പെടാനെന്തുള്ളൂ?

പക്ഷേ, ഞാനെന്റെ പുസ്തകത്തിലുന്നയിച്ച ഒരൊറ്റവാദത്തെപ്പോലും ബ്രദർ വടക്കൻ നിഷേധിക്കുന്നില്ല. എന്റെ ഒരൊറ്റ ആക്ഷേപത്തിനുപോലും അദ്ദേഹം മറുപടി പറയുന്നില്ല. പിന്നെ എന്താണദ്ദേഹം 32 പേജുള്ള പുസ്തകത്തിൽ എഴു തിക്കൂട്ടിയിട്ടുള്ളത്? ഇതാ ഇങ്ങനെ ചിലത്: 'ദാമോദരൻ കപടകലാപ്രവീണ നാണ്'; 'ആദ്ധ്യാത്മികബോധവും സൻമാർഗചിന്തയും തൊട്ടുകുളിക്കാത്ത ഒരു പാർട്ടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി ', 'ലെനിൻ രക്തദാഹിയായ ചെന്നായയാണ്'; ലെനിൻ ഒരു ജർമ്മൻ ഏജൻറായിരുന്നു; 'മാർക്സിസത്തിന്റെ തത്ത്വപരമായ അടി സ്ഥാനം ഡൈലക്ടിക്കൽ മെറ്റീരിയലിസം (വൈരുധ്യാധിഷ്ഠിത ഭൗതികവാദം) ആണെന്ന് മാർക്സും ഏംഗൽസും ലെനിനും സ്റ്റാലിനും പ്രസ്താവിച്ചിട്ടുണ്ട്'; റഷ്യ യിൽ മതസ്വാതന്ത്ര്യം ഇല്ല; റഷ്യയിൽ പുരോഹിതൻമാർക്ക് വോട്ടവകാശവും പൗരാവകാശവും ഇല്ല; കാൻറൻബറിയിലെ 'ചുവന്ന ഡീൻ' അദ്ധ്യാത്മിക പ്ര ബുദ്ധതയില്ലാത്തവനാണ്; 'കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും അവരുടെ കൂടെക്കൂടിയ കെ. എസ്. പി., ആർ. എസ്. പി. എന്നീ മാർക്സിയൻ പാർട്ടികളുടെയും അടിയിൽ ക്കിടക്കുന്ന ആശയഗതി നാട്ടുകാർ അറിഞ്ഞിരുന്നുവെങ്കിൽ ഇക്കഴിഞ്ഞ നിയമ സഭാ തിരഞ്ഞെടുപ്പിൽ ഒരൊറ്റ സ്ഥാനംപോലും ഐക്യമുന്നണിയ്ക്കു കിട്ടുമായിരു ന്നില്ല'; '20 ലക്ഷം മനുഷ്യസഹോദരങ്ങളെ ലെനിൻ കഴുത്തറുത്തു'; റഷ്യക്കാർ 60,973 എസ്റ്റോണിയക്കാരെയും 34,260 ലാറ്റിവിയക്കാരെയും 38,450 ലിത്വാനിയ ക്കാരേയും 1,40,000 ക്രൊയേഷ്യക്കാരെയും കൊന്നൊടുക്കി; 'ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഈയിടെ 100 ലക്ഷം രൂപ റഷ്യയിൽ നിന്ന് ലഭിച്ചിട്ടുണ്ട്'; തൃശൂരിലെ ഒരു സഖാവായ ഒരു ആര്യൻ നമ്പൂതിരിയുടെ ആശ്രമപ്പറമ്പിൽ കോഴിത്തൂവലുകൾ കുന്നുകൂട്ടിയിരിക്കുന്നു; 'റഷ്യയിൽ 230 ലക്ഷം അടിമകളുണ്ട്'; സ്റ്റാലിന്റെ മകളുടെ കല്യാണത്തിന് 2,80,000 ഡോളറിന്റെ സാരിത്തരങ്ങൾ സഖാവ് സ്റ്റാലിൻ സമ്മാ നിച്ചു. ഇതാണ് 'യേശുക്രിസ്തു മോസ്കോവിലോ' എന്ന പുസ്തകത്തിലെ ഉള്ളടക്കം. ഒടുവിൽ ഇങ്ങനെയൊരു ശുഭപ്രതീക്ഷയുമുണ്ട്: 'പ്രബുദ്ധരായ കേരളീയർ കമ്മ്യൂ ണിസത്തെ കടിച്ചുതുപ്പിത്തുടങ്ങി.'

വാസ്തവത്തിൽ എന്റെ 'എന്റെ യേശുക്രിസ്തു മോസ്കോവിൽ തന്നെ' എന്ന പുസ്തകത്തിലെ ആശങ്ങളെ വിമർശിയ്ക്കാനല്ല മാർക്സിസത്തെയും കമ്മ്യൂണിസ്റ്റ് പാർ ട്ടിയെയും സോവിയറ്റ് യൂണിയനെയും എതിർക്കാൻവേണ്ടിയാണ് വടക്കനച്ചൻ തന്റെ 'യേശുക്രിസ്തു മോസ്കോവിലോ?' എന്ന പുസ്തകമെഴുതിയിട്ടുള്ളത് എന്ന് വ്യ ക്തമാണ്. പക്ഷേ, എങ്ങനെയാണ് അദ്ദേഹം തന്റെ എതിർപ്പുകൾ നടത്തുന്നത്? 'കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും അതിന്റെ നേതാക്കൻമാരുടെയും ഔദ്യോഗികരേ ഖകളാണ് ഞാൻ നിരത്തിവയ്ക്കാൻ പോകുന്നത്.' എന്നു പറഞ്ഞുകൊണ്ടാണ് അദ്ദേഹം തുടങ്ങുന്നത്. 1935 മുതൽക്കു കേരളത്തിൽ കമ്മ്യൂണിസ്റ്റുകാർ പ്രചരി പ്പിച്ചുപോന്നിട്ടുള്ള ഒരു കാര്യം—മാർക്സിസത്തിന്റെ തത്വശാസ്ത്രം ഡയലയക്ടിക്കൽ മെറ്റീരിയലിസമാണെന്ന യാഥാർത്ഥ്യം—ഒളിച്ചുവയ്ക്കപ്പെട്ട ഒരു പരമരഹസ്യം പുറ ത്തെടുത്തിടുകയാണെന്ന നാട്യത്തിൽ, മാർക്സിന്റെയും ഏംഗൽസിന്റെയും ലെനി ന്റെയും ചില വാചകങ്ങൾ സന്ദർഭത്തിൽനിന്നു വിടർത്തിയെടുത്തുദ്ധരിച്ചുകൊണ്ട് തെളിയിക്കാൻ ശ്രമിയ്ക്കുന്നുമുണ്ട്. പക്ഷേ, കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ ഔദ്യോഗി

കരേഖകളുടെ വേഷംകെട്ടിച്ചുകൊണ്ട് അമേരിക്കൻ സാമ്രാജ്യവാദികൾ സപ്ലൈ ചെയ്ത അനേകം നുണകളും താൻ സ്വന്തമായി ചമച്ചുണ്ടാക്കിയ മറ്റു ചില അസംബന്ധങ്ങളും അദ്ദേഹം എഴുന്നെള്ളിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, സഖാവ് ലെനിനെക്കൊണ്ട് അച്ചൻ പറയിപ്പിക്കുകയാണ്. 'ചതി, അനീതിപരമായ മാർഗം, സൂത്രം, കള്ളം, സത്യംമറയ്ക്കൽ, കുതന്ത്രം ഇവയെല്ലാം നിങ്ങൾ അവസരോചിതം ഉപയോഗിക്കണം.' ലെനിൻ ഒരിക്കലും പറഞ്ഞിട്ടില്ലാത്ത ഈ വാചകം എവിടെ നിന്നാണെടുത്തിട്ടുള്ളത്. എന്ന് അച്ചൻ പറഞ്ഞിട്ടില്ല. ആഹോ! പുരപ്പുറത്തുകയറി ആത്മീയവാദി... കൊട്ടിഘോഷിക്കുന്ന അച്ചൻമാരുടെ സത്യനിഷ്ഠ!

ഓ, അവരുടെ ഒരാത്മീയവാദം! തങ്ങൾ തട്ടിയെടുക്കുന്ന കൃഷിക്കാരുടെ പ്രയത്നഫലം ഭൗതികമല്ല, ആത്മീയമാണ്! തങ്ങൾ തട്ടിയെടുക്കുന്ന ലാഭവും പലിശയും ഭൗതികമല്ല, ആത്മീയമാണ്! തങ്ങളനുഭവിക്കുന്ന സുഖഭോഗങ്ങൾ ഭൗതികമല്ല, ആത്മീയവാദമാണ്! കമ്മ്യൂണിസം മാത്രമാണ് ഭൗതികവാദം!

അപ്പോൾ അവർ, ആത്മീയവാദം, ആത്മീയവാദം എന്നുപറയുന്നതിന്റെ അർത്ഥം ജനങ്ങൾ തങ്ങളുടെ ജീവിതാവശ്യങ്ങൾക്കുവേണ്ടി പൊരുതരുതെന്നു മാത്രമാണ്; നിലവിലുള്ള സാമൂഹ്യ വ്യവസ്ഥയെ എതിർക്കരുതെന്നു മാത്രമാണ്; ഭൂരിപക്ഷക്കാരായ ജനങ്ങളുടെ ഭൗതികവും സാംസ്കാരികവും ആത്മീയവുമായ പുരോഗതിയെ തടയണമെന്നു മാത്രമാണ്.

ഭൂരിപക്ഷക്കാരായ തൊഴിലാളികളെയും കൃഷിക്കാരെയും ചൂഷണംചെയ്ത് പാട്ടവും പലിശയും ലാഭവും തട്ടിയെടുക്കുന്നതിനെ ന്യായീകരിയ്ക്കാൻ ബ്രദർ വടക്കൻ പറയുകയാണ്, അങ്ങനെ കിട്ടുന്ന പണത്തിന്റെ ഒരുഭാഗം അവർ സ്കൂളുകളും ആശുപത്രികളും ഉണ്ടാക്കാൻ വേണ്ടി ഉപയോഗിക്കുന്നുവെന്ന്. ഓ! ഈ ആത്മീയവാദക്കാർ എന്തു ദാനശീലരാണ്! നിങ്ങളുടെ കൈയ്യിൽ ആയിരം ഉറുപ്പിക ബലാൽക്കാരമായി പിടിച്ചുപറിച്ചതിനുശേഷം അതിൽ നിന്നു രണ്ടുറുപ്പിക നിങ്ങൾക്കുതന്നെ അവർ ദാനം ചെയ്യുന്നു! പതിനായിരം ഏക്കർ ഭൂമി കൃഷിക്കാരിൽ നിന്നു തട്ടിയെടുത്തു സ്വകാര്യസ്വത്താക്കി മാറ്റിയതിനുശേഷം അതിൽ നിന്ന് ഏറ്റവും മോശമായ അഞ്ച് ഏക്കർ ഭൂമി നിലമില്ലാത്തവർക്ക് ദാനംചെയ്യുന്ന ഭൂദാനയജ്ഞക്കാരെപ്പോലെ! മർദ്ദിതരോടു അവർ കാണിക്കുന്ന ഒരനുകമ്പ!

പക്ഷേ, ഈ ചപ്പടാച്ചിക്ക് യേശുക്രിസ്തുവിന്റെ പേരുപയോഗിക്കുന്നതെന്തിനാണ്?

മാർക്സിസവും ക്രിസ്തുമതവും ഒന്നാണെന്ന് ഞാനൊരിടത്തും പറഞ്ഞിട്ടില്ല. തീർച്ചയായ രണ്ടിനും തമ്മിൽ വ്യത്യാസമുണ്ട്. ആദ്യകാലത്തെ ക്രിസ്ത്യാനികൾ ഇന്നത്തെ കമ്മ്യൂണിസ്റ്റുകാരെപ്പോലെ മർദ്ദിതരുടെ താൽപര്യങ്ങൾക്കുവേണ്ടി പോരാടുകയും ആക്രമണങ്ങൾക്കിരയാവുകയും ചെയ്തിട്ടുണ്ടെന്നും ബ്രദർ വടക്കനും അദ്ദേഹത്തിന്റെ കൂട്ടുകാരും, നേരെമറിച്ച് മർദ്ദകർക്കു ശിങ്കിടിപാടുകയാണ് ചെയ്യുന്നതെന്നും മാത്രമേ ഞാൻ പ്രസ്താവിച്ചുള്ളു. അതു ബ്രദർ വടക്കൻ നിഷേധിയ്ക്കുന്നുമില്ല.

അപ്പോൾ ഞാനെന്റെ പുസ്തകത്തിൽ വടക്കനച്ചനോട് ചോദിച്ച ചോദ്യം മറുപടി കിട്ടാതെ ബാക്കിനിൽക്കുന്നു.

ചോദ്യം ഇതാണ്.

> "ഒരു ധനികന് സ്വർഗ്ഗത്തിലേയ്ക്ക് പോകാൻ കഴിയുന്നതിനേക്കാൾ എളുപ്പം ഒരൊട്ടകത്തിന് സൂചിത്തുളയിലൂടെ കടക്കാനാണ് എന്നാണല്ലോ യേശുക്രിസ്തു പ്രഖ്യാപിച്ചത്. യേശുക്രിസ്തുവിന്റെ ഈ പ്രഖ്യാപനം ശരിയാണെങ്കിൽ നിങ്ങളും നിങ്ങളുടെ

യജമാനൻമാരായ വൻകിടസ്വത്തുടമകളും മരണത്തിനുശേഷം എങ്ങോട്ടാണ് പോവുക?”

□

(പ്രഭാത് ബുക്സ്, നാലാംപതിപ്പ്, മാർച്ച് 1953)

## — 9 —

# ക്രിസ്തുവിന്റെ ഭക്തനോ ശത്രുവോ?

കമ്യൂണിസ്റ്റ് വിരുദ്ധ മുന്നണി കോൺഗ്രസിന്റെ ഒരു മുന്നണി മാത്രമാണെന്നും, വടക്കനച്ചനും മറ്റുവിരുദ്ധമുന്നണിക്കാരും കമ്മ്യൂണിസ്റ്റ് പാർട്ടിയേയും ജനാധിപത്യ മുന്നണിയേയും എതിർക്കുന്നത് കോൺഗ്രസ് ദുർഭരണത്തെ കാത്തുരക്ഷിയ്ക്കാൻ വേണ്ടിയാണെന്നും, അവർ 'മതം' 'ആത്മീയം' മുതലായ വാക്കുകളുപയോഗിക്കുന്നത് കോൺഗ്രസിന്റെയും കോൺഗ്രസിന്റെ പിന്നിലുള്ള വിദേശമുതലാളികൾ, ജന്മികൾ തുടങ്ങിയ മർദ്ദക വർഗ്ഗക്കാരുടെയും കൊള്ളയും ചൂഷണവും നിലനിർത്താൻ വേണ്ടിയാണെന്നും, ഇതു യേശുക്രിസ്തുവിന്റെ ജീവിതസിദ്ധാന്തങ്ങളുടെ നേർക്ക് കൊഞ്ഞനം കാട്ടലാണെന്നും ഞാനിതിനുമുമ്പുതന്നെ വ്യക്തമാക്കിയിട്ടുണ്ട്. എന്റെ ഈ വാദം ശരിയാണെന്ന് സാക്ഷാൽ ഫാദർ വടക്കൻ-1950 കളിൽ കേരളത്തിൽ രൂപം കൊണ്ട കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണിയുടെ നേതാവാണ്. വടക്കനച്ചൻ-തന്നെ ഇപ്പോൾ സമ്മതിച്ചിരിക്കുന്നു.

'തൊഴിലാളി' എന്ന വിരുദ്ധമുന്നണിപ്പത്രത്തിൽ 'പ്രബുദ്ധകേരളം പ്രതിജ്ഞ ചെയ്യട്ടെ' എന്നൊരു ലേഖനം അദ്ദേഹം എഴുതിയിട്ടുണ്ട്. അതുതന്നെ നോട്ടീസായി അച്ചടിച്ച് വിതരണം ചെയ്തിട്ടുമുണ്ട്. ആ നോട്ടീസുമെടുത്തുകൊണ്ടാണ് അച്ചൻമാർ വീടുതോറും നടന്നു കോൺഗ്രസ്സിനു വോട്ടുചെയ്യാനാവശ്യപ്പെടുന്നത്.

കമ്മ്യൂണിസ്റ്റുകാർ നിരീശ്വരവാദികളാണ്, ഭൗതികവാദികളാണ് എന്നുപറഞ്ഞുകൊണ്ടാണ് നോട്ടീസ് തുടങ്ങുന്നത്. കമ്മ്യൂണിസ്റ്റുകാരുടെ ഒന്നു രണ്ടുദ്ധരണികൾ സന്ദർഭത്തിൽനിന്നു വിടർത്തിയെടുത്തുകൊണ്ട് ആ ഉദ്ധരണികൾ തെറ്റാണെന്നു തെളിയിക്കുന്നവർക്ക് 10,000 ക താൻ പ്രതിഫലം കൊടുക്കാൻ തയ്യാറാണെന്ന് അദ്ദേഹം വെല്ലുവിളിക്കുന്നു. (കൂട്ടത്തിൽ പറയട്ടെ യേശുക്രിസ്തുവിന്റെ പേരിൽ രാഷ്ട്രീയ പ്രചാരണത്തിനിറങ്ങിയിട്ടുള്ള ഈ പാവപ്പെട്ട ഒരൊറ്റ അച്ചന്റെ കൈയിൽതന്നെ എതിരാളികൾക്ക് പ്രതിഫലം കൊടുക്കാൻ പതിനായിരം ഉറുപ്പിക സ്റ്റോക്കുണ്ട്. ധനികന് സ്വർഗ്ഗത്തിൽ പോകാൻ സാധ്യമല്ലെന്ന് പറഞ്ഞ കർത്താവ് അച്ചന് മാപ്പുകൊടുക്കട്ടെ.!) അതുകൊണ്ട് ഈ വരുന്ന മുൻസിപ്പൽ തെരഞ്ഞെടുപ്പിൽ ജനാധിപത്യ മുന്നണിക്കു വോട്ടുകൊടുത്താൽ 'ആധ്യാത്മിക പ്രബുദ്ധങ്ങളായ നമ്മുടെ നഗരങ്ങളും ഗ്രാമങ്ങളും നിരീശ്വരത്ത്വത്തിന്റെ നൃത്തശാലകളാകും'. പ്രജാസോഷ്യലിസ്റ്റുകാർക്കും വോട്ടുകൊടുക്കരുത്. കാരണം അവർ "ആർ. എസ്. പി., കെ. എസ്. പി. യുമായി ഗാഢാലിംഗനം ചെയ്തു ദൃഢബന്ധം പുലർത്തുകയാണ്." ആർ. എസ്. പി., കെ. എസ്. പി. പാർട്ടികളുടെ കാര്യം ഇനി

പറയേണ്ടതില്ലല്ലോ. പക്ഷേ, സ്വതന്ത്രൻമാർക്കു വോട്ടുകൊടുത്തുകൂടേ? അതും പാടില്ല. കാരണം, "അറിഞ്ഞോ അറിയാതെയോ വലിയൊരു ദൈവദ്രോഹവും രാജ്യദ്രോഹവുമാണ് ഈ സ്വതന്ത്രപ്പരിഷകൾ ചെയ്തുകൂട്ടുന്നത്."

പിന്നെ ആർക്കാണ് വോട്ട് കൊടുക്കേണ്ടത്? ദൈവത്തെയും കർത്താവിനെയും കാത്തുരക്ഷിയ്ക്കുന്ന കോൺഗ്രസ്സുകാർക്കുമാത്രം. കോൺഗ്രസിൽ ചേരാത്ത സർവ്വമാനപേരും കടുത്ത ദൈവദ്രോഹികളാണ്. ഇതാ അച്ചന്റെ ഓർഡർ: "ഈ സ്ഥിതിയ്ക്ക് നമ്മുടെ പിന്തുണയും അനുഭാവവും അർഹിക്കുന്ന ഏകരാഷ്ട്രീയ സംഘടന ഇന്ത്യൻ നാഷണൽ കോൺഗ്രസ് മാത്രമാണ്. ഈ വരുന്ന മുൻസിപ്പൽ പഞ്ചായത്തു തെരഞ്ഞെടുപ്പിൽ നമ്മുടെ ഓരോ വോട്ടും കോൺഗ്രസ് സ്ഥാനാർഥികൾക്കു നൽകുകയാണ് ബുദ്ധിപൂർവ്വകമായിട്ടുള്ളത്."

എന്തിനാണ് കോൺഗ്രസിന് വോട്ടുകൊടുക്കുന്നത്? മുൻസിപ്പാലിറ്റികളെ ആത്മീയസ്ഥാപനങ്ങളാക്കി മാറ്റാൻ, ദേവാലയങ്ങളും പ്രാർത്ഥനാ സ്ഥലങ്ങളുമാക്കിത്തീർക്കാൻ. കോൺഗ്രസിന് വോട്ടുകൊടുത്താൽ പിന്നെ മുനിസിപ്പാലിറ്റികളിൽ, വെള്ളം, കക്കൂസ്, റോഡ്, നികുതി, കൂലി മുതലായ യാതൊരു ഭൗതിക പ്രശ്നങ്ങളുമുണ്ടാവില്ല. ചർച്ചകളും തീരുമാനങ്ങളുമെല്ലാം ആത്മീയകാര്യങ്ങളെപ്പറ്റി മാത്രമായിരിക്കും. എന്നാണദ്ദേഹത്തിന്റെ നാട്യം.

ഇങ്ങനെ കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണിയുടെ നേതാവായ വടക്കനച്ചൻ ഭൗതികവാദികളേയും നിരീശ്വരവാദികളേയും "കരിച്ചുകളയാനും നിലയ്ക്കു നിർത്താനും വേണ്ടി" ആത്മീയമായ മുൻസിപ്പൽ തിരഞ്ഞെടുപ്പിൽ ആത്മീയവാദികളായ കോൺഗ്രസുകാരുടെ ആത്മീയപ്പെട്ടിയിൽ ആത്മീയവോട്ടുകളിടണമെന്നഭ്യർഥിച്ചിരിക്കുന്നു.

എന്തിന്? ദൈവത്തെ രക്ഷിക്കാൻ, ക്രിസ്തുവിന്റെ സിദ്ധാന്തങ്ങളെ രക്ഷിയ്ക്കാൻ!!

വാസ്തവത്തിൽ വടക്കനച്ചന്റെ പ്രവൃത്തികൾക്കും വചനങ്ങൾക്കും ക്രിസ്തുവിന്റെ സിദ്ധാന്തങ്ങളുമായി യാതൊരു ബന്ധവുമില്ലെന്നു വ്യക്തമാക്കുവാൻ ഇനിയെന്തു തെളിവാണ് വേണ്ടത്?

യേശുക്രിസ്തു അടിമകളുടേയും അന്നു നിലവിലുണ്ടായിരുന്ന മറ്റു മർദ്ദിതവർഗ്ഗക്കാരുടെയും നേതാവും മർദ്ദകവർഗ്ഗക്കാരുടെയും പുരോഹിതൻമാരുടെയും ശത്രുവുമായിരുന്നു. വടക്കനച്ചൻ, നേരെ മറിച്ച് മർദ്ദകവർഗ്ഗക്കാരായ ജന്മിമുതലാളിപ്പരിഷകളുടേയും അവരുടെ രാഷ്ട്രീയ സംഘടനയായ കോൺഗ്രസിന്റെയും തിരഞ്ഞെടുപ്പേജൻറു മാത്രമാണ്.

യേശുക്രിസ്തു പാവങ്ങളുടെ ബന്ധുവായിരുന്നു, കൊള്ളക്കാരായ പണക്കാരുടെ ശത്രുവായിരുന്നു.

വടക്കനച്ചനും അദ്ദേഹത്തിന്റെ വിരുദ്ധമുന്നണിയും നേരെമറിച്ച് പാവങ്ങളെ കൊള്ളയടിക്കുകയും പാട്ടം പിടിച്ചുപറിക്കുകയും കുടിയിറക്കുകയും കൂലികുറയ്ക്കുകയും തൊഴിലില്ലായ്മയും പട്ടിണിയും വർധിപ്പിക്കുകയും ചെയ്യുന്ന പണക്കാരായ കോൺഗ്രസ് പ്രമാണിമാരുടെ ബന്ധുവാണ്; പാവങ്ങളുടെ ശത്രുവാണ്.

അല്ലെന്നു തെളിയിച്ചാൽ ഞാൻ വടക്കനച്ചന് അഞ്ചുറുപ്പിക പ്രതിഫലം കൊടുക്കാൻ തയ്യാറാണ്. (വടക്കനച്ചനെപ്പോലെ 10000 ക. യില്ലാത്തതുകൊണ്ടാണ് അഞ്ചുറുപ്പിക മാത്രം വാഗ്ദാനം ചെയ്യുന്നത്.) ഈ വെല്ലുവിളി സ്വീകരിക്കാൻ വടക്കനച്ചൻ തയ്യാറുണ്ടോ? □

നവജീവൻ, തൃശൂർ 21-1-1953.

# 10

# പ്രാർത്ഥനയും സാന്മാർഗ്ഗികബോധവും

പള്ളിക്കൂടങ്ങളിൽ വച്ചു നടത്തപ്പെടുന്ന ഈശ്വരപ്രാർത്ഥന ഭരണഘടനയ്ക്കെതിരാണെന്നു പ്രഖ്യാപിച്ചുകൊണ്ടുള്ള അമേരിക്കൻ സുപ്രീംകോടതിവിധിയുടെ പരസ്പരവിരുദ്ധങ്ങളായ രണ്ടുതരം പ്രത്യാഘാതങ്ങളാണുളവാക്കിയത്. ഒരു വിഭാഗം ജനങ്ങൾക്ക് സന്തോഷവും സംതൃപ്തിയുമുണ്ടായി. എന്നാൽ, മറ്റൊരു വിഭാഗത്തിന് സന്താപവും ശുണ്ഠിയുമാണുണ്ടായത്.

## 1 ആനുകൂല്യവും പ്രാതികൂല്യവും

കോടതിവിധിയെ സ്വാഗതം ചെയ്തതിൽ നിരീശ്വരവാദികളും ശാസ്ത്രജ്ഞരും ഒരു മതത്തിലും വിശ്വസിക്കാത്തവരും മാത്രമല്ല, ദൈവവിശ്വാസികളും മതഭക്തൻമാരുമായ ഒട്ടനവധി പുരോഹിതൻമാർകൂടി ഉൾപ്പെടുന്നു. ജൂതപുരോഹിതൻമാർ തികഞ്ഞ സംതൃപ്തിയോടുകൂടിയാണ് വിധിയെ സ്വാഗതം ചെയ്തത്. പതിമൂന്ന് യുനിറ്റേറിയൻ പുരോഹിതൻമാർ കൂട്ടായി പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ ഈ വിധി 'ഭരണഘടനാപരമായി ഭദ്ര'മാണെന്നു മാത്രമല്ല, 'മതപരമായ താൽപര്യങ്ങൾക്കനുകൂലമാണെന്ന്' കൂടി പറയുന്നു. 'ക്രിസ്ത്യൻ സെഞ്ചുറി' യുടെ പ്രോട്ടസ്റ്റൻറു കാരനായ പത്രാധിപർ ഹാരോൾഡ് ഫേ എഴുതി:

'പ്രാർഥനയെ നിരോധിക്കുകയല്ല കോടതി ചെയ്തിട്ടുള്ളത്... പള്ളിയും ഭരണകൂടവും തമ്മിലുള്ള ശരിയായ വിഭജനത്തിൽ ഏതെങ്കിലും വിദ്യാഭ്യാസ മേധാവിയോ മറ്റേതെങ്കിലും ഉദ്യോഗസ്ഥരോ ഇടപെടുന്നതിനെ മാത്രമേ കോടതി നിരോധിച്ചിട്ടുള്ളു.' (ജൂലൈ 6-ാം തീയതിയിലെ 'ടൈം മാസിക' നോക്കുക.).

എന്നാൽ, ഇതിനെതിരായ അഭിപ്രായങ്ങളും പൊന്തിവന്നിട്ടുണ്ട്. ഉദാഹരണത്തിന്, കോടതിയുടെ വിധി, തന്നെ ഞെട്ടിപ്പിക്കുകയും ഭയപ്പെടുത്തുകയും ചെയ്തുവെന്നാണ് ന്യൂയോർക്കിലെ റോമൻ കാത്തലിക്ക് ബിഷപ്പ്, ഫ്രാൻസിസ് കാർഡിനൽ സ്പെൽമാൻ പറയുന്നത്. 'ദൈവികമായ യാതൊരു പാരമ്പര്യത്തിലാണോ അമേരിക്കയിലെ കുട്ടികൾ ഇത്രയും കാലം വളർത്തപ്പെട്ടുപോന്നത്, അതിന്റെ ഹൃദയത്തിനു കൊള്ളുന്ന അടിയാണിതെ' ന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. "നമ്മുടെ രാജ്യത്തിന്റെ അധ്യാത്മികപാരമ്പര്യത്തിൽ പങ്കുചേരാൻ കുട്ടികൾക്ക് സന്ദർഭം കൊടുക്കാതിരിക്കലാണ്" ഇതിന്റെ ഫലമെന്ന് ഭിന്നാഭിപ്രായമെഴുതിയ ജഡ്ജി സ്റ്റുർട്ട് തന്നെ പ്രഖ്യാപിക്കുകയുണ്ടായി. ചുരുക്കിപ്പറഞ്ഞാൽ, പള്ളിക്കൂട

ങ്ങളിൽ വച്ച് കുട്ടികൾ പ്രാർഥിക്കാതായാൽ അധ്യാത്മികപാരമ്പര്യവും സന്മാർഗികബോധവും നശിക്കുമെന്നും, അങ്ങിനെ തങ്ങളുടെ കുട്ടികൾ തെമ്മാടികളായി വളരുമെന്നുമാണ് മതഭക്തൻമാർ ഭയപ്പെടുന്നത്.

## 2 വിശ്വാസത്തിന്റെ പ്രചാരകൻമാർ

സുപ്രീംകോടതിയുടെ വിധിന്യായം പുറത്തുവരുന്നതുവരെ വീടുകളിൽവച്ചും പള്ളികളിൽവച്ചും മാത്രമല്ല, പള്ളിക്കൂടങ്ങളിൽ വച്ചും കുട്ടികൾ പ്രാർഥിച്ചിരുന്നു. അമേരിക്കൻ ഈശ്വരപ്രാർഥനയ്ക്കു യാതൊരു പഞ്ഞവുമില്ല എന്നല്ല, അടുത്തകാലത്തായി ഈശ്വരപ്രാർഥനയും മതവിശ്വാസവും വളരെയധികം വർധിച്ചിട്ടുമുണ്ട്. വൻകിടക്കാരായ കുത്തകമുതലാളികൾ ജനങ്ങളുടെ മതവിശ്വാസം വളർത്താൻവേണ്ടിയനുഭവിക്കുന്ന ത്യാഗം ചെറുതൊന്നുമല്ല. മതസംഘടനകൾക്കും മറ്റു ദൈവീകസ്ഥാപനങ്ങൾക്കും അവർ നൽകുന്ന സംഭാവനകളുടെ തുക കൊല്ലംതോറും വർധിച്ചുവരികയാണ്. അതിന്റെ ഫലമായി അമേരിക്കയിൽ ആധ്യാത്മികബോധവും സാൻമാർഗിക നിലവാരവും എത്രത്തോളം വളർന്നിട്ടുണ്ടെന്ന് ഫെഡറൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ എന്ന സംഘടനയുടെ ഡയറക്ടറായ ഹൂവർ ഈയിടെ പ്രസിദ്ധം ചെയ്ത സ്ഥിതിവിവരക്കണക്കുകൾ നോക്കിയാൽ ബോധ്യമാവും.

## 3 പ്രാർത്ഥനയുടെ സംഭാവന

1961-ലെ പ്രാർത്ഥനയുടെ ഫലങ്ങൾ താഴെ ഉദ്ധരിക്കുന്നു.

| | |
|---|---:|
| കൊലപാതകം | 8,600 |
| ബലാത്സംഗം | 16,010 |
| കൊള്ള | 91,660 |
| ഗൗരവംകൂടിയ ബലപ്രയോഗകേസുകൾ | 1,33,020 |
| ചെറുകിട മോഷണം | 4,98,100 |
| കാർ മോഷണം | 3,26,000 |

(ജൂലൈ 15-ന്റെ ഇന്ത്യൻ എക്സ്പ്രസ്)

പ്രാർത്ഥയുടെ ശക്തി വർദ്ധിക്കുംതോറും കുറ്റങ്ങളുടെ എണ്ണവും വർദ്ധിച്ചുവരികയാണ്. ഹൂവർ പറയുന്നു:

“കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ നമ്മുടെ രാജ്യത്തിലെ ജനസംഖ്യ ഏഴ് ശതമാനമാണ് വർധിച്ചത്. എന്നാൽ കുറ്റങ്ങൾ 34 ശതമാനം വർദ്ധിച്ചിരിക്കുന്നു.”

ഞെട്ടിപ്പിക്കുന്ന മറ്റൊരു കാര്യം കൂടി അദ്ദേഹം വെളിപ്പെടുത്തുന്നുണ്ട്. അമേരിക്കയിൽ കൊള്ള, കൊലപാതകം, ബലാത്സംഗം തുടങ്ങിയ ഗൗരവമേറിയ കുറ്റങ്ങൾക്കു കഴിഞ്ഞ കൊല്ലം അറസ്റ്റുചെയ്യപ്പെട്ടവരിൽ 43 ശതമാനവും 18 വയസിനു താഴെയുള്ളവരത്രേ.

## 4 സാൻമാർഗിക പ്രവർത്തനം

പള്ളിക്കൂടത്തിൽ പ്രാർത്ഥിച്ച പ്രാർത്ഥിച്ച അധ്യാത്മിക പാരമ്പര്യം മുഴുവനും ഉൾക്കൊണ്ടു പുറത്തുകടക്കുന്ന വിദ്യാർത്ഥി ആദ്യമായി നടത്തുന്ന ‘സൻമാർഗിക പ്രവർത്തനം’ ഒരു കൊലപാതകമോ, ബലാത്സംഗമോ ചുരുങ്ങിയത് ഒരു കാർമോഷണമെങ്കിലുമോ ആയിരിയ്ക്കാമെന്നല്ലേ ഇതിൽനിന്ന് മനസ്സിലാക്കേണ്ടത്? □

നവയുഗം, 4-8-1962

# 11

# പള്ളിക്കൂടത്തിലെ പ്രാർത്ഥന

പള്ളിക്കൂടത്തിൽ വച്ചു വിദ്യാർഥികളെകൊണ്ട് ഈശ്വരപ്രാർത്ഥന നടത്തിയ്ക്കുന്നത് ശരിയാണോ? അതു ഭരണഘടനയുടെ തത്വങ്ങൾക്കനുയോജ്യമാണോ?

ഇങ്ങനെയൊരു ചോദ്യം ചോദിക്കുന്നതുതന്നെ ദൈവനിന്ദയാണെന്നും പള്ളിക്കൂടത്തിൽ നിന്നും പ്രാർത്ഥനയൊഴിവാക്കിയാൽ കുട്ടികളെല്ലാം കാടൻമാരായി തീരുമെന്നും വിശ്വസിക്കുന്ന ചില ശുദ്ധാത്മാക്കളെ നമ്മുടെ നാട്ടിലും കാണാം. അവരുടെ കണ്ണുതുറപ്പിക്കാൻ പര്യാപ്തമായ ഒരു വിധിയാണ് ഈയിടെ അമേരിക്കയിലെ സുപ്രീംകോടതി പുറപ്പെടുവിച്ചത്.

വിഷയം പള്ളിക്കൂടത്തിലെ പ്രാർത്ഥന തന്നെ. പാഠം തുടങ്ങുന്നതിന് മുമ്പ് പള്ളിക്കൂടത്തിൽ വച്ച് കുട്ടികളെ കൊണ്ട് പ്രാർത്ഥന നടത്തിക്കുന്നത് ശരിയാണോ? 'ഒരു മതം സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ളതോ മതപരമായ സ്വാതന്ത്ര്യം നിരോധിക്കുന്നതോ ആയ യാതൊരു നിയമവും കോൺഗ്രസ് (പാർലമെൻറ്-ലേ) പാസാക്കുന്നതല്ല.' എന്ന് അസന്ധിഗ്ദമായി പ്രഖ്യാപിക്കുന്ന അമേരിക്കയുടെ ഫെഡറൽ ഭരണഘടനയനുസരിച്ച് പള്ളിക്കൂടത്തിലെ പ്രാർത്ഥനകളെ ന്യായീകരിക്കാമോ? ഒരിക്കലും ന്യായീകരിക്കാൻ വയ്യെന്നാണ് ജസ്റ്റിസ് ബ്ലാക്കിന്റെ നേതൃത്വത്തിലുള്ള ജഡ്ജിമാരുടെ കോടതി വിധി പ്രസ്താവിച്ചത്.

## 1 സർക്കാർ പ്രാർത്ഥന

1951-ൽ ന്യൂയോർക്ക് സ്റ്റേറ്റിലെ റീജൻറ് ബോർഡ്, പള്ളിക്കൂടത്തിലെ വിദ്യാർത്ഥികളുടെ ഉപയോഗത്തിനു വേണ്ടി ഒരു പ്രാർത്ഥന തയ്യാറാക്കി അയച്ചുകൊടുത്തു, പ്രാർത്ഥനയിതാണ്"

> 'സർവ്വശക്തനായ ദൈവമേ, അങ്ങയെ ആശ്രയിക്കുന്നവരാണ് ഞങ്ങൾ, അവിടുന്ന് ഞങ്ങളെയും ഞങ്ങളുടെ മാതാപിതാക്കൻമാരെയും ഞങ്ങളുടെ രാജ്യത്തെയും അനുഗ്രഹിക്കണമേ'

ഈ പ്രാർത്ഥന തികച്ചും നിർദ്ദോഷമാണെന്നും അമേരിക്കയിലെ വ്യത്യസ്ത മതക്കാർക്ക് ഒരുപോലെ സ്വീകരിക്കാവുന്നതാണെന്നും മറ്റുമാണ് പറയപ്പെട്ടിരുന്നത്. പക്ഷേ, അതുണ്ടായില്ല യഹൂദൻമാർ, യൂണിറ്റേറിയൻമാർ, യാതൊരുകാര്യത്തിലും വിശ്വസിക്കാത്തവർ, എത്തിക്കൽ കൾച്ചറൽ സൊസൈറ്റി എന്ന സാംസ്കാരിക

സംഘടനയിലെ അംഗങ്ങൾ മുതലായ വിഭാഗക്കാർ പ്രതിഷേധശബ്ദങ്ങൾ പുറപ്പെടുവിച്ചു. അവരിൽപ്പെട്ട പത്തു വിദ്യാർഥികളുടെ രക്ഷിതാക്കൻമാർ കോടതിയിൽ കേസ്സുകൊടുത്തു. തങ്ങളുടെ കുട്ടികളെകൊണ്ട് പള്ളിക്കൂടങ്ങളിൽചൊല്ലിപ്പിക്കുന്ന പ്രാർത്ഥന ഭരണഘടനാവിരുദ്ധമായി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ടു. എതിർകക്ഷിക്കാരും വിട്ടില്ല. 16 രക്ഷിതാക്കൾ പ്രാർത്ഥന തുടരണമെന്നു വാദിച്ചു. പ്രാർത്ഥനയ്ക്ക് ആരും നിർബന്ധിക്കപ്പെടുന്നില്ലെന്നും സ്വമനസ്സാലെ അമേരിക്കയുടെ മതസാംസ്കാരിക പാരമ്പര്യങ്ങളെ നിലനിർത്താൻ വേണ്ടിയാണ് അവർ പ്രാർത്ഥനയിൽ പങ്കുകൊള്ളുന്നത് എന്നും മറ്റും വാദിക്കപ്പെട്ടു.

ഔപചാരികമായി പറഞ്ഞാൽ, നിർബന്ധമുണ്ടായിരുന്നില്ല. പക്ഷേ, പ്രാർത്ഥനയിൽ പങ്കുകൊള്ളാൻ കൂട്ടാക്കാത്ത വിദ്യാർഥികൾ ഒറ്റപ്പെടുകയേയുള്ളുവെന്ന് പറയേണ്ടതില്ലല്ലോ. തന്റെ കുട്ടി മറ്റുള്ളവരുടെയിടയിൽ 'പറയ'നായി തീരുമോയെന്ന ഭയം കൊണ്ടാണ് പ്രാർത്ഥനയ്ക്ക് കൂടിയത് എന്ന് ഒരു രക്ഷിതാവ് തുറന്നുപറഞ്ഞത് അർത്ഥഗർഭമാണ്. പക്ഷേ, എന്തു വാദിച്ചിട്ടും ഫലമുണ്ടായില്ല. കേസു തോറ്റു. അതിനെ തുടർന്ന് മുൻപറഞ്ഞ പത്തു രക്ഷിതാക്കൻമാർ സുപ്രീം കോടതിയിൽ അപ്പീൽ കൊടുത്തു. ആ അപ്പീലിന്മേലുള്ള വിധിയാണ് ഇപ്പോൾ പുറത്തുവന്നിട്ടുള്ളത്.

## 2 മതം: വീട്ടിലും പള്ളിയിലും

പള്ളിക്കൂടങ്ങളിലെ ഉപയോഗത്തിനു വേണ്ടി ഒരു സ്റ്റേറ്റ് തയ്യാറാക്കി അയയ്ക്കുന്ന പ്രാർത്ഥന നിർബന്ധപൂർവ്വമായതല്ലെങ്കിൽ കൂടി, ഭരണഘടനാപരമായി സംരക്ഷിക്കപ്പെടുന്ന മതസ്വാതന്ത്ര്യത്തിനെതിരാണെന്നാണ് ജഡ്ജിമാർ പ്രഖ്യാപിച്ചത്. കോടതിയുടെ വിധിന്യായത്തിൽ ഇങ്ങനെ പറയുന്നു:

> "മാറി മാറി വരുന്ന ഗവൺമെൻറുകൾ പ്രാർത്ഥനകൾ രചിക്കുന്നതും ഔദ്യോഗിക പ്രാർത്ഥനകൾക്ക് അനുവാദം നൽകുന്നതുമായ സമ്പ്രദായത്തിൽ നിന്ന് ഒഴിഞ്ഞു നിൽക്കണമെന്ന് പറയുന്നത് ദൈവദൂഷണമോ മതവിരുദ്ധമോ അല്ല. നേരെമറിച്ച് മതപരമായ ഈ ജോലി ജനങ്ങൾക്കും അവരുടെ മതോപദേഷ്ടാക്കൾക്കും വിട്ടുകൊടുക്കുകയാണ് ഉത്തമമായിട്ടുള്ളത്"

ഒരു മതേതരരാഷ്ടത്തിനു യോജിച്ച വിധി തന്നെയാണിതെന്നും അമേരിക്കൻ ഭരണഘടനയുടെ ജനാധിപത്യപരമായ ഘടകങ്ങൾ പൂർണമായി നിർമ്മാർജ്ജനം ചെയ്യപ്പെട്ടിട്ടില്ലന്നാണിത് കാണിക്കുന്നത് എന്നും പുരോഹിതൻമാരും രാഷ്ട്രീയ നേതാക്കൻമാരും ബുദ്ധിജീവികളും പത്രപ്രവർത്തകൻമാരുമുൾപ്പെടെയുള്ള പലരും പ്രസ്താവിക്കുകയുണ്ടായി. അഭിപ്രായവ്യത്യാസമുള്ളവർ പോലും സുപ്രീംകോടതിയുടെ വിധിയെ പൂർണമായും മാനിയ്ക്കണമെന്ന്, ഒരു കത്തോലിക്കനായ പ്രസിഡൻറ് കെനഡി പോലും പ്രസ്താവിച്ചു. പക്ഷേ, പിന്തിരിപ്പന്മാരായ ചില പുരോഹിതൻമാർ സുപ്രീംകോടതിയുടെ വിധിയിൽ കഠിനമായ ഉൽകണ്ഠയും പ്രതിഷേധവും പ്രകടിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു. പള്ളിക്കൂടങ്ങളിൽ പ്രാർത്ഥനയില്ലാതായാൽ രാജ്യമാകെ കുട്ടിച്ചോറാകുമെന്നാണവർ ഭയപ്പെടുന്നത്. ഭരണഘടന അങ്ങനെയാണെങ്കിൽ അതുടനെ ഭേദഗതി ചെയ്ത് പ്രാർത്ഥന വീണ്ടും തുടരണമെന്നാണവർ ആവശ്യപ്പെടുന്നത്.

ഇങ്ങനെ പള്ളിക്കൂടങ്ങളിൽവച്ച് പ്രാർത്ഥന നടത്തുന്നതിനെ എതിർക്കുന്നവരും അനുകൂലിക്കുന്നവരും തമ്മിലുള്ള ഒരു സമരമാണ് ഇപ്പോൾ അമേരിക്കയിൽ നടന്നുകൊണ്ടിരിക്കുന്നത്. ഇതിലാര് വിജയിക്കുമെന്ന് പറയാറായിട്ടില്ല.

## 3 നമ്മുടെ നാട്ടിൽ

കേരളത്തിൽതന്നെ അമേരിക്കൻ ജഡ്ജിമാരുടെ ഈ വിധിയെപ്പറ്റി വ്യത്യസ്താഭിപ്രായങ്ങൾ ഉന്നയിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. അതിലത്ഭുതപ്പെടാനുമില്ല. ജനാധിപത്യാവകാശങ്ങൾക്കുവേണ്ടിയുള്ള സമരം അമേരിക്കയിലെന്നപോലെ ഇന്ത്യയിലും, ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ, നടന്നുകൊണ്ടിരിക്കുകയാണല്ലോ.

നമ്മുടെ രാജ്യത്തിലെ ഭരണഘടന വിഭിന്നമതങ്ങളിൽ വിശ്വസിക്കുന്നവർക്കും ഒരു മതത്തിലും വിശ്വസിക്കാത്ത നിരീശ്വരവാദികൾക്കുമെല്ലാം ഒരേതരത്തിലുള്ള അവകാശങ്ങളാണനുവദിച്ചിട്ടുള്ളത്. എന്നിട്ടും സ്റ്റേറ്റിന്റെ പൊതുമുതൽ ചെലവിട്ടുകൊണ്ടുതന്നെ ചില മതങ്ങൾക്ക് പ്രത്യേക പരിഗണനകളനുവദിക്കുന്നുവെന്ന ആക്ഷേപം പലപ്പോഴും പൊന്തിവരാറുണ്ട്. നമ്മുടെ നാട്ടിൽ പുതുതായി ഒരു കപ്പൽ സമുദ്രത്തിലിറക്കപ്പെടുകയോ, ഒരു പാലം ഉദ്ഘാടനം ചെയ്യപ്പെടുകയോ മറ്റോ ചെയ്യുമ്പോൾ ഹിന്ദുമതത്തിൻറേതായ ചില പ്രാർത്ഥനകളും ചടങ്ങുകളും ഇന്നും ഉപയോഗിക്കപ്പെട്ടുവരാറുണ്ട്. കുട്ടികളുടെ പാഠപുസ്തകം തുടങ്ങുന്നതുതന്നെ ഈശ്വരപ്രാർത്ഥനയോടു കൂടിയാണ്. ഒരു മതേതരരാഷ്ട്രത്തിൽ ഇത്തരം സമ്പ്രദായങ്ങൾ തുടരുന്നത് ശരിയാണോ?

## 4 മതേതരത്വം

മതേതരരാഷ്ട്രമെന്നാൽ എല്ലാ മതങ്ങളെയും പ്രോത്സാഹിപ്പിക്കലാണ് എന്നുവരെ അടുത്തകാലത്ത് ചിലർ വാദിക്കാൻ തുടങ്ങിയിട്ടുണ്ട്. പക്ഷേ, ഇതു മതവിശ്വാസികളുടെ മാത്രം പ്രശ്നമാണോ? മതവിശ്വാസികൾക്കെന്നപോലെതന്നെ മതവിശ്വാസികളല്ലാത്ത നിരീശ്വരവാദികൾക്കും തങ്ങളുടെ മനസാക്ഷിക്കനുസരിച്ച ജീവിക്കാനുള്ള സ്വാതന്ത്ര്യം, നമ്മുടെ ഭരണഘടന അനുവദിക്കുന്നില്ലേ? ഉണ്ടെന്നു തീർച്ച, പക്ഷേ പ്രവൃത്തിയിൽ ആ സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരിക്കുകയാണ്.

മതവിശ്വാസികൾക്ക് തങ്ങളുടെ വീട്ടിലിരുന്നുകൊണ്ട് ഇഷ്ടംപോലെ പ്രാർത്ഥിക്കാനുള്ള സ്വാതന്ത്ര്യമുണ്ടാവണം. പള്ളിയിലോ, അമ്പലത്തിലോ പോയി ഇഷ്ടമുള്ള ദൈവത്തെ പ്രാർത്ഥിക്കാനും, പൂർണ്ണമായ സ്വാതന്ത്ര്യമുണ്ടായിരിക്കണം. മതവിശ്വാസങ്ങളെ പരസ്പരം വ്രണപ്പെടുത്തുന്ന പ്രവണതകളെ തടയുകയും വേണം.

പക്ഷേ, മതവും ഭരണകൂടവും തമ്മിൽ കൂട്ടിക്കുഴയ്ക്കരുത്. ഭരണകാര്യങ്ങളിൽ കത്തിക്കയറിയിരിക്കാൻ മതവിശ്വാസത്തെ അനുവദിച്ചുകൂടാ. പൊതുമുതൽകൊണ്ട് നടത്തുന്ന വിദ്യാലയങ്ങളിലും സ്റ്റേറ്റ് സ്ഥാപനങ്ങളിലും പൊതുയോഗങ്ങളിലും മറ്റും ഈശ്വരപ്രാർത്ഥനയോ മറ്റ് മതചടങ്ങുകളോ നടത്തുന്നത് ഭരണഘടനയുടെ മൗലികതത്വങ്ങൾക്കെതിരാണെന്ന് വ്യക്തമാക്കണം.

അമേരിക്കയുടെ സുപ്രീംകോടതിവിധിയിൽ നിന്ന് ഈയൊരുപാഠം നമ്മുടെ ഭരണാധികാരികളും പൊതുപ്രവർത്തകരും പഠിച്ചുവെങ്കിൽ അതു നമ്മുടെ നാട്ടിന്റെ പുരോഗതിക്ക് വളരെ സഹായകരമായിരിക്കും. □

(നവയുഗം, 28-7-1962)

# 12

# അടിമത്തവും ക്രിസ്ത്യാനികളും

ക്രിസ്തുവിന് 14 കൊല്ലങ്ങൾക്ക് മുമ്പ് റോമാസാമ്രാജ്യത്തിൽ അത്ഭുതപൂർവ്വമായ ഒരു സംഭവമുണ്ടായി. തെക്കുപടിഞ്ഞാറൻ സിസിലിയിലെ ഒരു ഗ്രാമത്തിൽ 30 അടിമകൾ ഒന്നിച്ചുചേർന്ന് തങ്ങളുടെ യജമാനനായ ഒരു ധനാഢ്യനെ കൊന്നുകളഞ്ഞു.

അടിമ ഉടമയെ കൊല്ലുക! അത്തരമൊരു സംഭവം മുമ്പുണ്ടായിട്ടില്ല.

അതിനുമുമ്പ് അടിമകൾ കൊല്ലപ്പെട്ടിട്ടുണ്ട്. ഉടമകളുടെ അപ്രീതിയ്ക്കിരയായ അനേകമനേകം അടിമകൾ കുരിശിന്മേൽ തറയ്ക്കപ്പെട്ടിട്ടുണ്ട്. എല്ലാം നിശബ്ദമായി സഹിക്കാനേ അടിമകൾക്കു കഴിഞ്ഞിരുന്നുള്ളു. കന്നുകാലികൾ, വീട്ടുസാമഗ്രികൾ മുതലായവയെപ്പോലെതന്നെ അടിമകളും ധനികൻമാരുടെ സ്വകാര്യസ്വത്തുക്കളായിരുന്നു. അടിമകളെ അടിക്കാം, ചവിട്ടാം, ചങ്ങലയ്ക്കിട്ടു വലിക്കാം, വിൽക്കാം, കൊല്ലാം എന്തുവേണമെങ്കിലും ചെയ്യാം. റോമൻ നിയമങ്ങളൊന്നും അടിമകൾക്കു ബാധകമായിരുന്നില്ല. ഉടമകൾക്കുവേണ്ടി എല്ലുമുറിയെ പണിയെടുക്കുക, ഉടമകളുടെ കൽപനകളനുസരിക്കുക ഇതുമാത്രമായിരുന്നു അടിമകളുടെ കടമ. അടിമകളെക്കൊണ്ടു പണിയെടുപ്പിച്ചിട്ടാണ് റോമൻ പ്രമാണിമാർ സുഖഭോഗങ്ങളിലാറാടുകയും രാഷ്ട്രീയകാര്യങ്ങളിലും സാഹിത്യം, സംസ്കാരം തുടങ്ങിയ മറ്റുതുറകളിലും മേധാവിത്വം പുലർത്തുകയും ചെയ്തുപോന്നത്. അടിമവേലയായിരുന്നു റോമൻ സാമ്രാജ്യത്വത്തിന്റെ അസ്ഥിവാരം.

അടിമകൾ മാത്രമല്ല, കൈവേലക്കാർ, മീൻപിടുത്തക്കാർ, സ്വതന്ത്രൻമാരായ ഇടത്തരക്കാർ മുതലായ മറ്റു ജനവിഭാഗങ്ങളും ചൂഷണം ചെയ്യപ്പെട്ടിരുന്നു. പണമിടപാടുകാർ പലിശയ്ക്കു കടംകൊടുത്ത് സാധുക്കളെ ഞെക്കിപ്പിഴിയുകയും കൃത്യസമയത്തു പണം മടക്കിക്കൊടുക്കാത്തവരെ അടിമകളാക്കി മാറ്റുകയും ചെയ്തിരുന്നു.

മർദ്ദനം അസംതൃപ്തിയെ ക്ഷണിച്ചുവരുത്തി. അസംതൃപ്തി ചിലപ്പോൾ ലഹളകളായി രൂപാന്തരപ്പെട്ടു. അത്തരമൊരു ലഹളയാണ് ക്രിസ്തുവിന് 101 കൊല്ലങ്ങൾക്കു മുമ്പ് സിസിലിയയിൽ പൊട്ടിപ്പുറപ്പെട്ടത്.

ധനികവർഗ്ഗമാകെ ക്രോധംകൊണ്ടു തുള്ളി. ഇത്തരമൊരുസംഭവം ഇന്നിയുമുണ്ടാകാൻ പാടില്ലെന്നവർ തീരുമാനിച്ചു. അവർ പക വീട്ടാനൊരുങ്ങി.

ധനാഢ്യനെ കൊല്ലാൻ ഗൂഢാലോചന നടത്തിയ 30 അടിമകൾ പ്രാണരക്ഷയ്ക്കുവേണ്ടി പർവ്വതദേശങ്ങളിലേക്ക് ഓടിപ്പോയി. ഉടമകളുടെ സൈന്യങ്ങൾ അവരെ പിന്തുടർന്നു.

അപ്പോളാണ് ചരിത്രത്തെ വെല്ലുവിളിച്ച മറ്റൊരു സംഭവമുണ്ടായത്. ഉടമകളുടെ ക്രോധാഗ്നിക്കിരയായ ആ 30 അടിമകളുടെ ഭാഗത്ത് റോമാ സാമ്രാജ്യത്തിലെ മുഴുവൻ അടിമകളും അണിനിരന്നു. സാൽവി എന്നു പേരായ ഒരടിമയുടെ നേതൃത്വത്തിൽ ആറായിരത്തോളം അടിമകൾ ആറായിരത്തിലധികം അടിമകൾ കയ്യിൽ കിട്ടിയ ആയുധങ്ങളുമെടുത്ത് ഭരണാധികാരികൾക്കെതിരായ ലഹളയാരംഭിച്ചു.

ലഹള മൃഗീയമായി അടിച്ചമർക്കപ്പെട്ടു. ആയിരക്കണക്കിന് അടിമകൾ കൊല്ലപ്പെട്ടു. ഉടമകൾ തൽക്കാലം രക്ഷപ്പെട്ടു. പക്ഷേ, റോമാ സാമ്രാജ്യമാകെ കൂടുതൽ വേഗത്തിൽ നാശത്തിലേക്ക് നീങ്ങി.

വീണ്ടും വീണ്ടും അടിമകൾ ലഹളയ്ക്കൊരുങ്ങി. വീണ്ടും വീണ്ടും അവർ അടിച്ചമർക്കപ്പെട്ടു.

മുപ്പതുകൊല്ലങ്ങൾക്കു ശേഷം, അതായത് ക്രിസ്തുവിന് മുമ്പ് 74-ൽ സ്പാർട്ടേക്കസ് എന്ന അടിമത്തലവന്റെ നേതൃത്വത്തിൽ മൂന്നുകൊല്ലത്തോളം നീണ്ടുനിന്നതും സാമ്രാജ്യത്തെയാകെ ഇളക്കിമറിച്ചതുമായ ഒരു വലിയ കലാപമുണ്ടായി. ഒടുവിൽ അതും പൈശാചികമായി മർദ്ദിച്ചമർക്കപ്പെടുകയാണുണ്ടായത്. ലഹളക്കാരോടും പകരംവീട്ടാൻ വേണ്ടി കാപ്പി മുതൽ റോം വരെയുള്ള നിരത്തിന്റെ ഇരുവശങ്ങളിലുമായി കുരിശിൻമേൽ തറച്ചുകൊല്ലപ്പെട്ട ആറായിരം അടിമകളുടെ ശവശരീരങ്ങൾ വരിവരിയായി കുത്തിനിർത്തപ്പെട്ടു. സാമ്രാജ്യത്തിലങ്ങോളമിങ്ങോളം നിരങ്കുശമായ സൈനിക സ്വേച്ഛാധിപത്യം നടമാടി.

കലാപം നടത്തിയ പരാജയമടഞ്ഞ ജനങ്ങൾക്കിടയിൽ നിരാശയും നിസ്സഹായതാബോധവും പരന്നുപിടിച്ചു. ഇനിയെന്തുചെയ്യും? മർദ്ദനങ്ങളിൽ നിന്നും കഷ്ടപാടുകളിൽ നിന്നും പുറത്തുകടക്കാൻ അവർ യാതൊരു വഴിയും കണ്ടില്ല.

യാതൊരുവഴിയും കണ്ടില്ലെന്നു പറഞ്ഞുകൂട. ഒരു വഴിയുണ്ട്; ദൈവം രക്ഷിക്കണം. തങ്ങളുടെ കഷ്ടപ്പാടുകൾ പരിഹരിക്കാൻ വേണ്ടി ഒരു ദൈവദൂതൻ, അല്ലെങ്കിൽ ദൈവപുത്രൻ, ഭൂമിയിലവതരിയ്ക്കണം. മർദ്ദകവർഗ്ഗക്കാരോടെതിരിട്ടു വിജയിക്കാൻ തങ്ങൾക്ക് ശക്തിയില്ലെന്നുള്ളത് ശരിയാണ്. പക്ഷേ, ദൈവദൂതൻവന്ന് തങ്ങളെ മോചിപ്പിക്കാതിരിക്കില്ല. അങ്ങിനെ, ഭൗതികമായ മർദ്ദനങ്ങളുടെ വേദനയിൽ നിന്ന് മതപരമായ പുതിയ ആശയങ്ങളും പുതിയ വിശ്വാസങ്ങളും തലപൊക്കി.

മനുഷ്യസ്നേഹികളായ പ്രവാചകൻമാരും പ്രചാരകൻമാരും നാടുനീളെ ചുറ്റിസഞ്ചരിച്ചുകൊണ്ട് മർദ്ദിതരെ സമാശ്വസിപ്പിക്കുകയും ആവേശംകൊള്ളിക്കുകയും ചെയ്തു. കഷ്ടപ്പെടുന്നവർ ഇനി ദുഃഖിക്കേണ്ടതില്ല. അവരുടെ കണ്ണീർ തുടയ്ക്കാൻ ദൈവദൂതൻ വരും. ദൈവദൂതനെ സ്വാഗതം ചെയ്ത് സ്വീകരിക്കുവാൻ എല്ലാവരും തയ്യാറായിരിക്കണം. മർദ്ദകൻമാർക്കു തക്കതായ ശിക്ഷ ലഭിക്കും. 'ധനികനു സ്വർഗ്ഗത്തിലേക്ക് പോകാൻ കഴിയുന്നതിനേക്കാൾ എളുപ്പം ഒരു ഒട്ടകത്തിന് സൂചിത്തുളയിലൂടെ കടക്കാനാണ്.'

ക്രിസ്തുമതം ആരംഭിച്ചു കഴിഞ്ഞു.

അടിമകൾ, ഭാരംചുമക്കുന്നവർ, മീൻപിടുത്തക്കാർ, കൈവേലക്കാർ ചുരുക്കത്തിൽ മർദ്ദനങ്ങൾക്കിരയായിക്കൊണ്ടിരിക്കുന്നവരെല്ലാം ദൈവപുത്രനായ ക്രിസ്തുവിൽ വിശ്വസിച്ചു. ക്രിസ്തുവിനെപ്പറ്റിയുള്ള കഥകൾ റോമാസാമ്രാജ്യത്തിന്റെ നാനാഭാഗങ്ങളിലും പ്രചരിച്ചു. മർദ്ദകൻമാരുടെ ഭരണമവസാനിപ്പിക്കാനും ദൈവരാജ്യം സ്ഥാപിക്കാനും വേണ്ടി ദൈവദൂതൻ വരുമെന്ന വിശ്വാസം പരന്നുപിടിച്ചു.

യേശുക്രിസ്തു എന്നൊരാൾ യഥാർത്ഥത്തിൽ ജീവിച്ചിരുന്നുവോ എന്നതിനെപ്പറ്റി പണ്ഡിതൻമാർക്കിടയിൽ വലിയ തർക്കങ്ങളുണ്ടായിട്ടുണ്ട്. ഒന്നാം നൂറ്റാണ്ടിലും രണ്ടാം നൂറ്റാണ്ടിലും ജീവിച്ചിരുന്ന റോമൻ ചരിത്രകാരൻമാരാരും തന്നെ അങ്ങനെയൊരാളെപ്പറ്റി പ്രസ്താവിക്കുന്നില്ലെന്ന് ചിലർ ഉറപ്പിച്ച് പറയുന്നു. ജറുസലേം പിടിച്ചടക്കി ദൈവരാജ്യം സ്ഥാപിക്കുവാൻ വേണ്ടി ഹബ്റൂക്കളെ അണിനിരത്തിക്കൊണ്ട് ഒരു കലാപം നടത്തുകയും അതു പരാജയപ്പെട്ടപ്പോൾ പതിവുപോലെ റോമൻ ഗവർണ്ണരുടെ കൽപ്പനയനുസരിച്ച് കൊലചെയ്യപ്പെടുകയും ചെയ്ത ജോഷ്വ എന്ന ഒരു നേതാവിനെപ്പറ്റി ചരിത്രം പ്രതിപാദിക്കുന്നുണ്ടെന്നും ജോഷ്വയാണ് ജീസസ് (യേശു) ആയിത്തീർന്നതെന്നും അദ്ദേഹത്തെപ്പറ്റിയുള്ള സ്മരണകളും അദ്ദേഹം വീണ്ടും വരുമെന്ന വിശ്വാസവും അദ്ദേഹത്തിന്റെ അനുയായികൾക്കിടയിൽ നിലനിന്നുപോന്നുവെന്നും യേശുക്രിസ്തുവിനെപ്പറ്റിയുള്ള കഥകളുടെ ചരിത്രപരമായ അടിസ്ഥാനം ഇതായിരിക്കാനാണിടയുള്ളതെന്നും ആർച്ച് ബാൾഡ് റോബർട്ട്സൻ തന്റെ 'ക്രിസ്തുമതത്തിന്റെ ഉത്ഭവം' എന്ന ഗ്രന്ഥത്തിൽ അഭിപ്രായപ്പെടുന്നു.

ക്രിസ്തു ഒരു ചരിത്രപുരുഷനായിരുന്നുവോ എന്ന വാദപ്രതിവാദത്തിലേക്ക് ഇവിടെ പ്രവേശിക്കേണ്ടതില്ല. പക്ഷേ, ഒരു കാര്യം നിസ്സംശയമാണ്. ക്രിസ്തുവിന്റെ സ്വാധീനശക്തി ഒന്നാം നൂറ്റാണ്ടിൽതന്നെ പതിനായിരക്കണക്കിലുള്ള മർദ്ദിതജനങ്ങളെ ആവേശം കൊള്ളിക്കുകയും മർദ്ദനങ്ങൾക്ക് എതിരായി അണിനിരത്തുകയും ചെയ്ത ഒരു വിപ്ലവ പ്രസ്ഥാനമായി കഴിഞ്ഞിരുന്നു.

ക്രിസ്തുവിൽ വിശ്വസിക്കുന്നവർ—അതായത് ക്രിസ്ത്യാനികൾ—റോമാ സാമ്രാജ്യത്തിലെ പട്ടണപ്രദേശങ്ങളിൽ ചെറിയ ചെറിയ സംഘങ്ങൾ സ്ഥാപിച്ചു പ്രാർത്ഥിക്കാനും ഉപദേശപ്രസംഗങ്ങൾ നടത്താനും വേണ്ടി അവർ ഒന്നിച്ചുചേരും, ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കും, ബുദ്ധിമുട്ടുകൾ പരിഹരിക്കാനും ജോലികൾ കണ്ടെത്താനും പരസ്പരം സഹായിക്കും. അടിമകളും കൈവേലക്കാരും മീൻപിടുത്തക്കാരും ഭാരംചുമക്കുന്നവരും മറ്റു ദരിദ്രപ്പരിഷകളും സംഘങ്ങളിൽ അംഗങ്ങളായി ചേർന്നു. ഒരു പട്ടണത്തിലെ സംഘത്തിന് മറ്റു പട്ടണങ്ങളിലെ സംഘങ്ങളുമായി ബന്ധമുണ്ടായിരുന്നു. ദൈവരാജ്യം സ്ഥാപിക്കാൻ വേണ്ടി യേശുക്രിസ്തു വരുമെന്നവർ ദൃഢമായി വിശ്വസിച്ചു. ഉടമകളുടെയും പണമിടപാടുകാരുടെയും മർദ്ദനങ്ങളിൽ നിന്നു മോചനം നേടുക, നിലം എല്ലാവർക്കും കിട്ടത്തക്കവണ്ണം നീതിപൂർവ്വമായി വിഭജിക്കുക, സാധാരണക്കാരുടെ ദൈവത്തെ സ്നേഹശീലനും കരുണാനിധിയുമായ യഹോവയെ—വാഴ്ത്തുക എന്നിവയായിരുന്നു ദൈവരാജ്യത്തിന്റെ പരിപാടി എന്ന് ആർച്ചി ബാജൾഡ് റോബർട്ട്സൺ വ്യക്തമാക്കുന്നു. രണ്ടാം നൂറ്റാണ്ടാകുമ്പോഴേക്കും ദൈവരാജ്യത്തിൽ വിശ്വസിക്കുന്ന ക്രിസ്ത്യാനികളുടെ സംഘടനകൾ രാജ്യത്തിലെങ്ങും ഉയർന്നുവന്നു.

ക്രിസ്തുമതം വെറുമൊരു വിശ്വാസമായിരുന്നില്ല. അതൊരു ബഹുജനപ്രസ്ഥാനമായിരുന്നു. മർദ്ദകവർഗ്ഗക്കാർക്കെതിരായ ഒരു ജനകീയ പ്രക്ഷോഭമായിരുന്നു.

ധനികവർഗ്ഗക്കാരും അവരുടെ ഭരണത്തലവൻമാരും ക്രിസ്തുമതത്തിന്റെ പ്രചരണം തടയാൻ വേണ്ടി ആവുന്നതും പരിശ്രമിച്ചു നോക്കി. നെറികെട്ട മർദ്ദനങ്ങൾ നടത്തിനോക്കി. ക്രിസ്ത്യാനികൾ മതത്തിന്റെ ശത്രുക്കളാണെന്നും സ്ത്രീകളെ പൊതുസ്വത്താക്കുന്നവരാണെന്നും മറ്റുമുള്ള അപവാദങ്ങൾ പ്രചരിപ്പിച്ചുനോക്കി. പക്ഷേ, എന്തായിട്ടും ക്രിസ്ത്യാനികളുടെ പ്രക്ഷോഭം ദിവസം ചെല്ലുന്തോറും അധികമധികം പരന്നു പിടിക്കുകയാണ് ചെയ്തത്.

'ഫ്രാൻസിലെ വർഗ്ഗസമരങ്ങൾ' എന്ന പുസ്തകത്തിന്റെ മുഖവുരയിൽ ഫ്രെഡ റിക് ഏംഗൽസ് എഴുതുന്നു:

> "ശരിക്കു പതിനാറു നൂറ്റാണ്ടുകൾക്കു മുമ്പ് അപകടം പിടിച്ച ഒരു ലഹളപ്പാർട്ടി റോമൻ സാമ്രാജ്യത്തിൽ വലിയ ഒരിളക്കമുണ്ടാക്കി. മതത്തേയും ഭരണയന്ത്രത്തി ന്റെ അടിത്തറകളെയും അത് തുരങ്കം വച്ചു. സീസറുടെ ഇച്ഛയാണ് പരമമായ നിയമം എന്ന വാദത്തെ അത് പരിപൂർണ്ണമായും നിഷേധിച്ചു. അതിന് സ്വതന്ത്ര മായ ഒരു മാതൃഭൂമി ഉണ്ടായിരുന്നില്ല. അത് സാർവ്വദേശീയമായിരുന്നു. സാമ്രാജ്യ ത്തിലെ എല്ലാ രാജ്യങ്ങളിലും ഗാൾ മുതൽ ഏഷ്യവരെയും സാമ്രാജ്യാതിർത്തികൾ ക്ക് അപ്പുറത്തേയ്ക്കും, അതു വ്യാപിച്ചു. വളരെക്കാലത്തോളം രഹസ്യമായിട്ടാണ്, അണ്ടർഗ്രൗണ്ടിൽ കഴിച്ചുകൂട്ടിക്കൊണ്ടാണ് അത് പ്രക്ഷോഭം നടത്തിയത്. ഒടു വിൽ പരസ്യമായി പ്രവർത്തിക്കത്തക്കവണ്ണം ശക്തിനേടിക്കൊണ്ട് അതു പുറത്തു വന്നു പ്രവർത്തിച്ചു. ഈ ലഹളപ്പാർട്ടി ക്രിസ്ത്യാനികളെന്ന പേരിലാണറിയപ്പെട്ട ന്നത്."

ക്രിസ്തുവിന് മുമ്പ് 61-ൽ നാടുവാണിരുന്ന നീറോ ചക്രവർത്തി ക്രിസ്ത്യാനികളെ നശി പ്പിയ്ക്കാൻവേണ്ടി ഒരു നീചമായ ശ്രമം നടത്തുകയുണ്ടായി. അദ്ദേഹം രഹസ്യമായി തന്റെ കിങ്കരൻമാരെ കൊണ്ട് റോം പട്ടണത്തെ അഗ്നിക്കിരയാക്കി; എന്നിട്ടും ക്രി സ്ത്യാനികളാണ് തീവച്ചതെന്ന് പറഞ്ഞുപരത്തുകയും ചെയ്തു. കുറ്റക്കാരെ ശിക്ഷിക്ക ണമെന്നു പറഞ്ഞ് ആയിരക്കണക്കിലുള്ള ക്രിസ്ത്യാനികളെ കൊന്നൊടുക്കുകയും ചെയ്തു. സാമ്രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ചുറ്റിസഞ്ചരിച്ചുകൊണ്ട് ക്രിസ്ത്യാനി കളുടെ സംഘടനകൾ കെട്ടിപ്പടുത്ത സെൻറ് പാൾ, സെൻറ് പീറ്റർ എന്നീ സു പ്രസിദ്ധരായ ക്രിസ്തു ശിഷ്യൻമാർ നീറോവിന്റെ മർദ്ദനങ്ങളെ അഭിമുഖീകരിച്ചാണ് മരണം വരിച്ചത്. പക്ഷേ, നീറോ ചക്രവർത്തിക്കു ക്രിസ്ത്യാനികളുടെ ചോരയൊ ഴുക്കാനേ കഴിഞ്ഞുള്ളു, ക്രിസ്തുമതത്തെ നശിപ്പിക്കാൻ കഴിഞ്ഞില്ല. നേരെമറിച്ച് പ്രസ്തുത പ്രക്ഷോഭം കൂടുതൽ ശക്തിപ്പെടുകയാണുണ്ടായത്.

മുപ്പത്തിരണ്ടു കൊല്ലങ്ങൾക്കു ശേഷം ക്രി.മു. 96-ൽ ഡൊമിഷ്യൻ ചക്രവർത്തി യുടെ നേതൃത്വത്തിൽ മറ്റൊരു കൂട്ടക്കൊല നടക്കുകയുണ്ടായി. അതും പരാജയപ്പെ ട്ടു. ക്രിസ്തുമതം പൂർവ്വാധികം ശക്തിപ്പെട്ടു.

ആരംഭത്തിൽ മർദ്ദിതരായ ദരിദ്രൻമാർ മാത്രമാണ് ക്രിസ്തുമത പ്രക്ഷോഭങ്ങ ളിൽ പങ്കുകൊണ്ടിരുന്നത്. എന്നാൽ ഒന്നാം നൂറ്റാണ്ടിലും രണ്ടാം നൂറ്റാണ്ടിലും പ്ര ക്ഷോഭം സാർവ്വത്രികവും സാർവ്വദേശീയവുമായി ശക്തപ്പെടാൻ തുടങ്ങിയപ്പോൾ ധനികവർഗ്ഗക്കാർക്കിടയിൽനിന്നു പോലും അനേകം വ്യക്തികൾ അതിലേയ്ക്കാകർ ഷിക്കപ്പെട്ടു. ധനികൻമാർ തങ്ങളുടെ സ്വത്തുക്കളോടുകൂടിയാണ് ക്രിസ്ത്യൻ സംഘട നകളിലേയ്ക്കുവന്നത്. അതിന്റെ ഫലമായി ക്രിസ്ത്യൻ സഭകളുടെ സ്വത്തുക്കൾ മെല്ലെ മെല്ലെ വർദ്ധിയ്ക്കാൻ തുടങ്ങി. സ്വത്തുക്കളുടെയും പ്രാർത്ഥനകളുടെയും മേൽനോട്ടം നടത്താൻ വേണ്ടി ബിഷപ്പുമാർ എന്ന പേരിലറിയപ്പെടുന്ന നേതാക്കൻമാർ തെര ഞ്ഞെടുക്കപ്പെട്ടു. ബിഷപ്പുമാരുടെ നേതൃത്വത്തിലുള്ള സഭകൾ ഒന്നിച്ചുകൂടിയിട്ടാണ് ക്രിസ്ത്യൻ പള്ളി രൂപവൽക്കരിക്കപ്പെട്ടത്. മൂന്നാം നൂറ്റാണ്ടായപ്പോഴേയ്ക്കും പള്ളി അവഗണിയ്ക്കപ്പെടാനാവാത്ത ഒരു ശക്തിയായി തീർന്നു.

പള്ളിയും ഭരണകൂടവും തമ്മിൽ ഗൗരവമേറിയ മത്സരങ്ങളാവിർഭവിച്ചു. ഭര ണാധികാരികൾക്ക് പണത്തിന് വലിയ വിഷമം നേരിട്ട ഒരു ഘട്ടമായിരുന്നു അത്. കുഴപ്പത്തിൽ നിന്ന് രക്ഷപ്പെടാനുള്ള എളുപ്പവഴി ക്രിസ്ത്യാനികളുടെ സ്വത്തുക്കൾ പിടിച്ചെടുക്കലാണെന്ന് അവർ വിചാരിച്ചു. അങ്ങിനെ മൂന്നാം നൂറ്റാണ്ടിന്റെ മദ്ധ്യ

ത്തോടുകൂടി ക്രിസ്തുമതത്തിന്റെ നേർക്കുള്ള മർദ്ദനപരിപാടികൾക്ക് ഊക്കുകൂടി. ക്രിസ്ത്യാനികൾ രാജ്യത്തിൽ അസംതൃപ്തിയും അസ്സമാധാനവും ആളിക്കത്തിക്കുന്ന രാജ്യദ്രോഹികളാണെന്നും പ്രഖ്യാപിക്കപ്പെട്ടു. ക്രിസ്ത്യൻ സഭകൾ നിരോധിക്കപ്പെട്ടു. സഭകളിലേക്കു വഴിപാടുകളും ദാനങ്ങളും തടയപ്പെട്ടു. സഭകളുടെ സ്വത്തുക്കൽ പിടിച്ചെടുക്കപ്പെട്ടു. ആയിരക്കണക്കിലുള്ള ക്രിസ്തുമതവിശ്വാസികൾ വധിക്കപ്പെട്ടു.

പക്ഷേ, ഇതുകൊണ്ടൊന്നും ആശിച്ച ഫലമുണ്ടായില്ല. മർദ്ദനങ്ങളെ വകവയ്ക്കാതെ ക്രിസ്ത്യാനികൾ തങ്ങളുടെ ആദർശങ്ങളുടെയും വിശ്വാസങ്ങളുടെയും പിന്നിൽ ഉറച്ചുനിന്നു. അതിന്റെ ഫലമായി അവരുടെ അന്തസ്സും സ്വാധീനശക്തിയും അതിവേഗം വർദ്ധിച്ചു. പട്ടാളക്കാർക്കിടയിൽപോലും ക്രിസ്തുമതവിശ്വാസം പരന്നുപിടിച്ചു. ഉയർന്ന ഉദ്യോഗസ്ഥൻമാർക്കിടയിലും, എന്തിന് രാജകൊട്ടാരങ്ങൾക്കകത്തുപോലും ക്രിസ്ത്യാനികളാവിർഭവിച്ചു.

ഈ സംഭവവികാസങ്ങളുടെ ഫലമായി മറ്റൊന്നുമുണ്ടായി. പള്ളിയുടെ സ്വത്തുക്കൾ വർദ്ധിച്ചതോടെ ക്രിസ്തുമത പ്രക്ഷോഭണത്തിന്റെ സ്വഭാവത്തിൽ ഒരു മാറ്റം പ്രത്യക്ഷപ്പെട്ടു. ധനികൻമാർ നുഴഞ്ഞുകയറിയതിന്റെ ഫലമായി ക്രമേണ ക്രിസ്തുമതത്തിന്റെ വിപ്ലവകരമായ ഉള്ളടക്കത്തിനുടവുതട്ടി. ഭരണാധികാരികളെ വണങ്ങണമെന്നും അവർക്കു കീഴടങ്ങണമെന്നും പള്ളിയുടെ തലവൻമാർ ബഹുജനങ്ങളെ ഉപദേശിക്കാൻ തുടങ്ങി. അങ്ങനെ നാലാം നൂറ്റാണ്ടിന്റെ ആരംഭമായപ്പോഴേയ്ക്കും വർഗസമരത്തിന്റെ സ്ഥാനത്ത് വർഗസഹകരണം തലപൊക്കാൻ തുടങ്ങി. 'അടിമകളായ നിങ്ങൾ നിങ്ങളുടെ യജമാനനെ ദൈവത്തിന്റെ പ്രതിബിംബങ്ങളായി കണക്കാക്കണം.' എന്നും മറ്റുമുള്ള ഉപദേശങ്ങൾ പ്രചരിപ്പിയ്ക്കാൻ തുടങ്ങി. ക്രി. 305-ൽ ഡയോക്ലീഷ്യൻ ചക്രവർത്തി അനാരോഗ്യം കാരണം സ്ഥാനത്യാഗം ചെയ്തതിന് ഭരണാധികാരികളുടെ നയത്തിലും ഒരു വമ്പിച്ച മാറ്റം കാണപ്പെട്ടു. ചക്രവർത്തിയുടെ അനന്തരാവകാശികളായ കോൺസ്റ്റാൻറീനും ലീസിനിയനും തമ്മിൽ സിംഹാസനത്തിനുവേണ്ടി നടത്തിയ വഴക്കുകളെ ക്രിസ്ത്യൻ സഭകൾ സമർത്ഥമായി ഉപയോഗിച്ചു. വഴക്കുകൾ നീണ്ടുനിൽക്കുംതോറും ക്രിസ്ത്യാനികളുടെ ശക്തി വർദ്ധിച്ചു. ഒടുവിൽ ക്രി. 313-ൽ മിലാനിൽവച്ച് കോൺസ്റ്റാൻറീനും ലിസീനിയനും തമ്മിൽ സന്ധിയായി. സാമ്രാജ്യത്തിലെ പടിഞ്ഞാറൻ ഭാഗങ്ങൾ കോൺസ്റ്റാൻറീനും കിഴക്കൻ ഭാഗങ്ങൾ ലിസിനിയനും പങ്കിട്ടെടുത്തു. അതോടൊപ്പം തന്നെ രണ്ടുപേരും ഒപ്പിട്ട ഒരുകൽപ്പനയും പുറത്തുവന്നു. 'എഡിക്റ്റ് ഓഫ് മിലാൻ' എന്ന പേരിൽ അറിയപ്പെടുന്ന ആ കൽപ്പന അനുസരിച്ച് ക്രിസ്തുമതത്തിന് മറ്റ് മതങ്ങളോട് തുല്യമായ പദവി നൽകപ്പെട്ടു. □

(ജനയുഗം 1955 സെപ്തംബർ 9)

## — 13 —

# മാർക്സ് മുതൽ സ്റ്റാലിൻ വരെ

പത്തൊമ്പതാം നൂറ്റാണ്ടിന്റെ നട്ടുച്ച. കാലഹരണം വന്ന ഫ്യൂഡലിസം വളർന്നുവരുന്ന മുതലാളിത്തത്തിന്റെ ചൂടേറ്റ് വാടാൻ തുടങ്ങുന്ന കാലം. 1848, വിപ്ലവങ്ങൾ യൂറോപ്പിനെയാകെ പിടിച്ചുകുലുക്കുന്നു. "മർദ്ദനവും രാജ്യാധിപത്യവും തുലയട്ടെ! സ്വാതന്ത്ര്യവും റിപ്പബ്ലിക്കും ജയിക്കട്ടെ!" എന്നീ കാഹളംവിളികൾ സിംഹാസനങ്ങളുടെ അടിത്തറ പുഴക്കുന്നു. സാമൂഹ്യാധ്വാനത്തിന്റെ മടിത്തട്ടിൽ ഉറങ്ങിക്കിടന്നിരുന്ന ഉൽപ്പാദനശക്തികൾ തലപ്പൊക്കുന്നു. ഫ്യൂഡൽ ഉൽപ്പാദനരീതിയുടെ സ്ഥാനത്ത് മുതലാളിത്ത ഉൽപ്പാദനരീതി. ഫ്യൂഡൽ ഭരണത്തിന്റെ സ്ഥാനത്ത് ബൂർഷ്വാഭരണം. ഫ്യൂഡൽ ചിന്താഗതികളുടെ സ്ഥാനത്ത് ബൂർഷ്വാ ചിന്താഗതികൾ. ബൂർഷ്വാസിയുടെ വിജയപതാക ധാടിയോടും പ്രതാപത്തോടുംകൂടി പാറിക്കളിക്കാൻ തുടങ്ങുന്നു.

യുവത്വം തുളുമ്പുന്ന മുതലാളിത്തം യന്ത്രങ്ങളുയർത്തിപ്പിടിച്ച് മദിച്ചുപുളയ്ക്കാൻ തുടങ്ങിയ ഈ സന്ദർഭത്തിൽ മുപ്പതും ഇരുപത്തെട്ടും വയസ്സുകൾ മാത്രം പ്രായമായ രണ്ടു ചെറുപ്പക്കാർ ഉച്ചത്തിലിങ്ങനെ പ്രഖ്യാപിച്ചു:

> 'മുതലാളിത്ത വർഗ്ഗത്തിന്റെ നാശവും തൊഴിലാളിവർഗ്ഗത്തിന്റെ വിജയവും അനിവാര്യമാണ്.'

മാർക്സിസത്തിന്റെ ശബ്ദമായിരുന്നു അത്.

അതൊരു ജ്യോത്സ്യന്റെ പ്രശ്നം വയ്ക്കലായിരുന്നില്ല. ഒരു ശാസ്ത്രജ്ഞന്റെ കണ്ടുപിടുത്തമായിരുന്നു. മുതലാളിത്തത്തിന്റെ പ്രവർത്തനങ്ങളേയും മുതലാളിത്ത രീതിയിലുള്ള ഉൽപ്പാദനവ്യവസ്ഥയുടെ നിയമങ്ങളേയും ചുഴിഞ്ഞുപരിശോധിച്ചതിനു ശേഷമാണ് മാർക്സും ഏംഗെൽസും ഈ പ്രവചനം നടത്തിയത്. ബൂർഷ്വ സാമൂഹ്യവ്യവസ്ഥയ്ക്കുള്ളിൽ ഒതുങ്ങിനിൽക്കാൻ കഴിയാത്തവിധം ഉൽപ്പാദനശക്തികൾ അത്രയ്ക്ക് വളർന്നിരിക്കുന്നുവെന്നും ഉൽപ്പാദനശക്തികളും ഉൽപ്പാദനബന്ധങ്ങളും തമ്മിൽ വൈരുദ്ധ്യം നിസ്സംശയമായും മുതലാളിത്തത്തെ നാശത്തിലേയ്ക്ക് നയിക്കുമെന്നും മനസ്സിലാക്കിക്കൊണ്ടാണ് സോഷ്യലിസത്തിന്റെ വിജയം അനിവാര്യമാണെന്നു അവർ പ്രഖ്യാപിച്ചത്. മുതലാളിത്തത്തിന്റെ ഗതിക്രമത്തെ വിശകലനം ചെയ്തുകൊണ്ട് അവരിങ്ങനെ പ്രവചിച്ചു:

> "ഉൽപ്പാദനോപകരണങ്ങളുടെ കേന്ദ്രീകരണവും അധ്വാനത്തിന്റെ സാമൂഹ്യസ്വഭാവവും ഒടുവിൽ മുതലാളിത്തപരമായ പുറംതോടിനുള്ളിൽ ഒതുങ്ങിനിൽക്കാൻ കഴി

> യാത്ത അത്തരമൊരു ഘട്ടത്തിലെത്തിച്ചേരുന്നു. ഈ പുറന്തോട് പൊട്ടിത്തെറിപ്പിയ്ക്കപ്പെടുന്നു. മുതലാളിത്തപരമായ സ്വകാര്യസ്വത്തുടമയുടെ മരണമണിയടിയ്ക്കുന്നു. തട്ടിപ്പറിക്കാർ തട്ടിപ്പറിയ്ക്കപ്പെടുന്നു.”

മുതലാളിത്തത്തിന് ചരിത്രം മരണശിക്ഷ വിധിച്ചുകഴിഞ്ഞുവെന്നു പ്രഖ്യാപിക്കുക മാത്രമല്ല അവർ ചെയ്തത്. ആ മരണശിക്ഷ നടപ്പിൽ വരുത്താൻ കരുത്തുള്ള ശക്തികൾ ഉദയം ചെയ്തുകഴിഞ്ഞിരിക്കുന്നുവെന്നു ചൂണ്ടിക്കാണിക്കുക്കൂടി ചെയ്തു:

> “മുതലാളിവർഗ്ഗം നാടുവാഴി വ്യവസ്ഥിതിയിലെ പുഴക്കിയെറിയാനുപയോഗിച്ച അതേ ആയുധങ്ങൾ ഇപ്പോൾ അവർക്കുനേർക്കുതന്നെ തിരിഞ്ഞിരിക്കുന്നു. പക്ഷേ, സ്വന്തം വിനാശത്തിനുള്ള ആയുധങ്ങളെ മാത്രമല്ല മുതലാളിവർഗ്ഗം ഊട്ടിയുണ്ടാക്കിയിട്ടുള്ളത്. ആയുധങ്ങളുപയോഗിക്കാനുള്ള ആളുകളെക്കൂടി—കൂലിവേലക്കാരെ, ഇന്നത്തെ തൊഴിലാളിവർഗ്ഗത്തെക്കൂടി അതു സൃഷ്ടിച്ചിട്ടുണ്ട്.”

എന്നിട്ടവർ തൊഴിലാളികളെനോക്കിപ്പറഞ്ഞു:

> “തൊഴിലാളികൾക്ക് സ്വന്തം ചങ്ങലയല്ലാതെ മറ്റൊന്നും നഷ്ടപ്പെടാനില്ല. കിട്ടാനോ ഒരു ലോകം മുഴുവനും! എല്ലാ രാജ്യത്തും തൊഴിലാളികളെ, നിങ്ങൾ ഏകോപിയ്ക്കുവിൻ!”

മാർക്സിസത്തിന്റെ ആഹ്വാനമായിരുന്നു അത്.

## II

എന്ത്! മുതലാളിത്തം നശിയ്ക്കുമെന്നോ! മുതലാളിയുടെ ദയയെ ആശ്രയിച്ചുജീവിക്കുന്ന കൂലിപ്പിള്ളേർ ഭരണാധികാരികളാകുമെന്നോ? തൊഴിലാളികൾക്ക് ലോകം മുഴുവൻ കിട്ടാൻ പോവുകയാണെന്നോ? പലരും അതു വിശ്വസിച്ചില്ല. വിശ്വസിച്ചവർ തന്നെ വിശ്വസിച്ചുവെന്നു നടിച്ചില്ല. അവർ പറഞ്ഞു: മാർക്സിനു കിറുക്കാണ്!

പക്ഷെ, തൊഴിലാളികൾ മുന്നേറുന്നത് അവർ കണ്ടു. മുതലാളികളുടെ ചൊൽപ്പടിയ്ക്കു നിൽക്കാതെ തൊഴിലാളികൾ സ്വന്തം രാഷ്ട്രീയ പ്രവർത്തനങ്ങൾ നടത്തുന്നത് അവർ കണ്ടു. തൊഴിലാളി വർഗ്ഗം സ്വന്തം കൊടിക്കൂറയുയർത്തിപ്പിടിച്ചുകൊണ്ട് സ്വാതന്ത്ര്യത്തിന്റെയും സോഷ്യലിസത്തിന്റെയും കാഹളം വിളികൾ മുഴക്കുന്നത് അവർ കണ്ടു. കമ്മ്യൂണിസം പരന്നുപിടിക്കുവാൻ പോവുകയാണ് എന്നവർക്ക് ബോധ്യമായി. കമ്മ്യൂണിസം! അവർ ഭയം കൊണ്ടു തള്ളിവിറച്ച് നെഞ്ചത്തടിച്ചു നിലവിളിച്ചു:

> “യൂറോപ്പിനെ ഒരു ഭൂതം പിടികൂടിയിരിക്കുന്നു—കമ്മ്യൂണിസ്റ്റ് ഭൂതം!”

മാർക്സ് രേഖപ്പെടുത്തുന്നു:

> “ഈ ഭൂതത്തെ ആട്ടിപ്പുറത്താക്കാൻവേണ്ടി യൂറോപ്പിലെ പഴഞ്ചൻ ശക്തികളെല്ലാം—പോപ്പും (കത്തോലിക്കരുടെ ധർമ്മഗുരു) സാറും (റഷ്യയിലെ ചക്രവർത്തി) മേറ്റർനിക്കും (ആസ്ത്രേലിയയിലെ പ്രധാനമന്ത്രി) ഗ്വിസോവും (ഫ്രാൻസിലെ വിദേശകാര്യമന്ത്രി) ഫ്രഞ്ച് റാഡിക്കൽ കക്ഷിക്കാരും ജർമ്മൻ പോലീസ്ചാരൻമാരുമെല്ലാം—ഒരു പാവനസഖ്യത്തിലേർപ്പെട്ടിരിക്കുന്നു.” (കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ).

അങ്ങിനെ ലോകത്തിലെ ഒന്നാമത്തെ കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി ഉടലെടുത്തു.

യൂറോപ്പിനെ ഭൂതബാധയിൽനിന്നു രക്ഷിയ്ക്കാൻവേണ്ടി ഈ വിരുദ്ധമുന്നണിക്കാർ അനേകം മന്ത്രവാദികളെ കൂലിയ്ക്കുനിർത്തി. അവർ കമ്മ്യൂണിസത്തെപ്പറ്റി പുലയാട്ടുകൾ പാടി. കമ്മ്യൂണിസം തെറ്റാണെന്ന് 'തെളിയിക്കാൻ' വേണ്ടി പുസ്തകങ്ങളെഴുതി. കമ്മ്യൂണിസ്റ്റുകാർ കള്ളൻമാരും പിടിച്ചുപറിക്കാരും ചോരകുടിയൻമാരും സ്ത്രീകളെ പൊതുസ്വത്താക്കുന്നവരും കുട്ടികളെ പിടിച്ചുതിന്നുന്നവരും പള്ളികളെ ഇടിച്ചുതകർക്കുന്നവരും മറ്റുംമറ്റുമാണെന്ന് പ്രചാരവേല ചെയ്തു. കമ്മ്യൂണിസ്റ്റ് 'വഞ്ചന' കളേയും കമ്മ്യൂണിസ്റ്റ് 'ആക്രമണ'ങ്ങളേയും തുറന്നുകാട്ടാൻ വേണ്ടി അവർ നാടായ നാടൊക്കെ നടന്നു പ്രസംഗിച്ചു. ഭാവിയുടെ നേരെ അവർ കൊഞ്ഞനംകാട്ടി. പുരോഗതിയ്ക്കുനേരെ അവർ പല്ലിളിച്ചുകാട്ടി. കമ്മ്യൂണിസ്റ്റ് വിരോധത്തിന്റെ മറവിൽനിന്നുകൊണ്ട് അവർ ജനങ്ങളുടെ വളർന്നുവരുന്ന ജീവിതസമരങ്ങളുടെ നേരെ എല്ലാത്തരം മൃഗീയതകളുമുപയോഗിച്ചു. അവർ സത്യത്തിന്റെ ശബ്ദത്തെ വെടിയുണ്ടയുടെ മുഴക്കത്തിൽ മുക്കിക്കൊല്ലാൻ ശ്രമിച്ചു. ജയിലുകളുടേയും തൂക്കുമരങ്ങളുടേയും ഭീകരതകൾ കൊണ്ട് അവർ കമ്മ്യൂണിസത്തെ നാമാവശേഷമാക്കാൻ പുറപ്പെട്ടു.

പക്ഷേ, എന്തായിട്ടും ഭൂതബാധയൊഴിഞ്ഞില്ല. മാർക്സിസം നശിക്കുകയില്ല, വളരുകയാണ് ചെയ്തത്. കാരണം, അതു വളരുന്ന വർഗ്ഗത്തിന്റെ തത്ത്വശാസ്ത്രമായിരുന്നു—തൊഴിലാളി വർഗ്ഗത്തിന്റെ ലോകവീക്ഷണഗതിയായിരുന്നു.

ഏതായാലും, വിരുദ്ധമുന്നണിക്കാരുടെ ബേജാറുപിടിച്ച ബീഭത്സ പ്രവർത്തനങ്ങൾ ഒരു യാഥാർത്ഥ്യം വെളിപ്പെടുത്തി. തൊഴിലാളിവർഗ്ഗം ഒരു സ്വതന്ത്രശക്തിയെന്ന നിലയ്ക്ക് രാഷ്ട്രീയരംഗത്തിൽ തലയുയർത്തിക്കഴിഞ്ഞിരിയ്ക്കുന്നുവെന്നും അവരുടെ സ്വതന്ത്രമായ തത്വസംഹിതയും ലോകവീക്ഷണഗതിയും സാമൂഹ്യജീവിതത്തിൽ സ്വാധീനം ചെലുത്താൻ തുടങ്ങിയിരിക്കുന്നുമെന്നുമുള്ള യാഥാർത്ഥ്യം. മാർക്സിസം അവഗണിയ്ക്കപ്പെടാൻ വയ്യാതായിക്കഴിഞ്ഞിരിയ്ക്കുന്നു എന്ന യാഥാർത്ഥ്യം.

# III

## എന്താണീ മാർക്സിസം?

സ്റ്റാലിൻ നിർവ്വചിയ്ക്കുന്നു:

> "മാർക്സിസം പ്രകൃതിയുടെയും സമുദായത്തിന്റെയും വികാസനിയമങ്ങളുടെ ശാസ്ത്രമാണ്; മർദ്ദിതരും ചൂഷിതരുമായവരുടെ വിപ്ലവത്തിന്റെ, എല്ലാ രാജ്യങ്ങളിലും സോഷ്യലിസം വിജയിക്കുന്നതിന്റെ, കമ്മ്യൂണിസ്റ്റ് സമുദായം പടുത്തുയർത്തുന്നതിന്റെ ശാസ്ത്രമാണ്."

മാർക്സിനുമുമ്പ് സോഷ്യലിസ്റ്റാശയങ്ങളുണ്ടായിരുന്നു. സ്നേഹത്തിന്റെയും നീതിയുടെയും സാമ്രാജ്യത്തെ സ്വപ്നംകണ്ട ഓവൻ, ഫോറിയ, സൈമൺ തുടങ്ങിയ സോഷ്യലിസ്റ്റുകാർ മുതലാളിത്തത്തിന്റെ കൊള്ളരുതായ്മകളെ തുറന്നുകാട്ടുകയും മുതലാളിത്തത്തെ വിമർശിക്കുകയും ചെയ്തു. മുതലാളിത്ത വ്യവസ്ഥിതിയുടെ സ്ഥാനത്ത് കൂടുതൽ കാര്യമായ സോഷ്യലിസ്റ്റ് വ്യവസ്ഥ കെട്ടിപ്പടുക്കണമെന്നും മനുഷ്യന്റെ പട്ടിണിയേയും അജ്ഞതയേയും ഭൂമുഖത്തുനിന്ന് നീക്കംചെയ്യണമെന്നും അവർ വാദിച്ചു. പക്ഷേ, ചരിത്രപരമായ പരിമിതികൾ കാരണം, അവർക്ക് മുതലാളിത്ത സമുദായത്തിന്റെ വികാസനിയമങ്ങളെപ്പറ്റിയോ ചൂഷണത്തിന്റെയും

കൂലിവേലയുടെയും യഥാർത്ഥ സ്വഭാവത്തെപ്പറ്റിയോ തൊഴിലാളിവർഗ്ഗത്തിനുള്ള ചരിത്രപരമായ പങ്കിനെപ്പറ്റിയോ മനസ്സിലക്കാൻ സാധിച്ചില്ല. മുതലാളിത്ത സമുദായത്തിന്റെ വളർച്ചയുടെയും തൊഴിലാളിവർഗ്ഗം നടത്തുന്ന സമരങ്ങളുടെ അനിവാര്യ ഫലമാണ് സോഷ്യലിസം എന്നിവർക്ക് കാണാൻ കഴിഞ്ഞില്ല. അതുകൊണ്ട്, അവരുടെ സേഷ്യലിസ്റ്റാശയങ്ങൾ അശാസ്ത്രീയവും സാങ്കൽപ്പികവുമായിരുന്നു. അങ്ങനെയല്ലാതിരിക്കാൻ നിവൃത്തിയില്ലായിരുന്നുതാനും. എന്തെന്നാൽ, സംഘടിതമായ ഒരു സ്വതന്ത്രശക്തിയെന്ന നിലയ്ക്ക് സാമൂഹ്യജീവിതത്തിൽ തങ്ങളുടെ ചരിത്രപരമായ പങ്കുവഹിയ്ക്കാൻ കഴിയത്തക്കവണ്ണം തൊഴിലാളിവർഗ്ഗത്തിന് ശക്തിയോ അനുഭവങ്ങളോ ഉണ്ടായിക്കഴിഞ്ഞിരുന്നില്ല. ഈ പരിതഃസ്ഥിതിയിൽ തങ്ങളുടെ ഭാവിയെപ്പറ്റി സ്വപ്നം കാണാനും അശാസ്ത്രീയമായ സങ്കൽപ്പചിത്രങ്ങൾ വരച്ചുണ്ടാക്കാനും മാത്രമേ അവർക്കു സാധിച്ചുള്ളു. തൊഴിലാളികൾ ഒരു സ്വതന്ത്രവർഗ്ഗമെന്ന നിലയ്ക്ക് വളരുന്നതിനും അവരുടെ വർഗ്ഗസമരം പരിപക്വതയടയുന്നതിനും മുമ്പു നിലനിന്നിരുന്ന ഈ സോഷ്യലിസ്റ്റാശയങ്ങൾക്ക് പൊതുവിൽ യൂറോപ്യൻ സോഷ്യലിസം അല്ലെങ്കിൽ സാങ്കൽപിക സോഷ്യലിസം എന്നു പറയുന്നു.

മാർക്സും ഏംഗൽസും സോഷ്യലിസത്തെ ഒരു സ്വപ്നമെന്നനിലയിൽ നിന്നു ഒരു ശാസ്ത്രമെന്ന നിലയിലേക്കുയർത്തി.

മാർക്സിനു മുമ്പും പ്രപഞ്ചത്തിന്റെ പിന്നിലുള്ള നിയമങ്ങളെപ്പറ്റി പ്രതിപാദിയ്ക്കുന്ന തത്വശാസ്ത്രങ്ങളുണ്ടായിരുന്നു. ഉദാഹരണത്തിന്, സമുദായത്തിന്റെ വികാസം യാദൃശ്ചിക സംഭവങ്ങളെയോ ഏതാനും വ്യക്തികളുടെ താന്തോന്നിത്തെയോ ആശ്രയിച്ചിരുന്നില്ല. മുൻകൂട്ടി മനസ്സിലാക്കാൻ കഴിയുന്ന ചില സവിശേഷ നിയമങ്ങളെ ആശ്രയിച്ചാണിരിക്കുന്നതെന്ന് ഹേഗൽ എന്ന ജർമ്മൻ തത്വശാസ്ത്രജ്ഞൻ ചൂണ്ടിക്കാണിയ്ക്കുകയുണ്ടായി. വിരുദ്ധ ശക്തികളുടെ സംഘട്ടനത്തിന്റെ ഫലമായിട്ടാണ് പുരോഗതിയുണ്ടാകുന്നത് എന്ന തത്വം അദ്ദേഹം കണ്ടുപിടിച്ചുകഴിഞ്ഞിരുന്നു. പക്ഷേ, ഹേഗലിന്റെ തത്വശാസ്ത്രം ആത്മീയവാദത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതായിരുന്നു. ആത്മാവിന്റെ ബാഹ്യവും ഇന്ദ്രീയഗോചരവുമായ രൂപം മാത്രമാണ് ഭൗതികപ്രപഞ്ചം എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. മാർക്സും ഏംഗൽസും ഹേഗലിന്റെ ആത്മീയതത്വശാസ്ത്രത്തെ ശാസ്ത്രീയമായ ഒരു ഭൗതിക തത്വശാസ്ത്രമാക്കി രൂപാന്തരപ്പെടുത്തി. മാർക്സ് തന്നെ ചൂണ്ടിക്കാണിച്ചതുപോലെ, തലകുത്തിനിൽക്കുന്ന ഹേഗലിയൻ തത്ത്വശാസ്ത്രത്തെ അവർ കാലിൻമേൽ പിടിച്ചുനിർത്തി. സ്റ്റാലിൻ പറയുന്നു: 'വാസ്തവത്തിൽ, ഹേഗലിയൻ വൈരുദ്ധ്യവാദത്തിൽ നിന്ന് അതിന്റെ യുക്തിപൂർവ്വമായ കാതൽ മാത്രമേ മാർക്സും ഏംഗൽസും എടുത്തുള്ളു. അതിന്റെ ആത്മീയവാദപരമായ തൊണ്ട് അവർ ദൂരെ വലിച്ചെറിഞ്ഞു. മാത്രമല്ല, അതിനെ ആകെയൊന്ന് പരിഷ്ക്കരിച്ച് നവീനവും ശാസ്ത്രീയവുമായ ഒരു രൂപവും അവർ അതിനു കൊടുത്തു.'

അങ്ങനെ മാർക്സും ഏംഗെൽസും വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദമെന്ന പേരിലറിയപ്പെടുന്ന പുതിയൊരു തത്ത്വശാസ്ത്രം ഉയർത്തിക്കൊണ്ടുവന്നു.

മാർക്സിനു മുമ്പും മുതലാളിത്തോൽപ്പാദന വ്യവസ്ഥയുടെ സ്വഭാവത്തെ വിശകലനം ചെയ്ത ധനശാസ്ത്രജ്ഞൻമാരുണ്ടായിരുന്നു. ചരക്കുകളുടെ വിലയുടെ അടിസ്ഥാനം അധ്വാനമാണെന്നും ചരക്കുകൾ കൈമാറ്റം ചെയ്യപ്പെടുന്നത് അവയിലടങ്ങിയ അധ്വാനത്തിന്റെ തോതനുസരിച്ചാണെന്നും ആഡംസ്മിത്ത്, റിക്കാർഡോ തുടങ്ങിയ ധനശാസ്ത്രജ്ഞൻമാർ വ്യക്തമാക്കി കഴിഞ്ഞിരുന്നു. പക്ഷേ, മുതലാളിയ്ക്കു

കിട്ടുന്ന ലാഭത്തിന്റെ അടിസ്ഥാനമെന്തെന്നോ, മുതലാളിത്തത്തിന്റെ വളർച്ചയുടെ നിയമങ്ങളെന്തൊക്കെയാണെന്നോ കണ്ടുപിടിയ്ക്കാൻ അവർക്ക് കഴിഞ്ഞിരുന്നില്ല. സ്മിത്തിന്റെയും റിക്കോർഡോവിന്റെയും ധനശാസ്ത്രസിദ്ധാന്തങ്ങളെ യുക്തിയുക്തമായി വളർത്തിക്കൊണ്ട് മിച്ചമൂല്യമാണ് മുതലാളിച്ചൂഷണത്തിന്റെ അടിസ്ഥാനമെന്ന് മാർക്സ് വെളിപ്പെടുത്തി. ലെനിൻ ചൂണ്ടിക്കാണിയ്ക്കുന്നതുപോലെ, മിച്ചമൂല്യത്തെപ്പറ്റിയുള്ള സിദ്ധാന്തമാണ് മാർക്സിയൻ ധനശാസ്ത്രത്തിന്റെ കാതൽ. ഈ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിലാണ് മുതലാളിത്തത്തിന്റെ അധഃപതനവും നാശവും അനിവാര്യമാണെന്ന് മാർക്സും ഏംഗെൽസും ഉൽഘോഷിച്ചത്.

ഇങ്ങനെ, മാർക്സിസം പ്രധാനമായി മൂന്ന് ഉറവിടങ്ങളിൽനിന്നാണ് രൂപമെടുത്തത്. 19-ാം നൂറ്റാണ്ടിലെ ജർമൻ തത്വശാസ്ത്രം, ഇംഗ്ലണ്ടിലെ ധനശാസ്ത്രം, യൂറോപ്യൻ സോഷ്യലിസം തങ്ങൾക്കുമുമ്പ ജീവിച്ച പ്രഗത്ഭമതികളായ മഹാരഥൻമാരുടെ ആശയങ്ങളെ മുഴുവൻ വിമർശനപരമായി പരിശോധിയ്ക്കുവാനും അവയുടെ ഏറ്റവും നല്ല ഭാഗങ്ങളെയെല്ലാം ഉൾക്കൊള്ളുകയും ചെയ്തുകൊണ്ടാണ് മാർക്സും ഏംഗൽസും ചിന്താലോകത്തിലാകെ ഒരു വമ്പിച്ച വിപ്ലവമുണ്ടാക്കിയത്; തത്വശാസ്ത്രം, രാജ്യതന്ത്രം, ധനശാസ്ത്രം, സാമൂഹ്യശാസ്ത്രം, ചരിത്രം മുതലായവയെപ്പറ്റിയുള്ള വീക്ഷണഗതികളിലാകെ ഒരു സമൂലപരിവർത്തനം വരുത്തിയത്.

അന്നു മുതലാളിത്തം ഇന്നത്തെപ്പോലെ ജീർണ്ണിച്ചുകഴിഞ്ഞിരുന്നില്ല. അതിന് ഓജസ്സും പ്രസരിപ്പുമുണ്ടായിരുന്നു. അതു വിജയത്തിൽ നിന്നു വിജയത്തിലേക്ക് കുതിക്കുകയായിരുന്നു. അത്തരമൊരു ഘട്ടത്തിലാണ് മുതലാളിത്തത്തിന്റെ നിയമങ്ങൾ അതിനെ കേന്ദ്രീകരണത്തിലേക്കും കുഴപ്പങ്ങളിലേക്കും ഒടുവിൽ നാശത്തിലേക്കും നയിക്കുമെന്ന് മാർക്സും ഏംഗെൽസും പ്രവചിച്ചത്. മർദ്ദിതരും ചൂഷിതരുമായ തൊഴിലാളികൾ തങ്ങളുടെ വർഗ്ഗസമരത്തിലൂടെ ഭരണാധികാരം പിടിച്ചെടുക്കുമെന്നും തൊഴിലാളി സർവ്വാധിപത്യം സ്ഥാപിച്ച് സോഷ്യലിസം കെട്ടിപടുക്കുമെന്നും ഒടുവിൽ മർദ്ദനവും കഷ്ടപ്പാടുമില്ലാത്ത, വർഗ്ഗങ്ങളും ഭരണയന്ത്രവും ഇല്ലാത്ത കമ്മ്യൂണിസ്റ്റ് സമുദായം ലോകത്തിലെങ്ങും പടുത്തുയർത്തുമെന്നും പ്രഖ്യാപിച്ചത്.

ശാസ്ത്രീയതത്വങ്ങൾ പ്രചരിപ്പിയ്ക്കുന്ന കാര്യത്തിൽ മാത്രമല്ല, ശാസ്ത്രീയാടിസ്ഥാനത്തിൽ വിപ്ലവ പ്രസ്ഥാനങ്ങളെ സംഘടിപ്പിക്കുന്ന കാര്യത്തിലും മാർക്സും ഏംഗെൽസും നേതൃത്വം നൽകി. സോഷ്യലിസ്റ്റ് വിപ്ലവം നടത്തി തൊഴിലാളി സർവാധിപത്യം സ്ഥാപിച്ച് സോഷ്യലിസം കെട്ടിപ്പടുക്കുകയെന്ന ചരിത്രപരമായ കടമനിർവ്വഹിക്കണമെങ്കിൽ തൊഴിലാളിവർഗ്ഗത്തിനു, സ്വന്തമായൊരു പാർട്ടി, സുശക്തമായ ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി, കൂടിയേ കഴിയൂ എന്ന് അവർ പ്രായോഗികാനുഭവങ്ങളിലൂടെ പഠിപ്പിച്ചു.

അങ്ങിനെ തൊഴിലാളികൾക്കു തങ്ങളുടെ വിമോചനത്തിന്റെ കാഴ്ച്ചപ്പാടുമാത്രമല്ല, മൂർച്ചയുള്ള സമരായുധവും ലഭിച്ചു.

അങ്ങിനെ ഭാവിയുടെ പൂർണ്ണതയിലേക്കു കുതിക്കുന്ന മനുഷ്യത്വത്തിന്റെ ജാതകം കുറിയ്ക്കപ്പെട്ടു. പുതിയൊരു ജീവിതത്തിനുവേണ്ടി, പുതിയൊരു സാമൂഹ്യവ്യവസ്ഥയ്ക്കുവേണ്ടി, പുതിയൊരു ലോകത്തിനുവേണ്ടി, പതിനായിരക്കണക്കിലുള്ള ജനങ്ങൾ മാർക്സിസത്തിന്റെ കൊടിക്കുറയിൻകീഴിലണിനിരന്ന്, പതർച്ച കൂടാതെ, ഭാവിയിലേക്ക് മാർച്ച് ചെയ്യാൻ തുടങ്ങി.

# IV

സംഭവബഹുലമായ 22 കൊല്ലങ്ങൾ. ഒടുവിൽ 1870. മുതലാളിത്തത്തിന്റെ വൈരുദ്ധ്യങ്ങൾ മൂർച്ഛിക്കുന്നു. ഫ്രാൻസും പ്രഷ്യയും തമ്മിൽ യുദ്ധം. സെഡാമനിൽ വച്ചു നെപ്പോളിയൻ മൂന്നാമന്റെ പട്ടാളങ്ങൾ തോറ്റുതുന്നംപാടുന്നു.

1871 മാർച്ച്, തൊഴിലാളികളുടെ വിപ്ലവബോധം ഇരമ്പിക്കയറി. മുതലാളിവർഗ്ഗത്തിന്റെ സ്വേച്ഛാധിപത്യം തട്ടിത്തകർക്കപ്പെട്ടു. തൊഴിലാളികൾക്ക് ഭരണം നടത്താൻ കഴിയുമെന്നു ആദ്യമായി തെളിയിച്ച പാരീസ് കമ്യൂൺ തല പൊന്തിച്ചു. മാർച്ച് 18. പാരീസിലെ ടൗൺഹാളിൽ ചുവപ്പുകൊടി പാറിക്കളിക്കുന്നു. മുതലാളിത്തം ശാശ്വതമല്ലെന്നു തെളിയിക്കപ്പെട്ടു.

പക്ഷേ, മുതലാളിത്തത്തിന്റെ ആയുസ് അവസാനിച്ചുകഴിഞ്ഞിരുന്നില്ല. തൊഴിലാളി വർഗ്ഗം ഒരു സ്വതന്ത്രശക്തിയായിത്തീർന്നു കഴിഞ്ഞിരുന്നുവെങ്കിലും; ഭരണമേറ്റെടുക്കുവാൻ കഴിയത്തക്കവണ്ണം ശക്തിയാർജ്ജിച്ചിരുന്നില്ല. പിന്തിരിപ്പൻമാരുടെ വിരുദ്ധമുന്നണി പാരീസ് കമ്മ്യൂണിനെ ചോരയിൽമുക്കിക്കൊല്ലാൻവേണ്ടി എല്ലാത്തരം മൃഗീയതകളും എടുത്തുപയോഗിച്ചു. കമ്മ്യൂണിസ്റ്റാക്രമണത്തിന്റെ വെല്ലുവിളിയെ നേരിടാൻ വേണ്ടി അവർ നിരായുധരായ സ്ത്രീകളുടേയും കുട്ടികളുടെയും ചോരയൊഴുക്കി. വെറുമൊരു ആഴ്ചയ്ക്കുള്ളിൽ പാരീസിലെ 40,000ത്തിലധികം കമ്യൂൺഭടൻമാർ വെടിവച്ചുകൊല്ലപ്പെട്ടു. എന്നിട്ടും, തൊഴിലാളികൾ ചുകപ്പുകൊടിയുടെ ഭരണം നിലനിർത്താൻ വേണ്ടി അസാമാന്യമായ ധീരതയോടെ പടവെട്ടി. പക്ഷേ, ഫലമുണ്ടായില്ല. 72 ദിവസത്തെ ആവേശകരമായ ജീവിതത്തിനുശേഷം പരീസ് കമ്യൂൺ വീരമരണം പ്രാപിച്ചു.

മുതലാളികൾ ആഹ്ലാദിച്ചു. ഇനിയൊരിക്കലും സോഷ്യലിസം തലപൊക്കില്ലെന്നു അവർ വീമ്പിളക്കി.

പക്ഷേ, യഥാർത്ഥത്തിൽ സോഷ്യലിസമല്ല, മുതലാളിത്തമാണ് തലപൊക്കാതായത്. എന്തെന്നാൽ, പാരീസ് കമ്യൂണോടുകൂടി മുതലാളിത്തത്തിന്റെ യുവത്വമവസാനിച്ചു. അതിന്റെ ശരീരത്തിൽ ജരാനരകൾ പ്രത്യക്ഷപ്പെടാൻ തുടങ്ങി.

20-ാം നൂറ്റാണ്ടിന്റെ പടിവാതിൽക്കലെത്തിയപ്പോഴേയ്ക്കും മുതലാളിത്തത്തിന്റെ സ്വഭാവകമാകെ മാറി. അതു ഒരു പുതിയ ഘട്ടത്തിലേക്ക്—അതിന്റെ അവസാനഘട്ടത്തിലേക്ക്—പ്രവേശിച്ചു. അത് മൂത്തു മുരടിച്ച ചുക്കിച്ചുളിഞ്ഞ് ശവക്കുഴിയിലേക്ക് കാൽനീട്ടുന്ന സാമ്രാജ്യാധിപത്യമായി മാറി. മറുഭാഗത്ത് മുതലാളിത്തത്തെ തട്ടിത്തകർക്കുന്നതിനുള്ള പരിതഃസ്ഥിതികൾ പരിപക്വമായി. വിപ്ലവപ്രസ്ഥാനങ്ങൾ തിളച്ചുപൊങ്ങി.

രണ്ടാം ഇൻറർനാഷണലിന്റെ നേതാക്കൻമാർ ജയപ്രകാശിനെയും ബെവിൻറേയും മുൻഗാമികൾ—ബെൻസ്റ്റീൻ, കോട്സ്കി, വെൻഡെർവെൽഡ്, മേക്ഡോനാൾഡ് മുതലായ അവസരവാദികൾ—മാർക്സിസത്തെ പുനഃപരിശോധന ചെയ്യാനും തിരുത്തിയെഴുതാനും പുറപ്പെട്ട ഒരു ഘട്ടമായിരുന്നു അത്. തങ്ങളാണ് യഥാർത്ഥ സോഷ്യലിസത്തിനുവേണ്ടി നിലകൊള്ളുന്നത് എന്ന് ബഡായിപറഞ്ഞുകൊണ്ട് അവർ മാർക്സിസത്തിന്റെ നേർക്ക് യുദ്ധം പ്രഖ്യാപിച്ചു. പക്ഷേ, ചരിത്രം അവരുടെ ഭാഗത്തായിരുന്നില്ല. അതുകൊണ്ട്, മാർക്സിനേയും എംഗെൽസിനെയും എതിർത്ത ക്ഷുദ്രജീവികളായ പണ്ഡിതമൂഢൻമാരെല്ലാം ഒടുവിൽ പിന്തിരിപ്പത്തത്തിന്റെ ചളിവാരിപ്പൂശിക്കൊണ്ട് മുതലാളിത്തത്തിന്റെ പാളയത്തിൽ അഭയം പ്രാപിക്കുകയും തങ്ങളുടെ തനിനിറം വെളിപ്പെടുത്തുകയും ചെയ്തു.

എതിരാളികളുടെ ആക്രമണത്തിൽ നിന്ന് മാർക്സിസത്തെ കാത്തുരക്ഷിക്കേണ്ടതുണ്ടായിരുന്നു. പുതിയ പരിതഃസ്ഥിതികളിൽ, പുതിയ സാമൂഹ്യാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ, മാർക്സിസത്തെ വളർത്തേണ്ടതുണ്ടായിരുന്നു. ചരിത്രപരമായ ഈ കടമകൾ നിർവ്വഹിക്കപ്പെട്ടു. പുതിയ പരിതഃസ്ഥിതികൾക്കു യോജിച്ചമട്ടിൽ, സാമൂഹ്യവളർച്ചയുടെ ആവശ്യങ്ങളെ നടപ്പിൽവരുത്താൻ കഴിയത്തക്കവണ്ണം, മാർക്സിസം വളർത്തപ്പെട്ടു. ലെനിനിസം ഉയർന്നുവന്നു.

## V

### എന്താണ് ലെനിനിസമെന്നുവച്ചാൽ?

സ്റ്റാലിൻ നിർവ്വചിക്കുന്നു:

> 'ലെനിനിസം സാമ്രാജ്യാധിപത്യത്തിന്റെയും തൊഴിലാളിവിപ്ലവത്തിന്റെയും കാലഘട്ടത്തിലെ മാർക്സിസമാണ്. കുറേക്കൂടി വ്യക്തമായി പറയുകയാണെങ്കിൽ, ലെനിനിസമെന്നത് തൊഴിലാളി വിപ്ലവത്തിന്റെയും പ്രത്യേകിച്ച് തൊഴിലാളി സർവ്വാധിപത്യത്തിന്റെയും തത്വവും തന്ത്രവുമാണ്.'

ജീവനുള്ള ഒരു ശാസ്ത്രമാണ് മാർക്സിസം. അതുകൊണ്ടതിന് നിശ്ചലമായി നിൽക്കാൻ വയ്യാ. സാമൂഹ്യവളർച്ചയിലുണ്ടാകുന്ന മാറ്റങ്ങളോടൊപ്പം പുതിയ അനുഭവങ്ങളും പുതിയ അറിവുകളും ഉൾക്കൊണ്ട് അത് വളരുന്നു; കൂടുതൽ പുഷ്ടിപ്പെടുന്നു.

19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽതന്നെ ലെനിൻ പ്രസ്താവിക്കുകയുണ്ടായി:

> "മാർക്സിസ്റ്റ് സിദ്ധാന്തം പരിപൂർണ്ണവും മാറ്റമില്ലാത്തതുമായ ഒന്നാണെന്ന് ഞങ്ങൾ കരുതുന്നില്ല. അതു ശാസ്ത്രത്തിന്റെ അടിത്തറ പാവുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും സോഷ്യലിസ്റ്റുകാർ അതിനെ എല്ലാവഴിയ്ക്കും വളർത്തേണ്ടതുണ്ടെന്നും അല്ലെങ്കിൽ അവർ ജീവിതത്തിന്റെ പിന്നണിയിൽ തങ്ങിപ്പോകുമെന്നുമാണ് ഞങ്ങളുടെ ദൃഢവിശ്വാസം."

സ്റ്റാലിൻ പറയുന്നു:

> "മാർക്സിസം എല്ലാ കാലങ്ങൾക്കും ബാധകമായ മാറ്റമില്ലാത്തതും സനാതനവുമായ, പ്രമാണങ്ങളെയും നിഗമനങ്ങളെയും അംഗീകരിയ്ക്കുന്നില്ല. മാർക്സിസം എല്ലാത്തരം വരട്ടുതത്വവാദത്തിന്റെയും ശത്രുവാണ്."

മാർക്സിന്റെ ജീവിതകാലത്തിനു ശേഷം മനുഷ്യസമുദായത്തിലുണ്ടായ മാറ്റങ്ങളെയും തൊഴിലാളി വിപ്ലവപ്രസ്ഥാനത്തിന്റെ വളർച്ചയേയും മാർക്സിസത്തിന്റെ വെളിച്ചത്തിൽ പരിശോധിച്ചുകൊണ്ട് ലെനിൻ പുതിയ തത്വങ്ങളുന്നയിച്ചു. 20-ാം നൂറ്റാണ്ടോടുകൂടിയാവിർഭവിച്ച സാമ്രാജ്യത്വം മുതലാളിത്വത്തിന്റെ അവസാനഘട്ടമാണെന്നും ഈ ഘട്ടത്തിൽ മുതലാളിത്തത്തിന്റെ എല്ലാ വൈരുദ്ധ്യങ്ങളും മൂർച്ഛിക്കുകയും സാമ്രാജ്യയുദ്ധങ്ങളും തൊഴിലാളിവിപ്ലവങ്ങളും പൊട്ടിപ്പുറപ്പെടുകയും ചെയ്യുമെന്നും തൊഴിലാളികൾ മുതലാളിത്തത്തെ തട്ടിത്തകർത്തു തങ്ങളുടെ സ്വന്തം സർവ്വാധിപത്യം സ്ഥാപിയ്ക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു.

സാമ്രാജ്യത്വകാലഘട്ടത്തിൽ മുതലാളിത്ത രാജ്യങ്ങളുടെ വളർച്ച അസമമായിട്ടാണ്. ഉൽപ്പാദനശക്തികൾ എല്ലാ രാജ്യങ്ങളിലും ഒരുപോലെയല്ല വളരുന്നത്. ഈ സിദ്ധാന്തത്തെ വിശകലനം ചെയ്തുകൊണ്ട് ലെനിൻ പ്രഖ്യാപിച്ചു, ഒരു

രാജ്യത്തിൽ മാത്രമായോ ഏതാനും രാജ്യങ്ങളിൽ ഒറ്റയ്ക്കൊറ്റയ്ക്കായോ സോഷ്യലിസത്തിന്റെ വിജയം സാദ്ധ്യമാണെന്ന്.

മുതലാളിത്ത കുത്തകമുതലാളിത്തമാകുന്നതിന് മുമ്പ് ജീവിച്ചിരുന്ന മാർക്സിനും ഏംഗെൽസിനും കാണാൻ കഴിയാത്ത ഒരു പുതിയ സിദ്ധാന്തമാണിത്. മുതലാളിത്തോൽപ്പാദനരീതി ഏറ്റവുമധികം വളരുകയും തൊഴിലാളിവർഗ്ഗം സമുദായത്തിലെ ഭൂരിപക്ഷമായി മാറുകയും ചെയ്യുന്ന ഒരു പരിതഃസ്ഥിതിയിൽ മാത്രമേ സോഷ്യലിസ്റ്റ് വിപ്ലവം വിജയിക്കുകയുള്ളുവെന്നാണ് മാർക്സും ഏംഗെൽസും കരുതിയിരുന്നത്. പക്ഷേ, കുത്തകമുതലാളിത്തത്തിന്റെ പരിതഃസ്ഥിതിയിൽ അവരുടെ നിഗമനം സാധുവല്ലാതായിത്തീർന്നു. സ്റ്റാലിൻ ചൂണ്ടിക്കാണിക്കുന്നു:

> “മുതലാളിത്തം അത്ര ഉയർന്നതോതിൽ വളരുകയും തൊഴിലാളിവർഗ്ഗം ജനസംഖ്യയുടെ ഭൂരിപക്ഷമായിത്തീരുകയും ചെയ്തിട്ടില്ലെങ്കിൽക്കൂടി, തൊഴിലാളിവർഗ്ഗത്തിന് തട്ടിത്തകർക്കാൻ കഴിയത്തക്കവണ്ണം മുതലാളിത്തത്തിന്റെ ആണി ദുർബ്ബലമായിത്തീർന്നിട്ടുള്ള വ്യത്യസ്ത രാജ്യങ്ങളിൽ സോഷ്യലിസത്തിന്റെ വിജയത്തിന് പരിപൂർണ്ണ സാധ്യതയുണ്ട്. സോഷ്യലിസ്റ്റ് വിപ്ലവത്തെപ്പറ്റിയുള്ള ഈ ലെനിനിസ്റ്റ് സിദ്ധാന്തം 1915-16 ലാണ് കണ്ടുപിടിക്കപ്പെട്ടത്. സോഷ്യലിസ്റ്റ് വിപ്ലവം നിസ്സംശയമായും വിജയിക്കുക മുതലാളിത്തം ഏറ്റവുമധികം വളർന്നുകഴിഞ്ഞിട്ടുള്ള രാജ്യങ്ങളിലല്ല. മറിച്ച്, മുതലാളിത്തത്തിന്റെ വളർച്ച അത്ര ഉയർന്ന രൂപത്തിലെത്തിയിട്ടുണ്ടെങ്കിൽ കൂടി അതിന്റെ ആണി ദുർബലമാകുകയും അതിനെ തകർക്കാൻ തൊഴിലാളിവർഗ്ഗത്തിന് കൂടുതൽ എളുപ്പമാവുകയും ചെയ്തിട്ടുള്ള രാജ്യങ്ങളിലാണ് സോഷ്യലിസ്റ്റ് വിപ്ലവം വിജയിക്കുക.”

ഈ പുതിയ സിദ്ധാന്തം റഷ്യയിലെ തൊഴിലാളിവർഗ്ഗത്തിന്റെ കയ്യിൽ മൂർച്ചയേറിയ ഒരായുധമായിത്തീർന്നു.

സോഷ്യലിസത്തിലേയ്ക്ക്, ഒറ്റയടിപ്പാതയില്ലെന്നും പ്രത്യേകിച്ച്, പിന്നണിയിൽ കിടക്കുന്ന ഒരു രാജ്യത്തിന് ജനാധിപത്യ വിപ്ലവത്തിലൂടെയല്ലാതെ സോഷ്യലിസ്റ്റ് വിപ്ലവത്തിലേക്ക് മാർച്ചുചെയ്യാൻ സാധിക്കില്ലെന്നും മുതലാളിത്ത രാജ്യത്തിലെ വിപ്ലവവും കോളനിയിലെ വിപ്ലവവും തമ്മിൽ വ്യത്യാസമുണ്ടെന്നും ലെനിൻ പഠിപ്പിച്ചു. ഓരോ വിപ്ലവത്തിനും നേതൃത്വം വഹിക്കുന്ന തൊഴിലാളിവർഗ്ഗത്തിന് സവിശേഷങ്ങളായ കടമകളുണ്ടെന്നും വ്യത്യസ്തങ്ങളായ തന്ത്രങ്ങളും അടവുകളും പ്രയോഗിക്കേണ്ടതുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

തൊഴിലാളിവർഗ്ഗ നേതൃത്വമെന്നാൽ മറ്റുജനവിഭാഗങ്ങളെക്കൂടി വിപ്ലവത്തിലണിനിരത്തലാണ്. മറ്റുവർഗ്ഗങ്ങളും പാർട്ടികളുമായി യാതൊരൊത്തുതീർപ്പും പാടില്ലെന്നു വാദിച്ച ട്രോട്സ്കിസ്റ്റുകാരെ അദ്ദേഹം കണക്കിന് കക്കിക്കൊടുത്തു. അദ്ദേഹം പറഞ്ഞു:

> “സാർവ്വദേശീയ മുതലാളിത്തത്തെ മറിച്ചിടാനുള്ള യുദ്ധം സാധാരണ രണ്ടുരാജ്യങ്ങൾ തമ്മിലുള്ള യുദ്ധത്തേക്കാൾ എത്രയോ അധികം ബുദ്ധിമുട്ടുള്ളതാണ്, കുഴപ്പമേറിയതാണ്, കാലദൈർഘ്യമുള്ളതാണ്. ഇത്തരമൊരു യുദ്ധത്തിൽ ശത്രുപക്ഷത്തിനകത്തുള്ള സ്വരചേർച്ചയില്ലായ്മയെ (അവ താൽക്കാലികമാണെങ്കിൽപ്പോലും) ഉപയോഗപ്പെടുത്താനും തഞ്ചം കിട്ടുന്ന അവസരത്തിൽ സാദ്ധ്യതയുള്ളിടത്ത് ചിലരെ പാട്ടിൽ പിടിക്കാനും (താൽക്കാലികവും അസ്ഥിരവുമാണെങ്കിൽ കൂടി) പരിതഃസ്ഥിതിയുടെ ആവശ്യമനുസരിച്ചുള്ള കൂട്ടുകെട്ടുകളും സന്ധികളും ഉണ്ടാക്കുവാനും ഒരിക്കലും തയ്യാറാവരുതെന്ന് ആദ്യമേ തീരുമാനിക്കുന്നത് പമ്പരവിഡ്ഢിത്തമല്ലേ?... ശത്രുപക്ഷത്തുള്ള ഓരോ പിളർപ്പിനെയും—അതെത്ര നിസ്സാരമായിരുന്നാലും ശരി—വിവിധ രാജ്യങ്ങളിലുള്ള മുതലാളി വർഗ്ഗത്തിനിടയിലും ബൂർഷ്വാ

ഗ്രൂപ്പുകൾക്കിടയിലും കാണുന്ന വൈരുദ്ധ്യങ്ങളും സാമർത്ഥ്യത്തോടും ശ്രദ്ധയോടും പരിപൂർണ്ണതയോടും ഉപയോഗപ്പെടുത്തുകയും ബഹുജനാടിസ്ഥാനത്തിലുള്ള ബന്ധുവെ നേടാനുള്ള—ആ ബന്ധുത്വം എത്രതന്നെ താൽക്കാലികവും ബലഹീനവും അവിശ്വസനീയവും ആയിക്കൊള്ളട്ടെ—എത്ര നിസ്സാര സന്ദർഭത്തേയും ഉപയോഗപ്പെടുത്തുകയും ചെയ്തുകൊണ്ടുമാത്രമേ ശക്തിയേറിയ ശത്രുവിനെ തോൽപ്പിക്കാൻ സാധിക്കുകയുള്ളൂ. ഇതു മനസ്സിലാകാത്ത ആളുകൾക്ക് മാർക്സിസ്സത്തിന്റെ, അഥവാ ശാസ്ത്രീയ സോഷ്യലിസത്തിന്റെ, ഒരു പൊടിപോലും മനസ്സിലാക്കാൻ സാദ്ധ്യമല്ല."

സാമൂഹ്യവളർച്ചയുടെ ആവശ്യങ്ങളെയും താൽപര്യങ്ങളെയും പ്രതിഫലിപ്പിക്കുകയും അദ്ധ്വാനിക്കുന്ന ജനസമൂഹങ്ങളുടെ താൽപ്പര്യങ്ങൾക്കൊത്തവിധം ജീവിതത്തെ മാറ്റിത്തീർക്കാനുള്ള ശാസ്ത്രീയമാർഗ്ഗം ചൂണ്ടിക്കാണിയ്ക്കുകയും മാത്രമല്ല ലെനിൻ ചെയ്തത്, സോഷ്യലിസത്തിനുവേണ്ടി സമരം നടത്തുന്ന വിപ്ലവകാരികളുടെ പാർട്ടികളെ രൂപീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതെങ്ങിനെ എന്നു കൂടി അദ്ദേഹം പഠിപ്പിച്ചു.

അങ്ങിനെ തൊഴിലാളികൾ കൂടുതൽ ആത്മവിശ്വാസത്തോടെ ഭാവിയുടെ നേർക്ക് നോക്കാൻ തുടങ്ങി.

## VI

വീണ്ടും വിപ്ലവമുന്നേറ്റം. 1905—'വിപ്ലവം ജയിക്കട്ടെ, സാർ ചക്രവർത്തി തുലയട്ടെ' തുടങ്ങിയ മുദ്രാവാക്യങ്ങളുടെ ചൂളംവിളികൾ. സാറിന്റെ 'ദൈവദത്തമായ' സിംഹാസനം വിറകൊള്ളുന്നു. പണിമുടക്കം പരന്നുപിടിയ്ക്കുകയാണ്. 1905 ഡിസംബർ. പണിമുടക്കം ആയുധമേന്തിയ കലാപമായി മാറി. പള്ളികൾ കൂട്ടമണി മുഴക്കി. കുതിരപ്പട്ടാളം, ബയണറ്റുകൾ, ലക്കം ലഗാനുമില്ലാതെ ചീറിപ്പായുന്ന വെടിയുണ്ടകൾ. ഭ്രാന്തുപിടിച്ച സസാർ ചക്രവർത്തി കൽപ്പന പുറപ്പെടുവിച്ചു:

"ഒരൊറ്റ വെടിയുണ്ടപോലും ബാക്കിയാവരുത്."

വിപ്ലവം തൽക്കാലത്തേയ്ക്ക് തോൽപ്പിക്കപ്പെട്ടു.

മുതലാളികൾ വീണ്ടും സന്തോഷം കൊണ്ടു തുള്ളിച്ചാടി. വത്തിക്കാൻ ദൈവത്തോട് നന്ദിപറഞ്ഞു. അവസരവാദികൾ ലെനിനെയും സ്റ്റാലിനേയും ആക്ഷേപിച്ചു. ഭീരുക്കൾ പിറുപിറുത്തു: 'തൊഴിലാളി ആയുധമെടുത്തത് തെറ്റായി.'

തൊഴിലാളികൾ പറഞ്ഞു: ഞങ്ങളുടെ ദിവസം വരും!

ഒടുവിൽ ആ ദിവസം വന്നുചേരുക തന്നെ ചെയ്തു.

സാമ്രാജ്യയുദ്ധം പൊട്ടിപ്പുറപ്പെട്ടു. മുതലാളിത്തത്തിന്റെ തീരാക്കുഴപ്പമാരംഭിച്ചു. വിപ്ലവത്തിന്റെ അലകൾ വീണ്ടും ഇരമ്പിക്കയറി. 'വിപ്ലവം തുലയട്ടെ, സാർ ചക്രവർത്തി തുലയട്ടെ!' എന്നീ കാഹളം വിളികൾ വീണ്ടും അന്തരീക്ഷത്തിലുയർന്നു.

1917 മാർച്ച്—വിപ്ലവത്തിന്റെ കൊടുങ്കാറ്റിൽ സാർ ചക്രവർത്തിയുടെ കിരീടം തെറിച്ചുപോയി. കാഹളം വിളികൾ മുഴങ്ങി: വിപ്ലവം ജയിക്കട്ടെ! സാർ ചക്രവർത്തി തുലയട്ടെ!

സാർ ചക്രവർത്തി തുലഞ്ഞു. പക്ഷേ, വിപ്ലവം തുടർന്നു. ജനങ്ങൾ വിജയഭേരി മുഴക്കിക്കൊണ്ട് മുന്നോട്ട് കുതിയ്ക്കുകയാണ്. പുതിയ മുദ്രാവാക്യങ്ങൾ; പുതിയ

കാഹളം വിളികൾ: 'മുതലാളിത്തം നശിയ്ക്കട്ടെ! സോഷ്യലിസം വിജയിക്കട്ടെ!' ചീഞ്ഞളിഞ്ഞ മുതലാളിത്തം ലോകത്തിന്റെ ആറിലൊരു ഭാഗത്തു നിന്നു തുടച്ചുനീക്കപ്പെടാൻ പോവുകയാണ്. ഭൂലോകമാകെ കുലുങ്ങിമറിയുകയാണ്. ട്രോട്സ്കി പറഞ്ഞു: നിൽക്കട്ടെ! ഒരു രാജ്യത്തിൽ മാത്രമായി സോഷ്യലിസം സ്ഥാപിയ്ക്കുക സാധ്യമല്ല! ആർത്തിരമ്പുന്ന തിരമാലകളോട് അയാൾ മടങ്ങിപ്പോകാൻ കൽപ്പിച്ചു. തിരമാലകൾ കൂട്ടാക്കിയില്ല. ചരിത്രമാണ് മുന്നോട്ട് കുതിയ്ക്കുന്നത്. മാർക്സിസം—ലെനിനിസമാണ് വിപ്ലവത്തെ നയിക്കുന്നത്. മുദ്രാവാക്യങ്ങൾ കൂടുതലുച്ചത്തിൽ മുഴങ്ങാൻ തുടങ്ങുന്നു; മുതലാളിത്തം നശിയ്ക്കട്ടെ! സോഷ്യലിസം വിജയിക്കട്ടെ!

1917 നവംബർ. കെറൻസ്കിയുടെ ഭരണകൂടം തവിടുപൊടിയായി.

സൂര്യൻ പൂർവ്വാധികം ഉജ്ജ്വലമായി പ്രകാശിക്കുന്നു. ഒരു പുതിയ ലോകം ഉൽഘാടനം ചെയ്യപ്പെടുകയാണ്!

ഉൽകണ്ഠനിറഞ്ഞ നിമിഷങ്ങളും മണിക്കൂറും പാഞ്ഞുപോയി. രാത്രി പത്തേമുക്കാൽ മണി. രാജാക്കൻമാരുടെയും രാജ്ഞിമാരുടേയും സുഖഭോഗങ്ങളുടെ സുഗന്ധം വഹിക്കുന്ന സ്മോൾനി ഇൻസ്റ്റിറ്റ്യൂട്ട് എന്ന മനോഹരമായ മാർബിൾ കൊട്ടാരത്തിൽ വൃത്തികെട്ടവരും വിയർപ്പുനാറുന്നവരും ചളിപുരണ്ടവരും മുഷിഞ്ഞ വസ്ത്രം ധരിച്ചവരുമായ ഒരു കൂട്ടം ആളുകൾ കയറിക്കൂടി. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്ര കമ്മിറ്റി മെമ്പർമാരുടെ പ്രസംഗം കേൾക്കാൻ വന്ന സോവിയറ്റ് ഡെപ്യൂട്ടിമാരാണവർ.

ഒരു പുതിയ ലോകത്തിന്റെ ജാതകമെഴുതപ്പെടുകയാണ്.

രണ്ടുദിവസം നീണ്ടുനിന്ന സമ്മേളനം. ആശയും ആവേശവും അസ്വസ്ഥതയും നിറഞ്ഞുനിന്ന അന്തരീക്ഷം.

അതാ കുടുക്കില്ലാത്ത ഒരു പഴയ കോട്ടും മിന്നുന്ന കഷണ്ടിയുമുള്ള ഒരു കുറിയ മനുഷ്യൻ കയ്യിൽ ഒരു ചുരുൾക്കെട്ടു കടലാസ്സുമായി പതറാത്ത കാൽവെയ്പ്പോടെ പ്ലാറ്റ്ഫോറത്തിലേക്ക് കയറുന്നു. ആളുകൾ ആർത്തുവിളിച്ചു. നീണ്ടുനിന്ന കരഘോഷം. ആ കുറിയ മനുഷ്യൻ വൃത്തികെട്ടവരും വയറൊട്ടിയവരും ചളിപുരണ്ടവരും തിളങ്ങുന്ന കണ്ണുകളുള്ളവരുമായ ആ ആളുകളെയെല്ലാം ഒന്നു കണ്ണോടിച്ചുകണ്ടു. എന്നിട്ട് ശാന്തവും ദൃഢവുമായ സ്വരത്തിൽ പറഞ്ഞു:

> 'സഖാക്കളെ, ഇനി നമുക്ക് സോഷ്യലിസം കെട്ടിപ്പടുക്കാനൊരുങ്ങാം.'

അതു ലെനിനായിരുന്നു. പുതിയ ലോകത്തിന്റെ നേതാവും പുതിയ ഗവൺമെൻറിന്റെ തലവനുമായ സഖാവ് ലെനിൻ!

## VII

നൂറ്റാണ്ടുകളായി മർദ്ദിതരും ചൂഷിതരുമായ ബഹുജനങ്ങൾ യാതൊന്നിന്നുവേണ്ടി പടവെട്ടിപ്പോന്നുവോ, പുരാതനകാലംമുതൽക്കേ മനുഷ്യസ്നേഹികളായ മഹാത്മാക്കൾ യാതൊന്നു സ്വപ്നംകണ്ടുപോന്നുവോ, അതു സഫലമായി. വയറ്റിൽ പട്ടിണിയും മുതുകത്തു കൊടരാവുകൊണ്ടുള്ള അടിയുടെ പാടുകളുമുള്ള അവശലക്ഷങ്ങൾ ജീവിതത്തിലാദ്യമായി നട്ടെല്ലുനിവർത്തി. പ്രഭുക്കൻമാർ സിംഹാസനങ്ങളിൽ നിന്നിറക്കപ്പെട്ടു. താണവർ ഉയർന്നു. അജ്ഞരും അപരിഷ്കൃതരുമെന്ന് അപഹസിയ്ക്കപ്പെട്ടുപോന്ന തൊഴിലാളിവർഗ്ഗം കൃഷിക്കാരുടെയും മറ്റു മർദ്ദിതവിഭാഗങ്ങളുടെയും

പിന്തുണയോടുകൂടി സാമൂഹ്യവ്യവസ്ഥയുടെ നേതൃത്വം ഏറ്റെടുത്തു. അടുക്കളപ്പണിക്കാരിയ്ക്കുപോലും ഭരണയന്ത്രം തിരിയ്ക്കാൻ കഴിയുമെന്നായി. തലമുറതലമുറയായി അജ്ഞതയിലും അന്ധകാരത്തിലും കിടന്നു ഞെരങ്ങിക്കൊണ്ടിരുന്നവർക്ക് ശാസ്ത്രജ്ഞൻമാരും സാഹിത്യകാരൻമാരും എൻജിനീയർമാരുമൊക്കെയാകണമെന്നായി. മനുഷ്യനെ ചൂഷണംചെയ്യാനുപയോഗിക്കപ്പെട്ടിരുന്ന ഉൽപാദനോപകരണങ്ങൾ മനുഷ്യന്റെ ആവശ്യത്തിനും അഭിവൃദ്ധിയ്ക്കുമുള്ള പൊതുസ്വത്തായി മാറി. ചൂഷണത്തിന്റെ അവശിഷ്ടങ്ങൾപോലുമില്ലാത്ത, വർഗ്ഗരഹിതമായ, കമ്മ്യൂണിസ്റ്റ് സമുദായത്തിന്റെ അടിത്തറ പാകപ്പെട്ടു.

അതിനു മുമ്പും ഭരണപരിവർത്തനങ്ങളുണ്ടായിട്ടുണ്ട്; വിപ്ലവങ്ങളുണ്ടായിട്ടുണ്ട്. പക്ഷേ, ഒക്ടോബർ വിപ്ലവം ഒരു പുതിയ തലത്തിലുള്ള വിപ്ലവമാണ്. സ്റ്റാലിൻ എഴുതുന്നു:

> "മുമ്പുണ്ടായിട്ടുള്ള വിപ്ലവങ്ങൾ സാധാരണമായി ഭരണകൂടത്തിന്റെ അമരത്തിൽ നിന്ന് ഒരു കൂട്ടം ചൂഷകന്മാരെ മാറ്റി മറ്റൊരുകൂട്ടം ചൂഷകന്മാരെ പ്രതിഷ്ഠിക്കുകയാണ് ചെയ്തിട്ടുള്ളത്. ചൂഷകൻമാർ മാറും. പക്ഷേ, ചൂഷണം നിലനിൽക്കും. അടിമകളുടെ മോചനപ്രസ്ഥാനങ്ങളിൽ അതാണുണ്ടായത്. അടിയാരുടെ ലഹളകൾ നടന്ന കാലത്താണ് അതുണ്ടായത്. ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമ്മനി എന്നീ രാജ്യങ്ങളിലെ മഹത്തായ സുപ്രസിദ്ധ വിപ്ലവങ്ങളുടെ കാലത്ത് അതാണുണ്ടായത്... ഈ വിപ്ലവങ്ങളിൽ നിന്നെല്ലാം താത്വികമായി വ്യത്യാസപ്പെട്ടതാണ് ഒക്ടോബർ വിപ്ലവം. അതിന്റെ ലക്ഷ്യം ഒരുതരത്തിലുള്ള ചൂഷണം മാറ്റി മറ്റൊരുതരത്തിലുള്ള ചൂഷണം സ്ഥാപിക്കുകയല്ല. ഒരു വിഭാഗം ചൂഷകന്മാരുടെ സ്ഥാനത്ത് മറ്റൊരു വിഭാഗം ചൂഷകൻമാരെ പ്രതിഷ്ഠിക്കുകയല്ല; നേരെമറിച്ച് മനുഷ്യൻ, മനുഷ്യന്റെ മേൽ നടത്തുന്ന എല്ലാത്തരം ചൂഷണങ്ങളും അവസാനിപ്പിക്കുകയാണ്."

# VIII

അങ്ങിനെ, ഒരു ലോകമുണ്ടായിരുന്നിടത്ത് രണ്ട് ലോകങ്ങളായി. ഒരു ഭാഗത്ത് തകർച്ചയുടെയും നിരാശതയുടെയും ലോകം; മറുഭാഗത്ത് അഭിവൃദ്ധിയുടെയും ആത്മവിശ്വാസത്തിന്റെയും ലോകം!

വാഗ്ദാനലംഘനങ്ങളല്ല, അഞ്ചുകൊല്ലമോ പത്തുകൊല്ലമോ ക്ഷമിച്ചിരിക്കാനുള്ള ആഹ്വാനങ്ങളില്ല. മുതലാളികളെ ഫാക്ടറികളിൽ നിന്നും മറ്റധികാരസ്ഥാനങ്ങളിൽ നിന്നും ഉന്തെറിഞ്ഞുകൊണ്ടാണ് വിപ്ലവം തലയുയർത്തിയത്. പുതിയ ഗവൺമെൻറ് അധികാരത്തിൽ വന്നിട്ട് ഇരുപത്തിനാല് മണിക്കൂറുകൾ പോലും കഴിഞ്ഞില്ല—ജന്മികൾ കയ്യടക്കിവച്ചിരുന്ന നിലമെല്ലാം യാതൊരു പ്രതിഫലവും കൊടുക്കാതെ, കൃഷിക്കാരുടേതാക്കി മാറ്റുന്ന നിയമം പാസാക്കപ്പെട്ടു.

1917 നവംബർ എട്ടിന് ലെനിന്റെ ഒപ്പോടുകൂടി പ്രസിദ്ധം ചെയ്യപ്പെട്ട അടിയന്തിരനിയമത്തിൽ പറയുന്നു:

> "വലിയ ഭൂവുടമസ്ഥൻമാരുടെ നിലമെല്ലാം യാതൊരുപ്രതിഫലവും കൊടുക്കാതെ ഉടൻതന്നെ പിടിച്ചെടുക്കപ്പെടുന്നതാണ്. എന്നാൽ ചെറിയ, കൃഷിക്കാരുടെയും കൊസ്സാക്കുകളുടെയും നിലങ്ങൾ പിടിച്ചെടുക്കപ്പെടുന്നതല്ല."

ഒരൊറ്റ അടിയ്ക്ക് മാർക്സിസത്തിന്റെ തൂലികയുടെ ഒരു ചലനം കൊണ്ട്, റഷ്യയിലെ കർഷകത്തൊഴിലാളികൾക്കും സാധുകൃഷിക്കാർക്കും 15 കോടി ഹെക്ടർ നിലം യാതൊരു പ്രതിഫലവുമില്ലാതെ സ്വന്തമായിക്കിട്ടി.

അങ്ങിനെ പിറ്റേ ദിവസം സൂര്യനുദിച്ചത് ജന്മിയും മുതലാളിയുമില്ലാത്ത പുതിയ ലോകത്തെ കണികണ്ടുകൊണ്ടാണ്.

മുതലാളി പോയി. അത്ഭുതം! എന്നിട്ടും, യന്ത്രങ്ങൾ ചലിയ്ക്കുന്നു! ജന്മി പോയി. എന്നിട്ടും, ഗോതമ്പു ചെടികൾ കായ്ക്കുന്നു. മർദ്ദകവർഗ്ഗങ്ങൾ സ്ഥാനഭ്രഷ്ടരായി. എന്നിട്ടും, മനുഷ്യൻ ജീവിയ്ക്കുന്നു!

പുതിയ ലോകത്തിന്റെ നായകൻ, സഖാവ് ലെനിൻ, ലോകത്തിലൊട്ടുക്കുമുള്ള ജനങ്ങളോടും ഭരണാധികാരികളോടും ആഹ്വാനം ചെയ്തു:

> യുദ്ധമവസാനിപ്പിക്കുക, സമാധാനം സ്ഥാപിക്കുക!

പഴയലോകത്തിനു ഭ്രാന്തുപിടിച്ചു. ട്രോട്സ്കിയും കൂട്ടാളികളും ഓരിയിട്ടു. 'ഏകരാജ്യ സോഷ്യലിസം മാർക്സിനെതിരാണ്; ഒരു രാജ്യത്തിൽ മാത്രമായി സോഷ്യലിസം സ്ഥാപിയ്ക്കാൻ സാധിക്കില്ല.' ചർച്ചിൽ അതേറ്റുപാടി. എല്ലായിടത്തും മുതലാളിത്തം നിലനിൽക്കുമ്പോൾ ലോകത്തൊരിടത്തു ലോകത്തിന്റെ ആറിൽ ഒരു ഭാഗത്ത് മാത്രം സോഷ്യലിസമോ! ബ്രിട്ടൻ, അമേരിക്ക, ഫ്രാൻസ്, പോളണ്ട്, ജർമ്മനി, ഫിൻലാൻറ്, ജപ്പാൻ എന്നിങ്ങനെ 14 രാജ്യങ്ങൾ ഒരേസമയത്ത്, ഒന്നായി, സോവിയറ്റ് ശിശുവിന്റെ മേൽ ചാടിവീണു. വിരുദ്ധമുന്നണി നേതാവായ ചർച്ചിൽ 10 കോടി പവൻ ചെലവഴിച്ച ചോരപ്പുഴയൊഴുക്കി. എന്തിന്? ലോകത്തെ കമ്മ്യൂണിസത്തിൽ നിന്നു രക്ഷിക്കാൻ!

പത്തൊമ്പതാം നൂറ്റാണ്ടിന്റെ പ്രേതങ്ങളാണ് മാർക്സിസം ലെനിനിസത്തിന്റെ അജയ്യമായ കൊടിക്കൂറയെ പിച്ചിച്ചീന്താൻ പുറപ്പെടുന്നത്! ശവക്കുഴിയിലേക്ക് കാൽനീട്ടിയ സാമ്രാജ്യവാദികളാണ് ചരിത്രത്തിന്റെ സർട്ടിഫിക്കറ്റു വാങ്ങിയ പുതിയ ലോകത്തെ ആക്രമിയ്ക്കുന്നത്!

17 കോടി ജനങ്ങൾ ലെനിന്റെയും സ്റ്റാലിന്റെയും നേതൃത്വത്തിൽ അണിനിരന്ന് ശത്രുക്കളെ നേരിട്ടു. തങ്ങളുടെ നിലങ്ങൾ പിടിച്ചെടുത്ത് വീണ്ടും ജന്മികൾക്കു കൊടുക്കാനും തങ്ങളുടെ ഫാക്ടറികൾ വീണ്ടും മുതലാളികളെ ഏൽപ്പിയ്ക്കാനും ചീറിവന്ന രാക്ഷസീയശക്തികൾക്കെതിരായി സ്ത്രീയും പുരുഷനും ഒറ്റക്കെട്ടായി നിന്നു പടവെട്ടി.

ലോകമാകെ ഇളകിമറിഞ്ഞു. കോളനികളിലെയും മുതലാളിത്തരാജ്യങ്ങളിലെയും തൊഴിലാളികൾ കണ്ണുമിഴിച്ചു നോക്കി. സോവിയറ്റു യൂണിയനിൽ അവർ തങ്ങളുടെ സ്വന്തം ആത്മാവിനെ കണ്ടു: തൊഴിലാളിവർഗ്ഗത്തിന്റെ ഭരണം!

ലോകത്തൊട്ടുക്കുള്ള തൊഴിലാളികൾ, ചർച്ചിലിന്റെ സ്വന്തം നാട്ടിലെ തൊഴിലാളികൾ പോലും കൈചുരുട്ടിക്കൊണ്ട് അലറി:

> 'റഷ്യയെത്തൊട്ട് കളിക്കരുത്.'

ചർച്ചിലും കൂട്ടാളികളും വാലുംപൊക്കി ഓടി. ഓട്ടത്തിനിടയ്ക്ക് സോഷ്യലിസത്തിന്റെ മേലെ പിന്തിരിഞ്ഞു നോക്കിക്കൊണ്ട് അവർ നെടുവീർപ്പിട്ടു:

> 'നോക്കിക്കോ! ഈ പരീക്ഷണം അധികകാലമൊന്നും നിലനിൽക്കില്ല!'

നേരിട്ടുള്ള യുദ്ധം കൊണ്ട് ഫലമില്ലെന്ന് കണ്ടപ്പോൾ അവർ ഗൂഢാലോചനകളേയും നുണകളേയും അഭയംപ്രാപിച്ചു. പക്ഷേ, കമ്മ്യൂണിസം നശിക്കുകയല്ല വളരുകയാണ് ചെയ്തത്. 1920-ൽ ത്തന്നെ ലെനിൻ കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിക്കാരെപ്പറ്റി ഇങ്ങിനെ എഴുതുകയുണ്ടായി:

> "നമ്മുടെ ഏറ്റവും ഹാർദ്ദമായ നന്ദിയെ അർഹിക്കുന്ന തരത്തിലാണ് എല്ലാ രാജ്യത്തുമുള്ള കോടീശ്വരൻമാർ സാർവ്വദേശീയമായ തോതിൽ പെരുമാറുന്നത്.. ഫ്രഞ്ചു മുതലാളിവർഗ്ഗം ബോൾഷെവിസത്തെ തിരഞ്ഞെടുപ്പുകളിലെ കേന്ദ്രപ്രശ്നമാക്കുകയും ഏറെക്കുറെ മിതവാദികളായവരേയും ആടിക്കളിക്കുന്ന സോഷ്യലിസ്റ്റുകാരെയും ബോൾഷെവിക്കെന്ന് അധിക്ഷേപിക്കുകയും ചെയ്യുമ്പോൾ; ലോകത്തിൽവച്ച ഏറ്റവും 'അടിയുറപ്പുള്ള' ബ്രിട്ടീഷ് മുതലാളിവർഗ്ഗം ഇത്രയെല്ലാം പഴക്കവും പരിചയവും വിജ്ഞാനസമ്പത്തും നേടിവെച്ചിട്ടും, വിശ്വസിക്കാൻ സാധിക്കാത്തമട്ടിലുള്ള വങ്കത്തങ്ങൾ പ്രവർത്തിക്കുകയും എത്രയോ പണം നീക്കിവച്ചുകൊണ്ട് ബോൾഷെവിക്ക് വിരുദ്ധ സംഘങ്ങൾ (കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണികൾ എന്നു വായിക്കുക—കെ.ദാ) ഉണ്ടാക്കി ബോൾഷെവിസത്തെക്കുറിച്ച് സാഹിത്യങ്ങൾ നിർമ്മിക്കുകയും ബോൾഷെവിസത്തെ എതിർക്കാൻ വേണ്ടി കൂടുതൽ ശാസ്ത്രകാരൻമാരേയും പുരോഹിതൻമാരേയും പ്രക്ഷോഭകന്മാരേയും വാടകയ്ക്കു നിർത്തുകയും ചെയ്യുമ്പോൾ നാം ഈ മുതലാളിമാന്യൻമാരുടെ മുമ്പിൽ തലകുനിച്ചു നന്ദി പറയണം! അവർ നമുക്കുവേണ്ടി പണിയെടുക്കുകയാണ്! ബോൾഷെവിസത്തിന്റെ സ്വഭാവത്തെക്കുറിച്ചും സവിശേഷ പ്രാധാന്യത്തെക്കുറിച്ചും നാട്ടുകാർക്ക് താൽപര്യമുളവാക്കാൻ അവർ നമ്മെ സഹായിക്കുകയാണ് ചെയ്യുന്നത്. അവർക്ക് ഇങ്ങനെയല്ലാതെ ചെയ്യാൻ സാദ്ധ്യമല്ല. കാരണം, മൗനം കൊണ്ട് ബോൾഷെവിസത്തെ ഞെരിച്ചുകളയാമെന്ന അവരുടെ യത്നം പരാജയപ്പെട്ടു കഴിഞ്ഞിരിക്കുന്നു."

## IX

സ്റ്റാലിൻ പറഞ്ഞു:

> "മുതലാളികളെ ആട്ടിയോടിക്കുക, ജന്മികളെ ആട്ടിയിറക്കുക, സാറിസ്റ്റ് കിങ്കരൻമാരെയെല്ലാം ആട്ടിയോടിക്കുക, അധികാരം പിടിച്ചെടുത്തു സ്വാതന്ത്ര്യം നേടുക—ഇതെല്ലാം നല്ലതുതന്നെ. വളരെ നല്ലത്. പക്ഷേ, നിർഭാഗ്യത്തിന്, സ്വാതന്ത്ര്യം കൊണ്ട് മാത്രമായില്ല. ഭക്ഷണത്തിന് ക്ഷാമമുണ്ടെങ്കിൽ, വെണ്ണയ്ക്കും കൊഴുപ്പുപദാർത്ഥങ്ങൾക്കും ക്ഷാമമുണ്ടെങ്കിൽ, തുണിത്തരങ്ങൾക്ക് ദൗർല്ലഭ്യമുണ്ടെങ്കിൽ, പാർപ്പിടങ്ങളുടെ കാര്യം മോശമാണെങ്കിൽ, സ്വാതന്ത്ര്യം നിങ്ങളെ വളരെ മുന്നോട്ടേയ്ക്കൊന്നും നയിക്കുകയില്ല. സഖാക്കളേ, സ്വാതന്ത്ര്യത്തിൻമേൽ മാത്രം ജീവിക്കുക, ദുഷ്കരമാണ്. നല്ലപോലെ ജീവിക്കണമെങ്കിൽ, ആഹ്ലാദകരമായി ജീവിയ്ക്കണമെങ്കിൽ, രാഷ്ട്രീയസ്വാതന്ത്ര്യത്തിന്റെ നേട്ടങ്ങളോടൊപ്പം ഭൗതികമായ നേട്ടങ്ങൾകൂടിയുണ്ടാവണം."

അതുകൊണ്ട് സോവിയറ്റ് യൂണിയനെ അതിവേഗം സോഷ്യലിസത്തിലൂടെ സമൃദ്ധിയിലേക്കു നയിക്കാൻ ലെനിനും സ്റ്റാലിനും പ്ലാനുകൾ തയ്യാറാക്കി.

1924 ജനുവരിയിൽ സഖാവ് ലെനിൻ മരിച്ചു. പക്ഷേ, ലെനിനിസം മരിച്ചില്ല. എന്നല്ല, സ്റ്റാലിന്റെ നേതൃത്വത്തിൽ അതു കൂടുതൽ വളർത്തപ്പെട്ടു, പുഷ്ടിപ്പെട്ടു.

സ്റ്റാലിന്റെ നേതൃത്വത്തിൽ സോവിയറ്റ് യൂണിയനിലെ 17 കോടി ജനങ്ങൾ സോഷ്യലിസം കെട്ടിപ്പടുക്കാനൊരുങ്ങി.

പക്ഷേ, എങ്ങിനെയാണ് സോഷ്യലിസം കെട്ടിപ്പടുക്കുക? സ്റ്റാലിൻ പഠിപ്പിക്കുന്നു:

> "സാമൂഹ്യോൽപ്പാദനശക്തികളുടെ ത്വരിതമായ വളർച്ചയുടെ അടിസ്ഥാനത്തിൽ മാത്രമേ, ഉൽപ്പന്നങ്ങളുടേയും സാധനങ്ങളുടെയും സമൃദ്ധിയുടെ അടിസ്ഥാനത്തിൽ മാത്രമേ, അധ്വാനിക്കുന്ന ജനങ്ങളുടെ അഭിവൃദ്ധിയുടെ അടിസ്ഥാനത്തിൽ മാത്രമേ, സംസ്കാരത്തിന്റെ ത്വരിതമായ വളർച്ചയുടെ അടിസ്ഥാനത്തിൽ മാത്രമേ, സോഷ്യലിസം കെട്ടിപ്പടുക്കാൻ കഴിയൂ. സോഷ്യലിസമെന്നാൽ, മാർക്സിയൻ സോഷ്യലിസമെന്നാൽ, വ്യക്തികളുടെ ആവശ്യങ്ങളെ വെട്ടിക്കുറയ്ക്കലല്ല, അവയെ അങ്ങേയറ്റം പരിപൂർണ്ണമായും വികസിപ്പിക്കലാണ്; ആവശ്യങ്ങളെ നിയന്ത്രിക്കലോ അവയെ നിർവ്വഹിക്കാൻ കൂട്ടാക്കാതിരിക്കുകയോ അല്ല, സംസ്കാരികമായി വളർന്ന ജനങ്ങളുടെ എല്ലാ ആവശ്യങ്ങളേയും പൂർണ്ണമായും സാർവ്വത്രികമായും നിർവ്വഹിക്കലാണ്."

ലെനിന്റെ സിദ്ധാന്തങ്ങളെ കൂടുതൽ വളർത്തുകയും പുഷ്ടിപ്പെടുത്തുകയും ചെയ്തുകൊണ്ട് സഖാവ് സ്റ്റാലിൻ സോഷ്യലിസ്റ്റ് വ്യവസായവൽക്കരണത്തിന്റെ തത്വങ്ങൾ രൂപവൽക്കരിച്ചു. വ്യത്യസ്ത ഉൽപാദനരംഗങ്ങളിൽ ഒരു 'സമനില' ഉണ്ടായിരിക്കണമെന്ന ബുക്കാറിന്റെ വാദത്തെ എതിർത്തുകൊണ്ട് "വിപുലീകൃതമായ സോഷ്യലിസ്റ്റ് പുനരുൽപ്പാദന"ത്തിന്റെ തത്വം കണ്ടുപിടിച്ചു; പട്ടണത്തിലും ഗ്രാമത്തിലും നിലനിന്നുപോന്ന മുതലാളിത്താവശിഷ്ടങ്ങളും കലാക്കവർഗ്ഗത്തേയും ധനിക കൃഷിക്കാരേയും നാമാവശേഷമാക്കിക്കൊണ്ട് കൂട്ടുകൃഷി സ്ഥാപനങ്ങളെ വളർത്തേണ്ടതെങ്ങനെയെന്നു പഠിപ്പിച്ചു; തൊഴിലാളി സർവ്വാധിപത്യം ശക്തിപ്പെടുത്തിക്കൊണ്ട് വർഗ്ഗരഹിത സമുദായത്തിലേക്കു മാർച്ചുചെയ്യേണ്ടതെങ്ങനെ എന്നു വ്യക്തമാക്കുകയും അങ്ങിനെ മാർക്സിസ്റ്റ് തത്വസംഹിതയിലെ ഒരു വിടവ് നികത്തുകയും ചെയ്തു; ദേശീയ പ്രശ്നത്തെപ്പറ്റിയും കൊളോണിയൽ വിപ്ലവത്തെപ്പറ്റിയുമുള്ള മാർക്സിസ്റ്റ് തത്വങ്ങളെ വളർത്തി; ഭൗതികമായ സാമൂഹ്യാടിത്തറയും ഉപരിതലവും തമ്മിലുള്ള ബന്ധത്തെപ്പറ്റിയുള്ള മാർക്സിസ്റ്റ് ലെനിനിസ്റ്റ് തത്വങ്ങളെ അതു കൂടുതൽ പുഷ്ടിപ്പെടുത്തി; ആധുനിക മുതലാളിത്തത്തിന്റെയും സോഷ്യലിസത്തിന്റെയും അടിസ്ഥാനനിയമങ്ങൾ കണ്ടുപിടിച്ചു; മുതലാളിത്ത ലോകവും സോഷ്യലിസ്റ്റ് ലോകവും തമ്മിലുള്ള സമരത്തിന്റെയും രണ്ടു വ്യവസ്ഥകൾ പരസ്പരം യുദ്ധംചെയ്യാതെ നിലനിൽക്കുന്നതിൻറേയും തത്വങ്ങളെ വിശദമാക്കി; മാർക്സിസത്തിന്റെ ചരിത്രത്തിലാദ്യമായി സോഷ്യലിസത്തിൽനിന്നു കമ്യൂണിസത്തിലേക്കുള്ള പരിവർത്തനത്തിന്റെ നിയമങ്ങൾ കണ്ടുപിടിച്ചു.

മനുഷ്യന്റെ ഇച്ഛാശക്തിയിൽ നിന്നു സ്വതന്ത്രമായി പ്രവർത്തിക്കുന്ന വസ്തുനിഷ്ഠമായ സാമൂഹ്യനിയമങ്ങളെ പഠിക്കുകയും അവയെ മനുഷ്യന്റെ നന്മയ്ക്കുവേണ്ടി ഉപയോഗിക്കുകയും ചെയ്യണമെങ്കിൽ മാർക്സിസം—ലെനിനിസത്തിലടിയുറച്ച ഒരു പാർട്ടി കൂടിയേ കഴിയു എന്ന് സ്റ്റാലിൻ ഊന്നിപ്പറഞ്ഞു:

> "മാർക്സിസ്റ്റ് ലെനിനിസ്റ്റ് സിദ്ധാന്തം ശരിയ്ക്കുപഠിച്ചിട്ടുള്ള ഒരു പാർട്ടിയ്ക്കു മാത്രമേ സധൈര്യം മുന്നോട്ടുപോകാനും തൊഴിലാളിവർഗ്ഗത്തെ മുന്നോട്ടുനയിക്കാനും കഴിയുകയുള്ളു."

വിപ്ലവകരവും സമരസന്നദ്ധവുമായ പാർട്ടിയുടെ പ്രാധാന്യം വ്യക്തമാക്കിക്കൊണ്ട് അദ്ദേഹം ഉറപ്പിച്ചുപറഞ്ഞു:

> '...തൊഴിലാളികളുടെ അധികാരത്തിനുവേണ്ടിയുള്ള സമരത്തിൽ അവരെ നയിക്കാൻ തക്ക നെഞ്ഞൂക്കും വിപ്ലവപരിതഃസ്ഥിതിയുടെ വിഷമഘട്ടങ്ങളിൽ തെക്കു

> വടക്കുതെറ്റാതെ നടക്കാൻ മതിയായ പരിചയവും വഴിമധ്യത്തിൽ ഒളിഞ്ഞുകിടക്കുന്ന ആപത്തുകളെ ഒഴിഞ്ഞുവച്ച് അവയിൻമേൽ ചെന്നുമുട്ടാതെ കഴിപ്പാൻ തക്ക സാമർത്ഥ്യവും ഉള്ള ഒരു പാർട്ടി അത്യാവശ്യമാണ്. ഇത്തരമൊരു പാർട്ടിയില്ലെങ്കിൽ, സാമ്രാജ്യത്വത്തെ അട്ടിമറിയ്ക്കണമെന്നും തൊഴിലാളിസർവ്വാധിപത്യം സ്ഥാപിയ്ക്കണമെന്നും വിചാരിയ്ക്കുന്നതുകൂടി വെറുതെയാണ്.

കമ്മ്യൂണിസ്റ്റുകാർക്ക് സ്റ്റാലിൻ താക്കീത് നൽകി:

> "നാടടക്കമുള്ള ബഹുജനങ്ങളുമായി ബന്ധം നിലനിർത്തുന്നിടത്തോളം കാലം ബോൾഷെവിക്കുകാർക്ക് ഒരിയ്ക്കലും തോൽവി പറ്റുകയില്ലെന്നുള്ളത് നമുക്കൊരു പ്രമാണമായെടുക്കാം. എന്നാൽ, നേരെമറിച്ച്, എന്നാണോ ബോൾഷെവിക്കുകാർക്ക് ബഹുജനങ്ങളുമായുള്ള തങ്ങളുടെ ബന്ധം വിടർത്തി അവരിൽനിന്ന് പിൻവാങ്ങിനിൽക്കുന്നത്, എന്നാണോ അധികാരവർഗ്ഗത്തിന്റെ തുരുമ്പ് തങ്ങളുടെ മേൽ വളരാനവർ അനുവദിയ്ക്കുന്നത്, അന്ന് അവരുടെ എല്ലാ ശക്തിയും നഷ്ടപ്പെട്ടു പോകും. അവർ വെറുമൊരു സൂന്നമായിത്തീരും."

ഇങ്ങിനെ കോളനിയായാലും ശരി, മുതലാളിത്ത രാജ്യമായാലും, ലോകത്തിലൊട്ടുക്കുള്ള കമ്മ്യൂണിസ്റ്റുകാർക്കും ജനാധിപത്യവാദികൾക്കും സഖാവ് സ്റ്റാലിൻ മാർഗ്ഗദർശനം നൽകി.

ഒരു ശാസ്ത്രമെന്ന നിലയ്ക്ക് മാർക്സിനും ലെനിനിസത്തിനും നിശ്ചലമായി നിൽക്കാൻ വയ്യാ. അതു വളരുന്നു, പുഷ്ടിപ്പെടുന്നു. സ്റ്റാലിന്റെ കൈയ്യിൽ മാർക്സിസം—ലെനിനിസം കൂടുതൽ വളർന്നു പുഷ്ടിപ്പെട്ടു.

സാമ്രാജ്യവാദികളുടെ വാടകയെഴുത്തുകാർ പിച്ചുംപേയും പറഞ്ഞു: സ്റ്റാലിൻ സ്വേച്ഛാധിപതിയാണ്; സോവിയറ്റ് യൂണിയനിൽ അക്രമവും മർദ്ദനവും നടമാടുന്നു! മറ്റും മറ്റും.

ട്രോട്സ്കിയുടെ പ്രേതങ്ങൾ പിറുപിറുത്തു: "ഒരു രാജ്യത്തിൽ മാത്രമായി സോഷ്യലിസം കെട്ടിപ്പടുക്കുകയെന്നത് മാർക്സിസത്തിനെതിരാണ്! സ്റ്റാലിൻ മാർക്സിസത്തെ വഞ്ചിച്ചു!"

പക്ഷേ, ചരിത്രം മുന്നോട്ടുപോയി. ഒരു രാജ്യത്തു മാത്രമായി സോഷ്യലിസം മാത്രമല്ല കമ്മ്യൂണിസവും കെട്ടിപ്പടുക്കാൻ കഴിയുമെന്ന് സ്റ്റാലിൻ തെളിയിച്ചു. വിജയകരമായ നാലു പഞ്ചവത്സരപദ്ധതികളിലൂടെ ലോകമെങ്ങുമുള്ള മർദ്ദിതരേയും ചൂഷിതരേയും കോൾമയിർ കൊള്ളിച്ചുകൊണ്ട് സോവിയറ്റ് യൂണിയൻ വർഗ്ഗരഹിതമായ കമ്മ്യൂണിസ്റ്റ് സമുദായത്തിന്റെ പടിവാതിൽക്കലെത്തി.

## X

രണ്ട് ലോകങ്ങൾ! ഒരു ഭാഗത്ത് തൊഴിലില്ലായ്മ, പട്ടിണി, അധഃപതനം, തകർച്ച, കുഴപ്പം! മറുഭാഗത്ത് എല്ലാവർക്കും ഭക്ഷണം, എല്ലാവർക്കും സുഖം, സർവ്വോന്മുഖമായ പുരോഗതി!

അധഃപതനം അഭിവൃദ്ധിയെ കൊഞ്ഞനംകാട്ടി!

സാമ്പത്തികക്കുഴപ്പം, ഫാസിസം, യുദ്ധപരിശ്രമങ്ങൾ, ഒടുവിൽ രണ്ടാം ലോകമഹായുദ്ധം.

പഴയലോകത്തിന്റെ എല്ലാ ശക്തികളേയും കേന്ദ്രീകരിച്ചുകൊണ്ട് ഹിറ്റ്ലർ ലോക തൊഴിലാളിവർഗ്ഗത്തിന്റെ ആശാകേന്ദ്രത്തെ ആക്രമിച്ചു.

ക്ഷുദ്രജീവികൾ ആഹ്ലാദിച്ചു: സോവിയറ്റ് യൂണിയൻ തകരാൻ പോകുക യാണ്. ഏറിയാൽ 15 ദിവസം, അല്ലെങ്കിൽ ഒരു മാസം, അല്ലെങ്കിൽ ആറുമാസം!

ഒന്നുമാത്രം അവർ കണ്ടില്ല: മനുഷ്യത്വത്തിന്റെ ശക്തി; മാർക്സിസം ലെനിനിസത്തിന്റെ അജയ്യത!

വാളെടുത്തവൻ വാളാൽ നശിപ്പിയ്ക്കപ്പെട്ടു. കാറ്റുവിതച്ചവർ കൊടുങ്കാറ്റ് കൊയ്തു. സ്വന്തം മടയ്ക്കുള്ളിലേക്ക് ആട്ടിയോടിയ്ക്കപ്പെട്ട ഹിറ്റ്ലർ, ചരിത്രത്തിന്റെ ഏടുകളിലേക്ക് ചില കറുത്തപുള്ളികളെ മാത്രം വലിച്ചെറിഞ്ഞുകൊണ്ട്, വിഷം കുടിച്ച് മരിച്ചു!

ചരിത്രം മനുഷ്യത്വത്തെ അനുഗ്രഹിച്ചു. മാർക്സിസം ലെനിനിസത്തിന്റെ വിജയ പതാക കൂടുതൽ ഉയരത്തിൽ പാറിക്കളിച്ചു.

രണ്ടാം ലോകമഹായുദ്ധം ഭൂപടത്തെ മാറ്റിവരയ്ക്കുക മാത്രമല്ല ചെയ്തത്; ശാശ്വതങ്ങളെന്നു കരുതപ്പെട്ടിരുന്ന അനേകം സിംഹാസനങ്ങളെ ഇടിച്ചുതകർക്കുകയും ചെങ്കോലുകളെ പണിയായുധങ്ങളാക്കി മാറ്റുകയും ചെയ്തു. "ദൈവദത്തമായ അധികാര"ത്തിന്റെ പേരിൽ സ്വേച്ഛാധിപത്യം പുലർത്തിപ്പോന്ന അനേകം പൊന്നുതിരുമേനിമാരും രാജാധിരാജൻമാരും ചരിത്രത്തിൽ നിന്നും എന്നന്നേക്കുമായി അന്തർദ്ധാനം ചെയ്തു. നാടുവാഴികൾ ആട്ടിയോടിയ്ക്കപ്പെട്ടു. കൃഷിക്കാർ ഭൂമിയുടെ ഉടമസ്ഥൻമാരായി മാറുകയും ചെയ്തു. കൂരിരുട്ടായിരുന്നിടത്ത് വെളിച്ചം വ്യാപിച്ചു.

വത്തിക്കാന്റെ പള്ളികളിൽ നിന്ന് കൂട്ടമണി മുഴങ്ങി: ദൈവം രാജാവിനെ രക്ഷിക്കട്ടെ!

പക്ഷേ, പിശാചുക്കൾക്കുപോലും രാജാധിപത്യത്തേയും നാടുവാഴിമേധാവികളെയും രക്ഷിക്കാൻ കഴിഞ്ഞില്ല.

ഒന്നാം ലോകമഹായുദ്ധകാലത്ത് ലോകമുതലാളിത്തത്തിന്റെ ഒരു കണ്ണിമാത്രമാണ് പൊട്ടിയത്. ഒരു രാജ്യംമാത്രമാണ് സോഷ്യലിസത്തിന്റെ വിശാലമായ പൂമുഖത്തെത്തിയത്. രണ്ടാം ലോകമഹായുദ്ധത്തിന്റെ ഫലമായി ലോക മുതലാളിത്തത്തിന്റെ അനേകം കണ്ണികൾ പൊട്ടിത്തകർന്നു. ചൈന, കൊറിയ, വിയറ്റ്നാം തുടങ്ങിയ കോളനികളും അർദ്ധകോളനികളും സാമ്രാജ്യവാദികളുടെ തേർവാഴ്ചയവസാനിപ്പിച്ച് ജനകീയ ജനാധിപത്യത്തിലെത്തി: പോളണ്ട്, ചെക്കോസ്ലോവാക്കിയ, ഹംഗറി, ബൾഗേറിയ, ആൽബേനിയ, റുമേനിയ—എല്ലായിടത്തും സോഷ്യലിസത്തിലേയ്ക്കു കുതിക്കുന്ന പുതിയ സാമൂഹ്യവ്യവസ്ഥകൾ ഉയർന്നുവന്നു. മുതലാളിത്ത രാജ്യങ്ങൾ കുഴപ്പത്തിൽ നിന്നു കുഴപ്പത്തിലേക്കും തകർച്ചയിൽ നിന്നു തകർച്ചയിലേക്കും ഭ്രാന്തിൽ നിന്നു മുഴുഭ്രാന്തിലേക്കും മറിഞ്ഞുവീണുകൊണ്ടിരിയ്ക്കുമ്പോൾ ലോകത്തിന്റെ മൂന്നിലൊരുഭാഗത്ത് ഉൾക്കൊള്ളുന്ന ഒരു ഡസൻ രാജ്യങ്ങൾ പട്ടിണിയും കുഴപ്പവുമവസാനിപ്പിച്ച് സമാധാനനിരതമായ നിർമ്മാണപ്രവർത്തനങ്ങളിലൂടെ മാർക്സിസം ലെനിനിസത്തിന്റെ അജയ്യമായ പതാകയുയർത്തിപ്പിടിച്ചുകൊണ്ട് വിജയപൂർവ്വം മുന്നോട്ടു മുന്നോട്ടു മാർച്ചുചെയ്യുകയാണ്. □

(നവയുഗം വാർഷികപതിപ്പ്—1953)

# 14

# ലെനിന്റെ സംഭാവനകൾ

പ്രാചീനകാലം മുതൽക്ക് പല മഹാൻമാരും പട്ടിണിയും കഷ്ടപ്പാടുമില്ലാത്ത ഒരു ലോകമുണ്ടാകണമെന്നാഗ്രഹിച്ചുപോന്നിട്ടുണ്ട്; മർദ്ദനവും ചൂഷണവുമില്ലാത്ത ഒരു പുതിയ സാമൂഹ്യവ്യവസ്ഥയെപ്പറ്റി സ്വപ്നം കണ്ടിട്ടുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മനുഷ്യസ്നേഹികളായ ചില ചിന്തകൻമാർ ഒരു സോഷ്യലിസ്റ്റ് സമുദായം കെട്ടിപ്പടുക്കണമെന്നുപോലും ആഗ്രഹിക്കുകയുണ്ടായി.

എന്നാൽ മാർക്സിന്റെയും ഏംഗൽസിന്റെയും കാലം വരെ ഈ ആഗ്രഹങ്ങളെല്ലാം വെറും സങ്കൽപചിത്രങ്ങൾ മാത്രമായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യകാലത്തു ജീവിച്ചിരുന്ന മാർക്സും ഏംഗൽസുമാണ് ആദ്യമായി സോഷ്യലിസത്തെ വെറുമൊരാദർശ സ്വപ്നമെന്ന നിലയിൽ നിന്ന് പ്രായോഗികമായ ഒരു ശാസ്ത്രമാക്കി മാറ്റിയത്. അവർ സാമൂഹ്യവളർച്ചയുടെ നിയമങ്ങളെ വിശകലനം ചെയ്യുകയും മുതലാളിത്തത്തിന്റെ നാശവും സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ വിജയവും അനിവാര്യമാണെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്തു.

പക്ഷേ, മാർക്സും ഏംഗൽസും ജീവിച്ചിരുന്നത് റഷ്യയിലെ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ മുക്കാൽ നൂറ്റാണ്ടിനു മുമ്പാണ്. അതുകൊണ്ട് മുതലാളിത്തത്തിന്റെ തകർച്ചയും സോഷ്യലിസത്തിന്റെ വിജയവും അനിവാര്യമാണെന്നു ചൂണ്ടിക്കാണിയ്ക്കാനല്ലാതെ, സോഷ്യലിസം കെട്ടിപ്പടുക്കുമ്പോഴത്തെ പ്രത്യേക പരിതഃസ്ഥിതികളെപ്പറ്റിയോ സോഷ്യലിസ്റ്റ് നിർമ്മാണത്തിന്റെ സവിശേഷതകളെപ്പറ്റിയോ വ്യക്തമായി വിശകലനം ചെയ്യാൻ അവർക്ക് സാധ്യമായിരുന്നില്ല. മാർക്സിന്റെയും ഏംഗൽസിന്റെയും സിദ്ധാന്തങ്ങളെ പുതിയ പരിതഃസ്ഥിതികൾക്കനുയോജ്യമായ വിധം വളർത്തുകയും വികസിപ്പിക്കുകയും ചെയ്യുക എന്ന ചരിത്രപരമായ ചുമതല അവരുടെ ഉത്തമ ശിഷ്യരായ ലെനിനും സ്റ്റാലിനുമാണ് നിർവ്വഹിച്ചത്.

മാർക്സിസം ഒരു മന്ത്രമല്ല, വിപ്ലവപ്രവർത്തനങ്ങൾക്കുള്ള ഒരു വഴികാട്ടിയാണ്. ഇതിന്റെ അർത്ഥം അശോകമേത്തയും ബി. സി.വർഗ്ഗീസും മറ്റു ഇടതുപക്ഷ സോഷ്യലിസ്റ്റ് നേതാക്കൻമാരും പറയുന്നതുപോലെ മാർക്സിസം ഇഷ്ടംപോലെ വ്യാഖ്യാനിയ്ക്കാമെന്നല്ല. മാർക്സിസം ഒരു മന്ത്രമല്ലെന്ന് ഊന്നി പറയുമ്പോൾ അത് ഒരു വഴികാട്ടിയാണെന്ന കാര്യം പോലും മറച്ചുവയ്ക്കുകയാണവർ ചെയ്യുന്നത്. ഇത്തരം വലതുപക്ഷ സോഷ്യലിസ്റ്റ് നേതാക്കൻമാർ ലെനിന്റെ കാലത്തുമുണ്ടായിരുന്നു. മാർക്സിസത്തെപ്പിടിച്ചാണയിടുക, അതേസമയത്ത് മാർക്സിസത്തിന്റെ വിപ്ലവകരമായ ഉള്ളടക്കങ്ങളെ എതിർക്കുകയോ മൂടിവയ്ക്കുകയോ ചെയ്യുക—ഇതായിരുന്നു

അവരുടെ നയം. പരിതഃസ്ഥിതികളുടെ പേരും പറഞ്ഞുകൊണ്ട് മാർക്സിസ്റ്റ് സിദ്ധാന്തങ്ങളെ ബലികഴിയ്ക്കാൻ മുതിർന്ന ആ അവസരവാദികളെ തുറന്നുകാണിക്കുകയും എതിർക്കുകയും ചെയ്തുകൊണ്ടാണ് ലെനിൻ തന്റെ സിദ്ധാന്തങ്ങളെ മുന്നോട്ടുകൊണ്ടുവന്നത്.

## 1 പുതിയ കാലഘട്ടത്തിന്റെ മാർക്സിസം

മാർക്സിന്റെ ജീവിതകാലത്തിനുശേഷം മനുഷ്യസമുദായത്തിലുണ്ടായ മാറ്റങ്ങളെയും റഷ്യയിലും ലോകത്തിലെങ്ങുമുള്ള തൊഴിലാളി പ്രസ്ഥാനങ്ങളുടെ അനുഭവങ്ങളെയും മാർക്സിസത്തിന്റെ വെളിച്ചത്തിൽ പരിശോധിച്ച് പൊതുതത്വങ്ങളുന്നയിക്കുകയാണ് ലെനിൻ ചെയ്തത്. 20-ാം നൂറ്റാണ്ടോടുകൂടി ആവിർഭവിച്ച സാമ്രാജ്യത്വഘട്ടത്തെ അദ്ദേഹം സമഗ്രമായി അപഗ്രഥിച്ച് പരിശോധിച്ചു. സാമ്രാജ്യത്വമെന്നാൽ മുതലാളിത്തത്തിന്റെ അവസാനകാലമാണെന്നും ഈ കാലത്തിൽ ബൂർഷ്വാവ്യവസ്ഥയാകെ ചീഞ്ഞളിയുകയും മുതലാളിത്തത്തിന്റെ എല്ലാ വൈരുദ്ധ്യങ്ങളും (തൊഴിലാളിയും മുതലാളിയും തമ്മിലും സാമ്രാജ്യത്വശക്തികളും കോളനികളും തമ്മിലും സാമ്രാജ്യത്വശക്തികൾ തമ്മിൽത്തമ്മിലുമുള്ള വൈരുദ്ധ്യങ്ങൾ മൂർച്ഛിക്കുകയും സാമ്രാജ്യയുദ്ധങ്ങളും തൊഴിലാളി വിപ്ലവങ്ങളും പൊട്ടിപ്പുറപ്പെടുകയും ഉൽപ്പാദനശക്തികളുടെ വളർച്ചയെ തടഞ്ഞുനിർത്തുന്ന മുതലാളിത്തത്തെ തട്ടിത്തകർത്ത് തൊഴിലാളിവർഗ്ഗം അധികാരത്തിലെത്തുകയും ചെയ്യുമെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. മാത്രമല്ല, സ്വയം അധികാരശക്തി സ്ഥാപിച്ചുറപ്പിയ്ക്കാൻ വേണ്ടി തൊഴിലാളിവർഗ്ഗം കൈക്കൊള്ളേണ്ട അടവുകളും തന്ത്രങ്ങളുമെന്തായിരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. അതുകൊണ്ടാണ് സാമ്രാജ്യത്വകാലഘട്ടത്തിലെ മാർക്സിസമാണ് ലെനിനിസം എന്ന് സഖാവ് സ്റ്റാലിൻ നിർവ്വചിച്ചത്.

## 2 ഒറ്റരാജ്യത്തിൽ സോഷ്യലിസം

സാമ്രാജ്യകാലഘട്ടത്തിൽ മുതലാളിത്തരാജ്യങ്ങളുടെ വളർച്ച അസമമായിട്ടാണ്. ഉൽപ്പാദനശക്തികളുടെ വളർച്ച എല്ലാ രാജ്യങ്ങളിലും ഒരേ തോതിലായിരിക്കില്ല. ഈ സിദ്ധാന്തത്തെ വിശകലനം ചെയ്തുകൊണ്ട് ലെനിൻ ഊന്നിപ്പറഞ്ഞു. ഒരു രാജ്യത്തിൽ മാത്രമായോ ഏതാനും രാജ്യത്തെ ഒറ്റയ്ക്കൊറ്റയ്ക്കോ സോഷ്യലിസത്തിന് സാധ്യമാണെന്ന്.

ഒരു രാജ്യത്തിൽ മാത്രമായി സോഷ്യലിസം സൃഷ്ടിയ്ക്കാൻ കഴിയുമെന്ന ലെനിനിസ്റ്റ് തത്വം വിപ്ലവകാരികളായ തൊഴിലാളികർഷക ബഹുജനങ്ങളെ ആവേശം കൊള്ളിച്ചു. ഈ സിദ്ധാന്തമില്ലായിരുന്നുവെങ്കിൽ തൊഴിലാളി കർഷകബഹുജനങ്ങളെ സോഷ്യലിസ്റ്റ് വിപ്ലവത്തിലേക്ക് നയിക്കാനോ ലോകത്തിന്റെ ആറിലൊരു ഭാഗം വരുന്ന സോവിയറ്റ് യൂണിയനിൽ സോഷ്യലിസം കെട്ടിപ്പടുക്കുവാനോ കഴിയുമായിരുന്നില്ല.

മാർക്സിന്റെയും ഏംഗൽസിന്റെയും ഗ്രന്ഥങ്ങളിൽ മുതലാളിത്തത്തിന്റെ അനിവാര്യമായ നാശത്തെപ്പറ്റിയും വർഗ്ഗസമരങ്ങളുടെ പ്രവർത്തനങ്ങളെപ്പറ്റിയും തൊഴിലാളി സർവ്വാധിപത്യത്തെപ്പറ്റിയും സോഷ്യലിസത്തിലേക്കുള്ള പരിവർത്തനകാലഘട്ടത്തിന്റെ നിയമങ്ങളെപ്പറ്റിയും വിപ്ലവത്തിന്റെ ഒഴിച്ചുകൂടാൻ വയ്യാത്ത വിവിധ ഘട്ടങ്ങളെപ്പറ്റിയും ആ വിവിധ ഘട്ടങ്ങളിൽ തൊഴിലാളി വർഗ്ഗത്തിനുണ്ടാകുന്ന സമരബന്ധങ്ങളെപ്പറ്റിയുമുള്ള അടിസ്ഥാന പ്രമാണങ്ങളുമെല്ലാം പ്രതിപാദിയ്ക്കപ്പെട്ടിട്ടുണ്ട്. ഈ സിദ്ധാന്തങ്ങളുടെ വെളിച്ചത്തിലാണ് ലെനിൻ തന്റെ കാല

ഘട്ടത്തിലെ പ്രത്യേക പരിതഃസ്ഥിതികളെ പരിശോധിച്ചത്. മാർക്സിസത്തിന്റെ കാതലായ വൈരുദ്ധ്യാധിഷ്ഠിതവും ചരിത്രപരവുമായ ഭൗതികവാദത്തെ തികച്ചും സ്വായത്തമാക്കിക്കൊണ്ട് അസാധാരണമായ വൈദഗ്ധ്യത്തോടെ അതിനെ വിപ്ലവത്തിന്റെയും സോഷ്യലിസ്റ്റ് നിർമ്മാണത്തിന്റെയും വിജയത്തിനുവേണ്ടി ഉപയോഗിച്ചുവെന്നതിലാണ് ലെനിന്റെ മാഹാത്മ്യം കിടക്കുന്നത്.

വിപ്ലവം എല്ലാ രാജ്യങ്ങളിലും ഒരേ സമയത്തുമല്ല, ഒരേ മട്ടിലുമല്ല, നടക്കുക. ചരിത്രപരമായ പരിതഃസ്ഥിതികളനുസരിച്ച് വിവിധ രാജ്യങ്ങളിൽ വിവിധ രൂപത്തിലാണ് വിപ്ലവം പൊട്ടിപ്പുറപ്പെടുക. മുതലാളിത്ത രാജ്യങ്ങളിൽ തൊഴിലാളി വിപ്ലവങ്ങൾ, കോളനികളിൽ ദേശീയ വിമോചനസമരങ്ങൾ ഇങ്ങനെ വിവിധ മാർഗ്ഗങ്ങൾ കൈക്കൊണ്ടുകൊണ്ട് ഏതാനും ദശാബ്ദങ്ങളടങ്ങിയ ഒരു കാലഘട്ടത്തിലൂടെയാണ് ലോകവിപ്ലവം മുന്നേറുക. സോഷ്യലിസത്തിലേയ്ക്കുള്ള പരിവർത്തന കാലഘട്ടത്തിലെ പ്രവർത്തനങ്ങളും വ്യത്യസ്ത രൂപങ്ങളിലായിരിക്കും. 1920-ൽ ലെനിൻ ചൂണ്ടിക്കാണിച്ചതുപോലെ, കമ്മ്യൂണിസ്റ്റ് തൊഴിലാളി പ്രസ്ഥാനങ്ങൾ 'സമരരൂപങ്ങളുടെ പ്രത്യേകതകളെ നിഷേധിക്കുന്നില്ല, ദേശീയമായ സവിശേഷതകളെ നശിപ്പിക്കുന്നില്ല. ... പിന്നെയോ അവയെ കമ്മ്യൂണിസത്തിന്റെ അടിസ്ഥാനതത്വങ്ങളുടെ വെളിച്ചത്തിൽ പരിശോധിയ്ക്കുകയാണ് ചെയ്യുന്നത്; അടിസ്ഥാന തത്ത്വങ്ങളെയും സാർവദേശീയ തന്ത്രങ്ങളെയും ദേശീയമായ പ്രത്യേകതകൾക്കനുയോജ്യമായ മട്ടിൽ പ്രയോഗിക്കുകയാണ് ചെയ്യുന്നത്.'

വിപ്ലവത്തെ വള്ളിപുള്ളി വ്യത്യാസമില്ലാതെ കോപ്പിയടിയ്ക്കാനൊക്കില്ല. ചൈനയിൽ മാവോസേതുങ്ങിന്റെ നേതൃത്വത്തിൽ നടന്ന മഹത്തായ വിപ്ലവം റഷ്യൻ വിപ്ലവത്തിന്റെ കോപ്പിയടിയായിരുന്നില്ല. ഇന്ത്യയിൽ റഷ്യൻ വിപ്ലവത്തെയോ ചൈനീസ് വിപ്ലവത്തെയോ അതേപടി ആവർത്തിയ്ക്കാൻ സാധ്യമല്ല. ഓരോ രാജ്യത്തിലേയും ചരിത്രപരവും വസ്തുനിഷ്ഠപരവുമായ പരിതഃസ്ഥിതികളെ പരിശോധിച്ച് പഠിയ്ക്കാതെ വിപ്ലവത്തിനു തയ്യാറെടുക്കുന്നത് മാർക്സിസത്തിനെതിരാണെന്ന് ലെനിൻ താക്കീത് നൽകുന്നു. പക്ഷേ, ഈ വസ്തുനിഷ്ഠമായ പരിശോധന മാർക്സിസം ലെനിനിസത്തിന്റെ അടിസ്ഥാനതത്ത്വങ്ങളുടെ വെളിച്ചത്തിലായിരിക്കണം, വിവിധ രാജ്യങ്ങളിലുണ്ടായ വിപ്ലവങ്ങളുടെ പൊതുപാഠങ്ങൾ പഠിച്ചുകൊണ്ടായിരിക്കണം. ഈ കാര്യത്തിലാണ് കമ്മ്യൂണിസ്റ്റ് കാരും വലതുപക്ഷ സോഷ്യലിസ്റ്റ്കാരും തമ്മിലുള്ള ഒരു പ്രധാനമായ വ്യത്യാസം കിടക്കുന്നത്.

## 3 തൊഴിലാളി സർവ്വാധിപത്യം

തങ്ങളും വർഗ്ഗസമരത്തിൽ വിശ്വസിയ്ക്കുന്നവരാണെന്ന് വലതുപക്ഷ സോഷ്യലിസ്റ്റ് നേതാക്കൾ കൂടെക്കൂടെ ആണയിടാറുണ്ട്. പക്ഷേ, വർഗ്ഗസമരത്തിൽ വിശ്വസിക്കുന്നതുകൊണ്ടുമാത്രം ഒരാൾ ഒരു മാർക്സിസ്റ്റാവുകയില്ല. മാർക്സിനു മുമ്പു ജീവിച്ചിരുന്ന യൂറോപ്യൻ സോഷ്യലിസ്റ്റുകാർ പോലും വർഗ്ഗസമരത്തെപ്പറ്റി പ്രതിപാദിച്ചുവെന്നതല്ല, വർഗ്ഗസമരത്തിന്റെ അനിവാര്യമായ പതനമെന്ന നിലയ്ക്ക് തൊഴിലാളി സർവ്വാധിപത്യമെന്ന തത്വം ഉന്നയിച്ചുവെന്നതാണ് മാർക്സ് സോഷ്യലിസത്തിനു നൽകിയ സംഭാവന.

മുതലാളിത്തത്തിൽ നിന്ന് സോഷ്യലിസത്തിലേക്കുള്ള പരിവർത്തന കാലഘട്ടം മൂർഛിച്ച വർഗ്ഗസമരങ്ങളുടെ കാലഘട്ടമാണ്. ഈ കാലഘട്ടത്തിൽ മർദ്ദക വർഗ്ഗക്കാരെ അടിച്ചമർത്തുന്നതിലും മുതലാളിത്തത്തിന്റെ അവശിഷ്ടങ്ങളെ തകർ

ത്തു നശിപ്പിയ്ക്കുന്നതിലും ഒഴിവാക്കാനാകാത്ത ഒരായുധമാണ് തൊഴിലാളി സർവ്വാധിപത്യം.

തൊഴിലാളി സർവ്വാധിപത്യത്തിന്റെ ചരിത്രപരമായ പ്രവർത്തനങ്ങൾ മൂന്നെണ്ണമാണ് എന്ന് ലെനിൻ ചൂണ്ടിക്കാട്ടുന്നു: 1. മർദ്ദകവർഗ്ഗക്കാരെ അടിച്ചമർത്തുക, 2. അധ്വാനിയ്ക്കുന്ന ബഹുജനങ്ങളെ മുന്നോട്ടു നയിക്കുക, 3. സോഷ്യലിസ്റ്റ് സാമ്പത്തികവ്യവസ്ഥ കെട്ടിപ്പടുക്കുക.

വലതുപക്ഷ സോഷ്യലിസ്റ്റുകാർ ലെനിന്റെ ഈ അടിസ്ഥാനപരമായ തത്വങ്ങളോടു യോജിക്കുന്നില്ല. സോവിയറ്റ് യൂണിയനിലെ തൊഴിലാളി വർഗ്ഗ സർവ്വാധിപത്യത്തെ സേച്ഛാധിപത്യപരമെന്നും ജനാധിപത്യവിരുദ്ധമെന്നും മറ്റും പറഞ്ഞാക്ഷേപിക്കുകയാണ് അവർ ചെയ്യുന്നത്. തൊഴിലാളി സർവ്വാധിപത്യമില്ലാതെ സോഷ്യലിസം കെട്ടിപ്പടുക്കാനാവില്ലെന്ന ലെനിനിസ്റ്റ് സിദ്ധാന്തത്തെ അവരെതിർക്കുന്നു. അവരുടെ ജനാധിപത്യ സോഷ്യലിസത്തിൽ തൊഴിലാളി സർവ്വാധിപത്യത്തിന് സ്ഥാനമില്ല. മുതലാളിവർഗ്ഗത്തെ എതിർത്തു നശിപ്പിക്കുകയല്ല, അവരുമായി സഹകരിച്ചുകൊണ്ട് വർഗ്ഗചൂഷണത്തെ നിലനിർത്തുകയാണവരുടെ നയമെന്നും അതുകൊണ്ടാണവർ തൊഴിലാളിസർവ്വാധിപത്യം എതിർക്കുന്നതെന്നും ഇതിൽനിന്നും വ്യക്തമാവും.

തൊഴിലാളിസർവ്വാധിപത്യമെന്നത് ഏറ്റവും ഉയർന്നതരത്തിലുള്ള ജനാധിപത്യമാണെന്ന് ലെനിൻ ഊന്നിപ്പറയുകയുണ്ടായിട്ടുണ്ട്. 'തൊഴിലാളിവിപ്ലവവും വർഗ്ഗവഞ്ചകനായ കോട്സ്കിയും' എന്ന തന്റെ ഗ്രന്ഥത്തിൽ അദ്ദേഹം ഉദ്ഘോഷിച്ചു:

'തൊഴിലാളി സർവ്വാധിപത്യം ഏത് ബൂർഷ്വാജനാധിപത്യവ്യവസ്ഥയേക്കാളും പത്തുലക്ഷമിരട്ടി കൂടുതൽ ജനാധിപത്യപരമാണ്; ഏറ്റവും ജനാധിപത്യപരമായ ബൂർഷ്വ റിപ്പബ്ലിക്കിനേക്കാൾ പത്തുലക്ഷമിരട്ടി ജനാധിപത്യപരമാണ് സോവിയറ്റുവികാരശക്തി.'

അദ്ദേഹം തുടർന്നു:

> "കൽപ്പിച്ചുകൂട്ടി ബൂർഷ്വാസിയെ സേവിയ്ക്കുന്നവരോ ബൂർഷ്വാപുസ്തകങ്ങളുടെ പൊടിപുരണ്ട പേജുകളുടെ പിന്നിലുള്ള യഥാർത്ഥ ജീവിതം കാണാൻ കഴിയാതിരിയ്ക്കുത്തക്കവണ്ണം രാഷ്ട്രീയമായി മൂതിയടഞ്ഞവരോ ബൂർഷ്വാജനാധിപത്യ ധാരണകളിൽ മുങ്ങിക്കുളിക്കുകയും അതിനെ ബൂർഷ്വാസിയുടെ കിങ്കരൻമാരായിത്തീരുകയും ചെയ്തവരോ മാത്രമേ ഈ വാസ്തവം മനസ്സിലാക്കാതിരിക്കുകയുള്ളൂ."

ഏതാണ്ട് 34 കൊല്ലങ്ങൾക്ക് മുമ്പ്, 1918-ൽ, കോട്സ്കിയെപ്പറ്റി ലെനിൻ എഴുതിയ ഈ വാക്കുകൾ ഇന്ന് ജയപ്രകാശ്, മേത്താ, വർഗ്ഗീസ് പ്രഭൃതികൾക്കും ബാധകമാണെന്ന് അവരുടെ മുഖപത്രങ്ങളായ 'ജനത'യും 'പ്രവാഹ'വും വായിച്ചാൽ ബോധ്യമാവാതിരിക്കുകയില്ല.

തൊഴിലാളി സർവ്വാധിപത്യമെന്ന മാർക്സിസ്റ്റ് സിദ്ധാന്തത്തെ അവസരവാദികളുടെ ആക്ഷേപങ്ങളിൽ നിന്നും ദുർവ്യാഖ്യാനങ്ങളിൽ നിന്നും കാത്തുരക്ഷിക്കുക മാത്രമല്ല ലെനിൻ ചെയ്തത്. പിന്നെയോ? 1905ലേയും 1917 ഫെബ്രുവരിയിലെയും വിപ്ലവങ്ങൾ നൽകിയ പാഠങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് അദ്ദേഹം ആ സിദ്ധാന്തത്തെ കൂടുതൽ വളർത്തുകയും വികസിപ്പിക്കുകയും ചെയ്തു.

തൊഴിലാളി സർവ്വാധിപത്യത്തിൻ കീഴിലുള്ള ഗവൺമെൻറിന്റെ രൂപം പാർലമെൻററി റിപ്പബ്ലിക്കായിക്കൊള്ളണമെന്നില്ലെന്നും റഷ്യയുടെ പ്രത്യേക പരിതഃ

സ്ഥിതികളിൽ ഭരണരൂപം സോവിയറ്റുകളായിരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

പക്ഷേ, എല്ലാ രാജ്യങ്ങളിലും സോവിയറ്റുകളായിരിക്കുകയില്ല ഭരണരൂപം. പുതിയ ജനാധിപത്യരാജ്യങ്ങളുടെയും ജനകീയ ചൈനയുടെയും അനുഭവങ്ങൾ വ്യത്യസ്തങ്ങളാണ്. ഇംഗ്ലണ്ടിൽ പാർലമെൻറു സമ്പ്രദായം ഉപേക്ഷിയ്ക്കപ്പെടുകയില്ലെന്ന് ബ്രിട്ടീഷ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പരിപാടി ചൂണ്ടിക്കാണിയ്ക്കുന്നു. ബ്രിട്ടന്റെ പ്രത്യേക പരിതഃസ്ഥിതികൾക്കും പാരമ്പര്യത്തിനും അതാണ യോജിക്കുക. പക്ഷേ, ഭരണരൂപങ്ങളിൽ വ്യത്യാസങ്ങളും വൈരുദ്ധ്യങ്ങളുമുണ്ടായാൽ കൂടി സോഷ്യലിസത്തിലേയ്ക്കുള്ള പരിവർത്തനകാലഘട്ടത്തിൽ, അവയുടെ ഉള്ളടക്കം തൊഴിലാളി സർവ്വാധിപത്യമായിരിക്കും; തൊഴിലാളി സർവ്വാധിപത്യമില്ലാതെ സോഷ്യലിസമില്ല.

## 4 ഐക്യമുന്നണി

സാമ്രാജ്യത്വനാടുവാഴി മേധാവിത്വത്തിനെതിരായി തൊഴിലാളി വർഗ്ഗത്തിന്റെയും അതിന്റെ പാർട്ടിയുടെയും നേതൃത്വത്തിൽ ഇന്ത്യയിലിന്നു വളർന്നുകൊണ്ടിരിയ്ക്കുന്ന ഐക്യമുന്നണിയെ വലതുപക്ഷ സോഷ്യലിസ്റ്റുകാർ എതിർക്കുകയാണ് ചെയ്യുന്നത്. ചില കെ.എസ്.പി. നേതാക്കൻമാരാകട്ടെ, ഐക്യമുന്നണി മാർക്സിസ്റ്റ് പാർട്ടികളുടെ മാത്രം ഐക്യമുന്നണിയായിരിക്കണമെന്ന് വാദിക്കുന്നു. ബൂർഷ്വാസിയുമായി ഐക്യമുന്നണിയുണ്ടായാൽ മാർക്സിസത്തിന്റെ പരിശുദ്ധത നശിക്കുമെന്നാണവരുടെ ഭയം. പക്ഷേ, മാർക്സ് തന്റെ 'കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ'വിലും മറ്റു പല ഗ്രന്ഥങ്ങളിലും ഐക്യമുന്നണിയുടെ ആവശ്യകത വ്യക്തമാക്കിയിട്ടുണ്ട്. മാർക്സിന്റെ ഈ ആശയങ്ങളെ ലെനിൻ പുതിയ പരിതഃസ്ഥിതികൾക്കൊത്തമട്ടിൽ കുറേക്കൂടി വികസിപ്പിച്ചു. "കോളനികളിലും പിന്നണി രാജ്യങ്ങളിലും കമ്മ്യൂണിസ്റ്റ് ഇൻറർനാഷണൽ ബൂർഷ്വാ ജനാധിപത്യവാദികളുമായി ഒരു താൽക്കാലിക"സന്ധിയിലേർപ്പെടണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിക്കുകയുണ്ടായി. ഐക്യഅണിയെന്നാൽ ബൂർഷ്വാസിയിൽ ലയിക്കലല്ല. ബൂർഷ്വാസിയെക്കൂടി ബാധിക്കുന്ന സാമ്രാജ്യത്വമർദ്ദനങ്ങളിൽ നിന്നു മോചനം നേടാൻ വേണ്ടിയുള്ള സമരങ്ങളിൽ ബൂർഷ്വാസിയ്ക്കുകൂടി പങ്കുണ്ടെന്നു മനസ്സിലാക്കി അവരെക്കൂടി വിപ്ലവത്തിലേക്കു നയിക്കലാണ്. ഐക്യമുന്നണിയെ എതിർക്കുന്നവർ സാമ്രാജ്യത്വനാടുവാഴി മേധാവിത്വത്തിനെതിരായ എല്ലാ ജനവിഭാഗങ്ങളേയും രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി അണിനിരത്തുന്ന കാര്യത്തിൽ തൊഴിലാളിവർഗ്ഗത്തിനുള്ള കഴിവിനെയാണ് ചോദ്യം ചെയ്യുന്നത്.

ലെനിന്റെ സിദ്ധാന്തങ്ങൾ നമ്മുടെ നാട്ടുകാർക്ക് എത്രകണ്ടാവശ്യമാണെന്ന് ഇന്ത്യയിലിപ്പോൾ നടന്നുകഴിഞ്ഞ തിരഞ്ഞെടുപ്പിന്റെ ഫലങ്ങൾ വിളിച്ചുപറയുന്നുണ്ട്. □

(നവയുഗം 9-2-1952)

# 15
# ഒക്ടോബർ വിപ്ലവത്തിന്റെ നേതൃശക്തി

പട്ടിണിയും കഷ്ടപ്പാടുമില്ലാത്ത, മർദ്ദനങ്ങളും വർഗ്ഗസംഘട്ടനങ്ങളുമില്ലാത്ത, മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യാത്ത, സുഖസമൃദ്ധവും സ്നേഹസമ്പന്നവുമായ ഒരു സാമൂഹ്യവ്യവസ്ഥ കെട്ടിപ്പടുക്കേണ്ടതെങ്ങനെയെന്ന് ലോകത്തിനാദ്യമായി കാണിച്ചുകൊടുത്ത പാർട്ടിയാണ് സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി. വിഷമം നിറഞ്ഞ പരിതഃസ്ഥിതികളിൽ, മാർക്സിസത്തിന്റെ കൈപ്പന്തവുമേന്തി, ആഭ്യന്തരവും വിദേശീയവുമായ എല്ലാത്തരം എതിർപ്പുകളേയും തട്ടിനീക്കി, ലോകത്തിലെ തൊഴിലാളികളുടെയും കൃഷിക്കാരുടെയും ഒന്നാമത്തെ സോഷ്യലിസ്റ്റ് സ്റ്റേറ്റ് കെട്ടിപ്പടുത്തുകൊണ്ട് ഇരുപതുകോടി ജനങ്ങളെ സോഷ്യലിസത്തിൽ നിന്നും കമ്മ്യൂണിസത്തിലേക്കുള്ള രാജപാതയിലൂടെ നയിച്ചുകൊണ്ടിരിക്കുന്ന സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ലോകത്തിലൊട്ടുക്കുമുള്ള മർദ്ദിത ജനാവലികൾക്ക് ആശയും ആത്മവിശ്വാസവും നൽകുന്നു. അതുകൊണ്ടുതന്നെയാണ് ലോകത്തിലെങ്ങുമുള്ള അധ്വാനിക്കുന്ന ജനവിഭാഗങ്ങൾ സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ തങ്ങളുടെ സ്വന്തം മോചനത്തിന്റെ വഴികാട്ടിയെന്ന നിലയ്ക്ക് സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നത്. അതുകൊണ്ടുതന്നെയാണ് കോടിക്കണക്കിലുള്ള ജനങ്ങളുടെ വീടുകളിൽ സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ധീരോദാത്തവും ആവേശകരവുമായ ചരിത്രം പാരായണം ചെയ്യപ്പെടുന്നത്.

## 1 വിപ്ലവപ്രസ്ഥാനത്തിന്റെ മുന്നണിപ്പട

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടി വിപ്ലവപ്രസ്ഥാനത്തിന്റെ കേന്ദ്രം പടിഞ്ഞാറൻ യൂറോപ്പിൽ നിന്നു റഷ്യയിലേക്കു മാറി. സാമ്രാജ്യത്വത്തിന്റെ എല്ലാ വൈരുദ്ധ്യങ്ങളും രൂക്ഷതയോടെ നടമാടിക്കൊണ്ടിരുന്ന ഒരു രാജ്യമായിരുന്നു അക്കാലത്തെ റഷ്യ. റഷ്യയിലെ സാർഭരണത്തിനെതിരായി വലിയൊരു ജനകീയപ്രസ്ഥാനം ഉയർന്നുവന്നു. തൊഴിലാളിവർഗ്ഗമാണ് അതിന്റെ നേതൃത്വം വഹിച്ചത്.

തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിലുള്ള ജനകീയ വിപ്ലവ പ്രസ്ഥാനം വിജയിക്കണമെങ്കിൽ അതിന്റെ മുന്നണിപ്പടയായ മാർക്സിസ്റ്റ് പാർട്ടി കെട്ടിപ്പടുത്തേ മതിയാവൂവെന്ന് ലെനിൻ ചൂണ്ടിക്കാണിക്കുന്നു. വിപ്ലവപരമായ മാർക്സിസ്റ്റ് പാർട്ടിക്കു മാത്രമേ നാടുവാഴിമേധാവിത്വത്തേയും മുതലാളിത്തത്തേയും തട്ടിത്തകർത്ത്

തൊഴിലാളിസർവ്വാധിപത്യം സ്ഥാപിയ്ക്കാൻ വേണ്ടിയുള്ള ബഹുജനസമരങ്ങളെ വിജയത്തിലേയ്ക്ക് നയിക്കാൻ കഴിയൂ. അത്തരമൊരു വിപ്ലവപ്പാർട്ടി കെട്ടിപ്പടുക്കാൻ വേണ്ടിയാണ് ലെനിന്റെ നേതൃത്വത്തിലുള്ള മാർക്സിസ്റ്റുകാർ പരിശ്രമിച്ചത്.

റഷ്യയിൽ മാർക്സിസ്റ്റ് പ്രസ്ഥാനം വളരാൻ തുടങ്ങിയത് നരോഡ്നിക്ക് ചിന്താഗതികളെ എതിർത്തുകൊണ്ടാണ്. നരോഡ്നിക്കുകാർ സാമൂഹ്യവളർച്ചയുടെ നിയമങ്ങളെ വകവച്ചില്ല; വിപ്ലവപ്രസ്ഥാനത്തിൽ ബഹുജനങ്ങൾക്കുള്ള പങ്കിനെ നിഷേധിച്ചു. റഷ്യയിൽ മുതലാളിത്തം വളരുകയില്ലെന്നും രാജ്യത്തിലെ ഏറ്റവും പ്രധാനമായ വിപ്ലവശക്തി, തൊഴിലാളികളല്ല കൃഷിക്കാരാണെന്നും കൃഷിക്കാരുടെ പഞ്ചായത്തുകളാണ് സോഷ്യലിസത്തിന്റെ അടിസ്ഥാനമെന്നും അവർ വാദിച്ചു. ഈ നരോഡ്നിക്ക് ചിന്താഗതികൾ മാർക്സിസത്തെയും ബഹുജനപ്രസ്ഥാനങ്ങളുടെയും വളർച്ചയ്ക്കു തടസ്സമായിരുന്നു.

പ്ലേഖനോവിന്റെ നേതൃത്വത്തിൽ സ്ഥാപിയ്ക്കപ്പെട്ട 'സ്വതന്ത്ര തൊഴിലാളി ഗ്രൂപ്പ്' നരോഡ്നിക്കുകൾക്കെതിരായി നീണ്ടുനിന്ന സമരങ്ങൾ നടത്തുകയുണ്ടായി. എന്നാൽ ഏറ്റവും വലിയ പ്രഹരം ലെനിനിന്റെ കൈകൊണ്ടാണ് നൽകപ്പെട്ടതാണ്. 1894-ൽ പ്രസിദ്ധപ്പെടുത്തിയ 'ആരാണ് ജനങ്ങളുടെ സുഹൃത്തുക്കൾ' എന്ന പുസ്തകത്തിൽ ജനങ്ങളുടെ ശത്രുക്കളാണ് നരോഡ്നിക്കുകാർ എന്നദ്ദേഹം വ്യക്തമാക്കി. സമുദായത്തിലെ ഏറ്റവും വിപ്ലവകാരിയായ ശക്തി തൊഴിലാളിവർഗ്ഗമാണെന്നും തൊഴിലാളിവർഗ്ഗവും കൃഷിക്കാരും തമ്മിൽ വിപ്ലവകരമായ സഖ്യം കെട്ടിപ്പടുത്തുകൊണ്ടുമാത്രമെ സാർ ഭരണത്തിന്റെയും ജന്മി മുതലാളി വർഗ്ഗങ്ങളുടെ മേധാവിത്വത്തേയും എതിർത്തുനശിയ്പ്പിക്കാൻ കഴിയൂ എന്നും അദ്ദേഹം പ്രഖ്യാപിച്ചു.

വിവിധ പട്ടണങ്ങളിൽ ചിന്നിച്ചിതറിക്കിടന്നിരുന്ന മാർക്സിസ്റ്റ് ഗ്രൂപ്പുകളെ ഏകീകരിച്ചുകൊണ്ടും കൂട്ടിയോജിപ്പിച്ചുകൊണ്ടും 1895-ൽ ലെനിന്റെ നേതൃത്വത്തിൽ 'തൊഴിലാളിവർഗ്ഗത്തിന്റെ മോചനത്തിനുള്ള സമരസംഘടന' രൂപവൽക്കരിക്കപ്പെട്ടു. റഷ്യയിലെ ഒന്നാമത്തെ മാർക്സിസ്റ്റ് സംഘടനയാണിതെന്നു പറയാം. എന്നാൽ ഏറെക്കഴിയുന്നതിനു മുമ്പായി അത് അടിച്ചമർത്തപ്പെട്ടു. ലെനിൻ അറസ്റ്റ് ചെയ്യപ്പെടുകയും സൈബീരിയയിലേക്കു നാടുകടത്തപ്പെടുകയും ചെയ്തു. നാട്ടിലെങ്ങും നിരങ്കുശമായ മർദ്ദനങ്ങൾ നടമാടി. പക്ഷേ, എന്തായിട്ടും കാലഹരണംവന്ന സാർ ഭരണത്തിന് മാർക്സിസത്തിന്റെ വളർച്ചയെ തടയിടാനുള്ള ശക്തിയുണ്ടായിരുന്നില്ല.

1898-ൽ റഷ്യൻ സോഷ്യൽ ഡെമോക്രാറ്റിക്ക് പാർട്ടിയുടെ ഒന്നാം കോൺഗ്രസ് കൂടി. മാർക്സിസ്റ്റ് പാർട്ടി രൂപീകരിക്കപ്പെട്ടു. പക്ഷേ, മാർക്സിസത്തിന്റെ അടിസ്ഥാനത്തിൽ ഒരു യോജിച്ച പരിപാടി തയ്യാറാക്കുവാനോ സുശക്തമായ ഒരു കേന്ദ്രകമ്മിറ്റി ഉണ്ടാക്കുവാനോ കോൺഗ്രസിനു സാധിച്ചില്ല. പാർട്ടിക്കുള്ളിലെ ചില ഗ്രൂപ്പുകൾ മാർക്സിസത്തിലല്ല, സാമ്പത്തിക സമരവാദത്തിലാണ് വിശ്വസിച്ചിരുന്നത്. സാറിസത്തിനും മുതലാളിത്തത്തിനുമെതിരായി രാഷ്ട്രീയ സമരങ്ങൾ നടത്തേണ്ടതിന്റെയോ സാമ്പത്തിക സമരങ്ങളേയും രാഷ്ട്രീയ സമരങ്ങളേയും കൂട്ടിയിണക്കേണ്ടതിന്റെയോ പ്രാധാന്യം അവർക്കു കാണാൻ സാധിച്ചിരുന്നില്ല.

## 2 ബോൾഷേവിക്കുകാർ

സാമ്പത്തിക സമരവാദികളുടെ ചിന്താഗതികളെ എതിർത്തു തോൽപ്പിക്കുവാനും മാർക്സിസത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രീകൃതമായ ഒരു പാർട്ടി കെട്ടിപടുക്കാ

നം വേണ്ടിയുള്ള സമരത്തിൽ അതിപ്രധാനമായ പങ്കാണ് ലെനിന്റെ നേതൃത്വത്തിൽ സ്ഥാപിയ്ക്കപ്പെട്ട 'ഇസ്ക്ര' എന്ന രാഷ്ട്രീയപത്രം വഹിച്ചത്.

1903-ൽ പാർട്ടിയുടെ രണ്ടാം കോൺഗ്രസ് കൂടി. തൊഴിലാളിവർഗ്ഗത്തിന്റെ മുമ്പിലുള്ള കടമകളെ വിശകലനം ചെയ്തുകൊണ്ട് ബൂർഷ്വാ ജനാധിപത്യവിപ്ലവത്തിന്റെ അടിയന്തിരപരിപാടിയും സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ മൗലികപരിപാടിയും കോൺഗ്രസ്സംഗീകരിച്ചു. പരിപാടിയെപ്പറ്റിയും പാർട്ടിയുടെ സംഘടനാതത്വങ്ങളെപ്പറ്റിയും കോൺഗ്രസ്സിൽവച്ച് വലിയൊരു സമരം നടക്കുകയുണ്ടായി. ഓരോ പാർട്ടി മെമ്പറും പാർട്ടിയുടെ പരിപാടി സ്വീകരിക്കണമെന്നും ഏതെങ്കിലും പാർട്ടി ഘടകത്തിൽ ചേർന്ന് പ്രവർത്തിക്കണമെന്നും പാർട്ടിക്കു സാമ്പത്തിക സഹായം ചെയ്യണമെന്നും ലെനിനും അദ്ദേഹത്തിന്റെ അനുയായികളായ മറ്റു മാർക്സിസ്റ്റുകാരും വാദിച്ചു. മാർട്ടോവും കൂട്ടുകാരും പാർട്ടി അംഗത്വത്തിന് ഇത്തരം വ്യവസ്ഥകൾ—പ്രത്യേകിച്ചും ഘടകം വഴി പ്രവർത്തിക്കണമെന്ന നിബന്ധന—വെയ്ക്കുന്നത് തെറ്റാണെന്നു വാദിച്ചു. തൊഴിലാളിവർഗ്ഗത്തിന്റെ ഏറ്റവും മുന്നണിയിലുള്ള, ഏറ്റവും ബോധമുള്ള, ഏറ്റവും സുസ്സംഘടിതമായ വിഭാഗമാണ് പാർട്ടി എന്നും ഏറ്റവും വിപ്ലവകരമായ സിദ്ധാന്തത്തിന്റെ സഹായത്തോടുകൂടി അത് തൊഴിലാളി സർവ്വാധിപത്യം സ്ഥാപിക്കാൻ വേണ്ടിയുള്ള ജനകീയ സമരങ്ങൾക്ക് നേതൃത്വം നൽകണമെന്നുമുള്ള മാർക്സിസ്റ്റ് നിലപാടാണ് ലെനിൻ സ്വീകരിച്ചത്. മാർട്ടോവാകട്ടെ, പടിഞ്ഞാറൻ യൂറോപ്പിലെ സോഷ്യൽ ഡെമോക്രാറ്റിക്ക് നേതാക്കൻമാരുടെ അവസരവാദപരമായ നിലപാടുകളെ ആവർത്തിക്കുക മാത്രമാണ് ചെയ്തത്. തൊഴിലാളി സർവ്വാധിപത്യം സ്ഥാപിക്കുകയെന്ന പരിപാടിയേയും കേന്ദ്രീകൃതവും സുസ്സംഘടിതവും ഉരുക്കുപോലുറച്ച അച്ചടക്കത്തോടു കൂടിയതുമായ പാർട്ടിയുടെ സംഘടനാതത്വങ്ങളേയും അവരെതിർത്തു. കോൺഗ്രസിൽ ലെനിന്റെ അഭിപ്രായഗതിക്കാർക്കാണ് ഭൂരിപക്ഷം കിട്ടിയത്. അതുകൊണ്ടാണവർ ഭൂരിപക്ഷക്കാർ എന്നർത്ഥമുള്ള ബോൾഷെവിക്കുകാർ എന്ന പേരിലറിയപ്പെടാൻ തുടങ്ങിയത്. മാർട്ടോവിന്റെ കക്ഷിക്കാർ ന്യൂനപക്ഷക്കാർ എന്നർത്ഥമുള്ള മെൻഷെവിക്കുകാർ എന്നും വിളിക്കപ്പെടാൻ തുടങ്ങി.

ലെനിന്റെ നേതൃത്വത്തിലുള്ള ബോൾഷെവിക്കുകാർ 1912 വരേയും ഔപചാരികമായി റഷ്യൻ സോഷ്യൽ ഡെമോക്രാറ്റിക്ക് പാർട്ടിയ്ക്കുള്ളിൽ നിന്നുകൊണ്ടുതന്നെയാണ് പ്രവർത്തിച്ചത്. എങ്കിലും അവർ അവസരവാദികൾക്കെതിരെയും മാർക്സിസ്റ്റ് വിരുദ്ധ ചിന്താഗതികൾക്കെതിരെയും ഇടവിടാതെ സമരങ്ങൾ നടത്തുകയും ബഹുജനവിപ്ലവപ്രസ്ഥാനങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്തു.

1903 നും 1905 നുമിടയിൽ തൊഴിലാളി പ്രസ്ഥാനം അതിവേഗം ശക്തിപ്പെടുകയും പരന്നുപിടിക്കുകയും ചെയ്തു. സാമ്പത്തികസമരങ്ങൾ രാഷ്ട്രീയസമരങ്ങളായി വളരാൻ തുടങ്ങി. "സാർഭരണം തുലയട്ടെ" "സ്വേച്ഛാധിപത്യം നശിക്കട്ടെ" തുടങ്ങിയ മുദ്രാവാക്യങ്ങൾ നാടിന്റെ നാനാഭാഗത്തും മുഴങ്ങാൻ തുടങ്ങി.

വിപ്ലവപ്രസ്ഥാനം മുന്നേറിക്കൊണ്ടിരുന്ന ഒരു കാലഘട്ടത്തിലാണ് 1905 ഏപ്രിലിൽ, റഷ്യൻ സോഷ്യൽ ഡമോക്രാറ്റിക്ക് പാർട്ടിയുടെ മൂന്നാം കോൺഗ്രസ് സമ്മേളിച്ചത്. മെൻഷെവിക്കുകാർ ഈ കോൺഗ്രസിൽ പങ്കെടുക്കുകയുണ്ടായില്ല. അവർ സ്വന്തമായ ഒരു സമ്മേളനം നടത്തുകയാണ് ചെയ്തത്. അങ്ങിനെ രണ്ട് സമ്മേളനങ്ങൾ നടന്നു. ബോൾഷെവിസവും മെൻഷെവിസവും തമ്മിലുള്ള വ്യത്യാസമെന്തെന്നു അവർ തികച്ചും വ്യക്തമാക്കി.

വിപ്ലവത്തിൽ തൊഴിലാളിവർഗ്ഗവും പാർട്ടിയും കൈക്കൊള്ളേണ്ട നയവും തന്ത്രവും എന്തായിരിക്കണമെന്നതായിരുന്നു സർവ്വപ്രധാനമായ പ്രശ്നം. തൊഴിലാളിവർഗ്ഗം നേതൃത്വം വഹിക്കുകയും തൊഴിലാളികളും കൃഷിക്കാരും തമ്മിലുള്ള സമരസഖ്യമുറപ്പിക്കുകയും വിപ്ലവത്തെ സാർ ചക്രവർത്തിയുമായുള്ള ഒരു സന്ധിയിലവസാനിപ്പിക്കാനാഗ്രഹിക്കുന്ന ബൂർഷ്വാസിയെ ഒറ്റപ്പെടുത്തുകയും ചെയ്താൽ മാത്രമേ വിപ്ലവം വിജയിക്കുകയുള്ളു എന്നും മൂന്നാം കോൺഗ്രസ് പ്രഖ്യാപിച്ചു. വിപ്ലവം ഒരു ബൂർഷ്വാ ജനാധിപത്യവിപ്ലവമാണെന്നത് ശരിതന്നെ. എങ്കിലും അതിന്റെ പരിപൂർണ്ണവിജയത്തിൽ ഏറ്റവുമധികം താൽപര്യമുള്ള വർഗ്ഗം തൊഴിലാളിവർഗ്ഗമാണ്. എന്തുകൊണ്ടെന്നാൽ, ബൂർഷ്വാ ജനാധിപത്യവിപ്ലവത്തിന്റെ വിജയത്തിലൂടെ മാത്രമേ തൊഴിലാളിവർഗ്ഗത്തിന് രാജ്യത്തെ സോഷ്യലിസത്തിലേയ്ക്ക് നയിക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടാണ് സോഷ്യൽ ഡെമോക്രാറ്റുകാർ സാർ ഭരണത്തിനെതിരായ ജനകീയ വിപ്ലവത്തിൽ സജീവമായി പങ്കെടുത്തുകൊണ്ട് ഒരു താൽകാലിക വിപ്ലവ ഗവൺമെൻറ് സ്ഥാപിക്കാൻ മുന്നോട്ടുനിന്നു പ്രവർത്തിയ്ക്കേണ്ടതാവശ്യമാണെന്ന് മൂന്നാം കോൺഗ്രസ് തീരുമാനിച്ചത്.

നേരെമറിച്ച് മെൻഷെവിക്കുകാരുടെ സമ്മേളനം തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തെ നിഷേധിച്ചു; ബൂർഷ്വാ ജനാധിപത്യവിപ്ലവത്തിൽ ബൂർഷ്വാസിയാണ് നേതൃത്വം വഹിക്കേണ്ടത് എന്നു വാദിച്ചു; സാർഭരണത്തെ തട്ടിത്തകർക്കുന്നതിന് പകരം അതിനെ പരിഷ്ക്കരിച്ചു നന്നാക്കുകയാണാവശ്യമെന്ന് അഭിപ്രായപ്പെട്ടു. ചുരുക്കിപ്പറഞ്ഞാൽ, മെൻഷെവിക്കുകാർ തൊഴിലാളികൾക്കിടയിലുള്ള ബൂർഷ്വാ ഏജൻറുമാരായിട്ടാണ് പ്രവർത്തിച്ചത്. അവരുടെ തീരുമാനങ്ങളെ തൊലിയുരിച്ചു കാണിച്ചു കൊണ്ടും വിപ്ലവത്തിന്റെ കാഴ്ചപ്പാടെന്താണെന്നു വ്യക്തമാക്കിക്കൊണ്ടും ലെനിൻ തന്റെ 'സോഷ്യൽ ഡെമോക്രസിയുടെ രണ്ടടവുകൾ' എന്ന സുപ്രസിദ്ധ ഗ്രന്ഥത്തിൽ ഇങ്ങനെ എഴുതുകയുണ്ടായി:

"മാർക്സിസം തൊഴിലാളിയെ പഠിപ്പിയ്ക്കുന്നത്, ബൂർഷ്വാവിപ്ലവത്തിൽ നിന്നും അകന്നുനിൽക്കാനല്ല, അതിനെ അവഗണിക്കാനല്ല, അതിന്റെ നേതൃത്വം ഏറ്റെടുക്കാൻ മുതലാളിവർഗ്ഗത്തെ അനുവദിക്കാനല്ല; നേരെമറിച്ച് അതിൽ ഏറ്റവും സജീവമായി പങ്കെടുക്കാനാണ്, അടിയുറച്ച തൊഴിലാളി ജനാധിപത്യത്തിനുവേണ്ടി ഉറച്ചുനിന്ന് പോരാടുവാനാണ്, വിപ്ലവത്തെ അതിന്റെ അങ്ങേ അറ്റം വരെ എത്തിക്കാനാണ്... ഭൂരിപക്ഷം കൃഷിക്കാരുമായി സൗഹാർദ്ദബന്ധത്തിലേർപ്പെട്ട് താന്തോന്നി ഭരണത്തിന്റെ എതിർപ്പിനെ ബലപ്രയോഗംകൊണ്ടമർത്തി, മുതലാളിത്തത്തിന്റെ ചാഞ്ചല്യങ്ങൾ നിലപ്പിച്ച്, തൊഴിലാളിവർഗ്ഗം ജനാധിപത്യവിപ്ലവത്തെ പരിപൂർണ്ണവിജയത്തിലെത്തിക്കണം. മിക്കവാറും നിർദ്ധനരായി കഴിഞ്ഞിട്ടുള്ള ജനവിഭാഗങ്ങളുമായി സൗഹാർദ്ദബന്ധത്തിലേർപ്പെട്ട്, മുതലാളിവർഗ്ഗത്തിന്റെ എതിർപ്പിനെ ബലപ്രയോഗംകൊണ്ടമർത്തി കൃഷിക്കാരുടെയും ഇടത്തരക്കാരുടെയും ചാഞ്ചല്യങ്ങൾ നിലപ്പിച്ച്, തൊഴിലാളിവർഗ്ഗം സോഷ്യലിസ്റ്റ് വിപ്ലവം സാധിക്കണം—ഇതാണ് തൊഴിലാളിവർഗ്ഗത്തിന്റെ കടമ."

തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിൽ സാർ ഭരണത്തിനെതിരായ എല്ലാ ശക്തികളേയും ബൂർഷ്വാ വിപ്ലവത്തിന്റെ പരിപൂർണ്ണവിജയത്തിനുവേണ്ടി അണിനിരത്തുകയും ബൂർഷ്വാ വിപ്ലവത്തിലൂടെ നേരിട്ട് സോഷ്യലിസ്റ്റ് വിപ്ലവത്തിലേക്ക് മുന്നേറുകയും ചെയ്യാനുള്ള പുതിയ ലെനിനിസ്റ്റ് തന്ത്രമായിരുന്നു ഇത്. ഈ തന്ത്രം ശരിക്കുപയോഗിച്ചതു കൊണ്ടാണ് റഷ്യയിൽ സോഷ്യലിസ്റ്റ് വിപ്ലവം വിജയിച്ചത്.

## 3 ഒന്നാമത്തെ റഷ്യൻ വിപ്ലവം

ബോൾഷെവിക്കുകാർ ജനങ്ങളെയാകെ സാറിസ്റ്റ് സ്വേച്ഛാധിപത്യത്തിനെതിരായി അണിനിരത്തി. 1905 ഒക്ടോബറിൽ റഷ്യയിലങ്ങോളമിങ്ങോളം പണിമുടക്കങ്ങൾ പരന്നുപിടിക്കാൻ തുടങ്ങി. സാമ്പത്തിക പണിമുടക്കങ്ങൾ അതിവേഗം രാഷ്ട്രീയ പണിമുടക്കങ്ങളായി മാറി. ഒന്നാമത്തെ റഷ്യൻ വിപ്ലവം പൊട്ടിപ്പുറപ്പെട്ടുകഴിഞ്ഞു.

പണിമുടക്കങ്ങൾക്കിടയിൽ മോസ്കോ, പീറ്റസ്ബർഗ് തുടങ്ങിയ പ്രധാനപ്പെട്ട തൊഴിലാളി പ്രതിനിധികളുടെ സോവിയറ്റുകൾ ഉയർന്നുവന്നു. വിപ്ലവം നടത്തുന്നതിനുള്ള ഉപകരണങ്ങളെന്ന നിലയ്ക്കും വരാൻ പോകുന്ന അനിവാര്യമായ തൊഴിലാളിഭരണത്തിന്റെ ബീജങ്ങളെന്ന നിലയ്ക്കുമാണ് ബോൾഷെവിക്കുകാർ സോവിയറ്റുകളെ വീക്ഷിച്ചത്. മെൻഷെവിക്കുകാരാവട്ടെ അവയെ പ്രാദേശിക ഭരണത്തിന്റെ സവിശേഷമായ രൂപങ്ങളെന്ന നിലയ്ക്കുമാത്രമാണ് കണക്കാക്കിയത്.

1905 ഒക്ടോബർ—നവംബർ മാസങ്ങളിൽ ജനകീയ സമരങ്ങൾ ആയുധമേന്തിയ കലാപത്തിന്റെ വക്കിലെത്തി. ആയുധമേന്തിയ ജനകീയ കലാപത്തിലൂടെ സാർ ചക്രവർത്തിയുടെയും ജന്മികളുടെയും ഭരണത്തെ തട്ടിത്തകർക്കാൻ വേണ്ടി ബോൾഷെവിക്കുകാർ തൊഴിലാളികളെയും മറ്റു ജനവിഭാഗങ്ങളെയും അണിനിരത്താൻ തുടങ്ങി. പട്ടാളക്കാർക്കിടയിലും നാവികപ്പടയാളികൾക്കിടയിലും പാർട്ടിയുടെ നേതൃത്വത്തിലുള്ള സമരസംഘടനകൾ ഉയർന്നുവന്നു. സമരത്തിന്റെ അല ഉൾനാടുകളിൽ പരന്നുപിടിച്ചു. കൃഷിക്കാർ കൂട്ടംകൂട്ടമായി ജന്മികളുടെ കളങ്ങൾ കയ്യേറുകയും ഭക്ഷണധ്യാനങ്ങളും മറ്റും പിടിച്ചെടുത്ത് ജനങ്ങൾക്കിടയിൽ വിതരണം ചെയ്യുകയും ചെയ്തു. വിദ്യാർത്ഥികൾ പൊതുസ്ഥലങ്ങളിൽവച്ച് സാർചക്രവർത്തിയുടെ പടങ്ങൾ കീറി കാറ്റിൽ പറത്തി.

ഡിസംബറിൽ വിപ്ലവപ്രസ്ഥാനം അതിന്റെ മൂർദ്ധന്യദശയിലെത്തി. ആയുധമേന്തിയ കലാപത്തിന് പാർട്ടി ആഹ്വാനം നൽകി. മെൻഷെവിക്കുകാർ ഈ ആഹ്വാനത്തെ എതിർക്കുകയാണ് ചെയ്തത്. പെട്രോഗ്രഡ് സോവിയറ്റിന്റെ നേതാക്കൻമാരായിരുന്ന ട്രോട്സ്കി, പാർവ്വസ് (ഇയാൾ പിന്നീട് ഒന്നാം ലോകമഹായുദ്ധകാലത്ത് ഒരു ജർമ്മൻ ഏജൻറായി മാറി) എന്നിവർ ജനകീയ കലാപത്തിനുള്ള ആഹ്വാനത്തെ നടപ്പിൽവരുത്താൻ പ്രവർത്തിച്ചില്ല. എന്നാൽ, ബഹുജനങ്ങൾക്കിടയിൽ അത്ഭുതപൂർവ്വമായ ഒരു വിപ്ലവത്തള്ളിച്ചയുണ്ടായി. ഡിസംബർ 20 ന് മോസ്കോയിൽ ശരിക്കും കലാപമാരംഭിച്ചു. നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ ബാരിക്കേഡുകൾ ഉയർന്നുവരാൻ തുടങ്ങി. സാർ ചക്രവർത്തിയുടെ വമ്പിച്ച പട്ടാളശക്തിയെ ഒമ്പതുദിവസത്തോളം അവർ ചെറുത്തുനിന്നു. ക്രാസ്നോയാർസ്ക്, നവരോസിക്, സോവോവോസ്കപോൾ, ക്രോൺസ്റ്റാർട്ട് മുതലായ മറ്റനേകം പട്ടണങ്ങളിലും കലാപം പൊട്ടിപ്പുറപ്പെട്ടു. പക്ഷേ, ഫലമുണ്ടായില്ല. കലാപം മൃഗീയമായി അടിച്ചമർക്കപ്പെട്ടു. അതിനുശേഷവും ഒന്നു രണ്ടു കൊല്ലക്കാലം പണിമുടക്കപ്രക്ഷോഭങ്ങൾ തുടർന്നുവെങ്കിലും വിപ്ലവം പിന്നോട്ടടിയ്ക്കുകയാണ് ചെയ്തത്.

## 4 പാഠങ്ങൾ പഠിച്ചുകൊണ്ട് മുന്നോട്ട്

എന്തുകൊണ്ടാണ് വിപ്ലവം പരാജയപ്പെട്ടത്? ഒന്നാമത്, തൊഴിലാളികളും കൃഷിക്കാരും തമ്മിലുള്ള വിപ്ലവസഖ്യത്തിന് വേണ്ടത്ര കെട്ടുറപ്പുണ്ടായിരുന്നില്ല. രണ്ടാമത് കൃഷിക്കാരിൽ വലിയൊരു വിഭാഗം സാർ ഭരണത്തെ മറിച്ചിടാൻവേണ്ടി മുന്നോട്ടുവന്നില്ല. മൂന്നാമത്, സാർ ചക്രവർത്തിക്ക് പാശ്ചാത്യശക്തികളിൽ നിന്നു

രാഷ്ട്രീയവും സാമ്പത്തികവുമായ വലിയ സഹായങ്ങൾ ലഭിച്ചു. വിപ്ലവത്തെ അടിച്ചമർത്താൻ വേണ്ടി സാമ്രാജ്യവാദികൾ 200 കോടി ഡോളർ റൂബിൾ ചെലവിട്ടു. നാലാമത് പാർട്ടിയ്ക്കുള്ളിൽതന്നെ ഭിന്നിപ്പുണ്ടായി. മെൻഷെവിക്കുകാർ വിപ്ലവത്തെ തുരങ്കംവയ്ക്കാനാണ് ശ്രമിച്ചത്.

വിപ്ലവത്തിന്റെ പരാജയം പിന്തിരിപ്പൻമാരെ ആഹ്ലാദിപ്പിച്ചു. പക്ഷേ, ബോൾഷെവിക്കുകാർ നിരാശരായില്ല. പരാജയത്തിന്റെ പാഠങ്ങൾ പഠിച്ചുകൊണ്ട് അവർ പുതിയ പരിതഃസ്ഥിതികൾക്കൊത്ത നയപരിപാടികൾ രൂപീകരിച്ച് മുന്നേറുകയാണ് ചെയ്തത്. ലെനിനും അദ്ദേഹത്തിന്റെ സഹപ്രവർത്തകൻമാരും പാർട്ടി അണികൾക്കുള്ളിൽ കടന്നുകൂടാൻ തുടങ്ങിയിരുന്ന മാർക്സിസ്റ്റ് വിരുദ്ധ ചിന്താഗതികൾക്കെതിരായി ആശയസമരങ്ങൾ നടത്തുകയും സ്വന്തം അണികളെ ഉറപ്പിച്ചു നിർത്തുകയും നിയമവിധേയവും നിയമവിരുദ്ധവുമായ എല്ലാ മാർഗ്ഗങ്ങളുമുപയോഗിച്ചുകൊണ്ട് ജനങ്ങളുമായുള്ള ബന്ധമുറപ്പിക്കുകയും അങ്ങനെ പുതിയൊരു വിപ്ലവത്തിനു തയ്യാറെടുക്കുകയും ചെയ്തു. ഈ ഘട്ടത്തിലെ ഏറ്റവും പ്രധാനമായ സംഭവം 1912-ൽ പ്രാഗിൽവച്ചുകൂടിയ പാർട്ടി കോൺഫറൻസാണ്. ആ കോൺഫറൻസിൽവച്ചാണ് ബോൾഷെവിക്കുകാർ സ്വതന്ത്രമായ ഒരു റഷ്യൻ ഡെമോക്രാറ്റിക്ക് തൊഴിലാളി പാർട്ടി (ബോൾഷെവിക്ക്) രൂപവൽക്കരിച്ചത്. ഇതേഘട്ടത്തിൽ തന്നെയാണ് ട്രോട്സ്കി ബോൾഷെവിക്കുകാരെ എതിർക്കാൻ വേണ്ടി 'ആഗസ്റ്റ് ബ്ലോക്ക്' എന്നൊരു കൂട്ടുകെട്ടുണ്ടാക്കിയത്.

സാർഭരണത്തെ അട്ടിമറിക്കുക, ബൂർഷ്വാ ജനാധിപത്യത്തെ അതിന്റെ പൂർണ്ണതയിലേക്ക് നയിക്കുക, സോഷ്യലിസ്റ്റ് വിപ്ലവത്തിലേക്ക് കടക്കുക ഇതായിരുന്നു 1905ലെ വിപ്ലവത്തിൽ ബോൾഷെവിക്കുകാരുടെ രാഷ്ട്രീയലക്ഷ്യം. അതുകൊണ്ടാണ് ജനാധിപത്യ റിപ്പബ്ലിക്ക്, ജൻമികളുടെ നിലം പിടിച്ചെടുക്കുക, എട്ട് മണിക്കൂർ പ്രവൃത്തിസമയം തുടങ്ങിയ രാഷ്ട്രീയ മുദ്രാവാക്യങ്ങൾ അവരുന്നയിച്ചത്. വിപ്ലവത്തിന്റെ പരാജയത്തിനുശേഷം ഈ ലക്ഷ്യം നേടാൻ വേണ്ടി അവർ തങ്ങളുടെ നയത്തിൽ മാറ്റം വരുത്തി. സാർ ഭരണത്തിനെതിരായി നേരിട്ടുള്ള ആക്രമണം നടത്തുന്നതിന് പകരം അവർ വളഞ്ഞുതിരഞ്ഞ വഴികളിലൂടെയുള്ള സമരങ്ങളെ അവലംബിക്കാൻ തുടങ്ങി.

നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ അവസാനിപ്പിയ്ക്കണമെന്നും നിയമവിരുദ്ധമായ പാർട്ടിയെ പിരിച്ചുവിടണമെന്നും മെൻഷെവിക്കുകാർ ആവശ്യപ്പെട്ടു. ബോൾഷെവിക്കുകാരതിനു വഴങ്ങിയില്ല. നേരെമറിച്ചു നിയമവിരുദ്ധപാർട്ടിയെ കൂടുതൽ ശക്തിപ്പെടുത്തുകയാണവർ ചെയ്തത്. എന്നാൽ അതേസമയത്തുതന്നെ വിപ്ലവത്തിന്റെ താൽപര്യങ്ങൾക്കുവേണ്ടി തൊഴിലാളി യൂണിയനുകൾ ക്ലബുകൾ സാംസ്കാരികസംഘടനകൾ നിയമസഭ തുടങ്ങിയ നിയമവിധേയമായ എല്ലാ മാർഗ്ഗങ്ങളെയും അവർ സമർത്ഥമായി ഉപയോഗിക്കുകയും ചെയ്തു. സാർഭരണത്തിന്റെയും മുതലാളിപ്പാർട്ടികളുടേയും നയങ്ങളെ തുറന്നു കാണിക്കുവാനും കൃഷിക്കാരെ തൊഴിലാളിവർഗ്ഗത്തിന്റെ ഭാഗത്തേക്കു കൊണ്ടുവരാനും അങ്ങിനെ പുതിയൊരു ജനകീയ മുന്നേറ്റത്തിന് ഒരുക്കുകൂട്ടുവാനും വേണ്ടിയാണ് അവർ ഡ്യൂമ (നിയമസഭ)യെ ഉപയോഗിച്ചത്.

1912ഓടു കൂടി തൊഴിലാളി പ്രക്ഷോഭങ്ങൾ വീണ്ടും മുന്നേറാൻ തുടങ്ങി. തൊഴിലാളികളുടെ പണിമുടക്കു പ്രസ്ഥാനങ്ങൾ വീണ്ടും പരന്നുപടിക്കാൻ തുടങ്ങി. ഉൾനാട്ടുകളിൽ കൃഷിക്കാർ ജന്മിമാർക്കെതിരായി സമരങ്ങളാരംഭിച്ചു.

1914-ൽ ഒന്നാംലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. മുതലാളിത്ത സാമ്പത്തി കവ്യവസ്ഥയുടെ അനിവാര്യമായ പൊതുക്കുഴപ്പത്തിന്റെ പ്രകടനമായിരുന്നു അത്.

സാമ്രാജ്യവാദികൾ ജനങ്ങളെ വഞ്ചിച്ച് തങ്ങളുടെ പിന്നിൽ അണിനിരത്താൻ വേണ്ടി യുദ്ധത്തിന്റെ യഥാർത്ഥമായ ഉദ്ദേശത്തെ മറച്ചുവച്ചു. രാജ്യത്തിന്റെ രക്ഷയ്ക്കു വേണ്ടിയാണ് യുദ്ധം എന്നവർ തട്ടിമൂളിച്ചു. ഈ വഞ്ചനയ്ക്ക് തുണനിൽക്കുകയാണ് രണ്ടാം ഇൻറർനാഷണലിന്റെ നേതാക്കൻമാർ ചെയ്തത്. ഓരോ രാജ്യത്തിലേയും സോഷ്യൽ ഡമോക്രറ്റിക്കുകൾ മറ്റുരാജ്യങ്ങളിലെ സോഷ്യൽ ഡമോക്രാറ്റുകാരെ ആക്ഷേപിക്കുകയും തങ്ങളുടെ സ്വന്തം ബൂർഷ്വാസിയെ സഹായിക്കുവാൻ ജനങ്ങളോട് ആഹ്വാനം ചെയ്യുകയും ചെയ്തു. ലെനിന്റെ നേതൃത്വത്തിലുള്ള ബോൾഷെവിക്കുകാർ മാത്രമാണ് സാറിസ്റ്റ് സ്വേച്ഛാധിപത്യത്തിനെതിരായും മുതലാളികൾക്കും ജന്മികൾക്കുമെതിരായും വിട്ടുവീഴ്ചയില്ലാതെ സമരം നടത്തിയത്. 1914 നവംബറിൽ ബോൾഷെവിക്ക് പാർട്ടിയുടെ കേന്ദ്രകമ്മിറ്റി യുദ്ധത്തിനെതിരായ ഒരു മാനിഫെസ്റ്റോ പ്രസിദ്ധം ചെയ്തു. സാമ്രാജ്യയുദ്ധത്തെ ആഭ്യന്തരയുദ്ധമാക്കി മാറ്റാനും യുദ്ധത്തിൽ 'സ്വന്തം' ബൂർഷ്വാസിയെ പരാജയപ്പെടുത്താനും സാമ്രാജ്യവാദികളുടെ വാലായിച്ചമഞ്ഞ രണ്ടാം ഇൻറർനാഷണലിൽ നിന്ന് പൂർണ്ണമായി വേറിട്ടുനിന്നുകൊണ്ട് ഒരു മൂന്നാം ഇൻറർനാഷണൽ സ്ഥാപിക്കാനും അതിലവരാവശ്യപ്പെട്ടു.

ഈ ഘട്ടത്തിലാണ് ലെനിൻ മാർക്സിസത്തെ കൂടുതൽ വളർത്താൻ സഹായിച്ച ചില പുതിയ സിദ്ധാന്തങ്ങളുന്നയിച്ചത്. മുതലാളിത്തത്തിന്റെ വളർച്ചയുടെ അവസാനഘട്ടമാണ് സാമ്രാജ്യത്വമെന്നും സാമ്രാജ്യത്വകാലഘട്ടത്തിൽ മുതലാളിത്തത്തിന്റെ എല്ലാ വൈരുദ്ധ്യങ്ങളും മൂർച്ഛിയ്ക്കുമെന്നും അങ്ങനെ അത് സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ഘട്ടമായിത്തീരുമെന്നും അദ്ദേഹം വ്യക്തമാക്കി. സാമ്രാജ്യത്വകാലഘട്ടത്തിൽ മുതലാളിത്തത്തിന്റെ വളർച്ച അസമമായിട്ടാണെന്നും അതുകൊണ്ട് എല്ലാ രാജ്യങ്ങളിലും ഒരേ സമയത്തു വിപ്ലവം നടക്കുകയില്ലെന്നും, ആദ്യമായി ഏതാനും രാജ്യങ്ങളിലോ ഒരു രാജ്യത്തിൽ മാത്രമോ വിപ്ലവത്തെ വിജയിപ്പിക്കാൻ കഴിയുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. ഈ പുതിയ സിദ്ധാന്തങ്ങൾ റഷ്യയിലെ തൊഴിലാളി പ്രസ്ഥാനത്തിന്റെ മുന്നേറ്റത്തിന് അത്ഭുതപൂർവ്വമായ പ്രചോദനം നൽകി. തൊഴിലാളികളുടെ പണിമുടക്കങ്ങളും കൃഷിക്കാരുടെ സമരങ്ങളും കൂടുതൽ ശക്തിയായി പരന്നുപിടിക്കാൻ തുടങ്ങി. 'സാർഭരണം തുലയട്ടെ', 'സ്വേച്ഛാധിപത്യം നശിക്കട്ടെ', 'ഞങ്ങൾക്ക് ഭക്ഷണം വേണം' എന്നുതുടങ്ങിയ മുദ്രാവാക്യങ്ങൾ കൂടുതലുച്ചത്തിൽ മുഴങ്ങിപ്പൊന്താൻ തുടങ്ങി.

സാർ നിക്കോളാസ് ഒന്നാമൻ വിപ്ലവത്തെ തടയാനുള്ള മാർഗ്ഗമെന്ന നിലയ്ക്കാണ് യുദ്ധത്തെ സ്വാഗതം ചെയ്തത്. പക്ഷേ, നേരെമറിച്ചാണ് സംഭവഗതികൾ നീങ്ങിയത്. 1917 ആയപ്പോഴേയ്ക്കും അദ്ദേഹത്തിനു നിൽക്കക്കള്ളിയില്ലാതായി. തൊഴിലാളികൾ ജയിലുകൾ ഇടിച്ചുപൊളിച്ച് തടവിൽ കിടന്നിരുന്ന വിപ്ലവകാരികളെ മോചിപ്പിച്ചു. സാറിന്റെ ജനറൽമാരേയും മറ്റുദ്യോഗസ്ഥരേയും അറസ്റ്റുചെയ്തു. മാർച്ചുമാസത്തിൽ സാർ സ്ഥാനത്യാഗം ചെയ്തു. ബൂർഷ്വാ ജനാധിപത്യവിപ്ലവം വിജയിച്ചു. ഒരു താൽക്കാലിക ബൂർഷ്വാ ഗവൺമെൻറ് സ്ഥാപിതമായി.

## 5 സോഷ്യലിസ്റ്റ് വിപ്ലവത്തിലേക്ക്

പക്ഷേ, ബൂർഷ്വാഗവൺമെൻറിനു പുറമെ മറ്റൊരു ശക്തിയും തലയുയർത്തി— തൊഴിലാളികളുടെയും പട്ടാളക്കാരുടെയും പ്രതിനിധികളുടെയും സോവിയറ്റുകൾ. ഒരു തരത്തിലുള്ള ദ്വിഭരണമാണ് നിലവിൽവന്നത്. ഒരു ഭാഗത്ത് താൽക്കാലിക

ബൂർഷ്വാ ഗവൺമെൻറിന്റെ രൂപത്തിലുള്ള ബൂർഷ്വാ സ്വേച്ഛാധിപത്യം; മറുഭാഗത്ത് തൊഴിലാളികളുടെയും പട്ടാളക്കാരുടെയും സോവിയറ്റുകളുടെ രൂപത്തിലുള്ള തൊഴിലാളി കർഷക സർവ്വാധിപത്യം. മെൻഷെവിക്കുകാരുടെ നേതൃത്വത്തിലുള്ള സോവിയറ്റുകൾ ബൂർഷ്വാഗവൺമെൻറിനെ പിന്താങ്ങുകയാണ് ചെയ്യുന്നത്. ബൂർഷ്വാ ഭരണത്തിൻ കീഴിൽ നിലമോ ഭക്ഷണമോ സമാധാനമോ ലഭിക്കുകയില്ലെന്നും അതുകൊണ്ട് ബൂർഷ്വാഭരണത്തെ തട്ടിത്തകർത്ത് സോവിയറ്റ് ഭരണം സ്ഥാപിക്കണമെന്നുമുള്ള യാഥാർത്ഥ്യം ബോൾഷെവിക്കുകൾ ജനങ്ങൾക്ക് ക്ഷമയോടെ വിവരിച്ചുകൊടുത്തു. ലക്ഷക്കണക്കിനുള്ള നാട്ടുകാർ ബോൾഷെവിക്കുകാരുടെ പിന്നിൽ അണിനിരന്നു. രാജ്യത്തിലെങ്ങും 'എല്ലാ അധികാരവും സോവിയറ്റുകൾക്ക്!' എന്ന മുദ്രാവാക്യം മുഴങ്ങാൻ തുടങ്ങി.

കെറൻസ്കിയുടെ നേതൃത്വത്തിലുള്ള മെൻഷേവിക്ക ബൂർഷ്വാഗവൺമെൻറ് ബോൾഷെവിക്കുകാർക്കെതിരായി നിരങ്കുശമായ മർദ്ദനങ്ങളഴിച്ചുവിട്ടു. അനേകം പേരെ അറസ്റ്റ് ചെയ്തു. ബോൾഷെവിക്കുകാരുടെ മുഖപത്രമായ 'പ്രവദ' നിരോധിച്ചു. ജൂലൈ ഏഴിന് ലെനിനെ അറസ്റ്റുചെയ്യുവാൻ വാറണ്ട് പുറപ്പെടുവിച്ചു.

നിയമവിരുദ്ധമായ ഈ പരിതഃസ്ഥിതികളിൽ ലെനിന്റെയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരായ സ്റ്റാലിൻ, സ്വെർഡ്‌ലോവ്, മൊളട്ടോവ്, ഓർജോണിക്‌ഡ്‌സെ, എന്നിവരുടെയും നേതൃത്വത്തിലുള്ള ബോൾഷെവിക്കുകാർ ബൂർഷ്വാ ഗവൺമെൻറിനെ അട്ടിമറിക്കാനുള്ള പ്രവർത്തനങ്ങളാരംഭിച്ചു. ആയുധമേന്തിയ കലാപത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങി.

ഒരു രാജ്യത്തിൽ മാത്രമായി സോഷ്യലിസം സ്ഥാപിക്കുക സാധ്യമല്ലെന്നു വാദിച്ചുകൊണ്ട് ട്രോട്സ്കിയും കൂട്ടുകാരും സോഷ്യലിസ്റ്റ് വിപ്ലവത്തിനുള്ള ഒരുക്കങ്ങളെ എതിർത്തു.

പക്ഷേ, ചരിത്രം ട്രോട്സ്കിയുടെ ഭാഗത്തായിരുന്നില്ല. ലെനിന്റെയും സ്റ്റാലിന്റെയും ഭാഗത്തായിരുന്നു.

ബോൾഷെവിക്കുകാരുടെ ശക്തി അനുദിനം വർദ്ധിച്ചുകൊണ്ടുവന്നു. വിപ്ലവ പരിതഃസ്ഥിതികൾ പരിപക്വമാവാൻ തുടങ്ങി.

മാർച്ച് വിപ്ലവകാലത്ത് പാർട്ടിയിലാകെ 45,000 മെമ്പർമാരേ ഉണ്ടായിരുന്നുള്ളൂ. ജൂലൈ ആറിന് പെട്രോഗാഡിൽവച്ച് പാർട്ടിയുടെ ആറാം കോൺഗ്രസ് രഹസ്യമായി സമ്മേളിച്ചപ്പോൾ മെമ്പർമാരുടെ എണ്ണം 2,40,000 ആയി വർദ്ധിച്ചുകഴിഞ്ഞിരുന്നു. സമ്മേളനം നടന്ന സമയത്ത് ലെനിൻ പാർട്ടിയുടെ നിർദ്ദേശമനുസരിച്ച് ഫിൻലൻഡിൽ ഒഴിവിൽ കഴിഞ്ഞുകൂടുകയായിരുന്നു. സ്റ്റാലിനാണ് പ്രധാന റിപ്പോർട്ട് സമ്മർപ്പിച്ചത്. അദ്ദേഹം പ്രഖ്യാപിച്ചു:

"വിപ്ലവത്തിന്റെ സമാധാനപരമായ ഘട്ടം അവസാനിച്ചിരിക്കുന്നു; സമാധാനപരമല്ലാത്ത സംഘട്ടനങ്ങളുടെ ഘട്ടം ആവിർഭവിച്ചിരിക്കുന്നു."

ട്രേട്സ്കിയും കൂട്ടുകാരും തങ്ങൾ ബോൾഷെവിക്കുകാരുടെ നയങ്ങളോട് പരിപൂർണ്ണമായി യോജിക്കുന്നുവെന്നു പ്രഖ്യാപിച്ചു. ഈ പ്രഖ്യാപനത്തെത്തുടർന്ന് അവർക്ക് പാർട്ടിയിൽ പ്രവേശനമനുവദിച്ചു.

## 6 ഒക്ടോബർ വിപ്ലവം

ഒക്ടോബർ ഏഴിന് ലെനിൻ ഫിൻലൻഡിൽ നിന്നും മടങ്ങിവന്നു. ആയുധമേന്തിയ കലാപത്തിന്റെ പ്രാധാന്യം കേന്ദ്രകമ്മിറ്റിയിൽ അദ്ദേഹം വ്യക്തമാക്കി. അദ്ദേഹം

ചൂണ്ടിക്കാണിച്ചു: "ജനങ്ങളിൽ ഭൂരിഭാഗവും നമ്മുടെ ഭാഗത്താണ്... (പെട്രോഗ്രാഡിലും മോസ്ക്കോവിലും) രണ്ടു സോവിയറ്റുകളിലും നമുക്കിപ്പോൾ ഭൂരിപക്ഷമുണ്ട്."

എന്നാൽ കേന്ദ്രകമ്മിറ്റി മെമ്പർമാരായ കാമനേവും സിനോവും ആയുധമേന്തിയ കലാപത്തെ എതിർത്തു. ട്രോട്സ്കിയാകട്ടെ, കലാപം നീട്ടിവയ്ക്കണമെന്നാവശ്യപ്പെട്ടു. പക്ഷേ, കേന്ദ്രകമ്മിറ്റിയിലെ ഭൂരിപക്ഷം മെമ്പർമാർ ലെനിന്റെ അഭിപ്രായത്തെ ശരിവച്ചു.

കേന്ദ്രകമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് ഒരു വിപ്ലവസൈനികകമ്മിറ്റി രൂപീകരിക്കപ്പെട്ടു. അതിനായിത്തീർന്നു വിപ്ലവത്തിന്റെ സേനാനായകത്വം. സൈനികക്കമ്മിറ്റിക്കുള്ളിൽ സ്റ്റാലിന്റെ മേൽനോട്ടത്തിൽ ഒരു പാർട്ടികേന്ദ്രവും സ്ഥാപിക്കപ്പെട്ടു. ഇതിനെയെല്ലാം എതിർത്തുകൊണ്ട് സിനോവിനും കാമനേവും കമ്മ്യൂണിസ്റ്റ് വിരോധികളുടെ പത്രത്തിൽ ഒരു പ്രസ്താവന പ്രസിദ്ധം ചെയ്തു. ലെനിൻ അവരെ കരിങ്കാലികളെന്നു വിളിച്ചു.

1917 നവംബർ ആറിന് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ ആയുധമേന്തിയ കലാപമാരംഭിച്ചു. അന്നുരാത്രി ലെനിൻ സ്മോൾനി ഇൻസ്റ്റിറ്റ്യൂട്ടിലെത്തി. കലാപത്തിന്റെ നേതൃത്വം അദ്ദേഹം തന്റെ സ്വന്തം കൈകളിലേറ്റെടുത്തു. നവംബർ ഏഴിന് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ചുകപ്പുഭടൻമാർ തപാലാഫീസും കമ്പിയാപ്പീസും ഗവൺമെൻറ്ബാങ്കും നിയമസഭാമന്ദിരവും പിടിച്ചടക്കി. വിൻറർ പാലസ്സിൽവച്ച് താൽക്കാലിക ഗവൺമെൻറിന്റെ മന്ത്രിമാർ അറസ്റ്റ്ചെയ്യപ്പെട്ടു. ബൂർഷ്വാഗവൺമെൻറ് നിലംപതിച്ചുകഴിഞ്ഞു, ഭരണാധികാരം സോവിയറ്റ് കൈകളിലേക്കു മാറ്റപ്പെട്ടു. മഹത്തായ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവം വിജയിച്ചു. സോഷ്യലിസത്തിന്റെ രാജപാതയിലേക്ക് വിജയകരമായി മുന്നേറിയ ഒന്നാമത്തെ രാജ്യമെന്ന നിലയ്ക്ക് റഷ്യ ചരിത്രത്തിന്റെ മുന്നിൽ സാഭിമാനം തലയുയർത്തി.

നവംബർ ഏഴിന് രാത്രി 10 മണി 45 മിനിട്ടിന് സ്മോൾനിയിൽവച്ച് സോവിയറ്റുകളുടെ രണ്ടാം അഖില റഷ്യൻ കോൺഗ്രസ് സമ്മേളിച്ചു. ഭരണാധികാരം സോവിയറ്റുകളുടെ കൈകളിലേക്ക് മാറ്റപ്പെട്ടിരിക്കുന്നു എന്നു കോൺഗ്രസ് ഔദ്യോഗികമായി പ്രഖ്യാപിച്ചു.

ഈ സമ്മേളനത്തിൽ വച്ച് പുതിയ ഗവൺമെൻറ്––ജനകീയകമ്മീസ്സാർമാരുടെ കൗൺസിൽ—രൂപവൽക്കരിക്കപ്പെട്ടു. കൗൺസിലിന്റെ ചെയർമാനായി ലെനിനാണ് തിരഞ്ഞെടുക്കപ്പെട്ടത്.

നവംബർ എട്ടിന്, അതായത് സോവിയറ്റുഭരണം സ്ഥാപിതമായിട്ട് 24 മണിക്കൂർ പോലും കഴിയുന്നതിനുമുമ്പായി, ലെനിന്റെ ഉപദേശമനുസരിച്ച് രണ്ടുപ്രധാന കൽപ്പനകൾ പാസ്സാക്കപ്പെട്ടു. യുദ്ധമവസാനിപ്പിച്ച് രാജ്യങ്ങൾ തമ്മിൽ സമാധാനം സ്ഥാപിക്കാൻ ലോകത്തിലെ എല്ലാ ശക്തികളുമായി ചെയ്ത ഒരാഹ്വാനമായിരുന്നു ഒന്നാമത്തേത്. ജന്മികളുടെയും പഴയ ഗവൺമെൻറിന്റെയും പള്ളികളുടെയും നിലങ്ങൾ പിടിച്ചെടുത്ത് അധ്വാനിക്കുന്ന കൃഷിക്കാർക്ക് സൗജന്യമായി നൽകുന്ന കൽപ്പനയായിരുന്നു രണ്ടാമത്തേത്.

പാർട്ടി മെമ്പർമാരുടെ എണ്ണം അപ്പോഴേയ്ക്കും മൂന്നുലക്ഷമായിക്കഴിഞ്ഞിരുന്നു.

സാമ്രാജ്യവാദികൾ എതിർവിപ്ലവകാരികളുടെ സഹായത്തിനോടിയെത്തി. അവർക്കെതിരായ സമരത്തിൽ പുതിയ ഭരണം നാട്ടുകാരെ അണിനിരത്തി. 1918 ഫെബ്രുവരിയായപ്പോഴേയ്ക്കും റഷ്യയുടെ ഏതാണ്ടെല്ലാ ഭാഗങ്ങളും സോവിയറ്റ് ഗവൺമെൻറിന്റെ കീഴിലായി.

അങ്ങിനെ സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ തന്നെ മഹത്തായ സോഷ്യലിസ്റ്റ് വിപ്ലവം അർദ്ധകോളനിയായിക്കിടന്ന് നരകിച്ചിരുന്ന റഷ്യയെ മുതലാളിത്തത്തിന്റെ പിടിയിൽ നിന്നും മോചിപ്പിച്ചു. പതിനേഴകോടി ജനങ്ങളുടെ സ്വാതന്ത്ര്യത്തിലേക്കും സോഷ്യലിസത്തിലേയ്ക്കും സുഖസമൃദ്ധിയിലേക്കുമുള്ള മാർഗ്ഗം തുറന്നുകാട്ടി. മനുഷ്യസമുദായത്തിന്റെ ചരിത്രത്തിൽ പുതിയൊരദ്ധ്യായം ഉദ്ഘാടനം ചെയ്യപ്പെട്ടു. □

(നവയുഗം, ഒക്ടോബർവിപ്ലവ വിശേഷാൽപ്രതി, 1955)

# 16

# തത്വവും പ്രയോഗവും തമ്മിലുള്ള വിടവുനീക്കണം

ജനങ്ങളുടെ അടിയന്തിരാവശ്യങ്ങൾക്കുവേണ്ടി സമരം ചെയ്യുന്നു എന്നതല്ല കമ്മ്യൂണിസ്റ്റുകാരന്റെ മുഖ്യമായ സവിശേഷത. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആവിർഭാവത്തിനു മുമ്പും ജനങ്ങൾ തങ്ങളുടെ അടിയന്തിരാവശ്യങ്ങൾ നേരിടാൻ വേണ്ടി സമരങ്ങൾ നടത്തിയിട്ടുണ്ട്. കേരളത്തിൽതന്നെ തൊഴിലാളികളുടെയും കൃഷിക്കാരുടെയും സംഘടിതമായ പല സമരങ്ങളും നടന്നിട്ടുണ്ട്. പക്ഷേ, കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാപിതമായതോടെ, ഒരു മാറ്റമുണ്ടായി. അടിയന്തിരാവശ്യങ്ങൾ നേടാൻ വേണ്ടിയുള്ള ബഹുജന സമരങ്ങളും സോഷ്യലിസം നേടാൻ വേണ്ടിയുള്ള പ്രസ്ഥാനങ്ങളും തമ്മിൽ കൂട്ടിയിണക്കപ്പെട്ടു. കൂലിക്കും നിലത്തിനും മറ്റാവശ്യങ്ങൾക്കും വേണ്ടി സമരം ചെയ്യുന്ന സാധാരണ ജനങ്ങളുടെ വർഗബോധത്തെ വർഗ്ഗരഹിതവും സമത്വസുന്ദരവുമായ ഒരു പുതിയ സമുദായം കെട്ടിപ്പടുക്കാനാവശ്യമായ മാർക്സിസ്റ്റ് ബോധത്തിലേക്ക് ഉയർത്തുവാനുള്ള പരിശ്രമങ്ങളാരംഭിച്ചു. ജനകീയ സമരങ്ങൾക്ക് നേതൃത്വം നൽകുന്ന കമ്മ്യൂണിസ്റ്റ് പ്രവർത്തകരുടെ താത്വികനിലവാരമുയർത്താതെ സോഷ്യലിസത്തിലേക്കുള്ള പാതയിലൂടെ മുന്നേറാൻ കഴിയില്ലെന്ന് കൂടുതൽ വ്യക്തമാക്കപ്പെട്ടു. സാമൂഹ്യപരിവർത്തനങ്ങളിൽ സാമൂഹ്യാശയങ്ങൾക്കുള്ള സ്ഥാനമംഗീകരിയ്ക്കപ്പെട്ടു.

വാസ്തവത്തിൽ, ഏത് സാമൂഹ്യവിപ്ലവത്തിനും താത്വികവും ആശയപരവുമായ ഒരടിത്തറ കൂടിയേ കഴിയൂ. ഫ്രഞ്ച് വിപ്ലവത്തിൽ റൂസോ, വോൾട്ടയർ തുടങ്ങിയ മഹാശയൻമാർ വഹിച്ച പങ്ക് ചെറുതല്ല. മാർക്സ്, ഏംഗെൽസ്, ലെനിൻ തുടങ്ങിയവർ പ്രചരിപ്പിച്ച മാർക്സിസ്റ്റാശയങ്ങളാണ് റഷ്യയിലെ തൊഴിലാളി വിപ്ലവത്തെ മുന്നോട്ട്നയിച്ചത്. ഇന്ത്യയിൽ ഫ്യൂഡലിസത്തിനും കോളനി മേധാവിത്വത്തിനുമെതിരായ ദേശീയ പ്രസ്ഥാനത്തിനടിത്തറ പാകിയത് രാംമോഹൻ റോയി, ദത്ത്, റാനഡേ, ദാദാഭായി നവറോജി, ഗോഖലെ, തിലക് തുടങ്ങിയ മഹാരഥൻമാരാണ്. രാജ്യത്തെ മുന്നോട്ട് നയിക്കാൻവേണ്ടി അവർ ഭൂതകാലത്തിന്റെ അഗാധതകളിലേക്കിറങ്ങിച്ചെല്ലുകയും ചരിത്രം, ധനശാസ്ത്രം, തത്വശാസ്ത്രം, സാമൂഹ്യപരിതഃസ്ഥിതികൾ മുതലായവയെപ്പറ്റി പഠിക്കുകയും ചെയ്തു. അവരുടെ ഗഹനങ്ങളായ പഠനങ്ങളാണ് സ്വാതന്ത്ര്യസമരത്തിന് ഊക്കും ഊർജ്ജസ്വലതയും നൽകിയത്.

ഫ്യൂഡൽ ചൂഷണത്തിനും കോളനിമേധാവിത്വത്തിനുമെതിരായി സമരം ചെയ്തുകൊണ്ടാണ് മുതലാളിത്തം വളർന്നത്. അതുകൊണ്ട് തീർച്ചയായും മുതലാളിത്തത്തിന്റെ ആവിർഭാവം സാമൂഹ്യപരിണാമക്രമത്തിൽ ഒരു പുരോഗതിയാണ്. എന്നാൽ, സമത്വം, സ്വാതന്ത്ര്യം, സൗഭ്രാത്രം തുടങ്ങിയ മുദ്രാവാക്യങ്ങളുയർത്തിപ്പിടിച്ചുകൊണ്ടാണ് മുതലാളിത്തം പ്രത്യക്ഷപ്പെട്ടതെങ്കിലും അത് യഥാർത്ഥത്തിൽ ഒരു തരം ചൂഷണത്തിന്റെ സ്ഥാനത്ത് മറ്റൊരു ചൂഷണത്തെ പ്രതിഷ്ഠിക്കുകമാത്രമാണ് ചെയ്തത്.

തൊഴിലാളിവർഗ്ഗമാകട്ടെ എല്ലാത്തരം ചൂഷണസമ്പ്രദായങ്ങളുമവസാനിപ്പിച്ച് മനുഷ്യത്വത്തിന്റെ മഹനീയതയെയും ഉത്കൃഷ്ടതയെയും പരമാവധി വളർത്താനുള്ള ഒരു തത്വശാസ്ത്രവുമായിട്ടാണ് മുന്നോട്ടുവന്നത്. തൊഴിലാളിവർഗത്തിന്റെ ഈ താത്വികാശയങ്ങളാണ് മാർക്സിസത്തിലടങ്ങിയിട്ടുള്ളത്.

കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആരംഭകാലത്തുതന്നെ മാർക്സിസത്തെപ്പറ്റി പഠിക്കാനുള്ള പരിശ്രമങ്ങളുമാരംഭിച്ചു. കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ തുടങ്ങിയ ചില മാർക്സിസ്റ്റ് അടിസ്ഥാനഗ്രന്ഥങ്ങൾ തർജ്ജമചെയ്തു പ്രസിദ്ധം ചെയ്യപ്പെട്ടു. മാർക്സിസത്തിന്റെ തത്വശാസ്ത്രം, ചരിത്രപരമായ ഭൗതികവാദം, വർഗങ്ങളും ഭരണകൂടവും മാർക്സിസത്തിന്റെ ധനശാസ്ത്രം, മുതലായ വിഷയങ്ങളെക്കുറിച്ചുള്ള ലേഖനങ്ങളും ലഘുലേഖകളും പുസ്തകങ്ങളും പ്രചരിപ്പിക്കപ്പെട്ടു. പാർട്ടിമെമ്പർമാരുടെ താത്വിക പരിശീലനത്തിനാവശ്യമായ സ്റ്റഡിക്ലാസുകളും പാർട്ടി സ്കൂളുകളും സംഘടിപ്പിക്കപ്പെട്ടു.

ഈ താത്വിക വിദ്യാഭ്യാസം പാർട്ടിമെമ്പർമാർക്ക് തങ്ങളുടെ ലക്ഷ്യത്തെക്കുറിച്ചുള്ള ഒരു വ്യക്തതയും ഭാവിസമുദായത്തെപ്പറ്റിയുള്ള ഒരു കാഴ്ചപ്പാടും ഉണ്ടാക്കിക്കൊടുത്തു. അവർക്ക് തങ്ങളുടെ പ്രവർത്തനങ്ങളിൽ ശുഭപ്രതീക്ഷയും ആത്മവിശ്വാസവുമുളവായി.

മാർക്സിസ്റ്റാശയങ്ങൾ സാംസ്കാരികരംഗത്തിൽ പുരോഗമനപരമായ ഒരു പുതിയ ഘടകത്തെയാണ് പ്രതിനിധാനം ചെയ്തത്. അതുകൊണ്ടാണ് നൂറുകണക്കിലുള്ള ബുദ്ധിജീവികൾ കമ്മ്യൂണിസ്റ്റ് പാർട്ടിയിലേക്ക് ആകർഷിക്കപ്പെട്ടത്.

എന്നാൽ, ആരംഭം മുതൽക്കേ കമ്മ്യൂണിസ്റ്റുകാരുടെ താത്വിക വിദ്യാഭ്യാസത്തിന് ചില പോരായ്മകളുണ്ടായിരുന്നു. ഒരു ശാസ്ത്രമെന്ന നിലയ്ക്കല്ല ഏറെക്കുറെ യാന്ത്രികമായിട്ടാണ് മാർക്സിസം കൈകാര്യം ചെയ്യപ്പെട്ടത്. മാർക്സ്, ഏംഗൽസ്, മുതലായവരുടെ ആശയങ്ങളെ അതേപടി തർജമ ചെയ്തോ ചുരുക്കി വിവരിച്ചോ സ്വന്തം ഭാഷയിൽ ലളിതമായി വ്യാഖ്യാനിച്ചോ പ്രചരിപ്പിക്കാനല്ലാതെ അവയെ നിത്യജീവിതവുമായി ബന്ധപ്പെടുത്താനുള്ള കാര്യക്ഷമമായ പരിശ്രമങ്ങളുണ്ടായില്ല. ഇന്ത്യയുടെ ചരിത്രം, സാമ്പത്തികസ്ഥിതി, വർഗബന്ധങ്ങൾ, ഭരണകൂടം തത്വശാസ്ത്രം, സംസ്കാരം മുതലായവയെപ്പറ്റി വിശദമായും സമൂർത്തമായും പഠിക്കാൻ വേണ്ട ഫലപ്രദമായ നടപടികളെടുക്കപ്പെട്ടില്ല. സോവിയറ്റ് യൂണിയനിലെ മാർക്സിസ്റ്റുകാരായ എഴുത്തുകാരുടെ പല പുസ്തകങ്ങളും ഇംഗ്ലീഷിലും മലയാളത്തിലും തർജ്ജമചെയ്ത് പ്രസിദ്ധം ചെയ്യപ്പെട്ടുവെന്നതു ശരിതന്നെ. പക്ഷേ, ഇന്ത്യൻ യാഥാർത്ഥ്യങ്ങളിലേക്ക് സ്വയം ഇറങ്ങിച്ചെല്ലാനും സ്വന്തമായി ഗവേഷണങ്ങൾ നടത്താനുമുള്ള പരിശ്രമങ്ങൾ വിരളമായിരുന്നു.

ഈ ദൗർബല്യങ്ങളുടെ ഫലമായി ഒരു ഭാഗത്ത് തത്വവും പ്രയോഗവും തമ്മിലുള്ള അകൽച്ച വർദ്ധിച്ചു. തൊഴിലാളികളുടെ പണിമുടക്കമായാലും ശരി, കൃഷിക്കാരുടെ പ്രക്ഷോഭമായാലും ശരി, തിരഞ്ഞെടുപ്പായാലും ശരി, പ്രവർത്തനപരിപാടി

കളുടെ ആവിഷ്കരണമായാലും ശരി മാർക്സിസത്തിന്റെ ആവശ്യമില്ലെന്നായി. മറുഭാഗത്ത്, ഇന്ത്യയുടെ ചരിത്രത്തോടും സാംസ്കാരികപാരമ്പര്യത്തോടുമുള്ള അവഗണനയോടൊപ്പം സാമ്പത്തിക സാമൂഹ്യസാഹചര്യങ്ങളെ സമൂർത്തമായും വിശദമായും പരിശോധിയ്ക്കാനുള്ള കഴിവ് കുറഞ്ഞുകുറഞ്ഞുവന്നു.

സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷം ഈ ദൗർബല്യം കുറയുകയല്ല, മൂർച്ഛിക്കുകയാണ് ചെയ്തത്. കഴിഞ്ഞ രണ്ടുദശാബ്ദങ്ങൾക്കിടയിൽ ഇന്ത്യയുടെ സാമ്പത്തിക സാമൂഹ്യജീവിതത്തിൽ വമ്പിച്ച പലമാറ്റങ്ങളുമുണ്ടായികഴിഞ്ഞിട്ടുണ്ട്. ഉൽപാദന രീതി, വർഗ്ഗബന്ധങ്ങൾ, സാമുദായിക വാദം, ജാതിവ്യവസ്ഥ, ആചാരസമ്പ്രദായങ്ങൾ, ചിന്താഗതികൾ എന്നിങ്ങനെയുള്ള എല്ലാരംഗങ്ങളിലും അഭൂതപൂർവ്വമായ മാറ്റങ്ങളുണ്ടായിട്ടുണ്ട്. ഈ മാറ്റങ്ങളെപ്പറ്റിയും ശാസ്ത്രം, ചരിത്രം, ധനശാസ്ത്രം തുടങ്ങിയ വിഷയങ്ങളെപ്പറ്റിയും വിവിധ ചിന്താഗതികളുൾക്കൊള്ളുന്ന പതിനായിരക്കണക്കിനുള്ള ഗ്രന്ഥങ്ങൾ പ്രസിദ്ധം ചെയ്തു കഴിഞ്ഞിട്ടുണ്ട്. കോളേജുകളിലും ഹൈസ്കൂളുകളിലും ഗ്രന്ഥശാലകളിലും ബുക്ക് സ്റ്റാളുകളിലും വീടുകളിലുമെല്ലാം അവ സ്ഥലം പിടിക്കുകയും ചെയ്യുന്നു. എന്നാൽ പുതിയ തലമുറയുടെ വളർച്ചയ്ക്ക് രൂപം നൽകുന്ന ആശയങ്ങളുടെ ഈ പ്രവാഹത്തിൽ കമ്മ്യൂണിസ്റ്റുകാർക്ക് പറയത്തക്കയാതൊരു പങ്കുമില്ല.

ഇതിന്റെ അർത്ഥം നാട്ടിൽ പ്രചരിയ്ക്കുന്ന ആശയങ്ങളെല്ലാം തന്നെ പിന്തിരിപ്പനാണെന്നല്ല. ലോകത്തിലെങ്ങുമുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളുടെ ഫലമായി നമ്മുടെ ബുദ്ധിജീവികളിൽ ഗണ്യമായ ഒരു വിഭാഗം പുരോഗമനപരങ്ങളായ ആധുനിക ചിന്താഗതികളെ സ്വാഗതം ചെയ്തു തുടങ്ങിയിട്ടുണ്ട്. സോഷ്യലിസത്തിന്റെ സ്വാധീനശക്തിയിൽ നിന്ന് പൂർണ്ണമായും ഒഴിഞ്ഞുമാറിനിൽക്കാൻ പലർക്കും സാധിക്കാതായി കഴിഞ്ഞിട്ടുണ്ട്. പക്ഷേ, ജനങ്ങളുടെ അടിയന്തിരാവശ്യങ്ങൾക്കവേണ്ടിയുള്ള പ്രക്ഷോഭങ്ങളോടൊപ്പം താത്വിക നിലവാരമുയർത്താൻ കഴിയാത്തതിന്റെ ഫലമായി നാട്ടിൽ വളർന്നുവന്നുകൊണ്ടിരിയ്ക്കുന്ന ബൗദ്ധികപ്രവർത്തനങ്ങളുടെ അനുകൂല സാഹചര്യത്തെ വേണ്ടപോലെ പ്രയോജനപ്പെടുത്താൻ കമ്മ്യൂണിസ്റ്റുകാർക്ക് സാധിയ്ക്കുന്നില്ല. ഈ ദൗർബല്യം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പൊതുവളർച്ചയ്ക്കു തന്നെ ഹാനികരമായിത്തീർന്നിരിക്കുന്നു.

തത്വവും പ്രയോഗവും തമ്മിലുള്ള വിടവ് നികത്താൻ കഴിയത്തക്കവിധം പാർട്ടി മെമ്പർമാരുടെ താത്വിക പരിശീലനത്തോട് ഒരു പുതിയ സമീപനം കൈക്കൊണ്ടാൽ മാത്രമേ ഈ ദൗർബല്യം പരിഹരിക്കാൻ കഴിയൂ. അതുകൊണ്ട് സ്ഥിരം പാർട്ടി സ്കൂളുകളും പ്രസിദ്ധീകരണങ്ങളും സിംബോസിയങ്ങളും ഗവേഷണങ്ങളും എല്ലാമടങ്ങുന്നതും ഇന്ത്യയുടെ സാമൂഹ്യജീവിതത്തിന്റെ വിവിധവശങ്ങൾക്ക പ്രാധാന്യം നൽകുന്നതുമായ ഒരു മാർക്സിസ്റ്റ് വിദ്യാഭ്യാസ പരിപാടി നടപ്പിൽ വരുത്തുകയെന്നത് ഇന്നത്തെ ഒരടിയന്തിരാവശ്യമായിത്തീർന്നിരിക്കുന്നു. □

(കമ്മ്യൂണിസ്റ്റ് പാർട്ടി 40-ാം വാർഷികം പ്രമാണിച്ച് പ്രസിദ്ധീകരിച്ച സോവനീറിൽ നിന്ന്, 1956)